മംഗളോദയം

ഫാവൃദ

പുസ്തകം ൨ | വൃശ്ചികമാസം | ലക്കം ൧

മംഗളോദയം

പുസ്തകം ൨ | ൧൦൮൫ വൃശ്ചികമാസം | ലക്കം ൫

വിഷയങ്ങൾ

മംഗളോദയം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

1085

മംഗളോദയം

൧. ഈ മാസികയുടെ പത്രാധിപർ ചെറുകുന്നത്തു നീലകണ്ഠൻ നമ്പൂതിരിയാകുന്നു.

൨. ഇതിൽ ആചാരം, ധർമ്മം, പ്രാചീനചരിത്രം, ഗ്രാമക്ഷേത്രങ്ങൾ, നിയമസാരങ്ങൾ, വാദപ്രതിവാദം മുതലായി കേരളീയർക്ക് അത്യാവശ്യം അറിയേണ്ട വിഷയങ്ങളെ സംബന്ധിക്കുന്ന മാതൃലേഖനങ്ങളും ആധുനിക സമ്പ്രദായത്തിൽ എഴുതപ്പെട്ട ഉപന്യാസങ്ങളും പ്രസിദ്ധപ്പെടുത്തുന്നതാണ്.

൩. ലേഖകന്മാർ മേൽപ്പറഞ്ഞ വിഷയങ്ങളെ സരസമായ രീതിയിലോ, പഴയ ആചാരങ്ങളുടെ ഔചിത്യത്തിലോ പ്രതിപാദിക്കുന്ന ലേഖനങ്ങൾ എഴുതി സഹായിച്ചുതരുവാൻ അപേക്ഷിക്കുന്നു. ഓരോ മാസം പ്രസാധനത്തിലെ ലക്കത്തിൽ ചേർക്കേണ്ട ലേഖനം അതതുമാസം ൧൫-ാംതീയതിക്കുമുമ്പായി അയച്ചുതരേണ്ടതാണ്.

൪. അപൂർവ്വങ്ങളായ പ്രാചീനഗ്രന്ഥങ്ങൾ കൈവശമുള്ളവർ അവയെ അയച്ചുതരികയോ, എവിടെയെങ്കിലും ഉണ്ടെന്നറിയുന്നവർ വിവരം ഞങ്ങളെ അറിയിക്കുകയോ ചെയ്യുന്നത് അത്യന്തം ഉപകാരവും സന്തോഷവുമാണ്. അധികവിവരം അറിയേണ്ടവർ മറുപടിക്കുള്ള സ്റ്റാമ്പോടുകൂടി എഴുതിച്ചോദിക്കേണ്ടതാകുന്നു. ലേഖനങ്ങളും അഭിപ്രായത്തിനായക്കുന്ന പുസ്തകങ്ങളും മറ്റും പത്രാധിപരുടെ മേൽവിലാസംവെച്ച് (ദേശമംഗലം, ഷൊറണ്ണൂർ) അയയ്ക്കേണ്ടതാണ്.

എന്ന് "മംഗളോദയ"പ്രവർത്തകന്മാർ.

പരസ്യം

ഞങ്ങളുടെ വരിക്കാർ ഓരോരുത്തരും ഓരോ പ്രിയസ്നേഹിതന്മാരെക്കൊണ്ടെങ്കിലും 'മംഗളോദയ'ത്തിനെ പരിചയപ്പെടുത്തി സ്വീകരിപ്പിക്കുന്നതായാൽ ഞങ്ങൾക്ക് വലുതായ സഹായമായിത്തീരുന്നതും, അവർക്ക് അധികം ക്ലേശമില്ലാത്തതുമാണ്. ഈ കാര്യത്തിൽ ഞങ്ങൾ 'മംഗളോദയ'ത്തിന്റെ ബന്ധുക്കളായ വരിക്കാരുടെ സഹായത്തെ പ്രത്യേകം അപേക്ഷിക്കുന്നു.

ഉത്സാഹികളായ ചെറുപ്പക്കാരും, പുസ്തകശാലക്കാരും ഏജന്റുമാരായിരുന്ന് പത്തോ അധികമോ വരിക്കാരെ ഉണ്ടാക്കുന്നതായാൽ അവർക്ക് തക്കതായ കമ്മീഷൻകൊടുപ്പാൻ ഞങ്ങൾ ഒരുക്കമാണ്.

മംഗളോദയം

ഹാവ്യദ


പുസ്തകം ൭ } വൃശ്ചികമാസം { ലക്കം ൧

മംഗളം

[illegible]

പ്രസ്താവന

കഴിഞ്ഞ തുലാം ലക്കത്തോടുകൂടി 'മംഗളോദയ'ത്തിന് ആറാണ്ടു തികഞ്ഞിരിക്കുന്നതു വായനക്കാർ ഓർക്കുമല്ലോ. ഈ ലക്കത്തോടുകൂടി



മാസികക്കു പുതിയ ഒരു വർഷം ആരംഭിച്ചിരിക്കുന്നു. സാധാരണ പതിവുള്ളതനുസരിച്ച് ഈ അവസരത്തിൽ മാസികയുടെ ഭൂതകാലത്തെ ഗുണദോഷങ്ങളെ വേണ്ടുംവണ്ണം വിചാരിച്ചു പത്രാധിപന്മാർ തങ്ങളുടെ വായനക്കാരെ ബോധ്യപ്പെടുത്തി ഭാവിയെ നിശ്ചയിപ്പാൻ വേണ്ട കുറിപ്പുകൾ എഴുതുന്നതു പത്രപ്രവർത്തകന്മാരുടെ പതിവാണ്. മലയാളത്തിൽ ഒരു മാസിക കൊണ്ടുനടത്തുന്നതിലുള്ള വൈഷമ്യങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ചറിഞ്ഞിട്ടുള്ളവർക്ക് ഈ പണിയുടെ കുണ്ടാമണ്ടികളും അറിയാവുന്നതാണ്.

പാശ്ചാത്യദേശികന്മാർ നടത്തിവരുന്ന ഏതെങ്കിലും ഒരു മാസികയെ മാതൃകയാക്കിപ്പിടിച്ച് ആരംഭത്തിൽത്തന്നെ അതിനെ അനുസരിച്ച് ഒരു മലയാളമാസിക തുടങ്ങുവാൻ വിചാരിക്കുന്നത് ആലോചനക്കുറവ

കലം പാകമാവാതാകാത്ത ചെറിയ പത്രങ്ങളിൽ തന്നെ പാഠമാക്കുവാൻ ശ്ര
മിക്കുന്നതുപോലെ പരിഹാസാസ്പദമായിത്തീരുന്നതാണ്. അങ്ങിനെ
യാണെന്നുവരികിലും അസാദ്ധ്യങ്ങളെന്നുവെച്ച് പരിശ്രമിക്കാതെ പിന്മടി
ക്കുന്നതും യുക്തമായിരിക്കയില്ല. ഉദ്ദേശ്യ ശ്ലാഘ്യവും ഉത്സാഹംകൊണ്ടു
പലതും സാദ്ധ്യവുമാകുന്നതു പൂർവ്വസ്വഭാവങ്ങളായിരിക്കെ പത്രങ്ങളിതിൽ
കടന്നു പയറ്റുവാൻ തുടങ്ങിയിരിക്കുന്ന ഞങ്ങൾ ലോകാനാദൃതന്മാരു
ടെ ആരംഭശൂരത്വമെന്ന അപവാദത്തിന്നു പാത്രമായിത്തീരുവാൻ ഒരു
കാലത്തും വഴികൊടുക്കുന്നതല്ല. ജയാപജയങ്ങൾ 'ദൈവംപ്രതി'യോടു
നമുക്കുള്ള അടിമപ്പാടിനെ അനുസരിച്ചിരിക്കട്ടെ.

കഴിഞ്ഞ കൊല്ലത്തെ വിഷയവിചാരപ്പട്ടിക പരിശോധിക്കുമ്പോൾ
പല ന്യൂനതകളും കൊള്ളരുതായ്മകളും ഞങ്ങൾ കാണുന്നുണ്ട്. "ഉദ്ദേശാ
നിവൃത്തി"ക്കുവേണ്ടി ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയി
ട്ടുണ്ടെന്നു ഞങ്ങൾ സമ്മതിക്കുന്നു. പരമമായ ഉദ്ദേശത്തിന്റെ ഒരു
വശംപോലും സ്പർശിച്ചിട്ടുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നതുമില്ല. എന്നാൽ
ഇതിന്നു പത്രപ്രവർത്തകന്മാരും ഉത്തരവാദികളാണെന്നു വിചാ
രിക്കുന്നതായാൽ അത്ര സങ്കടമില്ലായ്കയില്ല. മലയാളമാസികകൾ വാ
ങ്ങിവായിക്കുന്നവർ എട്ടായിരത്തിൽ ഒന്നുവീതമേ ഉള്ളൂ. അതിൽത
ന്നെ മുപ്പതിനായിരത്തിൽ ഒന്നുവീതമേ പണം കൊടുക്കുന്നവരുള്ളൂ.
ഇതു പറഞ്ഞതു മാസികകൾക്കുള്ള വിലയിരിക്കുന്നതായാൽ മാസികകൾക്ക
ഉപജീവിക്കുവാൻ എത്രത്തോളം സൌകര്യമുണ്ടെന്ന് ആലോചിക്കാതെ
തന്നെ അറിയാം. പക്ഷേ 'മംഗളോദയ'ത്തിന്റെ ഭാഗ്യാതിരേകംകൊ
ണ്ട് കാലാവസ്ഥാനുസരണമുള്ള സഹായമെല്ലാം ഞങ്ങൾക്ക് ഉണ്ടായിട്ടുള്ളൂ. ഇതു
തന്നെ മേലാൽ ഞങ്ങൾക്ക് ഉത്സാഹത്തിന്നും കാരണമായിത്തീർന്നിട്ടുണ്ട്.

വിഷയങ്ങളുടെ എണ്ണത്തിലും ഗുണത്തിലും വിചാരിച്ചിരുന്നതുപോ
ലെ പുഷ്ടിവരുത്തുവാൻ ഞങ്ങൾക്ക് സാധിച്ചിട്ടില്ല. മാസികകളുടെ സം
ഖ്യ വർദ്ധിച്ചും, ഭാഷാഭിമാനികളുടെ ഏകോപിച്ചുള്ള പ്രയത്നം കുറഞ്ഞും,
എഴുതാവുന്ന ലേഖകന്മാരുടെ എണ്ണം കുറഞ്ഞും, വരുന്നവരുന്ന ലേഖ
നങ്ങളുടെ വണ്ണം കൂടിയും, അതിന്നൊത്ത തൂക്കം, ഗുണം കുറഞ്ഞും ഇരിക്കു
ന്ന കാലംവരെ മാസികാപ്രവർത്തകന്മാർക്കും മലയാളഭാഷയ്ക്കും ഈ ദുരവ
സ്ഥയിൽ കിടന്ന് എങ്ങും പിടിയും കിട്ടാതെ തപ്പിത്തിരിയുകയേ നിവൃത്തി
യുള്ളൂ. എന്നാൽ സഹായം മുമ്പും പുഷ്ടി പിമ്പും എന്ന നിലവിട്ട പരാ
പേക്ഷകൂടാതെ ആത്മപ്രയത്നംകൊണ്ടു മാസികയെ പോഷിപ്പിച്ച് വ

രികളെ വശീകരിക്കയും ലേഖകന്മാരെ കഷ്ടിച്ച് ആകർഷിക്കയും ചെയ്യേണ്ടുന്ന ഈ വൈഷമ്യത്തിന്നൊരു നിവൃത്തിമാർഗ്ഗം. ധനം പ്രതിഷ്ഠിച്ചശേഷം ക്ഷേത്രം പണിയുന്നതു വിഹിതമല്ലെങ്കിലും മന്ത്രവും തന്ത്രവും കാലത്തെ അനുസരിച്ചിരിക്കുന്നതാണ്. 'മംഗളോദയ'ത്തെ ഒരു യോഗക്ഷേമമായി നടത്തുന്നതായാൽ ആ വഴി ഫലിക്കുമെന്നാണു തൽക്കാലത്തെ ആലോചനയിൽ തോന്നിയിരിക്കുന്നത്. അങ്ങിനെയുള്ള ഒരു വഴി വെട്ടിത്തെളിയിച്ചുവരുന്നുണ്ട്.


കഴിഞ്ഞകൊല്ലത്തിൽ ഞങ്ങളെ മനഃപൂർവ്വം സഹായിച്ചിട്ടുള്ള ലേഖകന്മാരോടും വരിക്കാരോടും 'മംഗളോദയ'ത്തിന്റെ കൃതജ്ഞതാപൂർവ്വമായ വന്ദനം പറഞ്ഞുകൊള്ളുന്നു. അവർ ഇനിയും 'മംഗളോദയ'ത്തിന്നു മംഗളം ആശംസിക്കുമെന്നു വിശ്വസിക്കയും ചെയ്യുന്നു.

ഈക്കൊല്ലം മാസികയുടെ വണ്ണം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും വലിപ്പത്തിൽ അല്പം കൂടുതൽ വരുത്തിട്ടുണ്ട്. ഉദ്ദേശിച്ചിട്ടുള്ള മററു പരിഷ്കാരങ്ങൾ കണ്ടറിയേണ്ടവയാകുന്നു.

പരമേശ്വരപ്രസാദത്താൽ
പരിഷദ്യോഗശക്തിയാൽ
വരമാഹാത്മ്യമോടൊന്നു
വരട്ടേ മംഗളോദയം.

വർത്തമാനപത്രങ്ങൾ

ഇക്കഴിഞ്ഞ മൂന്നുനാലു ശതവർഷങ്ങളായി മനുഷ്യരുടെ പരിഷ്കാരം മുമ്പൊന്നും കാണാത്തമട്ടിൽ വർദ്ധിച്ചുവരുവാനുള്ള സംഗതികൾ എന്തെല്ലാമാണെന്നാലോചിക്കുന്ന ആളുകൾ



മലയാളികളുടെ ഇടയിൽ വളരെ ചുരുക്കമാകുന്നു. ഭൂമിയുടെ പലഭാഗങ്ങളിലുമുള്ള ജനങ്ങൾ തമ്മിലുള്ള സമ്മേളനങ്ങളും അവരുടെ ഹൃദയത്തിലുള്ള മനോഗതങ്ങൾ തമ്മിൽ പകരമാറ്റംചെയ്യുന്ന സമ്പ്രദായങ്ങളും ഈ സംഗതികളിൽ പെട്ടവയാകുന്നു എന്നു ബുദ്ധിമാന്മാർ പറഞ്ഞുവരാറുള്ളതാണ്. ഈ സമ്മേളനങ്ങൾക്കും

മനോഗതങ്ങളുടെ പ്രചാരമാർഗ്ഗങ്ങൾക്കും ഇപ്പോൾ നമ്മെച്ചുററുമുള്ള സകല സൌകൎയ്യങ്ങൾക്കും ആവിയന്ത്രം, വിദ്യുച്ഛക്തി, അച്ചടിയന്ത്രം എന്നീ മൂന്നു സാധനങ്ങളാകുന്നു പ്രധാനകാരണങ്ങളായി വിചാരിക്കപ്പെടുന്ന ത്. ആവിയന്ത്രത്തിന്റെ സഹായംകൊണ്ടു ഭൂമിയുടെ ഒരുഭാഗത്തു നിന്നു മറെറാരു ഭാഗത്തേക്കു യാത്രചെയ്യുന്നതിന്നു നമുക്കുണ്ടായ സൌ കൎയ്യത്തെപ്പററി സംശയമുള്ളവർ ഇക്കാലത്താരുമുണ്ടെന്നു തോന്നുന്നില്ല. വിദ്യുച്ഛക്തികൊണ്ടു ജനങ്ങൾക്കുണ്ടായിട്ടുള്ള ഉപകാരങ്ങൾ ഏതുവൻ മന സ്സിലായിട്ടുള്ളവർ നമ്മുടെ ഇടയിൽ ചുരുക്കമാണെങ്കിലും ആ ശക്തികൊ ണ്ടുള്ള കമ്പിത്തപാലുകൊണ്ടു നമുക്കുണ്ടായിട്ടുള്ള ഉപകാരങ്ങളെപ്പററി വിസ്മയം തോന്നാത്തവരും വളരെ ചുരുക്കമാണെന്നു പറയാം. അച്ചടി യന്ത്രമെന്നൊരു സാധനമില്ലായിരുന്നുവെങ്കിൽ നമുക്കുണ്ടാകുമായിരുന്ന ബുദ്ധിമുട്ടുകളും അന്യൻ പറയാതെതന്നെ നമുക്കു വിചാരിച്ചറിയാവുന്ന താകുന്നു. മനുഷ്യരുടെ മനോഗതങ്ങളെ തമ്മിൽ പ്രചാരം ചെയ്യു ന്ന കാൎയ്യത്തിൽ ഈ ഒടുവിൽ പറഞ്ഞ അച്ചടി, മറ്റു പറഞ്ഞവയെ ക്കാൾ പ്രാധാന്യം വളരെ ഏറും. അച്ചടിയന്ത്രത്തിന്റെ ശേഷം ജന ങ്ങൾക്ക് മഹാന്മാരെഴുതീട്ടുള്ള ഓരോ പുസ്തകങ്ങൾ വാങ്ങിവായിക്കുവാ നുണ്ടായ എളുപ്പത്തോടുകൂടി മനുഷ്യർക്കു വന്ന മാററങ്ങൾ പറഞ്ഞവസാ നിപ്പിപ്പാൻ പ്രയാസം. ഉദാഹരണമായി നമ്മുടെ നാട്ടിന്റെ അവ സ്ഥ എടുക്കുക. മഹാഭാരതം, രാമായണം മുതലായ ഗ്രന്ഥങ്ങൾ ജന ങ്ങൾക്ക് സ്വാധീനമായതിന്റെ ശേഷം കേവലം നിരക്ഷരകുക്ഷികളായിരുന്ന താണജാതിക്കാരുടെ ഇടയിലുണ്ടായ പരിഷ്കാരം നമ്മുടെ കണ്ണിന്നിപ്പോൾ കാണാവുന്നതാണല്ലോ. പുസ്തകങ്ങളെപ്പോലെതന്നെ വൎത്തമാനക്ക ലാസ്സുകളും ജനങ്ങൾക്കുണ്ടാക്കുന്ന ഉപകാരം ചില്ലറയല്ലല്ലോ!. കഴിഞ്ഞ രണ്ടുകൊല്ലത്തിനകത്തു സ്വപ്നപ്രായമായിരുന്ന ഇന്ത്യക്കാരുടെ ഇടയിൽ സ്വാഭിമാനത്തെ ഇത്രത്തോളം വർദ്ധിപ്പിച്ചതു കൽക്കത്ത മുതലായ ദിക്കുകളിലെ വൎത്തമാനപത്രങ്ങളല്ലാതെ മറെറന്താണ്. ഇവിടെ ത്തന്നെ വൎത്തമാനപത്രങ്ങൾക്ക് ഇത്ര ശക്തിയുണ്ടെങ്കിൽ യൂറോപ്പു മുതലായ പരിഷ്കൃതരാജ്യങ്ങളിൽ അവക്കുള്ള ശക്തി എത്രതന്നെയുണ്ടാ യിരിക്കണം!. ആവക രാജ്യങ്ങളിലെ ശക്തന്മാരായ രാജാക്കന്മാർകൂടി അവിടെയുള്ള പത്രങ്ങളെ പേടിച്ചുകൊണ്ടാണിരിപ്പ്. ഇത്ര പ്രധാ ന്യമുള്ള വൎത്തമാനപത്രങ്ങളുടെ ഉത്ഭവവും ചരിത്രസംക്ഷേപവുമായ നക്കാർക്കു നിരസമാകയില്ലെന്നു വിശ്വസിച്ചു ഞാനതു ചുരുക്കി ഇവിടെ

വിവരിപ്പാൻ തുടങ്ങുന്നു.

വൎത്തമാനക്കടലാസ്സ് ആദ്യം ഉണ്ടായതു ക്രിസ്ത്വാബ്ദം പതിനാറാം ശതാബ്ദത്തിന്റെ ഏതാണ്ടു മദ്ധ്യത്തിൽ യൂറോപ്പുഖണ്ഡത്തിന്റെ തെക്കെ വശം കിടക്കുന്ന ഇറ്റാലിരാജ്യത്തിലെ വെനിസ്സ്, ഫ്ലോറൻസ് എന്നീ നഗരങ്ങളിലൊന്നിലാകുന്നു. ഇതു സ്വയം ഭരിച്ചുവന്ന രാജ്യകാൎയ്യങ്ങളെപ്പറ്റി ജനങ്ങൾക്കറിവു കൊടുക്കേണ്ടതിന്നുവേണ്ടി അവിടുത്തെ ഗവൎമ്മെണ്ടായിട്ടു തന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നതു. ആദ്യകാലങ്ങളിൽ ഇതിന്റെ സമയത്തിന്നു യാതൊരു നിയമവും ഉണ്ടായിരുന്നില്ല. ചിലപ്പോൾ കൊല്ലത്തിൽ മൂന്നോ നാലോ തവണ പ്രസിദ്ധപ്പെടുത്തി എന്നുവരാം. ചിലപ്പോൾ മാസത്തിലൊന്നു പതിപ്പായി എന്നും വരാം. അന്നത്തെക്കാലത്ത് അച്ചടി വേലയ്ക്കു ഇന്നത്തെപ്പോലെ പരിഷ്കാരം വന്നിട്ടില്ലായിരുന്നതുകൊണ്ടു വൎത്തമാനക്കടലാസ്സുകൾക്കു ഇന്നത്തേതിനെക്കാൾ വളരെ അധികം വിലയുണ്ടായിരുന്നു. അതുകൊണ്ട് അവ നാട്ടുകാർ പതിക്കു സുലഭങ്ങളായിരുന്നില്ല. ആ നാട്ടിൽ ധനവാന്മാരുകൾ മാത്രം അതു വരുത്തിയിരുന്നു എന്നു വരാം. അതു വരുമ്പോൾ നാട്ടുകാരെല്ലാവരും വൎത്തമാനം കേൾക്കുവാനുള്ള മോഹംകൊണ്ട് അതിന്റെ ചുററും കൂടുകയായി. ആളുകൾ പാതയിൽ കൂടിയാൽ ഒരാൾ വായിച്ച് അത് എല്ലാവൎക്കും വിവരിച്ചുകൊടുക്കും. ഇങ്ങിനെയായിരുന്നു പതിവ്. കാലം കൊണ്ട് അതു കേൾക്കുവാനുള്ള തിരക്കു വൎദ്ധിച്ചുതുടങ്ങി. അതിന്റെ ശേഷം അല്പം വല്ല പണവും കൊടുത്തവൎക്കു മാത്രമേ അതു വായിച്ചുകേൾപ്പിക്കയുള്ളു എന്നു നിശ്ചയിക്കേണ്ടിവന്നു. അവിടെ ഗസററ് എന്നൊരു ചെറിയ നാണ്യമുണ്ടായിരുന്നു. ഈ ഒരു നാണ്യം കൊടുത്താലേ വൎത്തമാനം കേൾക്കുവാനുള്ള ശീട്ടു കിട്ടുകയുള്ളു എന്നായിരുന്നു. അതുകൊണ്ടു വൎത്തമാനക്കടലാസ്സിന്നു ഗസററ് എന്നു പേർ സിദ്ധിച്ചു. ഇതാകുന്നു ഇപ്പോഴും നമ്മുടെ നാട്ടുകാരിൽ ചിലർ വൎത്തമാനക്കടലാസ്സിന്നു ഗസററ് എന്നു പറഞ്ഞുവരുവാനുള്ള കാരണം. ഇറ്റാലിയിൽനിന്നു വൎത്തമാനപത്രം ക്രമേണ ഫ്രാൻസ്, ജൎമ്മനി എന്നീ രാജ്യങ്ങളിലേക്കു കടന്നു. അവിടെനിന്നാണ് അതു ഇംഗ്ലണ്ടിലേക്കു പകൎന്നതു. അതിൽപ്പിന്നെ അതിന്നു പല പരിഷ്കാരങ്ങളും വരികയും ചെയ്തു.

ക്രിസ്ത്വാബ്ദം ൧൬൨൨-ന്നു മുമ്പായി ഇംഗ്ലണ്ടിൽ യാതൊരു വൎത്തമാനക്കടലാസ്സും ഉണ്ടായിരുന്നതായി അറിവില്ല. അക്കാലത്തു അവിടെ ഒരാൾ വൎത്തമാനങ്ങൾ പുസ്തകരൂപമായി അച്ചടിപ്പിച്ചു വിൽക്കുവാൻ

തുടങ്ങി. ഈ കൊല്ലത്തിൽ മൂന്നാം നമ്പർ തയ്യാറാക്കിട്ടായിരുന്നു. അല്പകാലം കഴിഞ്ഞതിന്റെ ശേഷം ഒരു മാസികയായി. ൧൬൨൨-ൽ ഇംഗ്ലീഷുകാർ ഒരു വലിയ യുദ്ധത്തിൽ ഏർപ്പെട്ടു. ഈ യുദ്ധത്തിന്റെ വിവരം പ്രസിദ്ധപ്പെടുത്തുവാൻവേണ്ടി വർത്തമാനപത്രം ആഴ്ചയിൽ ഒരിക്കൽ പ്രസിദ്ധപ്പെടുത്തുക എന്ന സമ്പ്രദായം തുടങ്ങി. ഈ സമ്പ്രദായം ഇംഗ്ലണ്ടിൽ കുറെക്കാലം നടന്നിരുന്നു. പതിനേഴാംശതവർഷത്തിന്റെ മദ്ധ്യത്തിൽ ഇംഗ്ലണ്ടിലെ രാജാവും പ്രജകളും തമ്മിൽ അതിഭയങ്കരമായ ഒരു യുദ്ധമുണ്ടായി. ഈ യുദ്ധത്തിൽ ഇരുപക്ഷക്കാരും വലിയ മനോവീര്യത്തോടും ശൌര്യത്തോടുംകൂടി പൊരുതിനിന്നു. ഒടുവിൽ രാജാവു തോൽക്കുകയും പ്രജകളാൽ വധിക്കപ്പെടുകയും ചെയ്തു. ഈ യുദ്ധം വർത്തമാനപത്രങ്ങളുടെ വർദ്ധനവു വലിയൊരു കാരണമായിത്തീർന്നു. അതിൽ പിന്നെ ഇരുപക്ഷക്കാരും അവരവരുടെ ഭാഗത്തുള്ള ജയപരാജയങ്ങളുടെ വിവരങ്ങൾ വെവ്വേറെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. ഈ യുദ്ധം കഴിഞ്ഞപ്പോഴേക്ക് ആഴ്ചയിലൊരിക്കൽ പ്രസിദ്ധപ്പെടുത്തുന്ന വർത്തമാനക്കടലാസ്സുകൾ ധാരാളമായിക്കഴിഞ്ഞു. കാലക്രമംകൊണ്ടു പത്രങ്ങൾ ആഴ്ചയിലൊരിക്കൽ പ്രസിദ്ധംചെയ്താൽ പോരാതെയായി. ഇതിന്റെ ശേഷം പത്രങ്ങൾ ആഴ്ചയിൽ രണ്ടുപ്രാവശ്യവും മൂന്നുപ്രാവശ്യവും പ്രസിദ്ധംചെയ്തുതുടങ്ങി. ഇങ്ങിനെ ഇരുന്നു പതിനേഴാംശതവർഷത്തിന്റെ അവസാനമായപ്പോഴേക്ക പത്രങ്ങൾ ഒന്നരാടനായി പ്രസിദ്ധംചെയ്യുക എന്ന പതിവായി. ഈ നിലയിൽ ദിവസേന പ്രസിദ്ധംചെയ്യുക എന്ന നിലയിലേക്കു വളരെ എളുപ്പമായല്ലോ. അതും അധികകാലതാമസംകൂടാതെ വന്നുകൂടി. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യത്തെ പത്തുകൊല്ലം കഴിയുന്നതിനുമുമ്പായി എല്ലാ ദിവസവും പ്രസിദ്ധംചെയ്യുന്ന വർത്തമാനപത്രവും ഇംഗ്ലണ്ടിൽ നടപ്പായി.

പതിനെട്ടാംശതവർഷത്തിന്റെ അവസാനംവരെ പത്രങ്ങളിൽ വർത്തമാനങ്ങൾമാത്രമേ അടങ്ങിയിരുന്നുള്ളു. ൧൭൮൦-ാമതു കൊല്ലത്തിലോ അതിനോടു അടുത്ത വല്ല വർഷത്തിലോ ആണ് വർത്തമാനങ്ങൾക്കു പുറമെ പത്രാധിപന്മാർ സ്വന്തമായി ഒരു പ്രസംഗംകൂടി പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങിയത്. ഈ പത്രാധിപപ്രസംഗം ആദിയിൽ കുറെ പ്രാധാന്യം കുറഞ്ഞതായിരുന്നുവെങ്കിലും കാലക്രമേണ അതിന്റെ പ്രാധാന്യം വളരെ വർദ്ധിച്ചുവന്നു. ഇപ്പോഴും പത്രങ്ങളിൽ പത്രാധിപപ്രസംഗംപോലെ പ്രധാനമായിട്ടു വേറെ ഒന്നും ഇല്ലെന്നു പറയാം.

പത്രാധിപന്മാർ പലപ്പോഴും തങ്ങളുടെ പ്രസംഗം ഗവ
ൎമ്മെന്റിന്നു വിരോധമായി എഴുതി പ്രസിദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ടു്. അ
തിന്നായവർ ബന്ധനം, പിഴ മുതലായ പല ശിക്ഷകളും അനുഭവിക്കേണ്ടി
യും വന്നിട്ടുണ്ടു്. ഈവക ശിക്ഷകളെല്ലാം അനുഭവിച്ചിട്ടും പത്രാധിപ
ന്മാർ അവരവരുടെ അഭിപ്രായം യാതൊരു ഭയവുംകൂടാതെ പ്രസിദ്ധം
ചെയ്തുകൊണ്ടിരുന്നു പോന്നതു് ഇംഗ്ലീഷുകാരുടെ ധൈൎയ്യത്തിന്റെയും
ഉത്സാഹത്തിന്റെയും നല്ലൊരുദാഹരണമാകുന്നു.

ഏകദേശം ഇക്കാലത്തുതന്നെയാണു പത്രാധിപന്മാരല്ലാത്ത ചില
ർ ലേഖനങ്ങൾവഴിയായി തങ്ങളുടെ അഭിപ്രായങ്ങളെ പത്രങ്ങളിൽ
പ്രസിദ്ധം ചെയ്വാൻ തുടങ്ങിയതു്. ഈ സമ്പ്രദായവും മറ്റുള്ളവയെ
പ്പോലെ ക്രമേണ വൎദ്ധിച്ചുവന്നു. ഇപ്പോൾ യോഗ്യന്മാരായിട്ടുള്ളവരും
ജനങ്ങൾക്കു പൊതുവെ അറിയേണ്ടതായ വല്ല കാൎയ്യവും പറവാനുണ്ടെങ്കിൽ
അതു പത്രങ്ങളിൽ ലേഖനരൂപേണ പ്രസിദ്ധീകരിക്കുന്നതു് ഒരു പതിവാ
യിത്തീൎന്നിരിക്കുന്നു.

വൎത്തമാനങ്ങൾ, പത്രാധിപക്കുറിപ്പുകൾ, ലേഖനങ്ങൾ ഇതുകൾ
ക്കു പുറമെ പത്രങ്ങളിൽ കാണുന്ന കാൎയ്യങ്ങളിൽവെച്ചു പ്രധാനമായതു്
കച്ചവടക്കാർ മുതലായവരുടെ ഓരോ പരസ്യങ്ങളാകുന്നു. ഇതു് ആദ്യ
കാലംമുതൽക്കുതന്നെ നടന്നുവരുന്ന ഒരു സമ്പ്രദായമാണു്. ഇതു പതിനേ
ഴാംനൂറ്റാണ്ടിലാണു് ആദ്യം തുടങ്ങിയതു്. അതിന്നുശേഷമുള്ള രാ
ജ്യങ്ങളിലെല്ലാം കടന്നു. നാട്ടിലെ കച്ചവടം വൎദ്ധിക്കുന്നതോടുകൂടി ഈ
സമ്പ്രദായവും വൎദ്ധിച്ചുകൊണ്ടിരിക്കും. ഇതു് എത്രത്തോളം വൎദ്ധിക്കു
മെന്നുള്ളതിന്നു് ഒരു തിട്ടവുമില്ല. ഇപ്പോൾതന്നെ വൎത്തമാനക്കടലാ
സ്സുകളുടെ പകുതിയിലധികം ഈവക പരസ്യങ്ങൾക്കായിട്ടാണു തിരിച്ചു
വെച്ചിരിക്കുന്നതു്. പത്രങ്ങളുടെ ഉടമസ്ഥന്മാൎക്കുള്ള ലാഭത്തിൽ മുക്കാ
ലംശവും ഇതിൽനിന്നുണ്ടാകുന്നതുമാകുന്നു.

വൎത്തമാനപത്രങ്ങൾ ഉത്ഭവിച്ചതും, ക്രമേണ വൎദ്ധിച്ചു് ഇപ്പോഴത്തെ
നിലയിലായതും മേൽപ്പറഞ്ഞപ്രകാരത്തിലാകുന്നു. ഇപ്പോൾ അവ എ
ത്രത്തോളം പരിഷ്കരിച്ചിരിക്കുന്നുവെന്നും, അവക്കു പ്രാബല്യം എത്രത്തോ
ളം കൈവന്നിട്ടുണ്ടെന്നും മനസ്സിലാക്കേണമെങ്കിൽ പ്രധാനമായ ഒരു പത്ര
ത്തിന്റെ കാൎയ്യമന്വേഷിച്ചുനോക്കിയാൽ മതി. ഉദാഹരണമായി
"ലണ്ടൻടൈംസ്" എന്ന പത്രത്തെ എടുക്കുക. ഇക്കാലത്തു് ഇംഗ്ല
ണ്ടിൽ, എന്നല്ല ഈ ഭൂമിയിലെങ്ങും നോക്കിയാൽ ഇതുപോലെ

ഒരു പത്രം കാണുന്നതു് എന്തു സൗഭാഗ്യമാണ്. ഈ പത്രത്തെ തുടർച്ചയാ ന്നു ഒരു രാജാവാകട്ടെ ഗവർമ്മെണ്ടാകട്ടെ ഇതു ഭേദിച്ചിട്ടില്ല. ഭൂമിയുടെ ഏതു ഭാഗത്തെങ്കിലും പറയത്തക്ക വല്ല കാര്യവും നടന്നാൽ അതു് ഈ പത്രത്തിന്റെ പംക്തികളിൽ കാണാതിരിക്കയില്ല. വർത്തമാനമെന്ന പേരിന്നു ഈ പത്രത്തിൽ കാണാത്ത യാതൊരു വിഷയവും ഇല്ലെന്നു പറയാം. ഇതു ദിവസേന പ്രസിദ്ധീകരിക്കുന്ന ഒരു പത്രമെന്നു പറഞ്ഞാൽ പോരാ. ഒരു ദിവസം ഇതു് എട്ടും പത്തും തവണ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിവരുന്നു. ഒരു ദിവസം ഇതിന്റെ ലക്ഷത്തിൽപ്പരം കോപ്പികൾ വിററഴിയുന്നുണ്ട്. ഇതിന്നാവശ്യമായ എല്ലാ ഏർപ്പാടുകളും വേറെത്തന്നെ ഉണ്ട്. ലണ്ടൻപട്ടണത്തിലെ ഒരു മുഖ്യമായ ഭാഗം മുഴുവൻ ഈ പത്രത്തിന്റെ ആപ്പീസ്സാകുന്നു. ഇതച്ചടിക്കുന്ന കടലാസ്സാദിയായ സകലസാമാനവും ഈ ആപ്പീസ്സിൽവെച്ചുണ്ടാക്കുന്നതാകുന്നു. ഒരു മണിക്കൂറിൽ ൨൰൦൦൦ കോപ്പി അച്ചടിച്ചുതീർക്കുന്ന യന്ത്രങ്ങളും അവയിലേക്കു വേണ്ടിയ എല്ലാപ്പെട്ട ഉപകരണങ്ങളും ഉണ്ടാക്കുവാൻ ഈ പത്രത്തിന്റെ ഉടമസ്ഥന്മാർക്കു അത്യാസഹായം വേണ്ട. അച്ചുനിരത്തുന്നതുമുതൽ വർത്തമാനക്കടലാസ്സു മടക്കിപ്പൊതിഞ്ഞൊട്ടിച്ചു മേൽപതിക്കുന്നതുവരെക്കുള്ള സകലപണിയും യന്ത്രങ്ങളാണത്രെ കഴിച്ചുവരുന്നത്. ഇതിൽ ഏർപ്പെട്ട പ്രവൃത്തിക്കാരെ സഹസ്രംശികമായി എണ്ണുവാൻ തരമുള്ളൂ. ഒരു ദിവസം ആ ആപ്പീസ്സിൽ നടക്കുന്ന പണിയും അളവററതാകുന്നു. ഭൂമിയുടെ സകലദിക്കിൽനിന്നും ഈ ആപ്പീസ്സിലേക്കു കമ്പിത്തപാൽ വരാറുണ്ട്. ഒരു ദിക്കിൽ നടന്ന കാര്യം അന്നന്നുതന്നെ ഈ ആപ്പീസ്സിൽ അറിവുകിട്ടും. ഒരിക്കൽ തുർക്കിസാമ്രാജ്യത്തുവെച്ചു് ആ രാജ്യത്തെ ഗവർമ്മെണ്ടും മറെറാരു ഗവർമ്മെണ്ടും തമ്മിൽ അതിരഹസ്യമായി ഒരു സന്ധിക്കരാറു ചെയ്യപ്പെട്ടു. ഈ കരാറു ജർമ്മനിയിലെ തലസ്ഥാനമായ ബെർലിൻപട്ടണത്തിൽവെച്ചൊപ്പിട്ടു നിശ്ചയിക്കുന്നതിന്നു മുമ്പെ അതിന്റെ വിവരം ലണ്ടൻടൈംസിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. ഇതിന്നു് ഈ പത്രത്തിന്റെ ഉടമസ്ഥന്മാർക്കു ൫൦൦൦ ഉറുപ്പിക ചിലവായിട്ടുണ്ടത്രെ. ലണ്ടനിൽ പാർല്ലിമെണ്ടുസഭ കൂടുന്ന കാലത്തു് ആ സഭയിൽ യോഗ്യന്മാർ ചെയ്യു എല്ലാപ്രസംഗങ്ങളും അപ്പഴപ്പോൾ ഈ ടൈംസിൽ അച്ചടിച്ചുകഴിയും. ഇതിന്നുവേണ്ടി പാർല്ലിമെണ്ടിൽനിന്നു് അതിന്റെ ആപ്പീസ്സിലേക്കു ടെലിഗ്രാഫിയന്ത്രം വെച്ചിരിക്കുന്നു. സഭയിൽ നടക്കുന്ന എല്ലാ പ്രസംഗങ്ങളും ഈ പത്രത്തിന്റെ ആപ്പീസ്സിൽ ഇരിക്കുന്നവർ

പുതുമകഴങ്ങളിൽ പകർത്തുന്നു. പുതുമകഴങ്ങളിൽ പകർന്നു കഴിഞ്ഞാൽ ഉടനെ വേറെ ഒരുവൻ അത് അച്ചടിക്കുന്നതിന്നു വായിച്ചുനോക്കുകയായി. വായിച്ചുകഴിയുന്നതിനോടുകൂടി യന്ത്രസഹായംകൊണ്ട് അച്ചുനിരത്തികഴിയും. അതിന്നുശേഷം വേറെ ഒരു യന്ത്രം അച്ചുകളിൽ മഷിയിട്ടു. വേറെ ഒരു യന്ത്രം കടലാസ്സ് അച്ചിന്മേൽ വെച്ചടിച്ചുകഴിയും. അവിടുന്നങ്ങോട്ടുള്ള പ്രവൃത്തികളും ഇതുപോലെതന്നെ അതിശീഘ്രത്തിൽ യന്ത്രങ്ങൾ നിർവ്വഹിച്ചു. ഇതെല്ലാം നമ്മൾക്കു വിചാരിപ്പാൻകൂടി പാടില്ലാത്ത വേഗത്തിൽ കഴിയുകയും ചെയ്യും. ഇങ്ങിനെയുള്ള പ്രവൃത്തികൾ ഒരു കൊല്ലത്തിന്റെ ആദിയിങ്കൽ ആവശ്യമായ വരവും ചെലവും നോക്കുന്നെങ്കിൽ ഉടമസ്ഥന്മാർക്കുള്ള ചിലവുകളെത്രയാണുണ്ടായിരിക്കുമെന്നു വായനക്കാർ ആലോചിക്കുകയാണു നല്ലത്. അവർക്കുള്ള വരവും ഇതുപോലെതന്നെയാണ്. ഒരു ദിവസം ഈ പത്രത്തിന്റെ ലക്ഷത്തിൽപ്പരം കോപ്പി വിററുവരുന്നുവെന്നു പറഞ്ഞുവല്ലോ. ഒരു കോപ്പിക്കു മൂന്നണ വിലയുണ്ട്. എന്നാൽ ഒരു കൊല്ലം അതുകൊണ്ടെത്ര വരവുണ്ടാകുമെന്നു കണക്കുകൂട്ടാമല്ലൊ. ഇതിന്നു പരസ്യങ്ങളിൽനിന്നുതന്നെ കിട്ടുന്ന സംഖ്യ കൊല്ലത്തിൽ ൩൦൦൦൦൦ത്തിലധികം ഉറുപ്പികയുണ്ടെന്നു കണ്ടിരിക്കുന്നു. ആ അരപ്പത്തു ലക്ഷത്തിന്നപ്പുറമുള്ള പുസ്തകങ്ങൾ വില്ക്കുന്നതിൽനിന്നും വലിയ വരവുണ്ട്. "എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കാ" എന്നൊരു വലിയ പുസ്തകങ്ങളും ഇയ്യിടെ അവർ അച്ചടിച്ചുവില്ക്കയുണ്ടായി. അതിൽനിന്നുതന്നെ അവർക്ക് ഒരു കോടിയിലധികം ഉറുപ്പിക വരവുണ്ടായിട്ടുണ്ട്. ഇതുപോലെ വേറെയും പുസ്തകങ്ങൾ വില്ക്കുവാനുണ്ട്. അസാമാന്യമായ വരവും അവയിൽനിന്നുണ്ടാവുന്നുണ്ട്. ഇങ്ങിനെയാണ് ടൈംസിന്റെ വരവുചിലവ്. അതിൽ കാണുന്ന പത്രാധിപപ്രസംഗങ്ങളും ലേഖനങ്ങളും ഈ വരവുചിലവുകളെപ്പോലെതന്നെ ശ്ലാഘിക്കുവാനുള്ളവയാകുന്നു. അന്നന്നത്തെ വിദ്യാഭ്യാസത്തിൽവെച്ചു പ്രാധാന്യമുള്ളതൊന്നിനു ഇതിന്റെ പത്രാധിപരാവുന്നതല്ല. യോഗ്യന്മാരായിട്ടു വല്ലവരുമുണ്ടെങ്കിൽ അവരെല്ലാം ഇതിന്റെ ലേഖകന്മാരായിരിക്കും. ഇങ്ങിനെയെല്ലാമിരിക്കെ ഈ പത്രത്തിന്നുണ്ടാകുന്ന പ്രചാരവും പ്രാബല്യവും വളരെ വർദ്ധിച്ചിരിപ്പാനേ തരമുള്ളുവെന്നു പറയേണ്ടതില്ലല്ലൊ.

ടൈംസിനെക്കാൾ അധികം പ്രചാരമുള്ള പത്രങ്ങൾ ഇംഗ്ലണ്ടിൽതന്നെ വേറെയുമുണ്ട്. എങ്കിലും പ്രാബല്യത്തിന്റെ കാര്യത്തിൽ

ടൈംസ്' ഇന്നും അഭിവൃദ്ധിയെ പ്രാപിക്കുന്നതിന്നു യാതൊരു സംശയവു മില്ല. അമേരിക്കയിലുള്ള പത്രങ്ങളുടെ കഥ വിചാരിച്ചാൽ ഇംഗ്ലണ്ടിലെ കഥ സാരമില്ലാത്തതാം. ആ രാജ്യത്ത് ആയിരമാളുകളുള്ള ഒരു ഗ്രാമമാണെങ്കിൽ അവിടെ ആഴ്ചവട്ടത്തിൽ ഒരിക്കൽ പ്രസിദ്ധപ്പെടുത്തുന്ന പത്രം ഒന്നുണ്ടാകും. പതിനായിരം ജനങ്ങളുള്ള ഒരു ചെറിയ പട്ടണമാണെങ്കിൽ അവിടെ ഒരു പ്രതിദിനപത്രിക ഇല്ലാതിരിക്കയില്ല. ഇത്ര ധാരാളം പത്രവായനക്കാരുള്ള ദിക്കിൽ നല്ലൊരു പത്രത്തിന്റെ ഉടമസ്ഥൻ വിചാരിച്ചാൽ എത്ര ജനങ്ങളെ സ്വപക്ഷത്തിലേക്കു ചേർത്താം സ്വാധീനമാക്കുവാനും കഴിയും!. അങ്ങിനെയുള്ള ഒരുവന്നു ജനങ്ങളുടെ മേൽ എന്തൊരു ശക്തിയാണുണ്ടാവാൻ വയ്യാത്തത്!.

ഈ ശക്തിയെ നല്ലവണ്ണം അറിഞ്ഞ് അതു താന്താങ്ങളുടെ സ്വാർത്ഥം സാധിപ്പാൻവേണ്ടി ഉപയോഗിക്കുന്ന ആളുകൾ അമേരിക്കയിലെപ്പോലെ വേറെ ഒരേടത്തുമില്ല. അവിടെയുള്ള കോടീശ്വരന്മാരുടെ ഇടയിൽ ഹേർസ്റ്റ് എന്നൊരു മഹാനുമുണ്ട്. ആയാളുടെ കീഴിൽ എട്ടോളം വലിയ പത്രങ്ങളുണ്ട്. ഈ പത്രങ്ങളിൽ ചിലതു ദിവസേന പ്രസിദ്ധപ്പെടുത്തുന്നതും, ചിലത് ആഴ്ചവട്ടത്തിൽ ഒരിക്കലായിട്ടും രണ്ടു പ്രാവശ്യമായിട്ടും പ്രസിദ്ധപ്പെടുത്തുന്നതും ആകുന്നു. ചിലതു നാട്ടിൽകൂടാത്ത ഭാഗങ്ങളിൽ നടക്കുന്നവയാണ്. ഇതുകൾക്കെല്ലാം കൂടി ൧൯൦൬-ൽ, അതായത് ൧൬൦൦൦൦ റാത്തൽ കടലാസ്സ് ഒരു ദിവസം ചിലവുണ്ട്. ഈ പത്രങ്ങൾ വരുത്തി വായിക്കുന്നവരായി ൨,൦൦൦൦൦൦ ആളുകളുണ്ട്. ഇതുകളുടെ ഉടമസ്ഥനായ ഹേർസ്റ്റിനു വല്ല രാജ്യകാര്യങ്ങളിലും മറ്റും അഭിപ്രായമുണ്ടെങ്കിൽ ഈ പത്തു പത്രങ്ങളും കൂടി ആ കാര്യത്തെപ്പറ്റി ഘോഷിക്കുകയായി. എന്നാൽ അവയെ വായിക്കുന്ന ഇത്ര ലക്ഷം ജനങ്ങളും കാര്യമറിയാതെ ആയാളുടെ പക്ഷത്തിലേക്കു ചായുകയുമായി. ഇതിനെന്തായാൽ ജനാധിപത്യമുള്ള രാജ്യമായിരിക്കുന്ന അമേരിക്ക നാടുകളിൽ ഇതുപോലെയുള്ള ഒരാളുടെ ഇഷ്ടപ്രകാരം രാജ്യഭരണം നടത്തുവാൻ വല്ല പ്രയാസവുമുണ്ടോ?. ഈ പത്രങ്ങൾ നടത്തുവാൻ വേണ്ടി ആയാൾ ചിലവുചെയ്യുന്ന പണത്തിന്റെ സംഖ്യ വിസ്മയനീയം തന്നെ. ഈ ഔദാര്യത്തിന്നുവേണ്ടി ആയാൾക്കു കൊല്ലംതോറും ൪൦൦൦൦൦൦ (നാല്പതുലക്ഷം) ഉറുപ്പിക ചിലവുണ്ട്. ഇതുസംബന്ധമായി ആയാളുടെ ശമ്പളക്കാരുടെ നിലയിൽ ൪൦൦൦ ആളുകളുണ്ട്. ലോകത്തിലെല്ലാഭാഗത്തുനിന്നും വർത്തമാനങ്ങൾ ശേഖരിപ്പാനും, ലേഖനങ്ങൾ എഴുതു

വാറൻകൂടി ഇതിന്നുപുറമെ ൧൫൦൦൦ ആളുകളുണ്ട്, അമെരിക്കയിൽ ഏറ്റവും മുഖ്യ വിചാരകന്മാർ അവരവരിഷ്ടപ്രകാരമുള്ള ശമ്പളംകൊടുത്ത് ആളുകളെ തങ്ങളുടെ കീഴിൽ നിയമിച്ചിരിക്കുന്നു. ഇവരുടെ കൂട്ടത്തിൽ മാസത്തിൽ ൧൫൦൦൦ ഉറുപ്പിക ശമ്പളത്തിൽ ഒരാളും, ൧൦൦൦൦ ഉറുപ്പിക ശമ്പളത്തിൽ ഒരാളും, ൫൦൦൦ ത്തിൽ ഒരാളും, ൩൦൦൦ ഉറുപ്പിക ശമ്പളമുള്ള അനേകാളുകളും ഉണ്ട്. എന്നാൽ ഈ വലിയ ചിലവിന്നുതക്ക വരവും ആയവൎക്കുണ്ടാകാതിരിക്കയില്ലല്ലൊ. ഈ പത്രങ്ങൾ കാരണമായി ആളുകൾക്ക് ആ രാജ്യത്തുള്ള ശക്തി പറവാനില്ല. അമെരിക്കാരാജ്യത്തുള്ളവർ ഹേർസ്റ്റ് എന്ന പേരു കേട്ടാൽ നടുങ്ങാത്ത ആളുകളില്ല. ആ രാജ്യത്തുള്ള പത്രങ്ങളുടെ പരാക്രമങ്ങളിങ്ങിനെയാകുന്നു. മറ്റുള്ള പരിഷ്കൃതരാജ്യങ്ങളിലെ പത്രങ്ങളുടേയും അവസ്ഥ ഏകദേശം ഇതുപോലെ തന്നെ. എന്നാൽ അതെല്ലാം വിവരിക്കുന്നതായാൽ പ്രസ്താവം നീണ്ടതായിത്തീരുമെന്നു ഭയപ്പെട്ടു ഞാൻ അതു തൽക്കാലം വേണ്ടെന്നു ഉപേക്ഷിക്കുന്നു.

ഇതെല്ലാം വിചാരിച്ചുനോക്കുമ്പോൾ ഇന്ത്യയിലെ പത്രങ്ങളുടെ കഥ എത്ര ഉപായമാകുന്നു!. മേൽപ്പറഞ്ഞ പത്രങ്ങളുടെ പ്രചാരത്തിൽ പത്തിലൊന്നു പ്രചാരമുള്ള ഒരു പത്രമെങ്കിലും ഇവിടെ ഇല്ലല്ലൊ. ഇതു നിൎഭാഗ്യകരമായ സംഗതിയാണെങ്കിലും, നമുക്ക് ഈ സംഗതിയിൽ തീരെ നിരാശപ്പെടുവാനില്ല. യൂറോപ്പു, അമെരിക്ക മുതലായ ദിക്കുകളിലുള്ള വൎത്തമാനപത്രങ്ങൾ വളരെ കാലം ചെന്നിരിക്കുന്നു. നമ്മുടെ വൎത്തമാനപത്രങ്ങൾക്ക് അതിൽ പകുതി കഴിഞ്ഞുവോ എന്നു സംശയമാണ്. സ്വാതന്ത്ര്യസ്വഭാവരായ നമ്മുടെ പത്രങ്ങൾക്ക് ഇത്രകാലംകൊണ്ട് ഇത്രയെങ്കിലും പ്രചാരമുണ്ടായല്ലോ എന്നു വിചാരിച്ചിരിക്കുകയാണു വേണ്ടത്. കാലംകൊണ്ടു നമുക്കും ഗുണം വരുമെന്നുതന്നെ കരുതുക. ഒരു രാജ്യത്തുള്ള ജനങ്ങൾക്കു പരിഷ്കാരവും ഐശ്വര്യവും വരുത്തുന്ന പ്രധാനകാരണങ്ങളുടെ കൂട്ടത്തിലാകുന്നു വൎത്തമാനപത്രങ്ങളെന്നുള്ള തത്വം ഒരിക്കലും മറക്കാതെ, അവ വായിക്കുവാനുള്ള മാൎഗ്ഗങ്ങളാലോചിച്ചു പ്രവൎത്തിക്കുന്നതായാൽ നമ്മുടെ രാജ്യവും ക്രമത്തിൽ യൂറോപ്പു മുതലായ രാജ്യങ്ങൾക്കു തുല്യമാകുമെന്നുള്ള എന്റെ വിശ്വാസത്തെ വ്യക്തമാക്കിപ്പറഞ്ഞുകൊണ്ടു തൽക്കാലം ഈ ലേഖനത്തെ അവസാനിപ്പിക്കുന്നു.

കെ. സി. വീരരായൻരാജാ ബി. എ.

ഒരുപദേശം

൧. പുരുഷോത്തമസിദ്ധാന്ത-
പ്പൊരുളോർത്തു പുകഴ്ന്നവൻ
ഗുരുഗോപാലദാസൻ താ-
ങ്കര കാണട്ടെ നമ്മളും.

൨. നരരായ്പ്പിറന്നവരും
നരകത്തിൽ കിടക്കുവോർ
കരകേറാൻ ചിദാനന്ദ-
പരതത്ത്വത്തെ ധ്യാനിക്കണം.

൩. കാണുന്നതൊക്കെയില്ലില്ല
ഞാനെന്നും നിനച്ചിടേണ്ട
താനേ പോകുന്ന ദേഹത്തെ
കാണും മറ്റും ജനങ്ങളും!

൪. മായാമയമാകുന്നതി-
ലാശയത്തിന്നു ചാഞ്ചല്യം
പോയാൽ പിന്നെ ലയിക്കുമീ
മായാവിലാസമൊക്കെയും.

൫. ചുറ്റികത്തീടുന്ന മോഹം
കെട്ടിപ്പിണച്ചിട്ടു നമ്മളെ
കൊട്ടിപ്പൊതിഞ്ഞിട്ടുപ്പിച്ചു
വിദ്യ വഴിയാകുന്ന മാധവൻ.

൬. ദേഹം നന്നാകുവാനൊരോ
മോഹിതം നമ്മൾ കാട്ടിടും
ദേഹമാഴ്ന്നിതിന്നിപ്പോൾ
നിശ്ചയിപ്പിൻ നിരന്തരം.

൭. കലാശേഷതാളത്തിൽ-
ക്കലാശിക്കുന്ന നമ്മളും
മോഹാലക്കിൽ നിന്നിപ്പോൾ
കലാപം പറ്റിയാലും.

൬൮. കടിഞാണിട്ട കരിമ-
ട്ടുടി നമ്മളെയിരപ്പാൻ
പിടിച്ചുടി വലിക്കുന്ന
പെട്ടിയല്ലുള്ളതാണിത്.

൬൯. ദിനംതോറും മരിക്കുന്ന
ജനം കാണുന്നു സർവ്വരും
നിനക്കില്ലെങ്കിലും ചാക-
ണെന്നറിഞ്ഞെന്നുള്ള വാസ്തവം.

൭൦. ഒരു രാപ്പകൽ പോകുമ്പോ-
ളൊരുനാഴികയെങ്കിലും
ഗുരുവാം ചിന്തയെൻ തന്നാൽ
കരുതാതെത്തതിക്രമം.

൭൧. ആരുവാണാരുതെടയാണി, പല-
ഘോരാനുരഞ്ഞെന്ന വന്ന വഴി
പോരാ പോകുന്ന തെരുവാത്തു-
നാരാമണാക്കന്നാളിയിൽ.

൭൨. കുഞ്ഞുങ്ങൾ കാകലും മാറ
കുഞ്ഞുങ്ങളുടെ കൂടിയും
മിട്ടക്കാവിലല്ലാതതാർക്കു-
മൊട്ടും നിലമാറ്റിടം.

൭൩. പുത്രമിത്രകളത്രാദി
യെന്തു നിസ്സാരമോർക്കുകിൽ
ചിത്രമാമിരിക്കുന്തിലെ-
നിത്യ സങ്കടക്കാരണം.

൭൪. വഴിക്കുച്ചി താനം വിട്ടിൽ
കഴിയും കാട്ടുമോർക്കുകിൽ
വഴിയമ്പലമെന്ന
വഴിപോക്കർക്കണക്കതാൻ.

൭൫. മരിച്ചാൽ പുണ്യമുള്ളോരും
മരിക്കാമതാഗ്രഹം

ദുരിതം, സുകൃതം, രണ്ടും
സ്മരിക്കണമിതവനം.

൧൬- ഇഷ്ടസമ്പാദകം, ഭാഗ്യോദ്ധ്യ
തെറ്റു കൂട്ടരകേയവും
കപ്പുമ പൂട്ടകൊട്ടി-
ലിമറ്റിത്തു നടന്നിട്ടും

൧൭- ഞാനെന്നുള്ളുരംഹിതമായ
ഞാനമില്ലാസ്വകാരണം
മാനമർപ്പിച്ചുതാൻ ഭൃത്യ-
സമാനമാകണമിതാക്കണം.

൧൮- കൈക്കളും കാഴ്ചയും
പൂക്കളുമ നിന്നഴകാലെ
ഉടൻകണ്ട ജഗദീശനെ-
ന്തൽക്കളുവേദമാക്കവിൽ.

൧൯- തിരുകൊണ്ടിനംഭഗവൽ-
സ്മരണമ താങ്ങമെന്നു നരം
കരുതണം, മതിച്ചിട്ടു-
തന്നാണാളുമറിഞ്ഞിടാം.

൨൦- സംസാരിച്ചാതിക്കനങ്ങളിൽ
കംസാരിയെ നിനക്കകിൽ
സംസാരം നീങ്ങമെന്നുള്ളാ-
സ്സംസാരം നിങ്ങളോമണമ

൨൧- തനിയേ ജഗദാധാരം
മനിയേ മതിതീടുകിൽ
ജനിമൃതിയാതപ്രാപ്തി
യിനി വേണ്ടവരാ ദൂരം.

൨൨- ഞാനിപ്പറഞ്ഞ നൽപാഠം
മാനിച്ചേവം നടക്കുകിൽ
ഹാനി പാറില്ല ജനമേ!
ധ്യാനിക്കേ പരാൽപരം.

ഹന്ത-സൃഷ്ടിച്ചുള്ള ചരാചരങ്ങളെ മുഴുവൻ
കല്പാന്തകാലങ്ങളിൽ
ചുട്ടുചാമ്പലാക്കാനുള്ളിലുറന്നം
ചൊല്ലുന്നാഥിൽക്കാരുണ്യ!
കെട്ടിച്ചാറിവെച്ചിട്ടുണ്ടാമൊരു മാതാ,
സംസാരപാശം മുഴുവൻ
പൊട്ടിച്ചാർത്തുകാരണം കരുണയാ
കാത്തുള്ള! കാത്തീടണം.

നടുവത്ത് മഹൻനമ്പൂതിരി.

വീരമംഗലത്തു നമ്പൂതിരി

മകരമാസം, കാഞ്ഞങ്ങാട്ടിലെ കൃഷ്ണദ്വാദശി ദിവസം, മലനാട്ടുകര സംസ്ഥാനത്തിലെ പരിവാരങ്ങളും എഴുകടലിനപ്പുറം പ്രമാണിച്ചു



മലവട്ടത്തേക്കു പോയിട്ടു നാലു നാളായി. എണ്ണായിരം നായർക്കു തലവനാകുന്ന ഉണ്ണിരാമൻ മൂന്നുവതും ചുരങ്ങൾ പടമികളും വാൾതോക്കും ആകമ്പടിയും തെക്കു വടക്കൻ നാമ്പിടികളും മാമ്പികളും വെടിക്കോപ്പും കൊള്ളുചാലും കോട്ടകളും പെട്ടി പ്രമാണങ്ങളും എഴുന്നള്ളത്തിനു മുമ്പിൽതന്നെ പോയിരിക്കുന്നു. നാട്ടിലെ ഉടയവരും അടിയാരും മൂത്തവരും ഇളയവരും കഴകങ്ങളും കിടാങ്ങളും ആണുങ്ങളും പെണ്ണുങ്ങളും പുണ്യദിവസങ്ങളിലെ വിളക്കും വേലയും കാണാനായി പോയിരിക്കുന്ന മരതകവടിവിനാൽ തികഞ്ഞ എതിരില്ലാത്തവണ്ണമിനാൽ പോരാളിനാട്ടിലെ മലപ്രദേശങ്ങളെല്ലാം വിജനമായതുതന്നെ പറയാം.

കാലമാറിട ശബ്ദംകൂടി കേൾക്കാതിരിക്കുന്ന നട്ടുച്ചസമയത്തു തണ്ണീർപ്പന്തലുള്ള ഭഗവതീക്ഷേത്രത്തിൽനിന്നു വടക്കോട്ടിറങ്ങി കൊട്ടാരത്തിൽ നിന്ന് എഴുർ കോട്ടയിലേക്കുള്ള പാതയ്ക്കുള്ളതിരെ നാലാളുകളും വരുന്നുണ്ട്,

കച്ചയും തലയിൽകെട്ടും കെട്ടി ചന്ദനംതേച്ച് പന്തിവാളും പരിചയുമായി വട്ടംചവിട്ടി താണുകുമ്പിട്ട് [illegible] [illegible] എടുത്തുകൊണ്ട് ചെമ്പുകൊണ്ടുള്ള [illegible], വട്ടകയും വാൽക്കണ്ണാടിയും കുത്തുവിളക്കുമായി [illegible] [illegible] കിണ്ടി[illegible] കറുപ്പിന്റെ പിന്നിലും നടക്കുന്നു. [illegible] [illegible] [illegible] ചില [illegible] [illegible] നടക്കുന്ന [illegible] ശാന്തികളും കറുപ്പാ പിഷാരടിയും [illegible] കൂടാതെയുണ്ടില്ല. ഉച്ചക്കണ്ണാ [illegible] കഴിച്ചുകൊണ്ടതിനാലുള്ള ഉത്സാഹത്തോടായിരുന്നത്. [illegible] പറഞ്ഞുകൂടാ. കറുപ്പ കോലമ്പിച്ചി സമ്പ്രദായം വരിച്ച് [illegible] [illegible] [illegible] കാട്ടി നിലവാരത്തിന്ന് [illegible] നേരെ കിഴക്കോട്ടും, [illegible] [illegible] യാത്രയായി. കറുപ്പ നടന്നതിനുശേഷം:—

പിഷാരടി—കറുപ്പ [illegible] അയാൾ ദൈവാട്ടമെന്നത്രേ കേട്ടിരിക്കുന്നത്. ഉച്ചക്കണ്ണാരത്തോളം കഴിഞ്ഞപ്പോഴേ അറിയുമ്മുള്ളൂ.

ഒന്നാംശാന്തി—ഉണ്ണിരാമന്റെ കണ്ണിലുണ്ണിയായ ഉണ്ണികളി കറുപ്പിന മന്ത്രമക്കളില്ലെങ്കിൽ വടകരക്കളപ്പുറത്ത് ചാളും കാട്ടുമൂർത്തികൾക്കുനിരയൽ [illegible] തിന്നുന്ന [illegible] ഉണ്ട്.

പിഷാ—[illegible] [illegible] ചെമ്പാറക്കരപ്പും കേളപ്പനും നല്ല ഇണക്കമുണ്ടായിരിക്കണം.

ഒന്നാംശാന്തി—കള്ളും കലരവും കരിക്കിട്ടിയും ഉണ്ടായാൽ ഒരു കേളപ്പൻ പോരേ.

പിഷാ—എന്നായാലും കറുപ്പ കറുപ്പുതന്നെ.

രണ്ടാംശാന്തി—കറുപ്പിനെപ്പറ്റി [illegible] സംശയിക്കേണ്ട. അയാൾ ആണാണ്. കണ്ണ് കഴിഞ്ഞിട്ടുണ്ടെങ്കിൽ കാര്യവും സാധിക്കും. ശേഷം കയ്യിൽ കാര്യം [illegible] വെച്ചാൽ മതി.

പിഷാ—ആണാകയാലാണ് സംശയിക്കേണ്ടിവന്നത്.

ഇങ്ങിനെ പറഞ്ഞുകൊണ്ട് മൂന്നാളും ഓരോ വഴിക്ക് പിരിഞ്ഞു. നേരം അസ്തമിച്ചു. [illegible] പുത്തനായാലും കണ്ണും കണ്ടമില്ല. മലനാട്ടുകാരെക്കൊണ്ട് [illegible] ആന, [illegible], [illegible], [illegible], [illegible], [illegible], വെടി, [illegible], വിളക്ക്, വാദ്യം മുതലായ ആഘോഷങ്ങളോടുകൂടി മതിൽകകത്ത് എഴുന്നള്ളിയിരിക്കുന്നു. നമ്പടികളും പരിഷയും തെക്കേപ്പുറം [illegible] വടക്കേപ്പുറം [illegible] നായർ നായകന്മാരായ [illegible], വല്ലിക്കൊട്ടുകാർ, [illegible]

കരമന, മങ്ങളത്തച്ചൻ, മാണിയൂർ നമ്പൂരി മുതലായ അസംഖ്യം ഉടവാ
ളുകളും ദീവട്ടി, ചങ്ങലവട്ട, കുത്തുവിളക്ക്, അകമ്പടി എന്നിങ്ങനെ
യുള്ള സാമഗ്രികളോടുകൂടി അതാതു സ്ഥാനങ്ങളിൽ നിരന്നു നില്ക്കയിൽ
ഒന്നു. തൃക്കപ്പാറ്റെ ഭാഗത്തുള്ള തിരക്കും തിരക്കും ശബ്ദവും വിലാസവും
വിശേഷവും ഇന്നവിധമെന്നില്ല.

പത്തുനാഴിക രാവച്ചുന്നു. ആളുകളെല്ലാം അമ്പലവട്ടത്തു കൂടി.
ഒരാൾമാത്രം കൂത്തമ്പലത്തിന്റെ തെക്കേവശത്തു പടിഞ്ഞാറുവശത്തുകൂടെ
മേക്കോട്ടു കയറി

"കല്ലരുതെച്ചിവരമന്ത്രിമാതിനൻകൾ-
കണ്ടകമെതാട്ടരഞ്ഞാങ്ങെപ്പിള്ളവില്ലുമെല്ലാം
തളികവേലകളൊന്നുമൃതമാണ-
തെളിച്ചിടും ചിലർ പാട്ടു ഞാൻ പഠിച്ചു"

എന്ന ശ്ലോകം മൂന്നാലുരു ഉറക്കെതന്നെ ചൊല്ലിക്കൊണ്ടു പതുക്കെ നട
ക്കുന്നു. കപ്പത്തുവരെ അറിയാതെയും ഇതുവല്ല വനദേവതയി
ന്റെയും അഴിലാട്ടമാണെന്നു തോന്നാതെ എല്ലാം. എന്നാലും
ഈ വിദ്വാൻ രാജപ്പാട്ടിന്റെ തെക്കേപ്പടിഞ്ഞാറെ മൂലയിലായിപ്പാട്ടു
പാറയുടെ ഇടുക്കിൽനിന്ന് ഒരാൾ അടുത്തുവന്നു നിന്നു.
കപ്പത്തുവർ—വാരുവല്ലേ.
വാരുവിന്റെ—ഉടയവന്റെ കല്പനപ്രകാരം തമ്പുരാന്റെ തല കൊ
ണ്ടു അരിവാളുകിൽപ്പോലും ഇടൽ പോരായ്മയായി.
തട—പണിക്കരെ ഭാമ്പരാ തിരിയില്ലേ.
വാരുവി—പണ്ടാരപ്പിള്ളമാരെ മാത്രമല്ല പയറ്റിപ്പാന്ന പത്തുകളെ മൂന്നു
നാ പുള്ളികളുടെ ദോഷമൊഴിയാതെ മുമ്പത്തെ പോലെ. ഉടയവ
ന്റെ കൃപകൊണ്ടു കള്ളികൊണ്ടുകലശമൊഴിയാതില്ലതിൽ കണ്ടാൽ തന്നെ
ഇളക്കാതെയാണ്.
തട—'ഇവി താൻ തലയാളിയു അതുതാന്റെ' എന്നു കുത്തിച്ചുകൊണ്ടു
'ഹൃദയത്തിലെ കണ്ണിനു കാര്യം വരുത്, ഭേദം ഭോഗം' എന്നു കല്പി
ച്ചു മതിലകത്തേക്കു നടന്നതുമോ. 'ഇതാപ്പോരെ അല്ല ഭേദ തന്നെ
കാര്യം' എന്നറിയിച്ചു താണുതൊഴുതു വാരുവിന്റെ പടിഞ്ഞാട്ടു
ഇറങ്ങി.

"അങ്ങനെതന്നെകൊന്നു കള്ളടിപ്പെട്ടതതിന്റെ സൂക്ഷ്മസ്ഥിതിയറി
ഞ്ഞാൽ മതികൊടെന്നെത്ര്യാതുകന്നു കാര്യം തീർച്ചതന്നെ. പണ്ടാരപ്പി

ള്ളിയെ കൊല്ലിച്ചതുകൊണ്ടു [illegible] [illegible] ഈ സംഗതി ഭരണിയുമായിരുന്നിരിക്കാം. അങ്ങനെയെങ്കിൽ അതു സാരമില്ല. ആകെ കണ്ട പരിചയത്തിന്റെ പുറം കാണാത്ത നായന്മാർ അല്ലായിരുന്നല്ലോ പതിനായിരം ആളുകളാണ്. [illegible] [illegible]. ആകയാൽ [illegible] [illegible] നിശ്ചയിക്കേണ്ടതില്ല. പിന്നെ [illegible] കൂട്ടങ്ങളെ [illegible] എടുപ്പാനാണ്. അതിന്റെ [illegible] സ്വന്തം [illegible]. അല്ല [illegible] ആണ്. [illegible] എ[illegible] ആലോചിക്കേണ്ടതുള്ളൂ." [illegible] പുറപ്പെട്ടു [illegible] [illegible] മനോരാജ്യം ഈ [illegible] പിന്നിൽ നിന്ന് ഒരു കാൽ[illegible] കേട്ടു തിരിഞ്ഞുനിന്നു. അപ്പോൾ

വന്ന ആൾ—ആരത്?

തല—[illegible].

ആൾ—[illegible] തലപൊക്കുന്നവരാണ് സത്യം [illegible] തല പോവും.

തല—ആളെ അറിഞ്ഞ് അല്പം ആലോചിച്ചു [illegible] 'വെന്നിപ്പടാ! ഉടയവരിൽ അത്ര നന്ദിയുള്ള പടയാളി ഉടയവരുടെ കല്പന അനുസരിക്കാതെ ഇവിടെ വരുവാൻ കാരണം?' എന്നു ചോദിച്ചു് അടുത്തു ചെന്നു.

വെന്നിപ്പടനായർ—'ഉടയവർ കാരണം' എന്നു പറഞ്ഞു [illegible] [illegible] "നെറ്റിതലനാട്ടുന്ന കാരണമില്ല. കാട്ടുസ്ത്രീകന്നിന്റെ കിടക്കപ്പാളയിൽ കേളപ്പൻ ചത്തുകിടക്കുന്നു. വെട്ടിക്കൊന്നതാണ്. ആ പുലിയെക്കണ്ടുപിടിപ്പാൻ നാട്ടുകളെ വിട്ടിട്ടുണ്ട്. [illegible] [illegible] [illegible] എന്നറിവാൻ വെന്നിപ്പടതന്നെ പുറപ്പെട്ടതാണ്."

തല—[illegible] കണ്ടതും നാട്ടുന്ന കാണാതായതും [illegible] രാത്രിയല്ലയോ?

പടനായർ—നാലുനാഴിക രാച്ചെന്നതിൽ പിന്നെ.

തല—'കേളപ്പനെക്കൊന്നതു [illegible] ആയിരിക്കണം. കണ്ണം കഴിഞ്ഞു നെറ്റിതലവരെ [illegible] ഇനി താമസിക്കരുതല്ലോ' എന്നിങ്ങനെ വിചാരിച്ചുകൊണ്ടു കാട്ടുനേരം നിന്നിട്ട് 'പന്തി [illegible] ഉടൻ കോട്ടകെട്ടുകയാണു വേണ്ടത്' എന്നാൽ നെറ്റിതല പുറപ്പെടട്ടെ. "കണ്ണം [illegible] തലയിൽ" എന്നു [illegible] അറിയിക്കണം. കാര്യം നാലുനാഴികക്കുള്ളിൽ കഴിയും' എന്നു കല്പിച്ചു

പടനായർ തെരുതെരെ പടിഞ്ഞാട്ടും, തലച്ചെന്നവർ മതിലകത്തേക്കും പോയി.

അരുണോദയം കഴിഞ്ഞിരിക്കുന്നു. നേരിനെക്കാൾ വളവാന്ത [illegible] കാലത്ത് ഉദിക്കുന്ന തലച്ചെന്നവർക്ക് ആകൃതികൊണ്ടു ഉന്മാദമായികാട്ടുന്നതെങ്കിലും ഭയങ്കരമായ മലനാട്ടിലെ കലഹവും കൊലയും കാണ്മാൻ കൂടി വരുന്ന നിലയിൽ മേഘങ്ങളിൽ മറഞ്ഞുകൊണ്ടു ചന്ദ്രനും ഉദിച്ചു. ഒളിച്ചുനോക്കുന്നതുപോലെ ഇടയ്ക്കിടയ്ക്കുമാത്രം അല്പം പ്രകാശിക്കുന്നുണ്ട്. ഈ അവസരത്തു് അകലെച്ചുരത്തിന്റെ അടിവാരം പാറികൊണ്ടു നാലാളുകൾ പുറപ്പെട്ടുപോകുന്നു. അവരിൽ യാതൊരു ശബ്ദവുമില്ല. രണ്ടു മലകളുടെ നടുവിൽകൂടിയുള്ള ഇടുക്കിലായപ്പോൾ പിന്നിൽ നടന്നിരുന്ന ആൾ നാലുപാടും പകച്ചുനോക്കിക്കൊണ്ടു മറ്റുള്ളവരുടെ മുന്നിലും പിന്നിലും ഇടവിട്ടവനായി ജാഗ്രതയോടെ ചുറ്റിനടന്നുതുടങ്ങി. ഈ പുരുഷന്റെ രക്ഷയിൽപ്പെട്ടവർ ഏകദേശം അമ്പതും ഇരുപതും പതിനാലും വയസ്സായ സ്ത്രീകളാണ്. ചെറുപ്പക്കാരത്തിയെ നടുവിലാക്കി [illegible] നടക്കുന്നത്. കാട്ടുകല്ലുകളുടേയും കള്ളന്മാരുടേയും വിളയാട്ടമായ കൊട്ടിയൂരിന്റെ നടുവേപോകുന്ന ഇവർ ഏതോ കാരണത്താൽ ഭയവും പരിഭ്രമവുംകൊണ്ട് ഓടുകയാണെന്നുള്ളതു തീർച്ചതന്നെ. മലകളുടെ നേരെ നടുവിലെത്തി. കിഴക്കേമലയുടെ മൊട്ടയിൽനിന്നു കല്ലിൽ [illegible] ഒരു പട്ടാളൻ ഇറങ്ങിവരുന്നതു കണ്ടു. സ്ത്രീകൾ പരിഭ്രമിച്ചുകൊണ്ടും പുരുഷൻ ഉറച്ചുകൊണ്ടും നിന്നു. ഇറങ്ങിവരുന്നവൻ പുരുഷന്റെ അടുത്തുചെന്നു സൂക്ഷിച്ചുനോക്കീട്ട് 'ഒളിച്ചുചാടുന്ന മുയലോ?' എന്നു പറഞ്ഞു മറ്റുള്ളവരെ പരിശോധിപ്പാൻ തുടങ്ങിയപ്പോൾ,

നെടുതലനായർ—'അടുക്കരുത്!' എന്നു പറഞ്ഞു ചൊടിച്ചേറിയ സിംഹത്തെ തോന്നിക്കുംവണ്ണം [illegible] കള്ളൻ ഉടനെ പിന്നോക്കം മാറി അടിയുറപ്പിച്ചു് ഒരു ശബ്ദം പുറപ്പെടുവിച്ചു കട്ടാരം ഓങ്ങുകയും നായരുടെ ഒരു വെട്ടുകൊണ്ടു കഴുത്തറ്റുവീഴുകയും ഒരു നിമിഷത്തിനുള്ളിൽ കഴിഞ്ഞു. നായർ ഉടലും തലയും അടുത്തുള്ള ഇടയിലേക്കു കാൽകൊണ്ടു തട്ടിയിട്ടു. 'വേഗം നടക്കണം' എന്നു പറഞ്ഞു സ്ത്രീകളെ മുമ്പിലാക്കി വീണ്ടും നടന്നുതുടങ്ങി. 'കൊല്ലണ്ടായിരുന്നില്ല' എന്നു ചെറുപ്പക്കാരത്തി പറഞ്ഞതിന് 'ഇവന്റെ ശബ്ദംകേട്ടു കൂട്ടർ ഇപ്പോൾ ഇവിടെ എത്തും' എന്നായിരുന്നു നെടുതലയുടെ ഉത്തരം.

പ്രകാശത്തോടുകൂടി വഴിയാത്രക്കാർ [illegible] അ[illegible] പാതയിലൂടെ കടന്നു. വഴിക്കുള്ള [illegible] സ്ത്രീക ൾ മൂന്നാളും ഇതിനെ കുറച്ചു വിശ്രമിച്ചതിനുശേഷം ചെറുപ്പക്കാരത്തി 'അമ്മാമൻ്റെ കല്പനയില്ലാതെ അവിടുന്ന് [illegible] [illegible] ത്തെ ആക്ഷേപിപ്പാൻ ഞാൻ പുറപ്പെട്ടതല്ല. [illegible] അവിടുന്നു [illegible] [illegible] പാതിവ്രത്യവും [illegible] വ്യസനവും കണ്ടപ്പോൾ അവ ർ വിചാരിച്ചില്ല' എന്നു [illegible] [illegible].

[illegible]— [illegible]! [illegible] [illegible] വലിയതമ്പുരാൻ തിരുമനസ്സിലെ [illegible] [illegible] [illegible] [illegible] [illegible] പെണ്ണും പിള്ളകളെ [illegible] എന്തു [illegible] പിന്നെ [illegible] [illegible] [illegible].

ഈ വാക്കുകൾ കേട്ടപ്പോൾ [illegible] വിളറിപ്പോയി കൊണ്ട് [illegible] [illegible] സ്ത്രീകൾ [illegible] [illegible] [illegible] 'ഭാഗ്യമില്ലാത്തവളേ! ഇവിടു ന്നെ ഈ നിലയിൽ കാണേണ്ടിവന്നല്ലോ' എന്നുപറഞ്ഞു കരഞ്ഞുതുട ങ്ങി. 'ഇതിനു [illegible] [illegible] [illegible] [illegible]!' എന്നിടയ്ക്കു [illegible] പാറമേൽ [illegible] [illegible] [illegible] [illegible] [illegible] തുടങ്ങി. [illegible]. 'നിങ്ങൾ വ്യസനിക്കേണ്ട! [illegible] [illegible] [illegible] ഇവിടത്തെ [illegible]' എന്നു [illegible] [illegible] [illegible] [illegible] [illegible] '[illegible]! [illegible] [illegible] [illegible] ഞാൻ [illegible]' എന്നു [illegible] [illegible] [illegible] [illegible].

[illegible]—'[illegible]! ഇവിടുത്തെ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]' എന്നു [illegible] [illegible] [illegible]. 'ഇവിടെ [illegible] [illegible] [illegible]' എന്നുപറഞ്ഞു [illegible] [illegible] [illegible] ചെയ്തു.

ദിവസം അസ്തമിച്ചു. മലവെള്ളത്തോടുകൂടിയ [illegible] മിക്കതും [illegible] നാട്ടിലെത്തി. [illegible] [illegible] [illegible]

റാൻകരയിൽവെച്ചു ചെമ്പറാക്കാപ്പിരിയോടു പടയേറ്റു മരിച്ചുവെന്നും, കാപ്പിരിനെ തിരഞ്ഞുനോക്കിയതിൽ കള്ളടിക്കോട്ടിൻ്റെ പടിഞ്ഞാറെ ചെ[illegible]ലുള്ള പൊട്ടക്കിണറ്റിൽ [illegible] വാളും പരിചയും മാത്രം കാണാ[illegible]നും ഉള്ള സംസാരം നാടെല്ലാം പരന്നു. 'കള്ളടിക്കോട്ടിലെ കാലമാടൻ' എന്ന പിന്നെ പ്രസിദ്ധനായ ഭൂതം പിടിച്ചുവെന്നാണ്' മിക്ക ആളുകളും വിശ്വസിച്ചത്. തമ്പുരാനും പരിവാരങ്ങളും [illegible] ന്നെ പത്തുദിവസം താമസിപ്പാൻ തീർച്ചയാക്കിയിരിക്കുന്നു. കാപ്പിരി പണിക്കരുമായി പടയേല്പാനുള്ള കാരണം കല്പിച്ചന്വേഷണം നടത്തിയതിൽ മനക്കോട്ടുമേനോനും കാപ്പിരിൻ്റെ മക്കളുമായി വിശ്വാസം വേണമെന്ന സംഗതിയിൽ മേനോനും കാപ്പിരി പിണക്കമാണെന്നും മേനോൻ്റെ കല്പനപ്പടിക്കു കാപ്പിരിനെക്കൊൽവാൻ പണിക്കർ ഒരുങ്ങിയെന്നു കേട്ട പണിക്കരെ അടയ്ക്കുന്നതിനുവേണ്ടി ഭഗവതിക്ഷേത്രത്തിലെ ശാന്തികളെക്കൊണ്ടു കാപ്പു് ഉച്ചക്കഞ്ഞി കഴിപ്പിച്ചിട്ടുണ്ടെന്നു തലച്ചന്നവരുടെ ആക്ഷേപം, പണിക്കർ കാപ്പിരിനെക്കൊല്ലുമെന്നു തലച്ചന്നവർ കാപ്പിരിനെ തെറിപ്പിച്ചതാണെന്നു മേനോൻ്റെ ആക്ഷേപം പറയുന്നു. സു[illegible]ക്കും തലച്ചന്നവർക്കും കിട്ടുന്നതിനു[illegible] മാത്രം അറിയാം. എന്തായാലും എന്നുമായിരുന്നാകാതെ [illegible] തമ്മിൽ കീരിയും പാമ്പുമായിരുന്നു. മലനാട്ടിൽ കലഹവും കലമ്പലും പടയും പിണക്കവും വല്ലാതെ വർദ്ധിച്ചിരിക്കുന്നു. അസഹ്യനായിത്തീർന്ന തമ്പുരാൻ തമ്മിൽ സന്ധിപ്പിക്കണമെന്നു കല്പിച്ചു തീർച്ചയാക്കി തലച്ചന്നവരെയും മേനോനെയും കോവിലകത്തു വരുത്തി. വിചാരിച്ചതുപോലെ തലവന്നവനും കണ്ടി തലച്ചന്നവർക്കുണ്ടായ സന്തോഷത്തിന്' അതിരില്ല.

ഉച്ചതിരിഞ്ഞു. [illegible] അതിശയകരമായി മാറിവെച്ച കേൾപ്പാനാണ്. [illegible] തമ്പുരാൻ സന്നിധിയിലേക്കു പോയിട്ട് അതനാഴികപോലും കഴിഞ്ഞിട്ടില്ല. തലച്ചന്നവരുടെ [illegible] എന്നത്ഭുതമായ പരിഭ്രമം കോവിലകപ്പടിക്കൽ എത്തിയിട്ടേ ഉള്ളൂ. മലനാടിൻ്റെ ഭാഗ്യം ഒരു കഠിനപ്രവൃത്തിയാൽ അടിച്ചുതളിച്ചതുപോലെ അസ്തമിച്ചുപോയി. തലച്ചന്നവർ 'അയ്യോ! ചതിച്ചു' എന്നുറക്കെ നിലവിളിച്ചുകൊണ്ടു പുറത്തേക്കു ചാടി കോവിലകപ്പടിക്കലെത്തി പരിഭ്രമിച്ചുകൊണ്ട് 'മഹാപാപി മേനോൻ പൊന്നുതമ്പുരാനെയും അപായപ്പെടുത്തി'. ഇത്രയുമേ പറഞ്ഞുള്ളൂ[illegible] അവരെല്ലാവരും വെണ്ണിപ്പട മുതലായവരും ഒന്നായി കോവിലകത്തിനുള്ളിലേക്കോടി. 'പിടി

ച്ച് തുമ്മംവെച്ചിട്ടേണോ' എന്നു വിളിച്ചുപറഞ്ഞുംകൊണ്ടു തലച്ചെന്നവരും പിന്നാലെ ചെന്നു. ആകപ്പാടെ നോക്കിയപ്പോൾ മേനോനെ കാണ്മാനില്ല. മേനോൻ തലച്ചെന്നവരുടെ വിളിയും വരവും കണ്ടപ്പോൾ വടക്കേ മതിൽ ചാടി ഒളിച്ചോടിക്കളഞ്ഞിരിക്കുന്നു. ഇങ്ങനെ ഈ വർത്തമാനം കേട്ടു [illegible] കോയിലകത്താളും പാതയിലും പറമ്പിലും നാട്ടാർ നിറഞ്ഞു. [illegible] [illegible] [illegible] [illegible] പരിചയക്കാരും പലവിധം തിരഞ്ഞിട്ടും മേനോനെ കണ്ടില്ല.

അന്വേഷിച്ചു, പത്തുനാഴിക രാച്ചെന്നിട്ടും മലവട്ടത്തുള്ള കോയിലകത്തെ തിരക്കും ബഹളവും അവസാനിച്ചിട്ടില്ല. നാട്ടിലെല്ലാം [illegible] കിടക്കുന്നു ഉണ്ടു. മലനാട്ടുകരെ [illegible] കൊച്ചുതമ്പുരാട്ടി എഴുന്നെള്ളിയിരിക്കുന്ന [illegible] കൊട്ടാരത്തിന്റെ മതിൽകെട്ടിനുള്ളിൽ ചെറുപ്പക്കാരനായ ഒരാൾ [illegible] മേൽപ്പോട്ടു നോക്കി നില്ക്കുന്നുണ്ട്. മാളികയിലെ കിളിവാതിലിന്നുള്ളിൽ നിന്നുകൊണ്ട് ഒരു ദാസി "തിരുമേനിക്കു [illegible] സുഖമില്ല. തമ്പുരാൻ തിരുമനസ്സിലേക്കു വിശേഷം വല്ലതുമുണ്ടോ? എന്താണിപ്പോൾ ഇവിടെ വന്നതു? എന്നു ചോദിപ്പാൻ അരുളിച്ചെയ്തു" എന്നു പറഞ്ഞു. അപ്പോൾ ആ ചെറുപ്പക്കാരൻ വ്യസനത്തോടുകൂടി "[illegible] വന്നവരെ രക്ഷിക്കണേ! ഇതും കാണിപ്പാൻ തിരുമനസ്സുവെക്കാഞ്ഞാൽ [illegible]. തമ്പുരാൻ [illegible]. മലനാട്ടു [illegible]. [illegible] മലനാട്ടുകര [illegible] [illegible] [illegible] ഉണ്ണികൃഷ്ണനാണ് ഇതു തിരുമനസ്സറിയിക്കേണ്ടതു" ഇങ്ങിനെ പറഞ്ഞതുകേട്ടു ദാസി വിവരം തമ്പുരാട്ടിയെ ഗ്രഹിപ്പിച്ചു.

[illegible] തമ്പുരാട്ടിയുടെ വിളക്കു [illegible], ഉടനെ [illegible] കിഴക്കേ [illegible] ഇറങ്ങി. മേനോൻ [illegible] ഇറങ്ങി [illegible] തമ്പുരാട്ടിക്കു [illegible] സ്ത്രീയെയാണ് കണ്ടത്. [illegible] ഉള്ള ഇണങ്ങിക്കൊണ്ടും [illegible] കിടപിടിച്ചിരുന്ന ആ സ്ത്രീ [illegible] കണ്ടപ്പോൾ 'എന്നെ രക്ഷിക്കണേ' എന്നു പറഞ്ഞു കാൽക്കൽവീണു കരഞ്ഞുതുടങ്ങി.

മേനോൻ—ഉണ്ണികൃഷ്ണിയുടെ സ്ഥിതി എനിക്കറിയാം. എന്റെ ജീവനുള്ളെടത്തോളം ഉണ്ണികൃഷ്ണിയെ ഞാൻ രക്ഷിക്കും. ഭഗവതിയാണ് സത്യം.

എഴുന്നീല്ക്കു! തിരുമേനി ഇങ്ങനെ കിടന്നുറങ്ങുന്നിടത്തു തമ്പുരാനെ തലച്ചെ-
ണ്ണുവർ വെട്ടിക്കൊന്നു. തമ്പുരാട്ടിയെ ഓർത്തിട്ടാണ് ഞാൻ ഇത്രക്കൊരു
വേഗത്തിൽ പോന്നത്. എന്നു തിരുമനസ്സറിയിച്ചു!

ഉണ്ണി—തമ്പുരാട്ടി ഇവിടെ ഇല്ല. തലച്ചെണ്ണുവരുടെ മരണ പകപോക്ക
ബാദ്ധ്യതയായി പെരുമ്പടപ്പു സ്വരൂപത്തിലേക്കോ വരുന്നതി ചിറ്റൂർകൂട്ടത്തില
ചെന്ന എഴുന്നെള്ളിട്ടു രണ്ടുദിവസമായി.

മേനോൻ—അവിടുന്നിതു മുൻകൂട്ടിത്തന്നെ അറിഞ്ഞതെങ്ങിനെയാണ്?

ഉണ്ണി—തലച്ചെണ്ണവർ നാട്ടുവാഴ്ചക്കാരായി ഉച്ചക്കണ്ണൊളികളെയും അ-
ടിമകളെ നരബലിക്കൊക്കെ ചതിയായി വ്യാപരിപ്പിച്ചും മകൻ
മകൻ എന്നോട്ടു പറഞ്ഞു. തമ്പുരാട്ടി ഭോഷികളെ വരുത്തിക്കൂട്ടിച്ചുപ്പുരം
കണ്ടുമറന്നത് ആ മാടമ്പന്റെ ആവശ്യപ്പെടിയാണെന്നാണു അവരുടെ
ഉത്തരം. അതുപോലെതന്നെയാണ് തലച്ചെണ്ണവരായിരിക്കുന്നു. കാര
ണ്യമുള്ള തമ്പുരാട്ടി മേനാട്ടിലെ വെള്ളപ്പിള്ളകളുടെ പിടിയിൽ പില
ക്ക് എത്രയോ ചതിപ്രയോഗങ്ങളും പ്രത്യേകം എന്റെ ആവശ്യത്താ
ലും തിരുപ്പതകണ്ടുകൂടാതെ രക്ഷപ്പെട്ട താഴ്‌വലന്മാരുടെ രക്ഷയിൽ
നമ്മ 'പിണ്ടാത്തി'കളുടെ കൂട്ടി ആരുമറിയാതെ രാത്രിയിൽ എഴുന്നള്ളി.

മേനോൻ—വഴിയിൽ പിഴ വരാതിരിക്കട്ടെ.

ഉണ്ണി—ഇപ്പോൾ പെരുമ്പടപ്പിൽ എന്തിനു വന്നതാണെന്ന്. (തലതാഴ്ത്തിക്കൊണ്ട്)
ഞാനിപ്പോൾ ഒരു കളത്തമ്പുരാട്ടിയായി കഴിച്ചുകൂട്ടുകയാണ് ചെയ്യു-
ന്നത്.

മേനോൻ—ഇവരുടെ കരുപ്പിന് ഒരു മരുമകളുണ്ടായെങ്കിൽ പെരുമ്പടപ്പി
ലിനാടിന്റെ സുകൃതം മുഴുവനും നശിച്ചില്ല. ഇങ്ങിനെയൊരു പെൺ
പിള്ളയെക്കാണാൻ ഭാഗ്യംവന്നതിൽ ഞാൻ കൃതാർത്ഥനായി.

ഉണ്ണി—ഇങ്ങനെയൊന്നു പറയേണ്ടതല്ല. എന്നുപറഞ്ഞു മനോവിഷമം ഭാ
വിച്ച് 'ഞാനും മേനാട്ടിലെ ഭോഷരിൽ ഒരാളാണ്. ചെമ്പാഴന്തൂരി
ന്റെ മരുമകളുമാണ്'. എന്നു വീണ്ടും പറഞ്ഞു.

മേനോൻ—ആശ്ചര്യമായിരിക്കുന്നു. വൈകുന്നേരം. സന്തോഷത്താൽ മന
ങ്ങുന്ന പുറപ്പെട്ടുപോയി. എന്നാൽ ഉണ്ണി, പോയിക്കിടന്നോളൂ. സകല
രും ആ നിലയിൽതന്നെ ഇരിക്കട്ടെ. നാളെത്തന്നെ പട തുടങ്ങേണ്ടി
വരും.

ഉണ്ണി—സൂക്ഷിക്കണം!

മേനോൻ—ഭഗവതിയമ്മേ! എന്ന് ഉണ്ണിക്കൊളുത്തോട്ടം വാതിൽ അടച്ചു ക-

നമ്പൂരാട്ടിക്കെഴുന്നെള്ളുവാൻ വിളക്കു കാണിക്കു! എന്നു ദാസിയോടും പറ
ഞ്ഞു ഗോവിന്ദനോടും. 'മതി പരിഹാസം' എന്നു പറഞ്ഞു തിരിഞ്ഞുനോ
ക്കി ഉണ്ണിക്കോളി ദാസിയോടുകൂടി മാളികയിലേക്കു പോയി.

പിറേറദിവസം എട്ടരമണി പതിനൊന്നാഴിക പുലർന്നപ്പോൾ മഹിമയു
ള്ള തലച്ചെന്നവരും പരിവാരങ്ങളും എത്തിച്ചേർന്നുതുടങ്ങി. മങ്ങാട്ടു
മേനോനെ അടിയന്തിരത്തിനു വിളിപ്പാൻ എത്തിയിരുന്നവർ എല്ലാം നേര
ത്തെ. ഉണ്ണിക്കോളിയെ കൂട്ടിക്കൊണ്ടുവരുവാൻ പോയ ആൾ, കാപ്പി
രിൻറെ കൂടെ മതമകൾ മലയാളത്തിൽ പോയിരുന്നവരും പിറേറ ദിവ
സത്തിലെന്നും പെണ്ണുങ്ങളും മേനോൻറെ തറവാട്ടിലുള്ള പലരും കൂടി
കൂടി. നമ്പൂരാട്ടി എഴുന്നെള്ളിയിരിക്കുന്ന കൊട്ടാരത്തിൻറെ പടിക്കൽ
വെച്ചു നായർ മേനോനെ കണ്ടുവെന്നു ഒരു ഭടൻ പറഞ്ഞു. വിട്ടയയ്ക്ക
യാണ നല്ലതെന്നറിയിപ്പാൻ ആയച്ച കണിക്കാരു നമ്പൂതിരിക്കു നമ്പൂ
രാട്ടിയെ കാണ്മാൻപോലും അവസരം കിട്ടിയില്ലെന്നറിഞ്ഞു പിടിച്ചുകൊ
ണ്ടുവരുവാൻ പറഞ്ഞയച്ചിട്ടുണ്ടും കോടശ്ശേരിയിലും അയച്ചു. പടയാളി
കൾ കൊട്ടാരപ്പടിക്കൽ എത്തിയപ്പോൾ മേത്തലപ്പടനായർ, താന്നിക്കൽ കുറുപ്പ്,
ചേരാട്ടുമേനോൻ, വെങ്ങനൂർ മൂപ്പൻ മുതലായവരും അവരുടെ ആശ്രിത
ന്മാരിലുള്ളവരും കച്ചയും ചെറു കെട്ടി വില്ലു്, വേല്, വാള്, വടി, കുന്തം,
കട്ടാരി മുതലായ ആയുധം ധരിച്ചു തടിച്ചുകൂടിയിരിക്കുന്നതു കണ്ടു.
വൃത്താന്തം ഉടൻ തലച്ചെന്നവരെ അറിയിച്ചു. വരുന്നതു പിന്നെ
കണ്ടിട്ടു ആലോചനയാകാമെന്നു പറഞ്ഞു പുറത്തേയ്ക്കു കണ്ണോടിച്ചു നോക്കി
യപ്പോൾ പടിവാതുക്കൽനിന്നു അകത്തേക്കു ആളുകൾ കൂടി പുറ
ത്തേയ്ക്കുന്നതിൽ വരുന്നതുണ്ടു, ഉടനെ അകത്തുള്ളവരും പുറത്തേയ്ക്കു ഇറങ്ങി
മുറ്റത്തുകൂടി വരുന്നുണ്ടു, ചെറുകരയും പുത്തൂർ മേനോനും പടിക്കൽനി
ന്നു ഒന്നു രണ്ടിനു പിന്നെ കണ്ണെറിഞ്ഞു. എത്തിയവരിലുള്ളവ
രും പരിഭ്രമിച്ചു.

അന്നുരാത്രി കഴിഞ്ഞു. പുണ്യദിവസമായിരിക്കുന്ന പോരാട്ടം ദാസ
ന്മാരും നായന്മാരും നിറഞ്ഞു. എത്തിയവരിൽ ഒരുവനും
അവരുടെ ആശ്രിതരിൽ ചിലരും ഭയപ്പെട്ടു. പോരാട്ടത്തിലെ
ചിലരും പലരും വില്ലും വേലും കരിയും കാളയും ആന, കുതിര, വരി,
പിടി മുതലായതും മഹിമയുള്ള തലച്ചെന്നവരുടെ അധീനത്തിലായി. അവ
രുടെ കൈവശമുള്ള ഭഗവതിക്ഷേത്രത്തിൻറെ ഉടമയത്രെ ദേശ
ത്തെ കുടിയാന്മാരെല്ലാം ഭയപ്പെട്ടു ഉടമസ്ഥരുമായി. ഭഗവ

ങ്കിലുള്ള ഗോപുരങ്ങളുടെ പണിയും തീൎന്നു. അയ്യായിരത്തിലുള്ളവരും മന്ന ക്കോളമേനോനും മാറാതെ മട ഒരിക്കൽപോലും വിടാതിരിപ്പാൻ പണിയെടുക്കുന്നു. ഒരു നായർപോലും ശേഷിക്കാതിരിപ്പോളം പടതന്നെ എന്നാചരിക്കുന്നു. ചിങ്ങനായർ അങ്ങോട്ടിരുന്നു കൊട്ടാരം ആരെക്കൊണ്ടും ഒഴിക്കില്ലെന്നുപിടിച്ചു എന്നായിരുന്നവർ വലത്തുകൊണ്ടിലും, ജീവനുള്ളപ്പോൾ കൊട്ടാരം വിടുകയില്ലെന്നുപിടിച്ചു അയ്യായിരമുള്ളവർ ഇടത്തുകൊണ്ടിലും പടയേറി. അയ്യായിരത്തിന്നിടയിൽ നെടുങ്ങനാട്ടുന്റെ തല കണ്ടതുമുതൽ വലത്തുകൊണ്ടുപട ഒഴിച്ചുതുടങ്ങി. അന്യമനസ്സോട്ടുകൂടി കാട്ടുശ്ശേരി കുന്നിന്റെ പടിഞ്ഞാറെ അടിവാരത്തിൽ പോകുന്നതും ഉറപ്പിച്ചു.

മലനാട്ടുമേനോനായ തലച്ചെന്നോരും ചതുരംഗക്കളിയിൽ വിരുതനായ വീരമംഗലത്തു നമ്പൂതിരിയും അത്താഴം കഴിഞ്ഞു കോട്ടയിൽ മാളികപ്പുറത്തു കയറി പലതിനെക്കുറിച്ചു വിചാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ "ഉണ്ണിക്കാളിയെ കിട്ടിയാൽ പടനിർത്തി കൊട്ടാരവും മേനോനെയും വിടുമോ?" എന്നു നമ്പൂതിരി ചോദിച്ചു.

തല—മേനോൻ ജീവിച്ചിരിക്കുമ്പോൾ ഉണ്ണിക്കാളിയെ നമുക്കു കിട്ടില്ല.

നമ്പൂതിരി—ഇവിടുന്നു പെണ്ണുങ്ങളെ നല്ലവണ്ണം അറികയില്ല. വേണമെങ്കിൽ ഇന്നുതന്നെ ഞാൻ കൊണ്ടുവരാം.

ഇതുകേട്ടപ്പോൾ മഹിമയുള്ള തലച്ചെന്നോരുടെ മനസ്സിന്നു പെട്ടന്നുണ്ടായ ഭാവം ഒരു മന്ദഹാസമായി വെളിപ്പെട്ടു.

തല—ഇതുതന്നെ കളിപ്പിക്കുകയാണ്.

നമ്പൂതിരി—മലനാട്ടുമേനവൻ എന്റെ കളിപ്പാവയല്ലെന്ന് എനിക്കറിയാം.

തല—എന്നാൽ നാളെമുതൽ പടയില്ല. വില്ലാളിനാഥനെന്നതിന്റെ ഉടമ വീരമംഗലത്തു നമ്പൂതിരിയുമാണ്.

നമ്പൂതിരി പോയിട്ട് ഏകദേശം നാലുനാഴിക കഴിഞ്ഞപ്പോൾ മടങ്ങിവന്നു. തലച്ചെന്നോർ ഏകാഗ്രമനസ്സോടുകൂടി ധ്യാനിച്ചിരുന്നിരുന്ന രൂപം അതിന്റെ ഉണ്മാദം പ്രത്യക്ഷമാകയും ചെയ്തു. ആശ്ചര്യലഹരിയോടുകൂടി നമ്പൂതിരി നോക്കിച്ചിരിച്ചു.

നമ്പൂതിരി—ഇവിടുന്ന് എന്നെ വേണ്ടവിധം അറിഞ്ഞിരുന്നില്ല അല്ലേ?

തല—ഇത്രത്തോളം അറിഞ്ഞിരുന്നില്ല.

നമ്പൂതിരി—എന്നാൽ ഇതിലും അധികവും അറിയിച്ചേക്കാം.

തല—അതെന്താണ്?

ഇതുകേട്ട ഉടനെ വീരശൃംഖലത്തു നമ്പൂതിരിയായിരുന്ന മഹാമഹിമ യുടയ വീരകേരളവൎമ്മൻ പെരുമ്പടപ്പു വലിയതമ്പുരാൻ അരവാളൂരിപ്പി ടിച്ച് "അതിന്നുമപ്പനായ മലനാട്ടുകരസ്വരൂപത്തെയും കൂടെയ കരപ്പു റത്തെയും ചതിച്ചുകൊന്ന ഇതുതന്നെ തമ്പുരാട്ടിയുടെ തോഴിയായ കരപ്പി ന്റെ മക്കൾക്കു ബലികഴിക്കുകതന്നെ" എന്നാൎത്തുവിളിച്ച് ഒരു വെട്ടു കൊണ്ടു തലച്ചിന്നവളുടെ കഥ തീൎത്തു.

പിറന്നാളത്തെ ഉദയം:—


"ഇരാത്രിയുറങ്ങി നിരാമയ തല്പിലാണ്ട
ശ്രീഭദ്രതൻ മതിമറന്നു കിടപ്പു കണ്ട്
വാതകലങ്ങട ഹിമാംബു തളിച്ചു തത്തമ
നാഥൻ കരാന്തവിലസദ്ദ്യുതിനോക്കിടുന്നു"

എന്ന വൎണ്ണനത്തിന്ന് എന്തറവും യോജ്യമുള്ളതായിരുന്നു. അന്ന് തൃശ നാഴികപ്പുലർന്നപ്പോൾ ഭാഗ്യംകൊണ്ട് പേരാറ്റുവീതിനാട്ടു ദൈവമായ മല നാട്ടുകരസ്വരൂപത്തിൽ തിരുവവതാരംചെയ്തുള്ള കാത്യായനിത മ്പുരാട്ടിയുടെ തൃക്കടയിൻകീഴിലായി. മഹിമയുടെ മങ്കോട്ട് അച്ചൻ മലനാട്ടുകര മന്ത്രിസ്ഥാനവും ഉണ്ണിയാൎച്ചയുടെ ഭൎത്തൃസ്ഥാനവും ഇന്നുത ന്നെ കയ്യേറി. തെക്കലനാട്ടിൽ പരിശുദ്ധായിരുന്നതിന്റെ നായകനാ യിരുന്നു, വാളുകഴിപ്പിച്ച പെരുമ്പടപ്പു വലിയതമ്പുരാൻ വരുന്നതിനുള്ള ചന്ത ക്കുമതിരിക്കുകയും പിറന്നദിവസം എഴുന്നെള്ളി. മറ്റാരാണ്ട് ഏറ്റുമല നാട്ടിൽ, വെണ്ണിപ്പുനായർ, പണിക്കവീടർ മുതലായവൎക്കെല്ലാം വേണ്ട ഉപദേശം നൽകി നീതിയിൻനിന്നു് പെണ്ണരക്കണ്ണ ലോകരെ ക ണ്ടുപോന്ന ആ തമ്പുരാട്ടിയെ സാക്ഷാൽ കാത്യായനീദേവിയെന്നു കരുതി പേരാറ്റുവീതിയിലെ നാട്ടാർ ഇന്നും വന്ദിച്ചു വരുന്നു.

എം. കെ. പി.

ഭാഷാതത്വം

ഭാഷാസംബന്ധമായ വിഷയങ്ങളെപ്പററി നിരൂപിക്കുന്നവരായ വിദ്വാന്മാരുടെ ആലോചനകളെ വിഷമിപ്പിക്കുന്ന അസാദ്ധ്യം കാൎയ്യങ്ങളിൽവെച്ചു മുഖ്യമായ ഒന്നു് മനുഷ്യരുടെ ഇടയിൽ ഭാഷ പ്രചരിച്ചുതുടങ്ങിയതു് എങ്ങിനെയാണെന്നുള്ളതാകുന്നു.



ലോകമുഴുവൻ ചുററി ഭാഷകളിലധികം പാണ്ഡിത്യം സമ്പാദിച്ച വിദ്വാന്മാരും, അതിശയാസ്പദമായ ബുദ്ധിശക്തിമാന്മാരും മനുഷ്യരുടെ ഇടയിൽ ധാരാളം ഉണ്ടായിട്ടുണ്ടു്. അവരുടെ പരിശ്രമമാണു നമുക്കിപ്പോഴുള്ള എല്ലാ ഉൽകൎഷങ്ങൾക്കും കാരണമായിട്ടുള്ളതും. അവരെപ്പോലെയും വലിയ ഭാഷാപണ്ഡിതന്മാരായിരുന്നവരുമുള്ളതിന്നും വാദമില്ല. എന്നാൽ അവരുടെ പാണ്ഡിത്യത്തിന്ന പ്രതിസ്ഥാനമായ ഭാഷയുടെ ആവിൎഭാവം എങ്ങിനെയായിരുന്നു എന്നു പര്യാലോചിക്കേണ്ടതാണു്. ശൈശവകാലത്തു മാതാപിതാക്കന്മാരുടെയും മററും സഹവാസത്താലാണു് എല്ലാവൎക്കും ഭാഷാപരിചയം സിദ്ധിക്കുന്നതു്. എന്നാൽ മനുഷ്യരിൽ ഒന്നാമതായി ഉണ്ടായ ആളുകൾ ഭാഷ കണ്ടുപിടിച്ചതെങ്ങിനെ? ഇങ്ങിനെ വിചാരിക്കുംതോറും കാഠിന്യം കൂടുന്നതായ ഈ വിഷയത്തിൽ ശരിയായ ഒരു തീൎമാനം വരുവാൻ പ്രയാസമാണു്. ഇത്രയും ഗഹനമായ ഈ വിഷയത്തെപ്പററിയ നിരൂപണങ്ങളിൽ താഴെയുള്ള അനേകം അംശങ്ങൾ അടങ്ങിയിരിക്കുന്നതാണു്.

സൃഷ്ടികൎത്താവായ സൎവ്വേശ്വരൻതന്നെ അവതരിച്ചു് മനുഷ്യരുടെ പ്രഥമപുത്രന്മാൎക്കു നാനാഭാഷകളിലെ വ്യാകരണകോശാദികൾ പഠിപ്പിച്ചു് ആദ്യകാലങ്ങളിലെ ഭാഷ മനസ്സിലാക്കിക്കൊടുത്തുവെന്നും, ആ ഭാഷകൾ പിൻകാലത്തിൽ അനേകം പ്രകാരത്തിൽ രൂപഭേദം വന്നിട്ടുണ്ടായ സന്തതികളാണു് ഇപ്പോൾ നടപ്പുള്ള ഭാഷകൾ എന്നും ചിലർ സിദ്ധാന്തിക്കുന്നു. മനുഷ്യൎക്കു യാതൊരു പരിഷ്കാരവും സിദ്ധിക്കാത്ത ആദികാലത്തിൽ അവർ ഭാഷകൂടാതെതന്നെ ഇംഗിതാകാരാദികളെക്കൊണ്ടു അന്യോന്യം സംഭാഷണം നടത്തിയിരുന്നുവെന്നും, അത്രമാത്രംകൊണ്ടു കാൎയ്യം ശരിയായി നടക്കാതെ കാണുകയാൽ വാക്കു മുതലായ കൃത്രിമ

ങ്ങളുടേയും പശു മുതലായ ജന്തുക്കളുടേയും ശബ്ദത്തെയും, മനുഷ്യർതന്നെ ദുഃഖഭയാദികളുണ്ടാവുമ്പോൾ മുഖത്തിൽനിന്ന് അനൈച്ഛികമായിപ്പുറപ്പെടുന്ന ഹീ, ഹാ, ഹൂം, എന്നു തുടങ്ങിയ ധ്വനികളേയും പിടിച്ച്, ഓരോ വസ്തുക്കൾക്കു ഓരോ പ്രവൃത്തികൾക്കും കാകൻ, കോകിലം, കക്കടം എന്നിങ്ങിനേയും, ഹുങ്കാരം, ചീൽകാരം എന്നിങ്ങിനേയും മറ്റും ശബ്ദമൂലകങ്ങളായ ഓരോ പേരുകൾ കൊടുത്തു് അതുകളുപയോഗിച്ചുതന്നെ വ്യവഹാരം നടത്തി ഒരു ഭാഷയെ നടപ്പിൽ വരുത്തിയെന്നും മറ്റുചിലർ വാദിക്കുന്നു. മനുഷ്യർ കാലക്രമേണ ഓരോ ആവശ്യങ്ങൾ അധികരിച്ചുവന്നപ്പോൾ ചേഷ്ടകളെക്കൊണ്ടും മറ്റും കാര്യം നിർവ്വഹിക്കുന്നതു് അസാദ്ധ്യമായിത്തോന്നുകയാൽ അവർ ഒരു മഹാസഭകൂട്ടി അതിൽവെച്ച് പശുക്കൾ മുതലായ മൃഗങ്ങളുടെ കൊമ്പ്, വാൽ മുതലായവ പിടിച്ച് ഇന്നിന്ന സാധനങ്ങളെ ഇന്നിന്ന പേരുകൊണ്ടു വ്യവഹരിക്കണമെന്നു വ്യവസ്ഥചെയ്തുവെന്നും, ആ സഭയിൽനിന്നു നിശ്ചയിച്ച ശബ്ദങ്ങളെ നടപ്പിൽ വരുത്തുവാൻ വലിയവലിയ പ്രസംഗികന്മാരെ അയച്ച് ആ ഭാഷയെ ലോകത്തിൽ പ്രചാരപ്പെടുത്തിയെന്നും വേറെചിലർ കണ്ടുപിടിച്ചിരിക്കുന്നു. ഇനിച്ചിലർ മേൽപറഞ്ഞ എല്ലാ വാദങ്ങളേയും പൂർവ്വപക്ഷമായിപ്പിടിച്ച്, അതിനെയെല്ലാം ഓരോരോ ഗ്രന്ഥങ്ങൾ പറഞ്ഞു ഖണ്ഡിച്ച് വേറെ ഒരഭിപ്രായത്തെപ്പുറപ്പെടുവിക്കുന്നു. മനുഷ്യർ ഈശ്വരസൃഷ്ടന്മാരായ ഒരു സമുദായമാണെന്നും, അതുകൊണ്ടു് അവർ തങ്ങളുടെ ഉപയോഗത്തിനനുരൂപമായി വേണ്ടുന്ന ശബ്ദങ്ങളെക്കൂട്ടിച്ചേർത്ത് ഒരു ഭാഷയുണ്ടാക്കി അതുകൊണ്ടാണ് വ്യവഹരിച്ചുവന്നിരുന്നതെന്നാകുന്നു അവരുടെ സിദ്ധാന്തം. ഈ ഒടുവിൽ പറഞ്ഞ അഭിപ്രായക്കാർ മറ്റു പക്ഷങ്ങളെ ഖണ്ഡിക്കുന്ന രീതി വളരെ രസമുള്ളതാണ്.

ഈശ്വരൻ അവതരിച്ച് മനുഷ്യരുടെ ആദിപുരുഷനെ ഭാഷപഠിപ്പിച്ചുവെന്നു പറയുന്നതു യുക്തമായിരിക്കയില്ല. വ്യാകരണം, കോശം മുതലായി ഭാഷ പഠിപ്പിക്കുന്നതിനുള്ള സാധനങ്ങളെ വിവരിക്കുവാൻ എന്തെങ്കിലും ഒരു ഭാഷയെ അവലംബിക്കാതെ സാധിക്കുന്നതല്ല. ഒന്നാമത്തെ മനുഷ്യന് ഈശ്വരന്റെ ഭാഷയറിവാൻ ആദ്യംതന്നെ ശക്തിയുണ്ടായിരുന്നുവെങ്കിൽ ആയാൾക്കു ഭാഷാദ്ധ്യാപനംതന്നെ ആവശ്യമില്ല. ഇനി അദ്ദേഹം ഒരു മൂകനും ഭാഷാനഭിജ്ഞനുമായിരുന്നുവെങ്കിൽ ഈശ്വരൻ ആയാൾക്കു ഭാഷ മനസ്സിലാക്കിക്കൊടുക്കുവാനെന്തൊരു ഉപായം എ

ണമായിരിക്കണം. അങ്ങിനെയല്ല, ഇദ്ദേഹം ഒരു ലൌകികനായ ഗുരു വരരുചിപ്പോലെ അക്ഷരമാലയും ശബ്ദങ്ങളും പഠിപ്പിക്കുകയല്ല, ആയാളുടെ മനസ്സിൽ ഭാഷയറിവാനുള്ള ശക്തിയെ ഉൽബോധിപ്പിക്കുകയാണ് ചെയ്യു തെന്നു വിചാരിക്കുക. എന്നാൽ നമ്മുടെ സ്വാഭാവികശബ്ദവാദികളുടെ അഭിപ്രായത്തിലേക്കു തന്നെ വരുന്നു. ഇനി ഫീ, ഹാ, ഫ്ഫൂ എന്നുതുടങ്ങിയ ധ്വനികളാണ് എല്ലാ ഭാഷാശബ്ദങ്ങൾക്കും മൂലമെന്നു സിദ്ധാന്തിക്കുന്ന ധ്വനിമൂലകവാദികളുടെ യുക്തിപ്രകാരവും ചില ശബ്ദങ്ങൾക്കല്ലാതെ ധ്വനിമൂലകത്വത്തെ സാധിപ്പാൻ കഴിയുന്നില്ല. അതിനാൽ അവരുടെ വാദം ചില ശബ്ദങ്ങളെസ്സംബന്ധിച്ചുമാത്രമായിരിപ്പാനേ ഇടയുള്ളൂ. മൂകഭാഷകളിലെ നിയമങ്ങളെ പ്രചാരപ്പെടുത്തുന്ന പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾക്കും യുക്തി സഹായിക്കുന്നില്ല. സർവ്വപ്രതിബന്ധികളായ ഹുങ്കാരം, ധിക്കാരം, ഫൂൽക്കാരം മുതലായവയെ പ്രയോഗിച്ചിരിക്കാമെന്നല്ലാതെ സംജ്ഞാശബ്ദങ്ങളെക്കുറിച്ചും അഭിപ്രായങ്ങൾ കൊണ്ടുവന്നതും പിൻതാങ്ങിയതും മററും എപ്പോഴായിരുന്നാണെന്നറിയുന്നില്ല. സഭയിൽനിന്നെഴുന്നേററു പ്രാസംഗികന്മാർ പ്രസംഗിച്ചിരുന്നതും എപ്പോഴായിരുന്നെന്നറിയുവാൻകഴിയുന്നില്ല. അതിനാൽ ഒടുവിൽപ്പറഞ്ഞ മനുഷ്യികശക്തിവാദികളുടെ പക്ഷത്തെയാണ് സിദ്ധാന്തപക്ഷമായി അംഗീകരിച്ചുകാണുന്നത്.

കെ. വി. എം.

നമ്പൂതിരി

യോഗക്ഷേമസഭ

യോഗക്ഷേമസഭയുടെ രണ്ടാമത്തെ വാർഷികയോഗം തൃശ്ശൂർ വെച്ചു ഇടവം ൧൦-ാംനു മുതൽ മൂന്നുദിവസങ്ങളിൽ കൂടുവാൻ നിശ്ചയിച്ചിരുന്ന വർത്തമാനം "മംഗളോദയം" വായനക്കാർ ഓർമ്മയുണ്ടായിരിക്കണം. ആ മഹായോഗം ഭംഗിയായി കഴിഞ്ഞുകൂടിയ വിവരം സന്തോഷത്തോടെ പ്രസ്താവിച്ചു തൽപ്രണയികളുടെ മനസ്സിനെ ആശ്വസിപ്പിച്ചുകൊള്ളുന്നു. യോഗക്ഷേമസഭ ആരംഭംമുതൽ സമുദായകാര്യങ്ങളിൽ കാണിച്ചുവരുന്ന ശ്രദ്ധാതിശയം നമ്പൂതിരിസമുദായത്തിന്റെ ആത്യന്തികമായ ഭാവികാ

ലത്തെ സൂചിപ്പിക്കുന്നുണ്ട്. ഒരു ബോധപൂർവ്വമായ ശ്രമവും ഉണ്ടാകാതി രിക്കയില്ല. ഈ സമുദായത്തിൽ വളരെക്കാലമായി ഉറച്ചുകിടന്നിരുന്ന ഉത്സാഹശക്തി ഒന്നുണർന്നിരിക്കുന്നുവെന്നു വിചാരിപ്പാൻ മതിയായ കാരണങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നു. വിദ്യാഭ്യാസം, കന്യകാദാനം മുതലായ പ്രധാനവിഷയങ്ങളെപ്പറ്റി ആലോചിച്ച് ഉചിതമായ ഏർപ്പാടു ചെയ്യുന്നതിനുള്ള ഉൽക്കണ്ഠ സമുദായാംഗങ്ങളെ ഒരുപോലെ ആക്രമിച്ചിരിക്കുന്നു. ലൌകികകാര്യങ്ങളിൽ വിമുഖന്മാരായിരുന്നാലു ണ്ടാവുന്ന ദോഷങ്ങളെ അറിഞ്ഞു വേണ്ടവിധം പ്രവർത്തിപ്പാൻ ഈ സമുദായാംഗങ്ങളും ഒരുങ്ങിത്തുടങ്ങുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞകൊല്ലത്തിൽ സഭ മൂലം നടത്തപ്പെട്ടിട്ടുള്ള കാര്യങ്ങളെപ്പറ്റി ആലോചിച്ചുനോക്കുന്നതായാൽ മേൽപ്പറഞ്ഞ സംഗതി നിസ്സംശയമായി ബോദ്ധ്യപ്പെടുന്നതാണ്. ഈ മാതിരിയിലുള്ള മാറ്റത്തിനു കാരണമായിത്തീർന്നതു യോഗക്ഷേമസഭ ഒന്നുതന്നെയാണ്.

നിശ്ചയിച്ച സ്ഥലത്തു മഹായോഗം കൂടിയതുകൊണ്ട് [illegible] ഈ സഭകൾക്കു ഏറ്റവും [illegible]യിരിക്കുന്നു. ഇക്കൊല്ലത്തെ മഹായോഗം കൂടിയതു [illegible] നമ്പൂതിരിപ്പാടന്മാരുടെ [illegible] [illegible] വിളങ്ങുന്ന [illegible] '[illegible]' മനയിൽ വെച്ചാണ്. സ്ഥലത്തിന്റെ [illegible] [illegible] ഇതിൽ [illegible] പ്രയോഗിപ്പാൻ കവിതാ [illegible] ഇല്ല.

തളിപ്പറമ്പുമുതൽ തിരുവനന്തപുരംവരെയുള്ള ദിക്കുകളിൽനിന്നു മുന്നൂറോളം നമ്പൂതിരിമാർ മഹായോഗത്തിൽ ഹാജരായിരുന്നു. എല്ലാംകൊണ്ടും [illegible] [illegible] വിദ്വൽശിരോമണിയെന്നു വിഖ്യാതനായ കുട്ടൂർ ദിവാകരൻ ([illegible]) നമ്പൂതിരിപ്പാടവർകളാണ് അഗ്രാസനത്തെ അലങ്കരിച്ചത്. [illegible] [illegible] ഉപക്രമപ്രസംഗം [illegible] '[illegible]'ത്തെ വിശദമായി പ്രതിപാദിക്കുന്നതായിരുന്നു. [illegible]യിൽ പ്രവേശിക്കാറായപ്പോഴേക്ക സമയം അതിക്രമിച്ചതിനാൽ പതിനൊന്നാം തിയ്യതിയിലത്തെ യോഗത്തിൽ തീരുമാനങ്ങളൊന്നും ഉണ്ടായില്ല.

പിറ്റേന്നാൾ [illegible] സഭ കൂടി. ഒന്നാമതായി [illegible] [illegible]പ്പാർട്ടുകളിൽനിന്നും [illegible] [illegible] പരിഹാരത്തിനായി [illegible] [illegible]

ടിച്ചുപ്പെട്ടതു. ഇതിന്നായി ഒരാളെ അധികാരപ്പെടുത്തി.

കഴിഞ്ഞകൊല്ലത്തിൽതന്നെ സഭ ആലോചിച്ചുവെച്ചിരുന്ന പ്രമേയങ്ങളിൽ ഒരു പ്രത്യേകകമ്മിറ്റിയെ ഏല്പിച്ചിട്ടുണ്ടായിരുന്ന രണ്ടാമത്തെ വിഷയം. പാലക്കാട്ടുള്ള സംഘത്തിൽ വെച്ചുണ്ടായിട്ടുള്ള പ്രതിപാദിക്കുന്ന ദേശമംഗലത്തു ശങ്കരൻനമ്പൂതിരിപ്പാടവർകളുടെ ഉപന്യാസം എല്ലാവരുടെയും ശ്രദ്ധയെ അതിമാത്രം ആകർഷിച്ചു. അതിൽകാണുന്ന അംശങ്ങളുള്ള ഒരു കമ്മിറ്റിയെ നിയമിപ്പാൻ നിശ്ചയിക്കയും, എല്ലാവരുംകൂടി വോട്ടുചെയ്തു മെമ്പർമാരെ തിരഞ്ഞെടുപ്പാൻ നിശ്ചയിക്കുകയും ചെയ്തു.

മൂന്നാമത്തെ വിഷയം കന്യകാദാനമാണ്. നമ്പൂതിരിമാരുടെ ഇടയിൽ കന്യകാദാനം നടപ്പില്ലെന്നുതന്നെ പറയാം. പലപ്പോഴും യുവതികളായും, ചിലപ്പോൾ ജരതികളായുമായിട്ടാണ് ഇപ്രകാരം കന്യകാദാനം നടന്നുവരുന്നത്. ഈ സങ്കടത്തിന്നു നിവൃത്തി കണ്ടെത്തുവാൻ ഇപ്പോഴെങ്കിലും ആലോചിച്ചില്ലെങ്കിൽ എന്തുമാത്രം ആപൽസംഗതിയായിരിക്കുമെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. എല്ലാവരും വേളികഴിക്കേണ്ട മൂന്നു പുതിയകക്കിക്കാതെ, സ്ത്രീസന്താനങ്ങളെയാവതിരിപ്പാനുള്ള മാർഗങ്ങളെ ചെയ്യേണ്ടതാണെന്ന പരിഷ്കാരം വാദിക്കുന്നു. സൃഷ്ടിയെ ക്രമപ്പെടുത്തുവാൻ സാധിക്കുമെങ്കിൽ അങ്ങിനെതന്നെയാണ് വേണ്ടത്. എന്നാൽ പഴയസമ്പ്രദായം മാറിയ്ക്കുകൊണ്ടുള്ള ദോഷം കൂടാതെയും കഴിക്കാം. എന്നുവെച്ചാൽ മൂന്നാമത്തെ വിവാഹത്തിൽ ശീലമാക്കാതെ കഴിക്കാമെന്നത്രേ. ഏതായാലും സ്ത്രീകളുടെ സങ്കടത്തിന്നു നിവൃത്തിവരുത്തേണ്ടതാണ്. ഈ കാര്യം വളരെ ആലോചിച്ചുവേണ്ടതാണെന്നുവെച്ചു തൽക്കാലം നിൎത്തിവെച്ചിരിക്കുന്നു. ചില ആളുടെ പക്ഷത്തിൽ ഇപ്പോഴുള്ള കന്യകമാരുടെ പാണിഗ്രഹണങ്ങളും കഴിയുന്നതുവരെ ഗൃഹത്തിലൊരാളിലധികവും വേളികഴിക്കാമെന്നുണ്ട്. ഈ വിഷയത്തിലുള്ള വാദപ്രതിവാദങ്ങളായി രണ്ടാമത്തെ ദിവസം കഴിഞ്ഞു.

മൂന്നാമത്തെ ദിവസത്തെ സഭയിൽ ഒന്നാമതായി പറയേണ്ടതു സംഘത്തിൽ മെമ്പർസ്ഥാനം വഹിപ്പാൻ പലൎക്കും കിട്ടിയുള്ള വോട്ടുകളെ പരസ്യമാക്കി അധികം വോട്ടുകൾ കിട്ടിയിട്ടുണ്ടായിരുന്ന അഞ്ചാളുകളെ (൧. ദേശമംഗലത്തു വലിയ നാരായണൻനമ്പൂതിരിപ്പാടവർകളും ൨. കാ ത് ദാമോദരൻനമ്പൂതിരിപ്പാടവർകളും ൩. കുമ്പ്ലൂർ ദിവാകരൻനമ്പൂതിരിപ്പാടവർകളും ൪. ചിറ്റൂർ നാരായണൻനമ്പൂതിരിപ്പാടവർകളും ൫. ചെ

ളുള്ള വാസുദേവൻനമ്പൂതിരിപ്പാടവർകൾ) മെമ്പർമാരായി നിയമി ച്ചു. സഭയിൽ ഹാജരായിരുന്ന [illegible] മെമ്പർമാരെ [illegible] കരിക്കയും ചെയ്തു.

തിരുവിതാംകൂറിലെ ശ്രീമൂലംപ്രജാസഭക്ക് പ്രതിനിധികളെ തിര ഞ്ഞെടുപ്പാൻ സഭക്ക് അധികാരം കിട്ടേണ്ടകാര്യത്തിലും, കൊച്ചിയിലെ ദേവസ്വം റഗുലേഷൻ കാര്യത്തിലും, ക്രിമിനൽ കേസ്സുകളിൽ പ്രതികൾ ക്ക് [illegible] തെളിയുന്നതിനു [illegible] കൂടാതെ കഴിപ്പാൻ ഗവർമ്മെണ്ട് ശ്രദ്ധവെക്കേണമെന്നുള്ള സംഗതി യിലും, മതവിരോധമൊന്നും വിശ്വസിച്ചുവരുന്ന നമ്പൂതിരിമാരുടെ [illegible] നിവൃത്തിവരുത്തുന്നതിലും വേണ്ടതു പ്രവർത്തിപ്പാൻ മെമ്പർമാരെ അധികാരപ്പെടുത്തിയിരി ക്കുന്നു.

വിദ്യാഭ്യാസപരിഷ്കാരത്തിന്നായി മൂന്നുമെമ്പർമാരുള്ള ഒരു കമ്മി റ്റിയെ ഏർപ്പെടുത്തിട്ടുണ്ട്. [illegible] നമ്പൂതിരിവി ദ്യാലയങ്ങൾക്ക് സഭയിൽനിന്ന് ഗ്രാന്റുകൊടുപ്പാനും നിശ്ചയിച്ചിട്ടുണ്ട്. ഏതുമാതിരിയിലുള്ള വിദ്യാഭ്യാസമാണ് ഉപയുക്തമായിത്തീരുക എന്നുള്ള കാര്യം ഇനിയും ആലോചിച്ച് തീർച്ചപ്പെടുത്താനുള്ളു. [illegible] ഇംഗ്ലീ ഷുവിദ്യാഭ്യാസം ആവശ്യകവും [illegible] [illegible] നമ്പൂതിരിപ്പാടവർകളുടെ ഉപന്യാസത്തെ വായിച്ചു [illegible]. സഭ [illegible] ഉള്ളൂ.

മൂലധനമില്ലായ്മയാണ് കണ്ടുപിടിച്ചിട്ടുള്ള ഉപായം [illegible] ന്നു. [illegible] ഉറുപ്പികയോളം [illegible] പിരിക്കുക. പകുതി മൂലധ നമായി ഏൽപ്പിക്കുക. പകുതികൊണ്ട് നാടകങ്ങൾക്ക് സമ്മാനവും കൊടുക്കുക. ഇങ്ങിനെയാണ നിശ്ചയിച്ചിരിക്കുന്നത്. [illegible] ശ്രദ്ധേയ മൊന്നുണ്ട്. കഴിഞ്ഞ മഹായോഗത്തിൽ തീർച്ചപ്പെടുത്തപ്പെട്ട [illegible] ഉടനെ തുടങ്ങി [illegible] [illegible] പതി ലൊരു ഭാഗവും മൂലധനത്തെ വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നതാണ്.

സമുദായ കാര്യങ്ങൾ പരിശോധിപ്പാൻ ഒരു കമ്മിറ്റിയെ നിയമിക്കേണമെ ന്നും വിവാഹ[illegible] പ്രകാരം എട്ടു മെമ്പർമാർ മതിയെ ന്നും തീർച്ചപ്പെടുത്തി. സഭ [illegible] നിയമത്തിൽ ചില ഭാഗങ്ങളിൽ ഭേദഗ തിയും ചെയ്യേണ്ടതായി. ഇതിന്നുപുറമെ [illegible] സഭാംഗങ്ങളെ സ്വീകരിച്ചു [illegible] കൊടുത്തു. [illegible] കാര്യ

ങ്ങളിൽ ചേർന്നുപ്രവർത്തിപ്പാനായി ഒരു കൈവലികസംഘത്തെയും നിശ്ച യിച്ചിട്ടുണ്ട്. ഇതാണ് രണ്ടാമത്തെ മഹായോഗത്തിലെ കാര്യങ്ങളുടെ ചുരുക്കിയ വിവരം. കാര്യങ്ങളുടെ ആധിക്യംകൊണ്ട് മഹായോഗം നാലുദിവസം കൂടേണ്ടതായിവന്നു.

നമ്പൂതിരിസമുദായത്തിന്റെ സകലയോഗക്ഷേമത്തിന്നും കാരണ മായിത്തീർന്നുകൊണ്ട് ഈ സഭ മേൽക്കുമേൽ അഭിവൃദ്ധിയെ പ്രാപിപ്പാൻ മഹാജനങ്ങളുടെ ഉത്സാഹവും ജഗദീശ്വരന്റെ കടാക്ഷവും ഉണ്ടായി വരട്ടെ. മാറ്റൂർ വാസുദേവൻനമ്പൂതിരിപ്പാട്.

ചില ചരിത്രശകലങ്ങൾ.*

കലിയുഗദിവസങ്ങളിൽ ൧൫൭൦ ദിവസം ചെന്നപ്പോൾ തൃപ്പൂ ണിത്തുറാമരത്തവരെ അർജ്ജുനൻ പ്രതിഷ്ഠിച്ചു. അന്നേക്കലി 'പഥ്യം' എന്ന്. പതിനൊന്നാം സംവത്സരം മിഥുനം ൨൭ാം൹ ശ്രീകൃഷ്ണസ്വാമി യുടെ സ്വർഗ്ഗാരോഹണം. അന്നേക്കലി 'ബുദ്ധിച്ചുലം' എന്ന്. പിന്നെ വന്ന ദിവസം ചെന്നപ്പോൾ ധർമ്മപുത്രരുടെ സ്വർഗ്ഗാരോഹണം. അ ന്നേക്കലി 'ധർമ്മസ്ഥ' എന്ന്. കലിയുഗങ്ങളിൽ ൩൪൪൫ാം സംവ ത്സരം മകരമാസം ൨൭ാം൹ ചിലപ്രദേശങ്ങളുടെ പ്രാരംഭം തിരുവനന്ത പുരത്തു ശ്രീപത്മനാഭസ്വാമിയെ പ്രതിഷ്ഠിച്ചു. അന്നേക്കലി 'ധന്യ ധന നാളിൽ' എന്ന്. ൩൫൮൦ാം സംവത്സരം മേടമാസത്തിൽ തിരുവല്ലാ പ്രതിഷ്ഠിച്ചു. അന്നേക്കലി 'പാലക്കൽ വേലിക്കകം' എന്ന്. ൩൪൪൪ാം സംവത്സരം ഇടവമാസത്തിൽ മലയാളത്തിലുള്ള രാജാക്കന്മാർ തിരുവഞ്ചിക്കുളത്തുനിന്ന് ചേരമാൻപെരുമാളുതമ്പുരാൻ രാജ്യത്തിന്ന വാ ളുകൊടുത്തു. അന്നേക്കലി 'കതിർസമാപ്തം' എന്ന്. ൩൭൧൭ാം

* ഇതിൽ കാണിച്ച കലിദിനസംഖ്യകളെല്ലാം ഒരു ഗ്രന്ഥത്തിൽനിന്ന് കിട്ടിയതും ചരിത്രം എല്ലാം പറഞ്ഞുള്ളതും ആയ ഗ്രന്ഥത്തിൽനിന്നെടുത്തവയാണ്. ചരി ത്രങ്ങളെ വിസ്താരമായി എഴുതിവെക്കുന്നതിൽ അസാമർത്ഥ്യമായിരുന്ന പൂർവ്വന്മാർ കലിയി ട്ടിട്ടുള്ള, ഇപ്രകാരം സംഗ്രഹങ്ങളായ കലിദിനസംഖ്യകളെക്കൊണ്ടെങ്കിലും അനേകം ചരിത്ര സംഭവങ്ങളുടെ കാലനിർണ്ണയത്തിന്നുപകരിക്കുന്നതാകയാൽ ഈ വക സംഗതികളുടെയും ഗ്രന്ഥങ്ങളും കൈവശമുള്ളവർ അവയെ അയച്ചുതന്നുകൊള്ളുവാൻ അപേക്ഷിക്കുന്നു. അങ്ങിനെ ചെയ്യുന്നവരോട് ഞങ്ങൾ എന്നെന്നും നന്ദിയുള്ളവരായി രിക്കും.

പത്രാധിപർ.

സംവത്സരം കർക്കടകമാസത്തിൽ കേരളവർമ്മതമ്പുരാന്റെ സ്ഥാനാരോഹണം. അന്നത്തെ കലി 'സാമ്രാജ്യം സമ്പാദ്യ പ്രാപ്' എന്ന്. ൧൮൧൭-ാം സംവത്സരം ചെന്നപ്പൂതിരി കൊല്ലം ൯൯൩-ാമതിൽ കൊച്ചിയിലെ ഇളയ്ക്കൂർതമ്പുരാൻ ഒപ്പം വെച്ചതമ്പുരാനെ കൊന്നു. അന്നത്തെ കലി 'കൊന്നു ബ്രാഹ്മണാധമൻ' എന്ന്. ൯ കൊല്ലം ൯൩൦-ാമത് പാണ്ടി കൊച്ചിയിൽ വന്നു. അന്നത്തെ കലി 'ശോകലോപാരിതാപം' എന്ന് കൊല്ലം ൯൩൦-ാമത് പാണ്ടി കൊച്ചിയിൽ കോവിലകം പണിചെയ്യിപ്പിച്ചു. അന്നത്തെ കലി "മഹിഷിരാമിതം പോത്" എന്ന്. കൊല്ലം ൯൩൯-ാമത് കൊച്ചിയിൽ തിരുമലദേവസ്വത്തെ പ്രതിഷ്ഠിച്ചു. അന്നത്തെ കലി 'നാരായണാനന്തകം' എന്ന്. കൊല്ലം ൯൪൫-ാമത് വെണ്ടുരുത്തിൽ ഒപ്പന്തമാർ ഭിക്ഷയായ ചെയ്തു. അന്നത്തെ കലി 'പുത്രൻ കാളിസുതൻ പോയി' എന്ന്. കൊല്ലം ൯൯൨-ാമത് കർക്കടകം ൨൬-ാം- ആദിത്യം കവലിയാള്ള് പ്രതിപാദം അന്ന് കൊച്ചിയിൽ കോവിലകത്തു ലന്തപ്പടകേറി. വെട്ടുത്തുറക്കാരെ വെട്ടിക്കൊന്നു. കൊല്ലം ൯൯൩-ാമത് സാമൂതിരിപ്പാട്ടുന്ന് തിരുനാവായക്കു സ്വർണ്ണംകൊണ്ടു തുലാഭാരം കഴിച്ചു.

ഗ്രന്ഥനിരൂപണം

൧. മണിദീപിക *

മനോരാജ്യരചിതങ്ങളായ ഗ്രന്ഥങ്ങളെക്കാൾ ശാസ്ത്രഗ്രന്ഥങ്ങൾക്കു വിലയേറുമെന്നാണു ഞങ്ങളുടെ അഭിപ്രായം. മലയാളഭാഷയിൽ ശാസ്ത്രഗ്രന്ഥങ്ങൾ ഇപ്പോഴും ധാരാളമാവാത്തതു കേരളസാഹിത്യകാരന്മാരായ ഗ്രന്ഥകാരന്മാരുടെ പുതിയതായുള്ള ശ്രദ്ധക്കുറവിനാലാണെന്ന് ഒരു വിധത്തിൽ പറയേണ്ടിയിരിക്കുന്നു. വ്യാകരണം, അലങ്കാരം, ഛന്ദശ്ശാസ്ത്രം മുതലായുള്ള സാഹിത്യാംഗങ്ങളായ ശാസ്ത്രങ്ങളിൽപോലും നല്ല ഗ്രന്ഥദാരിദ്ര്യം തീർന്നിട്ടില്ല. എന്നാൽ ഉള്ളതിൽ ചിലതെങ്കിലും ഉത്തമമായിട്ടുള്ളതെന്നു പറവാൻ ലേശം സംശയിക്കേണ്ടതില്ല. കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി എന്നീ ഉത്തമഗ്രന്ഥങ്ങളെ ഉണ്ടാക്കിയിട്ടുള്ള മഹാനായ എ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെപ്പറ്റി അഭിമാനിക്കാത്തവർ മലയാളികളുടെ ഇടയിൽ ഉണ്ടായിരിക്കയില്ലെന്നുതന്നെ

* ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം. വില ൧ ക. ൮ ണ.

ന്നതില്ല. ഒരു മഹാപുരുഷന്റെ സപ്ഷ്ടതയേറിയതായ വൈദുഷ്യവിലാസം അവിടുത്തെ ഓരോ കൃതികളിലും പ്രതിഫലിച്ചു പ്രകാശിക്കുന്നുണ്ട്. മണിദീപിക അവിടുത്തെ പരിശ്രമത്തിന്റെ ഫലമായി മലയാളഭാഷയ്ക്കു കിട്ടിയുള്ള ഒരു സംസ്കൃതവ്യാകരണഗ്രന്ഥമാണ്.

അഗാധവും, ഗംഭീരവുമായ പാണിനീയപാരാവാരത്തെ ഒട്ടുമേ കലിയാതെ ലോപ്പിക്കുന്നതാർക്കും ആർക്കും സാദ്ധ്യമല്ല. അതിലുള്ള പ്രധാനഭാഗങ്ങളെല്ലാം ഇത്ര ചെറിയ പുസ്തകത്തിലടക്കിയതിനെപ്പറ്റി ഞങ്ങൾ ആശ്ചര്യപ്പെടുന്നു.

ഇംഗ്ലീഷ്‌വ്യാകരണങ്ങളുടെ രീതിയെ അനുസരിച്ചുകൊണ്ട് മണിദീപികയുടെ പ്രമേയത്തെ ശിക്ഷാകാണ്ഡം, പരിഭാഷാകാണ്ഡം, സിദ്ധകാണ്ഡം, ആകാംക്ഷാകാണ്ഡം എന്നിങ്ങിനെ നാലുപ്രകാരമായി വിഭജിച്ചിരിക്കുന്നു. പാണിനിസൂത്രങ്ങളെ താരാകാരികകളിൽ സംഗ്രഹിച്ചിരിക്കുന്നു. അവയുടെ അർത്ഥത്തെ വിവരിക്കുന്ന വൃത്തികളുടെ പിന്നാലെ ഉദാഹരണങ്ങളേയും, ചിലേടത്തു പ്രത്യുദാഹരണങ്ങളേയും കൊടുത്തിട്ടുണ്ട്. അവസാനത്തിൽ ധാതുപാഠം, ലിംഗവ്യവസ്ഥ മുതലായ വിഷയങ്ങളടങ്ങിയ ഒരു പരിശിഷ്ടവും കൊടുത്തിട്ടുണ്ട്. ഇതാണ് മണിദീപികയുടെ ആകൃതി.

അവിടുത്തെ ഗ്രന്ഥത്തെപ്പറ്റി വേണ്ടപോലെ ഗുണദോഷനിരൂപണം ചെയ്യുവാൻ ഞങ്ങൾക്കു ശക്തിയില്ലെങ്കിലും ഞങ്ങളുടെ അഭിപ്രായത്തെ ആവിഷ്കരിപ്പാനായി കുറച്ചൊന്നു പറയുന്നു. സൂത്രാർത്ഥങ്ങളെ കാരികകളിലൊതുക്കിയത് ഏറ്റവും ഉചിതമായിട്ടുണ്ട്. അതു സൂത്രാർത്ഥത്തെ സൂത്രത്തേക്കാളധികം സാധിപ്പിക്കുമെന്നുതന്നെ പറയാം. എന്നാൽ ചില വിഷയങ്ങളുടെ പ്രതിപാദനത്തിൽ എന്തെങ്കിലും ഒരു ക്രമത്തെ അവലംബിക്കാത്തതുകൊണ്ട് വിഷയങ്ങൾ വികലിതങ്ങളായി പോയിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. അതുകൊണ്ട് വിദ്യാർത്ഥികൾക്ക വ്യാകരണം പഠിപ്പിക്കുന്നതിന്നുള്ള കാഠിന്യത്തിന്നു യാതൊരു കുറവും വന്നിട്ടില്ലെന്നുതന്നെയല്ല ചിലേടത്തു ആധിക്യവുമായിട്ടുണ്ട്. പിന്നെ പാണിനീയസമ്പ്രദായത്തെ വിട്ടുകൊണ്ട് പറയത്തക്ക ഗുണങ്ങൾ ഉണ്ടായിട്ടുണ്ടോ എന്നു ഞങ്ങൾ സംശയിക്കുന്നു. അനാവശ്യങ്ങളെ എടുത്തു കളഞ്ഞതുകൊണ്ട് വിഷയത്തിന് അസംപൂർണ്ണതയും വന്നിട്ടുണ്ട്. ശബ്ദങ്ങൾക്കനിത്യമായും മഹിമാദികൾക്കധികപൂർവ്വമായും ലുങ്‌സംസ്കൃതത്തെ 'ഞ' ആദേശം പറഞ്ഞാൽ ബുദ്ധിശക്തിഗ്രാഹ്യം എന്താണെന്നറിവാൻ

വിദ്യാർത്ഥികൾക്കു യാതൊരു നിവൃത്തിയും ഇല്ല. 'ഗാ, സ്ഥാ, ദാ ധാതുക്കൾ പാംക്കു' ലുങ്ങ്സംസ്കൃതമായ സ്' ലോപിക്കും" ഘുധാതുവിലെങ്കിലെന്ന് ഈ മാതിരിയിലുള്ള ന്യൂനതകൾ ധാരാളമുണ്ട്. പദം ശബ്ദസമൂഹമാണെന്നു തുടങ്ങിയുള്ള പ്രമാണങ്ങളെ ആശ്രയിക്കാതെയുള്ളതുകൊണ്ടു പ്രക്രിയാകാണ്ഡത്തിൽ പല സന്ദേഹങ്ങളും ഉണ്ടാവാനിടയായിരിക്കുന്നു. വൃത്തിയിൽ ചിലേടത്തു അസ്പഷ്ടാർത്ഥതയുണ്ട്. ൩൦-ാം സൂത്രത്തിൽ 'ഉദാത്തം ഹ്രസ്വത്തിനും ഒരു സ്വരംകൊണ്ടുള്ള ഭാഗവ ഇരിക്കാവൂ'. എന്നതിന്റെ അർത്ഥം സ്വരംകൊണ്ടായാൽ മറ്റൊരുകാലത്തു ആവാവൂ എന്നാണെങ്കിൽ അതു സ്പഷ്ടമാകുന്നില്ല. അല്ലെങ്കിൽ 'ശ്രുട' എന്നതിനു അവ്യാപ്തിദോഷം വരും. ൯൯-ാം സൂത്രത്തിൽ 'നിഷേധപൂർവ്വമായുള്ള സമാസത്തിലൊഴിച്ചുകൾ' എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ നഞർത്ഥകമായ നഞ്പൂർവ്വമായുള്ള സമാസത്തിലെങ്കിലെന്ന് ൧൭൨-ാം സൂത്രത്തിൽ "ഉദാത്തിയായുള്ളന്യത്തിൽ ഇഷ്ടമാം പ്രത്യയത്തിലും" എന്നുതുടങ്ങി "ഭായായാം ജനമാനകൾ" എന്നു പറഞ്ഞിരിക്കുന്നു. ഇഷ്ടപ്രത്യയങ്ങളിൽ ജനമാനകൾക്കു ഭാഷാഭാവമില്ലെന്നുള്ള അംശം വൃത്തിയിൽനിന്നു വെളിവാകുന്നതുമില്ല. "പിട്ടിൽ മരിക്കുക്കിട്ടില്ലാത്തതായി ക്രു, സൃ, ഭൃ, വൃ നാലെണ്ണമഉള്ളൂ" എന്നുപറഞ്ഞിട്ടുള്ളതും, "സമ്പ്രസാരണം വികല്പം അളൂഹാവൽ, അളൂഹാവൽ" എന്നുദാഹരിച്ചതും പ്രമാദം പുതുഭാഷകന്മാർ ന്നുള്ളതിനെ ഉദ്ഘാടിപ്പിക്കുന്നു. 'അഭാവയിഷ്യതാം അഭാവിഷ്യതാം" ഇവിടെ പ്രയോജകപ്രത്യയത്തിനുള്ളലോപം വികല്പമാവാനുള്ള കാരണവും വെളിവാകുന്നില്ല. ശേട്ട്, അനിട്ട് ഇതുകളുടെ വ്യവസ്ഥയിലും ന്യൂനതകളില്ലാതില്ല. എങ്കിലും സംസ്കൃതവ്യാകരണത്തിന്റെ ഒരു സമ്പൂർണ്ണമായ ജ്ഞാനത്തെ ഉണ്ടാക്കുവാൻ ആവിട്ടാത്ത 'ശബ്ദിപിക്കുകളെ വിട്ടുകം ധാരാളത്തിലധികമാണ്'. സാമാന്യജ്ഞാനത്തിനായി അറിയേണ്ട ചില അംശങ്ങൾ വിട്ടുപോയിട്ടുണ്ട്. ജ്ഞാ, ശ്രു, സ്മൃ, ദൃശ് ഇതുകൾ സന്നന്തങ്ങളാകുമ്പോൾ ആത്മനേപദികളാകുമെന്നു തുടങ്ങിയ കാര്യങ്ങൾ ഇതിനുദാഹരണമാകുന്നു. പരിശിഷ്ടത്തിൽ ചേർത്തിട്ടുണ്ടെന്നു വൃത്തിയിൽ പറയുന്ന പ്രാണാദി, കണ്ഡ്വാദി ഇതുകളെ അതിൽ ചേർത്തു കാണുന്നില്ല. ഇങ്ങിനെ പലഗണങ്ങളും വിട്ടുപോയിരിക്കുന്നു. വ്യാകരണഗ്രന്ഥത്തിൽ അല്പമായ അച്ചടിപ്പിശകു കൂടി അക്ഷന്തവ്യമാണെന്നിരിക്കെ ഇതിൽപ്പററിപ്പോയിട്ടുള്ള അനേകം അച്ചടിപ്പിശകുകളെപ്പ

റി ഒന്നുമിണ്ടാതിരിപ്പാൻ മനസ്സുവരുന്നില്ല. അനേകം പദ്യങ്ങളെ മൂലപാഠത്തിൽ ഭേദങ്ങളോടെയും കാണുന്നു.

൯. ഉത്തരരാമായണ ഭാഷാപ്രബന്ധം.

ഒരു ഭാഷാന്തരത്തിനു മൂലഗ്രന്ഥത്തിന്റെ പദഭംഗിപോലും സ്വാരസ്യം വരുത്തുവാൻ പ്രയാസമാണെന്നിരിക്കെ, അതിനേക്കാൾ ആസ്വാദ്യത ഭാഷാന്തരത്തിനു സിദ്ധിച്ചിട്ടുണ്ടെങ്കിൽ പരിഭാഷകന്റെ സാമർത്ഥ്യം പറയേണ്ടതുണ്ടോ? വള്ളത്തോൾ നാരായണമേനോനവർകളുടെ ഈ തർജ്ജമ വാസ്തവത്തിൽ ഞങ്ങൾക്ക് മൂലത്തെക്കാളധികം രുചിച്ചു. അതിന്നു കാരണം കവിതയുടെ ശബ്ദഘടനാപാടവമല്ലാതെ അർത്ഥവിഷയത്തിൽ ഒരു വൈശിഷ്ട്യവുമല്ല. തർജ്ജമക്കാരന് അർത്ഥത്തിലുംശബ്ദത്തിലും ഒട്ടും സ്വാതന്ത്ര്യമില്ലല്ലോ. കഥാരചനയിൽ മൂലകാരൻതന്നെ പറയാത്ത ചമൽക്കാരം കൊണ്ടുവരാൻ പ്രയാസപ്പെട്ടിട്ടില്ല. ഈ പ്രബന്ധത്തിന്ന് ആകപ്പാടെ രസികത്വമുണ്ടായിരിക്കയെന്നല്ലാതെ മൂലത്തിൽ അത്ര രസികതയുണ്ടോ എന്നു സംശയമാണ്. വാല്മീകിരാമായണം തർജ്ജമചെയ്ത മഹാകവി ഉത്തരരാമായണത്തിൽ തൊട്ടുവെച്ചതു കണ്ടുകൂടായില്ലെന്നു ചിലർ പറഞ്ഞേക്കാം. അതത്ര സാരമായിട്ടില്ല. ഈ കവിക്ക പലദോഷങ്ങളും മറക്കുവാൻ കഴിയുമെന്നു ഇതുകൊണ്ടു സാധിക്കുന്നല്ലോ.

പ്രാസപ്രയോഗങ്ങളിലുള്ളവർ അനാവശ്യമായും പദം വെച്ചു ലാളിച്ചു കൂട്ടേണ്ടിവരുമെന്നു പറയുന്ന കൂട്ടർ ഈ പ്രബന്ധം കണ്ടാൽ വാസ്തവത്തിലും മിണ്ടാതിരിക്കുമെന്നു വിശ്വസിക്കുന്നു.

എന്നാൽ ശ്രീരാമലക്ഷ്മണന്മാരെക്കൊണ്ടു ഗൃഹത്തിന്റെ വീട് എന്നു പറയിച്ചുള്ള കാവ്യം നടപ്പിന്നു വിരോധമായില്ല എന്നും, ഭൗത്യം എന്നു പറയേണ്ടിടത്തു ആരണ്യം എന്നു പ്രയോഗിക്കാവുന്നതിനെപ്പറ്റി ഉണ്ടാകുന്ന ശങ്കയും സംശയിക്കുന്നു. എന്തായാലും വിമർശം കൊണ്ടു വിസ്തരിക്കാതെ കഴിക്കാമല്ലോ എന്നുതന്നെ. ഉയർന്ന വിലയുള്ള ഈ പുസ്തകം ഇപ്പോഴത്തെ കേരളകല്പദ്രുമം അച്ചുകൂടത്തിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

൰. മംഗളകേരളഗ്രന്ഥമാല.

ഇതു് എന്നാവുള്ള മംഗളകരനായ ടി. പി. ആർ. മേനോനവർകളുടെ പ്രസാധകത്വത്തിൻകീഴിൽ മാസംതോറും പ്രസിദ്ധപ്പെടുത്തുന്ന

ഒരു മാസികയാകുന്നു. ഇതിന്റെ ഒന്നാംലക്കം ഞങ്ങൾക്ക് അയച്ചുതന്നതിൽ മലയാളത്തിൽ അർത്ഥത്തോടുകൂടിയ ഈശാവാസ്യോപനിഷത്തും, വേദാന്താചാര്യന്മാരുടെ ചരിത്രങ്ങളടങ്ങിയ ഒരു ചെറുപുസ്തകവും ആണ് ഉള്ളത്. ആയതിൽ ഉപനിഷത്തിന്റെ ആദ്യത്തിൽ ഒരു ആമുഖോപന്യാസവും, പിന്നെ ശബ്ദാർത്ഥത്തോടുകൂടിയ മൂലവും, അതിന്നശേഷം വിസ്താരമായി പുതിയരീതിയിൽ ലൌകികവിഷയങ്ങളിൽ നല്ലവണ്ണം യോജിപ്പിച്ച് വേദാന്താർത്ഥത്തെ വെളിവാക്കുന്ന ഒരു സാരവിവരണവും അടങ്ങീട്ടുണ്ട്. ഇതിൽ പ്രത്യേകിച്ച് പറയത്തക്കതായ ദോഷങ്ങൾ ഒന്നും ഇല്ല. എങ്കിലും ആമുഖോപന്യാസത്തിൽ ഞങ്ങൾക്കുള്ള ഒരഭിപ്രായഭേദത്തെ ഇവിടെ പറയാം. മനുഷ്യോപദിഷ്ടമാണെങ്കിൽ തന്നെ അങ്ങിനെയായാലുംകൊണ്ട് ഉപനിഷത്തുകൾ വേദങ്ങൾ അല്ലാതെയാവനോ പൌരുഷേയങ്ങളായതോ ആയിട്ടുള്ളതല്ല. ആ ഭാഗം 'ഈശാവാസ്യ'ങ്ങൾക്കും സമാനമാണ്, ബ്രാഹ്മണങ്ങൾ ശ്രുതിയല്ലെന്നു പറയുന്ന പുതിയ സിദ്ധാന്തത്തിന്റെ അനുസന്ധാനമാണെന്നു മനസ്സിലാവുന്നില്ല. പല ഭാഗങ്ങളിലും പ്രസാധകൻ ഉദ്ദേശിച്ചിട്ടുള്ള സാരള്യം കാണാതായിപ്പോയി എന്നു ചിലർ പറയുമായിരിക്കാം. പക്ഷേ ഇത്ര ഗഹനമായവിഷയത്തെ ഇത്രത്തോളം ഭാഷയിലേക്കു പകർത്തിയതിൽ ഞങ്ങൾക്കു സന്തോഷമാണുള്ളത്. വേദാന്താചാര്യന്മാർ എന്ന പുസ്തകത്തിൽ ശ്രീശങ്കരാചാര്യസ്വാമികൾ തുടങ്ങി സദാനന്ദസ്വാമികൾവരെയുള്ള വേദാന്തപ്രവർത്തകന്മാരുടെ ചരിത്രസാരത്തെ പ്രതിപാദിച്ചിട്ടുണ്ട്. രഹസ്യങ്ങളായ പരമതത്വങ്ങളെ പ്രതിപാദിക്കുന്ന ഇത്തരം മാസികകളെക്കൊണ്ടു മലയാളസാഹിത്യത്തിന് എത്രമാത്രം അഭിവൃദ്ധിയുണ്ടാകുമെന്നുപറവാൻ പ്രയാസമാണ്. വരിസംഖ്യ ഒരു കൊല്ലത്തേക്ക് മൂന്നു ഉറുപ്പികയാകുന്നു. ദേശക്ഷേമത്തിനായി ദീക്ഷിച്ചിരിക്കുന്ന ശ്രീമാൻ ടി. പി. ആർ. മേനോന്റെ പരിശ്രമം കേരളീയരുടെ മഹാഭാഗ്യവിലാസം തന്നെ.

പലവക

൧. "എന്റെ ഗുരു," ൨. "ചന്ദ്രഗുപ്തകഥ" എന്നീ പുസ്തകങ്ങൾ ഞങ്ങളുടെ അഭിപ്രായത്തിനായച്ചുതന്നിട്ടുള്ളതു നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായം വഴിയെ.

* * * * * * *

കഴിഞ്ഞ തുലാം ൨൭-ാം-നു കോടിത്തറ മനക്കൽവെച്ചു കൂടിയ ആലത്തിയൂർ ഗ്രാമയോഗത്തിന്റെ പ്രൊസിഡിംഗ്സ് ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. ടി യോഗത്തെ നമ്പൂതിരിയോഗക്ഷേമസഭയുടെ ഉപസഭയായി സ്വീകരിച്ചിരിക്കുന്നതായറിയുന്നതിൽ സന്തോഷിക്കുന്നു.

* * * * * * *

ബ്രഹ്മശ്രീ ടി. എം. ത്രിവിക്രമൻനമ്പൂതിരിയവർകളുടെ മാനേജ്മെന്റിൽ നടത്തപ്പെടുന്ന തണ്ടില്ലാക്കര സ്കൂളിന്റെ വാർഷികയോഗം കഴിഞ്ഞ ഒക്ടോബർ ൧൦-ാം-നു ബ്രഹ്മശ്രീ കരുതേടത്തു വിഷ്ണുനമ്പൂതിരിയവർകളുടെ അഗ്രാസനാധിപത്യത്തിൻകീഴിൽ കൂടിയതായി അറിയുന്നു.

* * * * * * *

ബ്രഹ്മശ്രീ എം. വി. ദാമോദരൻനമ്പൂതിരിയവർകൾ കഴിഞ്ഞ വിജയദശമിമുതൽ വള്ളുവനാട്ടുനിന്നു പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന "ദ്വിജകേസരി, അഥവാ വി. പി. മാധവറാവു" എന്ന പ്രതിവാരപത്രം ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. മലയാളബ്രാഹ്മണസമുദായപരിഷ്കരണമാണു "ദ്വിജകേസരി"യുടെ പ്രധാനോദ്ദേശമെന്നു കാണുന്നതിൽ സന്തോഷിക്കുന്നു.

* * * * * * *

"മംഗളോദയ"ത്തിൽവെച്ചു വാദിക്കപ്പെട്ടിരുന്ന പുലകുളിക്കാര്യത്തെപ്പറ്റി കഴിഞ്ഞ നമ്പൂതിരിയോഗക്ഷേമമഹായോഗത്തിൽ ആലോചിച്ചതിൽ, ഇനിയും അനേകം മഹാന്മാരുടെ അഭിപ്രായം അറിഞ്ഞതിന്നുശേഷമേ ഈ കാര്യത്തിൽ ഒരു നിശ്ചയം ചെയ്യാൻപാടുള്ളു എന്നു നിശ്ചയിച്ചിരിക്കുന്നു. "മംഗളോദയ"ത്തിൽ ഖണ്ഡപ്രതിവാദം നടത്തിയിരുന്ന ഉഭയപക്ഷക്കാരുടെ ഉപന്യാസങ്ങളിലും പ്രമാണത്തെ സംബന്ധിച്ചടത്തോളം പറയേണ്ടുന്ന ന്യായങ്ങൾ മിക്കതും പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഇനി യോഗക്ഷേമസഭയുടെ ഉപസഭകളിലും ആലോചന നടത്തി അധികം ജനങ്ങളുടെ അഭിപ്രായം അറിഞ്ഞുകൊള്ളട്ടെ എന്നുവെച്ചു ഞങ്ങളും തൽക്കാലം ഈ വിഷയത്തെ നിറുത്തിവെക്കുന്നു. അതിനാൽ പുലകുളിയെപ്പറ്റി വരുന്ന യാതൊരുപന്യാസവും തൽക്കാലം ഞങ്ങൾ സ്വീകരിക്കുന്നതല്ല.

* * * * * * *

ധൎമ്മസംസ്കാരഃ

"ധൎമ്മസ്യ ഗഹനാ ഗതിഃ" ഇതി [illegible]

Registered No. M. 609

സമ്മാനം

ഏറ്റവും പഴയതും വലുതുമായ ഉത്ത[illegible] ബോധിപ്പിക്കുന്ന ഒരു സമുദായത്തിന്ന് അത്യാവശ്യമായിട്ടുള്ള കാണ് [illegible] ഉണ്ടല്ലോ. അത് മംഗളോദയത്തിന്റെ [illegible] ഭാഗങ്ങളിലേക്കെത്തിയാൽ പൂർണ്ണ ഒരു ലേഖനമായിരിക്കണം. വായനക്കാർക്ക് ഒട്ടും ഭാഗിയും ഒഴിച്ചുകൂടാത്തതാണ്. വരുന്ന കുംഭം ൩൦-ാംനുക്കു മുമ്പായി കിട്ടിപ്പിച്ചാൽ മതി.

൱ ഉറുപ്പിക

സമ്മാനം തൽക്കാലം നിശ്ചയിച്ചിരിക്കുന്നു. പരിശോധകന്മാരഭിപ്രായപ്പെടുന്ന പക്ഷം അധികം കൊടുപ്പാനും ഒരുക്കമുണ്ട്. പരിശോധകന്മാരിൽ അധികംപേർ സമ്മതിച്ച ലേഖനത്തിന്നു സമ്മാനം കൊടുക്കുകയുള്ളൂ.

പരിശോധകന്മാർ

൧. ചെറുമാനറ്റപ്പുറ കൊച്ചി ഏഴാംകൂർ രാമവർമ്മകൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ട്.
൨. രാജശ്രീ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട്.
൩. ബ്രഹ്മശ്രീ [illegible] നമ്പൂതിരി അവർകൾ.
൪. ,, പുന്നശ്ശേരി നീലകണ്ഠശർമ്മാ അവർകൾ.
൫. പത്രാധിപർ.

ലേഖനത്തിൽ പ്രധാനമായി പ്രതിപാദിക്കേണ്ട വിഷയങ്ങളെ ഇതുവരെ മുദ്രകുത്തി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനെ ലേഖകന്മാർ കണ്ടിട്ടില്ലെന്ന വിശ്വസിക്കുന്നു. [illegible] ഒന്നുകൂടി വായിച്ചുകൊള്ളട്ടെ.

വിഷയം—നമ്പൂതിരിസമുദായത്തിന്റെ പരിപൂർണ്ണമായ ഉൽകൃഷ്ടാവസ്ഥയിൽ ഇതുവരെയുള്ളത് ഏതുകാലത്താണ് ? അതിനുള്ള കാരണങ്ങൾ എന്ത് ? അതിന്ന് അധോഗതി വന്നിട്ടുണ്ടോ ? ഉണ്ടെങ്കിൽ അധോഗതി ഏതുപ്രകാരം ആരംഭിച്ചു ? അധോഗതിയുടെ കാരണം എന്ത് ? മേലിൽ അഭ്യുന്നതിക്കായി എന്തൊക്കെയെല്ലാം പ്രവർത്തിക്കണം ? ഈ അംശങ്ങളെ പ്രമാണങ്ങളോടും യുക്തികളോടും കൂടി പ്രതിപാദിക്കുക.

“മംഗളോദയ” പ്രവർത്തകന്മാർ.

മംഗളോദയം

പുസ്തകം ൨ | [illegible] മാസം | ലക്കം ൨

വിഷയങ്ങൾ

മംഗളോദയം അച്ചുക്കൂടത്തിൽ
അച്ചടിച്ചതു.
1085

൨൦-ാം വൎഷം ജാം നഗർ

ജാം സാഹേബ് തിരുമനസ്സിലെ രാജവൈദ്യർ എന്ന കീൎത്തിസമ്പാദിച്ചിട്ടുള്ള

ഔഷധാലയമില്ലാത്തവരുടെ രണ്ടു പ്രധാനൗഷധികൾ.

൧. മദനമഞ്ജരി ഗുളികകൾ.

ശീഘ്ര നിൎദ്ദോഷം. ധാതുക്ഷയങ്ങളെ [illegible] ഓജസ്സ് ഉണ്ടാക്കു [illegible] ശുദ്ധീകരിക്കും, [illegible] ശക്തി ഉണ്ടാക്കും. [illegible] [illegible] ബുദ്ധിശക്തിയെ ഉദ്ധരിക്കും. [illegible] [illegible] രോഗങ്ങൾക്കും ഒരു സിദ്ധൌഷധം. ഇതുവരെക്കും [illegible] കീൎത്തിപ്പെട്ട ഈ ഔഷധം എല്ലാ രോഗികളേയും [illegible] [illegible] [illegible], [illegible]. [illegible] ([illegible] ഗുളികകൾക്കു വില ഉറു. ൧ (ഒന്നു) മാത്രം. തപാൽചെലവു വേറെ.

൨. [illegible] ഘൃതം.

[illegible] വൎദ്ധിപ്പിച്ചു [illegible], [illegible] [illegible] [illegible] [illegible] [illegible] ഉപയോഗിച്ചവരെല്ലാം അത്ഭുതകരമായ ഫലം സിദ്ധിച്ചിരിക്കുന്നു [illegible] [illegible] [illegible] ലഭിച്ചിരിക്കുന്നു. ഇതുവരെക്കുള്ളതായിട്ടു ഈ ഔഷധത്തിന്റെ കീൎത്തി [illegible] മായി നില്ക്കുന്നു. ഒരു (൨) [illegible] [illegible] വില ഉറു. ൧ (ഒന്നു) മാത്രം. തപാൽചെലവു വേറെ.

ഈ വൈദ്യശാലയിൽ എല്ലാ ഔഷധങ്ങളും [illegible] കിട്ടും.

ഇന്ത്യയിൽ ഈ പ്രദേശത്തു ഇതു [illegible] വൈദ്യശാലയുള്ളൂ.

രാജവൈദ്യ നാരായണജി കേശവജി, പ്രൊപ്രൈറ്റർ,

ആയുൎവ്വേദോദ്ധാരണൌഷധാലയം

നമ്പർ 1174 [illegible], [illegible]

[illegible], [illegible].

[illegible] വരിസംഖ്യ (ഇതുവരെ [illegible] തപാൽക്കൂലിയടക്കം ഒരു കൊല്ലത്തേക്ക് 2—8—0, ആറുമാസത്തേക്ക് 1—6—0.

☞ കഴിഞ്ഞ കൊല്ലത്തെ വരിസംഖ്യ ബാക്കിയുള്ളവർ ആ സംഖ്യ മണിഓൎഡറായി അയക്കേണ്ടതാണ്, [illegible] [illegible] [illegible] [illegible] [illegible] നെ വിചാരിക്കേണ്ടതാണ്. — മാനേജർ.

മംഗളോദയം

മാസിക

പുസ്തകം ൧ | ധനുമാസം | ലക്കം ൧


മംഗളം

[illegible] ... മംഗളോദയ ... [illegible]
[illegible]
[illegible]
[illegible] "മംഗളോദയ" [illegible]

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

ഗദ്യരചനാരീതി

ചിലരുടെ വാചകമെഴുത്തിന്റെ രീതി നല്ലതായിരിക്കുന്നു എന്നും, വേറെ ചിലർ എഴുതുന്ന രീതി അത്രതന്നെ നല്ലതായിരിക്കുന്നില്ലെന്നും നാം പറയാറുണ്ട്. എന്നാൽ ഏതാണ് നല്ലരീതി— നല്ല ഗദ്യരീതിയുടെ ലക്ഷണമെന്താകുന്നു— എന്നുള്ള ചോദ്യത്തിന്ന ശരിയായ സമാധാനം പറയുവാൻ തുടങ്ങും അത്രവേഗത്തിൽ സാധിക്കുന്നതല്ല. ലോകത്തിൽ രുചിയുള്ള ഭക്ഷ്യപദാർത്ഥങ്ങൾ അനവധിയുണ്ടെങ്കിലും ഒരുവന്ന രുചിയുള്ളത് മറ്റൊരുവന്ന രുചികരമായിരിക്കുകയില്ല. ഇങ്ങിനെ മനോധർമ്മത്തെ ആശ്രയിച്ചു രുചി ഓരോ പദാർത്ഥത്തെ വിഷയീകരിച്ചിരിക്കുന്നതിനാൽ ഇന്ന പദാർത്ഥമേ രുചിയുള്ളത് എന്ന സർവ്വസമ്മതമായിട്ടൊന്നിനെ എടുത്തുപറവാൻ കഴിയുന്നതല്ല. ഗദ്യമെഴുത്തിലുള്ള രീതിയെ സംബന്ധിച്ചുള്ള രുചിഭേദവും ഇപ്രകാരത്തിലൊന്നാകുന്നു. ഇങ്ങിനെയുള്ള രുചിഭേദത്തിന്നുള്ള കാരണം അദ്ധ്യാത്മശാസ്ത്രസംബന്ധമായ ചില സാമാന്യതത്വങ്ങളാക



[illegible]കൊണ്ടുമാത്രമേ നമുക്കു വെളിപ്പെടുന്നുള്ളൂ. അതിനാൽ ആദ്യം തന്നെ ആവക ഭേദങ്ങളെപ്പറ്റി ധരിക്കുവാനഭ്യസിക്കുക.

മനുഷ്യരുടെ പല സ്വഭാവങ്ങളേയും പരിശോധിച്ചറിയുന്നതിനു നാം ശ്രമംചെയ്യുന്നുവെങ്കിൽ വാചകമെഴുത്തിൽ പല രീതിയും വരാതിരിപ്പാൻ നിവൃത്തിയില്ല എന്നു നമുക്കു ബോദ്ധ്യപ്പെടുന്നതാണു്. ചില ഉദാഹരണങ്ങളെക്കൊണ്ടു് ഈ സംഗതിയെ വിശദമാക്കാം. ചില മനുഷ്യർ സ്വഭാവേന മിതഭാഷികളായിരിക്കും. എങ്കിലും അവർ പറയുന്നതെല്ലാം സാരമായിരിക്കുകയും ചെയ്യും. അങ്ങിനെയുള്ളവർ, ഓരോ വിഷയങ്ങളെ കാര്യകാരണസംബന്ധത്തോടുകൂടി യുക്തിയുക്തമായും, പ്രകൃതം [illegible] വിടാതെയും, [illegible] അവസാനിക്കുന്നവിധമായും പ്രതിപാദിക്കുന്നതായിരിക്കും അധികം ഇഷ്ടം. അതിനെ അനുസരിച്ചു് അവർ വാചകമെഴുതുമ്പോൾ ഓരോ വാചകത്തിലുമുള്ള പദങ്ങളെ എല്ലാം നല്ലവണ്ണം പരിശോധിച്ചു് [illegible] അടങ്ങിയിരിക്കുന്ന കാര്യത്തിലും സംശയംവരാത്ത വിധത്തിൽ തക്കതായ പദങ്ങളെ പ്രയോഗിക്കുകയും, അനാവശ്യപദങ്ങളെ വർജ്ജിക്കുകയും ചെയ്യുന്നു. വാചകമെഴുത്തിൽ അവർ കടുപ്പിശുക്കുപിടിക്കുന്ന സ്വഭാവക്കാരാകുന്നു. കുറച്ചു വാചകങ്ങളെക്കൊണ്ടു് അധികം കാര്യം പറയേണമെന്നാണു് അവരുടെ ഉദ്ദേശ്യം. [illegible] ലോകത്തിലുള്ള [illegible] [illegible] അങ്ങിനെയുള്ളവരായിരിക്കും. പിന്നെ, സ്വഭാവമായിത്തന്നെ [illegible] അധികം സംസാരിക്കുന്നവരായിട്ടിനി ചില കൂട്ടരുണ്ടു്. ലോകത്തിൽ പുറമെ കാണുന്ന ഓരോ കാര്യങ്ങളെ വർണ്ണിക്കുവാൻ അവർക്കു സാധാരണയായിട്ടു നല്ല സാമർത്ഥ്യമുണ്ടാകും. അവരിൽചിലരുടെ സംഭാഷണംതന്നെ വളരെ ഫലിതത്തോടുകൂടിയുമായിരിക്കും. [illegible] 'കലശൽകൂട്ട'ന്നതായിട്ടുള്ള പ്രയോഗങ്ങൾ അവരുടെ സംഭാഷണത്തിൽ ചിലപ്പോൾ പുറപ്പെട്ടെങ്കിലും അവ നമ്മുടെ [illegible] [illegible] കത്തായിട്ടുള്ള വാക്കുകൾ യാതൊന്നും അതിൽ ഉണ്ടാകുന്നതല്ല. അതിനാൽ അവരായിട്ടുള്ള സംഭാഷണം വളരെ രസകരമായിരിക്കുന്നതാണു്. നാലാളുകൂടി 'വെടി'പറയുന്ന സമയത്തു് അധികം സംസാരിക്കുക അങ്ങിനെയുള്ളവരായിരിക്കും; ബാക്കിയുള്ളവർ മിക്ക സംഗതികളിലും കേവലം ശ്രോതാക്കന്മാരായിരിക്കുകയേയുള്ളൂ; അവരുടെ വാക്കു [illegible] വശ്യമായിരിക്കുന്നതാണു്. എന്നാൽ വെടി അവസാനിച്ചതിന്റെ ശേഷം അവർ എന്തെല്ലാമാണു പറഞ്ഞതു് എന്നു് ഓർമ്മവെച്ചുനോ-

ക്കുന്നതായാൽ ചിലപ്പോൾ ആശയം അതിൽ വളരെക്കുറച്ചുമാത്രമേ ഉള്ളൂ വെന്നറിയുന്നതാണ്. അങ്ങിനെയുള്ളവരുടെ വാചകങ്ങളും പ്രായേണ അവരുടെ സംഭാഷണത്തെ അനുസരിച്ചുതന്നെയിരിക്കും. ഈ ക്കൂട്ടരിലുള്ള എഴുത്തുകാർ [illegible] വാചകത്തിൽ ഒട്ടുംതന്നെ പിശുക്കുപിടിക്കുന്നവരല്ല; അവരെപ്പോലെ ഓരോ പദത്തെയും ഇതരങ്ങളോടുകൂടി നോക്കി പ്രതിശോധിക്കുകയോ, ഇലാസ്റ്റിലിട്ടു പദങ്ങളെ പിടിക്കുകയോ ചെയ്യുകയില്ല. തോന്നുമ്പോലെയുള്ള [illegible] ആണ് അവരുടെ പദപ്രയോഗത്തിനുള്ള പ്രമാണം. നാമങ്ങൾക്കും ക്രിയകൾക്കും വിശേഷണങ്ങളെ കൂട്ടിച്ചേർക്കുന്ന കാര്യത്തിലും അവർ അശേഷം ലുബ്ധു കാണിക്കുകയില്ല. 'അധികസ്യ അധികം ഫലം' എന്ന ന്യായപ്രകാരം ഒന്നാണോ അധികം കിടന്നോട്ടെ എന്നേ അവർ വിചാരിക്കുകയുള്ളൂ. ഇങ്ങിനെ ഓരോ വിധത്തിലുള്ള മനുഷ്യസ്വഭാവത്തെ മനസ്സിരുത്തി നോക്കുന്നതായാൽ അതാതിന്നനുരൂപമായിട്ടല്ലാതെ വാചകരീതിയും ഉണ്ടാവാൻ കഴികയില്ല എന്നു സ്പഷ്ടമായി കാണാവുന്നതാണ്.

ഇതോടുകൂടി വേറൊരു സംഗതി അറിയേണ്ടതായിട്ടുണ്ട്. അതും വിസ്മരിക്കുവാൻ പാടുള്ളതല്ല. വിഷയങ്ങളുടെ സ്വഭാവത്തെ അനുസരിച്ചും വാചകരീതിയെ മാറ്റപ്പെടേണ്ടതായിട്ടുവരുന്നു. ശാസ്ത്രവിഷയങ്ങളെപ്പറ്റി എഴുതുമ്പോൾ ഓരോ പദത്തെയും ഇതരങ്ങളോടുകൂടി നോക്കി പരിശോധിക്കുകയും ഇലാസ്റ്റിലിട്ടു നോക്കുകയും മറ്റും അത്യാവശ്യമായി ഭവിക്കുന്നു. അതിനോടു സംശയം വരാതെയും, പ്രകൃതം വിട്ട് അപ്രകൃതത്തിലേക്കു ചാടാതെയും ഇരിപ്പാൻവേണ്ടി പദങ്ങളെയും വാക്യങ്ങളെയും പ്രയോഗിക്കുന്നതിൽ വലിയ [illegible] കാണിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഉത്സവാദികളെ വർണ്ണിക്കുകയോ, അല്ലെങ്കിൽ ഒരു നഗരത്തെ വർണ്ണിക്കുകയോ, അല്ലെങ്കിൽ ഒരുവന്റെ ഒരു ദേശയാത്രയെപ്പറ്റി വിസ്തരിക്കുകയോ ചെയ്യുന്ന ഘട്ടങ്ങളിൽ മേൽപ്രസ്താവിച്ച [illegible] വാചകരീതിയെ പ്രയോഗിച്ചാലും [illegible] അധികം രുചിക്കുക. ഇങ്ങിനെ എല്ലാരീതിയും അറിഞ്ഞു പ്രയോഗിക്കേണ്ടതാകുന്നു.

എന്നാൽ [illegible] ശോധിച്ചിരിക്കുന്ന [illegible] ളെ പ്രകാശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള വാക്കോ എഴുത്തോ മുൻപറഞ്ഞ രണ്ടു രീതികളിൽനിന്നു വളരെ ഭേദപ്പെട്ടിരിക്കുന്നതാണ്. ഇതിന്നു [illegible] നമുക്ക് അദ്ധ്യാത്മശാസ്ത്ര

ചലങ്ങളെത്തന്നെ ആശ്രയിക്കുന്നു. സ്വഭാവത്താൽത്തന്നെ ചഞ്ചല
[illegible], [illegible] എന്നിവക [illegible] ചിത്ത
വൃത്തികളും അന്യോന്യം ചേർന്നിരിക്കുന്ന [illegible].
[illegible] സമയത്ത് രാഗദ്വേഷ
[illegible] ചിത്തവൃത്തികളിൽനിന്നുണ്ടാകുന്ന വൈരാഗ്യം [illegible]
പ്രകാശിക്കുന്നില്ല. കാരണം രാഗാദികൾക്കും [illegible]
[illegible] ഭേദമില്ലാതാകുന്നു. [illegible] ഒരു
വന്റെ ചിത്തത്തിന് അസ്വാസ്ഥ്യം സംഭവിക്കുമ്പോൾ അവന്റെ കാര്യാ
കാര്യങ്ങളെ തിരിച്ചറിഞ്ഞ്, കാര്യകാരണസംബന്ധത്തെ ചിന്തിച്ച് യു
ക്തിയുക്തമായിട്ടാലോചിപ്പാനുള്ള ശക്തിയില്ലാതാകുന്നു. എന്നാൽ, അ
തിന്റെ വിപരീതമായിട്ട്, വിവേകത്തോടുകൂടി ആലോചനചെയ്യുന്ന സമ
യത്ത് രാഗാദികൾക്കു ശക്തി കുറയുന്നു. ഇതു രണ്ടും എപ്പോഴും അ
[illegible] സംഗതികളാകുന്നു. അന്തഃകരണത്തിന്റെ അവ
സ്ഥയെത്തന്നെ അനുസരിച്ച് ഒരുവന്റെ വാക്കിന്റെ പ്രകാരഭേദം
വരുന്നതാകുന്നു. ചിത്തം കലങ്ങിയിരിക്കുന്ന സമയത്തു പറയുന്ന ഒരുവ
ന്റെ വാക്കുകൾ [illegible], യുക്തിഹീനമായും, ദീർഘാലോചന
യോടുകൂടിയല്ലാത്തതും, പൂർവ്വാപരസംബന്ധം കുറഞ്ഞതും ഇരിക്കുന്നതു
ണ്ട്. ചിത്തം സ്വസ്ഥമായിരിക്കുന്ന സമയത്തു മാത്രമേ ഒരുവന് ഒരു
വിഷയത്തെപ്പറ്റി യുക്തിയോടുകൂടി വഴിപോലെയായി സംസാരിപ്പാൻ
കഴികയുള്ളൂ. അപ്രകാരംതന്നെ ചിത്തത്തിന്റെ അവസ്ഥയെത്തന്നെ
അനുസരിച്ച് ഒരുവന്റെ എഴുത്തിന്റെ സമ്പ്രദായവും ഭേദപ്പെടുന്നതാ
ണ്. അതിനാൽ രാഗാദിചിത്തവൃത്തികളുടെ അതിയായ ക്ഷോഭംനിമി
ത്തമുണ്ടാകുന്ന ചിത്തത്തിന്റെ അസ്വാസ്ഥ്യത്തെ പ്രകാശിപ്പിക്കുന്നവ
ന്ന ഉദ്ദേശ്യത്തോടുകൂടി എഴുതുന്ന രീതി സ്വസ്ഥചിത്തതയെ പ്രകാശിപ്പി
ക്കുന്നതിനുള്ള എഴുത്തിന്റെ രീതിയിൽനിന്ന വളരെ വ്യത്യാസപ്പെട്ടിരി
ക്കുന്നതു [illegible] സ്പഷ്ടമാകുന്നുണ്ട്. ചിത്തസ്വാ
സ്ഥ്യത്തിന്നും അസ്വാസ്ഥ്യത്തിന്നും തമ്മിൽ എത്രത്തോളം അന്തരമുണ്ടോ
അത്രയും അന്തരം അതാതവസ്ഥയെ പ്രകാശിപ്പിക്കുന്നതിന്നായിട്ടുള്ള
എഴുത്തിന്റെ രീതികൾ വരേണ്ടതാകുന്നു. ചിത്തം സ്വസ്ഥമായിരിക്കു
ന്ന സമയത്തെ ഒരുവന്ന കാര്യാകാര്യങ്ങളെ തിരിച്ചറിഞ്ഞു യുക്തിയോടു
കൂടി ആലോചിപ്പാൻ [illegible] ശക്തിയുണ്ടാകുമെന്നു മുമ്പിൽ
പറഞ്ഞുവല്ലോ. അതുപ്രകാരം ശാസ്ത്രസംബന്ധമായ വിഷയങ്ങളെ

ഈ അവസരത്തിൽ മാത്രമേ എഴുതുവാൻ സാധിക്കയുള്ളു എന്നുകൂടി വരു
ന്നുണ്ട്. ശാസ്ത്രവിഷയങ്ങളെപ്പററി എഴുതുമ്പോൾ ഓരോ പദത്തേയും
[illegible]ങ്ങളിൽകൂടി നോക്കി പരിശോധിക്കേണം, [illegible]
കളും വേണമെന്നും, അർത്ഥത്തിന്റെ സംശയം വരാത്തതും പ്രസിദ്ധമായിട്ടു
[illegible] പദങ്ങളേയും വാക്യങ്ങളേയും പ്രയോ
ഗിക്കുന്നതിൽ വളരെ മനസ്സിരുത്തേണ്ടതാണെന്നും ഇനി പറയേണ്ടതി
ല്ലല്ലോ. അതിനാൽ സാമാന്യന്മാരുടെ സംസാരത്തിൽ പ്രകാശിക്കുന്ന
വിഷയങ്ങളെ പ്രതിപാദിക്കുമ്പോൾ വാചകരീതിയിൽ മേൽപ്പറഞ്ഞ നി
ബന്ധനകളെ കഴിയുന്നതും നോക്കേണ്ടത് അത്യാവശ്യമാണെന്നുവരുന്ന തെളി
യുന്നുണ്ട്. എന്നാൽ [illegible] ആയിട്ടു പ്രകാ
ശിപ്പിക്കേണമെന്ന ഉദ്ദേശത്തോടുകൂടി എഴുതുന്ന ഗ്രന്ഥങ്ങളിൽ മേൽപ്പറ
ഞ്ഞ നിബന്ധനകളെ നിയമേന അനുസരിക്കുവാൻ പാടില്ല; അതു സാധിക്ക
യുമില്ല. കർത്തൃകർമ്മക്രിയകളെ ക്രമപ്പെടുത്തേണ്ട കാര്യത്തിലോ, അവയെ
വിശേഷണങ്ങളെ കൊണ്ടുചേർക്കേണ്ട കാര്യത്തിലോ, അവയെ അതതു സ്ഥാ
നത്തു ചേർക്കേണ്ട കാര്യത്തിലോ വ്യാകരണനിയമങ്ങളെ മാത്രം അവലം
ബിക്കുന്നതായാൽ ആ എഴുത്തിൽ ഒരു ജീവനുണ്ടാകുന്നതല്ല; വാചക
ക്കാരുടെ ഉള്ളിൽ വിശേഷിച്ചു വികാരങ്ങൾ ജനിക്കുന്നതല്ല; എഴുത്തുകാ
രൻ ഉദ്ദേശിച്ച ഫലം കിട്ടുന്നതും അതിൽനിന്നുണ്ടാകുന്നതല്ല. [illegible]
വിധത്തിൽ പ്രയോഗിച്ചാലാണ് ഉദ്ദേശിച്ചിരിക്കുന്ന അർത്ഥത്തിന് അ
ധികം ശക്തികിട്ടുന്നത് ആ വിധത്തിൽ പദങ്ങളെ ക്രമപ്പെടുത്തേണ്ടതാ
കുന്നു. ചില ഘട്ടങ്ങളിൽ കർമ്മമായിനില്ക്കുന്ന പദത്തെ മുമ്പിൽ പ്ര
യോഗിക്കേണ്ടതായിവരുന്നു; ചിലേടത്ത് ക്രിയാപദത്തെ വാക്യത്തിന്റെ
ആദ്യം പറയേണ്ടിവരിക, വിശേഷണവിശേഷ്യങ്ങൾക്കുള്ള നിയമസ്ഥാ
നങ്ങളെ മാറേറണ്ടതായിവരിക. ഈ പ്രകാരത്തിൽ ക്രിയാപദങ്ങൾക്കു
കാലനിർണ്ണയം ചെയ്യുന്ന ഘട്ടങ്ങളിൽ ചിലപ്പോൾ പദപ്രയോഗങ്ങളെ
വ്യത്യാസപ്പെടുത്തേണ്ടതായിട്ടുവരുന്നു. [illegible]
ത്തെയും കാണിക്കുന്ന ചില ദിക്കിൽ അധികം ശക്തികൊടുക്കുന്നതിന്ന
വേണ്ടി വർത്തമാനാർത്ഥത്തിലുള്ള ക്രിയാപദങ്ങളെ പ്രയോഗിക്കേണ്ടി വരു
ന്നു. പിന്നെ, പല വാക്യങ്ങൾക്കുംകൂടി ഒരു ക്രിയാപദത്തെ പ്രയോ
ഗിക്കാവുന്ന ചില ദിക്കിൽ (ശക്തികൊടുക്കുവാൻവേണ്ടിത്തന്നെ) [illegible]
ക ക്രിയാപദത്തെത്തന്നെ ഓരോ വാക്യത്തിലും പ്രത്യേകം ഉപയോഗി
ക്കേണ്ടിവരുന്നു. ചില ദിക്കിൽ, പറഞ്ഞതുതന്നെ രണ്ടും മൂന്നും പ്രാവ

ങ്ങൾ എടുത്തുപറയേണ്ടതായിട്ടു വരുന്നുണ്ടെങ്കിൽ പല സംഗതികളിലും വ്യാകരണശാസ്ത്രപ്രകാരം സാമാന്യമായി നിഷേധിക്കപ്പെട്ടിട്ടുള്ള പദ്ധതിയെ വിട്ടു പ്രയോഗിക്കേണ്ടതായി വരുന്നു.

അതിനാൽ നല്ല ശബ്ദശുദ്ധിയുടെ ലക്ഷണമെന്താകുന്നു എന്ന ചോദ്യത്തിനു തക്കതായ സമാധാനം കിട്ടണമെങ്കിൽ ആദ്യംതന്നെ നമുക്ക് അദ്ധ്യാത്മശാസ്ത്രസംബന്ധമായ ചില തത്വങ്ങളെ ഗ്രഹിക്കേണ്ടതാണ് എന്ന് ഇപ്പോൾ സ്പഷ്ടമാകുന്നുണ്ടല്ലോ. മനുഷ്യന്റെ സ്വഭാവം പലതായിരിക്കുന്നതിനാൽ അതാതു സ്വഭാവത്തെ അനുസരിച്ച് പലമാതിരി ശബ്ദങ്ങൾ ആവശ്യപ്പെടുന്നുവെന്നും, വിഷയങ്ങൾതന്നെ പലമാതിരിയായിരിക്കുന്നതിനാൽ അവയെ പ്രതിപാദിക്കുമ്പോൾ അതാതുസ്വഭാവത്തിനനുരൂപമായ ശബ്ദത്തിനെ മാത്രമേ പ്രയോഗിക്കുവാൻ പാടുള്ളു എന്നും ഇപ്പോൾ വ്യക്തമാകുന്നുണ്ടല്ലോ.

'ഭിന്നരുചിർഹി ലോകഃ' എന്ന പ്രമാണത്തെ നോക്കുമ്പോഴും ശബ്ദശുദ്ധിവിഷയത്തിൽ സർവ്വസമ്മതമായിട്ടുള്ള രീതി എന്നത് അസാദ്ധ്യമാണെന്നും, പലരീതിയിൽത്തന്നെ നല്ല ശബ്ദത്തെ ആവശ്യപ്പെടുന്നതാണെന്നും സ്പഷ്ടമാകുന്നുണ്ട്. ശബ്ദശുദ്ധി പലതാണെങ്കിലും അവയെല്ലാം സ്വീകരിക്കുന്നതിനു സർവ്വത്ര യോജിക്കുന്നതായിട്ടു ചില നിയമങ്ങളെ അനുസരിക്കേണ്ടതായിട്ടുണ്ട്. ഈ ഉപന്യാസത്തിന്റെ ആദിയിൽ പറഞ്ഞ ലക്ഷണങ്ങൾതന്നെ ഇതിനു ദൃഷ്ടാന്തമായിട്ടിരിക്കും. ഓരോരുത്തരുടെ ഓരോ രീതിയിലാണ് ആയി എങ്കിലും അവ ചൊവ്വും ഭംഗിയുമായിരിക്കണമെങ്കിൽ സാമാന്യമായിട്ട് അവ ചേർക്കേണ്ടതെന്നും ഇന്നിന്ന ഗുണങ്ങളെ ഉണ്ടാക്കിക്കണമെന്നും പറയുവാൻ സാധിക്കുന്നതാണ്. വാക്കുകൾ ചേർക്കുന്ന പദങ്ങളാണെങ്കിൽ അവയുടെ ശേഷം ശരിയായിരിക്കേണ്ടതാണെന്നും, കഠിനതര വാക്കുകളെ ബോധപ്പെടാതെ സൂക്ഷിക്കേണ്ടതാണെന്നും, പിന്നെ വാക്കു ചേർക്കുന്നവയാണെങ്കിൽ അവ തെറ്റിപ്പോവാതെയും ചീത്തപ്പെടാതെയും ഇണങ്ങിച്ചേരപ്പോവാതെയും സൂക്ഷിക്കേണ്ടതാണെന്നും മറ്റും പല സംബന്ധിക്കുന്നതായ ചില സാമാന്യസംഗതികളെ എടുത്തു പറയാവുന്നതാണ്. അതുപോലെതന്നെ വാചകരീതിയിലും ഓരോരുത്തർക്ക് തങ്ങളുടെ സ്വഭാവങ്ങളെ അനുസരിച്ച് ഓരോ രീതിയിലായിരിക്കാം ആയി എങ്കിലും എല്ലാറ്റിനും സാധകമായിട്ടുള്ള ചില സാമാന്യസംഗതികളെ ചൂണ്ടിക്കാണിക്കാവുന്നതാണ്.

അതാതു ഘട്ടങ്ങളിൽ ഉചിതമായിട്ടുള്ള പദങ്ങളെ ഉപയോഗിക്കുക, ആദ്യവസാനം ഓരോന്നായി പദങ്ങളെയും വാക്യങ്ങളെയുമെഴുതി ശുദ്ധിപ്പിക്കാതെ അവയെ ഒരേഗതി വരുത്തുക, ഒരു ദീർഘമായ വാചകത്തെ ആരംഭിച്ചാൽ അതിനെ പെട്ടെന്ന് അവസാനിപ്പിക്കാതെ ദീർഘതലപ്പെട്ടും ഇടക്കു ചേർക്കാതിരിക്കുക, എല്ലാ ഒരേമാതിരി ദീർഘങ്ങളായ വാചകങ്ങളല്ലാതെ (ശബ്ദലക്ഷണമുള്ള ഉദ്ദേശത്തിന്ന വ്യത്യാസം വരാതെയിരിക്കത്തിൽ) ഇടക്കിടെ ചില ചെറിയ വാചകങ്ങളെ പ്രയോഗിക്കുക, വായിക്കുന്ന ആളുടെ ഉള്ളിൽ പതിയത്തക്കവണ്ണമുള്ള ദൃഷ്ടാന്തങ്ങളെ എടുത്തുപറയുക, ഉച്ചാരണത്തിന്നും ശ്രവണത്തിന്നും അനുഗുണമായിട്ട സ്വഭാവമായി ത്തക്കവണ്ണമുള്ള പദങ്ങളെ കഴിയുന്നതും ഉപയോഗിക്കുക, എന്നിവയെല്ലാം എപ്പോഴും വാചകരീതിക്കു അത്യന്തം ആവശ്യമാകുന്നു. ഇവയെല്ലാം പരമാർത്ഥത്തിൽ സ്വാഭാവികമായിട്ടുണ്ടാകേണ്ടവയാകുന്നു; അല്ലാതെ കേവലം പഠിപ്പുകൊണ്ടുമാത്രം ഒരുവൻ്റെ എഴുത്തിൽ ഈവക ഗുണങ്ങളുണ്ടാകുന്നതല്ല. മേല്പറഞ്ഞ ഗുണങ്ങളെല്ലാമുണ്ടായിരുന്നാലും വാചകങ്ങൾ അന്യോന്യസംബന്ധം ഇല്ലാതെയിരിക്കുകയോ, അർത്ഥത്തിന്നു സംശയം വരത്തക്കവണ്ണം പദങ്ങളെയും വാക്യങ്ങളെയും അസ്ഥാനത്തിൽ പ്രയോഗിക്കുകയോ ചെയ്യുന്നതായാൽ, എഴുതു വാചകരീതിയൊരുക്കും അതു നല്ലതാണ് എന്നു പറവാൻ പാടില്ല. വാചകങ്ങൾ ആലോചിക്കാതെതന്നെ അർത്ഥം മനസ്സിലാകത്തക്ക കണ്ണികോർത്തിട്ടതുപോലെ ഇരിക്ക തരംതെറ്റാതെയാകുന്നു. അതിനാൽ ഒരു ഭാഗം ഒന്നാമതായി മനസ്സിലാക്കിയാൽ ബാക്കി എളുപ്പം ഒരു പ്രയോജനമുണ്ടാകുന്നില്ല. ചിലർ, കഴിയുന്നേടത്തോളം ഭാഷാശബ്ദങ്ങളെത്തന്നെ ഉപയോഗിക്കുവാനഭ്യസിക്കേണ്ടതാകുന്നു. ചില അഭിപ്രായങ്ങളെ പ്രകാശിപ്പിക്കുന്നതിന്ന തക്കതായ ശബ്ദങ്ങൾ ഭാഷയിലില്ലെങ്കിൽ മാത്രമേ സംസ്കൃതം മുതലായ അന്യഭാഷകളിലുള്ള പദങ്ങളെ ഉപയോഗിക്കുവാൻ പാടുള്ളൂ. അവയിൽതന്നെ പ്രസിദ്ധപദങ്ങൾക്ക് അപ്രസിദ്ധങ്ങളായിട്ടുള്ളവയേക്കാൾ മുമ്പു കൊടുക്കുകയും വേണം. ഒരു ദിക്കിൽകൂടി സംസ്കൃതപദങ്ങളെ പ്രയോഗിച്ചാൽ വിരോധമില്ല. രണ്ടോ മൂന്നോ ഭാഷാശബ്ദങ്ങൾകൊണ്ടു പ്രകാശിപ്പിക്കുന്ന അർത്ഥത്തെ ചിലപ്പോൾ ഒരു സംസ്കൃതപദംകൊണ്ടു വെളിവാക്കാൻ കഴിയും. അങ്ങിനെയുള്ള ദിക്കിൽ അനാവശ്യം ദീർഘിച്ച് അർത്ഥത്തിന്ന വ്യക്തി പോരാതെവരുമെന്നു തോന്നിയാൽ അവിടെ ആ വക സംസ്കൃതപദങ്ങളെത്തന്നെ പ്രയോഗിക്കേണ്ടതു

ഒരു വാക്യാർത്ഥം മനസ്സിലാവാതെയിരിക്കുന്നതിനേക്കാൾ വല്ലതും ദോഷം [illegible] അർത്ഥം മനസ്സിലാവാനുള്ളതാണെന്നു പറയേണ്ടതില്ലല്ലോ. വാക്യാർത്ഥം മനസ്സിലാവാൻ ക്ലേശിക്കുന്നതിനേക്കാൾ പദാർത്ഥം മനസ്സിലാവാനുള്ള ക്ലേശം [illegible] താണെന്നു പറയേണ്ടതില്ലല്ലോ. പിന്നെ, പത്രപംക്തികളിൽ [illegible] ങ്കിലും ശബ്ദപഥത്തിൽ [illegible] ചില പ്രയോഗങ്ങളുണ്ട്. അവയെ വർജ്ജിക്കേണ്ടതാകുന്നു.

ഇനി കർമ്മണിപ്രയോഗത്തെപ്പറ്റിയാണ് [illegible] ക്കുവാനുള്ളത്. മലയാളശബ്ദങ്ങളിൽ ആ പ്രയോഗമില്ലാത്ത [illegible] മാത്രമാണ്. എങ്കിലും അതു തീരെ അനാവശ്യമാണെന്ന് ആരെങ്കിലും വാദിക്കുമെന്നു തോന്നുന്നില്ല. പഴയ മലയാളശബ്ദങ്ങളിൽ ആ പ്രയോഗം കാണാം എന്നതു വാസ്തവമാണ്, ഇപ്പോഴത്തെ ഉത്തമരീതിയിലുള്ള സംഭാഷണത്തിലും കാണാം എന്നതും സമ്മതിക്കേണ്ടതാകുന്നു. പക്ഷേ ആ കാരണത്തിനാലാണ് ഇപ്പോഴത്തെ ശബ്ദഘടനാരീതിയിലും അനാവശ്യമാണെന്നു [illegible] എന്നാണ് സംശയം. ഈ വിഷയത്തെ [illegible] ഇവിടെ ഒരു സംശയിപ്പാനുണ്ട്. അതിനെ മനസ്സിലാക്കാതെ വിട്ടുകളയുവാൻ പാടില്ല. വളരെ [illegible] പ്രചാരമുള്ള ഒരു ഭാഷയിൽ [illegible] ഓരോ [illegible] ശബ്ദങ്ങളും എന്നതിനെപ്പറ്റി [illegible] ആ ഭാഷയിലുള്ള പദങ്ങളുടെയും വിവിധപ്രയോഗങ്ങളുടെയും [illegible] അവലംബിച്ചിരിക്കുന്നു [illegible] പുതിയതായ ഓരോ പ്രയോഗങ്ങളെ ആ ഭാഷയിൽ [illegible] ശ്രമം ചെയ്യുന്നവരെ [illegible] കാര്യത്തിൽ ആർക്കും ഒരു വാദമുണ്ടാവാൻ പാടുള്ളതല്ല. എന്നാൽ [illegible] പ്രചാരമുണ്ടാക്കുന്നു എന്ന് എല്ലാവരും സമ്മതിക്കുന്നതാണ്. [illegible] അനേകം പുതിയ അഭിപ്രായങ്ങളെ മലയാളഭാഷയിൽ കൊണ്ടുവരുവാൻ ശബ്ദ[illegible] ഇപ്പോൾ ഉത്സാഹിക്കുന്നുണ്ട് എന്നുള്ളതും പരക്കെ സമ്മതമാകുന്നു. അതിനാൽ മറ്റു നടപ്പില്ല എന്ന കാരണത്താൽ ഇപ്പോഴത്തെ ശബ്ദഘടനയിൽ കർമ്മണിപ്രയോഗം അനാവശ്യമാണ് എന്നു [illegible]. എന്നാൽ, അതുകൊണ്ട് ആ പ്രയോഗം മലയാളത്തിൽ വളരെ [illegible] ഉള്ളതാണെന്നു ഞങ്ങൾ [illegible] സാധിക്കുന്നില്ല

പരിചയം പോരാത്തതുകൊണ്ടോ എന്നറിഞ്ഞില്ല രീതി കുറെ കുണ്ഠിതമായി
ട്ടുതന്നെയാണ തോന്നുന്നത്. എങ്കിലും ശാസ്ത്രവിഷയങ്ങളെ പ്രതി
പാദിക്കുന്ന ചില ദിക്കിൽ അതിനു തക്കവണ്ണം സംശയം വരാതിരിപ്പാനും മ
റ്റും ഈ പ്രയോഗം അത്യന്താവശ്യമാകുന്നുവെന്നുള്ളത് അനുഭവസി
ദ്ധമാണുതാനും.

എന്നാൽ മേൽപ്പറഞ്ഞ വിധം വാക്യം കർമ്മണിപ്രയോഗത്തിൽ അ
നിഷ്ടം തോന്നുന്നതിന്ന കാരണമില്ലാതില്ല. എന്തെന്നാൽ ചില ഗദ്യ
മെഴുത്തുകാർ ആവശ്യമില്ലാത്തേടങ്ങളിൽക്കൂടി അതു സ്വൈരമായി പ്രയോഗി
ക്കുന്നതു കാണുന്നുണ്ട്. അതു കഴിയുന്നേടത്തോളം കുറയ്ക്കേണ്ടതാണ്
എന്നു പറയുകയല്ലാതെ അതിന്ന് ഒരു വ്യവസ്ഥ കല്പിക്കുവാൻ സാധിക്കു
മെന്നു തോന്നുന്നില്ല.

ഇനി പറയുവാൻ ഭാവിക്കുന്ന സംഗതി വലുതായ സാരമായിട്ടുള്ളത
ല്ലെങ്കിലും അതിനെ വിട്ടുകളയുവാൻ പാടില്ല. ചില എഴുത്തുകാർക്കു
ചില പ്രത്യേകമായ പദങ്ങളേയും വാക്യങ്ങളേയും ഇടക്കിടെ പ്രയോഗി
ക്കുന്നതിനുള്ള ഒരു വാസന സഹജമായിട്ടുള്ളതായി കാണുന്നുണ്ട്. നി
ത്യപരിചയംകൊണ്ട് ആ ന്യൂനതയെ അവർ സ്പഷ്ടമായി കാണുകയില്ല.
ഈ തരം മനസ്സിലാക്കിയതിന്റെ ശേഷം ഈ ലേഖകൻതന്നെ സ്വ
ന്തം ലേഖനങ്ങളെ പലതും പരിശോധിച്ചുനോക്കിയേടത്തോളം പലേടത്തും
മേൽപ്പറഞ്ഞ ന്യൂനത കണ്ടെത്തുവാനിടയായിട്ടുണ്ട്. വാസ്തവത്തിൽ അ
തില്ലാതിരിക്കുന്നതു തന്നെയാണ രീതി. അതിനാൽ ആ കാര്യത്തി
ലും മനസ്സിരുത്തേണ്ടതാകുന്നു.

ഗദ്യമെഴുതുന്ന കാര്യത്തിൽ പ്രധാനമായിട്ടറിയേണ്ടതുകൂടി പറയേണ്ട
തായിട്ടുണ്ട്. ഏതു വിഷയത്തെപ്പററി എഴുതണമെന്നുദ്ദേശിക്കുന്നു
വോ ആ വിഷയത്തിന്റെ സകലഭാഗങ്ങളും നല്ലവണ്ണം ഉള്ളിലുണ്ടായി
രിക്കണം; അതുകൊണ്ട് മനനംചെയ്തിട്ടുവേണ്ടത്. പിന്നെ അതിന്റെ
ഏതേതംശത്തെയാണ തൽക്കാലം പ്രതിപാദിക്കുവാൻ വിചാരിക്കുന്ന
ത് എന്ന് ആലോചിച്ചുറച്ചിരിക്കണം. അതിന്റെ ശേഷം ആദ്യം
മുതൽ അവസാനംവരെ പൂർവ്വാപരവിരോധം കൂടാതെ അതിനെ പ്രതി
പാദിച്ച് തലയിൽ തയ്യാറാക്കി വെക്കണം. അനന്തരം ഉയർന്നതരക്കാ
രായ മലയാളികൾ സംസാരിക്കുന്ന രീതിയെ അനുസരിച്ച് എഴുതിത്തുട
ങ്ങുന്നതായാൽ അത് ഒരു നല്ല രീതിയിലുള്ള ഗദ്യമെഴുത്തായിത്തീരാതിരി
ക്കയില്ല.

നമ്പൂതിരിയോഗക്ഷേമസഭയുടെ
ഒന്നാംവാർഷികമഹായോഗത്തിൽ സദസ്യൻ വായിച്ച

ഉപന്യാസം

ഈ മഹാസഭയിൽ ഹാജരായിട്ടുള്ള എല്ലാ സഭ്യന്മാരുടേയും അറിവിന്നായി നമ്പൂതിരിമാരുടെ ശ്രേയഃപരിപന്ഥികളായുള്ള ഗുണദോഷസാരാംശങ്ങളെപ്പറ്റി, സമുദായത്തിന്റെ വൃത്താന്തമനുസരിച്ച് ഒരുപന്യാസത്തെ എഴുതിവായിക്കുന്നു.

നമ്പൂതിരിമാരുടെ പൂർവ്വചരിത്രത്തെ സവിസ്തരമായി എഴുതുവാനോ പ്രസംഗിപ്പാനോ ഒരു പുരുഷായുസ്സുകൊണ്ടുതന്നെ അസാദ്ധ്യമാണെങ്കിലും പ്രകൃതത്തിന്നു വളരെ ഉപയുക്തമാകയാൽ പൂർവ്വചരിത്രത്തിന്റെ ഗുണദോഷസാരാംശത്തെ ചുരുക്കമായി എഴുതുന്നു.

സാക്ഷാൽ മഹാവിഷ്ണുവിന്റെ അംശാവതാരമായിരിക്കുന്ന ശ്രീപരശുരാമൻ ക്ഷത്രിയവധംനിമിത്തം തനിക്കുണ്ടായ വീരഹത്യാദോഷനിവൃത്തിക്കായി കന്യാകുമാരിതൊട്ട് ഗോകർണ്ണംവരെയുള്ള ഭൂമിയെ സമുദ്രത്തിൽനിന്ന് ഉദ്ധരിച്ച്, പരദേശത്തുനിന്ന് ബ്രാഹ്മണരെക്കൊണ്ടുവന്ന്, ആ ഭൂമിയെ ബ്രാഹ്മണർക്ക് ഉദകപൂർവ്വം ദാനം ചെയ്ത്, ൬൪ ഗ്രാമമായി വിഭജിച്ച്, അവരെ അവിടെ സുഖമായി വസിപ്പിക്കുകയും ചെയ്തു എന്ന കേരളോൽപ്പത്തി മുതലായ ഗ്രന്ഥങ്ങളിൽ സുപ്രസിദ്ധമാകുന്നതാണ്. അതിൽ ൩൨ ഗ്രാമക്കാർ നമ്പൂതിരിമാരും, ൩൨ ഗ്രാമക്കാർ എമ്പ്രാന്തിരിമാരുമാണ്. അതിൽ ഇപ്പോഴും ൧൦ ഗ്രാമക്കാരുടെയിടയിലുള്ള വർണ്ണവും നമ്പൂതിരിസമുദായത്തിന്റെ അഭിവൃദ്ധിയെത്തന്നെ ഇതുതന്നെ മതിയായ ലക്ഷ്യമാകുന്നു. പൂർവ്വകാലത്തിൽ നമ്പൂതിരിസമുദായത്തിന്റെ സ്ഥിതി എല്ലാംകൊണ്ടും അത്യുൽകൃഷ്ടമായിരുന്നു. സമ്പത്ത് സമൃദ്ധിയും വിദ്യാഭ്യാസവും അന്നുള്ളവർക്ക് വേണ്ടുവോളം ഉണ്ടായിരുന്നു. ഉന്നതന്മാരായിരുന്നവർ അധഃപതിക്കുന്നതു ലോകസ്വഭാവമാണെങ്കിലും അതിനെപ്പറ്റി നമുക്ക് അനുശോചിക്കാതിരിപ്പാൻ കഴിയുന്നതല്ല. ബുദ്ധകാലത്തുണ്ടായ ബൗദ്ധമതപ്രചാരംകൊണ്ടും ഉത്സാഹക്ഷയത്താലും നമ്പൂതിരിമാർക്ക് എല്ലാകാര്യങ്ങളിലും വലുതായ ഉടവു തട്ടിപ്പോയി. അതിന്നു നമ്പൂതിരിമാർ ഇപ്പോൾ അറിഞ്ഞുകൂടാതെയിരിക്കുന്നു

ഇക്കാര്യം കൊണ്ടുപോലും ഈ സമുദായം നല്ല സ്ഥിതിയിലെത്തുമെന്ന് വിശ്വ-
സിപ്പാൻ വഴിയുണ്ട്.

യോഗക്ഷേമസഭ"യുടെ ആവിർഭാവം മുൻപറഞ്ഞ അഭിപ്രായ-
ത്തെ ഉദയമായി സ്ഥാപിക്കുന്നുണ്ട്. നമ്പൂതിരിമാരുടെ ഇടയിൽ ഒട്ടു
[illegible]ണ്ടായിട്ടുള്ള ഉണർച്ചയുടെ ഫലമായിട്ടാണ് ഈ സഭ ഒന്നാമ-
തായി രൂപീകരിച്ചത്. ഇതിന്റെ പ്രധാനോദ്ദേശ്യങ്ങളെപ്പറ്റി എല്ലാവ-
രും അറിഞ്ഞിട്ടുണ്ടാവുന്നതാകകൊണ്ട് ഒരു അംശത്തിൽ വിസ്തരിച്ചിട്ടാവ-
ശ്യമില്ലെന്ന വിചാരിക്കുന്നു. വൈദികങ്ങളും ലൌകികങ്ങളുമായ നമ്മു-
ടെ കാര്യങ്ങളെ നാം തന്നെ അന്വേഷിച്ചല്ലാതെ നമുക്ക് [illegible]
ഉണ്ടാകയില്ല. എല്ലാകാര്യങ്ങളെയും സാധിപ്പാനുള്ള പ്രധാനോപായം
ഐകമത്യ[illegible] ഉത്സാഹമാണ്. നമ്മുടെ സമുദായത്തിലുള്ളവർ
[illegible]വസിക്കുന്നതിനാലും നിസ്സാരകാര്യങ്ങൾക്കുവേണ്ടി കക്ഷിഭേദം
കാണിക്കുന്നതിനാലും നമുക്ക് ഐകമത്യം വളരെ കുറവായിപ്പോയിരുന്നു.
എന്നാൽ ഈ സഭയുടെ ആവിർഭാവ[illegible] [illegible]പ്രായമായ ഐകമത്യം
പുനഃപ്രത്യക്ഷമായിട്ടുണ്ടെന്ന നിസ്സംശയമായി പറയാം. നമുക്ക് ഐക-
മത്യമില്ലായ്കകൊണ്ട് പല ദോഷങ്ങളും സംഭവിച്ചിട്ടുണ്ട്. സമുദായകാര്യ-
ങ്ങളെ സ്വകാര്യകാര്യങ്ങളായി ഗണിക്കാതെ ഇരുന്നതുകൊണ്ട് സമുദായ-
ത്തിന്ന പരക്കെ ദോഷകരങ്ങളായ അനേകം കാര്യങ്ങൾ നടന്നുപോയിരി-
ക്കുന്നു. നമ്മുടെ സമുദായത്തിന്ന ദോഷകരങ്ങളായ നിയമങ്ങൾ പാസ്സാ-
ക്കുന്നതിന്നു നാം അറിയുകപോലും ചെയ്യാതെ പിന്നീട് ബുദ്ധിമുട്ടുവാൻ
ഇടയായിട്ടുണ്ടെന്നുള്ളതിലേക്ക് ഈ മഹായോഗത്തിൽ ആലോചിപ്പാൻ
വെച്ചിട്ടുള്ള ചില വിവരങ്ങൾതന്നെ നല്ലൊരു ലക്ഷ്യമാണ്.


എന്നാൽ സഭ രൂപീകരിച്ചതിന്നുശേഷം ഐകമത്യം ക്രമേണ വ-
ർദ്ധിച്ചുവരുന്നുണ്ട്. പല ദിക്കുകളിൽനിന്നുള്ള നമ്പൂതിരിമാർ മേളിച്ചു
കൂടി സമുദായകാര്യങ്ങളെ ആലോചിച്ച് വേണ്ടുന്ന ശ്രമം ചെയ്യാൻ ഇ-
പ്പോൾ ഉത്സാഹിച്ചിരിക്കുന്നു. കൊച്ചിയിലുണ്ടായിട്ടുള്ള [illegible]
[illegible]ത്തിൽ നമ്പൂതിരിമാർ ചെയ്തിട്ടുള്ള അത്യന്തപരിശ്രമം ഈ സഭമൂലമാ-
യി ഉണ്ടായിട്ടുള്ള ഐകമത്യത്തിന്റെ ഉത്തമഫലമാണെന്നുള്ളത് എല്ലാ-
വരും സമ്മതിക്കുന്നതും സന്തോഷകരവുമായ സംഗതിയാണ്. പ്രയ-
ത്നം ചെയ്യേണ്ടത് നമ്മുടെ ധർമ്മമാണ്. എന്നാൽ ഫലമുണ്ടാവാതിരി-
ക്കയില്ല. [illegible] കാര്യത്തിലുള്ള പരിശ്രമവും സഫലമായിപ്പരി-
ണമിക്കുമെന്ന് നമുക്ക് ഉറപ്പായി വിശ്വസിക്കാം. ഇപ്പോഴുണ്ടായിട്ടുള്ളതിന്നി

ളുള്ള ഈ നമ്പൂതിരിസമുദായത്തെ നിലനിർത്തുവാനും, എന്നുവേണ്ട പലവിധ ത്തിലും അഭിവൃദ്ധിപ്പെടുത്തുവാനും ഈ യോഗം ശ്രമിക്കേണ്ടതാണെന്നു പ്രത്യേ കം ഓർമ്മപ്പെടുത്തേണ്ടതാണ്.

പണമില്ലാതെ യാതൊരു കാര്യവും സാധിക്കയില്ല. ജന്മികുടിയാൻ കാര്യത്തിന്നായിത്തന്നെ വളരെ പണം ചിലവുചെയ്യേണ്ടിവ ന്നിട്ടുണ്ട്. സമുദായകാര്യങ്ങളെ നിർവ്വഹിപ്പാൻ അപ്പപ്പോൾ പണം പി രിക്കുന്നതു വലിയ അസൌകര്യവും അസാദ്ധ്യവുമാകുന്നു. അതിന്നായി ഒരു പ്രത്യേക ധനശേഖരം ഉണ്ടായിരിക്കേണ്ടതാണ്. ഈ ആവശ്യത്തെ നിറവേറ്റുവാനും വഴിയുണ്ടായിവരുന്നതാണെന്നു വിചാരിച്ച് ആശ്വസി ക്കാം. എന്തെന്നാൽ കഴിഞ്ഞ മഹായോഗത്തിൽവെച്ചു തീർച്ചപ്പെടുത്ത പ്പെട്ട ബാങ്ക് ഉടനെ സ്ഥാപിക്കപ്പെടുമെന്നു വിചാരിക്കാറായിരിക്കുന്നു. അതിന്റെ ആദായത്തിന്റെ ഒരംശം സഭയുടെ മൂലധനമായിത്തീരുന്ന താണല്ലോ. അതുകൊണ്ടുണ്ടാവാനുള്ള ഗുണങ്ങളെപ്പറ്റി പ്രസ്താവി ച്ച് ഇവിടെ ദീർഘിപ്പിക്കുന്നില്ല.

ഈ മഹായോഗത്തിൽ ആലോചിപ്പാൻ നിശ്ചയിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും വളരെ ഗൌരവമുള്ളവയാണ്. പ്രത്യേകിച്ചു വിദ്യാഭ്യാസം, കന്യകമാരുടെ ഋതുകളെപ്പറ്റി വേണ്ടതുപോലെ ആലോചിപ്പാൻ കാലം അതിക്രമിച്ചിരിക്കുന്നു. ആലോചിക്കേണ്ട വിഷയങ്ങളെ ആലോചിച്ചു തീർച്ചപ്പെടുത്തുന്നതിനു അതുപ്രകാരം പ്രവർത്തിപ്പാനും സമുദായസ്നേഹികളെല്ലാ വരും ഒരുപോലെ കടപ്പെട്ടിരിക്കുന്നവരാണെന്നു വേറെ പറയേണ്ടതില്ലല്ലോ. ഇത്രമാത്രം പ്രസ്താവിച്ചുകൊണ്ടും യോഗാംഗങ്ങളുടെ ഉത്തരോത്തര അഭിവൃദ്ധിക്കായി ജഗദീശ്വരനെ പ്രാർത്ഥിച്ചുകൊണ്ടും ഈ സംക്ഷിപ്തമായ വിവരണത്തെ ഉപസംഹരിക്കുന്നു.

കൂടല്ലൂർമനയ്ക്കൽ ദിവാകരൻ (അനുജൻ) നമ്പൂതിരിപ്പാട്.



ഓണം

1

ഓണമെന്നു പറയുന്നതു മലയാളത്തിൽ എല്ലാവരും ആചരിച്ചുപോരുന്ന ഒരു ഉത്സവമാകുന്നു. ഇതിന്റെ ആഘോഷങ്ങളിൽ ചില ദിക്കുകളിൽ ഏറ്റക്കുറവും ചില ദിക്കുകളിൽ സമ്പ്രദായഭേദവും ഉണ്ടായിരിക്കാമെങ്കിലും ഈ ഉത്സവത്തെ കൊണ്ടാടുന്ന ആഘോഷിക്കാത്തതായി മലയാളത്തിൽ ഒരു ഭവനവും



കാണപ്പെടുന്നതല്ല. ഇതിന്റെ ആഘോഷം കേവലം ജനങ്ങളുടെ ഗൃഹങ്ങളിൽവെച്ചു് ആഘോഷിച്ചുവരുന്നുവെന്നു മാത്രമല്ലതാനും. പ്രധാനപ്പെട്ട പല ക്ഷേത്രങ്ങളിലുംവെച്ചു് ഈ ഉത്സവത്തെ സംബന്ധിച്ചു ചില വിശേഷങ്ങളും നടന്നുവരുന്നതായിക്കാണുന്നുണ്ട്. വിശേഷമായി തിരുവല്ലാ, വാമനപുരം, [illegible], എന്നാലുമിപ്പ്, [illegible] ഇതിന്റെ ഉത്പത്തി പല പുരാണങ്ങളിൽനിന്നും ഇതിനെ സംബന്ധിച്ചു വരാവുന്നതായ പല കഥകളും അറിയപ്പെടുന്ന സംഗതിയാകുന്നു.

ഇതിനെ ഒരു വൈദികവസ്തുവായി ആചരിച്ചുപോരുവാനുള്ള കാരണം എന്താണെന്നു വിചാരിക്കുന്നതിൽ ആയതിനു പ്രമാണമൊന്നും കിട്ടുന്നതു നിശ്ചയിപ്പാൻ സാധിക്കുന്നതല്ല. ഏതിന്റെ പ്രമാണമില്ലാതെ ശാസ്ത്രപ്രമാണമുള്ളതായിട്ടറിയുന്നില്ല. ചിലർ, ഭഗവാൻ വിഷ്ണു വാമനമൂർത്തിയായി അവതരിച്ചു, മഹാബലിയോടു മൂന്നടി മണ്ണു വാങ്ങി മഹാബലിയെ ബന്ധിച്ചു, പിന്നെ അദ്ദേഹത്തെ അനുഗ്രഹിച്ചു് പാതാളസ്വർഗ്ഗത്തിൽ സകലൈശ്വര്യങ്ങളോടുംകൂടി ഇരിപ്പാനനുവദിച്ച ദിവസമാകയാലാണു് ഇതിനു ഒരു മാഹാത്മ്യം സിദ്ധിച്ചിരിക്കുന്നതെന്നു പറയുന്നുണ്ട്. ഇതിനെ പിന്താങ്ങുന്നതായ ചില സംഗതികളും ഇല്ലായ്കയില്ല. വാമനമൂർത്തിയുടെ അവതാരം ചിങ്ങമാസത്തിൽ തിരുവോണം നക്ഷത്രത്തിലാണെന്നു പറയപ്പെടുന്നു. എന്നാൽ ഓണം ആഘോഷിക്കുന്നതിനുള്ള വചനത്തിൽ [illegible] കാണി

ച്ചിരിക്കുന്നത് ചാന്ദ്രമാസത്തെയാണെന്നിരുന്നാലും ആ ചാന്ദ്രമാസം ചിങ്ങമാസത്തിലും വരുന്നതാകുന്നു. മഹാബലി വന്ന ദിവസം ഒരു ചാന്ദ്രമാസവും സൌരമാസമായ ചിങ്ങമാസവും യോജിച്ചുവന്നിരിക്കാവുന്നതും, അന്നു തിരുവോണം നക്ഷത്രമായിരുന്നിരിക്കണം എന്നതിനു ഗണിതശാസ്ത്രപ്രകാരം യാതൊരു വിരോധവും കാണുന്നില്ല.

അത്രയുമല്ല, ഈ ദിവസം ഗൃഹങ്ങളിൽ നടുമിറ്റത്തു മഹാബലിയുടെ ഒരു പ്രതിമയെ വെച്ചു പൂജിക്കുന്ന സമ്പ്രദായവും കണ്ടുവരുന്നു. അപ്പോൾ മഹാബലിയും ഓണവും തമ്മിൽ ഒരു സംബന്ധം വളരെ പുരാതനകാലം മുതൽക്കു സമ്മതിക്കപ്പെട്ടതായി വിചാരിക്കാം. ആ സംബന്ധം എങ്ങിനെ സിദ്ധിച്ചുവന്നു എന്നു വിചാരിക്കുമ്പോൾ ഭഗവാൻ മഹാബലിയെ അനുഗ്രഹിച്ച ദിവസമായതിനാലായിരിക്കണം. മഹാബലിക്കു ഭഗവൽപ്രസാദം വളരെ സിദ്ധിച്ചിരിക്കുന്നു എന്നുള്ളതിനു സംശയമില്ല. ഗോപുരം കാവൽക്കാരനായി സ്വർഗ്ഗനാഥനായ ചക്രമേ ആ ചക്രത്തോടുകൂടി ഭഗവാൻതന്നെയും നില്പാനുള്ള സമ്മതിച്ചതായി പുരാണങ്ങളിലുണ്ടല്ലോ. അതുപോലെ ഭഗവാൻ തന്റെ നേരെ പ്രസാദിച്ചാൽ ആ ഭക്തനെ അഭിനന്ദിപ്പാൻ ഭക്തന്മാരായ ജനങ്ങൾ അന്നദ്ദിവസം ഒരു ഉത്സവദിവസമായി ആഘോഷിക്കണമെന്നുള്ള ആഗ്രഹം തന്നെയാണ്. ആ മഹാപുരുഷന്റെ പ്രതിമയെ വെച്ചു പൂജിക്കുന്നതും ഉചിതമല്ലെന്നു പറയുവാൻ കഴികയില്ല.

എന്നാൽ ഈ ഓണം മലയാളികൾക്കു പ്രത്യേകിച്ചും ഉത്സവദിവസമാവാനുള്ള കാരണം എന്താണെന്നാലോചിക്കുമ്പോൾ വേറെയും ചില സംഗതികളുണ്ടായിരിക്കണം. മലയാളികൾക്കു കൊല്ലവർഷം വകുന്നത് ഈ ദിവസമാണെന്നു സങ്കേതപൂർവ്വം വെച്ചിരിക്കുന്നു. എന്നാൽ ഈ ഓണം ഏതു സൌരമാസത്തിൽ സംഭവിക്കുന്നുവോ അതായ ചിങ്ങമാസത്തെ ആദ്യമാസമായി വ്യവഹരിച്ചു വന്നിരുന്നതായി പഴയ രേഖകളുംകൊണ്ടു തെളിയുന്നുണ്ട്. പൂർവ്വമാതൃകകൾ നിന്നുള്ള അറിവും അങ്ങിനെതന്നെയാകുന്നു. അതെങ്ങിനെയെന്നാൽ, ഓണദിവസം ഉൾപ്പെട്ടുള്ള ചിങ്ങമാസത്തെ മുന്നോട്ടുപോകുന്ന ചിങ്ങമാസമെന്നും (ഇപ്പോഴത്തെ ആണ്ടു പിറക്കുന്ന ചിങ്ങമാസം) പോകിയുള്ള ചിങ്ങമാസത്തെ മേലാണ്ടു പുക്ക ചിങ്ങമാസമെന്നും (ഇപ്പോഴത്തെ ആണ്ടു പുക്കചിങ്ങമാസം) വ്യവഹരിച്ചുവരുന്നു. രാജ്യകാര്യങ്ങളിലും മറ്റും ഇതൊരു വ്യവസ്ഥയായി നടപ്പിൽ ഇരുന്നതിനു തെളിവുകൾ ചിങ്ങമാസം മുതൽക്കു കൊ

ല്ലാംകൂടാതെ, വടക്കുള്ളവർ കന്നിമാസം മുതൽക്കു കൊല്ലാരംഭമെന്നും ഇപ്പോഴും വ്യവഹരിച്ചുവരുന്നു. ഒരു രാജാവിന്റെ ഭരണത്തിൻ കീഴിലാകയാൽ തിരുവിതാംകൂറിനു വടക്കുള്ള കൊച്ചിരാജ്യക്കാരും ഇപ്പോൾ ചിങ്ങമാസം മുതൽ കൊല്ലാരംഭമെന്നു വ്യവഹരിച്ചുവരുന്നു. എങ്കിലും വൃദ്ധന്മാരായ പലരും ജാതകമെഴുത്തു മുതലായവകളിലും പ്രാചീനാചിങ്ങമെന്നു പൂർവാചാരങ്ങളിന്നും ഇപ്പോഴും എഴുതിവരുന്നതൊന്നുള്ളതു പഴയ സമ്പ്രദായം തെളിയിക്കുവാൻ മതിയായ സംഗതിയാകുന്നു.

ഇതുകൊണ്ടുതന്നെയാണു മലയാളത്തിൽ ഈ ഓണത്തിനെ വിഷുവിനെപ്പോലെ ആണ്ടുപിറപ്പു എന്ന പേരുകൊണ്ടു വ്യവഹരിച്ചു വരുന്നത്. ആണ്ടെന്നാൽ കൊല്ലം, പിറപ്പു എന്നാൽ ആരംഭം. സൗരപ്രകാരമുള്ള ആണ്ടുപിറപ്പു വിഷുദിവസമാണെങ്കിലും പ്രത്യേകസംഖ്യപ്രകാരമുള്ള ആണ്ടുപിറപ്പു ഓണമാകയാൽ വിഷുവിനെക്കാൾ മലയാളികൾ ഓണത്തെ അധികം ആദരിച്ചു കൊണ്ടാടിവരുന്നുണ്ട്. അതുമല്ല, ഈ ചിങ്ങമാസകാലം മലയാളത്തിൽ നെല്ലുകൊയ്യുന്നതും ഫലമൂലാദികൾ ഉണ്ടാവുന്നതും ലോകവർഗ്ഗങ്ങൾ സ്വസ്ഥമാകുന്നതും കാലമാകയാൽ വിഷുദിവസത്തെക്കാൾ ഉത്സവാഭിനന്ദനത്തിനു സൗകര്യം അധികമുണ്ടെന്നുള്ളതും ഇതിന്ന് ഒരു കാരണമായിരിക്കാം. ഇത്രയും വലിയ ഒരു പരിപാവന ഉത്സവദിവസമായി മലയാളികൾ പൊതുവെ സ്വീകരിച്ചിരിക്കുന്നതായി വേറെ ഒരു ദിവസവും ഇല്ലെന്നു സന്ദേഹംകൂടാതെ പറയാവുന്നതാകുന്നു.

ഈ ദിവസത്തിനു മലയാളത്തിൽ ഇത്രയും അധികം യോഗ്യത വരുവാൻ വേറെയും ചില സംഗതികളുള്ളതായി കേൾക്കുന്നുണ്ട്. പഴയ ചില ഗ്രന്ഥവരികളെക്കൊണ്ട് അതു വ്യക്തമായി തെളിയുന്നുമുണ്ട്. രാജാക്കന്മാർ വിശേഷവിധിയായി ചെയ്യുന്ന ആളുകൾക്കും സ്ഥലങ്ങൾക്കും ദിവസങ്ങൾക്കും യോഗ്യതയുണ്ടെന്നുള്ളതു കാലദേശഭേദംകൂടാതെ തീർച്ചപ്പെട്ടിട്ടുള്ള കാര്യമാണല്ലോ. ഈ ദിവസത്തിനെ മലയാളത്തിൽ പണ്ടുണ്ടായിരുന്ന രാജാക്കന്മാരെല്ലാം ഒരുപോലെ ആദരിച്ചു അനുസരിച്ചും രാജ്യകാര്യങ്ങളുടെ സാരമായ തീർപ്പിന്നും ആലോചനക്കും ഉപയോഗപ്പെടുത്തിയും വന്നിരുന്നു. അതുകൊണ്ടുതന്നെയായിരിക്കണം മററു രാജ്യങ്ങളിലൊന്നും ഇല്ലാത്തവിധം ഒരു യോഗ്യത ഈ ദിവസത്തിനു മലയാളത്തിൽ സിദ്ധിച്ചത്. എന്നാൽ രാജാക്കന്മാർ ഇതിനെ ഇത്രയും ആദരിപ്പാനുള്ള മൂലകാരണം മുമ്പു പറഞ്ഞിരിക്കുന്ന മഹാബലിക്കു സി

[illegible]

ഈ ഓണമെന്ന ഉത്സവത്തിന്റെ കൊണ്ടാട്ടത്തിന്ന് മലയാളികൾക്കുള്ള ഉത്സാഹം വളരെ കേമമാണ്. "കാണം വിറ്റാലും ഓണം ഉണ്ണണം" എന്നാണല്ലൊ അവരുടെ പഴമൊഴി. ഇതു കേവലം പഴമൊഴിയല്ല, പുതിയ നടപ്പും അങ്ങിനെതന്നെയാകുന്നു. മഹാവിദ്വാനായ ഉദ്ദണ്ഡശാസ്ത്രികൾ മലയാളത്തിൽ വന്ന് സാമൂതിരിക്കോവിലകത്തു താമസിച്ചിരുന്ന കാലത്തു സംസ്കൃതത്തിലില്ലാത്ത ഈ ആഘോഷത്തെക്കുറിച്ചു താഴെ പറയുന്ന ശ്ലോകം ഉണ്ടാക്കിച്ചൊല്ലിയതായി കേട്ടിട്ടുണ്ട്. ആ ശ്ലോകമാകുന്നു ഇത്:—

"[illegible]
[illegible]......[illegible]
[illegible]
[illegible]"

പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മാ.

[illegible]

[illegible]

പൂതം ചേരുന്ന സംസന്നിധിയിലിഹ ജനാ-
മോദമേകി ക്രമത്തിൽ
സൈപ്രം മാരാവു രാജിച്ചിട്ടു വഴിപിഴയാ-
തെങ്കിലും ചെന്ന സൃഷ്ടാ-
കാരം നോക്കാ,തയ്യോ വലിയൊരുപജയം-
ത്തിൻ കൃത്യം നിദാനം.

൯. സർവ്വേശോത്തംസ[illegible],ണറ്റുതകിരണനാ,
ണെന്നതൊന്നല്ല ചക്തി-
സർവ്വസ്വത്തിന്റെ സത്താണ്,ചിലകവലയ-
പ്രാരാമന്ത്രാവുമാണ്,
സർവ്വംകൊണ്ടും തനിക്കൊത്തൊരു മഹിമ ജഗ-
ത്തിങ്കലൊന്നില്ലിലോരം
ശർവ്വനെക്കാണ്മാനൊന്ന് നിലയില്ലുല്ലവാൻ
കാരണം ശർവ്വരീശൻ.

൧൦. ജാതാന്തോദം തഴിച്ചൂക്കരളിനി മായ-
ന്നോരമൃത്യു ജാത-
സ്ഥിതാമാം ഗാസിഷേ കമലിനിക്കായാലേണ-
ങ്കൊട്ടുവാനായ്ക്കനാകി
വിതാന്തം തിങ്കഴേയ്ക്കിപ്പ ശിവ-
ജീവനാധാരന്റെ ശുഷ്-
പ്രാഗാലുതാൽ കരം തൊരൊാട്ടുവിലിഹ കുഡം
താഴ്ത്തി മാഴ്കുന്ന ചന്ദ്രൻ.

൧൧. ശൃംഗാരോദാരം വിളങ്ങും നവകുസുമിതമാം
പാഴ്മിനിത്തെല്ലുലാളു-
[illegible] ഭാ-
കാരമെന്നു പ്രേമിനി ശൻ
ചാതുരാലെച്ചകാറി, ശിവശിവ! ശിവനാ-
പീഡമാകും മോളേറു-
ന്നോരാലോലം വരാമോ ഗതി നിശിചരൻ-
തന്നള്ള ദുർവൃത്തിമൂലം!

൭. ത്രൈലോക്യത്തിന്നു കണ്ണാം ദ്യുമണിയുടെ മണി-
 ത്തൊട്ടിലാകുന്ന പ്രോ-
ത്താലത്തിപ്പുഷ്പ പിൻകാറണികടലല-
 ത്താനിലക്കൊണ്ടിതിപ്പോൾ
കാലവൈചിത്ര്യം നിനക്കാതവിടെയതിനിലായ്
 നിന്നുമവനാകുലിന്നീ
മാലോകർക്കാർക്കിലും പാരമവനെ നിരീ-
 ക്ഷിക്കുവാനാശപോലും.

൮. ഉണ്ടോട്ടുന്നന്തരാത്മാ ദിനകരകരമാ-
 ന്നാശ്രയിച്ചൂണതങ്ങ-
ന്നുണ്ടായിതിന്നും താൻ പലിമയാൽ നിലയിൽ-
 ച്ചേർന്നും യാഴിനീശൻ
കണ്ടാലും പ്രൗഢനായിന്നുമതലിവതാ-
 സ്സൂര്യരാജനെന്നി-
ട്ടുണ്ടായിന്തിരിക്കുന്ന ഞായറവനാവതാ-
 മെല്ലാം നിർജ്ജനായോ!

൯. ഭീമാഗ്നി തിളങ്ങും കലകൾ മുഴുവനും
 തികഞ്ഞു! പൊന്നു കണ്ടിൽ-
ച്ചേരാതായി ചിരം നീണ്ടിരിപ്പതിനൊടിനി-
 ക്കില്ലിനികില്ല വാരം
നേരായുള്ളോരു മാപം നികിലെരുമകളെ-
 പ്പോഴി, വരുതാമരാ,
പോരാ തേജസ്സുമേ, പരമിഹ പശിമേ-
 യിപ്പിതാകെ കളകം.

൰. ഇപ്പാപ്രാണണരെന്നാക്കൊട്ടു വിഘടനാമ-
 റോറാമുഖമങ്ങാപ്പെടമാണി-
കണ്ടുരപ്പിട്ടീടുമെങ്കൽകുലമായതിശിര-
 ക്കിന്തോടകണ്ണടലകി
കണ്ണു നീരയത്രമാത്രം കവിനാരുമവരിൽ
 കാട്ടിക്കുന്നമതിന്നീ

ദിഷ്ടീകരിന്നാണല്ലൊ, വജ്രവതിതുവിധം
തന്നായോരാം വിളക്കാൽ.

൧൦. എന്നാലും ചൊല്ലിടാം ഞാൻ ശശധര! ദിവസാ-
ധീശനാണെന്നു നന്നായ്
വന്നാൽ ഞാനെന്നു ചിന്തിപ്പതിനൊരുവനുമ-
ങ്ങൈക്യം ചൊല്ലുവാൻ നാഥൻ
ചൊന്നാലും നീ തന്നെ ശരണം ഭിതിയുമ-
ദ്ദിവ്യമന്ത്രത്തിനെ വന്ദി-
ച്ചെന്നാൽ കൈവന്നിട്ടും പരമപദസുഖാ-
മിഷ്ടസന്താനസൗഭാഗ്യം.

കെ. വി. എം.

കാലഗണന

ശ്രൗതസ്മാർത്തങ്ങളായ നമ്മുടെ സകലകർമ്മങ്ങൾക്കും കാലപരിജ്ഞാനം അത്യാവശ്യകമാകുന്നു. കാലപരിജ്ഞാനം ജ്യോതിശ്ശാസ്ത്രത്തെ ആശ്രയിക്കുന്നു. ജ്യോതിശ്ശാസ്ത്രം, അതിനാൽ, വേദാംഗങ്ങളിൽ ഒന്നായി ഗണിക്കപ്പെട്ടിരിക്കുന്നു. അംഗങ്ങളിൽ വച്ചും ജ്യോതിഷം വേദപുരുഷന്റെ കണ്ണാണത്രെ. അതിനാൽ



ആദികാലംമുതൽ തന്നെ ഹിന്ദുക്കൾക്കു ജ്യോതിഷമെന്നതു ഒരു അവശ്യജ്ഞേയമായ ശാസ്ത്രമായി തീർന്നു. ജ്യോതിഷവേദാംഗം എന്ന പേരോടുകൂടെ ഒരു അതിപ്രാചീനവും അതിസ്ഥൂലവുമായ ഗ്രന്ഥം കണ്ടിട്ടുണ്ട്. അതിനു ശേഷമാണ വാസിഷ്ഠം, ബ്രാഹ്മം മുതലായ സിദ്ധാന്തഗ്രന്ഥങ്ങളുടെ ഉൽപത്തി. ഇവയിൽ പ്രധാനങ്ങളായ അഞ്ചു സിദ്ധാന്തങ്ങളെ വരാഹമിഹിരാചാര്യർ തന്റെ പഞ്ചസിദ്ധാന്തികയിൽ സംഗ്രഹിച്ചിട്ടുണ്ട്. എന്നാൽ പഞ്ചസിദ്ധാന്തികപ്രകാരമുള്ള സൂര്യസിദ്ധാന്തത്തിലും ഇപ്പോൾ നടപ്പുള്ള മയാസുരന്റെ കൃതി എന്നു പറഞ്ഞുവരുന്ന ഗ്രന്ഥത്തിലും തമ്മിൽ പല സംഗതികളിലും ഭേദങ്ങളുള്ളതായി കാണു

ന്നു. അതിനാൽ സൂൎയ്യസിദ്ധാന്തം, എന്ന ഇപ്പോൾ നാം പറയുന്ന ഗ്രന്ഥം പഴയ സൂൎയ്യസിദ്ധാന്തത്തിന്റെ ഒരു പരിഷ്കാരമായിരിക്കുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ശ്രീഷേണൻ രോമകസിദ്ധാന്തത്തെയും, വിഷ്ണുചന്ദ്രൻ വാസിഷ്ഠസിദ്ധാന്തത്തെയും സംസ്കരിച്ചുവെന്നു ബ്രഹ്മഗുപ്തൻ തന്റെ സ്ഫുടസിദ്ധാന്തത്തിൽ പ്രസ്താവിച്ചിട്ടുള്ള ബ്രഹ്മഗുപ്തനെത്തന്നെ ഭാസ്കരാചാൎയ്യർ സിദ്ധാന്തശിരോമണിയിൽ പിൻതുടൎന്നു കാണുന്നു. പൂൎവ്വാചാൎയ്യന്മാരുടെ പാഠ്യഗ്രന്ഥങ്ങളെല്ലാം മാറ്റി സൎവ്വം ഭേദപ്പെടുത്തി ആൎയ്യഭടാചാൎയ്യർ സ്ഥാപിച്ച സിദ്ധാന്തത്തെ അനുസരിച്ചു ഭേദപ്പെടുത്തി ആൎയ്യസിദ്ധാന്തമെന്ന ഒരു ഗ്രന്ഥമുണ്ടാക്കിട്ടുള്ളതു ഇപ്പോൾ ലുപ്തപ്രചാരമായിരിക്കുന്നു.

നവീനന്മാരും പൂൎവ്വസിദ്ധാന്തങ്ങളെ പരിഷ്കരിക്കാതിരുന്നിട്ടില്ല.
(൧.) ശകാബ്ദം ൧൪൪൨ (കൊല്ലം ൬൯൫)-ാം വൎഷത്തിലുണ്ടാക്കീട്ടുള്ള ഗ്രഹലാഘവം എന്ന ഗ്രന്ഥത്തിൽ ഗണേശദൈവജ്ഞൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു:—

“സൌരോൎക്കോപി വിധൂച്ചമിന്ദുകുജയോൎജ്ഞാൎയ്യോ ഗുരുസ്ത്വാൎയ്യജോ
സ്സൌരോ മന്ദ ഉതേന്ദുകേന്ദ്രകമഥാൎയ്യം ബീജയുക്തം സിതഃ।
ശൌക്രം കേന്ദ്രമതോത്ര ഗണിതേ യാന്തി ദൃക്തുല്യതാം”

സൂൎയ്യകേന്ദ്രവും ഇന്ദൂച്ചവും സൂൎയ്യസിദ്ധാന്തപ്രകാരം ഇപ്പോൾ ശരിയായിട്ടു കാണുന്നു; ചന്ദ്രകുജന്മാരുടെ കേന്ദ്രങ്ങൾ ശരിയാക്കുവാൻ ഗുരുകേന്ദ്രം ആൎയ്യസിദ്ധാന്തപ്രകാരം ശരിയാണു; ശനിയിൽ ബുധശുക്രന്മാൎക്കു ആൎയ്യസിദ്ധാന്തം സ്ഫുടമാകും; ബുധകേന്ദ്രം ബ്രഹ്മസിദ്ധാന്തപ്രകാരം സ്ഫുടമാകും; ശുക്രകേന്ദ്രം ആൎയ്യബ്രഹ്മസിദ്ധാന്തങ്ങൾ പ്രകാരം കണ്ടുപിടിച്ചാൽ യോജിക്കും എന്നു.

(൨.) പുതുമനച്ചോമാതിരി തന്റെ കരണപദ്ധതിയിൽ ‘നാനാജനാഃ പ്രശംസ’ ഇത്യാദി പ്രാചീനാചാൎയ്യന്മാരെ ആൎയ്യന്മാരോടു സാമ്യം സമ്പാദിക്കുന്നതിലേയ്ക്കായി ‘ശകാബ്ദസംസ്കാരം’ എന്ന ഒരു സംസ്കാരത്തെ ‘ബാണരവാഹാബ്ദകാബ്ദാൽ ......’ ഇത്യാദിശ്ലോകംകൊണ്ടു പറഞ്ഞിരിക്കുന്നു.

(൩.) ശാസ്ത്രകാരികൾ ഈ സ്ഥാനത്തിൽ ബീജസംസ്കാരം എന്നാണു പറയുന്നതു. ബീജസംസ്കാരത്തിന്റെ പ്രയോജനം കാലാന്തരത്തോടുകൂടിയ എല്ലാവരുംകൂടി ഗണിതത്തിനു ദൃക്സാമ്യം സമ്പാദിക്കയാണെന്നാണു അവർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ആര്യഭടന്റെ പിൻകാലത്തിൽ ഗണിതസിദ്ധാന്തങ്ങളായ ഗ്രന്ഥ പുസ്തകങ്ങളെ പരിഷ്കരിക്കുന്നതിനു ധൈര്യമുള്ള ആചാര്യന്മാർ ആരും ഉണ്ടായിട്ടില്ല. ആര്യഭടാചാര്യർ സ്വസിദ്ധാന്തത്തെ സ്ഥാപിച്ചതു [illegible] ([illegible]) കലിവർഷത്തിൽ ആണെന്നുള്ളതു [illegible] ([illegible]) രേഖപ്പെടുത്തിയിരിക്കുന്ന 'ഷഷ്ട്യബ്ദാനാം ഷഷ്ടിർ.....' ഇത്യാര്യഭടീയകാരികയിൽ നിന്നു സ്പഷ്ടമാകുന്നു. ഈ സിദ്ധാന്തമാണു ഇപ്പോഴും ജ്യോതിഷികൾ സാധാരണയായി ഉപയോഗിച്ചുവരുന്ന പരഹിതഗണിതത്തിന്റെ അടിസ്ഥാനം. 'ശകാബ്ദസംസ്കാരം' എന്ന കല്പനയിൽ ഒരു മഹാത്മാവു കൂടി ഗണിതസമ്പ്രദായത്തെ എല്ലാം പരിഷ്കരിച്ചു ആകാശത്തെ അനുഭവത്തിനു ശരിപ്പെടുത്തി എഴുതിവെച്ച കരണങ്ങൾക്കാണു 'പരഹിതം' എന്ന പേർ കല്പിച്ചതെന്നു സങ്കേതകാലയിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

പരഹിതഗണിതം കാലക്രമേണ അസ്ഫുടമായി കണ്ടുതുടങ്ങിയപ്പോൾ ആണു ദൃഗ്ഗണിതത്തിന്റെ ആവിർഭാവം. ഗ്രഹയോഗം, ഗ്രഹനക്ഷത്രയോഗം, ഗ്രഹണം മുതലായ പ്രത്യക്ഷാനുഭവങ്ങളെ ഗണിച്ചറിയുന്നതിലേക്കു ദൃക്പതി-ഖണ്ഡാദികരണങ്ങൾ

'[illegible].....'

'[illegible]........'

ഇത്യാദി പുതിയ സംസ്കാരങ്ങളെ ഏർപ്പെടുത്തി. എന്നാൽ ഖണ്ഡാദിഗ്രഹങ്ങൾക്കെല്ലാം ദൃഗ്ഗണിതരീതി പ്രത്യക്ഷമായി അവർ ഏർപ്പെടുത്തിയതായിട്ടറിയുന്നില്ല. കേരളത്തിൽ മാത്രം തന്ത്രസംഗ്രഹകർത്താവായ പരമേശ്വരാചാര്യർ ദൃഗ്ഗണിതത്തെ സമ്പൂർണ്ണമാക്കി ഏർപ്പെടുത്തി അതിൻപ്രകാരം ജ്യോതിഷികൾ അനുഷ്ഠിക്കുകയും ചെയ്തു. ഇന്നും കേരളത്തിൽ പരമേശ്വരാചാര്യ ദൃഗ്ഗണിതപ്രകാരം വൈദികകർമ്മാനുഷ്ഠാനം ചെയ്യുന്നവർ ഉണ്ട്. ആലത്തൂർ ഗ്രാമക്കാർ [illegible]ക്കായിരുന്നെന്നു കേട്ടിട്ടുണ്ട്. ഗ്രഹലാഘവാദിഗ്രന്ഥങ്ങളും ദൃഗ്ഗണിതതത്ത്വത്തിന്നനുസരിച്ചു [illegible] ഉണ്ടായിട്ടുണ്ടെങ്കിലും അവയിൽ കേരളീയഗ്രന്ഥങ്ങളിലുള്ള സൂക്ഷ്മത വന്നിട്ടില്ല. 'സ്ഫുടനിർണ്ണയം' എന്ന അർവാചീനമായ കേരളീയഗ്രന്ഥത്തിൽ ചന്ദ്രന്റെ ദ്വിതീയസ്ഫുടം മുതലായ പല വിശേഷസംസ്കാരങ്ങളും ചെയ്തു കാണുന്നു. ഭൂമിക്കു സന്നിഹിതനായും, ശീഘ്രഗാമിയും, ഗ്രഹണാദ്യനേകയോഗത്തിലും ആകയാൽ ചന്ദ്രനെ സൂക്ഷ്മമായി [illegible]

കുന്നു. യൂറോപ്യന്മാർ ചിലർ അനേകം സംസ്കാരങ്ങളും ചെയ്യുന്നുണ്ട്. ഈ വഴിയിൽ കലാവധിസൂക്ഷ്മതയ്ക്കു അത്യാവശ്യകങ്ങളായ പരിഷ്കാരങ്ങളെല്ലാം ഏർപ്പെടുത്തിക്കൊണ്ടു ലഘുപ്പെടുത്തി വെങ്കടേശകേതകർ എന്ന നമ്മുടെ സമാജിവിയായ ഒരു ജ്യോതിഷപ്രവരൻ തന്റെ ജ്യോതിർഗ്ഗണിതമെന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പാശ്ചാത്യജ്യോതിഷികളുടെ കരണങ്ങളെ ഉപയോഗിച്ചു നമ്മുടെ ഗണിതരീതിക്കനുയോജിപ്പിച്ചു അതിസൂക്ഷ്മസ്ഫുടങ്ങളെ സാധിക്കുന്നതായ 'ജ്യോതിർഗ്ഗണിതം' എന്ന കരണഗ്രന്ഥത്തെ ചമച്ച കേതകരുടെ വ്യവസായത്തെ എത്ര തന്നെ അഭിനന്ദിച്ചാലും ഇപ്പോഴധികമാകുന്നതല്ല. ആ മഹാനുഭാവന്റെ ഗ്രന്ഥത്തിനു ബോംബാപ്രസിഡൻസിയിൽ ക്രമേണ പ്രചാരവും വന്നുതുടങ്ങീട്ടുണ്ട്.

ഹിന്തുക്കളുടെ ജ്യോതിശ്ശാസ്ത്രചരിത്രത്തെപ്പറ്റി ഇത്രയും പ്രസ്താവിച്ചതു അതിനു പല അവസരങ്ങളിലും പരിഷ്കാരങ്ങൾ ചെയ്യപ്പെട്ടിട്ടുണ്ടെന്നു വായനക്കാരെ ബോധപ്പെടുത്താനാകുന്നു. ആർഷമായ വേദാംഗജ്യോതിഷപ്രകാരമോ വാസിഷ്ഠസിദ്ധാന്തപ്രകാരമോ ഗ്രഹാദികളെ ഗണിച്ചാൽ കിട്ടുന്ന സ്ഫുടങ്ങൾ ഇക്കാലത്തു അനുഭവത്തിനു യോജിക്കയില്ലെന്നും, ഇക്കാലത്തെ അനുഭവത്തിനു യോജിക്കണമെങ്കിൽ നവീനമായ ജ്യോതിർഗ്ഗണിതപ്രകാരം ഗണിതം ചെയ്യണമെന്നും ഇതുകൊണ്ടു സിദ്ധിക്കുന്നു. ആര്യഭടാചാര്യർ സ്വജീവിതകാലത്തിൽ പുരാതനങ്ങളായ ആർഷസിദ്ധാന്തങ്ങളെ തള്ളിയതുപോലെ നാം ഇന്നു ആര്യഭടസിദ്ധാന്തത്തെയും ഉപേക്ഷിക്കുന്നതു ന്യായപ്രാപ്തമാകുന്നു. പ്രത്യക്ഷശാസ്ത്രമായ ജ്യോതിഷത്തിൽ പ്രത്യക്ഷപ്രമാണമല്ലാതെ ശബ്ദപ്രമാണം അംഗീകാര്യമല്ലെന്നു എല്ലാ ഗ്രന്ഥകാരന്മാരും ഐകമത്യേന സമ്മതിച്ചിട്ടുണ്ട്. പുരാതനങ്ങളായ സിദ്ധാന്തങ്ങളെല്ലാം ശ്രീവേദവ്യാസപ്രഭൃതികളാൽ അതാതു ഘട്ടങ്ങളിൽ പരിശോധിച്ചു പരിഷ്കരിക്കപ്പെട്ടിട്ടുണ്ടെന്നും നാം കണ്ടല്ലോ. ജ്യോതിർഗ്ഗണിതം പാശ്ചാത്യപണ്ഡിതന്മാരുടെ കരണങ്ങളെ ആധാരമാക്കി നിർമ്മിച്ചിട്ടുള്ളതാകയാൽ വൈദികകർമ്മാനുഷ്ഠാനങ്ങൾക്കു ആ ഗണിതത്തെ സ്വീകരിക്കുന്നതു എങ്ങനെ, എന്നു സംശയിപ്പാൻ അവകാശമില്ല. അന്യമതസ്ഥന്മാരുടെ ഗണിതരീതിയെ പൂർവ്വികന്മാരും സ്വീകരിച്ചിട്ടുണ്ട്. വരാഹമിഹിരാചാര്യർ സ്വസംഹിതയിൽ

“മ്ലേച്ഛാ ഹി യവനാസ്തേഷു സമ്യക് ശാസ്ത്രമിദം സ്ഥിതം
ഋഷിവത്തേപി പൂജ്യന്തേ കിം പുനർദ്ദൈവവിദ്ദ്വിജഃ”

എന്നു പറഞ്ഞിരിക്കുന്നു. രാശിചക്രത്തിന്റെ ഉൽപത്തിയെപ്പററി പ്രസ്താവിക്കുന്ന ഘട്ടത്തിൽ ഭാസ്കരാചാര്യരും താഴെ വിവരിക്കുംപ്രകാരം പറഞ്ഞുകാണുന്നു:—

> ''ഉക്തം ച സൃഷ്ടിക്രമപ്രശ്നവാസനാഭാഷ്യേ.
> 'പ്രജാഃ സിസൃക്ഷുഃ കില വിശ്വധാതാ
> പ്രജാപതിഃ പ്രാഗ്വ്യതനോച്ചചാര
> സ ഭാഗമാസപ്രഭവം സപക്ഷം
> സൃഷ്ട്വാദിതോ ദേവഗണാം സസംജ്ഞ
> തേഭ്യഃ സ മേഷാദിഗണാൻ പ്രജാതേ
> തേഭ്യശ്ച തത്ഭേദവികല്പതോന്യാൻ.''

ഇവിടെ ശ്രുതികളെ ഉദ്ധരിച്ചു യവനേശ്വരന്റെ പ്രമാണങ്ങളെ പറഞ്ഞതുകൊണ്ടു തന്നെ രാശിചക്രകല്പന ഹിന്ദുക്കൾ യവനന്മാരിൽനിന്നു ഗ്രഹിച്ചതായിരിക്കുന്നുവെന്നു ഇംഗ്ലീഷുകാർ ചെയ്തിട്ടുള്ള ഊഹത്തെ പിൻതാങ്ങുന്നു. ആകാശത്തിൽ ഭൂവ്യവസ്ഥയെപ്പറ്റിയുള്ള ഹിന്ദുക്കൾക്കു പണ്ടേ ആയി അംശിച്ചിട്ടുള്ള നക്ഷത്രചക്രം ഉണ്ടായിരുന്ന സ്ഥിതിക്കു പ്രത്യേകം അംശിച്ചിട്ടുള്ള ഒരു രാശിചക്രത്തിന്റെ ആവശ്യകത ഉണ്ടായിരുന്നില്ലെന്നുള്ള സംഗതിയും മുൻപറഞ്ഞ ഊഹത്തിനു ഉപോൽബലകമായിരിക്കുന്നു. ഗർഗ്ഗപരാശരാദിപ്രാചീനമഹർഷിമാർ നക്ഷത്രചക്രത്തെ അല്ലാതെ രാശിചക്രത്തെ ഒരിടത്തും നിർദ്ദേശിച്ചുകാണുന്നില്ലെന്നുള്ളതും പ്രകൃതമായ ഊഹത്തെ ബലപ്പെടുത്തുന്നു. എന്നാൽ ഈ സംഗതി അപ്രകൃതമാകയാൽ ഇവിടെ അതിനെപ്പററി തീരുമാനം ചെയ്വാൻ പുറപ്പെടുന്നില്ല. യവനന്മാർ എന്നു പറയുന്ന ഗ്രീക്കുകാരെ പൂർവ്വികന്മാർ പ്രമാണിച്ചിരുന്നെങ്കിൽ ഇംഗ്ലീഷുകാരെ ആധുനികന്മാരായ ഹിന്ദുക്കൾക്കു പ്രമാണിക്കുന്നതിനു വിരോധമില്ലെന്നു ഇവിടെ വിവക്ഷിതമുള്ളു. അതിനാൽ വിശേഷിച്ചും കേരളത്തിൽ ചില ഗ്രാമക്കാർ ദൃഗ്ഗണിതപഞ്ചാംഗപ്രകാരം കർമ്മാനുഷ്ഠാനം ഇന്നും ചെയ്തുവരുന്നുണ്ടെങ്കിൽ അവരെങ്കിലും നവീനപരിശുദ്ധപഞ്ചാംഗത്തെ സ്വീകരിക്കേണ്ടതല്ലയോ?

ദൃഗ്ഗണിതമെന്നും പരഹിതഗണിതമെന്നും ഗണിതത്തെ രണ്ടായിപ്പിരിച്ചിട്ടുണ്ടെന്നു മുൻപ്രസ്താവിച്ചുവല്ലോ. എന്നാൽ ഈ വിഭാഗംതന്നെ കേരളീയർ ചെയ്തതാണു. പരഹിതമെന്ന പദം ഭാസ്കരമുഞ്ജാലകഗണേശാദികളുടെ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിട്ടില്ല. അവർ ഗോത്രാങ്കം (൩൭൮൪) കലിയിൽ സ്ഥാപിച്ച സിദ്ധാന്തപ്രകാരം ഗണിത

കരണങ്ങളെ വിധിച്ചിട്ട ബീജസംസ്കാരാദിക്രിയകൾകൊണ്ടു ദൃക്തുല്യത വരുത്തിക്കൊള്ളണമെന്നുപദേശിക്കുന്നതെ ഉള്ളൂ. അതിനാൽ ഭാസ്കരാദികളുടെ കരണങ്ങളെല്ലാം നാം പരഹിതമെന്നു പറയുന്ന ഗണിതത്തിലാണു യോജിക്കുന്നതു. പരഹിതമെന്ന പേരിന്റെ അർത്ഥസാംഗത്യം തോന്നാമെങ്കിലും അതു ഉജ്ജയിനീയന്മാരായ ആര്യഭട്ട ബ്രഹ്മഗുപ്ത ഭാസ്കരാദികളുടെ അസ്ഫുടഗണിതസമ്പ്രദായത്തിനു കൊടുത്ത സംജ്ഞയായിരിക്കണമെന്നു തോന്നുന്നു. അല്ലാതെ സ്വന്തമായി കേരളീയർ അഭിപ്രായപ്പെട്ടപോലെ ജ്യോതിശ്ശാസ്ത്രഗ്രന്ഥങ്ങളിൽ ഗണിതം ചെയ്യുന്ന അവസരത്തിൽതന്നെ സർവ്വസമ്മതമായി ഏർപ്പെട്ടതായിരിപ്പാൻ ഇടയില്ലെന്നു പറയേണ്ടിയിരിക്കുന്നു.

ആര്യഭടാദികളായ മഹാത്മാക്കൾ സ്ഥാപിച്ച (പരഹിത) ഗണിതം തെറ്റായിട്ടുള്ളതല്ല എന്നതിനാൽ അതിനെ സംസ്കരിപ്പാൻ വേണ്ടി അതു ഭഗോളമദ്ധ്യസ്ഥമാണെന്ന ഒരു യുക്തി ചിലർ പുറപ്പെടുവിച്ചു. അവരുടെ അഭിപ്രായപ്രകാരം ഭൂഗോളമദ്ധ്യവും ഭഗോളമദ്ധ്യവും ഭിന്നമാണു; ഇവ തമ്മിൽ ഭൂവ്യാസാർദ്ധം വ്യത്യാസമുണ്ടു. ഭഗോളമെന്നാൽ നക്ഷത്രമണ്ഡലം എന്നു വ്യവഹരിക്കുന്ന രാശിചക്രമാണു. അതിന്റെ ഉള്ളിൽ നില്ക്കുന്ന ഭൂമി അതിന്റെ മദ്ധ്യത്തിലല്ല. 'ഭഗോളമദ്ധ്യ'മെന്നു തുടങ്ങി ഭാസ്കരാചാര്യൻ പലതും പറഞ്ഞിട്ടുണ്ടു. അവരുടെ ഗണിതമെല്ലാം ഭഗോളമദ്ധ്യത്തിൽനിന്ന സാധിക്കേണ്ടതു; അപ്പോൾ ഇവിടെ കിട്ടുന്ന ഗ്രഹസ്ഥിതി ദൃഷ്ടിക്കു യോജിക്കാത്തതു. '...ഭൂമദ്ധ്യാനാം......' എന്നു പറഞ്ഞ ക്രിയകൊണ്ടു ഇവയുടെ തൽക്കാലസ്ഥിതി ശരിപ്പെടുത്തുമ്പോൾ ഗണിതം ദൃക്തുല്യമാവുകയും ചെയ്യുന്നു. ഇപ്രകാരം ഭഗോളമദ്ധ്യസ്ഥിതമായ ഗണിതമാണു പരഹിതം; അതു ഭൂഗോളമദ്ധ്യത്തിലിരുന്നു നോക്കുന്നവർക്കു ഭ്രമണാദിവൈചിത്ര്യങ്ങൾ കൂടിയാകയാൽ ഭഗോളമദ്ധ്യഗണിതപ്രകാരമുള്ള ഗ്രഹസ്ഥിതികൾ പ്രത്യക്ഷമല്ലാകയാൽ അവ ദൃക്സംസ്കാരംകൊണ്ടു ദൃക്തുല്യതയുള്ള ഗണിതപ്രകാരവും ആക്കേണം. ഇതാകുന്നു പക്ഷത്തിൽ പരഹിതപ്രമാണ്യവാദികളുടെ മതം. ഇതിലേക്കു അവർ

(൧) 'ഭൂമദ്ധ്യാനാംകോടിജ്യാ.....' ഇത്യാദി തന്ത്രസംഗ്രഹവാക്യവും

(൨) 'ഇതശ്ശിഷ്ടം ഭഗോളം......' ഇത്യാദി ആര്യഭടവചനവും

(൮) 'ഭൂമേർമധ്യേ ലങ്കാ ദേശോ മധ്യം യതഃ സ്യാത്' ഇത്യാദി
ആര്യഭടാചാര്യവചനവും

(൯) 'യന്ത്രാദ്യുപായൈർനോ ജ്ഞാതാ യേ ഗ്രഹാ ഭൂസ്ഥൈർനരൈഃ
ഗ്രഹണാദി പരീക്ഷേത ന തിഥ്യാദി കദാചന'

എന്നുള്ള വിഷ്ണുപുരാണവചനം മുതലായ പ്രമാണങ്ങളും ഉപന്യസിക്കുന്നു. ഈ സംഗതിയെപ്പററി സിദ്ധാന്തിശിരോമണി ശാസ്ത്രികൾ, അതിനായ കവികളും കൃഷ്ണശാസ്ത്രികൾ മുതൽ പേർ പണ്ഡിതന്മാരും കലഹങ്ങളും അട്ടഹാസങ്ങളും നടത്തിട്ടുണ്ട്. എന്നാൽ ശ്രുതിപ്രാമാണ്യവും, സമ്പ്രദായപ്രസിദ്ധിയും, പ്രതിപാദനരീതിയിൽ അവർക്കുള്ള ധൈര്യവും, കലഹപ്രിയതയും ഉപേക്ഷിച്ചു മധ്യസ്ഥബുദ്ധ്യാ പര്യാലോചിക്കുന്നതായാൽ ദൃഗ്ഗണിത ഭേദകല്പനം പരഹിതഗണിതത്തിന്റെ ഉപപത്തിയ്ക്കുവേണ്ടി ഉള്ളതാണെന്നു തെളിയിക്കാം:—

(൧) 'ഉത്സർപ്പിണി' ഇത്യാദി ആര്യഭടവചനത്തിനു പ്രാമാണികന്മാരുടെ വ്യാഖ്യാനം പരഹിതഗണിതലോകയോഗ്യമായതും, സമ്പ്രദായസിദ്ധാന്തത്തെ ആസ്പദമാക്കി ആര്യഭടൻ ഒരു സംസ്കാരത്തെ നിർദ്ദേശിക്കാത്തതിനാലും ആ വചനം പ്രകൃതവാദത്തിലേയ്ക്കു തെളിവാകുന്നതല്ല. 'ഭൂമേർമധ്യേ.....' ഇത്യാദി ആര്യഭടവചനത്തിൽ 'യതഃ' എന്നതിനെ ഹേതുപ്രദർശകവചനമാക്കി വ്യാഖ്യാനിക്കുന്നതു പൂർവ്വാപരഗ്രന്ഥസന്ദർഭത്തിനു യോജിക്കുന്നില്ല. വിഷ്ണുപുരാണത്തിലെ ജ്യോതിഷഭാഗം തന്നെ പ്രക്ഷിപ്തമായിരിക്കണം, അല്ലെങ്കിൽ പരാശരനോ തൽപുത്രനായ ശ്രീവേദവ്യാസനോ അതിൽ ജ്യോതിശ്ശാസ്ത്രത്തിലുള്ള പ്രസ്ഥാനഭേദത്തിനു ഉപപത്തിയില്ലാതെ വരും. അതിനാൽ കേരളീയഗ്രന്ഥവചനങ്ങളെ തന്നെ മധ്യസ്ഥവാദികളുടെ പ്രധാനപ്രമാണങ്ങൾ. കേരളത്തിൽ പരഹിതം എന്നും ദൃക് എന്നും ഗ്രഹഗണിതമെല്ലാം രണ്ടുവിധമായി പിരിഞ്ഞിട്ടുള്ളതിനാൽ പരഹിതപ്രാമാണ്യവാദികൾ മധ്യസ്ഥതയെക്കുറിച്ചു എന്തു പറയാൻ കാരണവും ഉണ്ട്.

(൨) ദൃഗ്ഗണിതമധ്യവും പരഹിതമധ്യവും ഭിന്നങ്ങളിൽ തന്നിരിക്കുന്നതായ സ്ഥാനങ്ങളോ എല്ലാ ഗ്രഹങ്ങൾക്കും ശരിയായില്ലായ്ക ചന്ദ്രനും മറ്റും തൽപ്രത്യക്ഷഭേദം 'ഇന്ദൂച്ചസ്യാദ്യം........' ഇത്യാദിവചനങ്ങളെക്കൊണ്ടു വിധിച്ചു കാണുന്നുമില്ലല്ലോ. ഇതരഗ്രഹങ്ങൾക്കും ഗതിക്കുമുള്ള ആധിക്യത്താൽ ഇതു ചന്ദ്രനോ മാത്രമേ സംബന്ധിക്കയുള്ളു എന്നു സമാധാനപ്പെടാനും ന്യായമില്ല, രാശിചക്രം എല്ലാ ഗ്രഹകക്ഷ്യകൾക്കും

ഉപരി ഭാഗത്തുതന്നെയാണല്ലോ. കക്ഷ്യാവൃത്തങ്ങളുടെയും ഭൂച്ഛായ
യുടെയും കേന്ദ്രം ഒന്നുതന്നെ എന്നു കല്പിക്കയാൽ ഗ്രഹണസമയം
പാതത്തിലല്ലാത്ത വരുമെന്ന ശാസ്ത്രതാല്പര്യങ്ങളാൽ സ്പഷ്ടമാകുന്നു.

(൩.) ഭൂഗോളഖഗോളമധ്യബിന്ദു ഭൂമധ്യത്തിലോ പാതാളത്തി
ലോ എന്നുള്ള സംശയം വരുമ്പോൾ നിരക്ഷദേശങ്ങളിൽ കേന്ദ്രമാ
യും വരുന്നതല്ല മധ്യമോദയപ്രദേശങ്ങളും നടിച്ചു ദൃക്സ്ഥിതിയും പരാ
ന്തസ്ഫുടവും ഒന്നാകുന്നതല്ലായോ? മധ്യമങ്ങളിലും, മന്ദോച്ചങ്ങളിലും, ചി
ല ഗ്രഹങ്ങളുടെ ചരഫലങ്ങളിലും ഭേദമുള്ളതിനാൽ ഇതു സാധിക്കയി
ല്ലെന്നു കാണുകയും ചെയ്യുന്നു. എന്നുമാത്രമല്ല ശനിക്കു ആർദ്ധമാസിക
സ്ഫുടത്തിൽ ൧ രാശി ചെന്നാലേ ദൃക്സ്ഫുടമാകയുള്ളൂ എന്നു ശാസ്ത്ര
ജ്ഞന്മാർ പറയുന്നു. ഇത് ഭൂഗോളഖഗോളഭേദംകൊണ്ടു സാധിക്കാ
വുന്നതല്ലല്ലോ.

(൪.) ചന്ദ്രന്റെ പ്രത്യക്ഷമായ പ്രകാശത്തിന്നു കല്പി
ച്ചതുപോലെ ഉപച്ഛേദരീതിയെ ഒരു ശക്തിയെ കല്പിക്കാനി
ല്ല. ഇതുപോലെ വേറെ പല യുക്തികളും ഉണ്ട്.

ഇതിനാൽ പ്രാചീനസിദ്ധാന്തകാരന്മാരാൽ അനേകങ്ങളായ ഭൂഗോ
ളഖഗോളകല്പനാമാർഗം പരിഹരിക്കേണ്ടതിനു സ്ഫുടഗണിതങ്ങൾക്കു
പ്രധാനമുണ്ടാകാൻ വേണ്ടി ആധുനികന്മാരാൽ (പാശ്ചാത്യ കവിക
ളുടെയും മറ്റു ശാസ്ത്രജ്ഞന്മാരുടെയും) കല്പിക്കപ്പെട്ടതാണെന്നു സ്ഥാപിക്കേ
ണ്ടിയിരിക്കുന്നു.

അയനചലനവും ഇതുപോലെ ഇക്കാലത്തിൽ ആരോ കണ്ടു
പിടിച്ചതാകുന്നു. പ്രാചീനതമമായ ശാസ്ത്രഗ്രന്ഥമായ വേദാംഗ
ജ്യോതിഷപ്രകാരം നാക്ഷത്രത്തിന്റെ (ചന്ദ്രന്റെ) ആരംഭം
ധനിഷ്ഠ (അവിട്ടം) ആയിരുന്നു എന്നു പഞ്ചസിദ്ധാന്തികയിലെ ജ്യോതി
ഷസിദ്ധാന്തവാക്യങ്ങളായ ൨-ാം അധ്യായത്തിലുള്ള 'ശ്രവിഷ്ഠാ
ധനിഷ്ഠാദ്യം' എന്ന വചനത്തിൽനിന്നു തെളിയുന്നു. അതുപോലെ
തന്നെ ആന്നു മകരാദിക്രാന്തിപാതം സംവത്സരാരംഭവും, യുഗാരംഭ
മെല്ലാവും ആയിരുന്നു.

> സ്വരാക്രമേതേ സോമാർക്കൗ യദാ സാകം സവാസവൗ
> സ്യാത്തദാദിയുഗം മാഘസ്തപഃ ശുക്ലോഽയനം ഹ്യുദക്
> പ്രപദ്യേതേ ശ്രവിഷ്ഠാദൗ സൂര്യാചന്ദ്രമസാവുദക്

ഇത്യാദിജ്യോതിഷവേദാംഗവചനങ്ങളും ഇവിടെ പ്രമാണങ്ങളാ[illegible]

കുന്നു. മാഘശുക്ലപ്രഥമദിവസം മുതല്ക്കാണ് വർഷമെന്നു ഗണിതജ്ഞ ന്മാർ സ്പഷ്ടമാക്കുന്നില്ല. ധ്രുവിസ്ഥാദിയിൽ സൂര്യചന്ദ്രന്മാർ വടക്കോട്ടുള്ള ഗതി ആരംഭിക്കുന്നതായി പറകയാൽ ആ ആദികാലത്തിൽ വത്സരഗ ണനം ഉത്തരായണാരംഭംമുതൽ ഉത്തരായണാന്തംവരെയെന്നായിരുന്നു. അല്ലാതെ ഇക്കാലത്തുള്ളതുപോലെ ഉത്തരായണമധ്യമായ വിഷുദിനം മുതൽ ആ വിഷുദിനംവരെ എന്നല്ലായിരുന്നു. ഉത്തരായണാരംഭം, അല്ലെങ്കിൽ മകരസംക്രാന്തി ധ്രുവിസ്ഥാദിയിൽ ആണെങ്കിൽ ഉത്ത രായണവിഷു സൂര്യൻ കാർത്തികയിൽ എത്തുമ്പോൾ വേണമെന്നു സ്പഷ്ടമാകുന്നു. അതിനാൽ അക്കാലത്തു വിഷുസംക്രമം പ്രമാണിച്ചു വ ർഷാരംഭം ചെയ്യുമായിരുന്നെങ്കിൽ വൈശാഖമാസം സംവത്സരത്തിന്റെ ആ ദ്യമാസമായി ഗണിക്കപ്പെടേണ്ടതായിവരും. വൈശാഖത്തിന് ഇന്നും വൈദികന്മാർ ഒരു വൈശിഷ്ട്യം കല്പിച്ചുകാണുകയാൽ അങ്ങനെ സംഭ വിച്ചിരിപ്പാനും ഇടയുണ്ട്.

'മുഖം വാ ഏതൽ സംവത്സരസ്യ യൽ ഫാല്ഗുനീ പൌർണ്ണമാസീ' (സാംഖ്യ ബ്രാഹ്മ ൪-൪) ഇത്യാദി ചില ബ്രാഹ്മണവചനങ്ങളാൽ ഏ തോ കാരണവശാൽ ഒരു കാലത്തു ഫാല്ഗുനമാസംകൊണ്ടും വർഷാരം ഭം ഉണ്ടായിട്ടുണ്ടെന്നു കാണുന്നു. ആര്യഭടാദികളുടെ കാലത്തിൽ വിഷു ദിവസം സൂര്യന്റെ അശ്വിനിപ്രവേശത്തിലായിരുന്നതിനാൽ അവർ ചൈത്രമാസംകൊണ്ടു വർഷം ആരംഭിച്ചു. ഈ വിധത്തിൽ ഫാല്ഗുനം, ചൈത്രം, വൈശാഖം ഇവയും ഓരോ കാലത്തു ആദ്യമാസമായിട്ടുണ്ടെന്നു കാ ണുകയാൽ, ആര്യഭടാദികൾ സ്വകാലത്തിൽ കണ്ടിരുന്ന പ്രകാരം അയ നസന്ധി, ക്രാന്തിപാതം, മഹാസമ്പാതം എന്നും മാറാം പറയുന്ന നക്ഷ ത്രചക്രത്തിന്റെ ആരംഭം അശ്വിന്യാദി ആണെന്നും, ആ ബിന്ദു രണ്ടു നക്ഷ ത്രങ്ങളുടെ ഇട (൨൭ ൪൫ ൪൦ കല, അല്ലെങ്കിൽ സ്ഥൂലമായി ൨൭ ഭാഗ) മുമ്പോട്ടും പുറകോട്ടും നീങ്ങി മറിട്ടുള്ള കാർത്തികവരെയും മറ്റോട്ടുള്ള രേവ ത്തിവരെയും മാറുമെന്നും ഒരു കല്പനമാത്രമേ ഉള്ളൂ. ഇതാണ് അയനചല നസിദ്ധാന്തം. വാസ്തവത്തിൽ അയനചലനം പിറകോട്ടു പശ്ചിമദി ക്കിലായിട്ടല്ലാതെ മുമ്പോട്ടു പൂർവ്വദിക്കിലല്ലെന്നു തെളിയിക്കാൻ വേദവാ ക്യങ്ങൾ തന്നെ ഉണ്ട്. ഉജ്ജയിനികാർ രേഖാവിന എന്നപോലെ അയ നസന്ധിക്കു പശ്ചാത്ഗതിയെ തന്നെ സ്വീകരിച്ചിട്ടുള്ളതും. ഉത്തരപക്ഷ ത്തിലും പാശ്ചാത്യപക്ഷത്തിലുമുള്ള അയനചലനഗണിതക്രമം നോക്കുക. പ്രാചീനന്മാർ അയനചലനം അറിഞ്ഞിട്ടില്ലായിരുന്നതിനാൽ മകര

യന്ത്രാദികൾ കൊണ്ടു സൂൎയ്യന്റെ പരമക്രാന്തികാലവും വിഷുവൽകാലവും അറിഞ്ഞു ക്രാന്തിപാതത്തിൽനിന്നുതന്നെ ഗ്രഹങ്ങളുടെ ഭോഗാംശങ്ങളെ ഗണിച്ചിരിക്കുന്നു. അപ്രകാരം പ്രാചീനഗണിതമെല്ലാം സായനഗണിതമായിത്തന്നെ വന്നു വരുന്നു. എന്നാൽ അക്കാലത്തു ഗ്രഹങ്ങളുടെ യോഗവ്യവഹാരമെല്ലാം രാശിചക്രഭാഗങ്ങളെക്കൊണ്ടു ചെയ്യാതെ നക്ഷത്രങ്ങളെക്കൊണ്ടും തൽപാദങ്ങളെക്കൊണ്ടും ചെയ്തിരുന്നതിനാൽ ഗ്രഹങ്ങളുടെ രാശിസ്ഥിതിക്കു ഭേദം വന്നിരിപ്പാനും ഇടയില്ല. സങ്ക്രമാരംഭാദികളെല്ലാം നക്ഷത്രവ്യവഹാരമേ സൎവ്വത്ര ഉപയോഗിച്ചിട്ടുള്ളൂ എന്നു നമുക്കു അനുമാനമാണല്ലൊ. ക്രാന്തിപാതം അശ്വിന്യാദിയിൽ വന്നകാലത്താണ രാശിഭാഗങ്ങളാൽ വ്യവഹാരം ഏൎപ്പെട്ടതു. ആ പാതബിന്ദു ക്രമേണ പിറകോട്ടു നീങ്ങിത്തുടങ്ങി വന്നുതുടങ്ങിയപ്പോഴാണ ക്രാന്തിപാതവും അശ്വിന്യാദിയും ഭേദിക്കയാൽ അയനചലനസംസ്കാരം ആവശ്യപ്പെട്ടതു. രാമായണത്തിൽ ശ്രീരാമന്റെ ജാതകം വിവരിച്ചിട്ടുള്ളതിൽ ആധുനികഗണിതരീതിപ്രകാരം കാണുന്ന ചില അസാംഗത്യങ്ങൾക്കു സമാധാനം പ്രാചീനന്മാരുടെ പ്രകൃതമായ ഗണനസമ്പ്രദായങ്ങളായിരിക്കണം. മേടരാശിയിൽ ഉള്ള രവിയും പുനൎവ്വസു നക്ഷത്രവും കൂടി യോജിക്കയില്ലല്ലൊ. അന്നത്തെ നക്ഷത്രമാനം ഇന്നത്തെപോലെ ഉള്ളതല്ലായിരുന്നുവെന്നും പുനൎവ്വസുനക്ഷത്രം അദ്ധ്യൎദ്ധഭോഗമായതിനാൽ അതിന്റെ മാനം ഒരു ഭാഗം ആയിരുന്നുവെന്നും മറ്റുമുള്ള സംഗതികളും ഇവിടെ പരാമൎശിക്കേണ്ടതുണ്ട്. എന്നാൽ അപ്രകൃതമാകയാൽ ഇവിടെ നില്ക്കട്ടെ.

പലപഞ്ചാംഗങ്ങളും അനേകഗ്രന്ഥങ്ങളും ഉറ്റുനോക്കിയതിലും നാം നോക്കുന്ന ഗ്രഹങ്ങളുടെ രാശിസ്ഥിതി ശരിയാണെന്നറിയണമെന്നുണ്ടെങ്കിൽ സായനഗണിതമല്ല, നിരയനഗണിതമാണ നമുക്കാവശ്യപ്പെട്ടിട്ടുള്ളതു. അതിനാൽ പഞ്ചാംഗത്തിൽ ഗണിതം സായനമാക്കണമെന്നു ആരും വാദിക്കുന്നില്ല. എന്നാൽ വിഷുദിവസം അയനാരംഭം മുതലായതുകൾ സായനമായിരിക്കേണ്ടതു ആവശ്യമാണ്. നാം ഇപ്പോൾ മകരം ൧-ാം൹ ഉത്തരായണം എന്നുപറഞ്ഞു കൎമ്മങ്ങൾ അനുഷ്ഠിച്ചുവരുന്നു. വാസ്തവത്തിൽ ആ ഒന്നാം ദിവസം ഉത്തരായണം ആരംഭിച്ചു ൨൨-ാം, ൨൩-ാം തിയ്യതികഴിഞ്ഞിരിക്കുന്നു എന്നു നമുക്കു നല്ല ബോധ്യവും ഉണ്ട്. അയനചലനപ്രസംഗത്തിൽ ഒരു സംഗതികൂടി എടുത്തു പറയേണ്ടതുണ്ട്. അയനചലനം ഒരു വൎഷത്തേക്കു

പറഞ്ഞപ്രകാരം ഒരു വികല എന്നും ഉക്തപ്രകാരം [illegible] എന്നും ഇ
പ്പോഴും ഉപയോഗിച്ചു വരുന്നതു സൂക്ഷ്മമല്ല. വാസ്തവത്തിൽ ഒരു വർഷത്തെ
ക്കുള്ള അയനചലനം ൫൦·൨ വികലയാകുന്നു എന്നു സൂക്ഷ്മയന്ത്രങ്ങളെ
ക്കൊണ്ടു പാശ്ചാത്യർ നിരൂപിച്ചിരിക്കുന്നു. ഈ വികലാ[illegible]മായ
അനേകം ആയിരം [illegible] [illegible] എന്ന [illegible] ഇതുകൂടി
വലിയ [illegible] ഗണിതം തെറ്റാതിരിപ്പാൻ ന്യായമില്ലല്ലോ.
എന്നാൽ നമ്മുടെ [illegible] അയനത്തിൽ ൬൦ വികല [illegible]
ങ്കിൽ വർഷാന്തത്തിൽ ൮൦ വികല കൂടിട്ടുണ്ട്. അതിനാൽ ഭേദത്തി
ലുള്ള തെറ്റു വളരെ വേഗത്തിൽ തെളിയാതെ കഴിഞ്ഞു. എങ്കിലും വർഷ
മാനത്തിലെ സൂക്ഷ്മാധിക്യത്താൽ ഇപ്പോഴും ൧൨ തിയതിയോളം കാലമാ
നത്തിൽ കുറവു വന്നിട്ടുണ്ട്, വാസ്തവത്തിൽ വൃശ്ചികം ൧-ാം- എന്നു
നാം പറയുന്ന ഇന്നത്തെ ധനു ൧-ാം- ആകേണ്ടതാകുന്നു. എന്നാൽ
സൂര്യന്റെ ൧൨ തിയതി കുറച്ചാൽ ഗ്രഹണങ്ങൾ മുതലായവ തെറ്റുകയില്ലയോ
എന്നു ചോദ്യം വരാം. രാശിചക്രത്തിന്റെ ആരംഭസ്ഥാനം മാറുമ്പോൾ
തൽപ്രയുക്തമായ ഭേദം എല്ലാ ഗ്രഹങ്ങളെയും ഒന്നുപോലെ സ്പർശിക്കുന്ന
താകയാൽ ഗ്രഹണാദികൾക്കു ഭേദം വരുന്നതല്ലെന്നു എളുപ്പ
ത്തിൽ ബോധിപ്പിക്കാം. ആദികാലത്തു [illegible] എന്നു കല്പിച്ചി
രുന്ന സ്ഥാനം ഇപ്പോൾ ൧൮ ഭാഗം പിറകോട്ടു നീങ്ങിപ്പോയി എന്നു
ഉണ്ടു. നക്ഷത്രങ്ങളുടെ ഭോഗമാനം പ്രാചീനന്മാർ വ്യവസ്ഥപ്പെടുത്തി
ട്ടില്ലെങ്കിലും [illegible] വരികയാൽ ഈ [illegible] ഒരു വിധം തെളിയാ
തെ കഴിഞ്ഞുകൂടുന്നു. സൂര്യസിദ്ധാന്തത്തിൽ ചിത്രാനക്ഷത്രഭോഗം ൧൮൦
ഭാഗം ആകുന്നു, അതിനാൽ ആ നക്ഷത്രത്തിന്റെ സ്ഥിതി സൂക്ഷ്മമായ
[illegible] പറഞ്ഞിരിക്കുന്നു; [illegible] [illegible]
[illegible] അനുസരിച്ചു ചിത്തിരയും [illegible] [illegible]
[illegible] പറഞ്ഞുവരുന്നു. ഇങ്ങനെ [illegible] [illegible]
[illegible] [illegible] ഭാഗങ്ങളുടെ [illegible] ഉള്ള
തിനാൽ സൂര്യസിദ്ധാന്തത്തെ അനുസരിക്കുന്ന പഞ്ചാംഗങ്ങളുടെ [illegible]
[illegible] ഇതുവരെ വലിയ തെറ്റുകൾ സംഭവിച്ചിട്ടില്ല. [illegible]
[illegible] വർഷമാനം [illegible] കാലാന്തരത്തിൽ മേടം രാശി
[illegible] രാശി ആയിപ്പോയി എന്നു വരും. ഇപ്പോൾതന്നെ എന്നാലി
[illegible] [illegible] യന്ത്രവേധം ചെയ്തു സൂര്യനെ ചിത്രാനക്ഷത്രത്തിൽ നിന്നു

ഉള്ള അനേകം സൂക്ഷ്മദൃഷ്ടികൾ നോക്കിയാൽ ഗണിതാഗതസ്പഷ്ടം ഏതാനും കലകളുടെ ഭേദമുണ്ടെന്ന സ്പഷ്ടമാകും. ഇക്കാലത്തു യന്ത്രസഹായം ഉള്ളതിനാൽ സൂര്യചന്ദ്ര നക്ഷത്രങ്ങളെയും മറ്റും നോക്കുന്നതിനും അനേകം അതിസൂക്ഷ്മമായി അളക്കുന്നതിനും സാധിക്കുന്നതാണല്ലോ. കേരളീയർ ദൃഗ്ഗണിതം ഏർപ്പെടുത്തിയ കാലത്തു അവർ സൂക്ഷ്മഗണിതത്തിനു മാത്രം പരിഷ്കാരം ചെയ്തില്ലല്ലോ എന്നു വ്യസനിക്കുന്നു.

പുരാതനകാലത്തു ഹിന്ദുക്കൾക്കു (വിശേഷിച്ച് കേരളീയർക്ക്) ജ്യോതിഷത്തിൽ എത്രത്തോളം ജ്ഞാനവും ശ്രദ്ധയും ഉണ്ടായിരുന്നോ അത്രത്തോളം ഇക്കാലത്തു അജ്ഞാനവും അശ്രദ്ധയും ഉണ്ടെന്ന സസന്താപം സമ്മതിക്കേണ്ടിയിരിക്കുന്നു. പഞ്ചാംഗം പലതും അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്നില്ലെന്നില്ല; എന്നാൽ അവയിൽ എന്തെങ്കിലും രണ്ടെണ്ണം യോജിച്ചു കാണുകയില്ലെന്നു തന്നെ പറയാം. ഗ്രഹനക്ഷത്രയോഗം, ഗ്രഹങ്ങളുടെ പരസ്പരയോഗം, ഉദയം, ഗ്രഹണങ്ങൾ, ബുധശുക്രാദിപരാഗം മുതലായ വൈചിത്ര്യങ്ങളെ ആരും ഗണിക്കാറില്ല; മൌഢ്യം മാത്രം പഞ്ചാംഗക്കാർ അതുപ്രകാരത്തിലും പ്രസിദ്ധീകരിക്കാറുണ്ട്. ഇല്ലാത്ത ഗ്രഹണങ്ങളുണ്ടെന്ന പറകയും ഉള്ളതിനെ അറിയാതെ പോകയും സംഭവിക്കാതെ ഇല്ല. കഴിഞ്ഞ വൃശ്ചികത്തിൽ ചന്ദ്രഗ്രഹണമുണ്ടെന്ന പല പഞ്ചാംഗക്കാരും എഴുതിയിരുന്നു; എന്നാൽ ഒരിടത്തും കാണപ്പെട്ടിട്ടില്ല. അതു ചിലർ അനുഷ്ഠിക്കയും ചിലർ അനുഷ്ഠിക്കാതെയും ഇരുന്നിട്ടുണ്ട്. 'തിരുവിതാംകൂർ സർക്കാർ പഞ്ചാംഗഗണകന്മാർ ഗണിച്ചു കണ്ടപ്രകാരം ഗ്രഹണത്തിന്റെ സ്പർശമോക്ഷാദികളെല്ലാം എഴുതീട്ട് നവീനഗണിതപ്രകാരം ഗ്രഹണമില്ലെന്നും കാണുന്നു' എന്നു ഒരു കുറിപ്പോടുകൂടി 'പുത്രോ ന ചാത്രി' എന്ന ഉത്തരം പറഞ്ഞ പ്രശ്നമാർഗ്ഗകാരനെപ്പോലെ അപവാദത്തിൽനിന്നു ഒഴിഞ്ഞുപോയി. ഇക്കഴിഞ്ഞ മീനത്തിൽ ഉണ്ടായ ചന്ദ്രഗ്രഹണം ഒരു പഞ്ചാംഗക്കാരനും ശരിയായി ഗണിച്ചിരുന്നില്ല. ആ ഗ്രഹണം ൫ നാഴികയിലധികം ഉണ്ടായിരുന്നു; ൨ നാഴികയിൽ മേൽ പഞ്ചാംഗക്കാർ പറഞ്ഞിരുന്നില്ല. സമയഭേദമോ എല്ലാ സൂര്യഗ്രഹണങ്ങളിലും ഒന്നുപോലെ പറയാറുണ്ട്.


ഈ സ്ഥിതിക്കു ഗണിതപരിഷ്കാരത്തിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു എന്നതിലേക്കു രണ്ടുപക്ഷം വരാനിടയില്ല. ഇനി എത്രത്തോളവും എന്തെല്ലാം വിഷയങ്ങളിലും ആണ് പരിഷ്കാരം വേണ്ടതു എന്നാണ് ഗൌരവമായി വിസംവാദത്തിനു അവകാശം. ശ്രൗതസ്മാർത്താദിവൈദികകർമ്മങ്ങൾക്കു പരഹിതം, പ്രശ്നജാതകാദി ലൌകികസംഗതികൾക്ക് ദൃക്

എന്നാണു ഇപ്പോഴത്തെ ആചാരം. ഇതിൽ ഒരു സംഗതി ആലോചി
പ്പാനുണ്ട്—ജാതകാദ്യുക്തിപ്രകാരം ആണെങ്കിൽ ദൃക്കിലും പരഹിത
ത്തിലും ചന്ദ്രഗണിതത്തിൽ വന്ന കല ('പരഹിതദൃക്സിദ്ധി ധരാദ്യേഷു')
യോളം ഒരേ ഭേദം ഉള്ളതിനാൽ ചന്ദ്രനു നക്ഷത്രഭേദവും രാശിഭേദവും വരാനി
ടയുണ്ട്. അപ്പോൾ ഒരുവന്റെ ജനനകാലത്തിൽ പരഹിതപ്രകാരം
ചന്ദ്രൻ ആയില്യം കർക്കടകക്കൂറിലാണെന്നും, മകം ചിങ്ങക്കൂറിലാണെ
ന്നും വന്നേക്കും. ഇവിടെ ഫലഭാഗങ്ങളുടെ നിർണ്ണയത്തിനു സ്വീക
രിക്കേണ്ട പ്രമാണമല്ല അനുഷ്ഠാനത്തിൽ എന്നു വന്നുചേരുന്നതിൽ വലിയ
ഒരു അസാമഞ്ജസ്യമില്ലായ്കയാൽ ഭൂഗോളഖഗോളമദ്ധ്യമായും നവീന
കല്പിതവും ഉപപത്തി രഹിതവും ആകയാൽ പരഹിതപദ്ധതിയുടെ
അസ്ഫുടത കരണനിർമ്മാണത്തിൽ സങ്കല്പങ്ങളും അപരിഹാര്യമായി
വന്ന പ്രമാദങ്ങളും ആയ തെറ്റുകൾ കാലാന്തരത്തിൽ ഇരട്ടിക്കൂടി
ട്ടുണ്ടായതാണെന്നു മുമ്പിൽ പ്രതിപാദിച്ചതിനെ സമ്മതിക്കുന്നപക്ഷം
വൈദികാനുഷ്ഠാനങ്ങൾക്കു ദൃഗ്ഗണിതംതന്നെ സ്വീകരിക്കേണമെന്നുവരും.
ഛായാഗ്രഹണാദികൾക്കു ദൃഗ്ഗണിതം തന്നെ എന്നതിലേയ്ക്കു ആർക്കും
ആക്ഷേപവും ഇല്ല. ദൃഗ്ഗണിതമോ ദൃക്കിനു ചേർന്നുവരുന്ന പ്രകാരമുള്ള
ഗണിതമാണു. അതിനാൽ ഇപ്പോൾ ഉപയോഗിച്ചുവരുന്ന യുക്തിക
ങ്ങളൊക്കെ സ്ഥൂലങ്ങളായി പോയതിനാൽ അവയെ നാം ഉടൻതന്നെ പ
രിഷ്കരിക്കാൻ ആരംഭിക്കേണ്ടതാകുന്നു. ദൃഗ്ഗണിതപരിഷ്കാരം ചെയ്യുന്ന
പക്ഷം ആ പരിഷ്കാരത്തെ ഇപ്പോൾ ദൃഗ്ഗണിതാനുയായികളുണ്ടെങ്കിൽ
അവർ സ്വീകരിപ്പാൻ മടിക്കുമെന്നു പരഹിതം സ്ഥൂലഗണിതമാണെ
ന്നു സമ്മതിച്ച വിദ്വാന്മാർ സമ്പാദിച്ചാൽ അതിനെ ഉപേക്ഷിക്കുന്ന
തിനു ന്യായമില്ലായ്ക. 'ഗോത്രാത്തുംഗ' കലികാലത്തിനിടക്കു അനന്തരാ
യിരുന്ന ജ്യോതിഷികൾ യോഗംചേർന്നു പ്രാചീനങ്ങളായ ആർഷകരണ
ങ്ങളെ ഭേദപ്പെടുത്തിയതുപോലെ ഇന്നുള്ളവർക്കും സഭകൂടി സമയപ്രകാരം
കരണപരിഷ്കരണം ചെയ്യുന്നതു ധർമ്മ്യവും ശ്രേയസ്സും ആണല്ലോ.

എ. ആർ. രാജരാജവർമ്മ,
എം. എ., എം. ആർ. എ. എസ്.

ചരിത്രം

ഗ്രീക്കുകാരുടെ ഇടയിൽനിന്നാണ് ചരിത്രമെന്ന ഗ്രന്ഥവിശേഷത്തിന്റെ ഒന്നാമതായിട്ടുള്ള ഉത്ഭവം. ഹിന്തുക്കളുടെ ഇടയിൽ ആ ജാതി ഗ്രന്ഥങ്ങൾ ഇല്ലെന്നുതന്നെ പറയാം. പുരാണങ്ങളിൽനിന്നു ചരിത്രസംബന്ധമായ അനേകം സംഗതികൾ കിട്ടുമെങ്കിലും അതിന്നുവേണ്ട വിഷയങ്ങളെല്ലാം തുടർച്ചയായി കിട്ടുവാൻ പ്രയാസമാകുന്നതാണെന്ന് പാശ്ചാത്യപണ്ഡിതന്മാരുടേയും ഹിന്തുക്കളുടെ ഇടയിൽതന്നെയുള്ള ഇപ്പോഴത്തെ പണ്ഡിതന്മാരുടേയും അഭിപ്രായം. അതാതുകാലത്ത് അതാതുദേശങ്ങളിൽ മനുഷ്യരുടെ വിവിധസാംസാരികവ്യവസായങ്ങളേയും, സാമുദായികമായിട്ടുള്ള അനേകം വ്യവഹാരങ്ങളേയും പററി പ്രതിപാദിക്കുന്നതാണ് ചരിത്രം. അതാതുകാലത്ത് ഉണ്ടായ ഓരോ സംഭവങ്ങളെ മാത്രം പറയുന്നതായാൽ അതു ചരിത്രമാവുകയില്ല. ആവക സംഗതികൾ ചരിത്രത്തിന്റെ ഒരംശം മാത്രമായിരിക്കുന്നതേയുള്ളൂ. ചരിത്രത്തിന്റെ ലക്ഷണമെന്തെന്ന് 'ഹെർബർട്ട് സ്പെൻസർ' എന്ന മഹാൻ തന്റെ "വിദ്യാഭ്യാസപദ്ധതി" എന്ന ഗ്രന്ഥത്തിൽ വിസ്തരമായി പ്രതിപാദിച്ചിട്ടുണ്ട്. വായനക്കാർക്ക് ആ വിഷയത്തിന്റെ യഥാർത്ഥമായ സംക്ഷിപ്തജ്ഞാനമുണ്ടാകുന്നതിന്ന് അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽനിന്ന് ഒരു ഭാഗത്തെ എടുത്തു താഴെ ചേർക്കുന്നു—



"സാക്ഷാൽ ചരിത്രം എന്നു പറയുന്നതിന്നു വേണ്ട വിഷയങ്ങളെ ചരിത്രഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചു കാണുന്നില്ല. ഇയ്യിടെ കാലങ്ങളായിട്ടു മാത്രമേ ചരിത്രലേഖകന്മാർ യഥാർത്ഥമായി വിലയുള്ള വിഷയങ്ങളെ ധാരാളമായി പ്രതിപാദിപ്പാൻ ആരംഭിച്ചിട്ടുള്ളു. പണ്ടത്തെക്കാലത്തു സർവ്വരും രാജാവാകുന്നു, പ്രജകൾ ശൂന്യപ്രായം മാത്രം. അതിനെ അനുസരിച്ചു പണ്ടത്തെ ചരിത്രഗ്രന്ഥങ്ങളിൽ രാജാക്കന്മാരുടെ ചരിതങ്ങളാണ് മുഖ്യമായി പ്രതിപാദിക്കപ്പെട്ടിട്ടുള്ളത്; പ്രജകളുടെ വൃത്താന്തങ്ങളെപ്പററി വളരെ കുറച്ചുമാത്രമേ പറഞ്ഞിട്ടുള്ളു. എന്നാൽ ഇക്കാലങ്ങളിൽ രാജാക്കന്മാരുടേതിനേക്കാൾ പ്രജകളുടെ

[illegible] ആധിക്യം പ്രധാനമായിത്തീർന്നിരിക്കുന്നു, എന്നാൽ ആധുനികചരിത്രഗ്രന്ഥകാരന്മാർ സാധാരണക്കാരായ ആളുകളുടെ സ്വരൂപത്തെ പ്രതിപാദിപ്പാൻ ആരംഭിച്ചിരിക്കുന്നു. നമുക്ക് വാസ്തവമായിട്ടറിയേണ്ടതു ജനസമുദായത്തിന്റെ സ്വാഭാവികമായ ചരിത്രമാകുന്നു. ഒരു രാജ്യത്തുള്ള ജനസമുദായം ഏതുപ്രകാരമാണ് വളൎന്ന് ഉന്നതിയെ പ്രാപിച്ചതെന്നും, അതു യഥാക്രമം ഓരോ വ്യവസ്ഥകളെ പ്രാപിച്ചതെപ്രകാരമാണെന്നും മറ്റും അറിയുന്നതിനു സഹായിക്കുന്ന എല്ലാ വിഷയങ്ങളുമാണ് സൎവാവശ്യമായിട്ടുള്ളത്. ഈ കൂട്ടത്തിൽ ആ രാജ്യത്തിന്റെ ഭരണത്തെപ്പറ്റിയ ഒരു വിവരണം അത്യാവശ്യമാകുന്നു, ആ വിവരണത്തിൽ രാജ്യഭരണസമ്പ്രദായം, അതിന്നടിസ്ഥാനമായിട്ടുള്ള നിയമങ്ങളും, ആ വക നിയമങ്ങളെ നടത്തുന്ന രീതി, അവിടത്തെ ഉദ്യോഗസ്ഥന്മാർ കാണിച്ചിരുന്ന ഭരണ അഴിമതികൾ, എന്നിങ്ങിനെയുള്ള വിഷയങ്ങളെ കുറിക്കുന്നതും വിസ്തരിക്കുന്നതും, രാജ്യഭരണകൎത്താക്കന്മാരായവരുടെ കഥകളെ കുറിക്കുന്നതും പുസ്തകങ്ങളും, ഉൾപ്പെടേണ്ടതാകുന്നു. രാജ്യത്തിന്റെ അധികാരത്താൽ രാജ്യനിയമങ്ങളെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവൎമ്മെണ്ടിന്റെ സ്വഭാവത്തെയും നടവടികളെയും എന്നു മാത്രമല്ല, രാജ്യഭരണസൌകൎയ്യത്തിനു രാജ്യത്തെ ആകെക്കൂടി പല സംസ്ഥാനങ്ങളായി വിഭജിച്ചിട്ടുള്ള സമ്പ്രദായത്തെയും, ആ വക സംസ്ഥാനങ്ങളെ ഭരിക്കുന്നതിന് അധികാരികളെ ഏൽപ്പിച്ചിട്ടുള്ള ഓരോ ഗവൎമ്മെണ്ടിന്റെ നിലയും നടത്തകളെയും, പിന്നെ അവിടുന്ന കീഴ്പോട്ട് [illegible] രാജ്യാധികാരികളായി പിരിഞ്ഞു പോന്നു കിടക്കുന്ന അനേകം ഏൎപ്പാടുകളുടെ സ്വഭാവത്തെയും നടവടിക്രമത്തെയുംകൂടി, ആ വിവരണത്തിൽ ചേൎക്കേണ്ടതാകുന്നു. പിന്നെ [illegible] ഭരണഭാരമനുഷ്ഠിക്കുന്നതിനുള്ള വ്യവസ്ഥകൾ, മതപ്രവൎത്തകന്മാരായ ആചാൎയ്യന്മാരും രാജാക്കന്മാരും തമ്മിലുള്ള സംബന്ധം, അതാതു മതപ്രവൎത്തകന്മാരായ ആചാൎയ്യന്മാൎക്ക് അതാതു മതത്തെ അനുസരിച്ചു ജനങ്ങളുടെ മേൽ ഉള്ള അധികാരത്തിന്റെ സ്വഭാവം, എന്നിങ്ങിനെയുള്ള വിഷയങ്ങളുടെ ഒരു വിവരണവും, അതോടുകൂടി മതഭേദങ്ങളും, [illegible]ങ്ങളും, ശിഷ്ടാചാരങ്ങളും, നിത്യനൈമിത്തികങ്ങളുമായ സകല സംസ്കാരങ്ങളും, ഈശ്വരവിഷയമായ ജനങ്ങളുടെ വിശ്വാസങ്ങളും— [illegible] അങ്ങിനെ അനുസരിച്ച് അവർ പെരുമാറ്റവും വിശ്വസിച്ചിരുന്ന കാൎയ്യങ്ങളെ പൂൎണ്ണ യഥാൎത്ഥമായി വിശ്വസിച്ച് അനുഷ്ഠിച്ചുപോന്നിരുന്ന

കാൎയ്യങ്ങളും— എന്നിതിനെയുള്ള വിഷയങ്ങളുടെ വിവരണവും, നമുക്കാവശ്യമാകുന്നു. ഈ കൂട്ടത്തിൽ ജനങ്ങളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ചില സമ്പ്രദായങ്ങളും അഭിപ്രായങ്ങളും കീഴ്വഴക്കങ്ങളും സങ്കേതവ്യവഹാരങ്ങളും എന്നിവയേയും, ആ വക കാൎയ്യങ്ങളെ ഓരോ ജാതിക്കാർ തങ്ങളിൽ തങ്ങളിൽ ആചരിച്ചിരുന്ന ക്രമത്തേയും, നമുക്കറിഞ്ഞിരിക്കേണ്ടതാകുന്നു. സാധാരണ ജനങ്ങളുടെ ഗൃഹത്തിനകത്തിരിക്കുമ്പോഴുള്ള കാലക്ഷേപത്തെ ക്രമപ്പെടുത്തുന്ന ആചാരവിശേഷങ്ങളും എന്തെല്ലാമായിരുന്നുവെന്നും, പുറത്തിറങ്ങിട്ടുള്ള കാലക്ഷേപത്തെ ക്രമപ്പെടുത്തുന്ന നടപടികൾ എന്തെല്ലാമായിരുന്നുവെന്നും, അതോടുകൂടി സ്ത്രീപുരുഷന്മാർ തമ്മിലുള്ള സംബന്ധം എന്തൊരു നടവടിപ്രകാരമായിരുന്നുവെന്നും, പിതാക്കന്മാൎക്കു കുട്ടികളോടുള്ള സംബന്ധം എന്തൊരു ജാതിയായിരുന്നുവെന്നും, നാം അറിയേണ്ടതാകുന്നു. പ്രധാന പുരാണകഥകൾ മുതല്ക്കു കിഴ്‌ത്തട്ടു സാധാരണ നടപ്പുള്ള കളുമന്ത്രവാദപ്രയോഗംവരെ അനേകം വിഷയങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ആയതിനു പല പ്രകാരത്തിലുള്ള അന്ധവിശ്വാസങ്ങളേയും ചരിത്രഗ്രന്ഥങ്ങളിൽ കാണിക്കേണ്ടതാകുന്നു. പിന്നെ വേണ്ടതു വ്യവസായക്രമത്തെപ്പറ്റിയ ഒരു വിവരണമാകുന്നു. വിവിധവ്യവസായങ്ങൾ ജനങ്ങളുടെ ഇടയിൽ എപ്രകാരമാണ് വിഭജിക്കപ്പെട്ടിരുന്നത് എന്നും, കച്ചവടം എപ്രകാരമാണ് നടത്തപ്പെട്ടിരുന്നത്— ഓരോ ജാതിക്കാരോ, ഓരോ സംഘമായിട്ടോ, അല്ലെങ്കിൽ മറുപ്രകാരത്തിലോ, എങ്ങിനെയാണ് നടത്തപ്പെട്ടിരുന്നത്— എന്നും, വേലക്കാരും വേല എടുപ്പിക്കുന്നവരും തമ്മിലുള്ള സംബന്ധമെന്തായിരുന്നുവെന്നും, കച്ചവടപദാൎത്ഥങ്ങളെ വിഭജിച്ചുകൊടുക്കുന്നതിനുള്ള ഏൎപ്പാടുകൾ എന്തെല്ലാമായിരുന്നുവെന്നും, ദൂരദേശസഞ്ചാരമായിരിക്കുന്നവർ തമ്മിൽ സന്ദേശങ്ങളെ അറിയിച്ചിരുന്ന ഉപായമെന്തായിരുന്നുവെന്നുമാണുള്ള സംഗതികളെയാണ് പിന്നെ വിവരിക്കേണ്ടത്. അതോടുകൂടി ശില്പവിദ്യ കലാകൌശലങ്ങളെപ്പറ്റിയും, ആ വക വ്യവസായങ്ങളെ സൃഷ്ടിക്കുന്നതിനു അതതുകാലങ്ങളിൽ നടപ്പുണ്ടായിരുന്ന ഉപായങ്ങളെപ്പറ്റിയും, ആ വക പാത്രങ്ങളിൽനിന്നുണ്ടാവുന്ന പദാൎത്ഥങ്ങളുടെ ഗുണദോഷത്തെപ്പറ്റിയും, ഒരു വിവരണം കൊടുക്കേണ്ടതാവശ്യമാകുന്നു. പിന്നെ, ആ വകക്കാരുടെ ഇടയിൽ പ്രധാനസ്ഥാനമുള്ള നാഗരികത്വസംസ്കാരം എന്തൊരു രീതിയിലാണ് നടന്നുവന്നിരുന്നത് എന്നു വിവരിക്കണം; വിദ്യാഭ്യാസം എന്തൊരു മാതിരി എത്രത്തോളമാണ് നടന്ന

ള്ളതായിരുന്നു എന്നു മാത്രം കാണിച്ചാൽ പോരാ; തത്തൽസ്സമുദായവിഷയകമായ ജ്ഞാനം അവരുടെ ഇടയിൽ എത്രത്തോളം അഭിവൃദ്ധിയെ പ്രാപിച്ചിട്ടുണ്ടായിരുന്നുവെന്നും, അവരുടെ വിചാരത്തിന്റെ പോക്ക് ഏതെല്ലാം വഴിയായിരുന്നുവെന്നും, അവരുടെ സിദ്ധാന്തങ്ങൾ എന്തെല്ലാമായിരുന്നുവെന്നും, വിസ്താരമായി നിരൂപിക്കേണ്ടതാകുന്നു. പിന്നെ, പല ജാതി കരകൗശലങ്ങളിലും, പ്രതിമാദികളെ കൊത്തുന്നതിലും, ചിത്രമെഴുത്തിലും, സംഗീതത്തിലും, ഉടുപ്പു തുന്നുന്നതിലും, കാവ്യനാടകാദിരചനയിലും, കല്പിതകഥകളുടെ രചനയിലും മറ്റനേകം കലാവിദ്യകളിലും അവർ ബുദ്ധികൗശലവും ചമൽക്കാരവും എത്രത്തോളം പ്രകാശിപ്പിച്ചിട്ടുണ്ടായിരുന്നുവെന്നു വിവരിക്കണം. അവരുടെ ഭക്ഷണസമ്പ്രദായം, ഗൃഹാലങ്കാരരീതി, അവരുടെ ഇടയിലുള്ള മോദവിനോദങ്ങളുടെ സ്വഭാവം എന്നിങ്ങിനെയുള്ള വിവിധസാംസാരിക വ്യവഹാരങ്ങളുടെ ഒരു വിവരണവും വിട്ടുകളയുവാൻ പാടുള്ളതല്ല. ഒടുക്കം, ഇവയെല്ലാംകൂട്ടി യോജിപ്പിക്കുന്നതിന്ന്, ആ സമുദായത്തിലുള്ള പല ജാതിക്കാരുടെയും ഇടയിൽ നടപ്പുണ്ടായിരുന്ന നിയമങ്ങളുടെയും ആചാരങ്ങളുടെയും പഴമൊഴികളെയുമനുസരിച്ച് അവരവർ അനുഷ്ഠിച്ചുവന്നിരുന്ന ധർമ്മാധർമ്മങ്ങളുടെയും നയന്യായങ്ങളുടെയും സ്വരൂപത്തെ വിവരിച്ചു കാണിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു. മേൽപറഞ്ഞ സംഗതികളെല്ലാം കഴിയുന്നതും സംക്ഷേപമായി പ്രതിപാദിക്കേണ്ടതാകുന്നു; എങ്കിലും എല്ലാം വ്യക്തവും യഥാർത്ഥവുമായിരിക്കുകയും വേണം; അവയുടെ ആസകലമുള്ള ഒരു സ്വരൂപജ്ഞാനം എളുപ്പത്തിൽ ഉണ്ടാകത്തക്കവണ്ണം അവയെ യഥാക്രമം ഘടിപ്പിക്കുകയും, അവയെല്ലാം ഒരു പൂർണ്ണവിഷയത്തിന്റെ തന്നെ അന്യോന്യാശ്രയത്തോടുകൂടിയ പല അംശങ്ങളാണ് എന്നു മനസ്സിലാകത്തക്കവണ്ണം അവയെ ക്രമപ്പെടുത്തുകയും, ചെയ്യേണ്ടതാകുന്നു. അവ തമ്മിലുള്ള ചേർച്ചയെ മനുഷ്യർക്കു ക്ഷണത്തിൽ കണ്ടുപിടിക്കത്തക്ക വിധത്തിൽ അവയെ ക്രമപ്പെടുത്തി കൊടുക്കണം; അതായിരിക്കണം ഉദ്ദേശ്യം. എന്തെന്നാൽ, അതുകൊണ്ട് അവർക്ക് സാമുദായികമായ പല വിഷയങ്ങളുടെ അന്യോന്യാശ്രിതത്വത്തെയും, താദാത്മ്യത്തെയും, കാര്യകാരണത്വത്തെയും, സഹകാരിത്വത്തെയും മറ്റും വേണ്ടുവണ്ണം മനസ്സിലാക്കുവാൻ കഴിയുന്നതാണ്. പിന്നെ, (ആ വകക്കാരുടെ പുരാതനകാലത്തുള്ള വൃത്താന്തങ്ങളെ ഇങ്ങിനെ വർണ്ണിച്ചതിന്റെ ശേഷം) പിന്നീട്ടു പിന്നീട്ടുള്ള കാലങ്ങളിലെ കഥകളെ വർണ്ണിക്കുന്നത്, അവരുടെ ഇടയിൽ

അപ്പുണ്ടായിരുന്ന നിയമങ്ങളും, ആചാരസമ്പ്രദായങ്ങളും മേറ്റ അനേകം ഏർപ്പാടുകളും, അവയ്ക്കു കാലാ കാലം വന്ന വ്യത്യാസങ്ങളും അതാതുകാലത്തെ അനുസരിച്ച് ഏതുപ്രകാരമാണ് ക്രമേണ മേൽഗതിയെ പ്രാപിച്ചിട്ടുള്ളത് എന്നു കാണിക്കുന്ന വിധമായിരിക്കണം, ആ സമുദായത്തിന്റെ അവശ്യാനുസരണമായി ഉണ്ടായ വിവിധ സംസ്കാരങ്ങളും അഭ്യുദയങ്ങളും ഉത്തരോത്തരമുള്ള കാലങ്ങളിൽ തത്തൽകാലോചിതമായിട്ട് ഏതുപ്രകാരമാണ് പുഷ്ടിയെ പ്രാപിച്ചിട്ടുള്ളത് എന്നും കാണിക്കണം. പൂർവ്വചരിത്രത്തെ സംബന്ധിച്ച് ഇപ്രകാരമുള്ള ജ്ഞാനം മാത്രമേ ഒരുവനെ സാമുദായികമായ കൃത്യങ്ങളെ ക്രമപ്പെടുത്തുന്നതിനുപയോഗമായിത്തീരുകയുള്ളു. സകല ലോകവ്യവഹാരങ്ങളുടേയും ലക്ഷണത്തെയും സ്വരൂപത്തെയും പ്രയോജനത്തെയും പ്രതിപാദിക്കുന്ന "ഡിസ്ക്രിപ്റ്റിവ് സോഷ്യോളജി" എന്നു പറയുന്ന ഒരു ജാതി ചരിത്രം മാത്രമേ പരമാർത്ഥത്തിൽ പ്രയോജനകരമായിരിക്കുന്നുള്ളു. പിന്നെ, ചരിത്രലേഖകന്മാർ മേൽകാണിച്ചിട്ടുള്ള രീതിയിൽ ഓരോരാജ്യങ്ങളിലുമുള്ള ജനങ്ങളുടെ പൂർവ്വചരിത്രങ്ങളെ എഴുതുന്ന പക്ഷത്തിങ്കൽ അവയെ ഓരോ വകക്കാരുടേയും നടപടി ക്രമങ്ങളെ താരതമ്യപ്പെടുത്തി നോക്കുന്നതിനും, സമുദായികപരിണാമം എതു സാമാന്യനിയമങ്ങളെ അനുസരിച്ചുണ്ടാകുന്നതാണ് എന്ന് അതിൽനിന്നു തീർച്ചപ്പെടുത്തുന്നതിനും, വേണ്ടുന്ന വിഷയങ്ങളെല്ലാം കരുതിവെക്കേണ്ടതാവശ്യമാകുന്നു. പ്രധാനമായി അവർ ചെയ്യേണ്ട ഒരു കാര്യം ഇതാകുന്നു.

വ്യവഹാരത്തിൽ പ്രയോജനകരമായിട്ടുള്ള ചരിത്രസംബന്ധമായ ഈവക ജ്ഞാനം വേണ്ടപോലെ സമ്പാദിച്ചിട്ടുണ്ട് എന്നു വിചാരിക്കുകയാണെങ്കിൽത്തന്നെയും വ്യത്യാസം കൂടാതെ അത്ര വലുതായ ഉപയോഗപ്പെടുന്നതല്ല. ശാസ്ത്രത്തിലല്ലാതെ അതിന്റെ വ്യത്യാസം കാണപ്പെടുന്നതുമല്ല— സകല അർത്ഥങ്ങളും ശരിയായിട്ട് പ്രകാശിക്കുന്നതു ശാസ്ത്രപ്രകാരമാകുന്നാകുന്നതും. മനുഷ്യസംഘപ്രതിപാദകമായ "സോഷ്യോളജി" ശാസ്ത്രത്തിൽനിന്നും അനേകതരജന്തുപ്രതിപാദകമായ "ബയോളജി" എന്ന ആദ്ധ്യാത്മികശാസ്ത്രത്തിൽനിന്നും സാമാന്യപരിജ്ഞാനം കൂടാതെ ലൗകികവ്യവഹാരങ്ങളുടെ സാമൂഹികമായ സ്വരൂപജ്ഞാനം അസാദ്ധ്യമാകുന്നു. മനുഷ്യസ്വഭാവത്തെപ്പറ്റി കേവലം അനേകവൈകല്യവും അശ്രദ്ധയുമായിട്ടുള്ള ജ്ഞാനം എത്രത്തോളമുണ്ടോ അതിനോ അനുസരിച്ചുമാത്രമേ മനുഷ്യർ സാമുദായികമായിട്ടുള്ള കേവലം ആസ്ഥിതു

ങ്ങളായ ചില തത്വങ്ങളെപ്പോലും അറിയുവാൻ കഴികയുള്ളു— മനുഷ്യ കാര്യങ്ങളെ വിവിധപദാർത്ഥങ്ങളുടെ ശേഖരിപ്പും ജനങ്ങളുടെ ഇടയിൽ ഉള്ള തായവരുടെ ഐകമത്യവും തമ്മിലുള്ള സംബന്ധം എന്നിങ്ങിനെയുള്ള ചില തത്വങ്ങളെപ്പറ്റി അറിയുവാൻ കഴികയുള്ളു. കാലദേശാവസ്ഥകളെ അനുസരിച്ചു മനുഷ്യർ ഏതുപ്രകാരമാണ് വിചാരിക്കുന്നത്, ഏതുപ്രകാരമാണ് അനുഭവിക്കുന്നത്, ഏതുപ്രകാരമാണ് പ്രവൃത്തിക്കുന്നത് എന്നതിനെപ്പറ്റി കുറച്ചെങ്കിലും ഞാനാക്കുകാത്ത "സോഷ്യോളജി" എന്ന ശാസ്ത്രത്തിന്റെ അതിനിസ്സാരങ്ങളായ തത്വങ്ങളെപ്പോലും അറിയുവാൻ സാധിക്കുന്നതല്ല എന്ന് വാദിക്കുന്ന മനുഷ്യന്റെ കായികമായും മാനസികമായുമുള്ള സകലശക്തികളുടേയും തൽപരിണാമങ്ങളുടേയും സമുചിതജ്ഞാനമില്ലാത്ത ഒരു ശാസ്ത്രത്തിന്റെ സമഗ്രജ്ഞാനമുണ്ടാകുവാൻ പാടില്ല എന്നതു വ്യക്തമാകുന്നുണ്ടല്ലൊ. ഈ വിഷയത്തെ സൂക്ഷ്മമായിട്ടാലോചിച്ചുനോക്കുക, അപ്പോൾ ഈ അഭിപ്രായം ശരിയാണ് എന്ന് ഭവാന് തെളിവുകൂടാതെതന്നെ സ്പഷ്ടമാകുന്നതാണ്. എങ്ങിനെയെന്നാൽ:— അത്യാശ്ചര്യങ്ങൾക്കിടയിൽ കാലക്ഷേപം ചെയ്യുന്ന ഒരു സാമ്രാജ്യത്തിൽ കുടികൊള്ളുന്നതാണ് ഒരു ജനസമുദായം; സമുദായത്തിൽ നടക്കുന്ന സകലകാര്യങ്ങളിലും ജനങ്ങളുടെ ഐകമത്യമില്ലായ്മ പ്രയത്നത്താലാണ് നിർവ്വഹിക്കപ്പെടുന്നത്; അതിനാൽ മറ്റു ശാസ്ത്രങ്ങളേയും പോലെതന്നെ മനുഷ്യലോകത്തിൽ മാത്രമേ സാമുദായികമായ കാര്യങ്ങളുടെ സത്യപ്രമാണങ്ങളാക്കുവാൻ കഴികയുള്ളു; മാത്രമല്ല ശാസ്ത്രങ്ങളേയും പോലെതന്നെ അവയുടെ സാരാംശത്തെ പ്രദർശിപ്പിക്കുന്നതായ ചില നിയമങ്ങളെ ആശ്രയിച്ചിരിക്കുന്നു; ആ വക നിയമങ്ങളെ എന്തെല്ലാമാണെന്നു പഠിക്കാതെ അവയുടെ നാനാപ്രകാരങ്ങളായുള്ള ശാസ്ത്രങ്ങളുടെ സത്യപ്രമാണമാക്കുവാൻ കഴിയുന്നതല്ല. ആ വക വിഷയങ്ങളുടെ യഥാർത്ഥസത്യത്തെ പരിശോധിച്ചുനോക്കുന്നതായാൽ ശരീരികമായും മാനസികമായുമുള്ള സാമാന്യനിയമങ്ങളിൽ നിന്ന് അനുമിക്കപ്പെടുന്ന തത്വങ്ങളാണെന്ന് തെളിയുന്നതാണ്. അതിനാൽ "ബയോളജി" ശാസ്ത്രവും "സൈക്കോളജി" ശാസ്ത്രവും ലോകവ്യവഹാരപ്രതിപാദകമായ "സോഷ്യോളജി" എന്ന ശാസ്ത്രത്തിന്റെ അർത്ഥത്തെ വെളിപ്പെടുത്തുന്നതിന് അത്യാവശ്യമായിരിക്കുന്നവയെന്ന് സിദ്ധമാകുന്നു. അല്ലെങ്കിൽ, സിദ്ധമായിരിക്കുന്ന ഈ അർത്ഥത്തെതന്നെ കുറച്ചുകൂടി വിശദമാക്കാം:— സാമുദായികമായ സകലവ്യവഹാരങ്ങളും

സാംസാരികവ്യവഹാരങ്ങളും തന്നെയാകുന്നു— സമ്മിശ്രങ്ങളായിക്കിട
ക്കുന്ന കായികമായും മാനസികമായുമുള്ള സകലവ്യാപാരങ്ങളുടെയും സ്ഥിതി
തന്നെയാകുന്നതാവുന്നതിനാൽ, സാമുദായികവ്യവഹാരങ്ങളെല്ലാം ജീവിതനി
യമങ്ങളെ അനുസരിച്ചിരിക്കുന്നു. ജീവിതനിയമങ്ങളെ മനസ്സിലാക്കി
യാൽ മാത്രമേ സാമുദായികവ്യവഹാരങ്ങളെ മനസ്സിലാക്കുവാൻ കഴികയു
ള്ളൂ. ഇങ്ങിനെ സാംസാരികവ്യവസായങ്ങളിൽ നാലാമത്തേതായ ഈ
വിഭാഗത്തെ, അതായതു സാമുദായികകൃത്യങ്ങളെ, ക്രമപ്പെടുത്തുന്നതി
നും നമുക്കു മറ്റുള്ളവയെപ്പോലെ ശാസ്ത്രത്തെത്തന്നെ ആശ്രയിക്കേണ്ടിവ
രുന്നു. എന്നാൽ ഇപ്പോഴും വിദ്യാശാലകളിൽ ഏർപ്പെടുത്തീട്ടുള്ള പാഠ
ക്രമത്തിൽനിന്നു സാധാരണ കിട്ടുന്ന അറിവിൽ വളരെക്കുറച്ചുമാത്രമേ
ലോകാനുവർത്തനകർമ്മാനുഷ്ഠാനത്തിന്നുപകാരമായി ഭവിക്കുന്നുള്ളൂ. ഇപ്ര
കാരം ചരിത്രപുസ്തകങ്ങളിൽ കുറച്ചുഭാഗം മാത്രമേ ലൌകികകാര്യങ്ങൾക്കു
ഉപകരിക്കത്തക്കതായിട്ടുള്ളൂ, അതുതന്നെ വേണ്ടപോലെ ഉപയോഗ
പ്പെടുത്തുന്നതിന്നു വിദ്യാർത്ഥികളെ സമർത്ഥന്മാരാക്കിത്തീർക്കുന്നതുമില്ല.
ചരിത്രപുസ്തകങ്ങളിൽ ലോകവ്യവഹാരപ്രതിപാദകമായ "ഡിസ്ക്രി
പ്റ്റിവ് സോഷ്യാളജി" എന്ന അംശത്തിന്നാവശ്യമായ വിജ്ഞാന
ം കുറയുമെന്നുമാത്രമല്ല അങ്ങിനെ ഒന്നുണ്ട് എന്നുകൂടി വിദ്യാർത്ഥികൾ
ധരിച്ചിട്ടില്ല. ചേതനധർമ്മപ്രതിപാദകങ്ങളായ ശാസ്ത്രങ്ങളുടെ ചില
സാമാന്യജ്ഞാനവും അവർക്കില്ല. ആ ജ്ഞാനം സാമാന്യമൊന്നുകൂടാതെ കേ
വലം "ഡിസ്ക്രിപ്റ്റിവ് സോഷ്യാളജി" എന്ന ഭാഗം മാത്രംകൊ
ണ്ട് ഒരുവന്ന് ഒരു പ്രയോജനവുമില്ല".

കെ. എം.

ഗ്രന്ഥനിരൂപണം

൧. സനാതനധർമ്മം, ഉപദിഗ്ദർശനം

നമ്മുടെ ഇന്ത്യാരാജ്യത്തിൽ പാശ്ചാത്യന്മാരുടെ ശക്തി പ്രതിഷ്ഠിത
മായതിന്നുശേഷം ഇംഗ്ലീഷ്കമ്പനിയുടെ ഭരണസാമർത്ഥ്യത്താൽ നാട്ടിലെ
ങ്ങും വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയും, ഉൽകൃഷ്ടമായ വിദ്യാഭ്യാസം
സുലഭമായിത്തീരുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പുതിയ വിദ്യാഭ്യാ
സരീതിയിൽ മതസംബന്ധമായ ജ്ഞാനത്തിന്നു പാശ്ചാത്യവിധം ക്ര

പ്പി കിട്ടാവുന്നതാൽ നമുക്കു പഴയ സമുദായബന്ധത്തിന്നു ശൈഥില്യം സംഭവിക്കുന്നു. ഈ ന്യൂനതയെപ്പരിഹരിക്കേണ്ടതിന്നായി വിദ്യാലയങ്ങളിൽ മതസംബന്ധമായ വിദ്യാഭ്യാസത്തെക്കൂടി ചേർക്കുന്നത് അത്യാവശ്യമാണെന്ന് അടുത്തകാലത്തു പല മഹാന്മാർക്കും അഭിപ്രായമുണ്ടായിട്ടുണ്ട്. ഈ അഭിപ്രായത്തെ ഘോഷിക്കുന്നവർ ഇപ്പോൾ അധികം പെരുകുന്നതിന്നും അതിന്റെ വ്യാപ്തിക്കു പ്രധാനകാരണം 'തിയോസഫിക്കൽ സൊസൈററി' എന്നു പറയുന്ന ബ്രഹ്മജ്ഞാനസംഘമാണെന്നു പറയാതെ കഴികയില്ല. ഈ സംഘത്തിന്റെ ആധിപത്യം വഹിക്കുന്ന മിസ്സിസ്സ് ആനിബെസൻറ് എന്ന പാശ്ചാത്യവിദുഷിയുടെ സിദ്ധാന്തം "വിദ്യാഭ്യാസത്തിന്റെ വിഷയങ്ങളിൽ മതത്തെക്കൂടി ചേർത്താൽ മാത്രമേ അതു ജനങ്ങളുടെ പാരലൗകികശിക്ഷണത്തിന്നും രാജ്യത്തിന്റെ ക്ഷേമത്തിന്നും അനുകൂലമായിരിക്കയുള്ളൂ" എന്നാണ്.

മേല്പറഞ്ഞ സംഗതികളെ ഉദ്ദേശിച്ചു നടത്തപ്പെടുന്ന കാശിയിലെ പ്രധാനഹിന്ദുവിദ്യാലയത്തിന്റെ നിർവ്വാഹകസംഘക്കാർ അതിന്റെ കീഴിൽ ഉള്ള സകലവിദ്യാലയങ്ങളിലും മതസംബന്ധമായും സന്മാർഗ്ഗസംബന്ധമായും ഉള്ള വിദ്യാഭ്യാസം വേണമെന്നു നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ഫലത്തിൽ പ്രശംസനീയങ്ങളായ അനേകം നിബന്ധനകൾ ഏർപ്പെട്ടിട്ടും ഉണ്ട്. പ്രാഥമികവിദ്യാലയത്തിൽവെച്ചു സനാതനധർമ്മപ്രശ്നോത്തരത്തെയും സനാതനധർമ്മപ്രാഥമികഗ്രന്ഥത്തെയും പഠിച്ചതിന്റെ ശേഷം, ആവശ്യമാകുന്നപക്ഷം ഉൽകൃഷ്ടവിദ്യാലയങ്ങളിൽവെച്ചു പഠിപ്പാനായി, പ്രധാനഹിന്ദുവിദ്യാലയത്തിന്റെ നിർവ്വാഹകസംഘക്കാർ അനേകവിദ്വാന്മാരുടെ സഹായത്താൽ ഇംഗ്ലീഷിൽ ഒരു ഉപരിഗ്രന്ഥത്തെ നിർമ്മിക്കുകയും ചെയ്തു. ശ്ലാഘ്യങ്ങളായ ഹിന്ദുമതസിദ്ധാന്തങ്ങളെയും വിശുദ്ധങ്ങളായ സന്മാർഗ്ഗോപദേശങ്ങളെയും ഏററവും വിശദമായി പ്രതിപാദിക്കുന്ന ആ പുസ്തകം കേരളീയന്മാരായ ഹിന്ദുക്കൾക്കും വിദ്യാർത്ഥികൾക്കും ഉപയോഗകരമായിത്തീരണമെന്നുള്ള വിചാരത്താൽ, മൂലഗ്രന്ഥപ്രകാശകന്മാരുടെ സകലനിബന്ധനകളെയും അനുസരിച്ച് മ. രാ. രാ. പള്ളിയിൽ കൃഷ്ണമേനോൻ ബി. ഏ., എൽ. ടി. അവർകൾ അതിനെ മലയാളത്തിലേക്കു ഭാഷാന്തരപ്പെടുത്തിയിരിക്കുന്നു. ആ ഭാഷാന്തരമാണ് ഇപ്പോൾ നമ്മുടെ നിരൂപണത്തിന്നു വിഷയീഭവിച്ചിരിക്കുന്ന ഗ്രന്ഥം.

ഈ ഗ്രന്ഥത്തെ മൂന്നു കാണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നു. പ്രഥമകാണ്ഡത്തിൽ ആറും, ദ്വിതീയകാണ്ഡത്തിൽ ഏഴും, തൃതീയകാണ്ഡത്തി

ൽ പതിനൊന്നു അദ്ധ്യായങ്ങൾ അടങ്ങിയിരിക്കുന്നു. പ്രഥമകാണ്ഡ ത്തിൽ ഓരോ അദ്ധ്യായങ്ങളിലുമായി ഏകത്വവാദം, നാനാത്വം, പുനർജ്ജന്മം, കർമ്മം, യജ്ഞം, ദൃശ്യാദൃശ്യലോകങ്ങൾ എന്നിങ്ങിനെയുള്ള ഹിന്ദുമതസംബന്ധമായ മൂലതത്വങ്ങളും, ദ്വിതീയകാണ്ഡത്തിൽ ഓരോ അദ്ധ്യായങ്ങളിലായിട്ട് സംസ്കാരങ്ങൾ, ശുദ്ധ്യാദികൾ, ശൗചം, പഞ്ചമഹായജ്ഞങ്ങൾ, ഉപാസന, നാലാശ്രമങ്ങൾ, ചാതുർവ്വർണ്ണ്യം എന്നിങ്ങിനെയുള്ള സദാചാരാചാരങ്ങളും സംസ്കാരങ്ങളും, തൃതീയ കാണ്ഡത്തിൽ അതാതദ്ധ്യായങ്ങളിലായി സന്മാർഗ്ഗശാസ്ത്രം, അതിൻ്റെ ധർമ്മശാസ്ത്രത്തെ അനുസരിച്ചുള്ള അടിസ്ഥാനം, ന്യായാന്യായങ്ങൾ, സന്മാർഗ്ഗശാസ്ത്രപ്രമാണം, സദ്ഗുണങ്ങളും അവയുടെ അടിസ്ഥാനവും, ആന്തരമായ മനോവികാരങ്ങളും, സ്വപരമായ സദ്ഗുണങ്ങൾ, മനുഷ്യസമുദായവുമായും സമന്മാരെ അപേക്ഷിച്ചും അപകൃഷ്ടന്മാരെ സംബന്ധിച്ചും ഉണ്ടാകുന്ന ഗുണദോഷങ്ങൾ, അവയുടെ പരസ്പരമുള്ള പ്രതിഘാതം എന്നിവക സന്മാർഗ്ഗശാസ്ത്രോപദേശങ്ങളും അടങ്ങിയിരിക്കുന്നു. ഈ ഓരോ വിഷയങ്ങളിലും അതാതിൻ്റെ അവസ്ഥക്കു തക്കവണ്ണമുള്ള ഗൌരവവും പൂർണ്ണതയും വരുത്തീട്ടുണ്ട്.

മേല്പറഞ്ഞ വിഷയങ്ങളിലെല്ലാം ശക്തിയോടുകൂടിയ യുക്തികളേയും പ്രമാണങ്ങളേയും കൊടുത്തിട്ടുള്ളത് വളരെ ഉചിതമായിരിക്കുന്നു. പ്രമാണങ്ങളൊക്കെയും ഹിന്തുക്കളുടെ ധർമ്മശാസ്ത്രഗ്രന്ഥങ്ങളായ വേദങ്ങൾ, സൂത്രങ്ങൾ, സ്മൃതികൾ, പുരാണങ്ങൾ, ഇതിഹാസങ്ങൾ ഇത്യാദികളിൽനിന്നാണ് എടുത്തുകാണിച്ചിട്ടുള്ളത്. എന്നാൽ അനേക ഭാഗങ്ങളിൽ അവയുടെ ഉദ്ദേശങ്ങളേയും പ്രാമാണ്യത്തേയും പറ്റി വിമർശനം ചെയ്തിട്ടുണ്ട്. എല്ലാ കാര്യങ്ങളേയും അങ്ങിനെതന്നെ പ്രതിപാദിക്കുന്ന സമ്പ്രദായത്തെ വിട്ട് മതാപേക്ഷയേയും യുക്തിയേയും പിടിച്ച് ഉപപന്നമായി നിരൂപണം ചെയ്തു പ്രതിപാദിച്ചിട്ടുള്ളത് ഏറ്റവും യുക്തമായിരിക്കുന്നു. പ്രതിപാദ്യവിഷയങ്ങളുടെ അവസാനഭാഗത്തിലോരോന്നിന്റെ ആദ്യത്തിൽ ഒരു വിജ്ഞാപനവും, പീഠികയും, സംക്ഷേപമായ ഒരു ചോദ്യമാല ചേർത്തിട്ടുള്ളതു വായനക്കാർക്കു വളരെ സഹായമായിട്ടുണ്ട്.

പ്രകൃതഗ്രന്ഥം ഒരു പരിഭാഷാപുസ്തകമായതിനാൽ പ്രതിപാദ്യങ്ങളെ സംബന്ധിച്ചേടത്തോളം അധികം എഴുതി ദീർഘിപ്പിക്കേണമെന്നു തോന്നുന്നില്ല. ഇനി അതിൻ്റെ ഗുണദോഷത്തെപ്പറ്റി ചിന്തിക്കുന്നതായാൽ അതും തരക്കേടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. വിഷയ

ങ്ങളുടെ ദുരവഗാഹതയെ ആലോചിച്ചാൽ ചില ശിക്ഷകളിൽ അതി ന്റെ സൂക്ഷ്മപ്രതിപത്തി കുറഞ്ഞു പോയിട്ടുള്ളത് അത്ര സാരമാ യിക്കരുതാനില്ല.

ആകപ്പാടെ നിരൂപിക്കുമ്പോൾ "ഈ പുസ്തകം പ്രസിദ്ധപ്പെടുത്തു ന്നതു കൊണ്ട് നഷ്ടമാകുന്നു" പരിഭാഷകനു തോന്നീട്ടുണ്ടെങ്കിലും കേരളീ യർക്ക് ഇതൊരു വലിയ ലാഭമാണെന്നാണ് ഞങ്ങളുടെ സദഭിപ്രായം അഭി പ്രായപ്പെടുന്നത്. അനേകം ഗ്രന്ഥങ്ങളിലായി അവിടവിടെ ചിന്നി ച്ചിതറിക്കിടക്കുന്ന സനാതനധർമ്മതത്വങ്ങളെ ഒരിടത്തു സംഗ്രഹിച്ച് ത്ത് ഒരുമിച്ച് വായനക്കാർക്ക് കരതലാമലകംപോലെ വിശദമാക്കിക്കാ ട്ടുന്നതായ ഈ ഉത്തമഗ്രന്ഥം കേരളഭാഷയ്ക്ക് അത്ഭുതകരമായി കിട്ടിയു ള്ള സമ്പാദ്യങ്ങളിൽ വിശേഷപ്പെട്ട ഒന്നാകയാൽ കേരളീയർ ഇതിനെ പൂ ർണ്ണമായും ആദരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇതിന്റെ വില ഒരു ക പ്പ ണമാണ്. വിദ്യാർത്ഥികൾക്കായാൽ പ കുതി ഇല്ലൂ. ഇപ്പുസ്തക ത്തെ കേരളകല്പദ്രുമം അച്ചുക്കൂടം മാനേജരോട് ആവശ്യപ്പെട്ടാൽ കിട്ടു ന്നതാണ്.

൮. ശൃംഗേരിയാത്ര.

പ്രസിദ്ധകവിയായ ബ്രഹ്മശ്രീ നടുവത്തച്ഛൻനമ്പൂതിരി അവർക ളുടെ കവിതാപ്പുണ്യങ്ങളെ അറിഞ്ഞിട്ടില്ലാത്തവർ മലയാളികളുടെ ഇടയി ൽ ഉണ്ടോ എന്ന സംശയമാണ്. ആ മഹാകവി, തന്റെ ഒരു ശൃംഗേരി യാത്രയെപ്പറ്റി എഴുതിയതും, ൧൦൦-ൽ അധികം പദ്യ ങ്ങളടങ്ങിയതുമായ 'ശൃംഗേരിയാത്ര' പുസ്തകവും ഇതിനുമുമ്പുതന്നെ 'മലയാളമനോരമ'യിലും മറ്റും പരിചയപ്പെട്ടിട്ടുണ്ടായിരിപ്പാനിട യുണ്ട്. സംസ്കൃതസാഹിത്യപ്രസംഗമായ ഈ വിശിഷ്ടഗ്രന്ഥത്തിന് ഇപ്പോ ഴെന്റെ. സി. രാമയ്യാരവർകളുടെ വിദ്യാവിലാസിനി അച്ചുക്കൂടം (കൊല്ലം) വക പുസ്തകരൂപേണ ഉണ്ടായിട്ടുള്ള ആവൃത്തിയെ ആരും മലയാ ളികൾ ആദരിക്കാതിരിക്കയില്ല. അച്ഛൻനമ്പൂതിരി അവർകളുടെ കവി തകളിൽ സാധാരണയായി കാണാറുള്ള മാധുര്യത്തെ അതിശയിച്ചും ഇതിലും ധാരാളം പ്രകാശിക്കുന്നുണ്ട്. ഉദാഹരണത്തിനായി ചില ശ്ലോകങ്ങളെ താഴെ ചേർക്കുന്നു:—

"ബ്രഹ്മാനന്ദവിഭവത്തിനു ഞാൻ ...
സമ്മോദാലവർ കണ്ടുപോരുമാറി നിരാവൃത
ധർമ്മോ സച്ചിദാനന്ദമയോ നൃത്യതേപുനഃ
ചിന്മയൻ വിഷ്ണുവോ സാക്ഷാൽ ...

ബ്രഹ്മമോ ബ്രാഹ്മണർക്കുള്ള ജന്മസാഫല്യപുണ്യമോ
ദിവ്യമാം ഇരുവസ്തുക്കളൊന്നിച്ചിവിടുണ്ടതാൻ
കൊല്ലിലാഷാഢിമാസ കാലേ പാലിച്ചീടാതെ ദീപമോ
കാലം തെറ്റാതെ വാഴും ലോകമാളികക്കുള്ള കാലത്തുപാർമാൻ
പുണ്യപുണ്യങ്ങളൊന്നിച്ച പുഷ്പാകാരമാർന്നതോ
വിസ്മയിപ്പിക്കുന്നതാകാരമുള്ളോരത്ഭുതവിഗ്രഹമോ"

മേലെഴുതിയ പദ്യങ്ങളിൽ സ്ഫുരിക്കുന്ന ഭക്തിവിശേഷം ആർക്കുതന്നെ രസിക്കാതിരിക്കയില്ല. ഇങ്ങിനെ ഓരോ പദ്യങ്ങളിലും പ്രകൃതാനുഗുണമായി പ്രകാശിക്കുന്ന രസസ്ഥിതിയെ ഒന്നൊന്നിനോടു താരതമ്യപ്പെടുത്തുവാൻ കഴിയുന്നതല്ല. ഇതുതന്നെയാണ് അച്ഛൻനമ്പൂതിരി അവർകളുടെ കവിതകളുടെ ഒരു വിശേഷം.

ആത്മതത്വം

അചിന്ത്യശക്തിനിയന്ത്രിതമതിശയനീയപരിവർത്തക്രമം പ്രപഞ്ചപ്രവാഹമേകലയതി കസ്യ നാമ സ്വചേതസ്യ ചേതസി നാനാ കല്പനാൻ ശങ്കാൻ പരിണാമോ(?)മിതി വിരചന്താ നോദേതി ? । ഇതിനാലേവ അനാദിപ്രഭൃതി ലോകശാസ്ത്രമതിഷ്ഠ്വതാം വിശേഷാം വിശേഷചിന്താം മനോമഹേന്ദ്ര । നിസ്സീമസ്യ ലോകസ്യ കാരണസ്വരൂപനിശ്ചയമേവ സപ്രകൃത്യനുസാരേണ സ്വസ്വസിദ്ധാന്തം "അന്ധഗജന്യായ"സാമാന്യപക്ഷാണ ഏവം പ്രകാശയന്തി । നിപുണം നിരൂപ്യമാണേ സർവ്വേഷാമേവ സിദ്ധാന്താനാം നാതി സ്വാതന്ത്ര്യം സിദ്ധമതമപി ന കാര്യകാരണം ഭേദമപി പുരുഷേണ । തന്നാസ്തികോ യം സ്വപ്രദായോ യദ്വാ ഹലോകചിന്താ ഏവ ആത്മചിന്താ സഹിതാ പിച ഭ്രമ ജ്ഞാനമി ചേതി । ശേഷം ചിന്തയാ നാസ്തി ഭവതി ഇന്ദ്രിയഗോചരമേവ ജ്ഞാനമേവാസ്തി വിഷയിഭൂതി ഭവതി സ്വതന്ത്രമപ്യേതേഷു ശക്യതേ । തേ പുനരാത്മനോ യഥാർത്ഥം സ്വരൂപമാത്മനേവാവഗന്തും പ്രയതന്തേ ശാസ്ത്രം പരിശുദ്ധ്യ സിദ്ധാന്തമേതം ചാതുര്യാൽ കഥം കല്പന്തി । ഏവമേകസ്യ സിദ്ധാന്തമേവ ലക്ഷ്യ പ്രവർത്തകാനാം ഏകമതാനുയായിനഃ ഇതി ദിവ്യതേന ലോകികൈഃ ।

ലോകേ കിന്തേഷാമേകസ്യാപി സിദ്ധാന്തസ്യ പ്രവർത്തകാ അപി അപൂർവ്വാ ഏവമത്ര നാസ്തി പക്ഷപാതസ്പർശശങ്കാ । തദേവ മതഭേദമപാരാവാരേ വസ്തു നിയന്ത്രിതം നൈസർഗ്ഗിക സങ്കുചിതപുരുഷസ്സ്വാർത്ഥം അവശ്യമേതദേവമിതി ച പ്രത്യപാദി ഭഗവതാ ഗീതായാം "ബുദ്ധിർജ്ഞ

[illegible] ശ്രീമച്ഛങ്കരാചാര്യൈ[illegible] [illegible] [illegible] [illegible] ഇതി [illegible] । [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] വസ്തു [illegible] [illegible] । [illegible] [illegible] [illegible] വസ്തുനഃ [illegible] സർവ്വസ്യ [illegible] [illegible] [illegible] [illegible] [illegible] വസ്തുതത്ത്വം । [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] വാ [illegible] [illegible] । [illegible] [illegible] പ്രകടീകൃതാനാമാശയാനാം [illegible] സംക്ഷിപ്യ [illegible] പ്രതിപാദയിതുമഭിലഷാമഃ ।

സകലപ്രാണിനാം വിവിധചേഷ്ടാനാം ചൈതന്യഹേതുത്വേന കിമപി തത്ത്വമസ്തീത്യേകകണ്ഠ്യേന സർവ്വേപി മതപ്രവർത്തകാ അംഗീകുർവ്വന്തി । തദീയസ്വരൂപേ പ്രത്യേകാഭിപ്രായഭേദാദ് വിവാദഃ ।

പ്രഥമം താവൽ ഭാരതീയാ മതപ്രവർത്തകാഃ ശരീരാത്മവാദിനസ്സൂക്ഷ്മ[illegible] ഇതി ദ്വേധാ വിഭജ്യന്തേ । തത്ര നാസ്തികപ്രധാനാ [illegible] ശരീരമേവാത്മാനം മന്യന്തേ । ചൈതന്യമപി പഞ്ചഭൂതാത്മകസ്യ ശരീരസ്യൈവേതി തേഷാമഭിപ്രായഃ । [illegible] ദേഹസ്യ ചൈതന്യമപി [illegible] । ശരീരധാതൂനാം പ്രത്യേകം ചൈതന്യാഭാവേപി [illegible] [illegible] । [illegible] [illegible] [illegible] [illegible] [illegible] [illegible] പ്രത്യക്ഷീക്രിയതേ । [illegible] [illegible] [illegible] ചൈതന്യമുത്പാദയതി । [illegible] [illegible] [illegible] [illegible] ച സംഭവതി । [illegible] [illegible] [illegible] [illegible] [illegible] ശരീരചൈതന്യം ച [illegible] ഉത്പദ്യതേ, [illegible] [illegible] ചേതി [illegible] । [illegible] [illegible] [illegible] [illegible] । [illegible] [illegible] [illegible] । [illegible] [illegible] [illegible] । [illegible] [illegible] [illegible] ലോകയാത്രാ [illegible] [illegible] । [illegible] [illegible] [illegible] । [illegible] വാ കിം വാ [illegible] സ്യാത് ? । [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] । കിം [illegible] । [illegible] ഹി ലോകഃ । സ ഹി

കേവല [illegible] സംസ്കൃത പ്രവർത്ത[illegible] । [illegible]
[illegible] ।

[illegible] ।
[illegible] ।
[illegible]
[illegible]
[illegible] । ഇത്യാദി[illegible]
[illegible]
[illegible]
[illegible] ഇതി । [illegible]
[illegible]
[illegible] ।

[illegible]
[illegible]
[illegible] ।
[illegible]
[illegible] ।
[illegible]
[illegible]
[illegible]
[illegible]

[illegible] ഇതി [illegible]
[illegible]
[illegible]
[illegible]
[illegible] ।
[illegible] ।
[illegible]
[illegible] ।
[illegible]
[illegible] ।
[illegible] ।

[illegible] ।
[illegible] । [illegible]
[illegible] ।

കെ. [illegible]

പലവക

[illegible]

*** *** *** ***

[illegible]

*** *** *** ***

[illegible]

*** *** *** ***

[illegible]

*** *** *** ***

Registered No. M. 909.

ഭരത ഇൻഷ്വറൻസ് കമ്പനി

മൂലധനം ഉറുപ്പിക 10,00,000.

[illegible] ഇരിപ്പ് ക 9,00,000.

അവകാശികൾക്ക് കൊടുത്തുകഴിഞ്ഞത് ക 2,00,000.

[illegible] ക 3,00,000.

5,000 ഉറുപ്പിക 60-ാമത്തെ വയസ്സിലോ, അതിനുമുമ്പിൽ മരിച്ചാൽ അവകാശികൾക്കോ കിട്ടുന്നതിന് മാസം 7ക 9ണ മാത്രം അടച്ചാൽ മതി.

[illegible] ഒരു വഴി !

ധനവാനാവാൻ ഒരു വഴി !!

[illegible], സമുദായങ്ങൾ, വിവാഹങ്ങൾ മുതലായവക്ക് ഏർപ്പാടുകൾ ഉണ്ടാകുവാനുള്ള തരം.

അധികവിവരങ്ങൾക്ക് താഴെ വിലാസത്തിൽ എഴുതുക.

ടി. എൻ. [illegible]

ഏജന്റ്, തിരുവില്വാമല.

[illegible]

[illegible]

[illegible]

[illegible] വില 1 കുപ്പി 4ണ. തപാൽ ഉറുപ്പിക 7ണ. 12 കുപ്പിക്ക് 2ക 12ണ. തപാൽക്കൂലി ഉൾപ്പെടെ 3ക 4ണ. [illegible]

[illegible] കമ്മീഷൻ ഏജൻസി.

[illegible]

മംഗളോദയം

പുസ്തകം ൨ } ൧൦൮൫ വൃശ്ചികമാസം { ലക്കം ൩.

വിഷയങ്ങൾ

മംഗളോദയം അച്ചുകൂടത്തിൽ

അച്ചടിച്ചതു.

1085

വായനക്കാരറിവാൻ

“മംഗളോദയം” വക വരിസംഖ്യ പിരിക്കുവാനായി ഞങ്ങൾ നിയമിച്ചിട്ടുള്ള സെക്രട്ടറിമാരിൽ സുബ്രഹ്മണ്യനെന്ന ആളെപ്പറ്റി പ്രാപ്ത ഇപ്പോൾ അതതിടങ്ങളിൽ കാലത്തിൽ വാങ്ങിച്ചതു് അന്യായമായിട്ടും കൂടി നിശ്ചയിച്ചു രശീതികളോടുകൂടി അയച്ചിരിക്കുന്നു. മാന്യവരിക്കാർ ഒരിക്കൽ മാത്രമേ ഏതെങ്കിലും വകയിൽ, അവരവർ അടക്കേണ്ട സംഖ്യ കൊടുത്തു രശീതി വാങ്ങേണ്ടതാണ് അവർക്ക് കഴിയുന്ന ഉത്സാഹവും ചെയ്തുകൊടുപ്പാനും അപേക്ഷ. കഴിഞ്ഞകൊല്ലത്തെ ബാക്കി തീർത്തിട്ടില്ലാത്തവർ ആ സംഖ്യയും മുൻകൂറായി ഈക്കൊല്ലത്തെ സംഖ്യയും ഉടനെ അടയ്ക്കേണ്ടതാണ്. എന്നു മം—മാനേജർ

[illegible]

പ്രസിദ്ധകവിയായ നടുവത്തു മഹൻനമ്പൂതിരി അവർകൾ ഉണ്ടാക്കിയ ഒരു നവീനകൃതി. ആവശ്യപ്പെടുക. വില ഒരണ മാത്രം. തപാൽച്ചിലവു പുറമെ.

മാനേജർ, മംഗളോദയം പ്രസ്സ്
ഷൊറണ്ണൂർ.

സ്വദേശി

ശരിയായ സ്വദേശി.

മിതമായ വില.

(വിശേഷമായ ശീലക്കോട്ടുകൾ, ഉടുപ്പുകൾ മുതലായ സാമാനങ്ങളും)
ഷൊറണ്ണൂർ തെക്കേ പോസ്റ്റാഫീസിൽ ആവശ്യംപോലെ

തയ്യാറുണ്ട്

പതിനെട്ടുകൊല്ലമായി നടന്നു വരുന്ന ഏർപ്പാട്. പലമാതിരി പുതിയ തുണിത്തരങ്ങളോടു കൂടിയിരിക്കുന്നു. സാമാനങ്ങളുടെ ഗുണം

മംഗളോദയം
മാസിക

പുസ്തകം ൨ | മേടമാസം | ലക്കം ൧൧

മംഗളം

ശ്ലോകം

ആരാണിവിടുന്നു നാകലോകങ്ങളുമെന്നുമെന്നാൽ
താരാമയാതളത്തെയുന്നതുമതില്ല കാൺകൂ
പാരാതെ സൎവ്വ്രശാസ്ത്രങ്ങളിൽ മുക്തി-
ദാരായി വേണം സുഖമാക്കുക ഞങ്ങളിലെട്ടു.

സുഖം

പ്രപഞ്ചത്തിലുള്ള പ്രാണിസമൂഹങ്ങളുടെ പ്രവൃത്തികളെല്ലാം ഒരേ ലക്ഷ്യത്തെ സാധിപ്പാനുള്ള ഉപായങ്ങളാകുന്നു. ഒരു ജന്തുവിന്റെ



ഏതൊരു പ്രവൃത്തിയെ പരിശോധിച്ചുനോക്കിയാലും പര്യവസാനം ഒരു പദാൎത്ഥത്തിൽ ചെന്നാണ്. ആ പദാൎത്ഥത്തെ സുഖമെന്നു ശബ്ദംകൊണ്ടു വ്യവഹരിക്കുന്നു. സുഖത്തിന്റെ പരിപൂൎണ്ണാവസ്ഥയിൽ എത്തുവാനായി ലോകം മുഴുവനും പ്രയത്നംചെയ്തുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം ചെയ്യുന്നതും, ഉദ്യോഗം വഹിക്കുന്നതും, കച്ചവടത്തിൽ പ്രവേശിക്കുന്നതും, കൃഷിയിൽ ഇറങ്ങുന്നതും, എന്നുവേണ്ട ജീവജാലം കാട്ടിക്കൂട്ടുന്ന കോലാഹലങ്ങൾ സകലവും അവനവന്റെ സുഖത്തിനായിട്ടാണെന്ന് എല്ലാവരും സമ്മതിക്കും. ലോകത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള ശാസ്ത്രജാലം ഈ പ്രയത്നത്തിന്റെ പരിണാമമാകുന്നു. ശാരീരങ്ങളായ ദുഃഖങ്ങളെ അനുഭവിച്ചു ബുദ്ധിമുട്ടുന്നതിനെ പരിഹരിപ്പാനായിച്ചെയ്തിട്ടുള്ള പരിശ്രമങ്ങൾ വൈദ്യശാസ്ത്രമായിത്തീൎന്നു. ഉപജീവനത്തിനായിട്ടുള്ള ഉദ്യമങ്ങളുടെ ഫലങ്ങളാണ

കലാവിദ്യകൾ. മനസ്സംബന്ധിച്ച വികാരങ്ങളേയും, അതുകൊണ്ടുണ്ടാകുന്ന ആപത്തുകളേയും അകറ്റുവാൻ അനാദ്യമായി അവലംബിച്ചിട്ടുള്ള അഭ്യാസം ആത്മവിദ്യയായിക്കൊണ്ടിരിക്കും. ഇങ്ങിനെ ഓരോന്നായി ആരംഭിക്കുന്നതായാൽ സമസ്തവസ്തുക്കളും സുഖസമ്പാദനത്തിന്നുള്ള പ്രയത്നത്തിന്റെ പരിണാമമാകുന്നുവെന്ന് എളുപ്പത്തിൽ അറിയാം. ഈ തത്വത്തെ ശങ്കരാചാര്യർ "സുഖാത്മാ സർവ്വഭൂതാനാം മതാഃ സർവ്വാഃ പ്രവൃത്തയഃ" എന്ന ശ്ലോകാർദ്ധത്തിൽ ഉദ്ഘോഷിച്ചിരിക്കുന്നു. ഇത്രയും പ്രയത്നങ്ങൾ ചെയ്യുന്നതെങ്കിലും ലോകത്തിൽ സുഖമുള്ളവനെന്നു പറവാൻ യോഗ്യതയുള്ള ഒരുവനെ കണ്ടെത്തുന്ന കാര്യം വളരെ കഠിനമായിരിക്കുന്നു. ഇതെന്താശ്ചര്യമാണ്! ഒരുവനെങ്കിലും താൻ സുഖവാനാണെന്നു സമ്മതിക്കുന്നില്ല. ഇതിന്റെ കാരണം എന്താണ്? പ്രകൃതിയിലുള്ള ഓരോ അനർത്ഥങ്ങളുടെ പരിഹാരോപായം കണ്ടുപിടിച്ച് അല്പം സമാധാനിക്കുമ്പോഴേക്കു പുതുതായി മറ്റൊരനർത്ഥം നേരിടുന്നു. അതിന്റെ നിവൃത്തിമാർഗ്ഗം കാണുമ്പോഴേക്കു മറ്റൊന്നിന്റെ പുറപ്പാടായി.

ഇങ്ങിനെ കടലിലെ തിരമാലകൾപോലെ ദുഃഖങ്ങൾ പ്രാണികളെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. ഇതിനെപ്പറ്റി പലരും ആലോചിച്ചു പലവിധമായി തീരുമാനിച്ചിട്ടുണ്ട്. ലോകസംസാരം സുഖദുഃഖമിശ്രമാണെന്നു ചിലരും, ഒരുകാലത്തു ലോകം മുഴുവൻ സുഖമയമായ്ത്തീരുമെന്നു വേറെ ചിലരും അഭിപ്രായപ്പെടുന്നു. ഇതിൽ ആദ്യത്തെ പക്ഷം സൂക്ഷ്മാലോചനയില്ലാത്തവരുടെ ദൃഷ്ടിയിൽ സാധുവാണെന്നു തോന്നിയേക്കാം. രണ്ടാമത്തെ പക്ഷം ഒരുവിധം അസംഭാവിതമാണെന്നു അനുഭവംകൊണ്ടു നാം അറിയുന്നു. പുരാതനാര്യന്മാർ സുഖദുഃഖങ്ങളെപ്പറ്റി ആലോചിച്ചു നിശ്ചയിച്ചിട്ടുള്ളതു താഴെ വിവരിക്കുന്ന വിധത്തിലാണ്—എങ്ങും നിറഞ്ഞു വിളങ്ങുന്ന പരമാത്മാവു നിത്യസുഖസ്വരൂപിയായിരിക്കുന്നു. അന്തഃകരണത്തിൽ പരമാത്മാവിന്റെ പ്രതിബിംബത്തെ ജീവനെന്നു പറയുന്നു. ബിംബത്തിന്റെ സ്വഭാവഗുണം പ്രതിബിംബത്തിന്നുണ്ടാവുന്നതു സാധാരണയാണെങ്കിലും പ്രതിഫലിപ്പിക്കുന്ന സാധനത്തിന്റെ ഗുണദോഷങ്ങളും പ്രതിബിംബത്തെ ബാധിക്കുന്നത് അനുഭവസിദ്ധമാണ്. ബിംബമായ ആത്മാവിന്റെ സ്വഭാവം പ്രതിബിംബമായ ജീവാത്മാവിന്നും സ്വതസ്സിദ്ധമായിരിക്കുന്നുണ്ട്. എന്നാൽ അന്തഃകരണം മലിനമാകുമ്പോൾ പ്രതിഫലനത്തിലും മാലിന്യ

ത്തുകയും, പൂൎണ്ണസുഖസാക്ഷാൽകാരമുണ്ടാകയും ചെയ്യുന്നു. അപ്പോൾ ദുഃഖമെന്നുള്ള തോന്നലുണ്ടാകുന്നു. അന്തഃകരണത്തിന്നു മാലിന്യമില്ലാത്ത കാലത്തിൽ സംപൂൎണ്ണമായ സുഖാനുഭവം ഉണ്ടാകുന്നുണ്ടെന്നുള്ളതിലേക്ക് സുഷുപ്തികാലത്തിലെ അനുഭവം സാക്ഷിയാകുന്നു. സുഷുപ്തിദശയിൽ മനസ്സു പ്രസന്നമായും നിൎവികാരമായും ഇരിക്കുന്നു. അപ്പോൾ ആത്മപ്രതിഫലനവും പരിപൂൎണ്ണമാകുന്നു.

മേൽപ്പറഞ്ഞ സംഗതികളെക്കൊണ്ടു സുഖം സ്വതസ്സിദ്ധമായിരിക്കുന്നുവെന്നു വരുന്നു. മനസ്സിന്റെ മാലിന്യംനിമിത്തമാണ് അതു വ്യക്തമാകുന്നില്ല. അതുകൊണ്ട് മനോദോഷങ്ങളെ നശിപ്പിച്ചാൽ സുഖം സിദ്ധിക്കുവാൻ വേറെ പ്രയത്നം ചെയ്യേണ്ടതില്ല. ഈ വിധത്തിൽ ദുഃഖഹേതുവായിരിക്കുന്ന മനോദോഷം എന്താണെന്നാലോചിക്കുക.

മനോദോഷങ്ങൾ അസംഖ്യങ്ങളാണെങ്കിലും അവയുടെ കാരണസ്ഥാനം കാമത്തിന്നാകുന്നു. കാമം എന്നാൽ ആഗ്രഹം. നാം എന്തെങ്കിലും ഒരു പദാൎത്ഥത്തെ ആഗ്രഹിക്കുമ്പോൾ മനസ്സു ക്ഷോഭിക്കയും, സുഖമില്ലാതാവുകയും ചെയ്യുന്നു. ആഗ്രഹിച്ച പദാൎത്ഥം കിട്ടുമ്പോൾ ആഗ്രഹം നശിക്കയും, മനസ്സിന്നു പ്രസാദമുണ്ടാകയും, തൽക്കാലത്തിൽ സുഖം തോന്നുകയും ചെയ്യുന്നു. പിന്നെ മറ്റൊന്നിനെ ആഗ്രഹിക്കുകയായി, പിന്നെയും ദുഃഖംതന്നെ. മേൽക്കുമേൽ മനസ്സ്, അതാതിന്റെ അവസ്ഥയെ അനുസരിച്ച് മറ്റൊന്നിനെ ആഗ്രഹിക്കുന്നു. ഇതുനിമിത്തം ഒരുവനു സുഖഹേതുവായിട്ടുള്ള സാധനം മറ്റൊരുവന്നു സുഖഹേതുവാകുന്നില്ല. ചിലപ്പോൾ ദുഃഖഹേതുവും ആകുന്നു. ഇങ്ങിനെ അനന്തമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മനോദോഷമാണ് പ്രാണിജാലത്തെ ദുഃഖിപ്പിക്കുന്നത്. ഈ മനോദോഷത്തെ ജയിപ്പാൻ ശക്തിയുള്ള ഒരുവന് എല്ലായ്പോഴും സുഖംതന്നെ. അതിന്നു മുഖ്യമായിവേണ്ടതു മനഃപരിഷ്കാരമാണ്. കേവലം ബാഹ്യപരിഷ്കാരങ്ങൾ ഒരുകാലത്തും സുഖത്തെ നൽകയില്ല. ബാഹ്യങ്ങളായ എല്ലാ വസ്തുക്കളേയും നന്നാക്കുവാൻ ശ്രമിക്കുന്നതിനേക്കാൾ അവനവന്റെ മനസ്സിനെ നന്നാക്കുന്നതായിരിക്കും എളുപ്പം. ഭൂമിയിൽ മുഴുവൻ തോൽ വിരിക്കുന്നതിനേക്കാൾ തനതായുള്ള ഒരു കാലിൽ ചെരിപ്പിടുകയാണ നല്ലതെന്നറിയാത്തവർ ആരും ഉണ്ടായിരിക്കയില്ല.

മനോവികാരമായ കാമത്തെ ജയിപ്പാൻ ശക്തിയുള്ളവനാണ് യഥാൎത്ഥത്തിൽ പരിഷ്കാരി എന്ന പേരിനെ അൎഹിക്കുന്നത്. ഈ പരിഷ്കാര

മാണു പഠിപ്പുകൊണ്ടിരിക്കേണ്ടതെന്ന താഴെ ചേർന്ന ശ്ലോകത്തിൽനിന്നു വ്യക്തമായിരിക്കുന്നു —

യച്ച കാമസുഖം ലോകേ
യച്ച ദിവ്യം മഹത്സുഖം
തൃഷ്ണാക്ഷയസുഖസ്യൈതേ
നാർഹതഃ ഷോഡശീം കലാം.

മനുഷ്യർക്ക് ആഗ്രഹങ്ങളെല്ലാം സാധിച്ചു സുഖമായിരിക്കുന്ന കാര്യം "തിരതീർന്നു കടലാടുന്നതിനോടു" തുല്യമാണ്. ആഗ്രഹങ്ങളില്ലാതാവാൻ വേണ്ട വിദ്യാഭ്യാസംകൊണ്ടേ സുഖം കിട്ടുകയുള്ളു. അങ്ങിനെയുള്ള വിദ്യാഭ്യാസം ഇന്നതാണെന്ന മറ്റൊരവസരത്തിൽ വിവരിച്ചുകൊള്ളാം.

ഒരു വിളംബരം

പഴയകാലത്തെ സമുദായനടപടികളുടെ സ്വഭാവത്തെ സ്ഥിതിയെ പ്രതിപാദിക്കുന്ന ലക്ഷ്യങ്ങൾ കണ്ടുകിട്ടുവാൻ പ്രയാസമായിരിക്കുന്ന ഇക്കാലത്ത്, അങ്ങിനെ വല്ല രേഖകളും കിട്ടുന്നതായാൽ അവയെ വിലമതിക്കുവാൻ പാടില്ലാത്തതായ പ്രാമാണ്യഗ്രന്ഥങ്ങളുടെ നിധിയാകുന്നു. അതിനാൽ അവയിലടങ്ങിയ സംഗതികൾ പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നത് അത്യാവശ്യമാണ്. ഈ ഉദ്ദേശത്തോടുകൂടി പ്രാചീനലേഖ്യപരിശോധനയിൽ ഏർപ്പെട്ടിരിക്കുന്ന ഞങ്ങൾക്ക് ഇയ്യിടയിൽ ഒരു നൂറുകൊല്ലത്തോളം പഴക്കമുള്ളതായ താഴെച്ചേർന്ന വിളംബരം കാണുവാനിടയായി. ഇത്, കർണ്ണൽ മൺറോസായ്പവർകൾ കൊച്ചി, തിരുവിതാംകൂർ ബ്രിട്ടീഷ് റസിഡണ്ടും, തിരുവിതാംകൂർ ദിവാൻജിയും ആയിരുന്ന കാലത്തു തിരുവിതാംകൂറിൽ പ്രസിദ്ധപ്പെടുത്തിയതും, എടപ്പള്ളി രാജസ്വരൂപത്തിലെ ഗ്രന്ഥശേഖരത്തിൽനിന്നു തിരഞ്ഞെടുത്ത് മ. രാ. രാ. സി. ഏ. ഗോപാലപ്പണിക്കർ ബി. ഏ. അവർകൾ ഞങ്ങൾക്കയച്ചുതന്നതും ആകുന്നു. അക്കാലത്തെ നീതിന്യായം നടത്തിപ്പിന്റെ രീതി എത്രമാത്രം ഭയങ്കരപ്പെട്ടതായിരുന്നു എന്ന് ഇതിൽനിന്ന് വിശദമാകുന്നതാണ്.

൪൩

ഇസ്ത്യാർ നാമാവന്ന മൺറോകി എല്ലാവർക്കും പരസ്യമായിട്ട അറിയിക്കുന്ന വിളംബരം

എന്തെന്നാൽ ഈ രാജ്യത്തിൽ പിടാനംകള്ളന്മാർവന്ന ഉദ്യോഗസ്ഥന്മാരുടെ വീട്ടുകളും കുടിയാനവന്മാരുടെ ഭവനങ്ങളും കൊള്ളയും കുലപാതകങ്ങളും ചെയ്തിരിക്കുന്നു. ആയത തീരുമാനം വന്നതിൽ ചെയ്യേണ്ടുന്നതിന്ന വളരെ ആവശ്യം ഇരിക്കകൊണ്ട സകലജനങ്ങൾക്കും പ്രസിദ്ധപ്പെടുത്തുന്നത എന്തെന്നാൽ കള്ളന്മാർക്ക പ്രമാണമായിരിക്കുന്ന രാമനായരെയും ഇക്കണ്ടകുട്ടിനെയും നമ്പിയാരെയും വടക്കൻ കുഞ്ഞനായരെയും കുഞ്ഞൻനായരെയും ഇട്ടുകൊച്ചനെയും ചെങ്ങാഴിക്കുട്ടി നാരായണൻനമ്പിയാരെയും ഈ എഴുതിയ പ്രമാണികളായിട്ടുള്ള ആളുകളെ ആരെങ്കിലും പ്രാണനോടുകൂടി കൊന്നായത കൊണ്ട വന്ന പണ്ടാരവകയിൽ ഏല്പിച്ചാൽ ആയത കഴികയില്ലെങ്കിൽ മേൽ എഴുതിയ ആളുകൾ എവിടെയിൽ ഇരിക്കുന്നു എന്ന സൂക്ഷമറിയിച്ച പണ്ടാരവകയിൽ വന്ന ശിക്ഷ്യപ്പെടുത്തിപ്പിടിപ്പിക്കുന്ന ആളുകൾക്ക ആയിരത്തിൽ രൂപ വീതം എനാമമായിട്ട കൊടുക്കയും ചെയ്യും. അതല്ലാതെ മേൽ എഴുതിയ ആളുകളോടുകൂടി കുലപാതകവും മറ്റെല്ലാം ചെയ്തിരിക്കുന്ന ആളുകളെയും പിടിച്ചുകൊണ്ടുവന്ന ഏല്പിച്ചാലും ശിക്ഷപ്പെടുത്തിയാലും അവരവരുടെ അവസ്ഥപോലെ എനാമം നിശ്ചയിച്ച കൊടുപ്പിക്കയും ചെയ്യും. ഉദ്യോഗസ്ഥന്മാരുടെ വീട്ടുകളിലും കുടിയാനവന്മാരുടെ ഭവനങ്ങളിലും ഇപ്രകാരം വന്നിരിക്കുന്നതാകകൊണ്ട എല്ലാവരും ബോധിച്ചിരിക്കേണ്ടത എന്തെന്നാൽ സർവ്വാധികാര്യക്കാരന്മാർ കാര്യക്കാരന്മാർ പ്രവൃത്തിക്കാരന്മാർ മേൽപ്പടിക്കാരന്മാർ മുതലായിട്ടുള്ള ആളുകളും രാജ്യത്തിലുള്ള ജനങ്ങളൊക്കെപ്പെട്ട ആളുകളും ഇരിക്കുമ്പോൾ ഈ ജില്ലകളിൽ പ്രമാണപ്പെട്ട കള്ളന്മാരെ ശിക്ഷിച്ചുപിടിക്കാതെ അതിനാൽ ഉപദ്രവമായിട്ട പാർക്കുന്ന ആളുകൾക്കും കള്ളന്മാർക്ക ഭയമായിട്ടിരുന്ന ആരിൽ അവരവരെ ശിക്ഷയായി പിടിപ്പിച്ചാലും കൊടുപ്പിച്ചാലും ആയാളുകൾക്കും വലുതായിട്ടുള്ള കാര്യങ്ങൾകൊണ്ട അതിൽനിന്നും ഉള്ള ആളുകളെ കള്ളന്മാരെ ചെയ്തിരിക്കുന്നതുപോലെ ഉള്ള ശിക്ഷ ചെയ്യിക്കയും ചെയ്യും. എന്ന 988-ാമാണ്ട മകരമാസം 28-ാം തീയതി എഴുതിയ.　　　　മൺറോ (ഒപ്പു)

ഒന്നാകുന്നവയെത്രി) വേദങ്ങളെ നിർമ്മിച്ച് മഹർഷി മുതലായവർക്ക് കൊടുത്ത
കയും ചെയ്തുവെന്ന പ്രസിദ്ധമാണല്ലോ. ഈ സംഗതി ശ്രുതിസമ്മത
മായിട്ടുള്ളതുമാണ്. അതുകൊണ്ട് ശബ്ദാർത്ഥസംബന്ധം സാമ്പ്രദായികമാ
ണെന്നു വരുന്നതല്ലയോ?

ഈ ശങ്കയെ മീമാംസകന്മാർ ഇങ്ങിനെ സമാധാനിക്കുന്നു—സൃഷ്ടി
യുടെ ആദികാലം എന്നൊരു കാലം ഉണ്ടായിരുന്നു എന്നു വിചാരിപ്പാൻ
ന്യായമില്ല. അങ്ങിനെ ഉണ്ടായിരുന്നുവെങ്കിൽ സർവ്വപ്രപഞ്ചങ്ങളുടെയും
സ്രഷ്ടാവായ പ്രജാപതി അപ്പോൾ എവിടെയായിരുന്നു? ആ കാലത്തു
പൃഥിവ്യാദികൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പ്രജാപതിക്കിരിക്കുവാൻ
ആധാരമായിട്ട് ഒരു സ്ഥാനവും ഉണ്ടായിരിപ്പാനിടയില്ല. എന്നുമാത്രമ
ല്ല, അപ്പോൾ പ്രജാപതിയുടെ ആകൃതി എന്തായിരുന്നു? ശരീരമുള്ളവ
നായിരുന്നുവെന്നു പറയുവാൻ പാടില്ല. അശരീരനായിരുന്നെങ്കിൽ സൃഷ്ടി
യിങ്കൽ പ്രയത്നംതന്നെ അസംഭാവ്യമായിത്തീരും. ഇനി ശരീരിയായിരുന്നു
വെന്നും പറഞ്ഞുകൂടാ. ആ അവസരത്തിൽ പൃഥിവ്യാദികളായ ഭൂതങ്ങൾ
ഇല്ലാതിരുന്നതിനാൽ ഭൗതികമായ ശരീരം ഉണ്ടാകുന്നതെങ്ങിനെ? ആ
കാലത്തു ധർമ്മാധർമ്മങ്ങളും ഇല്ലാതിരുന്നതിനാൽ ധർമ്മാധർമ്മങ്ങളെ സൃഷ്ടി
ച്ചുവെന്നു പറയുന്നതും സാധുവല്ല. ഇനി ജഗത്സൃഷ്ടിയെ ആഗ്രഹി
ച്ചുവെന്നാലതിനും യുക്തിയില്ല. കാരണമില്ലാതെ കാര്യം ഉണ്ടാ
വാത്തതിനാൽ ജഗത്സൃഷ്ടിയിലും ഒരു കാരണമുണ്ടായിരിക്കണമല്ലോ.
ആ കാരണം എന്തായിരിക്കാം? പ്രജാപതിയുടെ അനുകമ്പയായിരി
ക്കാമോ? ജന്തുക്കൾതന്നെ അന്നില്ലാതിരുന്നതിനാൽ അനുകമ്പയ്ക്കവകാശ
മേയില്ല. ഇനി അനുകമ്പനിമിത്തം സൃഷ്ടിച്ചു എന്നുതന്നെ വിചാരി
ക്കുക. എന്നാൽ ആ സൃഷ്ടിയുടെ ഫലമായ ലോകം സുഖമയമായിരിക്കേണ്ട
തായിരുന്നു. അതിനാൽ പ്രജാപതിയുടെ ലോകസൃഷ്ടി നിഷ്പ്രയോജനമാ
ണെന്നു വരുന്നു. അങ്ങിനെ ഒരു കാര്യത്തിൽ സർവ്വജ്ഞനായവനെന്നു
പറയപ്പെടുന്ന ഒരുവൻ ഏർപ്പെട്ടിരിക്കയില്ല.

ഇങ്ങിനെ സൃഷ്ടി മിഥ്യയാണെന്നു പറഞ്ഞതുപോലെ ജഗത്സംഹാ
രവും യുക്തിക്കു യോജിക്കാത്തതാണ്. ഇതുപോലെ സംഹാരത്തെപ്പറ്റി
ഉണ്ടായി എന്നു പറയേണ്ടതല്ലോ. ധർമ്മാധർമ്മരൂപമായ അദൃഷ്ടത്തിന്റെ
നിവൃത്തിയും ഒരുമിച്ചുണ്ടാവുന്നതിനാൽ സംഹാരമുണ്ടാകുന്നു
എന്നു ചിലർ പറയുവാൻ. എന്നാൽ അത്യന്തം വിഭി
ന്നങ്ങളായ സൃഷ്ടിസംഹാരങ്ങൾക്ക് ഒരു കാരണം ആയിരിക്കുന്ന

ങ്ങിനെ പിന്നെ, ഈശ്വരൻ ചെയ്യുന്നതായ സംഹാരകൃത്യത്തെ അറിയു പായമായിട്ടോ? സംഹാരസമയത്തിൽ നിന്നിട്ടുണ്ടായിരിക്കുന്നതെ ങ്ങിനെ? ഇതെല്ലാം വേദപ്രമാണ അറിയുന്നവനെ പറയാമോ? എന്നാൽ ഈശ്വരനാണ വേദത്തിന്റെ സൃഷ്ടികർത്താ വാദമെന്ന് അങ്ങിനെയല്ല, വേദം നിത്യമാകുന്നു എന്ന പറഞ്ഞതുകൊണ്ടുമല്ലോ. എന്നാൽ സൃഷ്ടിയുടെ ഉത്പത്തിയെ ഉള്ള വേദങ്ങളിൽ സൃഷ്ടിയെപ്പററിയും മററും പ്രസ്താവിച്ചിട്ടുള്ളതിന് എന്താണ സമാധാനം എന്നാണെങ്കിൽ ആ വക വാക്യങ്ങളുടെ താൽപര്യം വേറെയാണ്. ഇനി, ശ്രുതിസ്മൃതിപ്രസിദ്ധങ്ങളായ സൃഷ്ടിസംഹാരങ്ങൾ അസിദ്ധമാണെന്ന പറഞ്ഞാൽ സാധുവാകുമോ എന്നാണെങ്കിൽ പറയാനുള്ളത്. പ്രമാണമൂലമായ പ്രസിദ്ധിക്കേ സാധുത്വം കല്പിപ്പാൻ തരമുള്ളൂ. ഈ പ്രസിദ്ധി അങ്ങിനെയല്ല. ശ്രുതിപുരാണങ്ങളായ ചില അർത്ഥവാദവാക്യങ്ങളിൽനിന്ന ജനങ്ങൾക്കുണ്ടായിട്ടുള്ള ഭ്രമനിമിത്തമാണ് സൃഷ്ടിസംഹാരങ്ങൾ ഉണ്ടെന്ന പറയുന്നത്. ശാസ്ത്രങ്ങളുടെ പൌർവ്വാപര്യത്തെ ആലോചിക്കാതിരുന്നാൽ ഈ ഭ്രമം സുലഭമായിട്ട കാണാവുന്നതുമാണ്. ഭാരതാദിഗ്രന്ഥങ്ങളിലും, വേദങ്ങളിലെന്നപോലെ ജനങ്ങളെ ധർമ്മത്തിൽ പ്രവർത്തിപ്പിപ്പാനും അധർമ്മത്തിൽനിന്ന നിവർത്തിപ്പാനും ആയിട്ടാണ് സൃഷ്ടി മുതലായവയെ ഉപാഖ്യാനം ചെയ്തിട്ടുള്ളത്. അതിനാൽ അവയിൽനിന്നും ഈ ഭ്രമം ഉണ്ടാവുന്നതാണ്. ഈ സംഗതിയെ വാർത്തികകാരൻ സ്പഷ്ടമായിപ്പറഞ്ഞിട്ടുണ്ട്:—

> “സ്തുതിവാക്യകൃതത്വേന ജനാനാം മതിവിഭ്രമഃ
> പൌർവ്വാപര്യാപരാമൃഷ്ടി ശാസ്ത്രാണാം കൃതാ മതിഃ.
> ഉപാഖ്യാനാദിമാത്രേണ പ്രവൃത്തിർവൈദികേഷു ന
> ധർമ്മാദൌ ഭാരതാദീനാം ശ്രുതിസ്മൃത്യപ്രസാധകൾ.
> ആഖ്യാനോപാഖ്യാനാദിഭിഃ കാര്യ സർവ്വത്ര വിദ്യതേ
> ശ്രുതിനിരാകൃത്യ കഥ്യതേ ലോകപ്രസിദ്ധ്യാപി വാ” (1)

ഇത്രയും പറഞ്ഞതുകൊണ്ട് സൃഷ്ടിസംഹാരങ്ങൾ ഉണ്ടെന്നുള്ളതിലേക്ക പ്രമാണമില്ലെന്ന സിദ്ധിക്കുന്നു.

ഈശ്വരനുണ്ടെന്ന പറയുന്നതും മിഥ്യയാണെന്ന മുമ്പ് പറഞ്ഞിട്ടുണ്ടല്ലോ. ഇനിയും ചില സംഗതികൾ പറയേണ്ടതായിട്ടുണ്ട്. ഒന്നാ

(1) സംബന്ധവാർത്തികം

കാര്യങ്ങളുടേയും പ്രയത്നത്തിന്റെ ലക്ഷ്യം ഉണ്ടായിരിക്കണമെന്നുള്ളതു നിസ്സംശയമാണ്. ഈശ്വരന്റെ പ്രയത്നം നിത്യമാകുന്നപക്ഷത്തിൽ അതു് എപ്പോഴും [illegible] [illegible]. എപ്പോഴുമാണെന്നാണെങ്കിൽ അതു വിച്ഛേദമായ കാര്യങ്ങൾക്കു ഹേതുവായിരിക്കയില്ല. ഇനി, പ്രയത്നങ്ങൾ അനേകങ്ങളും നിത്യങ്ങളുമാണെന്നുവരികിലും, പ്രളയത്തിന്റെ ഹേതുഭൂതമായ പ്രയ[illegible]ത്നം സൃഷ്ടികാലത്തിലും, സൃഷ്ടികാരണഭൂതമായ പ്രയത്നം പ്രളയകാലത്തിലും നില്ക്കുന്നതുകൊണ്ടു്, അവ രണ്ടിന്നും അന്യോന്യവിരോധമുള്ളതിനാൽ സൃഷ്ടിയാകട്ടെ പ്രളയമാകട്ടെ ഉണ്ടാവാനവകാശമില്ല. ഇനി, ലോകത്തിൽ സാവയവമായിട്ടുള്ള സർവ്വവും കാര്യമാകുന്നതുകൊണ്ടു് സാവയവമായ പൃഥിവ്യാദികളും കാര്യതയുള്ളതിനാലും, കാര്യത്തിന്നു നിശ്ചയമായും ഒരു കർത്താവു വേണ്ടതിനാലും പൃഥിവ്യാദികളുടെ കർത്താവിനെ ഈശ്വരനാണെന്നു നിശ്ചയിക്കാമെന്നാണെങ്കിൽ അതും സാധുവാകയില്ല. ഈശ്വരന്നു്, ഒരു കർത്താവിന്നാവശ്യമുള്ള ഇച്ഛാപ്രയത്നാദികൾ ഇല്ലെങ്കിൽ അതിന്റെ കർത്തൃത്വം സിദ്ധിക്കുന്നതും എങ്ങിനെയാണു്? പറഞ്ഞ ഒരു ശരീരത്താൽ കൃതമായിട്ടുള്ളതെല്ലാം [illegible]രിക്കുന്നതാണ്. പൃഥിവി, ആകാശം മുതലായവയൊന്നും [illegible]യിട്ടുള്ളതല്ല. അതിനാൽ ഈശ്വരനെ പൃഥിവ്യാദികളുടെ കർത്താവായിട്ടു കല്പിക്കുന്നതായാൽ അതു് യുക്തമല്ലെന്നു വരുമല്ലോ. അതുകൊണ്ടു് സൃഷ്ടിപ്രളയങ്ങളിലൊന്നിലും ഈശ്വരന്റെ സഹായത്തിന്നും പ്രസക്തി കാണുന്നില്ല.

ഇതുമാത്രംകൊണ്ടും തീരുന്നില്ല. ഈശ്വരസത്തയെ സ്വീകരിക്കേണ്ടതിനു പ്രമാണമൊന്നും ഇല്ല. സൃഷ്ടിസംഹാരങ്ങൾ മിഥ്യാകല്പിതങ്ങളാണെന്നു മുമ്പു സമർത്ഥിച്ചിട്ടുണ്ടല്ലോ. അതിനാൽ സൃഷ്ടിസംഹാരകർത്തൃത്വത്തിന്നുവേണ്ടി ഈശ്വരനെ അംഗീകരിക്കേണ്ടതില്ല. വേദപ്രാമാണ്യത്തെ സമർത്ഥിക്കുവാനും ഈശ്വരന്റെ അപേക്ഷയില്ല. ശബ്ദാർത്ഥസംബന്ധം നിത്യമാകയാൽ അപൗരുഷേയമായ വേദത്തിന്നു പ്രാമാണ്യം സിദ്ധമാകുന്നു. ഇനി കർമ്മഫലപ്രദാനകർത്താവായിട്ടും ഈശ്വരനെ സ്വീകരിക്കേണ്ടതില്ല. ജ്യോതിഷ്ടോമാദിയായ കർമ്മംകൊണ്ടാണ് സ്വർഗ്ഗഫലം സിദ്ധിക്കുന്നതെന്നു വേദം ശാസിക്കുന്നു. പിന്നെ, ജ്യോതിഷ്ടോമാദിയായ യാഗം അപ്പോൾതന്നെ നശിക്കുന്നതുകൊണ്ട് കാലാന്തരത്തിൽ ഫലം സിദ്ധിക്കുന്നതെങ്ങിനെയാണെന്നു ശങ്കിപ്പാൻ പാടില്ല. യാഗം നശിച്ചാലും അതിന്റെ ഒരു വ്യാപാരം, അല്ലെങ്കിൽ ശക്തി (അ-

ണിട്ടും നിലനിൽക്കുന്നതാണെന്ന് കാര്യപ്രമാണ്യത്തിനുവേണ്ടി സ്വീകരി
ക്കാതെ കഴികയില്ല. വെള്ളം ചൂടുപിടിപ്പിച്ച അഗ്നി കെട്ടുപോയാലും
ആ അഗ്നിജന്യമായ ചൂട് വെള്ളത്തിൽ പിന്നെയും കുറേനേരം നിൽക്കു
ന്നതുപോലെ യാഗജന്യമായ ഒരു ശക്തി ആത്മാവിങ്കൽ അനുവർത്തിച്ചു
നിൽക്കുന്നുണ്ടെന്നും, ആ ശക്തിയിൽനിന്നാണ് ഫലം സിദ്ധിക്കുന്നതെ
ന്നും സ്വീകരിച്ചാൽ മതി. അതിനാൽ, ഈശ്വരാസ്തിത്വത്തിനു പ്രമാ
ണമില്ലെന്നല്ല, പ്രയോജനവും ഇല്ലെന്നു സിദ്ധിക്കുന്നു.

ഈശ്വരവാദം സംബന്ധിച്ച് മീമാംസകന്മാരുടെ മതം ചുരുക്കത്തിൽ
പ്രതിപാദിച്ചുകഴിഞ്ഞു. ഇനി, മീമാംസകന്മാർ ഈശ്വരാസ്തിത്വത്തെ
സ്വീകരിക്കുന്നതായാൽ വല്ല ദോഷവും വരാനുണ്ടോ എന്നും, നിരാകരി
ക്കുന്നതായാൽ വല്ല ഗുണവും സിദ്ധിപ്പാനുണ്ടോ എന്നും പര്യാലോചിച്ചു
നോക്കാം.

ലൗകികകാര്യങ്ങളിലെന്നപോലെ പാരലൗകികങ്ങളായ കാര്യ
ങ്ങളിലും എല്ലാ കാലങ്ങളിലും എല്ലാവരാലും ആദരിക്കപ്പെടുന്നതായിട്ട്
ഒന്നുതന്നെയും ഇല്ല. ഒരു കാലത്ത് ഒരു കാര്യത്തെ ജനങ്ങൾ സവിശേ
ഷം ആദരിക്കുന്നുണ്ടെങ്കിൽ മറ്റുകാര്യങ്ങളെ അത്രതന്നെ ആദരിച്ചുവരു
ന്നു വരുന്നതല്ല. ഓരോ കാലങ്ങളിൽ ലോകത്തിൽ ഉത്തമമായി കരുത
പ്പെടുന്ന കാര്യങ്ങളെ [illegible], അവ [illegible]
[illegible] ആയിരിക്കും. ആ കാര്യം
പരലോകസംബന്ധിയാണെന്നു വന്നാൽ പ്രത്യേകിച്ചും ജനങ്ങൾ അ
തിൽ ശ്രദ്ധിക്കുന്നതാണ്. അങ്ങിനെ ഉത്കൃഷ്ടമായി ഗണിക്കുന്ന
കാര്യങ്ങളെ അംഗീകരിക്കാതെ [illegible] വിലക്കിനിൽക്കുന്നവരെ
മറ്റുള്ളവർ കലഹിക്കുന്നതും ലോകസ്വഭാവമാണ്. എല്ലാ ജനങ്ങ
ളുടെ [illegible] നന്നായിത്തോന്നുന്ന കാര്യങ്ങളിൽ ജനങ്ങൾ നിഷ്പക്ഷ
മായി പ്രവർത്തിപ്പാനായിട്ടാണ് യോഗ്യന്മാർ പരിശ്രമിക്കുക. ഈശ്വരവാ
ദത്തെയാണ് മീമാംസകന്മാരുടെ കാര്യത്തിലും ഉദാഹരിപ്പാനുള്ളത്.
കർമ്മകാണ്ഡം മാത്രമാണ് എല്ലാ നിശ്രേയസങ്ങൾക്കും സാധകമായിട്ടു
ള്ളതെന്ന് ഒരുകാലത്ത് ആര്യന്മാരുടെ ഇടയിൽ ബലമായ വിശ്വാസം
ഉണ്ടായിരുന്നു. അന്നു സ്വർഗ്ഗാർത്ഥികളായ എല്ലാവരും [illegible]
സവിശേഷമായി ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ആ കാലത്തു ജനങ്ങൾ
യാഗാദികർമ്മങ്ങളിൽ [illegible] [illegible] [illegible]
[illegible] ഉത്സാഹത്തോടുകൂടി ആ വക അഭിപ്രായക്കാരുടെ തലവന്മാരായിരുന്ന

ജൈമിനിമഹർഷി നിർമ്മിച്ചതാണ് മീമാംസാദർശനം. അദ്ദേഹം ഈശ്വ
രനെ ഉപാസ്യം, അല്ലെങ്കിൽ കാര്യം സംസ്കർത്തൃത്വമാണെന്ന വ്യക്തമാ
യായി അദ്ദേഹത്തിന്റെ മറ്റ കാര്യങ്ങളെ തിരസ്കരിക്കണമെന്നായി വാദ
മെങ്ങിനെ ചാരനകഴിയുന്നതുമല്ല. അല്ലെങ്കിൽ ജനങ്ങൾ കർമ്മവിധിക
ളിൽ നിസ്സംശയമായി പ്രവർത്തിക്കുന്നതല്ല. അങ്ങിനെ പ്രവർത്തിക്കുന്ന
തായാൽതന്നെ ഇടക്ക പിന്തിരിക്കണം കൂടി. അങ്ങിനെ വന്നാൽ
ശ്രേയോമാർഗം തെറ്റുന്നതുമാണ്. അതിനാൽ ഈശ്വരാസ്തിത്വത്തെ
നിരാകരിച്ചിട്ടുള്ളതിൽ ജൈമിനി ദോഷകാരനല്ല. ഈ കാര്യത്തെ ശ്രീ
വിദ്യാരണ്യൻ ഇങ്ങനെ പറഞ്ഞിട്ടുണ്ട്:—

> "മൈശ്വരസ്യ പ്രകാശനം
> ദൈവതം വിനോ ജൈമിനിനാ വർണ്ണ്യതേ
> കർമ്മശ്രദ്ധാ വർദ്ധകം
> തൽപ്രാധാന്യപ്രദർശനാർത്ഥമേവ."

ഇപ്പോഴുള്ളവർ, ഈശ്വരനെ നിരാകരിച്ചുപറയുന്നവരോട് ചോദ്യ
ത്തോടുകൂടി ജൈമിനിയുടെ കാലത്തുള്ളവർക്ക് തോന്നിയിരുന്നു.
അങ്ങിനെ തോന്നിയിരുന്നുവെങ്കിൽ, മഹാത്മാക്കളായ ആചാര്യന്മാരെല്ലാം
അതു ആദരിക്കുവാനിടയില്ല. ഈശ്വരോപാസനം ശ്രുതിസ്മൃതികൾ
വിധിക്കുന്നതുപോലെതന്നെ കർമ്മവിധിയും ശ്രുതിപ്രോക്തമാണ്. അ
തിനാൽ ഈശ്വരനില്ലെന്നുവന്നാലും കർമ്മം സിദ്ധിക്കുമെങ്കിൽ പിന്നെ
ഈശ്വരനെ സ്വീകരിച്ചിട്ട് പ്രയോജനമെന്താണ്? ഈശ്വരനെത്തന്നെ
സേവിച്ച് ശീലിച്ചിരിക്കുന്ന മഹാന്മാർ, മറ്റൊന്നും ഈശ്വരനെ തിര
സ്കരിക്കുന്നതായാൽ മോക്ഷം സാധിക്കുന്നതാണെങ്കിൽ അതു യുക്തമാ
ണ്. എന്നാൽ ജന്മാന്തരങ്ങൾ കർമ്മവിധികളെ മാത്രം ആശ്രയിക്കുന്നവ
രെങ്കിൽ അതിൽ തെറ്റുതന്നെ മോക്ഷത്തിനവകാശമില്ല. എന്നാൽ
ഈശ്വരോപാസനത്തിന്റേയും കർമ്മവിധികളുടേയും തത്വം യഥാർത്ഥ
മായി ധരിച്ചിട്ടുള്ളവർ തങ്ങളുടെ വർണ്ണാശ്രമവിധിയിൽ കർമ്മ
ങ്ങളെ അനുഷ്ഠിക്കയും തദ്വാരാ ഈശ്വരനെ സേവിക്കയും ചെയ്യുന്നവർ.

കെ. വി. എം.

———

ആംഗ്ലേയകാളിദാസൻ

ലോകത്തിൽ മനുഷ്യന്നു ജ്ഞാനം സമ്പാദിപ്പാനുള്ള മാർഗ്ഗങ്ങൾ പലതും ഉണ്ട്. എന്നാൽ പ്രകൃതിയിൽനിന്നു കണ്ടറിയുക, സ്വപാദങ്ങൾ അനുഭവിച്ചറിയുക, ജ്ഞാനികളോടു കൂടിയുള്ള



സഹവാസത്തിൽനിന്നു ധരിക്കുക, അവരുടെ ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിക്കുക എന്നീ നാലുവിധമാണ് ഏറ്റവും പ്രധാനമായി കണ്ടുവരുന്നത്. ഇവയിൽ ആദ്യത്തെ മൂന്നും ജ്ഞാനമാർഗ്ഗത്തെ തെളിയിച്ചുകൊടുക്കുന്നതിന്നു മാത്രമേ അധികം ഉപകരിക്കുന്നുള്ളൂ എന്നതുകൊണ്ട് അവക്കു പ്രാധാന്യം അധികമുണ്ട്. എങ്കിലും വിശേഷപ്പെട്ടുള്ള കാര്യങ്ങളെല്ലാം ഉൾക്കൊണ്ടിട്ടുള്ള ഗ്രന്ഥങ്ങളെ ആലോചിക്കുമ്പോൾ നാലാമത്തേതാണ് അധികം ജനങ്ങൾക്കു ഉപയോഗകരമായിത്തീർന്നിട്ടുള്ളത്. ഈ മാർഗ്ഗമായിട്ടാണ് നമ്മുടെ ഭാരതവർഷത്തിൽ വാല്മീകി രാമായണാദികളാലും, വ്യാസമഹർഷി മഹാഭാരതം മുതലായവയാലും അറിവു കൊടുക്കുന്നതുപോലെ, യവനരാജ്യം എന്നു വിളിക്കപ്പെടുന്ന ഗ്രീസ്സിൽ "ഹോമർ" എന്ന മഹാൻ "ഇല്ലിയഡ്—" "ഒഡെസ്സി" എന്നീ ഗ്രന്ഥങ്ങളാലും, റോമൻസാമ്രാജ്യം എന്നു പറയപ്പെടുന്ന ഇറ്റലിയാരാജ്യത്തിൽ വർജ്ജിൽ, ഡാന്റെ എന്ന മഹാന്മാർ അവരുടെ കൃതികളാലും, ഇപ്രകാരം മറ്റു രാജ്യങ്ങളിൽ മറ്റു മഹാന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളാലും ജനങ്ങൾക്കു അറിവുണ്ടാക്കിക്കൊടുക്കുന്നു. ഇവരുടെ കൃതികളെല്ലാം അത്യുത്തമമായ മഹാകാവ്യങ്ങളെന്നു സർവ്വസമ്മതമാണ്. എങ്കിലും ഏറ്റവും ജ്ഞാനികളായ കുറെ ജനങ്ങൾ മാത്രമേ അവരുടെ ഗ്രന്ഥങ്ങളുടെ സാരത്തെ മനസ്സിലാക്കുവാൻ ശക്തരാകുന്നുള്ളൂ. എന്നാൽ സാധാരണജനങ്ങൾക്കുകൂടി ജ്ഞാനസമ്പാദനത്തിന്നുപകരിക്കുന്ന മാർഗ്ഗങ്ങളും ഇല്ലാതില്ല. ആ വക ജനങ്ങൾക്ക് അനായാസേന രസപ്രദമായി ജ്ഞാനമുണ്ടാക്കിക്കൊടുക്കുന്നതിന്നുള്ള ഉപായങ്ങളിൽ ദൃശ്യകാവ്യങ്ങളായ നാടകങ്ങളും. ലോകത്തിൽ എല്ലാ രാജ്യങ്ങളിലും പ്രാചീനകാലംമുതൽക്കുതന്നെ നാടകങ്ങളുടെ പ്രാധാന്യം സമ്മതിക്കപ്പെട്ടിട്ടുണ്ട്. നാടകങ്ങളെഴുതി ജ്ഞാനദായകന്മാരായിത്തീർന്ന് തങ്ങളുടെ രാജ്യത്തിൽ കീർത്തി സമ്പാദിച്ചവർ ലോകത്തിൽ എല്ലാരാജ്യത്തിലുമുണ്ട്.

ങ്ങളും സ്വരാജ്യത്തിൽ മാത്രമല്ല മററു പരിഷ്കൃതരാജ്യങ്ങളിലെല്ലാം തന്നെ യെ കീർത്തിയെ സമ്പാദിച്ച മഹാന്മാർ മുഖ്യന്മാരായി മൂന്നുപേരേ ഉള്ളൂ. ആ മഹാന്മാർ ഇന്ത്യാരാജ്യത്തിലെ കവികളിൽ വെച്ചു അഗ്രഗണ്യനായ കാളിദാസനും, ഇംഗ്ലണ്ടിലെ ഷേക്സ്പിയർ എന്ന മഹാനും, ഗ്രീസ്സിലെ സോഫക്ലിസ്സ് എന്നാളും ആകുന്നു. ഇപ്രകാരം ഈ രാജ്യത്തിൽ ഇംഗ്ലീഷുഭാഷ വർദ്ധിച്ചുവരുന്നതിനാലും, അതു വളരെ ഉപയോഗപ്പെടുന്നതു വിചാരിച്ചുവരുന്നതിനാലും ആ ഭാഷയിലെ കവികളിൽ വെച്ചു അഗ്രഗണ്യനും ആംഗ്ലേയകാളിദാസനെന്നു പറയപ്പെടാവുന്നവനും ആയ ഷേക്സ്പിയർ എന്ന മഹാന്റെ ചരിത്രവും അദ്ദേഹത്തിന്റെ കൃതികളുടെ മാഹാത്മ്യം അറിഞ്ഞിരിക്കേണ്ടതു് ആവശ്യവും ആവശ്യമെന്നു വിചാരിച്ചു് അതിനെപ്പററി കുറച്ചു താഴെ പറയുന്നു.

വില്യം ഷേക്സ്പിയർ എന്ന മഹാൻ ക്രിസ്ത്വാബ്ദം ൧൫൬൪-ാമാണ്ടു ഏപ്രിൽമാസം ൨൩-ാംനു അവൺഎന്ന നദിക്കരയിലുള്ള സ്ട്രാറ്റ്ഫോർഡ് എന്ന പട്ടണത്തിൽ ജനിച്ചു. അദ്ദേഹം ജോൺ ഷേക്സ്പിയർ എന്നാളുടെ മൂത്ത മകനായിരുന്നു. അദ്ദേഹത്തിന്റെ അമ്മ മേരി ആർഡൻ എന്ന മഹതിയായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹന്മാർ ഇംഗ്ലണ്ടിൽ രണ്ടു കക്ഷികൾ തമ്മിൽതമ്മിൽ യുദ്ധംചെയ്തുകൊണ്ടിരുന്ന കാലത്തിൽ ഏഴാമൻ ഹെൻറി രാജാവിന്റെ പിതാമഹനായ റിച്ചാർഡ് രാജാവിനോടു ബോസ്വർത്ത് ഫീൽഡ് എന്ന യുദ്ധത്തിൽ പരാക്രമത്തോടുകൂടി സ്തുത്യർഹമായി യുദ്ധം ചെയ്തിട്ടുണ്ടായിരുന്നതുകൊണ്ട്, അദ്ദേഹത്തിന്നു വാർവിക്ക്ഷയർ എന്ന താലൂക്കിൽ ഒരു ഭവനവും കൃഷി മുതലായതും സമ്മാനമായി കൊടുത്തിരുന്നു. ആ ഭവനത്തിൽ തന്നെയാണു് അദ്ദേഹത്തിന്റെ വംശത്തിൽ ജനിച്ചവരുടെ താമസം എന്നുമാത്രമല്ല, ഷേക്സ്പിയരും ജനിച്ചതു്. ഷേക്സ്പിയരുടെ മാതാമഹൻ വാർവിക്ക്ഷയർ എന്ന താലൂക്കിൽ വില്മ്കോട്ട് ഗ്രാമത്തിലെ റോബർട്ട് ആർഡൻ എന്ന മഹാനായിരുന്നു. അദ്ദേഹം ഒരു പുരാതനമായ സമ്പാദ്യത്തിൽപ്പെട്ടവനും കൃഷി, കളം, കാട് മുതലായ സ്വത്തുക്കളുള്ളവനും ആയിരുന്നു. അതിനെല്ലാം അവകാശി ഷേക്സ്പിയരുടെ മാതാവായ മേരി ആർഡൻ ആയിരുന്നു. അതുകൊണ്ടു ഷേക്സ്പിയരുടെ അച്ഛൻ കഴിഞ്ഞുകൂടുവാൻ വകയുള്ള ആളായിരുന്നു.

ഷേക്സ്പിയരുടെ ജനനസമയം ഒട്ടും സന്തോഷകരമായിരുന്നില്ല. ആ കൊല്ലം കഠിനമേറിയ പ്ലേഗ് (മഹാമാരി) സ്ട്രാറ്റ്ഫോർഡിൽ

ശേഷം ചെയ്തുവരായിരുന്നു; എന്നാൽ ഈ ബാല്യഭാഗം നമ്മുടെ കവിക്കു ഒരു ഗുണവും ചെയ്തില്ല. ഈ കാലങ്ങളിൽ ഷേക്സ്പിയരുടെ ജന്മഗ്രാമോപാന്തത്താൽ ലഭിച്ചിരുന്ന സൗന്ദര്യബോധശക്തി സമ്പാദിക്കുന്നതിൽ പ്രധാനമായി ഉപകരിച്ചു തന്റെ കൃതികളിൽ തന്നെ പ്രത്യക്ഷമായിരുന്നു. കവികളുടെ ആലോചനാശക്തിയെ പോഷിപ്പിപ്പാൻ വനം, മല, നദി, സമുദ്രം, ആകാശം, പച്ചനിറത്തിലുള്ള സസ്യങ്ങൾ മുതലായ പ്രകൃതിവിലാസം മുഖ്യസാധനമാകുന്നു എന്നു സുപ്രസിദ്ധമാണല്ലോ. ഈ സാധനങ്ങൾ എല്ലാം ഷേക്സ്പിയർക്കു സുലഭമായി ഉണ്ടായിരുന്നു. പന്ത്രണ്ടുവയസ്സാകുന്നതുവരെ ഷേക്സ്പിയർ തന്റെ അമ്മയുടെ പിതൃസ്വത്തായ ആസ്ബീസ് എന്ന സ്ഥലത്തിലെ വൃക്ഷനിബിഡമായ മൈതാനങ്ങളിലും, സസ്യവർഗ്ഗങ്ങളുടെ നിഴലിലും കളിച്ചു രസിച്ചുവന്നതു തന്റെ നാടകങ്ങളിൽ വനവൃക്ഷാദികളെപ്പറ്റി വളരെ മനോഹരമായി വിവരിച്ചിരിക്കുന്നതിൽനിന്നു തെളിയുന്നു.

എന്നാൽ ലോകത്തിൽ സുഖദുഃഖങ്ങൾ ഇടകലർന്നതാണല്ലോ. ഷേക്സ്പിയർക്കു ൧൪ വയസ്സു പൂർത്തിയാകുന്നതിനുമുമ്പു തന്റെ കുടുംബത്തിന്റെ ഐശ്വര്യം അവസാനിച്ചു. ദിവസംതോറും കഷ്ടനഷ്ടങ്ങൾ അധികമായി തുടങ്ങി. അതിനാൽ ൧൬-ൽ ജോൺ ഷേക്സ്പിയർക്കു, തന്റെ സ്വന്തം നികുതികൾ കൊടുപ്പാൻ കഴിവില്ലാതെയായി. എന്നാൽ ആ കാലം ആലോചിച്ചു പ്രവർത്തിക്കുന്നതാകയാൽ അദ്ദേഹത്തെ നികുതി കൊടുക്കുന്നതിൽനിന്നു ഒഴിവാക്കി. ഈ പതിന്നാലു വയസ്സുവരെ നമ്മുടെ കവി സ്റ്റ്രാറ്റ്ഫോർഡിലെ ധർമ്മപാഠശാലയിൽ പ്രാഥമികവിദ്യാഭ്യാസം ചെയ്തുവരായിരുന്നു. അദ്ദേഹത്തിന്റെ പഠിപ്പു എങ്ങിനെ അവസാനിച്ചുവെന്നോ എവിടെവെച്ചു അവസാനിച്ചുവെന്നോ യാതൊരറിവും ഇല്ല. എന്നാൽ ഇംഗ്ലണ്ടിൽ സാധാരണയായി പഠിപ്പു കഴിഞ്ഞതിനു ശേഷമേ വിവാഹം ചെയ്യുമാറുള്ളു എന്നു പതിവായിരുന്നതിനാലും, ഷേക്സ്പിയർ തന്റെ പതിനെട്ടാമത്തെ വയസ്സിൽ ആൻഹാതവേ എന്ന മാതിരിയെ കല്യാണം കഴിച്ചുവെന്നറിയുന്നതിനാലും അദ്ദേഹത്തിന്റെ വിദ്യാഭ്യാസം ആ പ്രായത്തിൽത്തന്നെ അവസാനിച്ചിരിക്കുമെന്നു ഊഹിക്കുന്നതാണ്. ആൻഹാതവേ, റിച്ചർഡ് ഹാതവേ എന്ന ഒരാളിന്റെ മകളായിരുന്നു. ആ ഭാര്യ തന്റെ ഭർത്താവിനെക്കാൾ ൮ വയസ്സു അധികം പ്രായമുള്ളവളായിരുന്നു. ഷേക്സ്പിയർക്കു ൨൧ വയസ്സാകുമ്പോഴേക്ക് ഹാംനെറ്റ് എന്ന് ഒരു മകനും, ജൂഡിത്ത്, സൂസന്ന എന്ന രണ്ടു

പെൺകുട്ടികളും ജനിച്ചു.

കുടുംബത്തിന്റെ പരിപാലനാവശ്യത്തിനും സന്താനങ്ങളുടെ വർദ്ധനയാലും ജീവിതസന്ധാരണാർത്ഥമായി ഈ മഹാൻ ലണ്ടൻപട്ടണത്തിലേക്കു പോകുവാൻ നിശ്ചയിച്ചു. ആ കാലത്തും ഇപ്പോഴത്തെപ്പോലെതന്നെ ലണ്ടൻപട്ടണം, നാട്ടുപുറവാസികൾക്ക് ഒരു പ്രധാന പ്രലോഭനസ്ഥലമായിരുന്നു. ആ സമയത്തു തന്റെ ബാല്യക്കാരനും നാട്ടുകാരനും, കീർത്തിപ്പെട്ട പ്രഹസനനാടകത്തിന്റെ കർത്താവും ആയ ജോർജ്ജ് ഗ്രീൻ എന്ന മഹാൻ ഒരു കൈവേലക്കാരൻ അഭിനയക്കാരോടുകൂടി ലണ്ടൻപട്ടണത്തിൽ താമസിക്കയായിരുന്നു. ഈ മഹാന്മാർ ഒരിക്കൽ സ്റ്റ്രാറ്റ്ഫോർഡിൽ ഒരു അഭിനയം നടത്തിയിരുന്നു. അപ്പോൾ ഷേക്സ്പീയർ അവരോടുകൂടി പരിചയപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ നാടകരചനയിലുള്ള സാമർത്ഥ്യത്തെയും അഭിനയത്തിലുള്ള അഭിരുചിയെയും ആ മഹാന്മാർ അല്പമൊന്നു മനസ്സിലാക്കിട്ടുണ്ടായിരിക്കേണം. കാരണം, അദ്ദേഹത്തിന്ന് അഭിനേതൃസംഘത്തിൽ താമസംകൂടാതെ പ്രവേശിച്ചിരിക്കുന്ന ഈ മഹാന്മാരുടെ ഇടയിൽ സ്ഥാനം ലഭിച്ചു. കാലക്രമേണ ഈ ബാലസ്യൂൾൻ ഗ്രീൻ, നക്ഷത്രമെന്ന ഇവരുടെ ഇടയിൽ ചേർന്ന തന്റെ ശ്രേഷ്ഠതയെ പ്രദർശിപ്പിക്കയും, എലിസബത്തിന്റെ രാജ്യവാഴ്ചയെ പ്രകാശിപ്പിക്കയും ചെയ്തു.

അദ്ദേഹം ലണ്ടൻപട്ടണത്തിലേക്കു പോയത് ക്രിസ്ത്വബ്ദം ൧൫൮൬-ൽ ആയിരുന്നു. ആദ്യം അവിടെ പോയ ഉടനെ ബ്ലാക്ക് ഫ്രയർസ് നാടകശാലയിൽ കുതിര സൂക്ഷിപ്പിച്ചു നടക്കുന്നവനായിട്ടും ഒരു നടനായിട്ടും ഏർപ്പെട്ടു. ക്രിസ്ത്വബ്ദം ൧൫൮൯-ൽ അതിൽ ഒരു ഓഹരിക്കാരനാകയും, അതുമുതൽക്ക് അദ്ദേഹത്തിന്റെ കീർത്തിയും ഭാഗ്യവും വർദ്ധിച്ചുവരികയും ചെയ്തു. അദ്ദേഹത്തിന്റെ നാടകത്തിന്റെ മാഹാത്മ്യത്തെ എല്ലാവരും ഗ്രഹിക്കുകയും അതിൽ രസിക്കുകയും ചെയ്തുതുടങ്ങി. ആ കാലത്തുതന്നെ സ്പെൻസർ എന്ന ഒരു കീർത്തിപ്പെട്ട ഇംഗ്ലീഷ്കവി തന്റെ ഒരു കൃതിയിൽ അദ്ദേഹത്തെ സ്തുതിച്ചു പ്രസ്താവിച്ചു.

ക്രിസ്ത്വബ്ദം ൧൫൯൨-ൽ ലണ്ടൻപട്ടണത്തിൽ കഠിനമായ പ്ലേഗ്ദീനം പരന്നു. അതുകൊണ്ട് അവിടെ കുറെ കാലത്തേക്കു കളി നിർത്തിവെക്കേണ്ടിവന്നു. ഈ അവസരത്തിൽ അദ്ദേഹത്തിന്നു കുറെ ഒഴിവു കിട്ടി. ഈ സമയത്താണ് ഷേക്സ്പീയരുടെ ആദ്യത്തെ കാവ്യം എഴുതിയത്. അ[illegible] അദ്ദേഹത്തിന്നു [illegible]മായിരുന്നു. അതിനെ അച്ചു

ടിച്ചിട്ടുള്ളതിൽ പരിചയമുള്ള സ്റ്റ്രാറ്റ്ഫോർഡിലെ റിച്ചാർഡ് ഫീൽഡ് എന്നാളായിരുന്നു. ഈ കൃതിയെ എല്ലാവരും വിലമതിക്കുകയും, അതിന്റെ സാരാംശങ്ങളെല്ലാം ഗ്രഹിച്ചു പ്രശംസിക്കുകയും ചെയ്തു. അടുത്ത സംവത്സരത്തിൽ വേറൊരു കാവ്യം പുറപ്പെട്ടു. സ്പെൻസർ ഒരിക്കൽ കൂടി ഷേക്സ്പിയറെ പുകഴ്ത്തിയിരിക്കുന്നു. ഇക്കാലത്താണ് സതാംപ്ടൺപ്രഭു, ഷേക്സ്പിയർ വളരെക്കാലമായി വിചാരിച്ചുവന്നിരുന്ന ഒരു സ്ഥലം മേടിപ്പാനായി ആയിരം പവൻ കൊടുത്തതു് എന്നു കേൾവിയുണ്ട്.

ഇപ്പോൾ അദ്ദേഹത്തിന്നു നാനാവിധത്തിലും ഭാഗ്യം വർദ്ധിച്ചു. എലിസബത്ത് രാജ്ഞി അദ്ദേഹത്തെപ്പറ്റി കേട്ടു് അനുമോദിക്കുകയും, അദ്ദേഹം വളരെ ബുദ്ധിമാനാണെന്നഭിപ്രായപ്പെടുകയും ചെയ്തു. ഇംഗ്ലണ്ടിലെ പ്രമാണികളായ എല്ലാ പ്രഭുക്കളും അദ്ദേഹത്തിന്റെ സ്നേഹിതന്മാരായിരുന്നു.

ഈ മഹാനു് ൧൫൯൬-ൽ ഒരു വലിയ കഷ്ടം നേരിട്ടു. ആ കൊല്ലത്തിൽ തന്റെ ഏകപുത്രനായ ഹാംനെറ്റ് ൧൧-ാം വയസ്സിൽ മരിച്ചു. അദ്ദേഹത്തിന്നു ഇതുനിമിത്തം വളരെ വ്യസനം ഉണ്ടായി.

ഷേക്സ്പിയർ തന്റെ അച്ഛനമ്മമാരെ വാക്കുകൊണ്ടും ദ്രവ്യംകൊണ്ടും സഹായിച്ചു്, താൻ ഒരു നല്ല പുത്രനാണെന്നു തെളിയിച്ചു. പണയത്തിലിരുന്ന തന്റെ അമ്മയുടെ സ്വത്തുക്കളെല്ലാം വീണ്ടെടുത്തുകൊടുക്കുകയും, തന്റെ സ്വദേശത്തിൽ ഒരു നല്ല ഭവനം വാങ്ങി മാതാപിതാക്കന്മാരെ അവിടെ താമസിപ്പിക്കയും ചെയ്തു.

അദ്ദേഹം ഇപ്പോഴും നാടകരംഗം വിട്ടില്ല. ലണ്ടനിൽ സൗത്താക്ക് എന്ന ദിക്കിൽ അദ്ദേഹത്തിന്നു താമസിപ്പാൻ ഒരു ഗൃഹമുണ്ടായിരുന്നു. സുഖവാസത്തിന്നായി അദ്ദേഹം കൂടക്കൂടെ സ്വദേശമായ സ്റ്റ്രാറ്റ്ഫോർഡിലേക്കു പോക പതിവായിരുന്നു. സ്റ്റ്രാറ്റ്ഫോർഡ് ഒരു നാട്ടുപ്രദേശമായിരുന്നതിനാലും പട്ടണങ്ങളിലെപ്പോലെ ബഹളമില്ലായിരുന്നതിനാലും അദ്ദേഹം സാഹിത്യപരിശ്രമങ്ങൾക്കായിട്ടു അവിടെ ഇടക്കിടെ പോയിരുന്നത്. സ്വദേശത്തിൽ വളരെ സ്ഥലങ്ങൾ വാങ്ങുകയും, ഐഹികകാര്യങ്ങളിൽ വിവേകവും ജ്ഞാനവും ശരിയായി തിരിച്ചറിവാനുള്ള ശക്തിയെ പ്രദർശിപ്പിക്കയും ചെയ്തു.

ഷേക്സ്പിയർ ൧൬൧൧-ൽ രംഗത്തിൽനിന്നു വിരമിച്ചു. അപ്പോൾ ൪൭ വയസ്സു പ്രായമായിരുന്നുള്ളു. ഇതിന്നിടക്ക് അദ്ദേഹം ഒരുകൊല്ലത്തു

കൊല്ലം[illegible] പാവൻ [illegible] സ്വഭാവങ്ങളെ സമ്പാദിച്ചിരുന്നു.
ആ സ്വഭാവങ്ങളിൽനിന്നു ഇപ്പോഴും കൊല്ലത്തിൽ [illegible]
പാവൻ [illegible] കിട്ടുമെന്നാവുന്നു.

ഷേക്സ്പീയരുടെ നാടകങ്ങളും അദ്വിതീയമായി [illegible]ക്കപ്പെട്ടിരിക്കുന്നു. [illegible] സകലജ്ഞ [illegible] കാര്യങ്ങളെ [illegible] [illegible] ഭാവങ്ങളെന്നും, [illegible] [illegible] സംബന്ധിച്ചിട്ടുള്ള [illegible] [illegible] പറയുന്നു. ഷേക്സ്പീയർ അധികം [illegible] [illegible]ങ്ങളെ [illegible]ട്ടുള്ളത്. [illegible] [illegible] നാടകങ്ങളും എഴുതീട്ടുണ്ട്. അദ്ദേഹം, തന്റെ കൃതികളാൽ ഇംഗ്ലീഷുഭാഷയെ [illegible] [illegible] അതിനെ [illegible] പ്രത്യേകിച്ചും [illegible] ചെയ്തു. അദ്ദേഹത്തിന്റെ പാഠങ്ങൾ സരളങ്ങളും സാരഗർഭങ്ങളും ആകുന്നു. [illegible] [illegible] [illegible] [illegible] ആലോചിച്ചാൽ അദ്ദേഹത്തിനു കാളിദാസനെപ്പോലെ ഒരു [illegible] ഉള്ളതു പറയുവാൻ [illegible]മാണ്. [illegible] കാളിദാസകൃതി വായിച്ചു [illegible] ഷേക്സ്പീയരുടെ ചില കൃതികളെ നോക്കിയാൽ അവ ഇംഗ്ലീഷുഭാഷയിലാണെന്നുള്ളതു [illegible] വ്യത്യാസവും കാണാതിരിക്കത്തക്കവിധം രണ്ടു കവികളുടെയും അഭിപ്രായങ്ങളും ഉപമകളും ഒരു [illegible]ള്ളതായിക്കാണും. എന്നാൽ പദങ്ങളുടെ വിശേഷണമോ, വാചകങ്ങളുടെ [illegible]യാലോ, പദാർത്ഥത്തിന്റെ [illegible]ലോ, ഉപമാദ്യലങ്കാരങ്ങളുടെ [illegible]പ്പിനാലോ അല്ല ഷേക്സ്പീയരുടെ പേർ [illegible] [illegible]ന്നതായിത്തീർന്നിട്ടുള്ളത്. [illegible] [illegible] [illegible] [illegible] സകലമാതിരി ജനങ്ങളുടെയും സ്വഭാവത്തെ [illegible]യായി വിവരിച്ചിരിക്കുന്നതാണ് അദ്ദേഹത്തിന്റെ കൃതികളുടെ വിശേഷം. [illegible] വിധത്തിൽ, അദ്ദേഹത്തിന്റെ കൃതികളിലെ കഥ നടന്നകാലത്തുള്ള [illegible]ങ്ങളുടെ സ്വഭാവത്തെയോ, അദ്ദേഹത്തിന്റെ [illegible] [illegible]ള്ള [illegible]യോ, ഇംഗ്ലീഷുകാരുടെ സ്വഭാവത്തെയോ, ക്രിസ്ത്യാനികളുടെ സ്വഭാവത്തെയോ മാത്രം സംബന്ധിക്കുന്നതല്ല. അതു, കഥയിലുള്ളവരുടെ കാലത്തുള്ളവർക്കും, ഷേക്സ്പീയരുടെ കാലത്തുള്ളവർക്കും, [illegible]ത്തിന്റെ പ്രജകൾക്കും, എല്ലാ [illegible]ന്റെ പ്രജകൾക്കും, ഇന്ത്യക്കാർക്കും, അമേരിക്കക്കാർക്കും, എന്നു വേണ്ട എല്ലാ ജനങ്ങൾക്കും [illegible] [illegible] [illegible]മാണ്. ഷേക്സ്പീയർ വിവരിക്കുന്ന [illegible] സ്വഭാവമോ [illegible] എന്നതന്നെ സംശയമുണ്ട്.

അദ്ദേഹം വലിയൊരു [illegible] ചരിത്രം, പുരാണങ്ങൾ, നീതി ന്യായങ്ങൾ, ലോകപരിചയം മുതലായ അനേകം കാര്യങ്ങളിൽ [illegible] അറിവുള്ളവനാകുന്നു എന്നു അദ്ദേഹത്തിന്റെ കൃതികൾ തെളിയിക്കുന്നു. അദ്ദേഹം ലോകത്തെ ഒരു രംഗമായും സ്ത്രീപുരുഷന്മാരെ അതിനകത്തു [illegible] കല്പിച്ച് [illegible] [illegible] [illegible] ഇങ്ങനെ എത്ര [illegible]! [illegible] അമ്മയുടെ മടിയിൽ കിടന്നു [illegible] [illegible] [illegible] [illegible] പോകുക, [illegible] ഒരു യുവാവും [illegible] ആയ അവസ്ഥ, നാലാമത്തേതു ജീവിതയുദ്ധത്തിലെ ഒരു പട്ടാളക്കാരന്റെ, അവന്റെ [illegible], ഇന്ദ്രിയങ്ങൾ [illegible] [illegible] [illegible] കിട്ടണം, [illegible] ജസ്റ്റിസ് [illegible] [illegible] [illegible] പറഞ്ഞുകൊണ്ട് അതി[illegible] [illegible] മതിപ്പുംകൂടി [illegible] [illegible] ആയ അവസ്ഥ, അഞ്ചാമത്തേതു ഒരു [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible], [illegible], [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible]. [illegible] [illegible] [illegible], [illegible] [illegible], [illegible] [illegible] [illegible] [illegible] [illegible] ചില വാക്കുകൾ [illegible] [illegible] [illegible] [illegible] [illegible]. ഇതാണു മനുഷ്യന്റെ അവസ്ഥ. [illegible] [illegible] [illegible], [illegible] [illegible] [illegible]. [illegible] ഇനിയും [illegible] [illegible] ഷേക്സ്പീയർ [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] എത്ര [illegible] [illegible] വിവരിപ്പാൻ പ്രയാസമാണ്.

[illegible] വിരമിച്ചതിന്നുശേഷം ഷേക്സ്പീയർ [illegible] [illegible] ജീവിച്ചിരുന്നു. ഈ കാലങ്ങളിൽ മാതാപിതാക്കളെ സന്തോഷിപ്പിച്ചും, മക്കളായ [illegible] [illegible] കണ്ടാനന്ദിച്ചും, സ്നേഹിതന്മാരെ

സ്വീകരിച്ചുവരിച്ചും സുഖമായി കാലം കഴിച്ചുകൂട്ടി. അദ്ദേഹത്തിന്റെ മേലിലെ കൃഷിചെയ്തു "അദ്ദേഹം നട്ടുവളർത്തതായി കീർത്തിപ്പെട്ട" ഒരു മാ ന്തിക്കുരത്തു നട്ടു. ഏകദേശം ഈ കാലത്തുതന്നെ, അദ്ദേഹം തന്റെ പോറ്റുത്തിൽ എഴുതിയതായി വിചാരിച്ചുവരുന്ന അനേകം നാടകങ്ങളെ പ്രസിദ്ധപ്പെടുത്തി. ചിലപ്പോൾ ലണ്ടനിലേക്ക് പോക പതിവായിരുന്നു. അദ്ദേഹത്തിന്റെ സ്നേഹിതന്മാർ അദ്ദേഹത്തെ ഒരിക്കലും മറന്നിട്ടില്ലായിരുന്നു. സൗതാംപ്ടൻപ്രഭു അദ്ദേഹത്തെ പ്രത്യേകമായി ഹണ്ടറി എന്ന ഭൂതിയതിന്റെയും, എലിസബെത്ത് രാജ്ഞി ചെയ്ത ബഹുമാനത്തെയും, പിന്നീട് ഒന്നാംജെയിംസ്രാജാവ് മാസ്റ്റർ ഷേക്സ്പിയർ എന്നു ബഹുമാനിച്ചെഴുതിയ എഴുത്തിനെയും, അദ്ദേഹത്തിന്റെ കാലത്തുണ്ടായിരുന്ന ഗദ്യകാരന്മാരും കവികളും എന്നുവേണ്ട സകലരും ശത്രുക്കൾകൂടി അദ്ദേഹത്തെ ബഹുമാനിച്ചതിനെയും നോക്കിയാൽതന്നെ അദ്ദേഹത്തിന്റെ മഹിമ വെളിപ്പെടുന്നതാകുന്നു.

ഇത്ര ഭാഗ്യവാനും കീർത്തിപ്പെട്ടവനുമായ ഈ മഹാൻ ൧൬൧൬-ൽ തന്റെ പിറന്നാളായ ഏപ്രിൽമാസം ൨൩-ാം൹ പരലോകത്തെ പ്രാപിച്ചു. അപ്പോൾ അദ്ദേഹത്തിനു ൫൨ വയസ്സു പ്രായമായിരുന്നുള്ളു. സ്ട്രാറ്റ്ഫോർഡിലെ വലിയ പള്ളിയിൽ ശവം മറവുചെയ്യുകയും, അദ്ദേഹത്തിന്റെ ഒരു സ്മാരകം ഏർപ്പെടുത്തുകയും ചെയ്തു. ൧൭൪൧-ൽ അദ്ദേഹത്തിന്റെ ഓർമ്മക്കായി ലണ്ടനിലും വെസ്റ്റ്മിനിസ്റ്റർ ആബ്ബി എന്ന പള്ളിയിൽ ഒരു സ്മാരകം കെട്ടപ്പെട്ടു ....അദ്ദേഹത്തിന്റെ ഭാര്യ ൭ സംവത്സരംകൂടി ജീവിച്ചിരുന്നു. കെ. പി. വി.

ഒരു ചണ്ഡാലസ്ത്രീ

പ്രേമരസമിളന്നതായൊരതിചണ്ഡാ-
ലസുന്ദരി! നല്ലോരു കന്യാരത്നം പിറന്നു
ഗുണസമ്പൂർണ്ണയാം വിശേഷമാകും
തന്റെ ഭർത്താവിന്നു വളർന്നുവന്നു മകൾ.

[illegible] അവളുടെ ഉദ്ദമേനി മന്ത്യനേത്രാ-
ത്സവം, അതിനെ [illegible]
പവനഗതിയിലുള്ളിൽനിന്ന നാസാ-
ശ്രു [illegible].

[illegible] ജനകജനനി [illegible]
[illegible] ചാർത്തിട്ടന്നുലം
[illegible] പെണ്ണിനും തൻ
[illegible] ചിച്ചു.

[illegible] അവളുവികചമർമ്മ യൌവനത്തിൻ
നവനവകാന്തിവളർന്നു വന്നകാലം
[illegible] പുരാനെ
[illegible] വരിച്ചു.

[illegible] പുരുമഹിമപുലർന്ന പുണ്യവാനാം
പുരുഷവരൻ ഭുവി ചക്രവർത്തിയല്ലോ
[illegible]
[illegible] വിവരം ധരിച്ചിരുന്നു.

[illegible] വിരവൊടു പരിവാരമൊത്തു [illegible]
[illegible] നൃവരൻ പുരാന്തരങ്ങളി
[illegible] നടപ്പുതാരാൽ
[illegible] കണ്ടു [illegible].

[illegible] 'വിരവൊടു നിജകാമസിദ്ധിനേടാൻ
[illegible] ചിന്ത [illegible]
നരവരപരിവാരമദ്ധ്യമാഗേ
പരമവളന്ത്യജപുത്രിയും നടന്നാൾ.

[illegible] അതുപൊഴുതൊരു ഭിക്ഷു [illegible]
[illegible] നൃവരൻ വണങ്ങിനിന്നു.
[illegible]
[illegible].

[illegible]- “[illegible]
[illegible]
[illegible]
[illegible]”.

[illegible]- [illegible]
[illegible]
[illegible]
[illegible].

[illegible]- [illegible]
[illegible]
[illegible]
[illegible].

[illegible]- “[illegible]
[illegible]
[illegible]”–
[illegible].

[illegible]- [illegible]
[illegible]
[illegible]
[illegible].

[illegible]- ‘[illegible]’
[illegible]
[illegible]
[illegible].

[illegible]- [illegible]
[illegible]
[illegible]
[illegible].

൧൩. [illegible]
[illegible]
[illegible]
[illegible]

൧൪. "[illegible]
[illegible]
[illegible]
[illegible]."

൧൫. [illegible]
[illegible]
[illegible]
[illegible].

൧൬. [illegible]
[illegible]
[illegible],
[illegible].

[illegible]

യോഗവിമർശനം

ഓരോ സമുദായത്തിലും പൊതുകാര്യങ്ങളെ സംബന്ധിച്ചുള്ള ഏർപ്പാടുകൾ ഉണ്ടായിവരുന്നതു ഇക്കാലത്ത് ഒട്ടും അപൂർവ്വമല്ല. എന്നാൽ അവയുടെ [illegible] [illegible] [illegible] എത്രയോ കാലമായിട്ടു കാണുന്നു. അതിനുള്ള കാരണം [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] തന്നെയായിരിക്കണം. വിചാരം [illegible] [illegible] [illegible] വാക്കായോ കർമ്മമായോ [illegible] [illegible] [illegible] പറയുന്നുണ്ട്. എങ്കിലും [illegible] [illegible] [illegible] വാക്കുകൾ

കൂടാതെ പ്രവൃത്തിയുണ്ടാവാൻ പാടില്ലയോ എന്ന [illegible] തോന്നുവരണ്ട്. വാക്കും കാര്യവും വ്യാപാരം നിറഞ്ഞിരിക്കുന്നതാണ് ഉത്തമമായതിന്റെ ലക്ഷണം. മനോരാജ്യങ്ങൾ വാഗ്വാദങ്ങൾ വെറുതെ കളയുന്ന കാലവും ശക്തിയും വേണ്ടകാര്യത്തിൽ ഉപയോഗിച്ചാൽ അസാദ്ധ്യമായി വല്ലതുമുണ്ടോ എന്ന സംശയമാണ്. ഇതുപോലെ പാഠങ്ങൾകൊണ്ടു പ്രസംഗം അനാവശ്യമാണെന്നോ അനർത്ഥകമാണെന്നോ വിചാരിച്ചു പോകരുത്. അതു പ്രവൃത്തിയുടെ പൂർവ്വരൂപമായിരിക്കണമെന്നേ ഉള്ളൂ.

[illegible] ആരംഭശൂരന്മാരാണെന്നുള്ള ലോകാപവാദം [illegible] [illegible] [illegible] ആധിക്യത്തെ അനുസരിച്ചുവേണം പുതുതായിട്ടാരംഭിക്കുന്നതിന്. കേരളീയരുടെ ഇടയിൽ ഉത്പന്നമായിട്ടുള്ളതായിരിക്കുന്ന ഉദ്യമങ്ങളുടെ പട്ടികയൊന്നു പരിശോധിച്ചാൽ ഒട്ടാകെ സംഗതി പരസ്യമായ ഒരു വാസ്തവമാണെന്നു ബോദ്ധ്യപ്പെടും. ലജ്ജാവഹമായ ആ പട്ടികയെ പകർത്തീട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല. നമ്പൂതിരിമാരോടു [illegible] ചോദ്യമാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

വല്ല [illegible] ആരംഭിക്കുന്ന നമ്പൂതിരിമാർ യോഗക്ഷേമസഭയെ ആശ്രയിച്ചു [illegible] സമ്മതിക്കാതെ കഴികയില്ല. എന്നാൽ വർത്തമാനപത്രങ്ങളുടെ പ്രശംസാപത്രവും വാങ്ങി [illegible] എന്താണുണ്ടാവുകയെന്ന ആലോചിക്കാതിരുന്നാൽ '[illegible]'ന്യായത്തിൽ കലാശിക്കാതിരിക്കയില്ല. സഭയുടെ ആരംഭംമുതൽ ഇതുവരെ അതിന്റെ ക്രമത്തിൽ പുഷ്ടിയാണെന്നു പറവാൻ നിവൃത്തിയില്ല. ആരംഭകാലത്തിലുണ്ടായിരുന്ന വലുപ്പവും പുഷ്ടിയും അതിനിപ്പോളുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. 'മംഗളോദയ'ത്തിന്റെ ആദികാലത്തിലുള്ള ലക്കങ്ങളിൽ മാസംതോറും മൂന്നോ നാലോ ഉപസഭകളുടെ വിവരം നിയമേന കണ്ടുവന്നിരുന്നു. എന്നാൽ ഇപ്പോൾ ഉപസഭകളുടെ ശബ്ദംതന്നെ കേൾപ്പാനില്ലാതായിരിക്കുന്നു. ഇനിയും സഭകൾകൂടി നിശ്ശബ്ദം [illegible] പ്രായപ്പെടുന്നില്ല. എങ്കിലും ഉത്സാഹത്തിന്റെ നിലയെ ഗണിപ്പാൻ ഉപസഭകളുടെ പുഷ്ടിയും സഹായിക്കുന്നതാണെന്നു മാത്രമേ പറയുന്നുള്ളൂ.

ഓരോ സഭകളിൽവെച്ചു പാസ്സാക്കീട്ടുള്ള കാര്യങ്ങളിലൊന്നെങ്കിലും നടപ്പിൽവന്നിട്ടുള്ളതായി [illegible] ഇല്ലെങ്കിൽ [illegible]

ന്നതാണ്. സഭയുടെ ആരംഭകാലത്തിലുണ്ടായിരുന്ന ഏതുവിധം ഉത്സാഹ ത്തോടെ ഇപ്പോഴും മററനേകങ്ങളിൽ ചിലരിൽ മാത്രമേ ഉള്ളൂ. നാട്ടിലെ കാര്യങ്ങളിൽ ഒന്നോ രണ്ടോ ആളുകൾ ശ്രമിക്കുന്നുണ്ടെങ്കിലും കാര്യഗൌര വത്തെ ആലോചിക്കുമ്പോൾ ഈ ശ്രമം ഏതുമാത്രം അപര്യാപ്തമാണെ ന്ന പറയേണ്ടതില്ലല്ലോ. ആ ശ്രമക്കാരുടെ ഏതുവരെയും ഫലിക്കുമെന്നു ള്ളകാര്യം അനുഭവംകൊണ്ടറിയാമെന്ന പറയേണ്ട ആവശ്യമില്ലല്ലോ. ഇതു വലുതായ കാര്യങ്ങളിൽ ഒരേമനസ്സോടുകൂടി പ്രവർത്തിപ്പാനുള്ള ആളുകളുടെ എണ്ണത്തിലും വണ്ണത്തിലുമാണ ഫലപ്രാപ്തിയുടെ താരതമ്യം സ്ഥിതിചെയ്യുന്നതെന്ന സമുദായസ്നേഹികളെല്ലാവരും അറിഞ്ഞു പ്രവർത്തി ക്കേണ്ടതാണ്.

പഞ്ചായത്തുസംഘങ്ങളെ ഏർപ്പെടുത്തീട്ടുണ്ടെങ്കിലും അതുകൊണ്ടു പൊതുവിൽ ഇതുവരെ എന്തു ഗുണമാണുണ്ടായിട്ടുള്ളതെന്നറിയുന്നില്ല. ഇക്കൊല്ലത്തെ മഹായോഗത്തിൽവെച്ചു നിശ്ചയിക്കപ്പെട്ട പഞ്ചായത്തു സംഘം ഇതുവരെ എന്തെല്ലാം കാര്യം ചെയ്തിട്ടുണ്ടെന്നുള്ള ചോദ്യത്തിന്ന സമാധാനം മൌനം തന്നെ.

വിദ്യാഭ്യാസം വേണ്ടതാണെന്നുള്ള നിശ്ചയം യോഗക്ഷേമസഭയിലും ഉണ്ടായിട്ടുണ്ട്. ഏതുവിധത്തിൽ വിദ്യാഭ്യാസമാണ നടപ്പിൽ വരുത്തേണ്ടത്? അതിന്നായി വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ? ചെയ്യാൻ ശ്രമിക്കുന്നു ണ്ടോ? മഹായോഗത്തിൽ വെച്ചുനിശ്ചയിക്കപ്പെട്ട കമ്മിററിക്കാർ ഈ വിഷ യത്തെ സ്മരിക്കുന്നുണ്ടോ?

പലേടത്തും ഉപസഭകളിൽ പരക്കെയുള്ള അഭിപ്രായമറിഞ്ഞിട്ടുവേണം തീർച്ചപ്പെടുത്തുവാനെന്നു വെച്ചിട്ടുള്ള കന്യകാദാനം, അംഗവിച്ഛേദം മുതലാ യ വിഷയങ്ങളെപ്പററി ആലോചിപ്പാൻ ഒരുപസഭയെങ്കിലും കൂടിയ തായി അറിയുന്നില്ല.

വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സംഖ്യയേയും പിരിഞ്ഞിട്ടുള്ള സംഖ്യ യേയും ഒത്തുനോക്കുമ്പോൾ കാണുന്ന അന്തരത്തിന്ന പിരിവിന്റെ ഭാരവാ ഹികൾ ഉത്തരവാദിയാണെന്ന സമ്മതിക്കാതെ കഴികയില്ല.

ഒന്നാമത്തെ മഹായോഗത്തെക്കാൾ രണ്ടാമത്തേതിലെ വിഷയ ങ്ങൾക്ക ഗൌരവം കൂടീട്ടുണ്ടെന്ന സ്പഷ്ടമായി കാണുന്നുണ്ട്. ഒന്നാമത്തെ മഹായോഗം സഭാ ശരീരത്തെ സൃഷ്ടിക്കുന്നതിലും നിയമങ്ങളെ നിർമ്മി ക്കുന്നതിലുമാണ് അധികം ശ്രദ്ധവെച്ചിട്ടുള്ളത്. രണ്ടാമത്തേതിലാകട്ടെ ലൌകികങ്ങളും മററുമായ പല കാര്യങ്ങളെപ്പററിയും ആലോചിച്ചിട്ടുണ്ട്.

ങ്ങളെ കണ്ടെത്ത ഉദ്ദേശിക്കുന്ന ഇതിനെയൊക്കെ ഇതുകൊണ്ടു
ടെ വിചാരിക്കേണ്ടതാകുന്നു ഒരു
ഉദ്ദേശം ... ചിലർ അല്ലാതായിരിക്കുന്നു.

മൂലഗ്രന്ഥത്തിലെ കാര്യത്തിലും ഒട്ടും കാലദേശവ്യത്യാസം വരുത്താതെ പാത്രങ്ങളുടെ ... എല്ലാ ഏർപ്പാടുകളും ... പാട്ടുകളിലുള്ള കാര്യങ്ങളെ നടത്തുകകൂടി ചെയ്തിട്ടുള്ള വിചാരം സഹൃദയന്മാർക്കുണ്ടായിരിക്കു മെന്നു പറയാനുള്ളൂ.

സംസ്കൃത ഗ്രന്ഥത്തിനോടുള്ള ഐകമത്യം വരുത്തീട്ടുള്ളതാണല്ലോ അതിന്റെ പ്രധാനമായ അംശംതന്നെ. ഐകമത്യത്തിന്റെ ഫലം പ്രത്യേകിച്ച് കണ്ടുതുടങ്ങുന്നതുവരെ അതിനെ ഇല്ലാതാക്കുന്നതിൽ കടക്കുവാൻ നിവൃത്തിയുള്ളൂ.

ശാസ്ത്രീയമായ ഏർപ്പാടിന്റെ നേരെ ഈവിധം ഉണ്ടാകുന്നതിനെ പ്രയോഗിക്കുന്നതു ന്യായമല്ല എന്നു ചിലർ ശഠിച്ചേക്കും. അതിനോടുള്ള അതിവാത്സല്യമാണ് ഇത്രത്തോളം പറവാനിടയാക്കിയതെന്നുള്ള സമാധാനം ഈ ലേഖകന്നു ധാരാളമായിട്ടുണ്ട്. ഇതുകൊണ്ട് നമ്പൂതിരിമാരുടെ ഉണ്ണികൾക്ക് ഒരു ഇഷ്ടം തോന്നുകയാണെങ്കിൽ നമ്പൂതിരിയുടെ കാര്യം ഗുണമായി. സംസ്കൃതത്തിന്റെ ഉദ്ദേശവും സാദ്ധ്യമായി. മറ്റു ലോകർക്ക് അപഹസിപ്പാനുള്ള മാർഗ്ഗവുമില്ലാതായി. എന്നാൽ ഈ പ്രയത്നവും സഫലമായി.

കെ. പരമേശ്വരൻനമ്പൂതിരി.

ക്രമസാരം

കാര്യനിർവ്വഹണത്തിന്ന് ഉത്സാഹം പ്രധാനകാരണമാണെന്നും ഉത്സാഹം സഹിതമായിട്ടു നില്ക്കുന്നതെങ്കിൽ ഒരു തടസവും കൂടാതെ സാധിക്കുമെന്ന് ഒരു തത്വം ലോകത്തിൽനിന്നു പഠിക്കേണ്ടതുണ്ട്. എല്ലാകാലത്തും എല്ലാരാജ്യത്തും എല്ലാജനസമുദായത്തിലും സംഭവിച്ചിട്ടുള്ള ജയാപജയങ്ങളെല്ലാം ഒരു ദൃഷ്ടാന്തമായ സഹിതോത്സാഹത്തിന്റെ താരതമ്യംപോലെ ആയിട്ടുള്ളതാണെന്ന് ചരിത്രം നോക്കിയാലും വെളിവായിക്കാണാം. ഓരോ ജനങ്ങൾ കൂട്ടം കൂട്ടമായി ഓരോ കുടിപിടിച്ചുനിന്ന നാട്ടുകാർ

ട്ട മത്സരിച്ചു പ്രവൃത്തിക്കുന്ന കൃത്യങ്ങളിൽ ജയമുണ്ടാവുന്നതല്ലാതെ സമുദായാഭിവൃദ്ധി സിദ്ധിക്കുന്നതല്ലല്ലോ. ഇതിന്നുള്ള സമുദായാഭിവൃദ്ധിക്കു ഉപയുക്തമായ മത്സരത്തെയാണ് കൂറുമത്സരം എന്നു പറയുന്നത്.

മലയാളത്തിൽ, വിശേഷിച്ചു നമ്പൂതിരിമാരുടെ ഇടയിൽ ഈ വിധത്തിലുള്ള കൂറുമത്സരം പണ്ടുപണ്ടേ നടപ്പായിരുന്നു. മലയാളികൾ ഒട്ടുക്കു പന്നിയൂർക്കൂറെന്നും, ചൊവ്വർക്കൂറെന്നും രണ്ടു കൂറായി പിരിഞ്ഞിരുന്നു. ഈ രണ്ടു കൂറുകാരേയും വേറെ തിരിച്ചറിയുവാൻ തക്ക വിധത്തിൽ മുണ്ടുടുപ്പ്, മറക്കുട, ചന്ദനക്കുറി മുതലായ വേഷവിശേഷങ്ങളിലും, കറിനാരക്ക്, കറിനാരക്ക്, നടവെടി, ഓലക്കുട തുടങ്ങിയ പല കാര്യങ്ങളിലും മറ്റും ചില വ്യത്യാസം കല്പിച്ചിട്ടുണ്ടായിരുന്നു. കാലക്രമം കൊണ്ട് അവയിൽ അശ്രദ്ധനിമിത്തം അവയെല്ലാം ഒട്ടൊട്ടു മാഞ്ഞുപോയിരിക്കുന്നു. എങ്കിലും ഇപ്പോഴും പണ്ടത്തെ രാജസദസ്സുകളിലും, അമ്പലങ്ങളിലും മറ്റും ചില വലിയ കർമ്മങ്ങളിലും ആ കൂറുമത്സരത്തിന്റെ ചിഹ്നങ്ങൾ കാണാതിരിക്കുന്നില്ല. എന്നുമാത്രമല്ലാതെ പ്രായേണ നമ്പൂതിരിമാർ പോലും തങ്ങൾ ഇതിൽ ഏതു കൂറുകാരാണെന്നു സ്പഷ്ടമായിട്ടറിയുന്നുണ്ടോ എന്നുതന്നെ സംശയമാണ്. തൃശ്ശിവപേരൂർ തിരുനാവായ എന്നീ യോഗങ്ങളും മറ്റും കൊച്ചി, കോഴിക്കോട് എന്നീ രാജകുടുംബങ്ങളും തമ്മിലുള്ള കൂറായിട്ടാണു നടപ്പ്. എന്നല്ലാതെ ഇവയിൽ തൃശ്ശിവപേരൂർ യോഗം ചൊവ്വർക്കൂറും, തിരുനാവായ യോഗം പന്നിയൂർക്കൂറും ആകുന്നതും, കൊച്ചി, കോഴിക്കോട് എന്നീ രാജകുടുംബങ്ങൾ ക്രമത്തിൽ ഇവയിലോരോന്നിൽ ചേർന്നിട്ടുള്ളതാണെന്നും ധരിച്ചിട്ടുള്ളവർ പോലും ചുരുക്കമായിത്തീർന്നിട്ടുണ്ട്. ഇവരുടെ ഇടയിലുള്ള കൂറുമത്സരവും ഉത്കൃഷ്ടഫലസമ്പാദനത്തോളം നിലനില്ക്കാതെ ചില ക്ഷുദ്രകലഹങ്ങളെ മാത്രമേ ഉളവാക്കിത്തീർക്കുവാൻ കാരണമാകുന്നുള്ളു. ഈ യോഗങ്ങൾ തമ്മിലുള്ള കൂറുമത്സരം വേദവിഷയത്തിൽ മാത്രം (അതും തന്നെ ചില പ്രയോഗസാമർത്ഥ്യത്തെ സമ്പാദിച്ചിട്ടുള്ളതോളം കൊണ്ടു കഴിഞ്ഞുപോന്നു) എന്നമട്ടിൽ കലാശിപ്പിക്കാതെ വിവിധശാസ്ത്രപാണ്ഡിത്യം, ശുദ്ധതന്ത്രമന്ത്രാദിയായ കർമ്മപരിജ്ഞാനം, ലൗകികവ്യവഹാരപരിചയം, പാരത്രികസംബന്ധിപരിശ്രമം മുതലായവയിലും കൂടിപ്പടർന്നു പിടിക്കത്തക്കവിധം പരപ്പിച്ചു വരുന്നതായാൽ നമ്പൂതിരിമാരുടെ അഭ്യുദയത്തിന് അതുതന്നെ വലിയ ഒരു സഹായമായിത്തീരുകയായിരുന്നു. എ

ന്നാൽ ഇടപ്രഭുക്കളായ നമ്പൂതിരിമാർ മാത്രമേ ഈ യോഗക്കാരായിരു [illegible] ഗ്രന്ഥങ്ങളാകയുള്ളൂ എന്നു വെക്കണ്ട. തിരുവനന്തപുരത്തു [illegible] [illegible] [illegible] സാമവേദികളും [illegible] യോഗത്തിൽ ചേർന്നു ക്രമജപത്തിനു പിടിച്ചുകൂട്ടിവരുന്നതാണ്.

[illegible] [illegible] ഒരുവക ക്രമജപം നമ്പൂതിരിമാരുടെ ഇടയിൽ നടപ്പുണ്ടല്ലോ. അതിന്നൊരു [illegible] [illegible]. അനുഷ്ഠാനവിഷയങ്ങളിൽ അറിവുണ്ടാക്കുവാൻ ഇതായിരിക്കും യോഗജപത്തേക്കാൾ അധികമുള്ളത്. [illegible] [illegible] കീഴിലാണ് [illegible] [illegible] ശാസ്ത്രീയമായ പരിചയമുള്ള [illegible] പഠിക്കേണ്ട ജപവും [illegible] ങ്ങളും ഈ വിഷയത്തിൽ കാരണങ്ങളാണ്. [illegible] [illegible] [illegible] [illegible] [illegible] പൂർവ്വന്മാർ ഈ വിഷയത്തിൽ പരിശ്രമിച്ചിട്ടുള്ളതിന്റെ [illegible] വ്യക്തമാകുന്നതാണ്.

[illegible] [illegible] ഈ [illegible] നല്ല ക്രമജപം ആവശ്യമാണെങ്കിലും [illegible] [illegible] [illegible]. ഈ വക ക്രമജപങ്ങളെ [illegible] വരായ പൂർവ്വന്മാർ ഈ [illegible] [illegible]. [illegible] [illegible] പരിശ്രമിക്കയും, [illegible] [illegible] [illegible] [illegible] ചെയ്യുന്നതാണ്. ഇത്തരമായ ക്രമജപത്തിന്റെ [illegible], [illegible] [illegible] [illegible] [illegible] ഇല്ല. ഇല്ലെങ്കിൽ [illegible] [illegible] യോഗങ്ങളിൽ ഇത്ര [illegible] [illegible] എന്നു നിശ്ചയമാണ്. [illegible] [illegible] [illegible] [illegible] കൂടാതെ [illegible] [illegible] ഇത്രവലിയ [illegible] ചെയ്യുവാൻ [illegible] [illegible] തോന്നുന്നില്ല. നമ്പൂതിരിമാരുടെ ഇടയിൽ മാത്രമല്ല [illegible] [illegible] ഇടയിലും [illegible] [illegible] സകല [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible], [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ക്രമജപത്തിനുള്ള [illegible]

സമ്പാദനസ്ഥാനങ്ങളാണ്. ഇപ്പോഴത്തെ മാതിരി സദ്യ [illegible] ടികളും മറ്റും ഇങ്ങിനെതന്നെയാകുന്നു. ഇവയിലുള്ള [illegible] ഉണ്ടാക്കുന്ന [illegible] അനുഗ്രഹിച്ചുവരുന്ന [illegible] കാണുകയാൽ പരസ്പരം ഐക്യമത്യം വർദ്ധിക്കുവാൻ കാരണമാ[illegible] കയും ചെയ്യും.

ഇങ്ങിനെയൊക്കെയും അത്യാവശ്യമായിരിക്കെ കാരണമാണെങ്കിലും [illegible] വേണ്ടുംപോലെയല്ലാതെ ഉപയോഗിച്ചാൽ വളരെ [illegible] ഉണ്ടാവുന്നതാണ്. എന്തിനെന്നാൽ കാർണതിന്മേൽ (അതായതു പ്രയത്നത്തിന്മേൽ) ഇഷ്ടത്തോടുകൂടി മനസ്സിരിക്കാതെ [illegible] വലിയ [illegible] ഇഷ്ടപ്പെട്ട [illegible] ഉണ്ടെങ്കിൽ [illegible] ചെയ്തു [illegible] വരുന്ന [illegible] സംഖ്യയില്ല. ഈ [illegible] ഐകമത്യത്തിന്നുതന്നെ [illegible] പാടുന്നതാണ്.


[illegible] ക്ഷുരകന്മാരുടെ [illegible] ആവശ്യം [illegible] മറ്റു [illegible] ക്ഷുരകന്മാരെ [illegible] എന്നിരിക്കെ [illegible] കാര്യം [illegible] മുഴുവനും. എന്നിരിക്കെ തങ്ങളെ [illegible], ഇങ്ങിനെ [illegible], എന്നാൽ [illegible] വാശിപിടിച്ചു [illegible] അവമാനിക്കുകയാണെന്നു പറവാൻ കാണുന്നുള്ളൂ. ഇമ്മാതിരി [illegible] കാരണങ്ങളായ [illegible] [illegible] പല [illegible] ലോകങ്ങളാൽ പറയുന്നത്. ഇവക [illegible] നമ്മുടെ ഇടയിൽ [illegible] പാറിപ്പോകുന്നതാണെന്ന [illegible] വരുന്നു.

നമ്പൂതിരിമാരുടെ വർഗ്ഗത്തിൽ ഇത്തരം [illegible] കളും [illegible] കളും വളരെക്കാലമായിരുന്നു. എന്നാലതല്ല, വല്ല സഭ[illegible] അവമാനത്തിന്നോ പരിഹാസത്തിന്നോ സംഗതിയായി[illegible] അവർ [illegible] പരിശ്രമിച്ചു [illegible] നേടിയവരായ [illegible] നമ്പൂതിരിമാരെ [illegible] കേൾപ്പാനുണ്ട്. [illegible] സ്വകാര്യങ്ങളുടെയും [illegible] ഇത്തരം അവമാനങ്ങൾ [illegible] പ്രസിദ്ധമാണല്ലോ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഇന്ത്യയിലെ വജ്രഖനികൾ

ഇന്ത്യാചക്രവർത്തിയുടെ കിരീടരത്നമായ 'പ്രകാശഗിരി' എന്നു വിളിക്കപ്പെടുന്ന 'കോഹിനൂർ' രത്നത്തെപ്പോലെ ആശ്ചര്യജനകമായ വജ്രങ്ങൾ ലോകത്തിൽ അധികം ഉണ്ടായിരിപ്പാൻ മാർഗ്ഗമില്ല. ഈ അത്ഭുതരത്നത്തിന്റേയും, 'മൊഗൾ' എന്നും 'പിറ്റ്' എന്നും ഉള്ള മഹാരത്നങ്ങളുടെയും ജന്മഭൂമി ഇന്ത്യയാണെന്നു പരിചയമുള്ളവരോടു് ഈ രാജ്യത്തിലെ വജ്രഖനികളുടെ



പ്രാധാന്യത്തെപ്പറ്റി അധികം പറയേണ്ടതാവശ്യമില്ല. സർവ്വരത്നങ്ങളിലും വെച്ചു വിലയേറിയ ഈ തരം കല്ലുകൾ പുരാതനകാലത്തു് ഇന്ത്യയിൽ നിന്നു മാത്രമേ കിട്ടിവന്നിരുന്നുള്ളൂ. ആ കാലങ്ങളിൽ രത്നപരീക്ഷകന്മാർ തന്നെയല്ല സർവ്വസാധാരണക്കാരായ മനുഷ്യരൊക്കെയും ഈ രാജ്യം കേൾവിപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ അങ്ങിനെയല്ല. മഹത്തായ ഉപയോഗകരമായും ഉള്ള പല കാര്യങ്ങളിലും അന്യരാജ്യങ്ങൾക്കു ഇപ്പോൾ അധികം പ്രാധാന്യം സിദ്ധിച്ചിട്ടുണ്ടു്. രത്നങ്ങളുടെ കാര്യത്തിൽ ദക്ഷിണഅമേരിക്കയിലെ ബ്രസിലും ആഫ്രിക്കയിലെ കേപ്പുകാളനിയും മാത്രസംബന്ധിച്ചിടത്തോളം ഇന്ത്യയെ തോല്പിച്ചിരിക്കുന്നു.

ഇന്ത്യയിൽ ഇപ്പോൾ വജ്രം കിട്ടുന്നതു വളരെ ചുരുക്കമായിട്ടു മാത്രമാണു്. നമ്മുടെ പുരാണഗ്രന്ഥങ്ങളിൽ താഴെ പറയുന്ന എട്ടു സ്ഥലങ്ങളിൽനിന്നു രത്നക്കല്ലുകൾ എടുത്തുവന്നിരുന്നതായി കാണുന്നുണ്ടു്. അവ, ൧. ഹിമവാൻപർവ്വതത്തിലുള്ള ഒരു ഭാഗം ൨. മാതംഗം (ഗോൽക്കൊണ്ട) ൩. സൌരാഷ്ട്രം (സൂറത്ത്) ൪. പൌണ്ഡ്രം (ചോട്ടാനാഗ്പൂർ) ൫. കലിംഗം (മഹാനദിസംസ്ഥാനത്തിന്റെ ഉത്തരഭാഗം) ൬. കോസലം (അയോദ്ധ്യ) ൭. വേണ്ണാഗംഗ (വെയിൻഗംഗ) ൮. [illegible] ([illegible]) എന്നീ രാജ്യങ്ങൾ ആകുന്നു. ഈ സ്ഥലങ്ങളിൽ ചിലതു് അയൽരാജ്യങ്ങളിലുണ്ടാവുന്ന കല്ലുകൾ വാങ്ങി വില്പനക്കു കൊണ്ടുവരുന്ന കച്ചവടസ്ഥലങ്ങളായി മാത്രമേ ഗണിക്കപ്പെടുവാൻ കാരണം കാണുന്നുള്ളൂ. സൌരാഷ്ട്രം, അതല്ലെങ്കിൽ ഇന്നത്തെ 'സൂറത്ത്' ഇതിനു

ഒരു ഉദാഹരണമായെടുക്കാം. ഈ മാതിരി ഖനികൾ ഒരു കാലത്തു ഉണ്ടാ യിരുന്നതായി തീർച്ചപ്പെടുത്തുവാൻ യാതൊരു തെളിവും ഇല്ല. മദിരാശി സംസ്ഥാനത്തിലെ കടപ്പ, ബെല്ലാരി, കർണ്ണൂൽ എന്നീ ജില്ലകളും, ഹൈദരാ ബാദിലെ ഗോൾക്കൊണ്ട എന്ന സ്ഥലവും, മദ്ധ്യപ്രദേശത്തിലെ സാം ബൽപ്പൂർ, പന്ന എന്നീ ജില്ലകളും, ബുന്ദൽഖണ്ഡത്തിലെ ഛത്രപ്പൂരും മദ്ധ്യ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളും ആകുന്നു എന്നിവ. അടുത്തകാല ത്തു വജ്രം എടുത്തുവന്നിരുന്ന പ്രദേശങ്ങൾ.

മദിരാശിസംസ്ഥാനത്തുണ്ടാവുന്ന വജ്രങ്ങളെല്ലാം ഗോൾക്കൊണ്ട യിലേക്ക് കൊണ്ടുപോയി വില്പനചെയ്തിരുന്നതുകൊണ്ട് അവയെല്ലാം ഗോൾ ക്കൊണ്ട വജ്രങ്ങൾ എന്നാണ് വ്യവഹരിക്കപ്പെട്ടിരുന്നത്. എന്നാൽ സൂറത്തിലും അതിനടുത്തുള്ള പ്രദേശങ്ങളിലും താമസിച്ചുവരുന്ന ഗുജ റാത്തിവ്യാപാരികൾ കച്ചവടാവശ്യാർത്ഥം അനവധി കല്ലുകൾ സൂറത്തി ലേക്ക് കൊണ്ടുപോയിരുന്നു. മദിരാശിയിലെ ഈ ഖനികളിൽ നിന്ന് പ്രസിദ്ധങ്ങളായ അനേകം വജ്രങ്ങൾ എടുത്തുവന്നിരുന്നു. അതി ന്റെശേഷം ഇവിടങ്ങളിലുള്ള ഖനികൾ ലാഭപ്രാപ്തിയുള്ളവകളായി കാണ പ്പെടാത്തതുകൊണ്ട് എല്ലാം ത്യജിക്കപ്പെട്ടിരിക്കുന്നു. മനുഷ്യരെപ്പോലെ വജ്രങ്ങളും ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രഭേദേന വിഭജിക്കപ്പെട്ടി ട്ടുണ്ട്. ഇതിൽ ബ്രാഹ്മണവജ്രമാണ് ഏറ്റവും മൂല്യവും ഉൽകൃഷ്ട വും ആയിട്ടുള്ളതെന്ന പറയേണ്ടതില്ലല്ലോ. കടപ്പ, ബെല്ലാരി, കർണ്ണൂൽ എന്നീ ജില്ലകളിൽനിന്ന് എടുത്തുവന്നിരുന്ന വജ്രങ്ങൾ ശൂദ്രവർഗ്ഗത്തിൽ ഉൾപ്പെട്ടവയാണ്. ഈ പ്രദേശങ്ങളിൽ നടത്തപ്പെട്ടിരുന്ന ഖനനരീതി വളരെ എളുപ്പമായിട്ടുള്ളതും ആയിരുന്നു. രത്നങ്ങൾ ഉണ്ടാകുമെന്നു കരു തപ്പെടുന്ന ഭൂമിയിൽ ഉദ്ദേശം പത്തടി ആഴത്തിലുള്ള ഒരു ചതുരക്കുഴി കുഴിക്കുകയും അതിൽനിന്നും എടുക്കുന്ന ചരൽ, കല്ല്, മണ്ണ് മുതലായ പദാ ർത്ഥങ്ങളെ കൊട്ടകളിൽകൊണ്ടുവന്ന വെള്ളത്തിൽ തെളിഞ്ഞതായി അരിക്കുമ്പോൾ അവയിൽ കാണുന്നവയിൽ എടുത്തുമാറ്റിക്കളയുകയാണ് ചെയ്തിരുന്നത്. ഇങ്ങിനെ ചെയ്യുമ്പോൾ വജ്രങ്ങൾക്കുള്ള വിശേഷപ്രഭകൊണ്ട് അവയെ ളെ പ്രത്യേകം തിരിച്ചെടുപ്പാൻ ഒട്ടും തന്നെ പ്രയാസമുണ്ടായിരുന്നില്ല.

ഇന്നത്തെ മദിരാശിസംസ്ഥാനാധികാരത്തിൻകീഴിലും ഏതാ നും നൈസാമിന്റെ അധികാരത്തിലും പെട്ടുകിടക്കുന്ന ഗോദാവരി, കൃഷ്ണാ എന്നീ ജില്ലകളിൽ വിളങ്ങിയിരുന്ന രത്നങ്ങൾ ആദ്യകാലം ഗോൾ ക്കൊണ്ടയിലേക്കുള്ള ലോകംമുഴുവനും കീർത്തിപ്പെട്ടിരുന്നു. ബ്രസീലിലും

കേപ്പിലും വജ്രം കണ്ടെത്തുന്നതിനുമുമ്പ് ഇന്ത്യയിലെ ഗോൽക്കൊണ്ടയും ഇന്ത്യാദ്വീപസമൂഹത്തിൽപെട്ട ബോർണിയോ എന്ന സ്ഥലവും മാത്രമേ വജ്രോൽപ്രദേശങ്ങളായി ലോകർക്ക് അറിഞ്ഞിരുന്നുള്ളൂ. ഈവിധം പ്രസിദ്ധിസമ്പാദിച്ചിട്ടുള്ള ഗോൽക്കൊണ്ടഖനികൾക്കുമിപ്പോൾ മുതൽക്കൂട്ടായതാൽ ഇപ്പോഴവ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ സമീപങ്ങളിൽ പൂർവ്വകാലത്ത് അനവധി അമൂല്യരത്നങ്ങൾ കിട്ടിവന്നിരുന്നതുകൊണ്ട് അന്ന് ഇതിന് ലോകപ്രസിദ്ധിയുണ്ടായതിൽ അതിശയിപ്പാനില്ല. ഈ ദിക്കിൽനിന്നാണ് കോഹിനൂർ, പിററ്, നൈസാം എന്ന മഹാരത്നങ്ങൾ കണ്ടെത്തിയത്. ഇതിൽ കോഹിനൂർരത്നത്തിന്റെ ജന്മഭൂമി കൊല്ലൂർ എന്ന സ്ഥലമാണ്.

മദ്ധ്യപ്രദേശങ്ങളിൽ മുമ്പു വജ്രങ്ങൾ എടുത്തുവന്നിരുന്നതു സാംബാലപൂർ ജില്ലയിലും ചാന്ദജില്ലയിൽപെട്ട വൈരഗാർ എന്ന സ്ഥലത്തുമാണ്. ഇവയിൽ ആദ്യത്തേതു പണത്തിനു പകരമായി വജ്രം കയററി അയക്കുന്നത് ഏററവും നല്ലതായിരിക്കുമെന്നുകരുതി ഇവിടെ ചെറുവജ്രക്കല്ലുകൾ വാങ്ങിക്കൊണ്ടുവരുന്നതിലേക്ക് വിദേശീയനായ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിയമിക്കണമെന്ന് ഫെറിഗ്രിൻ ഔലിവർ മഹാശയനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അവയിലെ ആവശ്യമുള്ളതത്രാളം ഇവിടെ കിട്ടാത്തതിനാലും ഈ അഭിപ്രായം നിഷ്ഫലമായതിനാലും, മദ്ധ്യപ്രദേശങ്ങളിൽ ഒരു ഖനിയിലും ഇപ്പോൾ വേലചെയ്യുന്നില്ല.

അക്ബർ, ജിഹാംഗീർ എന്നീ ചക്രവർത്തികളുടെ കാലത്തു ചെററാനാഗപുരത്തിലെ ഖനികൾ അധികമേറെ പ്രസിദ്ധിയാർന്നിരുന്നു. എങ്കിലും ഇപ്പോൾ അതുകളും വിസ്മൃതിയിലായിരിക്കുന്നു. ഈ ഖനികളിൽനിന്നു അന്ന് കിട്ടിവന്നിരുന്ന രത്നങ്ങളെ ഉദ്ദേശിച്ചാണ് അന്ന് കോക്ര എന്നുവിളിക്കപ്പെട്ടിരുന്ന ചെററാനാഗപുരത്തിന്റെ ചില ഭാഗപ്രദേശങ്ങൾ അക്ബർ പിടിച്ചടക്കി അവിടത്തെ സ്വതന്ത്രരാജാവായ ദുർജ്ജനസിംഹനെ അക്ബറുടെ മഹാരാജ്യത്തിൻകീഴിൽ ഒരു ഉപരാജാവാക്കിയത്. ബീഹാറിൽ ആവശ്യക്കാരായി നടന്ന യുദ്ധത്തിൽ മാനസിംഹൻ എന്ന മഹാസേനാധിപന് ഈ ദുർജ്ജനസിംഹൻ അപാരമായ സഹായം ചെയ്തുകൊടുത്തിട്ടുള്ളതും മററും ചരിത്രസംഗതികളാണല്ലോ. ചെററാനാഗപുരവജ്രത്തെപ്പററി ജിഹാംഗീർചക്രവർത്തി അദ്ദേഹത്തിന്റെ ചരിത്രത്തിൽ ഈവിധം എഴുതിയിരിക്കുന്നു. "ഈ സ്ഥലം സുബ്ബാബീഹാരിൽപെട്ടതു

ഇതിൽകൂടി ഒഴുകുന്ന നദി അനവധി വജ്രം കൊണ്ടുവരുന്നതും ആണു്. നദി യിൽ അധികം ജലം ഇല്ലാത്ത കാലങ്ങളിൽ ചെറുകുഴികളിൽ വജ്രങ്ങ ളെ കാണാം. ചെറുബാല്യക്കാർ പതിവായി കൊണ്ടു് ഈ കുഴികളിൽ വജ്ര ങ്ങളുണ്ടോ ഇല്ലയോ എന്നു പരിശോധിക്കും. ഇങ്ങനെ ക ണ്ടാൽ അവയിൽനിന്നു നിശ്ചയമായും തങ്ങടെ ഭാഗ്യത്തിന്റെ അ തിൽ ഓരോ കല്ലുകൾക്കു് ചിലപ്പോൾ ലക്ഷം രൂപ വിലമതിക്കയും ചെയ്യുന്നു. ഈ ജില്ലയും നദിയും ദുർജ്ജനസാലൻ എന്ന ജമിന്താരിന്റെ കൈവശമാണു്." പറഞ്ഞ ഈ സ്ഥലത്തെ പിടിച്ചടക്കുവാൻ ബിഹാ റിലെ ഗവർണ്ണറായ ഇബ്രാഹിംഖാനെ നിയോഗിച്ച വിവരവും ഇബ്രാ ഹിംഖാൻ ഒടുവിൽ ജമിന്താരിന്റെ വജ്രക്കല്ലുകളെ കൈവശപ്പെടുത്തിയ സംഗതിയും ഈ ചരിത്രത്തിൽ സവിസ്തരമായി പറഞ്ഞിട്ടുണ്ടു്.

മദ്ധ്യഇന്ത്യാപ്രതിനിധികളുടെ ആധിപത്യത്തിൻകീഴിൽ ഉള്ള ബാഗൽ ഖണ്ഡിലെ പന്ന എന്ന ഒരു നാട്ടുരാജ്യത്തിൽനിന്നുമാത്രമെ ഇന്ത്യയിൽ ഇപ്പോഴും വജ്രം എടുത്തുവരുന്നുള്ളു. ഇവിടത്തെ ഖനികളിൽ ഉള്ള പണിക്കാർ ആദ്യനിവാസികളായ ഗോണ്ടവർഗ്ഗത്തിൽ ചേർന്നവരാണ്. ൨൫ അടി മുതൽ അറുപതോളം ൩൦ അടി ആഴമുള്ള കിണറു പോലുള്ള കുഴികളെ ആദ്യമായി ഇവർ നിർമ്മിക്കുന്നു. ഇതുകളിൽ ഉണ്ടാകുന്ന ഉറവു വെ ള്ളം ചക്രംവെച്ചു തേവിപ്രകാരത്തിലോ തേവിക്കളകയും പുഴി, കല്ലു് മുത ലായതുകളും കൊട്ടകളിലാക്കി കുളിപ്പിക്കും എടുത്തിടുകയും ചെയ്യുന്നു. ഇങ്ങിനെ കയറ്റിക്കൊണ്ടു വരുന്ന പദാർത്ഥങ്ങളെ നിശ്ചയമായി തെരി ച്ചു കാണും ആണു് ഇവിടെ ഇപ്പോഴും രത്നങ്ങൾ എടുത്തുവരുന്നതു്. പ ന്നയിലെ ഖനികളിൽനിന്നു ഉത്തമ രത്നങ്ങൾ ഉറപ്പിക്ക വിലകൂടിയ രത്നക്കല്ലുകൾ ഇപ്പോഴും കൂടുതലായും കിട്ടിവരുന്നതായി കണ്ടറി ഞ്ഞിരിക്കുന്നു.

കെ. പി. കരുപ്പ്.

ഗ്രന്ഥനിരൂപണം

ക്രം എൻറഗ്രുതു

വിശ്രുതപണ്ഡിതനായ വിവേകാനന്ദസ്വാമികൾ ഇംഗ്ലീഷ്ഭാഷയിൽ ചെയ്തിട്ടുള്ള പ്രസംഗങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. അവയിൽവെച്ചു് ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് 'എൻറ ഗുരു' എന്ന പ്രസംഗം.

ആംഗലഭാഷയിൽ സ്വാമി വിവേകാനന്ദനെക്കുറിച്ചു ചെയ്തതായ പ്രസ്തുതപ്രസംഗം, സ്വാമികളുടെ ഗുരുവായ ശ്രീരാമകൃഷ്ണപരമഹംസരുടെ ജീവചരിത്രത്തെ പ്രതിപാദിക്കുന്നതാണ്. സാധാരണയായി പല ചരിത്രങ്ങളിലും കാണുന്ന മാതിരി ഇരുന്ന ദേശവും നാളും തിയതിയും എഴുതി നിരത്തി വെച്ചു കാലം വർണ്ണിക്കയല്ല ഈ ജീവചരിത്രത്തിൽ ചെയ്തിട്ടുള്ളത്. ഇതിഹാസനായകന്റെ ബുദ്ധിയെപ്പറ്റിയ അനേകം അത്ഭുതങ്ങൾ പാടിപ്പാടിവരുന്നതാണ്ടുതന്നെ. ഒരു ശിഷ്യൻ തനിക്കുള്ള ഗുരുഭക്തിയെ പ്രദർശിപ്പിക്കേണ്ടത് ഇങ്ങിനെയൊക്കെയാണെന്നും ഇതിൽ നിന്നറിയാവുന്നതാണ്. ഇങ്ങിനെ ജീവചരിത്രമെഴുതുന്നവർക്ക് ഒരു മാതൃകാഗ്രന്ഥമാണെന്ന പറയാവുന്ന പ്രസ്തുതപ്രസംഗത്തെ മലയാളഭാഷയിൽ തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിയ മ-രാ-രാ സി. കെ. രാമ അയ്യർ അവർകൾ ഭാഷക്കും നാട്ടുകാർക്കും ചെയ്തിട്ടുള്ള ഉപകാരം വിസ്തരിക്കേണ്ടതല്ല. തർജ്ജമ വളരെ ഭംഗിയായിട്ടുണ്ടെന്ന പറഞ്ഞുകൂടാ; എന്നാൽ, രാമ അയ്യർ അവർകളുടെ ഒന്നാമത്തെ കൃതിയാണ് ഇതെന്നാലോചിക്കുമ്പോൾ അദ്ദേഹത്തിൽനിന്ന് ഇനിയും അനേകം ഉത്തമഗ്രന്ഥങ്ങൾ മലയാളികൾക്കു കിട്ടാനിടയുണ്ടാവുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഇതിന്റെ വില ൪ അണ യാണ്.

൨. ഗുരുവായൂർ ദീപസ്തംഭം.

ഇക്കഴിഞ്ഞ ചിങ്ങമാസം ൧-ാം- ഗുരുവായൂർ ക്ഷേത്രത്തിൽ, മ-രാ-രാ ജസ്റ്റിസ് സർ. ശങ്കരൻനായരവർകളുടെ വകയായി ഒരു ദീപസ്തംഭം സ്ഥാപിക്കപ്പെട്ടിരുന്നു. അതിനെപ്പറ്റി, കേരളവർമ്മവലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു തുടങ്ങി കേരളത്തിലുള്ള അനേകം കവികളാൽ ഉണ്ടാക്കപ്പെട്ട ശ്ലോകങ്ങളെല്ലാം ഒന്നിച്ചുകൂട്ടി അച്ചടിപ്പിച്ചു, ഗുരുവായൂർദേവസ്വം കാര്യസ്ഥനായ മ-രാ-രാ എ. കോന്തിമേനോനവർകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു പുതിയപുസ്തകമാണ് പ്രസ്തുതഗ്രന്ഥം. സംസ്കൃതത്തിലും മലയാളത്തിലുമായി എഴുതപ്പെട്ടിട്ടുള്ളവയായ ഇതിലടങ്ങിയ പദ്യങ്ങളിൽ, ദീപസ്തംഭത്തിന്റെയും, അതിനെ വഴിപാടു ചെയ്ത മഹാനുഭാവന്റെയും, ഇതിനെപ്പറ്റി പ്രധാനമായി പരിശ്രമിച്ച കോന്തിമേനോനവർകളുടെയും ഗുണഗണങ്ങളെ വർണ്ണിക്കുന്നവയാണ്. പുസ്തകത്തിന്റെ ആദിയിൽ സ്തംഭത്തിന്റെ ഒരു ഛായാപടം കൊടുത്തിട്ടുള്ളത് ഉചിതമായിട്ടുണ്ട്. കൊച്ചി ഏഴാംകൂർ രാമവർമ്മ (അപ്പൻ) തമ്പുരാൻ തിരുമനസ്സിലെ രമണീയമായ മുഖവുര ഇതിന്നൊരലങ്കാരമായി

ത്തീൎന്നിട്ടുണ്ട്. പ്രസാധകന്റെ വകയായി പീഠിക സ്വകൎത്താവിന്റെ ചരിത്രത്തെ പറ്റിപ്പറയുന്നുണ്ട്. പദ്യങ്ങൾക്കു ചുവട്ടിൽ ചെറു ടിപ്പണി കൊടുത്തിട്ടുള്ളതും നന്നായിരിക്കുന്നു. മഹാശാസ്ത്രമായ ഈ ദീപസ്തംഭത്തെക്കുറിച്ച് ഒരു കവികളുടെ കൈയായി തരുന്ന പദ്യങ്ങൾ കട്ടിയായിട്ടു തെളിഞ്ഞിട്ടുമില്ല. എങ്കിലും ഈ ദീപസ്തംഭമാഹാത്മ്യം ഒരു പുസ്തകം മലയാളികൾക്കു ലഭിച്ചതു ഗുരുവായൂരപ്പന്റെ കടാക്ഷം കൊണ്ടുതന്നെയാണ്. ഇതിന്റെ വില ൪ അണ ആകുന്നു.

ന. ചതുരശ്ലോകങ്ങൾ.

ഇംഗ്ലീഷിൽ തീൎപ്പെട്ടുപോയ സാഹിത്യപ്രചാരകനായ തിരുമനസ്സിലെ പാണ്ഡിത്യത്തെക്കുറിച്ചു പൂൎവ്വത്തിൽ ചെറുപ്പുസ്തകമായി അവർകൾ ഉണ്ടാക്കിയ ചതുരശ്ലോകങ്ങളാണ് ഈ പുസ്തകം. പുസ്തകം ഞങ്ങൾ വായിച്ചുനോക്കിയതിൽ, കവി സ്വാഭാവികമായ കവിതാചാതുൎയ്യമാകും കൈവശമുള്ള പരിശ്രമമൊന്നു മതിയാവില്ലെന്നു ഗ്രന്ഥകൎത്താവിന്റെ അവരുടെ താല്പൎയ്യമാണെന്നു തോന്നിയത്. ഇതുമാത്രം പറയുന്നതല്ലാതെ കവിതയിൽ ദോഷം പറഞ്ഞു ഗ്രന്ഥകൎത്താവിനെ ബുദ്ധിമുട്ടിക്കുന്ന വൈരസ്യം ജനിപ്പിക്കുവാൻ ഞങ്ങൾ ഒരുങ്ങുന്നില്ല. കവിതയിൽനിന്നു വളരെഭാഗവും എടുത്തു കാണിക്കുന്നതായാൽ അതും സന്തോഷമായിരിക്കും. ഇതിന്ന് രണ്ടു വിലയണ ആകുന്നു.

പലവക

വെള്ളത്തിലും ഭൂപ്രദേശത്തും ഉള്ള ഓരോ സസ്യജന്തുക്കളോട്, വൃക്ഷം, ശനി എന്നീ ഗ്രഹങ്ങളിൽ സസ്യങ്ങളും പക്ഷികളുമുള്ളതായി കണ്ടുപിടിച്ചിരിക്കുന്നുവത്രെ!.

* * * * *

പണ്ഡിതർ ആർ. വി. കൃഷ്ണമാചാൎയ്യരവർകൾ അയച്ചുതന്നിട്ടുള്ള സംസ്കൃതഗ്രന്ഥങ്ങളെ മദ്രാസ്‌പത്രികപുസ്തകവും, ശ്രീരംഗം പ്രസ്സ് കാരന്റെ കൈവശമുള്ള തന്നിട്ടുള്ള ഗുരുവായൂരപ്പന്റെ കടാക്ഷം സന്തോഷത്തോടെ സ്വീകരിച്ചിരിക്കുന്നു. അഭിപ്രായം പിന്നാലെ.

* * * * *

കാലടി ശ്രീശങ്കരാചാൎയ്യക്ഷേത്രത്തിലെ പ്രതിഷ്ഠ വരുന്ന കുംഭമാസത്തിൽ കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. അതിന്റെ ആവശ്യത്തിലേക്കായി ശൃംഗേരിമഠം ശ്രീശങ്കരാചാൎയ്യസ്വാമി അവൎകൾ മുൻകൂട്ടിത്തന്നെ പുറപ്പെട്ടിരിക്കുന്നതായും, കഴിഞ്ഞമാസം ... തിരുവനന്തപുരത്ത് എത്തിയിരിക്കുന്നതായും അറിയുന്നു.

* * * * *

സംസ്കൃതചന്ദ്രിക, സൂനൃതവാദിനി എന്നീ സംസ്കൃതപത്രങ്ങളുടെ പത്രാധിപരും പ്രസിദ്ധസംസ്കൃതപണ്ഡിതനും ആയ അപ്പാശാസ്ത്രി വിദ്യാവാചസ്പതി അവൎകൾക്കു, ... മഹാരാജാവു ... എന്നീ പ്രാചീന ... പാഠശാലകളിൽനിന്നു വിദ്യാലങ്കാരൻ എന്നും, ... എന്നും രണ്ടു ബിരുദങ്ങളും നൽകിയിരിക്കുന്നതായി അറിയുന്നു.

* * * * *

തിരുവനന്തപുരത്തുനിന്നു ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള അവൎകളുടെ പ്രസാധകത്വത്തിൻകീഴിൽ പുറപ്പെട്ടിട്ടുള്ള "കവിതാവിനോദം" എന്ന മാസികപത്രത്തിന്റെ ഒന്നാംലക്കം ഞങ്ങൾക്കു കിട്ടിയിരിക്കുന്നു. കൊല്ലത്തിൽ ൧ ക മാത്രം വരിസംഖ്യയുള്ള ഈ പുതിയ മാസികയെ കേരളീയർ ആദരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

* * * * *

"മംഗളോദയ"ത്തിൽ ഇതിനുമുമ്പ് അനേകം പ്രാവശ്യം പ്രസിദ്ധപ്പെടുത്തിട്ടുള്ളതായിരുന്ന സമ്മാനലേഖനപരസ്യത്തെ അനുസരിച്ച് ഇതുവരെയും ആരും ലേഖനങ്ങൾ അയച്ചുതന്നിട്ടില്ല. സമ്മാനലേഖനമെഴുതുവാൻ വിചാരിക്കുന്നവർ അവരവരുടെ ലേഖനങ്ങളെ വരുന്ന മകരം ൩൦-ാംനു-ക്കു മുമ്പായി കിട്ടിപ്പിക്കേണ്ടതാണെന്ന് ഒന്നുകൂടി ഓൎമ്മപ്പെടുത്തുന്നു.

* * * * *

ഇക്കഴിഞ്ഞ ധനുമാസം ഒടുവിൽ തൃശ്ശിവപേരൂരിൽ വെച്ചു നമ്പൂതിരിമാരുടെ മഹാസഭ (കോൺഗ്രസ്സ്) കഴിഞ്ഞുകൂടിയിരിക്കുന്നു. അതിനോടനുബന്ധിച്ചു ബ്രാഹ്മണരുടെ ഉൽക്കൎഷത്തിനുള്ള വഴികളെ ആലോചിപ്പാനായി ഒരു ബ്രാഹ്മണസദസ്സും, ക്ഷത്രിയരുടെ അഭ്യുദയത്തിന്നായി ഒരു ക്ഷത്രിയസദസ്സും കൂടാതെ ... ഒരു ... സമാജവും സ്ത്രീകളെമാത്രം സംബന്ധിക്കുന്ന കാൎയ്യങ്ങൾ നിരൂപിപ്പാനായി ഒരു സ്ത്രീസമിതിയും, ... പരിശോധിപ്പാനായി ഒരു ... സഭയും കൂടിയിരിക്കുന്നു.

* * * * *

[illegible]

* * * * *

വിചാരവിംശതിഃ

൧. [illegible]
[illegible]
[illegible]
[illegible]

൨. [illegible]
[illegible]
[illegible]
[illegible]

൩. [illegible]
[illegible]
[illegible]
[illegible]

൪. [illegible]
[illegible]
[illegible]
[illegible]

൫. [illegible]
[illegible]

ക്രിയതേ കൃതിഭിഃ കൃതാന്തരൈഃ
കൃതിരേകാപി ? കൃതം വചസ്തരൈഃ,

൬- ഇതി യദ്യപി വച്മി തത് സ്ഥിതി-
സ്ഥിരമേ പ്രസ്തുതമപ്പു ചേദപി
ഇദമേകമസഹ്യവേദനം
യദമീ ഹന്ത ഗതാഃ കൃതാർത്ഥതാം

൭- അഭവന്നധികോത്സുകം പരം
പുരുഷാർത്ഥം പരികല്പ്യ ചേതസി
അപരാധശതൈരനർഗ്ഗളൈ-
ർന വിജാനന്തി ഗതം കദാചന.

൮- അതി വൃദ്ധ പുരാതനാൻ പരാൻ
സ്വപലിതാൻ സദ്ഗുണപ്രായിനഃ
അനപേത്യ ച ന്യൂനതാം
ബത തിഷ്ഠന്ത്യഭയത്ര വിച്യുതാഃ.

൯- ഇഹ പശ്ചിമജന്മശാലിനഃ
പ്രതിപന്ന മരണഭൂമ ക്രമാൽ
നവശിക്ഷണക്ഷണതാ പരം
ന കിമപ്യഭ്യർഗ്ഗമകാരണം ഭുവി.

൧൦- നിജമാത്മജയാൻ സ്വമാതരോ
നവശിക്ഷാവിധിരക്ഷണാതുരാഃ
പരമം പദമാപ്തുമുദ്യതാ
ഇതി സന്തതം കലയന്തി മാതൃചിൽ

൧൧- സകലാന്യപി നാമരൂപവസ്തു
സ്വയമന്യാനനവീക്ഷണോത്സുകരൈഃ
കഥമാത്മഗുണോചിതേ പഥി
കുതശ്ചിദപി നിധീയതാം പദം ?

൧൨- കഥമുദ്ഗമശ്ച്യുത സ്വയം
സദൃശാദപി സംഗമവർജ്ജിതഃ ?
ന ഹി ബിന്ദവാപി നയതാൻ സ്വയം
ജലസേകാന്തരിതഃ പ്രരോഹണം.

൧൩- ഇതി നവ്യപഥസ്യ സംശ്രയം
പരിഹാസ്യം കലയന്തി ചേതസി

തദപഹായ പരാപരഭാഗതാ-
മുഭയോരപി വിചാരയാമി ചേത് ?
൧൭- ഭഗവൻ ! ഭവതഃ പ്രസാദതോ
ഭവതു പ്രസ്തുതസിദ്ധിരദ്യ മേ
സഹജോ മമ മാ കദാചിദ-
പ്യുപഗച്ഛതു ഭിന്നതാം പദം.
൧൮- സമയാന്തരസ്ഥിതം സ്വഭാവതഃ
സമഭാവന്നതസംഗതിം ജനം
അധിഗത്യധീശചക്രവർത്തിമാൻ
കലയന്തു തദാഗമാവിചാരം.
൧൯- ഭഗവത്കൃത്യപ്രധാന്യതോ
ഭഗവച്ഛേകതപോധനസ്യ തേ
ഭവസാഗരതിവർത്തിമിദം
കഥിതേ വിഭുതയാഗതം ?
൨൦- ന പരം പരികല്പിതസ്ഥിതം
ന ച പാരത്രികമാത്രം സുഖം
ഉഭയം ഖലു യത്ര സാധകം
സുഖസാധനമിദ്ധ്യാനഭക്തയേ.
൨൧- ഇയമത്രഭവ്യ സാധികാ
മതിരേഷാ ഭവദീയതോ ഗുണം
ഉഭയം ച ഭവാപവർഗ്ഗയോ-
ർദ്ദിശതാംസംഗസദാ ഗതിം പരം.
൨൨- ഭവതിച്ഛതു ശശാശ്വതം
തനസംപ്രാപ്യതുമോദയാതുലം
ഭഗവത്ക്ഷേമാവഹം മനോ
മഹനീയം ധരണീസുതാംഗണം".
൨൩- ഇതി ബദ്ധവിധപ്രാർത്ഥനാദിഭിഃ സ്വകീയാം
മതിമുകതവാപ്യം ഭവതാം ഭാവുകോൽകർ
ബഹിരവതരണായ പ്രസ്തുതീകൃത്യ സോയം
ധിഷണമണിമഹാത്മ്യം തത്ത്വമാസ യുക്തം.

എം. നീലകണ്ഠൻനമ്പൂതിരി

പണം അടച്ചുവരുത്തിയ പുസ്തകസംഖ്യയും

(ഒന്നാംകൊല്ലത്തെ).

ക്ഷത്രിയന്മാർ...തിരുമനസ്സുകൊണ്ട്.

തിരുവിതാംകൂർ മഹാരാജാവ്	ഒ—പ്ര—൧
കൊച്ചി ൪-ാംകൂർ രവിവർമ്മതമ്പുരാൻ	ഒ—പ്ര—൧
ടി ൫-ാംകൂർ കേരളവർമ്മതമ്പുരാൻ	ഒ—പ്ര—൧
എ. ആർ. രാജരാജവർമ്മ എം. എ.	ഒ—പ്ര—൧
കേരളവർമ്മ ... തമ്പുരാൻ (ചങ്ങനാശ്ശേരി)	ഒ—പ്ര—൧
എം. ഉദയവർമ്മരാജാ ബി. എ.	ഒ—പ്ര—൧
പൂഞ്ഞാറ്റിൽ ... രാജാ	ഒ—പ്ര—൧

മ—രാ—രാ...അവർകൾ.

അരങ്ങത്ത് ശ്രീനാരായണൻതമ്പി	ഒ—പ്ര—൧
തിരുവനന്തപുരം കോട്ടയ്ക്കകത്ത് ടി. ശങ്കരൻതമ്പി	ഒ—പ്ര—൧
ഇ. രാമവാരിയർ ബി. എ.	ഒ—പ്ര—൧
വള്ളപ്പാട്ടിൽ കേരളവർമ്മ വലിയതമ്പാൻ	ഒ—പ്ര—൧
... കിട്ടുണ്ണിമേനോൻ	ഒ—പ്ര—൧
തിരുവനന്തപുരം ... കേരളവർമ്മതമ്പാൻ ബി. എ.	ഒ—പ്ര—൧
മാപ്പിളതിരുമൽപ്പാട് കേരളവർമ്മൻ (തിരുവനന്തപുരം)	ഒ—പ്ര—൧
പാലിയത്ത് വലിയ കൊച്ചുണ്ണിഅച്ചൻ	ഒ—പ്ര—൧
കോമ്പി...ത്തിൽ ചാത്തുക്കുട്ടിഅച്ചൻ	ഒ—പ്ര—൧
കണ്ടനാട്ടു രാമൻനമ്പ്യാർ	ഒ—പ്ര—൧
ടി നാരായണമേനോൻ, വക്കീൽ	ഒ—പ്ര—൧
പി. കെ. അച്ചൻ (...)	ഒ—പ്ര—൧
പറമ്പത്തിൽ ...നായർ	ഒ—പ്ര—൧
കാവടിപ്പുറത്ത് ... വാസുനമ്പ്യാർ	ഒ—പ്ര—൧
കാവിൽ തിരുത്തിക്കാട്ട് നാരായണനമ്പീശൻ	൧—ന—൪

ബ്രഹ്മശ്രീ...അവർകൾ.

തെക്കേടത്ത് ശങ്കരൻനമ്പൂതിരി	൧—ന—൪
...ത്ത് കുഞ്ഞുണ്ണിനമ്പൂതിരി	ഒ—പ്ര—൧
ടി പുരുഷോത്തമൻനമ്പൂതിരി	ഒ—പ്ര—൧
... അനന്തൻനമ്പൂതിരി	ഒ—പ്ര—൧
എം. ആർ. ടി. കെ. എം. വലിയനാരായണൻനമ്പൂതിരിപ്പാട്	ഒ—പ്ര—൧

ഇപ്പേര്	അവർകൾ
കുന്നത്തുപടിഞ്ഞാറേടത്തു ശങ്കരൻനമ്പൂതിരിപ്പാട്	വ—വ്യ—൧
മാന്നാട്ടില്ലത്തു നീലകണ്ഠൻനമ്പൂതിരി	വ—വ്യ—൦
കുന്നിശ്ശേരിയിൽ നീലകണ്ഠൻനമ്പൂതിരി	വ—വ്യ—൦
ചെറുമുക്കത്തിൽ ഗോവിന്ദൻനമ്പൂതിരി	വ—വ്യ—൦
മേവൂർമുള്ളത്തു പരമേശ്വരൻനമ്പൂതിരി	൦—ണ—൮
കല്ലന്താറ്റില്ലത്തു് ചിറ്റൻ പരമേശ്വരൻനമ്പൂതിരി	വ—വ്യ—൦
ആലങ്കോട്ടൂർ കോഴിക്കോട്ടിരി നാരായണൻനമ്പൂതിരി	വ—വ്യ—൦
മട്ടമഠത്തിൽ കൃഷ്ണൻനാരായണൻ	വ—വ്യ—൦
പത്മനാഭൻപോററി ബി. എ. (തിരുവനന്തപുരം)	വ—വ്യ—൦
ഇരവിമംഗലത്തു കേശവൻനമ്പൂതിരി	വ—൦—൦
തെക്കിനിയേടത്തു വലിയ പരമേശ്വരൻനമ്പൂതിരി	വ—വ്യ—൦
ആറങ്ങോട്ടുകരയിലുള്ള നമ്പൂതിരിമാർവക അകത്തെ പ്രവൃത്തിവിചാരിപ്പ് നമ്പൂതിരിമാർ	വ—വ്യ—൦
മുണ്ടക്കല്ലത്തു പടിഞ്ഞാറെമഠത്തിൽ ദാമോദരൻനമ്പൂതിരി	വ—വ്യ—൦
തലയിലത്തുകോട്ടു നീലകണ്ഠൻഭട്ടതിരിപ്പാട്	വ—വ്യ—൦൧
പാലക്കോട്ട് പരമേശ്വരൻനമ്പൂതിരി	വ—വ്യ—൦
വെള്ളക്കാട്ടിൽ നാരായണൻനമ്പൂതിരി	വ—വ്യ—൦
ചേന്നാസ്സ് വലിയനാരായണൻനമ്പൂതിരിപ്പാട്	ഒ—൦—൦
വെള്ളൂർ അച്ചുതൻനമ്പൂതിരി	വ—വ്യ—൦
പെരുമങ്ങല്ലൂർ നാരായണൻനമ്പൂതിരി	വ—വ്യ—൦
തരൂർ നാരായണൻനമ്പൂതിരി	വ...വ്യ...൦
ഇടമനവാസുദേവൻകൃഷ്ണൻനമ്പൂതിരി	വ...വ്യ...൦
അണിക്കോട്ടില്ലത്തു എം. ഗണപതിനമ്പൂതിരി	വ...വ്യ...൦
മെച്ചിക്കൽ കപ്പിയൂർമഠത്തിൽ അനന്തൻനമ്പൂതിരി	വ...വ്യ...൦
വടക്കേടത്തു പൊന്നമ്പക്കാട്ടിൽ വാസുദേവൻനമ്പൂതിരി	വ...വ്യ...൦
എ. എൻ. ഗംഗാധരൻനമ്പൂതിരി	വ...വ്യ...൦
ഇടപ്പറമ്പത്തു അനന്തൻനമ്പൂതിരിപ്പാട്	വ...വ്യ...൦
പി. വി. ശങ്കരൻനമ്പൂതിരി	വ...വ്യ...൦
തോട്ടപ്പുള്ളിക്കുളങ്ങര ത്രിവിക്രമൻനമ്പൂതിരിപ്പാട്	വ...വ്യ...൦
നീലമ്പേരൂർ വടക്കേടത്തില്ലത്തു നാരായണൻനമ്പൂതിരി	വ...വ്യ...൦
നാരായണമംഗലത്തു നാരായണൻനമ്പൂതിരി	വ...വ്യ...൦
ഇരണിക്കുളം നീലകണ്ഠൻനമ്പൂതിരി	വ...വ്യ...൦
സി. എസ്സ്. സുബ്രഹ്മണ്യൻപോററി ബി. എ.	വ...വ്യ...൦

ബ്രഹ്മശ്രീ	ശാഖ കട
കവപ്രമാറാമത്ത് ശ്രീധരൻനമ്പൂതിരിപ്പാട്	വ...വ്യ...
കുന്നിപ്പുറപ്പൂർ ഉമാദേവൻനമ്പൂതിരി	വ...വ്യ...
പൊന്നമ്പള്ളി ഇല്ലത്തു ദാമോദരൻനമ്പൂതിരി	വ...വ്യ...
എടവഴിപ്പുറത്തു വാസുദേവൻനമ്പൂതിരി	വ...വ്യ...
മല്ലിശ്ശേരി ശങ്കരൻനമ്പൂതിരി	വ...വ്യ...
ഉദയമ്പള്ളി ശ്രീകൃഷ്ണൻനമ്പൂതിരിപ്പാട്	വ...വ്യ...
പാറയിൽ നീലകണ്ഠൻസോമയാജിപ്പാട്	വ...വ്യ...
കാരാന്തകത്തു നീലകണ്ഠൻനമ്പൂതിരി	വ...വ്യ...
അഴിത്തിലില്ലത്തു സോമയാജി നാരായണൻനമ്പൂതിരി	വ...ഖ...
കുടകരപ്പാലശ്ശേരി പരമേശ്വരൻനമ്പൂതിരി	വ...വ്യ...
കതളാറ്റുപ്രാ വാസുദേവൻനമ്പൂതിരിപ്പാട്	വ...വ്യ...
ആറാംപുറത്തു പുരുഷോത്തമൻനമ്പൂതിരി	വ...വ്യ...
ഒരുകാളിമാപ്പിള്ളി മഹൻ കൃഷ്ണനമ്പൂതിരിപ്പാട്	ക...ഫ...
കരിപ്പുറത്തു കേശവൻനമ്പൂതിരി	വ...വ്യ...
തെക്കുപാലശ്ശേരി നീലകണ്ഠൻനമ്പൂതിരിപ്പാട്	വ...വ്യ...
കരിപ്പാല കൃഷ്ണനമ്പൂതിരി	വ...വ്യ...
മാളൂർ ശങ്കരൻനമ്പൂതിരിപ്പാട്	വ...വ്യ...
ഇട്ട്യാമ്പറമ്പത്തു വാസുദേവൻനമ്പൂതിരി	വ...വ്യ...
കൊഴിശ്ശേരി മഹൻ നാരായണൻനമ്പൂതിരിപ്പാട്	ഫ...വ്യ...
തേപ്പായിലത്തു ബ്രഹ്മദത്തൻനമ്പൂതിരി	വ...വ്യ...
പുവാരച്ചേരി അഗ്നിത്രിനമ്പൂതിരി	വ...വ്യ...
ആണ്ടലാട്ട് അച്യുതൻനമ്പൂതിരി	വ...വ്യ...
ആലാറി മഹൻ നാരായണൻനമ്പൂതിരി	വ...വ്യ...
പി. ആർ. സുന്ദരയ്യർ ബി. എ., ബി. എൽ.	വ...വ്യ...
ഈടുള്ളർമഠത്തിൽ നാരായണജനാർദ്ദനൻ	വ...വ്യ...
പൊന്നമ്പള്ളിയേഴിയത്തു വാസുദേവൻനമ്പൂതിരി	വ...ഖ...
മുരിങ്ങൂരില്ലത്തു നാരായണൻനമ്പൂതിരി	വ...ഖ...
പന്തൽവൈദികൻ പരമേശ്വരൻനമ്പൂതിരി	വ...വ്യ...
എടത്തറ ആര്യൻഭട്ടതിരിപ്പാട്	വ...വ്യ...
എടപ്പിള്ളിശങ്കരരാജാ	വ...വ്യ...
എടപ്പിള്ളികൃഷ്ണരാജാ	ഫ...ബ്ര...
ചേലൂർ നമ്പൂതിരി	വ...വ്യ...
പഴഞ്ചേരിമാവ് നാരായണൻനമ്പൂതിരി	വ...വ്യ...

ശ്രീമൽശ്രീ	അവർകൾ
പച്ചാമ്പിള്ളി പത്മനാഭൻസോമയാജിപ്പാട്	൫...൬...൦
ചെണ്ണല്ലൂർ പരമേശ്വരൻനമ്പൂതിരി	൨...൮...൦
കെ. പി. ശങ്കരൻനമ്പൂതിരി	൨...൦...൦
കിടക്കാട്ടുതല നാരായണൻനമ്പൂതിരി	൨...൮...൦
പാഴൂമ്പിള്ളി രാമൻനമ്പൂതിരി	൨...൮...൦
പള്ളിക്കാട്ട് അഷ്ടമൂർത്തിനമ്പൂതിരി	൩...൯...൦
കിടങ്ങോട്ടുതല പശുപതിനമ്പൂതിരി	൨...൮...൦
ടി. ആർ. പരമേശ്വരയ്യർ, വക്കീൽ	൨...൮...൦
കുഴല്ലൂർ നാരായണൻ എന്ന ഉണ്ണിനമ്പൂതിരിപ്പാട്	൨...൮...൦
കോടനാട്ട് നീലകണ്ഠൻനമ്പൂതിരിപ്പാട്	൩...൮...൦
വെട്ടത്തുപറമ്പ വാസുദേവൻനമ്പൂതിരി	൨...൮...൦
പഴയത്തു നമ്പിസോമയാജിപ്പാട്	൨...൮...൦
മറ്റിയിൽ കഴിയംകുന്നത്ത് ദാമോദരൻനമ്പൂതിരി	൨...൮...൦
കഴിയംകുന്നത്തുമറ്റിയിൽ ദാമോദരൻനമ്പൂതിരി	൨...൮...൦
മറ്റിയിൽതെക്കേടത്ത് ശ്രീകുമാരൻനമ്പൂതിരി	൨...൮...൦
പാഴിയൂർമേക്കാട്ടൂർ ഇട്ട്യൻനമ്പൂതിരിപ്പാട്	൨...൮...൦
കഴിക്കാട്ട് ശ്രീധരൻവാസുദേവൻനമ്പൂതിരി	൨—൮—൦
കരകന്നൂർപടിഞ്ഞാറേടത്ത് പോത്തയൻനമ്പൂതിരി	൨—൮—൦
ആലിനമേടത്ത് വിശാഖൻഭട്ടതിരിപ്പാട്	൨—൮—൦
കാണിപ്പയ്യൂർ പരമേശ്വരൻനമ്പൂതിരിപ്പാട്	൨—൮—൦
പൊഴക്കരമേനാട്ട് നാരായണൻനമ്പൂതിരിപ്പാട്	൨—൮—൦
പാലാംപറമ്പത്ത് ശങ്കരൻഭട്ടതിരിപ്പാട്	൨—൮—൦
തിരുമനശ്ശേരിക്കോട്ടയിൽ വലിയതമ്പുരാൻ	൨—൮—൦
കരിങ്ങടത്ത് നാരായണൻനമ്പൂതിരി	൫—൦—൦
താഴത്തൂർ പരമേശ്വരൻനമ്പൂതിരി	൨—൮—൦
മൂന്നാല പുരുഷോത്തമൻനമ്പൂതിരി	൨—൮—൦
കെ. പി. നാരായണൻമൂസ്സത്	൩...൫൦...൦
ശ്രീമതി. ഏടക്കണിയാരിയത്തു തായിക്കുട്ടിവാരസ്യാരവർകൾ	൨...൮...൦

(രണ്ടാം കൊല്ലത്തെ)

ബഹുമാനപ്പെട്ട..............................തിരുമനസ്സുകൊണ്ട്.

അനന്തപുരത്തു മൂത്തകോയിത്തമ്പുരാൻ	൨—൮—൦
കൊച്ചി ൯-ാം രാജാ	൨—൮—൦
മി. ഉദയവർമ്മരാജാ ബി. എ.	൫—൮—൦

ക—രാ—രു .... ഇരുപതുകം.

കണ്ടാഴിവീട്ടിൽ കൃഷ്ണപിള്ള	വ—വ്യ—൧
കാവിൽതിരുത്തിക്കോട്ട നാരായണൻനമ്പീശൻ	വ...ക...൪
ശ്രീമതി. പുതിയേടത്തിയാതിയമ്മ താമിക്കട്ടിയാത്ത്യാരവർകൾ	ഫ...വ്യ...൮

ബ്ര. ശ്രീ .... അവർകൾ.

ചടപ്പൂർ നാരായണനെന്നുള്ളുണ്ണിനമ്പൂതിരിപ്പാട്	വ—വ്യ—൧
കൊടനാട്ട നീലകണ്ഠൻനമ്പൂതിരിപ്പാട്	വ—വ്യ—൧
ചിഴിയാംകുന്നത്തുള്ളതുട്ടിയിൽ ദാമോദരൻനമ്പൂതിരി	൦—വ്യ—൧
ഒട്ടിയിൽതെക്കേടത്തു ശ്രീകുമാരൻനമ്പൂതിരി	൦...ക...൦
കരകന്നൂർ ചക്കക്കോട്ടത്തു പോറ്റായൻനമ്പൂതിരി	൦...വ്യ...൦
പാണ്ടംനീലകണ്ഠൻഭട്ടതിരിപ്പാട്	വ—വ്യ—൧
പൂഞ്ഞാട്ട നാരായണൻനമ്പൂതിരി	വ—വ്യ—൧
കടലായി ശ്രീധരൻനമ്പൂതിരിപ്പാട്	വ—വ്യ—൧
പള്ളിപ്പാട്ട് ഏന്ന ചെമ്പുംഗലത്തു കൃഷ്ണൻഭട്ടതിരിപ്പാട്	വ—വ്യ—൧
പൊഴിക്കരക്കടമ്പാട്ട് നാരായണൻനമ്പൂതിരിപ്പാട്	വ—വ്യ—൧
ചാത്തംപൊറമ്പത്തു കൃഷ്ണൻഭട്ടതിരിപ്പാട്	വ—വ്യ—൧
തിരുനാവ്ളൂരിക്കോട്ടയിൽ വലിയതമ്പുരാൻ	വ—വ്യ—൧
നാറാണമംഗലത്തു വാസുദേവൻനമ്പൂതിരി	വ—വ്യ—൧
അയനൂർ പരമേശ്വരൻനമ്പൂതിരി	വ—വ്യ—൧
ഞെളിയമറ്റ ശങ്കരൻനമ്പൂതിരി	വ...൪...വ്യ
മാടപ്പാട്ട ചിത്രൻനമ്പൂതിരി	വ—വ്യ—൧
പള്ളിപ്പുറത്തു ശങ്കരൻനമ്പൂതിരി	വ...വ്യ...൧
കൊരട്ടൂർ വാസുദേവൻനമ്പൂതിരി	വ...വ്യ...൧
ഇടമനമറ്റ ദിവാകരൻനമ്പൂതിരി	വ...വ്യ...൧
കിടങ്ങൂർമുട്ടത്തല നാരായണൻനമ്പൂതിരി	൦...വ്യ...൦
പാറമ്പിള്ളി രാമൻനമ്പൂതിരി	വ...വ്യ...൧
കവിത്തടത്തുമഠത്തിൽപ്രത്തു നാരായണൻനമ്പൂതിരിപ്പാട്	വ...വ്യ...൧
വിദ്യാവിലാസിനീസഭാ സഭിക്കുട്ടികൾ	ഫ...ത്ര...൮
ഇടമ്പറമ്പത്തു വാസുദേവൻനമ്പൂതിരി	൦...വ്യ...൧
പുലാമ്മേളി അച്യുതൻനമ്പൂതിരി	വ...വ്യ...൧
ആലങ്ങാടി അച്ചുതൻനമ്പൂതിരി	൦...വ്യ...൧
കാടമംഗലത്തില്ലത്തു നാരായണൻദാമോദരൻനമ്പൂതിരി	൨...വ്യ...൧
തെക്കേടത്തുള്ളിതെക്കേനമ്പൂ പത്മനാഭൻനമ്പൂതിരിപ്പാട്	വ...വ്യ...൧
ആമല്ലൂർ ത്രിവിക്രമൻനമ്പൂതിരി	൦...൪...൧
ചെറുവള്ളൂർ പരമേശ്വരൻനമ്പൂതിരി	വ...൪...വ്യ

ക—രാരക.

ഉണ്ട നോക്കിയാൽ പ്രത്യക്ഷപ്പെടും. മരാമത്തുപണിക്കാരുള്ളവർ തങ്ങൾക്കാ വശ്യമുള്ള സാമാനങ്ങൾ ഇവിടെനിന്നു വാങ്ങിച്ചു പരീക്ഷിക്കേണ്ടതാണ്. ഓടുകൾ കൊണ്ടുപോകുന്ന ചിലവു കുറവാണ്. കല്ലുകൊണ്ടു പണിയുന്ന സാമാനങ്ങളും ഉണ്ടാക്കിക്കൊടുക്കും. ഓടുകളും, ഇഷ്ടികകളും മറ്റും ആവശ്യമുള്ളവർ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഇപ്രകാരം തയ്യാറുള്ള സാമാനങ്ങളുടെ

വിലവിവരം			ക.	ണ.
(1)	1-ാം തരം ഓട്	1000 ത്തിന്ന്	30.	0.
	2-ാം തരം ടി	ടി	25.	0.
	3-ാം തരം ടി	ടി	20.	0.
(2)	മുകളോട് ഒന്നാംതരം	1000 ത്തിന്ന്	100	0.
	ടി രണ്ടാംതരം	ടി	80	0.
(3)	സീലിങ്ങ് ഓടുകൾ (ഉള്ളിൽ തട്ടുന്നത്) ഒന്നാംതരം	1000 ത്തിന്ന്	35.	0.
	ടി രണ്ടാംതരം	ടി	30.	0.
(4)	കാമറാട് ഒന്നാംതരം	നൂറെണ്ണത്തിന്ന്	75.	0.
(5)	കുറ്റോട് ഒന്നാംതരം	നൂറെണ്ണത്തിന്ന്	100.	0.
(6)	ഒമ്പത് ഇഞ്ച് ചതുരക്കട്ട (ഇഷ്ടിക) നിലത്തു വിരിപ്പാനുള്ളതു ഒന്നാംതരം	1000 ത്തിന്ന്	30.	0.
	ടി രണ്ടാംതരം	ടി	25.	0.
(7)	ആറ് ഇഞ്ച് ചതുരക്കട്ട ഒന്നാംതരം	ടി	25.	0.
	ടി രണ്ടാംതരം	ടി	22.	8.

പ്രത്യേക അറിയിപ്പ്

ജില്ലാ പ്രധാനസ്ഥലങ്ങളിലും ഉത്സാഹികളായ ഏജന്റന്മാരെ ആവശ്യമുണ്ട്. തക്കതായ കമീഷൻ കൊടുക്കും. അപേക്ഷിക്കേണ്ടവർ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ എഴുതി അയക്കേണ്ടതാണ്.

എന്ന്,

പി. കെ. ടി. ആർ. എസ്. മെൻഡോൺസ

ഷൊർണ്ണൂർ (തെക്കേമലബാർ)

Registered No. M. 809

ഭാരത ഇൻഷ്യൂറൻസ് കമ്പനി

[illegible] 10,00,000

[illegible] 9,00,000.

[illegible] ക 2,00,000

[illegible] 3,00,000.

5,000 ഉറുപ്പിക 60 [illegible] 11 ക 9 [illegible]

[illegible] !

[illegible] !!

[illegible]

[illegible]

[illegible]

[illegible]

[illegible] 1 ക 12 [illegible]

[illegible]

[illegible] 1 [illegible] 4

[illegible] 7 [illegible] 12 [illegible] 2 ക 12 [illegible]

8 ക 4 [illegible] [illegible]—

[illegible]

മംഗളോദയം

പുസ്തകം ൨. | ൧൦൮൫ കുംഭമാസം | ലക്കം ൬.

വിഷയങ്ങൾ

മംഗളോദയം അച്ചുക്കൂടത്തിൽ
അച്ചടിച്ചത്.
1085

മംഗളോദയം

പുസ്തകം ൧ | [illegible] | ലക്കം [illegible]

മംഗളം

ശ്ലോകം

[illegible]

[illegible]

[illegible]

[illegible]

എളേടത്തു തൈക്കാട്ട് നാരായണൻമൂസ്സ്.

പഞ്ചാംഗഗണിതപരിഷ്കാരം

വൈദികമതാനുയായികളായ ഹിന്ദുക്കളുടെ എല്ലാ കർമ്മങ്ങളും കാലപരിജ്ഞാനം കൂടാതെ ചെയ്വാൻ പാടില്ലാത്ത ഒരു കാര്യമാണെന്നറിയാത്തവർ ആരും ഉണ്ടായിരിക്കയില്ല. അതുപോലെ തന്നെ കാലജ്ഞാനത്തിനുള്ള സാമഗ്രികളെ യഥാ [illegible] [illegible] സമ്പാദിച്ചു [illegible] കർമ്മങ്ങളെ [illegible] ഉണ്ടായിരിപ്പാനിടയില്ല. സൂര്യൻ മുതലായ ഗ്രഹങ്ങളുടെ ഗതിവിശേഷങ്ങളെ [illegible] കാലജ്ഞാനത്തിന്റെ മൂലം. [illegible] ഗ്രഹങ്ങളുടെ [illegible] [illegible] ഗോളങ്ങളുടെ [illegible] കാലക്രമേണ [illegible] ഒരു കാലത്ത് ഒരു പ്രകാരത്തിൽ [illegible] [illegible]

അതിനാൽ കാലപ്രതിപാദകങ്ങളായ പഞ്ചാംഗങ്ങളെ ഗണിക്കുന്നതിൽ എന്നും വ്യത്യാസംവരാത്തതായ ഒരു മാർഗ്ഗം ഉണ്ടായിരിപ്പാൻ തരമില്ലാത വരുന്നു.

ഇപ്രകാരം നമ്മുടെ ഇടയിൽ നടപ്പുള്ളതായ പഞ്ചാംഗഗണിതം, പരഹിതമെന്നും ദൃക് എന്നും രണ്ടുപ്രകാരത്തിലാണല്ലോ. ഈ രണ്ടു സമ്പ്രദായങ്ങൾക്കും സൂക്ഷ്മതയിൽ ഏറക്കുറെ അന്തരമുള്ളതിനാൽ ചില കാര്യങ്ങളിൽ പരഹിതവും മറ്റു ചില കാര്യങ്ങളിൽ ദൃക്കും തന്നെ ഉപാദേയമായിട്ടുള്ളതെന്ന് ഒരു വ്യവസ്ഥയും ശാസ്ത്രജ്ഞന്മാരാൽ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ദൃശ്യങ്ങളായിട്ടുള്ള ഗ്രഹണാദികളിൽ ദൃക്കും അദൃശ്യങ്ങളായ ശ്രാദ്ധാദികളിൽ പരഹിതവും പ്രമാണമായിട്ടുള്ളതു്. കുറെക്കാലമായി നടന്നുവരുന്ന ഈ സമ്പ്രദായത്തെ അവലംബിച്ചു ഗണിച്ചുണ്ടാക്കുന്ന കാലങ്ങളിൽ ഇപ്പോൾ അല്പാല്പം വ്യത്യാസം കാണുന്നുവെന്ന ശാസ്ത്രജ്ഞന്മാർ പ്രസ്താവിച്ചു തുടങ്ങിയിരിക്കുന്നു. സദാ പരിവർത്തനശീലങ്ങളായ ഗ്രഹഗോളങ്ങളുടെ ചലനവിശേഷത്താൽ അവശ്യം സംഭവിക്കാവുന്നതായ ഈ അസ്ഫുടതയെ വാസ്തവമായി കണ്ടുപിടിച്ചു പരിഹരിപ്പാനുള്ള കാലം അതിക്രമിക്കുകയും ചെയ്തിരിക്കുന്നു. അങ്ങിനെ ചെയ്യാത്ത പക്ഷം നാം എല്ലാ കർമ്മങ്ങളിലും അംഗീകരിച്ചുവരുന്ന സമയം തെറ്റിപ്പോവാതിരിപ്പാൻ മാർഗ്ഗമില്ല. (1)

മേൽപ്പറഞ്ഞ സംഗതികളെപ്പറ്റി ആലോചിക്കുമ്പോൾ പഞ്ചാംഗഗണിതത്തിൽ തക്കതായ ആലോചന ചെയ്ത് സൂക്ഷ്മവും വിശ്വസനീയവും ആയ ഒരു സിദ്ധാന്തം ഉണ്ടാക്കുന്നത് അത്യാവശ്യാപേക്ഷിതമായിക്കാണുന്നു. മതഭേദമെന്യേ ഇവിടെയുള്ള എല്ലാ ഹിന്ദുക്കൾക്കും ഒരുപോലെ സംബന്ധിക്കുന്നതായ ഈ കാര്യം, വന്ദ്യശ്രീ ശൃംഗേരിമഠം ശങ്കരാചാര്യസ്വാമികളുടെ ശ്രദ്ധയെ വിശേഷിച്ചാകർഷിച്ചതിനാൽ അവിടുന്നുതന്നെ ഈ കാര്യത്തിൽ വേണ്ടതായ വേല പ്രവർത്തിപ്പാനായി ഒരുങ്ങിപ്പുറപ്പെട്ടിരിക്കുന്നു. ആസ്തികന്മാരായികളായ അനേകം വിദ്വാന്മാരുടെ അഭിപ്രായങ്ങൾ ശേഖരിച്ചു്, കഴിച്ച ദിവസങ്ങൾക്കു മുമ്പ് [illegible] എന്ന സ്ഥലത്തുവെച്ചു [illegible] ഇതിന്നായി ഒരു ജ്യോതിശ്ശാസ്ത്രസഭ കൂട്ടുകയും അതിൽ ഓരോ [illegible] പണ്ഡിതന്മാർ വാദിക്കുകയും ചെയ്തിരിക്കുന്നു. ആ സഭയിൽ

(1) [illegible] ൧-ാം പുസ്തകം ൧-ാം ലക്കത്തിൽ എം. ആർ. [illegible] എം. എ. ആർ. എ. എസ്സ്. എഴുതിയ "കാലഗണന" എന്ന ലേഖനത്തിൽ ഈ സംഗതി വ്യക്തമാക്കുന്നുണ്ട്.

ചെയ്യുകയെന്ന ഈ ആലോചനക്ക് തക്കതായ പരിപാകം സിദ്ധിച്ചുവെ
ങ്കിലും, ജ്യോതിശ്ശാസ്ത്രത്തിന്റെ ചില പ്രസ്ഥാനങ്ങളെപ്പറ്റി വാദിക്കുന്ന
വിദ്വാന്മാരുടെ അഭിപ്രായങ്ങൾ വ്യക്തമായി അറിയുവാൻ തന്നെ സാ
ധിക്കാതെ പോയതിനാൽ ആ കാര്യം മറ്റൊരവസരത്തിലേക്ക് നീട്ടിവെ
ച്ചിരുന്നു. ഇപ്പോൾ ആദിഗുരുശ്രീ ശങ്കരാചാര്യസ്വാമികളുടെ സ്മാര
കമായി അവരുടെ ജന്മഭൂമിയായ കാലടിയിൽ പണിചെയ്തുവരുന്ന
ക്ഷേത്രത്തിലെ പ്രതിഷ്ഠാകലശം ഈ മാസം ൧൦-൦൯-ക്ക് നിശ്ചയിച്ചിരി
ക്കുന്നതു നിർവ്വഹിപ്പാനായി സ്വാമികൾ കാലടിയിൽ എഴുന്നള്ളിയിരിക്കുന്നതു
കൊണ്ട് ആ പ്രതിഷ്ഠാകലശത്തോടു സംബന്ധിച്ച് ഈ കാര്യവും ആലോ
ചിപ്പാനായി നിശ്ചയിച്ചിരിക്കുന്നു. ആ അവസരത്തിൽ ജ്യോതിശ്ശാസ്ത്ര
പണ്ഡിതന്മാരും ധാർമ്മികന്മാരുമായ മഹാന്മാർ യോഗത്തിൽ സന്നിധാനം
ചെയ്ത് ഈ ആലോചനയിൽ പങ്കുകൊള്ളുന്നതും, ആ യോഗത്തിൽ
നിന്നുതന്നെ പഞ്ചാംഗഗണിതത്തിൽ ആവശ്യങ്ങളായ ഏർപ്പാടുകൾ
ചെയ്യേണ്ടതുമാണ്. പരിഷ്കൃതമായ ഈ ഭാരതഖണ്ഡത്തിൽ ആകെ
യുള്ള ജനസംഖ്യയിൽ ഒരു വലിയ ഭാഗത്തിന് ഒട്ടാകെ തന്നെ പ്രസ്തുത
കാര്യത്തിൽ കേരളീയന്മാരായ പണ്ഡിതന്മാരും ഉദാസീനത കാണിക്കാതി
രിക്കേണ്ടതാണ്. യോഗനടപടികളുടെ പൂർണ്ണമായ വിവരം, മഹാമഹി
മശ്രീ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ (സി. എസ്സ്. ഐ.)
തിരുമനസ്സുകൊണ്ട് പ്രസിദ്ധപ്പെടുത്തിയതായ താഴെ ചേർക്കുന്ന വിവര
ങ്ങളിൽനിന്നറിയാവുന്നതാകുന്നു:—

ടി ശ്രീശൃംഗേരി ജഗൽഗുരുസ്വാമികളുടെ ആദ്ധ്യക്ഷത്തിൽ പര
വൂരിൽവെച്ച് ഒരുമാസം മുമ്പു ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ഒരു
യോഗം കൂടുകയും അന്ന സ്വാമികൾ അദ്വൈതസ്ഥാപകനായും മഹാ
യോഗിയുമായ ആദിശ്രീ ശങ്കരാചാര്യസ്വാമികളുടെ ജന്മഭൂമിയായ
കാലടിയിൽ വെച്ച് രണ്ടാമതു ഒരു യോഗം കൂടണമെന്നു തീർച്ചയാക്കുകയും
ചെയ്തിരുന്നു. കാലടിയിൽ ഇപ്പോൾ ഒരു ഉത്തമക്ഷേത്രവും അതിനോടു
ചേർന്ന് അടുത്തുള്ള പുഴയിൽ ഒരു സ്നാനഘട്ടവും കെട്ടിവരുന്നുണ്ട്. ക്ഷേ
ത്രത്തിൽ സരസ്വതീദേവിയേയും ശ്രീശങ്കരാചാര്യരേയും ൧൯൧൦ ഫെബ്രു
വരി ൧൨-ാം- ശൃംഗേരി സ്വാമികളുടെ ശുഭാഗമനാവസരം പ്രതിഷ്ഠ
ചെയ്യുന്നതാണ്. ശൃംഗേരിമഠം കാര്യദർശിയായ ബ്രഹ്മശ്രീ ശ്രീകണ്ഠശാ
സ്ത്രികൾ ഈ വിഷയങ്ങളിൽ അത്യന്തം താല്പര്യം കാണിക്കുന്നുണ്ടെന്നു മാ
ത്രമല്ല, ഭാരത പഞ്ചാംഗങ്ങൾക്കു തമ്മിലുള്ള വ്യത്യാസങ്ങളെ പരിഹരി
ക്കുന്നതിനു ശ്രമിക്കുന്നുമുണ്ട്.

൨. സിദ്ധാന്തം, വാക്യം, ദൃഗ്ഗണിതം എന്നിവയായ ജ്യോതിശ്ശാസ്ത്രവിഭാഗങ്ങളെ അവലംബിച്ചു തിഥിനിത്യം വ്യവഹരിക്കുന്ന കേരളീയജ്യോതിശ്ശാസ്ത്രജ്ഞന്മാരെ ക്ഷണിച്ചുവരുത്തുവാനായി ഒരു ശ്രീ ശൃംഗേരിസ്വാമികളും അവിടുത്തെ കാര്യദർശിയും എന്നെ അധികാരപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ മൂന്നു വിഭാഗങ്ങളിലും നല്ല പാണ്ഡിത്യമുള്ളവരെ ഇതിനായി പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. അങ്ങിനെ വരുന്നവരിൽ മാത്രം ഭക്ഷണം മുതലായവയ്ക്കു വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളതുകൊണ്ട് അവരുടെ വകയെല്ലാം മഠത്തിൽ നിന്നു നിവൃത്തിച്ചു കൊടുക്കുന്നതാകുന്നു.

൩. ഈ മൂന്നു ജ്യോതിശ്ശാസ്ത്രപ്രസ്ഥാനങ്ങളെക്കുറിച്ചും ൧൦൦ കവിയാത്ത മാതിരി സംക്ഷിപ്തമായ പ്രബന്ധങ്ങൾ സമർപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ളതും ഓരോ പ്രസ്ഥാനത്തിലും ഉത്തമമായ പാണ്ഡിത്യമുള്ളവരുടെ സമ്മതി പ്രകാരം ഒന്നുരണ്ടുപേർക്ക് സമ്മാനം വീതിച്ചു കൊടുക്കുന്നതുമാണ്. പ്രസ്തുതസമ്മേളനത്തിൽ വന്നുചേരാൻ കഴിയാത്തവരായ പണ്ഡിതശ്രേഷ്ഠന്മാർ തങ്ങളുടെ അഭിപ്രായങ്ങളെ പുരാതനങ്ങളും നൂതനങ്ങളുമായ ഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി പ്രബന്ധരൂപമായി അയച്ചുതരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. ആ വക പ്രബന്ധങ്ങൾ നിർദ്ധാരകസംഘത്തിനു അഭിമതങ്ങളായി തോന്നുന്നപക്ഷം അവയുടെ കർത്താക്കന്മാർക്കും തക്കതായ സമ്മാനങ്ങൾ കൊടുക്കുന്നതാണ്.

൪. ൧൧൦൫ മേടമാസം ൧൦-ാംനു മുതൽ രണ്ടാഴ്ചയോളം ശൃംഗേരിയിൽ നിശ്ചയപ്പെടുത്തിയിട്ടുള്ള ആ മാസത്തിലെ പ്രധാനദിവസങ്ങളിലാണ് ഈ സംഘം കൂടുന്നതാണ്. സമ്മേളനത്തിൽ ഹാജരാകാൻ വിചാരിക്കുന്ന ഓരോരുത്തർ ഫലഭാഗം താഴെ മേൽ പറയുന്ന ആളെ കാലേകൂട്ടി അറിയിക്കണം.

൫. സഭ്യരിൽ കൂടുതൽ പ്രത്യേകമായ യാതൊന്നും കൂടാതെ പ്രതിവാദങ്ങൾ ഉണ്ടാകുന്നതല്ല. മൂന്നു പ്രസ്ഥാനങ്ങളിലും ഉള്ള പണ്ഡിതന്മാർ അവരവരുടെ സിദ്ധാന്തങ്ങളെ സ്ഥാപിക്കുന്നതിനുള്ള പ്രബന്ധങ്ങൾ സഭയിൽ വായിക്കണമെന്നും അവരുടെ അഭിപ്രായങ്ങൾക്കു ആധാരങ്ങളായ ലക്ഷ്യങ്ങൾ എടുത്തു കാണിക്കേണ്ടതുമാണ്.

൬. ഈ സംഘങ്ങൾക്കുള്ള മുഖ്യമായ ഉദ്ദേശം ജ്യോതിശ്ശാസ്ത്രത്തിലെ വിവിധപ്രസ്ഥാനങ്ങളിലും പ്രായേണ കണ്ടുവരുന്ന വ്യത്യാസങ്ങളെ പരിഹരിക്കുവാൻ വേണ്ടി പരസ്പരമുള്ള ഒരു ധാരണയുണ്ടാക്കുന്നതിനും മറ്റു വിഷയങ്ങളെക്കുറിച്ചും ആലോചിക്കുകയാകുന്നു. ഈ ശ്രുതങ്ങളിൽ

ഗോരക്ഷയും ആവശ്യകതയും സ്പഷ്ടമാണല്ലോ.

൬. ഹിന്തുക്കളുടെ മതസംബന്ധമായ കർമ്മങ്ങളെല്ലാം സൂര്യന്റെയും മറ്റുഗ്രഹങ്ങളുടെയും ചലനങ്ങളെ സംബന്ധിച്ചുള്ള ശരിയായ ജ്ഞാനത്തെ അവലംബിച്ചിരിക്കുന്നതുകൊണ്ടു ഈ സംഘത്തിന്റെ ആലോചനകൾ ഹിന്തുസമുദായത്തിന്നു പ്രത്യേകം പ്രയോജനകരങ്ങളാണല്ലോ. അതുകൊണ്ടു പണ്ഡിതന്മാർ ഈ സംഘത്തിന്റെ ഉദ്ദേശങ്ങളെ നിറവേറ്റുന്നതിന്നു വേണ്ട സഹായങ്ങൾ ചെയ്യേണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

൭. സാമാജികാനുഷ്ഠാനത്തിങ്കൽ ധർമ്മശാസ്ത്രപണ്ഡിതന്മാരുടെയും ജ്യോതിഷന്മാരുടെയും സഹായം അത്യാവശ്യകമാകയാൽ അവരെ സംഘത്തിലേക്കു പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. അവരുടെ യോഗ്യത അനുസരിച്ചു തക്കതായ പ്രതിഫലം കൊടുക്കുന്നതാകുന്നു.

മേൽ വിവരങ്ങൾക്കു താഴെകാണുന്ന ആളോടു ആവശ്യപ്പെട്ടാൽ മതി.

പി. സുബ്രഹ്മണ്യരായർ ബി. ഏ., എം. ആർ. ഏ. എസ്സ്.
“ബ്രഹ്മവാദിൻ മാഗസിൻ” പത്രാധിപർ,
സൂര്യാലയം,
മദ്രാസ്.

മായ

വേദാന്തശാസ്ത്രത്തിൽ ലോകം മായയാണെന്നു പറയുന്നു. അതിന്റെ അർത്ഥം ആയതു വ്യവഹാരമാണെന്നും വാസ്തവമല്ലെന്നും ആകുന്നു.

എന്നാൽ നമുക്കു കണ്ണിൽ കാണുന്നതും നാം ദേഹത്തിൽ തട്ടിയറിയുന്നതും ഇല്ലാത്തതാണെന്നു പറയുന്നതു ശുദ്ധകഥക്കു വിശ്വാസ്യമായി തോന്നുകയില്ല. “ആത്മസ്വരൂപം” എന്നും “സാക്ഷാത്കാരം” എന്നും മറ്റും പറയുന്നതു ഇതിന്റെ അഭിപ്രായത്തെ വിശദമാക്കുന്നതിന്നു ഉദാഹരണങ്ങൾമാത്രമാകുന്നതല്ലാതെ അതിലൊന്നും ശാസ്ത്രീയതത്വത്തിനു കാരണമുണ്ടാകയില്ല. ഈ കാരണങ്ങളെ കണ്ടുപിടിച്ചതു കാന്റ് എന്ന ഒരു ജർമ്മൻ തത്വജ്ഞാനിയാകുന്നു.

ആത്മാവെന്നും, പരമെന്നും രണ്ടവസ്ഥകളുള്ളതിൽ, പരത്തെ വിചാരണയാലാണ് അന്തഃകരണസ്ഥന്മാർ പണ്ടു ബോധത്തെ കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുള്ളതു. ഒരു പക്ഷത്തെ [illegible] നിന്നാണ് [illegible] അവർ ഉദ്ധരിച്ചിട്ടുള്ളതു. എന്നാൽ ഉള്ളതൊക്കെതന്നെ വസ്തുവം എന്നു വിശ്വസിക്കുന്ന [illegible] ഇങ്ങനെ അന്തഃകരണക്രമത്തിൽ നിക്ഷേപിക്കപ്പെടുന്നതല്ല. എന്നാൽ അവരുടെ പക്ഷത്തിൽ ലോകസത്തയെവിട്ട് അന്യത്വത്തെ സ്ഥാപിക്കാൻ അവർക്കു സാധിക്കുന്നില്ല. അതിനാൽ ഈ പക്ഷവും വിചാരണയും കൊണ്ടു വന്ന ബുദ്ധിയെ ഒരു വിചാരണയാൽ വിവരിച്ചു. ബുദ്ധി മറ്റു സാധനങ്ങളെ ഗ്രഹിക്കുന്നതു, കാലം, ആകാശം, നിമിത്തം എന്നിങ്ങനെ മൂന്നു സാധനങ്ങളിലൂടെയാണെന്നും, നിറമുള്ള കണ്ണാടിയിൽക്കൂടെ നോക്കിയാൽ, ഉള്ള വസ്തുക്കളെല്ലാം ആ കണ്ണാടിയുടെ നിറത്തിൽ കാണപ്പെടുന്നതുപോലെ ഈ സാധനങ്ങളിലൂടെ സകലത്തെയും മാത്രമേ നമുക്കു ബോധഗ്രഹണമുള്ളൂ എന്നും ഈ വാദക്കാരാൽ തെളിയപ്പെട്ടു. നാം കണ്ണാടിയിൽക്കൂടെ നോക്കുമ്പോൾ കണ്ണാടിയിൽ ഒരു നിറം പകർന്നിരിക്കുന്നതായി ബോധപ്പെട്ടാൽ, ഉള്ള വസ്തുവിന്റെ സൂക്ഷ്മാവസ്ഥ നാം കാണുന്നതുപോലെയല്ലാതെ നമുക്കു തോന്നപ്പെടുന്നതുപോലെ, കാലത്തിന്റെ ഈ ശരിയായ അവസ്ഥ, ലോകത്തിന്റെ സൂക്ഷ്മാവസ്ഥ നാം കാണുന്നതല്ലെന്നു വരുന്നു, അതുപ്രകാരം [illegible] ശാസ്ത്രീയ പ്രകാരം സ്ഥാപിക്കുന്നതു [illegible]കന്നു. ഇന്ത്യയിലെ ബുദ്ധന്മാരും ഗ്രീസുകാർ പാർമിനിഡിസ്, പ്ലേറ്റോ മുതലായവരും ലൗകികാവസ്ഥയിൽനിന്നും ഭേദമായ ഒരു പരമാർത്ഥാവസ്ഥയുണ്ടെന്നു ബോധിച്ചിരുന്നു. എന്നാൽ അവരുടെ സങ്കല്പങ്ങൾപോലെ മാത്രമായിരുന്നു. ഈ തത്ത്വത്തിനു ശാസ്ത്രീയക്രമത്തിൽ ആധാരം സ്ഥാപിച്ചതു കാന്റിൽനിന്നും ആകുന്നു.

[illegible] (൧) പൂർണ്ണത, (൨) അവിഭക്തത, (൩) അമൂർത്തത, (൪) ശാന്തത, (൫) നിർമ്മലത, (൬) അനന്തത എന്നിങ്ങനെ ആറു ലക്ഷണങ്ങളും [illegible] ചർച്ചചെയ്തു. [illegible] ഇവയിൽ [illegible] എന്നപോലെ [illegible] [illegible] ബുദ്ധിയുടെ [illegible] കണ്ടുപിടി[illegible] ഈ ആറു ലക്ഷണങ്ങളെക്കൊണ്ടു [illegible]

ഗ്രഹണത്താലും ആകാരം കാലം നിമിത്തത്വം ഈ മൂന്നംശങ്ങളും വെ
ളിയിൽനിന്നു വരുന്നവയല്ലെന്നും, ശുദ്ധമായ ബുദ്ധിയുടെ സ്വതസ്സിദ്ധ
ധൎമ്മങ്ങളാകുന്നെന്നും, [illegible] ഉള്ളവാ [illegible] പോതിഞ്ഞു
[illegible] ഈ [illegible] ആകുന്ന [illegible]
[illegible] ബുദ്ധിയുള്ളതാകുന്നെന്നും കണ്ടു. ഇതിനെല്ലാം മേൽ
[illegible]
വിച്ചുകൊള്ളാം.

(൧) പൂൎവ്വത്വം. ബാഹ്യവസ്തുക്കളിൽനിന്നു [illegible]
[illegible] ഇന്ദ്രിയങ്ങളിൽ [illegible]
[illegible] ആ വസ്തുക്കളെ ഗ്രഹിക്കുന്നു. എന്നാൽ ഇതിൽ
വെളിയിൽനിന്നു വരുന്നതു [illegible] മാത്രമാകുന്നു. അതു കാഴ്ചയിൽ
[illegible] കാണുന്ന ഒരു പ്രതിബിംബമാകുന്നു. എന്നാൽ നാം ക
ണ്ണിന്നു [illegible] പ്രതിബിംബത്തെയുമല്ല വെളിച്ചത്തെയുമല്ല. ഈ [illegible]
[illegible] ഒരു ആകാരസ്ഥാനം [illegible] വസ്തുവാകുന്നു.
[illegible] ആകാരകല്പന [illegible] ഉള്ളവാ എന്നപോ
ലെ [illegible] പൂൎവ്വമായി നമ്മളിൽ ഉണ്ടായിരിക്കണം. [illegible]
ഒരു [illegible] സാധനം [illegible] യന്ത്രത്തിൽനിന്നു കിട്ടുന്ന
തിൽ [illegible] ആകൃതികൊടുക്കുന്ന ശക്തി യന്ത്രത്തിൽ [illegible] ഇരുന്ന
തിനു [illegible] ആയിരിക്കണം. ഇതുതന്നെ പൂൎവ്വത്വം.

(൨) അവിധികത്വം. ബാഹ്യഗ്രഹണവിഷയത്തിൽ ഒരു വസ്തു
ഒരു സ്ഥലത്തിൽ ഉള്ളതായി നാം വിചാരിക്കുന്നതുപോലെ അതില്ലാ
തേയും വിചാരിക്കാം. എന്നാൽ ആ വസ്തു [illegible] സ്ഥലം ഇല്ലാ
ത്തതായി വിചാരിക്കാൻ കഴിയുന്നതല്ല. അതിനാൽ ആകാരധൎമ്മം
ബുദ്ധിയിൽനിന്നു വിവേചിക്കപ്പെട്ടു. ഇതു അവിധികത്വം.

(൩) ആവശ്യത്വം. [illegible] ഗ്രഹിതവസ്തുവിനും [illegible] സ്ഥലം
ആവശ്യകമാണ്. [illegible] അവവസ്തുക്കൾ [illegible]
[illegible] ചെയ്യുന്നതല്ല. [illegible]
[illegible] ഒരു വസ്തുവിനെ ഗ്രഹിക്കുന്നതിനു [illegible] ആകാരം
നാം [illegible]. ഒരു വസ്തുതന്നെ [illegible] സ്ഥലങ്ങളിൽ [illegible]
[illegible] സമയങ്ങളിൽ [illegible]
[illegible] ഒരു [illegible]
[illegible] വിരോധമെന്നല്ലാ നാം

പറയുന്നു. അവയുടെ ശരീരാവയവങ്ങൾക്കൊക്കെ കൂടിച്ചേർന്ന പറ
കയുമില്ല. അതിനാൽ കാലാകാശനിമിത്തങ്ങളും ശരീരാവയവങ്ങളിൽ
അവയവാംശങ്ങളാണെന്നു തീർച്ചപ്പെട്ടു. ഇതാണ് അവയവത്വം.

൩. ഗുണകത്വം. ഇതു ഗണിതശാസ്ത്രത്തിലെ സ്വതസ്സിദ്ധ
ങ്ങളുടെ ലക്ഷണം. ഉദാഹരണങ്ങൾ—ഒരു വസ്തുവിന്റെ അംശ
ങ്ങൾ തമ്മിൽ ചേരുന്നതാണ്. ഒരു വസ്തുവിനോടു സമങ്ങളായ അന്യവസ്തു
ക്കൾ പരസ്പരം സമങ്ങളായിരിക്കും. ഇങ്ങിനെയുള്ള ഗണിതശാസ്ത്രത്തി
ലെ മൂലപ്രമാണങ്ങൾ തെളിവുകൂടാതെ സ്വയംസിദ്ധമായി തോന്നുന്നവ
കയാൽ അനുഭവത്തെ ആശ്രയിക്കുന്ന മറ്റുശാസ്ത്രങ്ങളിൽ കാണപ്പെടു
ന്ന തർക്കവാദങ്ങളും വിശ്വാസഭേദങ്ങളും ഈ ശാസ്ത്രത്തിൽ ഒട്ടു
മേയില്ല. അതിൽ മനോധർമ്മത്തെ ആകാശത്തിന്റെയും കാലത്തി
ന്റെ കല്പനയുടെയും സ്വഭാവങ്ങളെ നിരൂപിക്കുന്ന ശാസ്ത്രമല്ലോ.
ഈ ലക്ഷണങ്ങളെല്ലാം ആകാശത്തിന് അനുഭവസിദ്ധങ്ങളല്ലാത്ത ബുദ്ധിയുടെ
സ്വയംസിദ്ധങ്ങളാണെന്നു ഉറപ്പിക്കും. ഇതുതന്നെ ഗുണകത്വം.

൪. നിയമ്യത്വം. ഓരോ ഗ്രഹണത്തിന്റെ അവയവങ്ങൾ ഗുണങ്ങ
ളാകുന്നു. അവയിൽ ഓരോ അംശവും മറ്റൊന്നോടു സംബന്ധിക്കാതെ
തമ്മിൽ ഇന്ദ്രിയങ്ങളെ പ്രത്യേകം ബാധിക്കുന്നതാണ് ഓരോ ഗുണങ്ങ
ളെ ഇളക്കുന്നു. ഈ ഗുണാംശങ്ങളെ ഓരോ വസ്തുവിന്മേൽ
ഉറപ്പിച്ചുവെച്ച മനസ്സിന്റെ വ്യാപാരം ആത്മവ്യാപാരമാകുന്നു. ഇല്ലെങ്കി
ല്ലാ. ഈ ഗുണങ്ങളെ ബാധിക്കുന്ന ശക്തി ബുദ്ധിയിൽനിന്നുണ്ടാ
കണം. ഇതുതന്നെ നിയമ്യത്വത്തിന്റെ ലക്ഷണമായ നിയമ്യത്വം.

(൫) അനന്തത്വം. ആകാശത്തിൽ ഇരിക്കുന്നതിനേക്കാൾ അധികം
വസ്തുക്കളെയും ഗ്രഹണങ്ങളെ കാണില്ല. ആകാശമൊന്നെന്നും നമ്മു
ടെ അനുഭവത്തിൽപ്പെട്ടതായ ഭേദങ്ങൾ എല്ലാം അതിന്റെ അംശ
ങ്ങളാണെന്നും അതിനതിരില്ലെന്നും നമ്മുടെ മനസ്സിൽ ഉറയ്ക്കുന്നതാണ്.
ഈ ഉദയം നമുക്ക് ഗോചരപ്പെട്ട വിഷയങ്ങളാൽ അല്ല അനുഭവസി
ദ്ധമല്ലാ. സ്വതസ്സിദ്ധമത്രെ. ഓരോ വസ്തുവിന്റെ ഗ്രഹണത്തി
ലും അനന്തത്വം ചേരുന്നതായാൽ അതു സ്വയംസിദ്ധമെന്നു നിശ്ച
യിക്കാം. ഇതുതന്നെ അനന്തത്വം.

ഈ മേൽപ്പറഞ്ഞ അഞ്ചുലക്ഷണങ്ങളും ആകാശം കാലം നിമിത്ത
ം ഈ മൂന്നിനും പറയാവുന്നതാണ്. അതിനാൽ അവ മൂന്നും നമ്മു
ടെ ബുദ്ധിയുടെ സ്വയംസിദ്ധങ്ങളാണെന്നും നമ്മുടെ ഗ്രഹണങ്ങളല്ലെ

ഈ ധർമ്മങ്ങളെല്ലാം ആശ്രയിച്ചിരിക്കുന്നതെന്നും ഇതിനാൽ സിദ്ധിക്കുന്നു. അവ ബുദ്ധിപ്പൂർണ്ണതയ്ക്കുള്ള നിദർശനങ്ങൾ മാത്രമാകുന്നു.

മുൻപറഞ്ഞതുപോലെ കണ്ണാടി നിറമുള്ളതായി ബോധപ്പെട്ടാൽ അതിനാൽ കാണപ്പെട്ട വസ്തുവിന്റെ സ്വരൂപം നാം കണ്ടതുപോലെയല്ലെന്നു നമുക്കറിയാവുന്നതുപോലെതന്നെ, ലോകത്തെ ബുദ്ധിഗ്രഹണത്തെ കവിഞ്ഞതായി [illegible] കാണപ്പെടുന്നു. നാം ഗ്രഹിക്കുന്ന വ്യക്തികൾ എല്ലാം ബുദ്ധിപ്പൂർണ്ണതയ്ക്കു മാത്രം [illegible] അവനവന്റെ വ്യക്തിയെ മാത്രം സംബന്ധിച്ചുള്ളതിനെ ഗ്രഹിക്കയാൽ ഓരോരുത്തന്റെ [illegible] ഓരോ വിധത്തിലായി അതിൽവച്ചു വ്യക്തിഭേദങ്ങൾ തമ്മിൽതമ്മിൽ ഭേദവും പ്രകാശമുണ്ടാകുന്നു. ഈ വ്യക്തഭേദം ഒഴിച്ചു സർവ്വത്തേയും നമ്മുടെ വ്യക്തിഭേദത്തിലുൾപ്പെടുന്നതിനാൽ മാത്രമേ ബുദ്ധിബന്ധത്തിൽനിന്നും മുക്തിയുണ്ടാകയുള്ളു. ഇതുതന്നെ "തത്ത്വമസി" വാക്യത്തിന്റെ താല്പര്യം.

കാണ്ടിന്റെ മതത്തിൽനിന്നുണ്ടാകുന്ന ഫലങ്ങളെ ചുരുക്കി പറഞ്ഞുകൊള്ളുന്നു.

൧. ദേശകാലനിമിത്തങ്ങളെ ആശ്രയിക്കാത്ത ഒരു തത്ത്വമുണ്ട്. ഇതുതന്നെ ആത്മാവ്. വേദാന്തത്തിൽ ഇതിനെയാണു ബ്രഹ്മമെന്നു പറയുന്നതു.

൨. ഈ ആത്മാവു കാലത്തിനെ ആശ്രയിക്കാത്തതാകയാൽ അതു നിത്യമാണ്.

൩. ദേശകാലനിമിത്തങ്ങളാലുണ്ടാകുന്ന വ്യക്തിയെ ആശ്രയിച്ചിരിക്കുന്ന അഹങ്കാരത്തെ ജയിക്കുന്നവയായ ധർമ്മകൃത്യങ്ങൾ ആത്മാവിന്റെ സ്വരൂപപ്രാപകമായ നിവൃത്തിമാർഗ്ഗത്തെ കാണിക്കുന്നു.

൪. ഏവയിൽപറഞ്ഞതും, പരലോകത്തിന്റെ [illegible] ആത്മതത്ത്വത്തെ സംബന്ധിച്ച അനേക കാര്യങ്ങളും കാലാദിത്രയത്തിനെ കവിഞ്ഞിട്ടുള്ള തത്ത്വങ്ങളാകയാൽ നമ്മുടെ ബുദ്ധിക്കു ഗ്രാഹ്യങ്ങളല്ല. അതിനാൽ അതുകളെ ബുദ്ധിയന്ത്രത്താൽ നിർണ്ണയിക്കാൻ ശ്രമിക്കുന്നതു വ്യർത്ഥപ്രയത്നമാകുന്നു.

എ. ഗോവിന്ദപ്പിള്ള ബി. എ., ബി. എൽ.

ഒരു പുരാവൃത്തം

൧. [illegible]

൨. [illegible]

൩. [illegible]

൪. [illegible]

൫. [illegible]

൬. [illegible]

൭. ആഹാരമെന്നതു വരച്ചു മിയന്നിടാതെ-
യാഹാ തപ:പ്രബലശക്തി സഹിച്ചു വിപ്രൻ
മോഹാകുലത്വമകറ്റു തത്ര പതിച്ചു പാർത്താൽ
[illegible] ലഘു [illegible]

൮. ഏവം പൃഥുക്ഷമിയന്നൊരു വൃദ്ധവിപ്രൻ
ദൈവവശ്യ [illegible]
'ദൈവം പ്രമാണമിവയ്ക്കിന്' [illegible]
[illegible]

൯. രോമാഞ്ചമിന്നലിയലോതമതിസ്സ്, ഉത്ത-
[illegible]
കാമം [illegible] വിപ്ര [illegible]
[illegible]

൧൦. [illegible]
[illegible]
[illegible]
[illegible]

൧൧. [illegible]
[illegible]
[illegible]
[illegible]

൧൨. [illegible]
[illegible]
"[illegible]
[illegible]"

൧൩. [illegible] "[illegible]
[illegible] ! [illegible]
[illegible]
[illegible]

൧൨൪. [illegible] ശേഷം-
[illegible] താൻ
[illegible] !
[illegible] പറഞ്ഞിടുന്നു.

൧൨൫. ഒരായിരം [illegible] കല്ലിലായാൽ
[illegible]
[illegible]
[illegible] തിരിയുന്ന മനസ്സുകൾ.

൧൨൬. [illegible] ചില്ലറയല്ല [illegible]
ഹാ [illegible] !
ആ [illegible]
[illegible]

൧൨൭. [illegible]
[illegible]
[illegible]
പോകുന്ന [illegible]

൧൨൮. ഈലോകമിൽ [illegible]
[illegible] ഭാണ്ഡക്കെട്ടു [illegible]"
[illegible]
[illegible]

൧൨൯. [illegible]
[illegible]
[illegible]
[illegible]

൧൩൦. [illegible]
[illegible]
[illegible]
കാണുന്നു [illegible].

൧൧. [illegible] വിപ്ര-
[illegible]
[illegible]
[illegible]

൧൨. [illegible]
[illegible]
[illegible]
[illegible]

൧൩. [illegible]
[illegible]
[illegible]
[illegible]

൧൪. ആ വിപ്ര[illegible]
[illegible]
[illegible]
[illegible]

൧൫. [illegible]
[illegible]
[illegible]
[illegible]

൧൬. [illegible]
[illegible]
[illegible]
[illegible] പോയിരുന്നാൻ.

പന്തളത്തു കേരളവർമ്മ തമ്പുരാൻ.

ദേവതമാര



ചില വേദപ്പുകൾ പറയുന്നു— "ദേവന്മാരെ? ദേവം [illegible]
ൻസ്സ്" എന്നു. എന്നാൽ [illegible] പക്ഷം, അവർ
ഒരുവക അപ്രകൃതസംശികളും ഈ ശരീരവ്യാപാരമില്ലാത്തവരും ആ
ണെന്നാണ്. ഇത് ആ വെറുപ്പുകാരോ അതോ ദേവതകളോ ആരോ?
എന്നാൽ ഒരു കൂട്ടം യഥാർത്ഥമായ അതും ഗ്രഹിക്കാത്തവരാണ്.
ഒന്നുമില്ലെന്ന [illegible] എപ്പോഴും സാന്നിദ്ധ്യം കാണാത്തവരും ഒന്നു
മറിയാത്തവരാണ്. ദേവതകളെ [illegible] വർഗ്ഗക്കാരുണ്ട്. ഇല്ലെന്നു
പറയുന്നവരുടെ പക്ഷത്തിലും, എല്ലാ [illegible] കൂട്ടിക്കൊണ്ടു
ഞെ [illegible] യാതൊരു [illegible] നിവൃത്തിയില്ല.
[illegible] അതിശയമാകയില്ലും കൂടിക്കൊണ്ടിരിക്കുന്നു സാധാര
ണമാണ്.

ദേവതാർപ്പണം [illegible] പ്രകാരത്തിൽത്തിരിഞ്ഞിരിക്കുന്നു.
അതിൽ പരദേവത എന്നു പറയുന്നത് ഒന്നേ ഉള്ളൂ. അതിനെയാ
ണ് ഈശ്വരൻ [illegible] എന്നു പറയുന്നത്. ആ
[illegible] സ്ഥിതിസംഹാരകർത്താവായ [illegible] നിത്യശു
ദ്ധസ്വരൂപനായ ഒരു ശക്തിയാകുന്നു. ഈ ദേവതയുടെ അസ്തിത്വകാ
ര്യത്തിൽ [illegible] ആർക്കും തർക്കമില്ല.

പുരാണാദിപ്രസിദ്ധരും [illegible] ഉപദേവതമാരായ
ദേവതകൾ അപരദേവതമാരാകുന്നു. അവരുടെ സംഖ്യ ഇത്രയാണെ
ന്നു നിശ്ചയിച്ചിട്ടില്ല. അവരുടെ അസ്തിത്വത്തെ എല്ലാവരും സമ്മതി
ക്കുന്നില്ല. അതിനാൽ അവരെപ്പറ്റിത്തന്നെ ആദ്യം പ്രസ്താവിക്കട്ടെ.

[illegible] പുരാണാദികളിൽ [illegible] പ്രകാരം [illegible] ദേവതാ
പൂജയിൽനിന്നു [illegible] വിവരിച്ചുകാണുന്നുണ്ട്. അ
തിനാൽ ദേവതമാർ വെറും കല്പിതങ്ങളല്ലെന്നും, അവരെ ആരാധിക്കുന്നതു
നിഷ്ഫലമല്ലെന്നും വരുന്നു. ദേവതമാരുണ്ടെന്നുള്ള കാര്യത്തിൽ ഇവയാ
ണ് [illegible] പ്രമാണമാണ്. എന്നാൽ പ്രത്യക്ഷപ്രമാണത്തിന്റെ
[illegible] സഹായം കല്പിപ്പാൻ പാടില്ല. അതിനാൽ യുക്തികളുടെ
സഹായം ആവശ്യമായി വരുന്നു.

[illegible] മുതൽ [illegible] വരെയുള്ള ജീവികളുടെ അസ്തിത്വകാ
ര്യത്തിൽ ആർക്കും [illegible] എന്നാൽ അവർ [illegible]
[illegible]
വളരെ വളരെ അന്തരം കാണുന്നുണ്ട്. മനുഷ്യർ സാധാരണയായി

[illegible]

[illegible]

[illegible]

[illegible]ണ്ടായിരുന്നു. ആ വക ജീവഷ്ടികളും ചിലതു ദേവതമാരാണ്.

സൂര്യലോകം എന്ന പേരായ ലോകത്തിൽ ജീവഷ്ടികൾ സ്ഥിതി ചെയ്യുന്നുണ്ടെന്നു പ്രസിദ്ധമാണ്. അതുപോലെ നക്ഷത്രമണ്ഡലവും ജീവജാലങ്ങൾക്കിരിക്കുവാനുള്ള സ്ഥലമാകുന്നു. ആ വക ദിക്കുകളിലൊന്നും ജീവികളില്ലെന്നു വന്നാൽ അതിമഹത്തായ ഈ ബ്രഹ്മാണ്ഡകടാഹത്തിന്റെ ഏറ്റവും ചെറിയ ഒരു ഭാഗത്തുമാത്രമേ ചേതനവസ്തുക്കളുള്ളുവെന്നും, അധികഭാഗവും ഒഴിഞ്ഞു ശൂന്യമായി കിടക്കയാണെന്നും വന്നുകൂടും. അങ്ങിനെ വരുവാൻ പാടില്ലാത്തതുമാണ്. അതിനാൽ അവിടെയും ജീവങ്ങൾ സ്ഥിതിചെയ്യുന്നുണ്ടെന്നു സിദ്ധിക്കുന്നു. അവയിലും ചിലർ ദേവതമാരാണ്. ധ്രുവമണ്ഡലം മുതലായവയിൽ ജീവങ്ങളുള്ളതായി അറിവാൻ തക്കതായ ലക്ഷ്യങ്ങളുമുണ്ട്.

സൂര്യമണ്ഡലത്തിന്ന ഇതരഗോളങ്ങളെ ആകർഷിക്കുവാൻ ശക്തിയുണ്ട്. ആകർഷണശക്തി ചേതനവസ്തുക്കൾക്കല്ലാതെ ഉണ്ടാകുവാൻ പാടില്ല (*). അതിനാൽ സൂര്യാദികളും ചേതനവസ്തുക്കളാണെന്നു തെളിയുന്നു. സൂര്യാദികളായ ദേവതകൾ സൂര്യമണ്ഡലത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്നു പ്രസിദ്ധമാണ്. അചേതന [illegible] ആകർഷണശക്തി ചേതനങ്ങൾക്കല്ലാതെ സംഭവിക്കുന്നതല്ലെന്നു വന്നാൽ ആ ശക്തിയുള്ള വസ്തുക്കൾ ചേതനങ്ങളാകുന്നു. അചേതനമായ ഒരു പദാർത്ഥം അന്യചേതനമായ [illegible] പദാർത്ഥത്തെ ആകർഷിക്കുന്നതെങ്ങിനെയാണ്? ഈ ചോദ്യത്തിന്ന സാധുവായ സമാധാനം കിട്ടാതെ "ന്യൂട്ടൺ" (†) എന്ന വിദ്വാൻ വളരെ മനസ്സുപദ്രപ്പെട്ടതായി അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ നിന്നറിയുന്നു. "[illegible]" എന്ന ജർമ്മൻപണ്ഡിതനും പദാർത്ഥങ്ങൾക്കെല്ലാം ചൈതന്യമുണ്ടെന്നു സമ്മതിക്കുന്നുണ്ട്. അതിനാൽ ഗ്രഹഗോളങ്ങളിലൊക്കെയും ചേതനവസ്തുക്കൾ സ്ഥിതിചെയ്യുന്നുണ്ടെന്നു പ്രത്യക്ഷമാകുന്നു. അവയിലും ചിലതു ദേവതമാരായുള്ളവരാം.

(*) ചേതനവസ്തുക്കളെ [illegible] ആകർഷണശക്തി [illegible] [illegible] [illegible] [illegible] [illegible] എന്നാൽ [illegible] [illegible] "[illegible]" എന്ന [illegible] [illegible] ചെയ്തിട്ടുണ്ട്.

(†) ഈ ആകർഷണശക്തിയെ കണ്ടുപിടിച്ചത് "ന്യൂട്ടൺ" ആണെന്നു പറയപ്പെടുന്നു.

[illegible] സംഗ്രഹങ്ങളിലെന്നപോലെ ദേവതകളാകുന്നു [illegible] ങ്ങളെന്ന പറയുന്നതു പുരാണ പക്ഷമല്ലെന്ന തെളിയുന്നു. എന്നാൽ, ദേവതകൾ വായുദേവനെപ്പോലെ [illegible] കയാലല്ലാതെ സാധാരണക്കാർക്ക് കാണ്മാൻ സാധിക്കുന്നതല്ല. [illegible] വ്യക്തിയുടെ [illegible], [illegible] കളും [illegible] ന്നുകളും [illegible] വിചാരിച്ചാൽ അതിനെ സാധിക്കുന്നതല്ല. [illegible] സമ്പാദിക്കാവുന്നതാണ്.

ദേവതകൾ മനുഷ്യരെപ്പോലെ ഒരേവിധത്തിൽ മാത്രം സ്ഥിതി ചെയ്യുന്നവരല്ല. ആകൃതിയിലും പ്രകൃതിയിലുമെന്നല്ല എല്ലാ അവസ്ഥകളിലും [illegible] അവർ [illegible]. [illegible] ഈ [illegible] അവരുടെ സ്ഥിതി. [illegible] തെളിയുന്നു. എന്നാൽ [illegible] ആയുസ്സ് [illegible] അവർ [illegible] ജീവിതത്തിൽ വ്യത്യാസപ്പെടുന്നതു [illegible] എന്തു [illegible]! [illegible] ആയുസ്സ് എത്ര [illegible]! മനുഷ്യരെക്കാൾ അവർ [illegible] എത്ര [illegible], അവരുടെ ആയുസ്സ് എത്ര [illegible]. [illegible] ദേവതകൾക്കു [illegible]. [illegible] അവർക്ക് [illegible]. എന്നാൽ [illegible]. എന്നാൽ [illegible] മനുഷ്യർ [illegible]. എന്നാൽ [illegible] ദേവതകളായിട്ടു [illegible]. [illegible]

വരല്ലേ ഇപ്രകാരം മനുഷ്യരായിത്തീൎന്നിട്ടുള്ളത്? ഇപ്രകാരം നമ്മെ രക്ഷി-
ക്കാനായി അവതരിച്ചവർ എത്ര പേരുണ്ട് !. അതുപോലെ ദേവതമാർ
മനുഷ്യരും ഇതുപോലെ ആകുന്നു.

ദേവതമാരും ചിലപ്പോൾ പാപം ആചരിക്കാറുണ്ട്. എങ്കിലും
അവരെ നാം പൂജിക്കുന്നു. അവർ പാപികളായാലും നമ്മെ പൂജ്യരാ-
ണ്. നാം എത്ര പാപികളും ക്ഷുദ്രന്മാരുമാണെങ്കിലും ഒരു പൂജ്യനെ
അതിവേഗത്തിൽ നമ്മെ നിഗ്രഹിപ്പാൻ സാധിക്കും. അതുപോലെ
ദേവതകൾ പാപികളായിരുന്നാലും അവൎക്ക നമ്മെ എളുപ്പത്തിൽ നിഗ്ര-
ഹിപ്പാനും അനുഗ്രഹിപ്പാനും സാധിക്കും. അതിനാൽ ദേവതമാരെ
നാം പൂജിക്കേണ്ടതാകുന്നു.

പൂജകന്മാരിൽ ശാക്തേയന്മാരെന്നും വൈഷ്ണവന്മാരെന്നും മററും അ-
നേകം ഭേദങ്ങൾ കാണുന്നുണ്ട്. അതിൽ ശക്തി എന്നു പറയുന്നതു പര-
ദേവതയോ അപരദേവതയോ എന്നു ചോദിക്കുമ്പോൾ പരയാകുന്നു എന്നു-
തന്നെ പറയണം. അതു പരദേവതയായ ഈശ്വരന്റെ ശക്തിയാ-
കുന്നു. സൎവ്വേശ്വരനെ ശരിയായി അറിവാനും പൂജിപ്പാനും നമുക്കു കഴി-
യായ്കകൊണ്ടു നാം ഈശ്വരന്റെ അവയവങ്ങളെ സങ്കല്പിച്ചു അ-
താതിന്നനുഗുണമായി ഉപാസിക്കുന്നു. എന്നാൽ ആവക എല്ലാ
ദേവതമാരും നമുക്ക തിരിച്ചറിയുന്നതുപോലെ ഈശ്വരന്റെ തന്നെ-
യുള്ള അംശങ്ങളാണ്.

ഇന്ത്യക്കാർ അനേകം ദേവതമാരെപ്പൂജിക്കുന്നതുകണ്ടിട്ടു ചില പാ-
ശ്ചാത്യപണ്ഡിതന്മാർ നാം അനേകം ഈശ്വരന്മാരുണ്ടെന്നു വാദിക്കുന്നവ-
രാണെന്നു പറയുന്നു. എന്നാൽ ദേവത എന്നു പറയുന്നതിന്നു ഈശ്വ-
രൻ (ഗോഡ്) എന്നല്ല. ഈശ്വരൻ ഒന്നേ ഉള്ളുവെന്നാണ് നമ്മു-
ടെയും സിദ്ധാന്തം. നമ്മുടെ ദേവതയെ ഇംഗ്ലീഷിൽ പറകയാണെങ്കിൽ
"സ്പിരിട്ട്" എന്നോ "ഏഞ്ജൽ" എന്നോ ആണു പറയേണ്ടത്.

ദേവതമാരെ പൂജിക്കുന്നതുകൊണ്ടു ചിലർ നമ്മെ കല്ലും മണ്ണും
കൊണ്ടുള്ള വിഗ്രഹങ്ങളെ വന്ദിക്കുന്നവരെന്നു പരിഹസിക്കുന്നുണ്ട്. എന്നാൽ
കല്ലുകൊണ്ടും മണ്ണുകൊണ്ടും പ്രതിമകളുണ്ടാക്കി അതുകളിൽ ഈശ്വര-
നെ ആവാഹിക്കയും അതിൽ ദേവതയുണ്ടെന്നു സങ്കല്പിക്കുകയും ആ-
ണു ചെയ്യുന്നത്. അപ്പോൾ സങ്കല്പശക്തികളായ ദേവതകൾ
അവയിൽ ശക്തിരൂപേണ സന്നിധാനം ചെയ്യുന്നു. അവയെയാണ്
നാം പൂജിക്കുന്നത്. അതിനാൽ ദേവതാപൂജകന്മാരായ ഹിന്തുക്കളെ

[illegible] സ്വാമികൾ. ഇപ്രകാരമുള്ള [illegible] ഉള്ളവരില്ലെന്ന [illegible] സാഹസമാണ്. കെ. വി. എം.

ആത്മീയസമുദായവും
ഐഹികജീവിതവും

ഒരു സമുദായത്തിന്റെ ശരിയായ ഉൽകർഷം ഏതാകുന്നു — ശരിയായ ഉൽകർഷത്തിന്റെ ലക്ഷണം ഏതാകുന്നു — ഇപ്രകാരം സമു



ദായ പരിഷ്കാരികളായ എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കുന്ന ഒരു ചോദ്യമാണ്. ഇതിന്നു ലോകത്തിലുള്ള ഭാരതീയരും പാശ്ചാത്യരും ആയ [illegible] [illegible] ൽ അല്പമെങ്കിലും വ്യത്യാസപ്പെട്ടതായ സമാധാനങ്ങളെ പറയുന്നുണ്ട്. ഭാരതീയരുടെ ഇടയിൽ നടപ്പിലുള്ള സമാധാനം [illegible] [illegible] ൽ ആചരിക്കാം. ആ സമാധാനത്തിന്റെ ചുരുക്കം, "ഐഹികമായും പാരത്രികമായും ഉള്ള സുഖസൗഭാഗ്യങ്ങളെ സമ്പാദിക്കുക" എന്നായിരിക്കാം. ഈ രണ്ടു സംഗതികളെ [illegible] ബുദ്ധിയിൽ [illegible] പരലോകസുഖത്തിന്നു [illegible] ഈ ലോകത്തിലുള്ള സുഖസൗഖ്യങ്ങളെ [illegible] ഭാരതീയരുടെ പരിശ്രമം ഉണ്ടായിട്ടുള്ളതെന്നു, ഭാരതീയ സാഹിത്യത്തിൽ [illegible] [illegible]. പാശ്ചാത്യന്മാരുടെ [illegible] [illegible] ഐഹികസുഖം [illegible] [illegible] നിദ്ര, ഉത്സാഹം, പ്രയത്നം മുതലായവ [illegible] [illegible]. പാരലൗകികസുഖത്തിന്നു പ്രധാനമായിട്ടുള്ളത് ആത്മീയ വിചാരവും ആകുന്നു. അതിനാൽ ഈ രണ്ടു കാര്യങ്ങളിലുമാണ് എല്ലാ സമുദായങ്ങളും പ്രയത്നിക്കേണ്ടത്.

[illegible] എന്നാൽ [illegible]

[illegible]

ഒരു സമുദായം ജീവിതവൃത്തിയിൽ [illegible] എന്നുവെച്ചാൽ, അതിന്റെ [illegible] ഉൽകർഷം [illegible]. എന്നാൽ [illegible] ഇപ്പോഴത്തെ [illegible] കാരണം, [illegible] കാലത്തിനൊത്ത [illegible] സാധിക്കുന്നതല്ല.

ആചാരാദികളായ സാമാന്യകാര്യങ്ങളിൽ [illegible]

[illegible]

മെ കയറ്റി സാധിക്കുന്നു. ഇതിനുള്ള കാരണം ഭൂമിയുടെ ഗുണാധി ക്യമാണെന്നു പറയുക. വാസ്തവത്തിൽ ഭൂമിക്കല്ല പ്രവൃത്തിക്കാണു ഗുണാധിക്യമുള്ളത്. നമ്മുടെ ഭൂമികളിലായാലും വളം കൊടുക്കുന്നതിലു മായുള്ള വ്യത്യാസത്താൽ വിളവിന്നാധിക്യം കാണാം. പുതിയ രീതി യിലുള്ള കൃഷിയിൽ ഏർപ്പെട്ടിട്ടുള്ളവർക്ക് ഈ കാര്യം അനുഭവസിദ്ധവു മാണ്. എന്നാൽ നാം, കഴിഞ്ഞകാലങ്ങൾ പലതുമെഴിപ്പാട്ടത്തിന്നു ള്ളിച്ച ഭൂമിയെ ഇപ്പോഴും എടുക്കാതെ താഴ്ത്തിക്കൊടുക്കുന്നു. കൃഷിസാ ധനങ്ങൾ അറിവും പരിചയവുമുണ്ടെങ്കിൽ സ്വന്തമായി കൃഷിചെയ്യുന്നി ല്ലെങ്കിലും കൃഷിക്കാരോട് ഉപദേശിച്ചും മറ്റും ഭൂമിയെ നന്നാക്കുവാൻ കഴിയും. അതില്ലാത്തതുകൊണ്ടാണു ഈ അപകടം വരുന്നത്. വ്യവ സായസംബന്ധികളായ എല്ലാകാര്യങ്ങളുടെയും സ്ഥിതി ഇതുപോലെതന്നെ യാകുന്നു. കരകൗശലം ധനസമ്പാദനത്തിനുള്ള ഒരു പ്രധാനോപായ മാണ്. നമ്മുടെ നാട്ടിൽ ഏതിനെ നോക്കിയാലും ഏതു സമുദായത്തെ നോക്കിയാലും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ കരകൗശ ലം പുഷ്ടിപ്പെട്ടിരുന്നതായിക്കാണാം. തുന്നൽ, ചിത്രവേല മുതലായ വസ്ത്ര ഗ്രന്ഥങ്ങളാകട്ടെ, ശാസ്ത്രങ്ങളാകട്ടെ, തൊഴിലുകൾ മുതലായവ നിർമ്മിക്ക എന്നിവയും മറുനാട്ടുകളിൽ ഏറ്റവും പ്രസിദ്ധമായിരുന്നു വരുന്നു. മല യാളത്തിൽ, വിശേഷിച്ച് നമ്പൂതിരിമാരുടെ വകയായി ഇതിനെസ്സംബ ന്ധിച്ചു പറയത്തക്ക വല്ല ഏർപ്പാടുകളും ഉണ്ടോ? ഇനി കച്ചവടമാണെ ങ്കിൽ അതും ഈ സമുദായക്കാർക്ക് അപരിചിതമാണ്. ഇംഗ്ലണ്ട്, ജർമ്മ നി മുതലായ അന്യരാജ്യങ്ങളോട് കച്ചവടത്തിൽ കിടപിടിക്കുവാനായി ഇന്ത്യാക്കാരുടെ ഓരോ അംശങ്ങളും ഇളകിത്തുടങ്ങിയിരിക്കുന്നു. മലയാള മണ്ഡലവും ഈ ഇളക്കത്തിൽ പങ്കുചേർന്നിട്ടുണ്ട്. മലയാളത്തിൽ പ്രശ സ്തിപ്പെട്ടവരായ നമ്പൂതിരിമാർ മാത്രം അതിൽനിന്നു പുറമെ നിൽക്കു ന്നു. നമ്പൂതിരിമാരുടെ ആകെയുള്ള ജനസംഖ്യ പതിനായിരത്തോളമാണെന്നു കാണുന്നു. ഇതിൽ എത്രപേർ കച്ചവടത്തിൽ പ്രവേശിച്ചിട്ടുണ്ട്? വല്ല വരും പ്രവേശിച്ചിട്ടുണ്ടെങ്കിൽത്തന്നെ ചില്ലറ കച്ചവടങ്ങളിലല്ലാതെ ഇറ ങ്ങിട്ടുണ്ടോ? അധികം മൂലധനമിറക്കി പ്രധാനപ്പെട്ട കച്ചവടങ്ങളിൽ അധികം ആളുകൾ ഏർപ്പെട്ടാലല്ലേ ഫലം സിദ്ധിക്കയുള്ളൂ? [illegible] വിത്തത്തിന്റെ മൂലധാരമായ വ്യവസായകാര്യങ്ങളോടും നമ്പൂതിരിസമുദാ യത്തിനും തമ്മിൽ പറയത്തക്ക യാതൊരു സംബന്ധവും ഇതുവരെ വ ന്നിട്ടില്ലെന്നു ഇതുകൊണ്ടു തെളിയുന്നു.

ശാസ്ത്രജ്ഞാനത്തെപ്പററി നോക്കിയാലും നമ്പൂതിരിമാരുടെ കഴിവുകേടു പ്രത്യക്ഷമാകുന്നു. ഇക്കാലത്തു ശാസ്ത്രങ്ങളുടെ സഹായത്തോടുകൂടിയാണു എല്ലാ സംഗതികളും നടക്കുന്നതു. പ്രകൃതിശാസ്ത്രം, തത്വശാസ്ത്രം മുതലായി അസംഖ്യം പുതിയ ശാസ്ത്രങ്ങളും ഇപ്പോൾ പ്രസിദ്ധങ്ങളായിട്ടുണ്ട്. എന്നാൽ നമ്പൂതിരിമാരുടെ ശാസ്ത്രജ്ഞാനം സംസ്കൃതത്തിലുള്ള ചില ശാസ്ത്രങ്ങളെക്കൊണ്ടവസാനിക്കുന്നതേയുള്ളൂ. ആകാശത്തേയും പാതാളത്തേയും പററി വായിച്ചു ലഹളകൂട്ടാനല്ലാതെ ഒരു "വിപ്ലത്തി" ഉപകരിക്കുന്നില്ല. പാശ്ചാത്യരിൽനിന്നു കിട്ടുന്ന ശാസ്ത്രങ്ങളോ ഇങ്ങിനെയല്ല. അതു എവിടെ കണ്ടാലും നാട്ടിൽകാണപ്പോൾ സഹായിക്കുന്നു. "സയൻസ്" എന്നും മററും പേരുപറയുന്ന രസായനവിദ്യയുടെ സഹായംകൊണ്ടു ആശ്ചര്യകരങ്ങളായ അനേകം വിദ്യകളെ പാശ്ചാത്യശാസ്ത്രജ്ഞന്മാർ വരുത്തുന്നു. ഒരു വസ്തുവിൽ മററു സാധനങ്ങളും മിശ്രമായാൽ അവ ഇന്നവയായിത്തീരും ഇത്രയായിത്തീരും എന്നു പാശ്ചാത്യശാസ്ത്രങ്ങളിൽ പാണ്ഡിത്യമുള്ളവർ എടുത്തുകാണിക്കുന്നു. ഇവയെക്കുറിച്ചു ചോദിക്കുമ്പോൾ "ഈവക സംഗതികളെപ്പററി ഇന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. ഇനി മേലിൽ ഒരു മാസം എടുത്തു നോക്കാം." എന്നു പറയുന്ന "വിപ്ലത്തിക്കാർ" സാധിക്കുന്നുള്ളൂ. തീവണ്ടിയന്ത്രം, കമ്പിതപാൽ, ഘടികാരയന്ത്രം മുതലായ യന്ത്രങ്ങളെ കണ്ടുപിടിച്ചതും ശാസ്ത്രസഹായംകൊണ്ടാണെന്നു പറഞ്ഞാൽ ഇവർക്കു വിശ്വാസമാവില്ല. അതു "വെള്ളക്കാരന്റെ ദിവ്യവിദ്യകൊണ്ടാണു" എന്നു മറുപടി പറയും. ഇതുത്രയും കണ്ടുപിടിച്ചതും, വിമാനങ്ങളുണ്ടാക്കിപ്പറപ്പിച്ചതും ഒക്കെയാണിവ ദിവ്യവിദ്യകൊണ്ടായിരിക്കാം. പക്ഷേ പാശ്ചാത്യശാസ്ത്രജ്ഞന്മാർ ശാസ്ത്രജ്ഞാനംകൊണ്ടാണു ഈ മാതിരി അത്ഭുതപ്രയോഗങ്ങൾ കാണിക്കുന്നതെന്നു അറിയുന്നവർ ആലോചിച്ചുകൊള്ളും. ആ വിദ്യകൾക്കുപകരിക്കുന്ന ശാസ്ത്രജ്ഞാനം നമുക്കു സമ്പാദിച്ചല്ലാതെ ഐഹികജീവിതത്തിന്നു ഉൽകർഷം സിദ്ധിക്കയുള്ളൂ. അതിന്നിപ്പോൾ വേണ്ടതു പാശ്ചാത്യവിദ്യയുടെ സഹായമാണു. നമ്മുടെ നാട്ടിലുള്ള മററു സമുദായക്കാരെല്ലാം പാശ്ചാത്യവിദ്യാഭ്യാസത്തിൽ ഏർപ്പെട്ടു കേമന്മാരായിത്തുടങ്ങിയിരിക്കുന്ന ഇക്കാലത്തു നമ്പൂതിരിസമുദായം മാത്രം യോഗ്യതയില്ലാതെ ആലസ്യത്തിൽ കഴിച്ചുകൂടുന്നതായാൽ അവരുടെ ഐഹികജീവിതത്തിന്നു വലുതായ ന്യൂനതയുണ്ടാകുന്നു.

ഇനി രാജ്യതന്ത്രസംബന്ധമായി പര്യാലോചിക്കുക. രാജ്യകാര്യ

ങ്ങളെല്ലാം നടത്തുന്നതു രാജാവിന്റെ ഇഷ്ടംപോലെയാണെങ്കിലും അതു നടത്തുന്നതു മിക്കതും പ്രജകളുടെ ആഗ്രഹം [illegible]കുന്നു. രാജ്യകാര്യങ്ങളിൽ പ്രജകളുടെ അഭിപ്രായങ്ങളെ വിലവെയ്ക്കണമെന്നുണ്ടല്ലോ. ഇതു പണ്ടുപണ്ടുള്ള ഒരു തത്വമാണെങ്കിലും അതിന്നു ഇക്കാലത്തു് അധികം പ്രാധാന്യം കിട്ടീട്ടുണ്ടു്. പ്രജകളുടെ അഭിപ്രായങ്ങളറിഞ്ഞ് രാജാവു പ്രവൃത്തിക്കുന്നതായാൽ പ്രജാകാര്യങ്ങളും ശരിയായി നടക്കുന്നതല്ലേ. രാജകീയങ്ങളായ നിയമങ്ങളും പ്രജകളിൽ എതെങ്കിലും ഒരു സമുദായത്തിന്നു ദോഷകരമായിരിപ്പതിനാൽ അതു [illegible] അനാസ്ഥയോടെ ഉണ്ടാകും. ഈ തത്വത്തെ ആശ്രയിച്ചിട്ടാണ രാജകീയകാര്യാലോചനയിൽ വിശ്വാസമുള്ളവരായ പ്രജകൾക്കും പങ്കുകൊടുക്കുന്നതു. ഈ പങ്കിന്റെ വൃദ്ധിക്കുതിന്നും അതിന്നു ഉപയോഗിക്കുന്നതിൽ അധികം സ്വാതന്ത്ര്യത്തിന്നുമായി പ്രജാഗണങ്ങളും പരിശ്രമിച്ചു വരുന്നു. ഇങ്ങിനെയിരിക്കെ രാജ്യത്തു നടക്കുന്ന രാജകീയതത്വങ്ങളെപ്പറ്റി നമ്പൂതിരിസമുദായക്കാർ അറിയുന്നതുകൂടിയുണ്ടോ? നമ്പൂതിരിസമുദായത്തിൽനിന്നു ഒരു നിയമനിർമ്മാണസഭാസാമാജികനോ, [illegible] ഉണ്ടായെക്കാമെന്നു ആശിപ്പാൻകൂടി അവകാശമില്ലേ? രാജകീയകാര്യങ്ങളിൽ വല്ല സ്വാതന്ത്ര്യവും കിട്ടീട്ടുണ്ടെങ്കിൽ അതിനെക്കൂടി വേണ്ടുംപോലെ ഉപയോഗിക്കുവാനറിയുന്നവർ ഈ സമുദായത്തിലുണ്ടോ?

ഈ മാതിരി അനേകം കാര്യങ്ങളും ഇനിയും എടുത്തുപറയേണ്ടതായിട്ടുണ്ടു്. വിസ്തരിക്കുന്നതായാൽ അധികം നീണ്ടുപോയേക്കുമെന്നുള്ളതുകൊണ്ടു ചുരുക്കുന്നതാകുന്നു. ഇതിൽനിന്നു, നമ്പൂതിരിസമുദായത്തിന്നു [illegible] ഉൽകൃഷ്ടതയുണ്ടാവാൻ ഇനിയും വല്ല കാര്യങ്ങളിൽ പ്രവർത്തിക്കേണ്ടതുണ്ടെന്നു വ്യക്തമാകുന്നു. കാലത്തെ അനുസരിച്ചു് അവശ്യം അനുസരിക്കേണ്ടവയായ ഒരു കാര്യങ്ങളിൽ അവർ ശ്രദ്ധയായി ഇരിക്കേണ്ടതാകുന്നു, നമ്പൂതിരിമാർക്ക് പ്രാചീനകാലത്തിലുണ്ടായിരുന്ന പ്രാധാന്യത്തെ ഇനിയെങ്കിലും കൈവിടാതെ നിലനിർത്തണമെന്നു പറഞ്ഞുകൊണ്ടു് ഈ ഉപന്യാസത്തെ ഉപസംഹരിക്കുന്നു.

ഏ. ഇ. നീലകണ്ഠൻനമ്പ്യാർ ബി. ഏ.

പ്രാചീനഭാരതത്തിലെ

രസതന്ത്രവിജ്ഞാനീയം



രസക്രിയാജ്ഞാനം ഇപ്പോൾ പരിഷ്കൃതലോകത്തെ വലുതായ ഒരു പരിവർത്തനത്തിന്ന് അധീനമാക്കിയിരിക്കുന്നു. ഈ ജ്ഞാനം പണ്ട് ഇല്ലായിരുന്നുവെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അതു അബദ്ധമാണ്. പ്രാചീനകാലത്തിൽ പരിഷ്കാരംകൊണ്ട് ഉത്കർഷത്തെ പ്രാപിച്ചിരുന്ന വർഗ്ഗക്കാരുടെ ഇടയിൽ ഇതു ധാരാളം പ്രചരിച്ചിരുന്നു. പ്രാചീനഭാരതീയന്മാരുടെ ഔഷധപ്രയോഗങ്ങളിലും ശില്പകലകളിലും ലോഹപരിവർത്തനങ്ങളിലും ഇതു ലക്ഷ്യ[illegible] സമ്മതിച്ചു കഴിഞ്ഞു. അവരുടെ മഹാന്മാരായ ഈ ഗ്രന്ഥങ്ങളിൽ പലതും [illegible] നശിപ്പിച്ചിട്ടുണ്ട്. എങ്കിലും [illegible] ശാസ്ത്രങ്ങളുമായ വിഷയങ്ങളിൽ അവർ [illegible] മതിയായ ലക്ഷ്യങ്ങളില്ലാതില്ല. ഭാരതീയന്മാർ, അറബികൾ മുതലായ ലോകാചാര്യന്മാരായിരുന്നു. ഗ്രീസ് എന്ന യവനരാജ്യത്തിലെ സാഹിത്യശാസ്ത്രോൽകർഷം നശിച്ചുകഴിഞ്ഞു പ്രതീച്യദേശങ്ങളിലെ വിദ്യാദീപിക ഇങ്ങനെ പ്രകാശിക്കാൻ തുടങ്ങിയിരുന്നില്ല. ആ അവസരത്തിൽ അറബികൾ ആ സ്ഥലത്തെ [illegible] പ്രാച്യപ്രദേശങ്ങളിലെ വിദ്യാശാസ്ത്രങ്ങളെ ഏറ്റെടുത്തു [illegible], അങ്ങനെ ഇപ്പോഴത്തെ പാശ്ചാത്യമഹത്വത്തിന്ന് ശിലാസ്ഥാപനം ചെയ്യുകയും ഉണ്ടായി. മക്ഡോണൽ ഈ വിധം എഴുതുന്നു—"[illegible] ശാസ്ത്രങ്ങളിൽ ഭാരതീയന്മാർ [illegible] ഗണിതങ്ങളിൽ അറബികളുടെയും, അവരിൽനിന്ന് പാശ്ചാത്യലോകത്തിലെ [illegible] ഗുരുക്കന്മാരായിരുന്നു. ആ ശാസ്ത്രങ്ങളുടെ [illegible] സംഭാവന ചെയ്യുന്നവയെങ്കിലും, അവ ഇന്ത്യയുടെ [illegible] മഹാഗ്രന്ഥങ്ങളിൽ [illegible] വിസ്മരിക്കപ്പെട്ടിരിക്കുന്നു." ഇതുകൂടാതെ സംസ്കൃതഗ്രന്ഥങ്ങളെ അറബി,

പേർഷ്യൻ എന്നീ ഭാഷകളിലേക്കു തർജ്ജമചെയ്തിട്ടുള്ള കഥയും ചരിത്രപ്ര
സിദ്ധവും ലക്ഷ്യസംയുതവുമാണല്ലോ.

വൈദികകാലം മുതൽ വൈദ്യവിദ്യാവിശാരദന്മാരിൽ അദ്വിതീയ
നായിരുന്ന വാഗ്ഭടന്റെ കാലം വരെ ഭാരതത്തിലെ വൈദ്യശാസ്ത്രം വർദ്ധി
ച്ചുവരികയായിരുന്നു. ആ കാലങ്ങളിൽ സസ്യങ്ങളും ലോഹങ്ങളും മുത
ലായ ഉൽപന്നങ്ങളെയും ഔഷധങ്ങളായി ശാസ്ത്രീയഗ്രന്ഥങ്ങൾ വിവരി
ച്ചിട്ടുണ്ടെങ്കിലും ലോഹൌഷധങ്ങളുടെ ഉപയോഗത്തിനു പ്രചാരം സിദ്ധി
ച്ചതു ആ കാലാനന്തരമാണ്. പന്ത്രണ്ടാം ശതാബ്ദത്തിനിപ്പുറം ഉണ്ടായിട്ടു
ള്ള വൈദ്യവിദ്യാഗ്രന്ഥങ്ങളിൽ ലോഹൌഷധങ്ങളെക്കുറിച്ചു പ്രസ്താവി
ക്കാത്തവ ചുരുക്കമാകുന്നു. ഇനി യൂറോപ്യന്മാരുടെ വൈദ്യശാ
സ്ത്രചരിത്രം നോക്കുക. ഇവരിൽ വൈദ്യശാസ്ത്രത്തെ ഔഷധകല്പന
കളോടു ഇതിന്നു പ്രഥമമായി യോജിപ്പിച്ചതു "പാരാസെൽസസ്" എന്ന മഹാ
നാണെന്നു കാണുന്നു. ഇദ്ദേഹം ജീവിച്ചിരുന്നതു ക്രിസ്ത്വബ്ദം
പതിനഞ്ചും പതിനാറും ശതകങ്ങളിലാണ്. ആ മഹാനും ഇദ്ദേഹത്തിന്റെ
അനുഗാമികളും എത്രയോ ശതാബ്ദങ്ങൾക്കു മുമ്പുതന്നെ ഭാരതത്തി
ലെ പതഞ്ജലികളുടെ കാലം. ഭാരതീയരസവൈദ്യന്മാർ രോഗശമനത്തി
ന്നായി അനേകം വിഷദ്രവ്യങ്ങളെ രോഗികളെക്കൊണ്ടു സേവിപ്പിച്ചുവന്ന
വെന്നുള്ളതു ചരിത്രപ്രസിദ്ധമാകുന്നു. ഈ ദ്രവ്യങ്ങളിൽ പലതിനെക്കുറി
ച്ചും അറബികളോടുകൂടി "പാരാസെൽസസ്" ഗ്രഹിച്ചിരുന്നുവെന്നു
സംശയിക്കാൻ ചില കാരണങ്ങൾ ഇല്ലാതില്ല. പാശ്ചാത്യപ്രദേശങ്ങ
ളിലാണു വൈദ്യശാസ്ത്രം ഉത്ഭവിച്ചു ഉൽകർഷത്തെ പ്രാപിച്ചതു് എന്ന
ഭിമാനിക്കുന്നവരും, ഭാരതീയരാജാക്കന്മാരുടെ രക്ഷാകർത്തൃത്വം വഹിച്ചുകൊണ്ട്
സമ്പ്രദായികശാസ്ത്രത്തെ വിവിധപ്രകാരേണ പ്രയോഗിച്ചുപരിശീലിക്കാൻ
സൌകര്യലബ്ധരായ പണ്ഡിതരെ(?) അലങ്കരിച്ചിരുന്നവരും ആയ മഹാന്മാരായ
വൈദ്യന്മാർ പുറമേയുള്ള ഉപയോഗങ്ങൾക്കായി മാത്രം സ്വീകരിച്ചിരു
ന്ന പാഷാണം, രസം, ഇരുമ്പു മുതലായ വിഷവീര്യപ്രദങ്ങളായ സാ
ധനങ്ങളെ ഭാരതീയവൈദ്യന്മാർ എത്ര ധൈര്യത്തോടുകൂടി ഉള്ളിൽ കൊ
ടുത്തുപോന്നിരുന്നു എന്നു ചിന്തിക്കുമ്പോൾ ആ മഹാശയന്മാരുടെ വൈദ്യ
വൈദഗ്ദ്ധ്യം ഡാക്ടർമാരെ(?) അതിശയിക്കുന്നതായി(?) കാണാം. കറുകപ്പുല്ലിന്റെ(?)
താമരയുടെയും ... ഒരു ഔഷധപ്രയോഗം വാജീകരണചികി
ത്സയിലും, ക്ഷയരോഗങ്ങൾകൊണ്ടു ഉണ്ടാകപ്പെടുന്ന ധൂമ്രാസവങ്ങൾ(?)
എന്നിവ എന്ന രോഗത്തിനും ഉപയോഗപ്പെടുത്തിയിരുന്നവരത്രേ.

തന്ത്രങ്ങളിൽ രസവിജ്ഞാനീയത്തെപ്പററി വളരെ വിലയേറിയ അഭിപ്രായങ്ങൾ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. രസമാഹാത്മ്യത്തിന്റെ രേഖാലക്ഷ്യങ്ങളാണോ തന്ത്രങ്ങൾ എന്ന് ആർക്കും സംശയം ഉദിപ്പിക്കുന്നതാകുന്നു. പണ്ടത്തെ യോഗികൾ അല്പം ഭക്ഷിക്കയും രസഗന്ധകസമ്മിശ്രമായ പാദരസം മാസത്തിൽ ഒരു തവണ ഉപയോഗിക്കയും ചെയ്തുവന്നുവെന്നും അതിനാൽ അവർ നൂററമ്പതും ഇരുനൂറും വയസ്സുവരെ ജീവിച്ചുപോന്നുവെന്നും പറയപ്പെട്ടിരിക്കുന്നു. രസത്തിന്റെ വിവിധങ്ങളായ പ്രയോഗങ്ങൾ ഉപയുക്തങ്ങളായി ഗണിക്കപ്പെട്ടിരുന്നു. രസത്തിന്റെ ഉത്ഭവത്തെപ്പററി ഈ വിധം പറഞ്ഞിരിക്കുന്നു:—"അഗ്നിയുടെവായിൽനിന്നു രസം ഭാരതദേശത്തിൽ പതിച്ചു. അനന്തരം ആ ദേശത്തെ മണ്ണുമാററിയാൽ രസം ഉത്ഭവിക്കത്തക്കവിധം അതു മണ്ണിനോടു യോജിക്കുന്നതുവരെ അവിടെത്തന്നെ കിടന്നു." കാശ്മീരത്തിനു സമീപമുള്ള ഡാർഡിസ്ഥാൻ എന്ന പശ്ചിമഭൂമിയല്ലേ ഭാരതദേശം എന്നു സംശയിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ചായില്യം വിളയുന്ന സ്ഥലങ്ങൾ ഏറെയുണ്ട്. ഈ ചായില്യത്തിൽനിന്നു രസം എടുക്കപ്പെടാം.

വൈദികകാലത്തു സ്വർണ്ണം, വെള്ളി എന്നീ ലോഹങ്ങൾ അറിയപ്പെട്ടിരുന്നു. എന്നുമാത്രമല്ല അവകൊണ്ടു പല ആഭരണങ്ങളും തീർക്കപ്പെട്ടിരുന്നു. അനന്തരകാലങ്ങളിൽ ഉണ്ടായിരുന്ന [illegible] പല പണികൾ നിർമ്മിക്കുന്നതിനു ഭാരതീയന്മാർക്കുണ്ടായിരുന്ന വൈദഗ്ദ്ധ്യം സർവ്വവിദിതമായിത്തീർന്നിട്ടുണ്ട്. ഡമാസ്കസ്സിന്റെ വാളു സുപ്രസിദ്ധിയെ പ്രാപിച്ചിട്ടുണ്ടല്ലോ. എന്നാൽ ഇതുണ്ടാക്കുന്ന തൊഴിൽ പാരസീകന്മാർ ഭാരതീയന്മാരിൽനിന്നും, അറബികൾ പാരസീകന്മാരിൽനിന്നും അഭ്യസിച്ചിരിക്കാനാണു ന്യായമുള്ളത്. ഡൽഹിയിലെ കുത്തബ്ബിനോടുചേർന്ന ലോഹസ്തംഭം, ലോഹനിർമ്മിതമായ ജഗന്നാഥത്തിലെ മഹാലയം, സോമനാഥക്ഷേത്രത്തിലെ അലങ്കാരനിർമ്മിതവും ചിത്രീകൃതവുമായ കവാടം എന്നിവ പ്രാചീനഭാരതീയന്മാർ ലോഹപ്പണിയെ സംബന്ധിച്ചുണ്ടായിരുന്ന മഹാവൈദഗ്ദ്ധ്യത്തിന്റെ പ്രത്യക്ഷലക്ഷ്യങ്ങളല്ലെന്നു പറയാൻ ആർക്കും ധൈര്യമുണ്ടാവുന്നതല്ല. മേൽപ്പറഞ്ഞ സ്തംഭത്തിനു ഇപ്പോൾ ആയിരത്തഞ്ഞൂറിൽപ്പരം വർഷത്തെ പഴക്കമുണ്ട്. ഇതിന്റെ ഭാരം പത്തു ടൺ ആണ്. ഇരുപത്തിനാലടി നീളമുള്ള ഒരു വലിയ തോക്ക നർവാർ എന്ന സ്ഥലത്തു കാണപ്പെടുന്നു. ഈ വിധം പറഞ്ഞുതുടങ്ങിയാൽ അവസാനമില്ല. കുത്തബ്ബിലെ സ്തംഭം ത്രിസ്തൂപം

[illegible] വിചാരിച്ചാൽ [illegible] ഒരു [illegible] ഉന്നതി ലോഹ[illegible]യിൽ ഭാരതീയന്മാർക്കുണ്ടായിരുന്നുവെന്നു കാണപ്പെടും. [illegible] കാലം വലുതോ അതിനു തുല്യമായതോ ആയ ഒരു [illegible] കാച്ചിയെടുക്കാൻ യൂറോപ്പുകാർക്കും സാധിച്ചിട്ടുള്ളതായി യാതൊരു ലക്ഷ്യവുമില്ല. ഈ മഹാസ്തംഭം പതിനാലു ശതാബ്ദങ്ങളോളം കാറ്റും മഴയും ഏറ്റിട്ടും അശേഷം തുരുമ്പുപിടിക്കുകയോ [illegible] ചെയ്യാതെ [illegible] [illegible] ഒരു രഹസ്യമാണ്. [illegible]. ഇതിന്റെ ലോഹം [illegible]ച്ചതിൽ യാതൊരു മാലിന്യങ്ങളും കൂടാതെയുള്ള ശുദ്ധമായ ഇരുമ്പുതന്നെ എന്നു [illegible]പ്പെട്ടിരിക്കുന്നു.

ഇരുമ്പ്, ഈയം, ചെമ്പ്, തകരം, വെള്ളി, സ്വർണ്ണം ഇവ പ്രാചീനകാലംമുതൽ അറിയപ്പെട്ടിരുന്നു. [illegible] ഒരു ലോഹമായി ഗണിച്ചിരുന്നില്ല. പിച്ചള, ഓട് ഇവ [illegible] മിശ്രലോഹങ്ങളാണ്.

യവനന്മാരുടെയും അറബികളുടെയും ജ്യോതിശ്ശാസ്ത്രം, രസതന്ത്രം, വൈദ്യശാസ്ത്രം എന്നിവയിൽ പണ്ഡിതനായിരുന്ന ആൽബറൂണി പതിനൊന്നാം ശതാബ്ദത്തിൽ ഭാരതത്തെ സന്ദർശിച്ചു. ആ അവസരത്തിൽ അദ്ദേഹം ഈ സ്ഥലത്തെ സംബന്ധിച്ച പല വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. ഭാരതീയന്മാരിൽ [illegible] വിദഗ്ദ്ധന്മാരായിരുന്നുവെന്നും, അവർ [illegible] വളരെ രഹസ്യമായി [illegible] പൂർണ്ണ വിവരം ഗ്രഹിക്കാൻ സാധിച്ചില്ലെന്നും അദ്ദേഹം പറയുന്നു. [illegible], [illegible] എന്നിവയെപ്പറ്റി [illegible] സാധാരണ [illegible] ആശ്ചര്യം [illegible]. [illegible] [illegible] നാഗാർജ്ജുനൻ എന്ന [illegible], [illegible] [illegible] ഒരു [illegible] [illegible] [illegible] പറയപ്പെട്ടിരിക്കുന്നു. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] വളരെ [illegible] [illegible]. [illegible] [illegible] [illegible] [illegible]

ഇപ്പോൾ പാശ്ചാത്യന്മാർ സ്വീകരിച്ചുപോരുന്ന രീതിയിൽനിന്ന് അശേഷം വ്യത്യാസമില്ലാത്തതാണ്. കൃമികളുടെ ഉപദ്രവത്തിനും, ബാഹ്യരോഗങ്ങൾക്കും, പുളിച്ചുനീരുകെട്ടുന്നതിനും മറ്റും ആരംഭം സംഭവിപ്പിക്കാറുണ്ടെന്നു കാണുന്നു. തിളപ്പിച്ചാറ്റിയ കറ കറാരോഗം ഒരു ഇരുമ്പുപാത്രത്തിൽ സൂക്ഷിച്ചുവച്ചുകൊണ്ടാൽ പ്രാചീനഭാരതീയന്മാർ സകലശാസ്ത്രങ്ങളിലും ഉണ്ടായിരുന്ന ഉന്നതനിലയെ ഉൽകൃഷ്ടമായ ഉദാഹരണം സിദ്ധിക്കുന്ന പുസ്തകങ്ങളിൽ പറയപ്പെടുന്നതാണ്.

ശബ്ദം, പ്രകാശം മുതലായവയെക്കുറിച്ചുള്ള പ്രാചീനഭാരതീയന്മാരുടെ സിദ്ധാന്തങ്ങൾ, പാശ്ചാത്യപരിജ്ഞാനംകൊണ്ട് ശാസ്ത്രമാഹാത്മ്യ ഉൽകർഷത്തെ പ്രാപിച്ചിരിക്കുന്ന ഇക്കാലത്തും ആരെയും വിസ്മയിപ്പിക്കാതിരിക്കുന്ന നിസ്സംശയമായി അഭിപ്രായപ്പെടാം. വൈശേഷികസൂത്രകാരനായ കണാദൻ, വസ്തുധർമ്മങ്ങളെക്കുറിച്ച് അഭ്യസിക്കുന്നതുതന്നെ പ്രധാനധർമ്മമായി ഗണിച്ചിരുന്നു. പരമാണുസിദ്ധാന്തത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുള്ളത് ആ കണാദനാണ്. ആദ്യത്തെ മിശ്രണാവസ്ഥയിൽ രണ്ടു പരമാണുക്കൾ ഉണ്ടായിരിക്കുമെന്നും, മിശ്രണവസ്തുക്കളെ ആവർത്തിച്ച് വ്യവച്ഛേദിച്ചാൽ ഒടുവിൽ വ്യവച്ഛേദിക്കാൻ നിവൃത്തിയില്ലാത്തവിധം അതിസൂക്ഷ്മമായ സ്വരൂപത്തിൽ അവസാനിക്കുമെന്നും അദ്ദേഹം പറയുന്നു. ശബ്ദത്തെപ്പറ്റി അദ്ദേഹം പറയുന്നതാവിത്:—"ശബ്ദം ഓളങ്ങളുളവാക്കിച്ചുകൊണ്ടിരിക്കുന്നു. ഉത്ഭവിച്ച സ്ഥലത്തെ കേന്ദ്രമാക്കികൊണ്ട് നാലുവശങ്ങളിലും ഇളകിപ്പോകുന്ന വലയാകാരമായ തരംഗമായാണ് ശബ്ദം സഞ്ചരിക്കുന്നത്. ശബ്ദം ഉത്ഭവിച്ച ഉടനെ ജനിക്കുന്ന ആദ്യത്തെതോ മദ്ധ്യത്തിലുള്ളതോ ആയ തരംഗങ്ങളല്ല നമ്മുടെ ചെവിയിൽ എത്തുന്നു. ഒടുവിലത്തെ കല്ലോലമായ ആകുന്ന ശബ്ദത്തെ ഗ്രഹിക്കാഞെന്നത്. ഇതിന്റെ പ്രധാനകാരണം ആകാശമെന്നതാണ്." പ്രകാശത്തെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുന്നതിൽ അതിന്റെ ആകർഷണം, രുചി, വാസന, ഇവയെപ്പറ്റിയും ഗുണധർമ്മങ്ങളെല്ലാം കാണുന്നു. ചൂടും പ്രകാശവും ഒരേ പ്രധാനവസ്തുവിന്റെ സാന്നിദ്ധ്യത്തെ കാണിക്കുന്ന രണ്ടു ലക്ഷ്യങ്ങളായിട്ടാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ചലനത്തിന്റെ ആദികാരണം ആകർഷണശക്തിയെന്നതാണെന്നാകുന്നു അദ്ദേഹത്തിന്റെയും പക്ഷം. പ്രതിബന്ധങ്ങളായ കാരണങ്ങളെ പ്രത്യേകം ചിന്തിക്കേണ്ടതാണത്രേ. യവനന്മാരുടെയും ഭാരതീയന്മാരുടെയും സിദ്ധാന്തങ്ങളിൽ പരസ്പരസാദൃശ്യമുള്ളവ വളരെയുണ്ട്. അതിനാൽ ഭാര

തീയന്മാരുടെ ആശ്രയം, യവനന്മാരുടെ ശാസ്ത്രമാഹാത്മ്യത്താൽ വശീകൃതന്മാരായിരുന്നുവെന്നു ചിലർ വാദിക്കുന്നു. പരക്കെ ഭാരതീയസിദ്ധന്മാരുടെ പാരസീകന്മാരിലും, അവിടുന്നു യവനരാജ്യത്തിലും പ്രചരിക്കാൻ മാറ്റുന്മാരായിരുന്നുവെന്നുള്ളതിലേക്കു ചരിത്രസമ്മതമായ ലക്ഷ്യമുണ്ടല്ലോ.

പ്രാചീനഭാരതത്തിൽ ഉപയുക്തങ്ങളായ സാഹിത്യകലകളും ശാസ്ത്രങ്ങളും ഉയർന്നജാതിക്കാരും,ശില്പകർമ്മാദി താഴ്ന്നജാതിക്കാരും അഭ്യസിച്ചുപ്രയോഗിച്ചുപോന്നു.

ചിറയിൻകീഴ് പി. ഗോവിന്ദപ്പിള്ള.

പൌരാണികന്മാരുടെ ഒരു വിവാഹവിധി

അല്ലെങ്കിൽ

അർക്കവിവാഹം

ആൎയ്യന്മാരുടെ ഇടയിൽ നടപ്പുള്ള ധാൎമ്മികങ്ങളായ എല്ലാ ആചാരങ്ങളുടെയും മൂലപ്രമാണം വേദമാണല്ലോ. എന്നാൽ അനന്തരകാലത്തെ പ്രാമാണികന്മാർ വേദവിധിതങ്ങളായ കൎമ്മങ്ങളിൽ കാലാനുസൃതമായി ചില മാറ്റങ്ങൾ ചെയ്തിട്ടുള്ളതായിക്കാണാം. ആ മാറ്റങ്ങളിൽ ചിലതു സമുദായത്തിനു ഗുണത്തെയും ചിലതു ദോഷത്തെയും ഉണ്ടാക്കുന്നതു സാധാരണയാകുന്നു. ഗുണാവഹങ്ങളായ മാറ്റങ്ങളെ വിദ്വാന്മാർ ആദരിക്കുന്നതുപോലെ ദോഷകരങ്ങളായ ഏൎപ്പാടുകളെ വിരോധിക്കുന്നതും സാധാരണയാണ്. ആ ആദരണത്തിന്റേയും ഖണ്ഡനത്തിന്റേയും പരിണാമം ഓരോരുത്തരുടേയും സാമൎത്ഥ്യത്തെ ആശ്രയിച്ചിരിക്കും. അതിനാൽ ചില മാറ്റങ്ങൾക്ക് അനന്തരകാലത്തു പ്രാമാണ്യം സിദ്ധിക്കുകയും ചിലതു പ്രബലപ്പെടാതെ പോകയും ചെയ്തിട്ടുണ്ട്. അങ്ങിനെ വൈദികവിധികളിൽ മാററം വരുത്താനായി അൎവ്വാചീനന്മാർ ഏതെല്ലാം വിധത്തിൽ പരിശ്രമിച്ചിട്ടുണ്ടെന്നറിയുന്നതു ഇപ്പോഴുള്ളവൎക്കു രസാവഹമായിരിക്കുമല്ലോ.

വൈദികകാലത്തെ ചരിത്രത്തിൽ നിന്ന്, ആ കാലങ്ങളിൽ ബഹുവിവാഹസമ്പ്രദായം ധാരാളം നടപ്പുണ്ടായിരുന്നുവെന്നുകാണാവുന്നതാണ്. ആ

പണ്ഡിതന്മാർ പരസ്പരം പക്ഷപാതികളായി എങ്ങിനെയെല്ലാംവിധ്യകളെ പ്രയോഗി ച്ചുകൊണ്ടുവന്നു എന്നു ഭാഗങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഈ ഭാഗത്തിലെ ആ മന്ത്രഭാഗത്തെ ആധാരപ്പെടുത്തി കല്പസൂത്രത്തിൽ പല വിധികളെ വിധിച്ചിട്ടുണ്ട്. എന്നാൽ അതിന്നുപിൻകാലത്തുള്ളവരുടെ ദൃഷ്ടിയിൽ ബഹുവിവാഹസമ്പ്രദായം ഒരു നല്ല ആചാരമായിത്തോന്നിയില്ല—"ഭാര മാരധികമായാൽ [illegible] വളർത്തിയാൽ കുറെ മാറാവുന്നതാണല്ലോ" എന്നുപറഞ്ഞതു പോലെ ഭാര്യമാർ കിടന്നു കഷ്ടപ്പെടുന്നതും, ഭാര്യമാർ തമ്മിൽ അടിപിടി കൂടുന്നതും ലോകത്തിന്നു അനർത്ഥപ്രദമാണെന്നു അവർ വിചാരിച്ചു. അതിനാൽ ആ ബഹുവിവാഹസമ്പ്രദായത്തെ ഉന്മൂലനം ചെയ്യാനായി അവർ ഒട്ടേറെ പ്രയത്നപ്പെട്ടിരിക്കാം. പക്ഷേ ചിരകാലമായി നടന്നുവന്നിരുന്ന ആ സമ്പ്രദായത്തെ പൊട്ടിച്ചെറിയുവാൻ അവർക്ക് സാധിച്ചില്ല. അതിനാൽ അവരുടെ പരിശ്രമം ഫലപ്പെടുകയും ചെയ്തില്ല. നിവൃത്തിയില്ലെന്നുകണ്ടപ്പോൾ ഒരു പുരുഷന്ന് രണ്ടുവിവാഹം ചെയ്യുന്നതിന്ന വിരോധമില്ലെന്നും, എന്നാൽ മൂന്നാമത്തെ വിവാഹം നിഷിദ്ധമാണെന്നും അവർ നിശ്ചയിച്ചു. താഴെകാണിക്കുന്ന കശ്യപന്റെ വചനത്തിൽനിന്നു ഈ വാസ്തവം വ്യക്തമാകുന്നതാണ്:—

"ഉദ്വാഹത്രിതയം [illegible] തൃതീയാം നകദാചന
മോഹാദജ്ഞാനതോ വാപി യദി ഗച്ഛേത്തു മാനവഃ
നശ്യത്യേവ ന സന്ദേഹോ ഗർഗ്ഗസ്യ വചനം യഥാ"

മൂന്നാമത്തെ വിവാഹത്തിന്റെ ഫലം വൈധവ്യമാണെന്നു വേറെ ചില വചനങ്ങളിലും കാണുന്നുണ്ട്.

ഇക്കാണിച്ച നിയമം അധികം കാലത്തേക്ക് നിലനിന്നില്ല. ബഹുവിവാഹസമ്പ്രദായം വേണമെന്നുള്ള പക്ഷക്കാരും വെറുതെയിരുന്നില്ല. മൂന്നാമത്തെ വിവാഹത്തെയല്ലാതെ നാലാമത്തെ മുതലായവയെ നിഷേധിച്ചിട്ടില്ലല്ലോ. അതിനാൽ വല്ലതും വഴിയുണ്ടാക്കാമെന്ന് അവർ ആലോചിച്ചു. വാസ്തവത്തിൽ മൂന്നാമത്തേതായിച്ചെയ്യുന്ന വിവാഹത്തെ നാലാമത്തേതാണെന്നു സ്ഥാപിക്കുവാൻ അവർ ഒരു വിദ്യ കണ്ടുപിടിച്ചു. അത്ഭുതമായ ആ വിദ്യയെയാണു "അർക്കവിവാഹം" എന്നു പറയുന്നതു.

ശാസ്ത്രകാരന്മാരുടെ വചനത്തിൽ "യദി ഗച്ഛേത്തു മാനവഃ" എന്നാണല്ലോ കാണുന്നത്. അതിനാൽ മനുഷ്യനല്ലാത്ത കന്യകയെ വിവാഹംചെയ്യുന്നതിന്നു വിരോധമില്ല. അങ്ങിനെ ചെയ്യുന്നതുകൊണ്ടു

ശാസ്ത്രത്തിന്റെ വിരുദ്ധമാവുന്നതല്ല. ഈ സ്ഥിതിക്കു, മൂന്നാമത്തെ വിവാഹം ചെയ്വാനാഗ്രഹിക്കുന്ന പുരുഷൻ ആദ്യം ഒരു അൎക്കവൃക്ഷത്തെ (എരുക്ക്) വരിക്കുകയാണ് ചെയ്ക. അനന്തരം മനുഷ്യകന്യകയെ വിവാഹം ചെയ്താൽ മതി. എന്നാൽ മൂന്നാംവിവാഹം അൎക്കകന്യകയെക്കൊണ്ടു കഴിക്കുകയും, മനുഷ്യകന്യകയെ പരിഗ്രഹിക്കുന്നതു നാലാമത്തേതായിട്ടു കണക്കാക്കുകയും ചെയ്യും. ഇതാണു ബഹുവിവാഹപക്ഷപാതികളുടെ വിധി. ഈ നിയമത്തെ നടപ്പിൽകൊണ്ടുവരുവാനായിട്ട് അവർ അൎക്കവിവാഹത്തിനുള്ള ചടങ്ങുകളെ നിശ്ചയിച്ചു. ആ സമ്പ്രദായം വായനക്കാൎക്കു സന്തോഷപ്രദമായിരിക്കുമെന്നുകരുതി അതിനെ ചുരുക്കത്തിൽ താഴെചേൎക്കുന്നു.

ശനിയാഴ്ചയോ ഞായറാഴ്ചയോ അല്ലെങ്കിൽ മറ്റേതു ശുഭദിവസമോ പൂൎവ്വാഹ്നത്തിൽ കിഴക്കോട്ടോ വടക്കോട്ടോ ഉള്ള പൂവും കായും നിറഞ്ഞു നില്ക്കുന്ന അൎക്കവൃക്ഷത്തിന്റെ ചുവട്ടിൽ ശുദ്ധി വരുത്തി, പീഠം കല്പിച്ചു പട്ടുടുത്തു സ്നാനവും കഴിച്ചും ശുചിയായിട്ടു സൂൎയ്യനെ പ്രാൎത്ഥിക്കുക. പ്രാൎത്ഥനാവചനം ഇങ്ങിനെയാകുന്നു:—

"ത്രിലോകവാസിൻ സപ്താശ്വ! ഛായയാ സഹിതോ രവേ
തൃതീയോദ്വാഹജം ദോഷം നിവാരയ സുഖം കുരു".

അനന്തരം ആ അൎക്കവൃക്ഷത്തിന്മേൽ ഛായാസഹിതനായി സൂൎയ്യഭഗവാൻ വന്നിരിക്കുന്നുവെന്നു സങ്കല്പിച്ചു, ഗന്ധമാല്യവസ്ത്രാദികളുപയോഗിച്ചു മന്ത്രങ്ങളോടുകൂടി അതിനെ പൂജിക്കണം. നിവേദ്യമായി ഗുളോദനം ഉണ്ടാക്കണം. പൂജാവസാനത്തിൽ ആദ്യം വെള്ളവസ്ത്രംകൊണ്ടും പിന്നെ നൂലുകൊണ്ടും അൎക്കവൃക്ഷത്തിനെ ചുറ്റുകയും വേണം. ഒടുവിൽ ഏഴ് പ്രദക്ഷിണംവെച്ച് താഴെചേൎക്കുന്ന മന്ത്രം ജപിക്കുകയും വേണം:—

"മത്പ്രീതികരാ ദേവ! മയാ സൃഷ്ടാ പുരാതനീ
അൎക്കജാ ബ്രഹ്മണാ സൃഷ്ടാ അസ്മാകം പരിരക്ഷതു".

ഈ മന്ത്രം ജപിച്ചുകഴിഞ്ഞാൽ പിന്നെ വേറെ മന്ത്രംചൊല്ലി പ്രദക്ഷിണം വെക്കണം. മന്ത്രം:—

"നമസ്തേ മംഗളേ ദേവി! നമഃ സവിതുരാത്മജേ
ത്രാഹി മാം കൃപയാ ദേവി! പത്നീത്വം മേ ഇഹാഗതാ
അൎക്ക! ത്വം ബ്രഹ്മണാ സൃഷ്ടഃ സൎവ്വപ്രാണിഹിതായ ച
വൃക്ഷാണാമാദിഭൂതസ്ത്വം ദേവാനാം പ്രീതിവൎദ്ധനഃ
തൃതീയോദ്വാഹജം പാപം മൃത്യും ചാശു വിനാശയ"

അനന്തരം ആചാൎയ്യനായി വരിക്കപ്പെട്ട ആൾക്കു ഗന്ധമാല്യാദികളും

പ്പിച്ചു വരുന്ന് ഒരു അരയാൽകന്യകയെ കൊടുക്കണം. കന്യാദാനാവസരത്തിൽ വധൂവരന്മാരുടെ പിതൃപിതാമഹാദികളെ ചൊല്ലുന്നതു ആവശ്യമാകുന്നു. ആൽകന്യകയുടെ ഗോത്രം കശ്യപഗോത്രമാണ്; പ്രപിതാമഹൻ വിഷ്ണുവാകുന്നു; പിതാമഹൻ സവിതാവുമാകുന്നു; പിതാവ് ആചാര്യൻതന്നെയാണെന്നു പറഞ്ഞിട്ടുണ്ടല്ലോ.

കന്യാദാനമന്ത്രം ഇതാകുന്നു:—

“ആൽകന്യാമിമാം വിപ്ര! യഥാശക്തി വിഭൂഷിതാം
ഗോത്രായ ശർമ്മണേ തുഭ്യം ദത്താം വിപ്ര! സമാശ്രയ.”

നാന്ദീശ്രാദ്ധം, ഹോമം മുതലായ ക്രിയാംശങ്ങൾ ആൽവിവാഹത്തിലും ഉണ്ട്.

പഞ്ചഗവ്യംകൊണ്ടു ആൽവൃക്ഷത്തിന്മേൽ പ്രോക്ഷണം ചെയ്യണമെന്നു പറഞ്ഞിട്ടുണ്ടല്ലോ. ഒരു സ്വർണ്ണസൂത്രം അരയായി കെട്ടി കന്യാദാനത്തിനു ശേഷം ഒരു വസ്ത്രംകൊണ്ടു ചുറ്റിക്കൊണ്ടു കഴുത്തിന്മേൽ മാലയായി ധരിക്കണം. ഒരു സ്വർണ്ണസൂത്രത്തിന്മേൽ മംഗല്യം പിന്നെയും അരയ്ക്കുമേൽക്കൂടി ചുമലിലും ധരിക്കണം.

ഇത്രയും ക്രിയകൾ കഴിഞ്ഞാൽ കിഴക്കുഭാഗത്തു വിട്ടുനിന്നിട്ടും ഓരോ കഴിഞ്ഞ കുടങ്ങൾ വെച്ചു അവയിലെല്ലാം ഓരോ ദണ്ഡവും പൂവും പൂരിപ്പിച്ച ചന്ദനവെള്ളം ഒഴിച്ചും നിറച്ചു വൃക്ഷത്തിന്റെ ചുവട്ടിൽ പകരണം. ഒടുവിൽ വരൻ താഴെ എഴുതുന്ന ശ്ലോകം ചൊല്ലി ക്ഷമായാചനം ചെയ്യേണ്ടതുമാണ്. ശ്ലോകം:—

“മയാ കൃതമിദം കർമ്മ സമാപ്തം ഭാഗ്യതോഷിണാ
അശ്വത്ഥ്യാന്തേ മേ ഭവതി തദസ്തു ക്ഷന്തുമർഹസി.”

ഈ ക്ഷമായാചനത്തോടുകൂടി ക്രിയകളെല്ലാം അവസാനിച്ചു.

മേൽ കാണിച്ച ആൽവിവാഹത്തിന്റെ ആശയവും സമ്പ്രദായവും എത്രയും വിചിത്രമാണെന്ന് ഇപ്പോൾ വായനക്കാർക്കു തോന്നുമല്ലോ. ഇപ്പോൾ ഈ ആൽവിവാഹം ഈ രീതിയിൽ നടപ്പുള്ളതായിട്ടറിയുന്നില്ല. എന്നാൽ സ്വകാര്യത്തിൽ “കരണം” എന്ന പേരിൽ നടപ്പുള്ള വിവാഹബന്ധവിച്ഛേദനത്തിൽ ചെയ്യപ്പെടുന്ന ചെറിയൊരു കൃത്രിമവിവാഹക്രിയയുടെ മൂലം ഇതാണെന്നു തോന്നുന്നു.

ബഹുവിവാഹസമ്പ്രദായം നിർത്തൽചെയ്യാനായി ശ്രമിച്ച വിദ്വാന്മാരുടെ പൂർവികന്മാരും പൗരാണികന്മാരുടെ കയ്യിലായിരുന്നല്ലോ കാര്യം നിലനിന്നത്. അതിനാൽ അവരുടെ പിൽക്കാലത്തുള്ളവർ

ഇഷ്ടംപോലെ വളരെ വിവാഹം ചെയ്യുന്നതിനുള്ള അധികാരം ശാസ്ത്ര കാരന്മാരിൽനിന്നു സമ്പാദിച്ചു.

ഇപ്പോഴും കേരളബ്രാഹ്മണന്മാരുടെ ഇടയിൽ ബഹുവിവാഹസമ്പ്രദായം ധാരാളം നടപ്പുണ്ട്. എന്നാൽ ഭാൎയ്യമാർ ജീവിച്ചിരിക്കുമ്പോഴും പിന്നെ വിവാഹം ചെയ്യാറില്ലെന്ന ഒരു നടപ്പും അവരുടെ ഇടയിലുണ്ട്. എങ്കിലും യമരാജന്റെ സഹായമുള്ള പക്ഷം ഒരു പുരുഷന്നു വളരെ വളരെ വിവാഹംകഴിപ്പാൻ തരക്കേടില്ല. കേരളബ്രാഹ്മണരിൽ ജ്യേഷ്ഠന്മാരു മാത്രമേ വിവാഹം ചെയ്യുമാറുള്ളു എന്നുള്ള പതിവു ഈ സമ്പ്രദായത്തെ ഉച്ഛൃംഖലമായി ഉപയോഗിക്കുവാൻ സഹായിക്കുന്നുണ്ടു. പിന്നെ, ഇക്കാലത്തു പുത്രന്മാരെക്കാളധികം പുത്രിമാർ ജനിക്കുന്നതുകൊണ്ടു ഒരു പരിധിവരെ കേരളബ്രാഹ്മണർ ബഹുവിവാഹസമ്പ്രദായത്തെ ഒരനുഗ്രഹമായിക്കരുതുന്നുമുണ്ട്. പൌരാണികന്മാരിൽനിന്നു കിട്ടിയുള്ള അക്ഷവിവാഹമെന്ന പ്രത്യുത്തരത്തെ ഒട്ടും പ്രയോഗിക്കാറില്ല.

മഠവശികൻ കൊരട്ടി കിരാതശേഖരൻനമ്പൂതിരി.

പലവക

ശുക്രനക്ഷത്രത്തിൽ ഒരു തേട്ടകം ഉണ്ടെന്നു ഒരു വിദ്വാൻ കണ്ടുപിടിച്ചിരിക്കുന്നു.

* * * * *

തെറ്റിപ്പോകാത്ത അച്ചടിക്കാവുന്ന ഒരു അച്ചടിയന്ത്രം ഒരാൾ കണ്ടുപിടിച്ചിരിക്കുന്നതായി അറിയുന്നു.

* * * * *

കഴിഞ്ഞ വൃശ്ചികം ൧൩-ാം ൧൪-ാം നു-കളിൽ കോഴിക്കോട്ടുവെച്ചു നമ്പൂതിരിയോഗക്ഷേമസഭയുടെ ഒരു യോഗം നടന്നിരിക്കുന്നു.

* * * * *

“ചന്ദ്രശേഖരൻ” എന്ന നോവൽഗ്രന്ഥം ഞങ്ങളുടെ അഭിപ്രായ

ത്തിന്നു വന്നിട്ടുള്ള സംസർഗ്ഗം കുറ്റമായിരിക്കുന്നു. അഭിപ്രായം വഴിയെ.

* * * * *

വരുന്ന മെയിമാസം ഉദിക്കുന്ന “ഹാലിസ് കാമറ്” എന്നു പറയപ്പെടുന്ന ധൂമകേതുവിന്റെ വാലുകൊണ്ടു ഭൂമി മായുവാനിടയുണ്ടെന്നു ഫ്രാൻസിലെ ഒരു വലിയ ഗണിതക്കാരൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

* * * * *

അമേരിക്കയിലെ മെക്സിക്കൊ എന്ന സ്ഥലത്തുനിന്നും മറ്റും പുതുതായി കിട്ടീട്ടുള്ള ചില പ്രാചീനശിലാലേഖങ്ങളിൽനിന്നു, ഒരു കാലത്തു അമേരിക്കയിൽ വൈദികമതം പ്രചരിച്ചിരുന്നുവെന്നു തെളിഞ്ഞിരിക്കുന്നുവത്രെ.

* * * * *

ലോകത്തിൽ എല്ലാംകൂടി മൂന്നൂറു ഭാഷകളുണ്ടെന്നു “ബൊറൂബി” എന്നാൾ കണക്കാക്കിയിരിക്കുന്നു. ഇവയിൽ ൫൭ യൂറോപ്പുരാജ്യത്തിലും, ൨൭൬ ആഫ്രിക്കയിലും, ൧൨൩ ഏഷ്യയിലും, ൧൧൭ ഓഷ്യാനയിലും, ൪൨൨ അമേരിക്കയിലും സംസാരിക്കപ്പെടുന്നുണ്ടത്രെ.

* * * * *

വിവേകാനന്ദസ്വാമികളുടെയും ശിഷ്യന്മാരുടെയും പരിശ്രമത്താൽ ഇപ്പോൾ അമേരിക്കയിലെ സാൻഫ്രാൻസിസ്കൊ കാലിഫോർണിയ എന്ന സ്ഥലത്തു ഒരു ഹിന്ദുക്ഷേത്രം നിർമ്മിച്ചിട്ടുണ്ടെന്നും, അതിൽ അനേകം അമേരിക്കൻ ഭക്തന്മാർ പ്രതിദിനം പോകുന്നുണ്ടെന്നും കാണുന്നു.

* * * * *

ലോകത്തിൽ ഇപ്പോഴുള്ള പത്രങ്ങളിൽ ഏറ്റവും പഴക്കംചെന്നിട്ടുള്ളതു, ചൈനാരാജ്യത്തു പെക്കിൻപട്ടണത്തിൽനിന്നു പ്രസിദ്ധപ്പെടുത്തിവരുന്ന “കിങ്പാൻ” എന്ന ലോകപ്രസിദ്ധമായ പത്രമാകുന്നു. ഇതു ഇപ്പോൾ പ്രതിദിനം മൂന്നുപ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്നുണ്ടത്രെ. ഇതിന്നു ഇപ്പോൾ ആയിരത്തോളം വയസ്സാകുന്നു.

* * * * *

ബൊംബായിലെ ജുഗനാട്ട് എന്ന ഗ്രാമത്തിലുള്ള ഡാക്ടർ കെ. ലെസ്ലീമോസ് എന്ന മഹാൻ്റെ സ്ഥി രി പി രീ മ വ ക ന്ന തിൽ വിശേഷഗുണമില്ലുന്നു; മുന്നൂറോളം പെണ്ണുങ്ങൾ പ്രത്യേകിച്ചു കുട്ടികളും അത് അപായ

കളുമാണെന്നുമാകും സപ്രമാണമായി കാണിച്ചു് ഈ ദോഷങ്ങളെ അതിൽ നിന്നൊഴിവാക്കേണമെന്നു് ഇന്ത്യാഗവർമ്മെണ്ടിലേക്കു് ഒരു ഹർജി അയച്ചിരിക്കുന്നു.

* * * * *

ശേഖരമംഗലം അച്യുതക്കുറുപ്പ് (കോലാണ്ണൂർ) മാതാക്കൾ തങ്ങളുടെ അഭിപ്രായത്തിന്നായി അയച്ചുതന്നിട്ടുള്ള "ഗുരുവായൂരപ്പന്റെ കഥ" എന്ന കവിതാപുസ്തകം ഞങ്ങൾ വായിച്ചുനോക്കി. ഗുരുവായൂർ ക്ഷേത്രത്തെപ്പറ്റിയ ഐതിഹ്യത്തെ അടിസ്ഥാനപ്പെടുത്തി ബ്രഹ്മശ്രീ തട്ടയാട്ടു മഹൻനമ്പൂതിരി അവർകൾ എഴുതിയ പ്രസ്തുതപുസ്തകം ഒരു കൊച്ചു പുസ്തകമായിട്ടുണ്ടു്. ഇതിൽ ഗുരുവായൂരപ്പന്റെ കടാക്ഷത്തെ സ്തുതി രൂപേണ പ്രകടിപ്പിച്ചിട്ടുണ്ടു്. മഹൻനമ്പൂതിരി അവർകളുടെ കവിതാരസം അറിയണമെന്നാഗ്രഹിക്കുന്നവർ ഈ പുസ്തകം വാങ്ങിവായിക്കേണ്ടതാണു്. വില ൨ അണ മാത്രമേ ഉള്ളൂ.

* * * * *

ജാപ്പാൻരാജ്യത്തിന്റെ ഉൽകർഷത്തെപ്പറ്റി ഇപ്പോൾ എല്ലാവരും പ്രശംസിക്കാറുണ്ടല്ലൊ. ഈ ഉൽകർഷത്തിന്നുള്ള കാരണത്തെ സംബന്ധിച്ചു ജാപ്പാനിലെ മന്ത്രിയായിരുന്ന ഒരു ...ൻ ഇങ്ങിനെ പ്രസ്താവിച്ചിരിക്കുന്നു:—"ജാപ്പാൻകാർ പണ്ടു്, അവരുടെ രാജ്യത്തിലുള്ള വസ്തുക്കളെല്ലാം ഉത്തമങ്ങളാണെന്നും അന്യരാജ്യത്തിലുള്ളവ മുഴുവൻ നികൃഷ്ടങ്ങളും സ്വീകാരാനർഹങ്ങളുമാണെന്നും വിചാരിച്ചിരുന്നു. ഈ മിഥ്യാഭിമാനം ഉണ്ടായിരുന്ന കാലം മുഴുവൻ വലിയ കാര്യങ്ങളൊന്നും സാധിക്കുവാൻ അവരെക്കൊണ്ടു കഴിഞ്ഞില്ല. പിന്നെ ഈ അഭിമാനം അകാരണമാണെന്നു് അവർ ധരിക്കുകയും, അതുമുതൽക്കു അന്യരാജ്യക്കാരിൽനിന്നു് ഉൽകൃഷ്ടങ്ങളായ കാര്യങ്ങളെ സ്വീകരിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ഇതാകുന്നു ജാപ്പാന്റെ അഭിവൃദ്ധിക്കുള്ള കാരണം." ഈ അഭിപ്രായം എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണു്.

* * * * *

അമേരിക്കയിലെ ചില വിദ്വാന്മാർ സസ്യശാസ്ത്രസംബന്ധമായി അനേകം അത്ഭുതവിദ്യകളെ പ്രയോഗിക്കുന്നുണ്ടു്. ലൂതർ ബർബാങ്ക് എന്ന വിദ്വാൻ അവരിൽ അഗ്രേസരനാണു്. അമേരിക്കയിലെ മരുഭൂമികളിൽ ഇലയും തണ്ടും മുഴുവൻ മുള്ളുകൊണ്ടു നിറഞ്ഞിട്ടുള്ള ഒരുമാതിരി ക

ളെഴ്: അതിന്റെ "കാക്ടസ്സ്" എന്ന പ്രാരംഭവരണം. മനുഷ്യരെകൊണ്ടു
ള്ളാണല്ലോകഴിച്ചു വരുന്നതു ആ വൃക്ഷത്തെ ഒന്നിനും ഉപയോഗിച്ചിരു
ന്നില്ല. ആ മരത്തെ ഉപയോഗയോഗ്യമാക്കുവാൻ ലൂതർ ബർബാങ്ക്
പലതുംകൊണ്ടും പരിശ്രമിച്ചു. ഈ പരിശ്രമംകൊണ്ടു "കാക്ടസ്സി"ന്റെ
ഇലകൾക്കും കായകൾക്കും നല്ല മധുരരസവും പോഷണശക്തിയും ഉണ്ടാ
കുവാൻ ആ വിദ്വാനു സാധിച്ചുവല്ലോ! ഇതിനുപുറമെ "പ്ലാക്കസി"
എന്ന മരത്തിന്റെ കുരുക്കളെയും ആ മഹാൻ നശിപ്പിച്ചിട്ടുണ്ടു്. വാസ
നയില്ലാത്ത പൂക്കൾക്കു സൌരഭ്യം വരുത്തുക, കയ്പുള്ള പഴങ്ങളെ
മധുരിക്കുക മുതലായി വേറെയും അനേകം വിദ്യകളെ ആ മഹാൻ ചെ
യ്തിട്ടുണ്ടല്ലോ! * * * *

പഞ്ചഗ്രാമാഷ്ടകം

അ—സ്തിനാസ്തി മതിപ്രസ്തുത [illegible] സംശ്ലാ-
ദി [illegible] പ്രതിമാ [illegible] സംസാരഭയാ [illegible] ! പ്രണതാഭ്യ-
ന്തര [illegible] പഞ്ചഗ്രാമനിവാ-
സിനോ ഭഗവതേ കൃഷ്ണായ തസ്മൈ നമഃ ॥ ൧ ॥ കട-

ഭി—ന്ന്യ [illegible] -
ത് [illegible] ! [illegible] -
[illegible] പഞ്ചഗ്രാമനിവാസിനേ
ഭഗവതേ കൃഷ്ണായ തസ്മൈ നമഃ ॥ ൨ ॥ ഇന്ദ-

ഭി—[illegible]
[illegible] -
[illegible] പഞ്ചഗ്രാമനിവാസിനേ
ഭഗവതേ കൃഷ്ണായ തസ്മൈ നമഃ ॥ ൩ ॥ [illegible]

ഇ—[illegible] വി-
[illegible] ! [illegible] -
[illegible] പഞ്ചഗ്രാമനിവാസിനേ ഭഗവതേ
കൃഷ്ണായ തസ്മൈ നമഃ ॥ ൪ ॥ [illegible]

വ—ശീയമാനസമഹം കാമാഗ്നിദഹനശേ ദ്രവണേഷ്ഠസ്സു ശ്രുവമന്യഥേതി
പശ്ചാത്പരിത്യക്തനാനി യെൻ ബന്ധുജനം കാരുണ്യ കൃപാർദ്രകാ-
പാപുത്രമാൻ ദൈവജ്ഞശേഖരം മൂർദ്ധ് പഞ്ചഗ്രാമനിവാസിനേ
ഭഗവതേ കൃഷ്ണായ തസ്മൈ നമഃ ॥ ൫ ॥ യം നിദ്രയാസ-

സി—ന്ധുമദ്ധ്യ ഗുണിജനോ ബന്ധുമുദ്ദിശ്യ ദൈവതം തം മൂഢമാധവ സോപ-
ദ്ധ്യേമണ്ഡലേ കാൾ ബന്ധനസ്യാ । ഇത്യസ്തുതമേ വല്ലവ-
യോഷിതാണ ഭക്തയോഗിനാ യഃ പഞ്ചഗ്രാമനിവാസിനേ ഭഗ-
വതേ കൃഷ്ണായ തസ്മൈ നമഃ ॥ ൬ ॥ ഭുജംഗം ഭജേ സ-

ശ്രീ—ദേവം ഗുണം ബാലം മധ്യം പദം യഃ പ്രാപ്നോതി ഗൃഹ-
ശോഭിതം ന കദാപ്യൻന്യത്ര തം പ്രാണിനാ । ഇത്യാചഷ്ട വിശേഷ-
ശോഭിനി ഇണാവതി ഗുണം ബോ ലഗ്ന പഞ്ചഗ്രാമനിവാസി-
നേ ഭഗവതേ കൃഷ്ണായ തസ്മൈ നമഃ ॥ ൭ ॥ ഭക്ത്യാ സമീപം ക-

ഭു—ജംഗമണ്ഡലം ശ്രുത്വാ ചേതസാ യം ധ്യായന്തി സർവ്വജനാ-
സ്സുകൃതിനസ്സർവ്വാത്മകം നാശയൻ । യഃ കാരുണ്യപരായണാ-
ഭോഗ്യ വിശ്വാത്മനാമസാനും പദം പഞ്ചഗ്രാമനിവാസിനേ
ഭഗവതേ കൃഷ്ണായ തസ്മൈ നമഃ ॥ ൮ ॥

അംബില്പുഴയിൽ വസിച്ചീടും ശൌരി തൻ പാദപങ്കജം
സംഭാവിച്ചു പവിത്രപത്മകളിതം നിത്യം ജപിച്ചീടുകിൽ
തമ്പിരാനുകളെ മഹാരഥികളാം സർവ്വജ്ഞന്മാർ സിദ്ധമാം
കിഞ്ചിൽ സംശയമില്ല മോക്ഷവുമവന്നന്തേ ലഭിക്കും ദൃഢം ॥

കേരളവർമ്മ സി. എസ്. ഐ.
വലിയ കോയിത്തമ്പുരാൻ.

സംസ്കൃതകലാശാല

പ്രാസ്താവി മഹാരാജശിരോമണിപ്രസ്ഥസ്യ ഇതിയസ്യാം സഭായാം
മംഗളീയതാം സംസ്കൃതവിദ്യാഭ്യാസമധികൃത്യ കിമപി। തസ്യാമഹം ഒരു
വിസ്തൃതം സ്യാൽ പ്രിയപാഠകന്മാരോടെന്തിനു। പരന്തുപരമവർത്ഥി

ഗണനാതീതാനാം കേരളീയാനാം, വിശിഷ്യ വിപ്രജാതീയാനാമുദരപോഷണ കർമ്മാദാസീന്നാന്യസ്മിന്നപി കസ്മിംശ്ചിദിതി യഥാർത്ഥം വിജ്ഞാതമസ്മാഭിഃ । ഉദ്യോഗകർമ്മസു പുനഃ വിദ്യാഭ്യാസവിഷയേ നിശ്ചയാനന്തരമിതി ന ന്യൂനാനാമാത്മനാ പ്രയത്നം മന്യാമഹേ । ഹന്ത കിയത്കാലം വയമന്യതമമാവശ്യകമാസ്തേ വിദ്യാമിഃ ? । സാമ്പ്രതികീം ലോകഗതിമവലോകയതഃ കസ്യ നാമ പുംസഃ കേരളീയാനാം ശോചനീയേയമവസ്ഥാ നാന്തരേ സ്ഫുരതു ? । സന്ത്യപി കില സാമ്പ്രതമസ്മദേശീയാഃ കാമമനേ കോപാധിക്ഷേപനായകമിതി വയമാത്മാനമേവ പശ്യാമഃ । വിദ്യാഭ്യാസോ ഹി ജീവിതം ലോകയാത്രായാഃ । യാവന്ന വിനാ വിദ്യാം മനുഷ്യാ വനാന്യ സമർത്ഥ്യാർഹാഃ ഗുണഗണാദുത്കർഷമാസാദയന്തി । വിദ്യാപി യഥോചിതമുപാദേയാ ലോകോപകാരിത്വാദപി കില സമ്പാദനീയാ । കേരളീയാ ഭിജാനാം ത്രിംശത്കോടിദിവസമധ്യമിച്ഛാദിനി ദശാ ബഹൂൻ പ്രസ്തുതമേവാസ്യാമിഃ । അന്യോപാന്തപുസ്തകാനി വർണ്ണിതമിവ വിഷയേ ഭവതി വിദ്വാംസോപി ന പാരയാമോ ഉദാനതാദ്യാരംഭേണ ।

ആദ്യാനാം ചിരന്തനാനാം വിജ്ഞാനസമ്പന്നാനാം ഗീർവ്വാണഭാഷയാ ഏവ നിബദ്ധാന്യാസൻ । ധർമ്മാർത്ഥകാമമോക്ഷസാധകാനി ശ്രുതിസ്മൃതിവചനാനി സംസ്കൃതഭാഷയാ ഏവ ജാതാനി ? । ആയുർവ്വേദജ്യോതിഷാദിശാസ്ത്രാണി ശാസ്ത്രാന്തരാണി സംസ്കൃതസമ്പന്നത്വേന സംരക്ഷിതാനി പുരാതനൈഃ । ഭൂയോ മൗലികഗ്രന്ഥാശ്ചാപി സംസ്കൃതഗ്രന്ഥമധ്യേ നിഗൂഢിതാന്യാസൻ । ഷഡ്ദർശനാന്യപി നാസ്ത്യന്യഭാഷായാമപി ഗതാനി । ഏവമാലോച്യമാനേ സംസ്കൃതഭാഷാ പ്രാചീനവിജ്ഞാനഭണ്ഡാരായമാണേതി കഥമധിഗമ്യതേ ।

അസ്യാഃ പുനരധുനാതനീയമനാദരവിഷയതാം കോ നാമ സഹൃദയോ കാലാനുസാരേണ നവീനവിജ്ഞാനസമ്പാദനാപേക്ഷിണീയതാ പാതിത്യമിവ ന ചിരന്തനശാസ്ത്രമാലം ദൂരതഃ പ്രത്യുപകരോതി । ന വാ ഇതഃ പരം സമ്പൂർണ്ണതാം തത്പരതാനാം ജ്യോതിർവ്വിജ്ഞാനമുപേക്ഷ്യ തി । പാശ്ചാത്യവിദ്യാഭ്യാസപാരംഗതാനാമപി ഗീർവ്വാണ്യാമഭിമാനതാ ഭിമതാ ഇതി നൈവ വിദിതം ഭവതാമിദം ।

പരന്തു പ്രാചീനാ സരണ്യാ തദഭ്യാസനാ സാമ്പ്രതികകാലോചിതം മനോവികാസസമ്പാദനം ന പര്യാപ്തമിതി തദേവ സംസ്കൃതാഭിജ്ഞാനാമപി ദൃഷ്ടാന്തമിദം പരിഹാസ്യതാമാവഹതീതി മന്യാമഹേ । കാലേന ഹി പരിവർത്തമാനേന ലോകയാത്രാ പ്രതിക്ഷണം വരിവർത്തമാ

ണാവലോകൃതേ । തൽ കാലോചിതയാ പരിപാട്യാ സംസ്കൃതാധ്യാപനമ ത്യാവശ്യകമിതി വയം സാനന്ദമാശയം ബോധയാമഃ ।

ഇദം പുനരധുനാ സമുചിതം പ്രകാശയാമഃ । യദാ സന്നപ്രായമി വാസ്മാകമത്യുദയകാലമുൽപ്രേക്ഷ ഇവ । പരമഗുരവഃ ശ്രീ ശൃംഗഗിരിമഠാ ധിപതയഃ പവിത്രകീർത്തയഃ ശ്രീശങ്കരാചാര്യപാദാഃ കേരളമനുഗൃഹ്ണ [illegible] സന്നിധാനം । സന്നിഹിതശ്ച കാലടിദേശേ [illegible] നിവർത്തയിഷ്യമാണോ [illegible] । യസ്മിൻ കില ഭഗവതാമാ ദിശങ്കരാചാര്യാണാം ക്ഷേത്രപ്രതിഷ്ഠാപനം ഭവിഷ്യതി । ചിരായ കില പ്രതീക്ഷ്യതേ [illegible] പുണ്യകാലഃ സഹൃദയൈരപി [illegible] തസ്മിംശ്ച പുണ്യദിനേ നാനാദിഗന്തേഭ്യോ [illegible] സന്നി ധാസ്യന്തീതി സുനിശ്ചിതമേവ । [illegible] തസ്മിന്നവസരേ പ്രതി ഷ്ഠാമഹോത്സവസ്യാരംഭതയാ സംസ്കൃതപാഠശാലാസ്ഥാപനമപി നിർണ്ണീയ [illegible] പരമഗുരുഭിരേവ പ്രതിഷ്ഠാപനീയേതി വയമാഗ്ര ഹ്ണീമഃ । [illegible] പരമഗുരുപാദാഃ ।

[illegible] ശങ്കരാചാര്യപാദാഃ കേരളേഷ്വേവ അവതീർണ്ണാ [illegible] കേരളീയാനാം ബഹുമാനഭാജനം [illegible] । [illegible] കില കേരളീയ [illegible] സമുല്ലസതി । യസ്മാത് കില വിദ്യാ [illegible] കില കേരളീയാഃ [illegible] ശങ്കരാചാര്യപാദാഃ [illegible] സമുല്ലസന്തീതി । [illegible] സാമ്പ്രതിക [illegible] ശങ്കരാചാര്യപാദൈഃ കേരളീയാനാം [illegible] വിദ്യാപ്രദായിനീ കാപി [illegible] പ്രതിഷ്ഠാപനീയേതി [illegible] । [illegible] ആചാര്യപാദാഃ സ്വയം നിസ്സീമ [illegible] സമുചിതേന [illegible] വിധാസ്യന്തീതി । സന്നിഹിതേ [illegible] പ്രണമാമഃ । [illegible] ഇതി [illegible] സംപ്രതി [illegible] । [illegible] പ്രത്യേകം [illegible] ।

സ്വദേശി

ശരിയായ സ്വദേശി.

മിതമായ വില.

(വിശേഷമായ ശീമയോടുകളും, ഇഷ്ടികകളും മുതലായ സാമാനങ്ങളും)
ഷൊറണ്ണൂർ [illegible] ഫാക്ടറിയിൽ ആവശ്യംപോലെ

തയ്യാറുണ്ട്

പതിനെട്ടുകൊല്ലമായി നടന്നു വരുന്നതിപ്പോൾ. ഫാക്ടറിയിൽ പുതിയ യന്ത്രങ്ങളും മറ്റും വരുത്തി പരിഷ്കരിക്കപ്പെട്ടു. സാമാനങ്ങളുടെ ഗുണം ഒന്നു നോക്കിയാൽ പ്രത്യക്ഷപ്പെടും. ദേശാഭിമാനമുള്ളവർ തങ്ങൾക്കും നാട്ടിനും ഗുണകരമായ ഈ സ്വദേശകമ്പനിയുടെ ഗുണങ്ങളെ ഒന്നു പരീക്ഷിക്കേണ്ടതാണ്. [illegible] ജീവനില്ലാത്താണ്. [illegible] വരുന്നതാണ്. മണ്ണുകൊണ്ടു പണിയുന്ന സാമാനങ്ങളും ഉണ്ടാക്കികൊടുക്കും. ഓടുകളും, ഇഷ്ടികകളും മുതലായവ ലക്ഷക്കണക്കായി തയ്യാറാക്കികൊടുപ്പാൻ ഒരുങ്ങിയിരിക്കുന്നു. [illegible] ആവശ്യമുള്ളവർ മുൻകൂട്ടി അറിവുതന്നാൽ മതി.

ഇപ്പോൾ തയ്യാറുള്ള സാമാനങ്ങളുടെ

	വിലവിവരം	ക.	ണ.
(1)	1-ാം തരം ഓടു 1000ത്തിന്നു	30.	0.
	2-ാം തരം ടി ടി	25.	0.
	3-ാം തരം ടി ടി	20.	0.
(2)	മുകളോടു ഒന്നാംതരം 1000ത്തിന്നു	100.	0.
	ടി രണ്ടാംതരം ടി	80.	0.
(3)	സീലിങ്ങോട് (ഉള്ളിൽ മേയുന്നതു)		
	ഒന്നാംതരം 1000ത്തിന്നു	35.	0.
	ടി രണ്ടാംതരം ടി	30.	0.
(4)	കാറോട്ട ഒന്നാംതരം നൂറെണ്ണത്തിന്നു	75.	0.
(5)	കണ്ണാടിഓട് ഒന്നാംതരം നൂറെണ്ണത്തിന്നു	100.	0.
(6)	ഒമ്പത് ഇഞ്ച് ചതുരക്കട്ട (ഇഷ്ടിക) നിലത്തു		

Registered No. M. 909

	ചിത്രപ്പണിയുള്ള ഒന്നാന്തരം 1000ത്തിന്ന	30.	0.
	ടി രണ്ടാന്തരം ടി	25.	0.
(7)	ആറ് ഇഞ്ച് ചതുരക്കട്ട ഒന്നാന്തരം ടി	25.	0.
	ടി രണ്ടാന്തരം ടി	22.	8.

പ്രത്യേക അറിയിപ്പ്.

എല്ലാ പ്രധാനസ്ഥലങ്ങളിലും ഉത്സാഹികളായ ഏജണ്ടന്മാരെ ആവശ്യമുണ്ട്. തക്കതായ കമീഷൻ കൊടുക്കും. അധികവിവരം അറിവാനാഗ്രഹമുള്ളവർ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ എഴുതിച്ചോദിക്കേണ്ടതാണ്.

എന്നു്

എ. കെ. ടി. കെ. എം. ഓട്ടുഫാക്ടറി
ഷൊറണ്ണൂർ (തെക്കെമലബാർ)

അവധികഴിയാറായി

ഞങ്ങൾ ഇതിനകം പലതവണയും പ്രസിദ്ധപ്പെടുത്തീട്ടുള്ള പരസ്യത്തെ അനുസരിച്ചു സമ്മാനോപന്യാസം എഴുതിയയക്കേണ്ടതിന്നുള്ള അവധി ഈ മാസം ൩൦-ാംനു അവസാനിക്കുന്നു. ലേഖകന്മാർ അതിന്നു മുമ്പായി അവരവരുടെ ലേഖനങ്ങൾ അയച്ചുതരേണ്ടതാണെന്നു ഇതാ ഒന്നുകൂടി ഓർമ്മപ്പെടുത്തുന്നു. ലേഖനത്തിൽ പ്രധാനമായി പ്രതിപാദിക്കേണ്ട വിഷയം താഴെ ചേർക്കുന്നു — നമ്പൂതിരിസമുദായം അതിന്റെ പരിപൂർണ്ണമായ ഉൽകൃഷ്ടസ്ഥിതിയിൽ ഇരുന്നിട്ടുള്ളത് ഏതുകാലത്താണ്? അതിന്നുള്ള കാരണങ്ങൾ എന്ത്? അതിന്നു അധോഗതി വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ അധോഗതി എപ്പോൾ ആരംഭിച്ചു? അധോഗതിയുടെ കാരണം എന്ത്? മേലിൽ അഭ്യുന്നതിക്കായി ഏതുവിധമെല്ലാം പ്രവർത്തിക്കണം? ഈ അംശങ്ങളെ പ്രമാണങ്ങളോടും യുക്തികളോടും കൂടി പ്രതിപാദിക്കുക.

"മംഗളോദയം" പ്രവർത്തകന്മാർ

മംഗളോദയം

പുസ്തകം ൨. } ൧൦൮൫ മീനമാസം { ലക്കം ൮.

വിഷയങ്ങൾ

മംഗളോദയം അച്ചുകൂടത്തിൽ

അച്ചടിച്ചതു്.

1085

മംഗളോദയം

വരിസംഖ്യ

ഒരുകൊല്ലത്തേക്കു (തപാൽച്ചിലവടക്കം) മുൻകൂർ	ക	൩—൮—൦
ടി. ആറുമാസത്തേക്കു	ക	൨—൩—൦
ഒററ പ്രതിക്കു	ക	൦—൪—൦

പ്രത്യേകപരസ്യം

കഴിഞ്ഞകൊല്ലത്തെ ബാക്കി ഇനിയും തീൎത്തുതന്നിട്ടില്ലാത്ത വരിക്കാർ അവരവർ തരുവാനുള്ള സംഖ്യ ഉടനെ തീൎക്കേണ്ടതാണെന്നും, ഇക്കൊല്ലത്തെ സംഖ്യ മുൻകൂറായി കിട്ടിച്ചുകൊണ്ടിരിക്കേണമെന്നും ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു. ചില വരിക്കാർ ആവശ്യപ്പെട്ടപ്രകാരം മാസിക വി. പി യായി അയച്ചതു മടക്കി അയച്ചുകാണുന്നതിൽ വ്യസനിക്കുന്നു. ആവക വരിക്കാർ ദൂരദിക്കുകളിൽ താമസിക്കുന്നവരാകയാൽ അവരുടെ സംഖ്യക്കായി ഇനി പിരിവുകാരെ അയക്കുന്നതു പ്രയാസമാകകൊണ്ടു അവരുടെ സംഖ്യ വി. പി ചിലവോടുകൂടി മണിയോർഡറായിത്തന്നെ ഒരാഴ്ചക്കകം അയച്ചുകൊള്ളേണ്ടതാണ്. അങ്ങിനെ ചെയ്യാതിരുന്നാൽ ആവക സംഖ്യകൾ ന്യായമായ വിധത്തിൽ വസൂൽചെയ്യുവാൻ ശ്രമിക്കുന്നതാകുന്നു.

എന്നു—മാനേജർ.

ഗുരുവായൂരപ്പന്റെ കഥ

പ്രസിദ്ധകവിയായ നടുവത്തു മഹൻനമ്പൂതിരി അവർകൾ എഴുതിയതും നൂറിലധികം ശ്ലോകങ്ങളുള്ളതുമായ ഒരു വിശിഷ്ടമണിപ്രവാളകൃതി. കുറച്ചു പുസ്തകങ്ങൾ മാത്രമേ ബാക്കിയുള്ളൂ. ആവശ്യക്കാർ ഒട്ടും താമസിക്കാതെ അപേക്ഷിക്കേണ്ടതാണ്. വില രണ്ടണമാത്രം, തപാൽ ചിലവു പുറമെ. വിലയും തപാൽകൂലിയും തപാൽമുദ്രയായോ അഞ്ചൽമുദ്രയായോ അയച്ചാൽ ബുക്കുപോസ്റ്റായിട്ടു പുസ്തകം അയക്കുന്നതാണ്.

എന്ന്—മാനേജർ, മംഗളോദയം പ്രസ്സ്

ഷൊറണ്ണൂർ

മംഗളോദയം

[illegible]

[illegible]

മംഗളം

[illegible]

[illegible]

കാലടിക്കലശം

കാലടിയിൽ [illegible]



[illegible]

ലക്ഷ്യങ്ങളും രണ്ടാമത്തെ പക്ഷത്തെ നിസ്സംശയമായി സ്ഥാപിക്കുന്നുണ്ട്. സ്വാമികളുടെ ജീവചരിത്രത്തെ പ്രതിപാദിക്കുന്ന 'ശങ്കരവിജയം' മുതലായ ഗ്രന്ഥങ്ങളിലും അവിടുത്തെ അവതാരം കാലടിയിൽതന്നെയാണെന്നു പറഞ്ഞുകാണുന്നുണ്ട്.

ഇന്ത്യാഖണ്ഡം മുഴുവനും ബൗദ്ധമതത്താലും മറവുള്ള നാസ്തികമതങ്ങളാലും ആക്രമിക്കപ്പെട്ടു വൈദികമതത്തെ വേരോടെ ഉന്മൂലിക്കാറായിരുന്ന കാലത്തു ഔപനിഷദമായ സിദ്ധാന്തത്തെ വീണ്ടും സ്ഥാപിപ്പാനായി അവതരിച്ച ഒരു മഹാത്മാവിന്റെ മാഹാത്മ്യം ലോകമുള്ള കാലംവരെ നിലനില്ക്കാതിരിക്കയില്ല. അവിടുത്തെ കീർത്തിപതാക എന്നെന്നേക്കും അത്യുന്നതമായി പ്രകാശിക്കാതിരിക്കുന്നതല്ല. പൌരസ്ത്യന്മാരെപ്പോലെ പാശ്ചാത്യന്മാരായ പണ്ഡിതന്മാരെപ്പോലും ആശ്ചര്യപരവശന്മാരാക്കിത്തീർക്കുന്ന അവിടുത്തെ പ്രജ്ഞാവിലാസം ഒരുകാലത്തും അസ്തമിക്കുന്നതല്ല. അങ്ങിനെയുള്ള ഒരു മഹാത്മാവിന്റെ സ്മരണക്കായി ഒരു പുതിയ ഏർപ്പാടുചെയ്യുന്നതു തീരെ അനാവശ്യമാണെന്നു ചിലർ ശങ്കിക്കായിരിക്കാം. ഞങ്ങൾ അതിന്നൊരു സമാധാനമേ കാണുന്നുള്ളു. കേരളീയന്മാരിൽ അവിടേക്കുള്ള പ്രത്യേകാനുഭാവത്തിന്റെ പരിണാമമാണ് ഈ ക്ഷേത്രനിർമ്മാണവും പ്രതിഷ്ഠയും. ഒരു മഹാത്മാവിന്റെ വിഗ്രഹത്തെ ആരാധിപ്പാനും, തന്മൂലമായി അവിടുത്തെപ്പറ്റിയുള്ള ഭക്തി വർദ്ധിപ്പാനും നല്ലൊരു സാധനമായിരിക്കുന്നു.

വളരെക്കാലമായി ജനങ്ങൾ ആഗ്രഹിച്ചിരുന്ന ഈ ഉത്തമകൃത്യത്തെ നിറവേറിച്ചതു ഇപ്പോഴത്തെ ശൃംഗേരിശങ്കരാചാര്യസ്വാമികളാണ്. അവിടുന്നു ഈ പ്രതിഷ്ഠാകാര്യം നിർവ്വഹിക്കുന്നതിൽ വളരെ ശ്രദ്ധവെച്ചിട്ടുണ്ട്. പല പ്രഭുക്കന്മാരേയും എന്നുതന്നെയല്ല മഹാരാജാക്കന്മാരേയുംകൂടി ഇക്കാര്യത്തിൽ പ്രവർത്തിപ്പിച്ചതു അവിടുന്നുതന്നെയാണ്. പ്രതിഷ്ഠാമഹോത്സവത്തിനായി വളരെ ദിവസങ്ങൾക്കുമുമ്പുതന്നെ അവിടുന്ന് ശൃംഗേരിവിട്ടു പുറപ്പെട്ട വർത്തമാനം എല്ലാവരും അറിഞ്ഞിട്ടുണ്ടാവാനിടയുണ്ട്. പ്രതിഷ്ഠക്കു പത്തുദിവസംമുമ്പായി അവിടുന്നു, കാണുന്നവർക്ക് ഒരു മഹാരാജപരിവാരമാണെന്നു തോന്നിക്കുന്ന അവിടുത്തെ പരിവാരവും കാലടിയിൽ എത്തീട്ടുണ്ടായിരുന്നു. ശിവഗംഗസ്വാമിയാർമുതലായുള്ള വേറെ ചില സന്യാസികളും വന്നുചേർന്നിട്ടുണ്ടായിരുന്നു.

ജ്ഞാനികളും ലോകപൂജ്യന്മാരുമായുള്ള അവരുടെ ഈ പ്രതിഷ്ഠോത്സവം ഒന്നുകൂടി പ്രൗഢിയിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഇന്ത്യരാജ്യങ്ങളിലെ

നാനാഭാഗങ്ങളിൽനിന്നു പണ്ഡിതന്മാരും, പാമരന്മാരും, ധനികന്മാരും ദരിദ്രന്മാരും ബാലന്മാരും വൃദ്ധന്മാരും എന്നുവേണ്ട പലതരക്കാരുമായി അയ്യായിരത്തിനായിരത്തോളം ആളുകൾ കലശോത്സവം കണ്ടു കൃതാർത്ഥത സമ്പാദിപ്പാനായി യാത്രാക്ലേശത്തെ ലേശം വകവെക്കാതെ അത്യുത്സാഹമായി വന്നുകൂടീട്ടുണ്ടായിരുന്നു. സന്തോഷവും സമാധാനവും എല്ലാവരുടെയും മുഖങ്ങളിൽ പ്രകാശിക്കുന്നുണ്ടായിരുന്നു. ആളുകൾ സഹോദരഭാവത്തോടുകൂടി പെരുമാറിയിരുന്നു. കേരളത്തിലെ കഠിനനിർബ്ബന്ധങ്ങൾ അവിടെ കാണ്മാൻപോലുമുണ്ടായിരുന്നില്ല.

വന്നിട്ടുള്ളവർക്കു താമസിപ്പാൻ വേണ്ടുവോളം സൌകര്യമുണ്ടായിരുന്നു. പരമ്പുകൊണ്ടു നാനൂറിലധികം പുരകളും പ്രധാനപ്പെട്ട ആളുകൾക്കു പ്രത്യേകസ്ഥലങ്ങളും തയ്യാറാക്കപ്പെട്ടിരുന്നു. പുരകൾ ഉണ്ടാക്കീട്ടുള്ളതു ഗ്രാമസമ്പ്രദായത്തിലാണ്. എല്ലാടത്തും ഗ്യാസ്സുവിളക്കുകൾ വിളങ്ങിക്കൊണ്ടിരുന്നതിനാൽ രാത്രിസമയത്തും അന്ധകാരസ്പർശം ഉണ്ടായിരുന്നില്ല. കാടായിരുന്ന കാലടിയിൽ ഒരു പട്ടണംപോലെയുള്ള സൌകര്യം ഉണ്ടാക്കപ്പെട്ടിരുന്നുവെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. വന്നിട്ടുള്ളവർക്കെല്ലാം ഭക്ഷണംകൊടുപ്പാൻ മഠംവക ഏർപ്പാടുണ്ടായിരുന്നു. ഈ വക ഏർപ്പാടുകൾ ചെയ്യാൻ വളരെക്കാലമായി പ്രയത്നംചെയ്തു ശ്രീരാമചന്ദ്രയ്യരവർകളുടെ സ്ഥിരോത്സാഹവും സ്വാമിഭക്തിയും അതിശ്ലാഘനീയമത്രെ.

കലശോത്സവത്തിൽ മലയാളബ്രാഹ്മണർ തങ്ങൾക്കുള്ള പ്രത്യേകതയെ കാണിക്കാതിരുന്നില്ല. തൃശ്ശൂർ തെക്കേമഠം മൂപ്പിൽസ്വാമിയാർതിരുമനസ്സുകൊണ്ടും പ്രധാനികളായ പല നമ്പൂതിരിമാരും അവിടെ എത്തീട്ടുണ്ടായിരുന്നു. സ്വാമിയാർതിരുമനസ്സിലെ പുരസ്കരിച്ചുകൊണ്ടു നമ്പൂതിരിമാർ ശൃംഗേരിസ്വാമികളെ ചെന്നു കാണുകയും അവിടുത്തെ പ്രസന്നമുഖത്തിലായ അനുഗ്രഹവാക്യങ്ങളെ അംഗീകരിക്കുകയും ചെയ്തു. തെക്കേമഠം സ്വാമിയാർതിരുമനസ്സുകൊണ്ടും മറ്റുചില നമ്പൂതിരിമാരും വെച്ചുനമസ്കരിക്കയുണ്ടായി. വെച്ചുനമസ്കാരം മലയാളസമ്പ്രദായത്തിൽതന്നെയാണുണ്ടായതു്. വസ്ത്രം മടക്കിയായിരുന്നുവെന്നുള്ളതു വിശേഷവിധി അത്രെ. ശൃംഗേരിസ്വാമികൾക്കു വെച്ചുനമസ്കരിക്കുന്നതിന്നു സാധാരണയായി മടക്കാണുപയോഗിക്കാറുള്ളതു്.

ക്ഷേത്രനിർമ്മാണവും ക്രിയകളും എല്ലാം പരദേശസമ്പ്രദായത്തിലാണ്. നടയിൽ രണ്ടു ശ്രീകോവിലുകൾ പണിചെയ്തിട്ടുണ്ട്.

[illegible] ശ്രീശങ്കരാചാര്യ[illegible], മററു ആദിശങ്കരാചാര്യസ്വാമികളുടെ [illegible] പ്രതിഷ്ഠ[illegible]മാണ്. പണ്ടൊക്കെ [illegible] പ്രസിദ്ധ[illegible]ക്ഷേത്രം. [illegible] ക്ഷേത്രത്തിൽ അത്യാദര[illegible]മായി [illegible] വിഗ്രഹങ്ങളേയും, മലയാളികളുടെ [illegible] പ്രതിഷ്ഠിച്ചു.

തന്റെ ദിവ്യസന്താന വഴിയായി ലോകത്തെ [illegible] ഉത്തമ[illegible] സാക്ഷാൽ[illegible] തന്നെയായ ലോകഗുരുവായ പുത്രന്റെ വിഗ്രഹവും പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. സ്വാമികളുടെ [illegible] സംസ്കരിച്ച പ്രദേശത്തു [illegible] ഉണ്ട്.

[illegible]കൊണ്ടായാലും, കാലത്തിന്റെ വൈചിത്ര്യംകൊണ്ടായാലും ഇങ്ങനെ വളരെ അപ്രകാശമായി കിടന്നിരുന്ന കാലടി ലോകപ്രസിദ്ധമായ ഒരു പുണ്യക്ഷേത്രമായിത്തീർന്നിരിക്കുന്നു. അടുത്തകാലത്തുതന്നെ കാലടിക്ക് വളരെ [illegible] വിശ്വസിക്കാം. അതിനെപ്പറ്റി [illegible] ശൃംഗേരിസ്വാമികളെ [illegible] സ്മരിക്കേണ്ടതുണ്ട്. [illegible] ലോകഗുരുവായ അവിടുത്തെ [illegible] പറയുന്നു [illegible] മാർഗ്ഗമില്ല. [illegible] ഒരു [illegible] കാലടിയിൽതന്നെ [illegible] അത്യാവശ്യ[illegible] [illegible]. [illegible] ഒരു [illegible] സ്വാമികളെ പ്രത്യേകം [illegible] അവിടുത്തെ [illegible] അറിയിച്ചുകൊള്ളുന്നു. [illegible] ആഗ്രഹം സഫലമാവാനും, അതിൽവഴിയായി ജനങ്ങൾ[illegible] ശ്രേയസ്സുണ്ടാവാനും ആദിശങ്കരാചാര്യസ്വാമികളുടെ അനുഗ്രഹമുണ്ടായി വരട്ടെ.

സാംഖ്യശാസ്ത്രം

ആസ്തികന്മാരുടെ പുരാതനസമ്പത്തായ ആറു തത്വദർശനങ്ങളും ലോകപ്രസിദ്ധങ്ങളാണല്ലോ. കപിലമഹർഷിയാൽ കല്പിതമായ സാംഖ്യദർശനം അവയിൽവെച്ചു ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു. അപാരമായ സംസാരസാഗരത്തിൽ മുങ്ങിക്കുഴങ്ങുന്ന ജീവജാലത്തിന് ജ്ഞാനാനന്ദവിവേകംവഴിയായി ആനന്ദത്തെ നല്കുവാൻ പരമകാരുണികനായ ഈശ്വരൻ മഹർഷികളുടെ രൂപത്തെ ധരിച്ചു തത്വോപദേശമാകുന്ന ശാസ്ത്രജാലത്തെ പ്രവർത്തിപ്പിച്ചിരിക്കുന്നു.

എല്ലാ തത്വശാസ്ത്രപ്രവർത്തകന്മാരും ഈശ്വരാംശഭൂതന്മാരാണെന്നിരിക്കിലും സാംഖ്യത്തിന്റെ പിതാവു സാക്ഷാൽ ഈശ്വരൻതന്നെയാണെന്നു വേണം വിചാരിപ്പാൻ. കർദ്ദമപ്രജാപതിയിൽനിന്നു ദേവഹൂതിയിൽ അവതരിച്ച കപിലവാസുദേവഭഗവാനാണ സാംഖ്യശാസ്ത്രത്തിന്റെ പ്രവർത്തകൻ. അതുകൊണ്ടു സാംഖ്യശാസ്ത്രത്തിനു കപിലമെന്നുപേർ സിദ്ധിച്ചിരിക്കുന്നു. ആ മഹാത്മാവു മാതാവിനു കൊടുത്ത ഉപദേശങ്ങളും സാംഖ്യശാസ്ത്രത്തിന്റെ ബീജങ്ങളാകുന്നു.

സംഖ്യാ എന്ന ശബ്ദത്തിനു ജ്ഞാനം എന്നർത്ഥമുണ്ട്. ജ്ഞാനപ്രതിപാദകമാകയാൽ കാപിലതന്ത്രത്തിനു സാംഖ്യം എന്നു പേർ പറയപ്പെടുന്നു. സംഖ്യാ എന്ന വാക്കിന് എണ്ണം എന്നർത്ഥമുണ്ടാകയാലും സാംഖ്യം എന്ന പേർ അന്വർത്ഥമാകുന്നു. എന്തുകൊണ്ടെന്നാൽ സാംഖ്യന്മാർ തത്വങ്ങളെ സംഖ്യകൊണ്ടു പരിച്ഛേദിച്ചിരിക്കുന്നു.

സാംഖ്യദർശനത്തിനു വേദാന്തത്തെക്കാൾ പ്രാചീനതയുണ്ടെന്നുള്ള കാര്യം നിർവ്വിവാദമാണ്. വേദാന്തപ്രവർത്തകനായ വ്യാസമഹർഷി ഭാഗവതത്തിലും ഭാരതത്തിൽ പലേടത്തും സാംഖ്യതത്വങ്ങളെ പ്രതിപാദിച്ചുകാണുന്നു. വ്യാസപ്രണീതമായ ബ്രഹ്മസൂത്രങ്ങളിൽ ഒന്നാമതായി ഖണ്ഡിക്കപ്പെട്ടിട്ടുള്ള പൂർവ്വപക്ഷി സാംഖ്യനാകുന്നു. അതുകൊണ്ടു സാംഖ്യമതത്തിന്റെ പ്രാചീനതയെപ്പററി പറയുന്നതായാൽ അതു ദർശനങ്ങളിൽവെച്ചു പ്രഥമമാണെന്നുതന്നെ പറയാം.

സാംഖ്യമതം വേദാന്തസാധിയായിട്ടുള്ളതുതന്നെയാണ്. സാംഖ്യ

ന്മാർ ആഗമപ്രാമാണ്യത്തെ സ്വീകരിച്ചിട്ടുണ്ട്. അവരുടെ മതത്തിൽ പ്രത്യക്ഷം, അനുമാനം, ശബ്ദം എന്നീ മൂന്നുമാണു പ്രമാണങ്ങളാകുന്നു "ആത്മാനമേവ ലോകമുപാസീത..." എന്നു തുടങ്ങിയുള്ള ശ്രുതിവാക്യം അവരുടെ സിദ്ധാന്തത്തിനു പ്രതിബന്ധമായിരിക്കുന്നു. എന്നാൽ അവർ വേദാന്തികളെപ്പോലെ ആത്മൈകത്വത്തെ സ്വീകരിച്ചിട്ടില്ല. ഓരോ ശരീരത്തിലും ജീവാത്മാവു വെവ്വേറെയാണെന്നാണ് അവരുടെ സിദ്ധാന്തം.

സാംഖ്യത്തിന്നും വേദാന്തത്തിന്നും തമ്മിൽ അല്പമായ വ്യത്യാസമേ ഉള്ളൂ. ആത്മാവിന്റെ നിർഗ്ഗുണത്വം, അകർത്തൃത്വം മുതലായവയെല്ലാം രണ്ടു മതക്കാർക്കും സമ്മതമാകുന്നു. കാര്യകാരണങ്ങൾ ഭിന്നങ്ങളല്ലാ എന്നുള്ള സിദ്ധാന്തവും രണ്ടുമതക്കാരാലും അംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിക്കു സ്വാതന്ത്ര്യമുണ്ടെന്നുള്ള സാംഖ്യന്മാരുടെ അഭിപ്രായത്തിൽ വേദാന്തികൾ യോജിക്കുന്നില്ല. പ്രകൃതിക്കു പുരുഷനെ ആശ്രയിക്കാതെയുള്ള സത്തയില്ലെന്നു വേദാന്തികൾ സിദ്ധാന്തിക്കുന്നു. ഇതു അവർ തമ്മിലുള്ള വലുതായ വിവാദത്തിന്നു വിഷയമായ ഭാഗമാകുന്നു. പുരുഷനാനാത്വവും വേദാന്തികൾക്കു സമ്മതമല്ല. ഇങ്ങിനെ ചില അംശങ്ങളിൽമാത്രമെ ഈ രണ്ടു മതങ്ങൾ തമ്മിൽ ഭേദിക്കുന്നുള്ളൂ. വേദാന്തമതത്തോടു ഏറ്റവും അടുത്തിരിക്കുന്നതു സാംഖ്യമാണ്. അതുകൊണ്ടു അവർ തമ്മിലുള്ള വിവാദവിഷയത്തെ സൂക്ഷ്മമായി ഗ്രഹിപ്പാൻ പ്രയാസമായിരിക്കുന്നു. ശ്രീശങ്കരാചാര്യസ്വാമികൾ ബ്രഹ്മസൂത്രഭാഷ്യത്തിൽ സാംഖ്യനെ "പ്രധാനമല്ല"നെന്നു പറഞ്ഞിരിക്കുന്നു. സാംഖ്യമതത്തെ ഖണ്ഡിച്ചാൽ മറ്റുള്ളവ ശിഥിലപ്രായമായി എന്നാണ് ആചാര്യസ്വാമികൾ അഭിപ്രായപ്പെടുന്നത്.

സാംഖ്യത്തിൽ മറ്റുള്ള ദർശനങ്ങളിലെപ്പോലെ അത്ര ഗ്രന്ഥങ്ങൾ ഉള്ളതായി കാണുന്നില്ല. ഇതിന്നുള്ള കാരണം ആ മതത്തിൽ അധികം ആളുകൾക്കു പ്രതിപത്തിയില്ലാതെയിരുന്നതുകൊണ്ടോ, ഉണ്ടായിരുന്ന ഗ്രന്ഥങ്ങൾ നശിച്ചുപോയതുകൊണ്ടോ എന്നു തീർച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. ഭാരതത്തിൽ ശാന്തിപർവ്വം, ഗീത മുതലായ ഭാഗങ്ങളിൽ സാംഖ്യതത്വങ്ങളെ വിശദമായി പ്രതിപാദിച്ചുകാണുന്നുണ്ട്.

"നാസതോ വിദ്യതേ ഭാവോ
നാഭാവോ വിദ്യതേ സതഃ" (ഭ. ഗീ)

എന്നീ ശ്ലോകാർദ്ധത്തിൽ സാംഖ്യന്മാരുടെ സൽകാര്യവാദത്തിന്റെ ത

ള്ള ഭേദഗതി തുടങ്ങിയിരിക്കുന്നു. എന്നാൽ ഭാഗവതത്തിൽ ഇതിഹാസങ്ങളിൽ കപിലോപദേശരൂപമായി കാണുന്ന സാംഖ്യം പരിശുദ്ധമായ—കലർപ്പില്ലാത്ത—സാംഖ്യമാണെന്നു തോന്നുന്നില്ല. അതു വ്യാസമഹർഷിയുടെ സൃഷ്ടിയായ സാംഖ്യമാകുന്നു. അതിൽ വേദാന്തവും ഭക്തിശാസ്ത്രവും ഇടകലർന്നിരിക്കുന്നു.

സാംഖ്യത്തിന്റെ ശരിയായ അറിവിന്നുതകുന്ന ഗ്രന്ഥങ്ങൾ വളരെ കുറവായിരിക്കുന്നു. കപിലമഹർഷിപ്രണീതമായ സാംഖ്യസൂത്രവും, ഈശ്വരകൃഷ്ണപ്രണീതമായ സാംഖ്യസപ്തതിയും എന്നീ രണ്ടു മൂലഗ്രന്ഥങ്ങൾമാത്രമേ ഇപ്പോൾ പ്രചരിച്ചു വരുന്നുള്ളു. ഇവ്വിരണ്ടിന്റെയും ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളുമായിട്ടുള്ള ചില ഗ്രന്ഥങ്ങളും ഇപ്പോൾ നടപ്പുള്ളതായി കാണപ്പെടുന്നു. ഈശ്വരകൃഷ്ണപ്രണീതമായ സാംഖ്യസപ്തതിയെന്ന ഗ്രന്ഥം എഴുപതു കാരികകളടങ്ങിയതാകുന്നു. അതിനെ സാംഖ്യകാരികയെന്നും പറയാറുണ്ട്. സാംഖ്യകാരിക ശ്രീശങ്കരാചാര്യസ്വാമികളുടെ പൂർവകാലത്തിൽതന്നെ പ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ്. ആചാര്യസ്വാമികൾ ബ്രഹ്മസൂത്രഭാഷ്യത്തിൽ ഒരേടത്തു "മൂലപ്രകൃതിരവികൃതിഃ" എന്ന സാംഖ്യകാരികാഭാഗത്തെ എടുത്തുപറഞ്ഞുകാണുന്നു. ഈശ്വരകൃഷ്ണസൂരി സാംഖ്യശാസ്ത്രത്തിൽ വേറെ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളതായി അറിവില്ല.

സാംഖ്യത്തിലുള്ള ഗ്രന്ഥദൗർല്ലഭ്യത്തിനു കാരണം അതിന്റെ നേരെ ജനങ്ങൾക്കുണ്ടായിരുന്ന പ്രതിപത്തിക്കുറവാണെന്നു ചിലർ പറയുന്നു. സാംഖ്യം നിരീശ്വരമതമാണെന്നുള്ള ഒരപവാദം അതിനിപ്പോഴുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിന് എത്രത്തോളം ഉറപ്പുണ്ടെന്നു പരിശോധിച്ചുനോക്കുക. സാംഖ്യന്മാർ ജഗത്കർത്താവും സംഹാരിയുമായ ഈശ്വരനെ സ്വീകരിച്ചിട്ടില്ല. അങ്ങിനെയുള്ള ഈശ്വരന്റെ സദ്ഭാവം വേദാന്തമതത്തിലും പാരമാർത്ഥികമല്ല. വേദാന്തികൾ ജീവാഭിന്നമായ ബ്രഹ്മത്തെ സ്വീകരിച്ചതുകൊണ്ടു നിരീശ്വരന്മാരായിപ്പോയെങ്കിൽ ജീവനെ സ്വീകരിച്ചിട്ടുള്ള സാംഖ്യന്മാർ എന്തുകൊണ്ടു നിരീശ്വരന്മാരാകുന്നില്ല? എന്നുതന്നെയല്ല, സാംഖ്യന്മാർ നിരീശ്വരന്മാരാണെങ്കിൽതന്നെ അവരുടെ നിരീശ്വരത്വം ഒരു വിധത്തിലും ലോകത്തിന് അനർത്ഥത്തെ ഉണ്ടാക്കുന്നതല്ല. അവർ ധർമ്മാധർമ്മങ്ങളെ വേർതിരിച്ചംഗീകരിക്കുന്നവരല്ലേ? അഹിംസ, സത്യം, ശൌചം മുതലായ ധർമ്മനിഷ്ഠകളിൽ അവർക്ക് അസാമാന്യമായ അഭിനിവേശം ഉണ്ട്. ധർമ്മം ഒന്നുമാ

ശ്രീമാന്റെ സർവജ്ഞത്വമുപദേശിക്കുന്ന ജ്ഞാനത്തിനും കാരണമാകുന്നതു എന്ന് അവർ സിദ്ധാന്തിക്കുന്നു. അധർമ്മം തമോഗുണത്തെ വർദ്ധിപ്പിക്കയും ജീവനെ അജ്ഞാനമാകുന്ന നരകത്തിൽ തള്ളിവിടുകയും ചെയ്യുന്നതെന്നും അവർ പറയുന്നു. അതുകൊണ്ടു അവരുടെ മതം സദാചാരനിഷ്ഠയെ ഒരുവിധത്തിലും ബാധിക്കുന്നില്ല. നേരെമറിച്ചു അതിനെ പലവിധത്തിലെല്ലാം പ്രബലപ്പെടുത്തുന്നതുമുണ്ട്. അവനവന്റെ ദുഃഖങ്ങളെല്ലാം അവനവന്റെ ആയത്തമാണെന്ന പഠിപ്പിക്കുന്ന മതം പുരുഷനെ എത്രമാത്രം സദാചാരപ്രതിപത്തിയെയും സ്വാതന്ത്ര്യബുദ്ധിയെയും ഉണ്ടാക്കുന്നതായിരിക്കുന്നു. ഇതിനെ ആലോചിക്കുന്നതായാൽ സാംഖ്യശാസ്ത്രത്തിന്റെ മേലുള്ള അപവാദം എത്രയോ നിസ്സാരമാണെന്ന് എളുപ്പത്തിൽ വെളിപ്പെടുന്നതാണ്.

സാംഖ്യന്മാരുടെ മതപ്രകാരം പുരുഷനും പ്രകൃതിയും അനാദിയാകുന്നു. പുരുഷൻ ചൈതന്യസ്വരൂപനും അസംഗനുമാണ്. പൃഥിവ്യാദിഭൂതങ്ങൾ, ശബ്ദസ്പർശാദികൾ, അന്തഃകരണം മുതലായ കാര്യങ്ങളെല്ലാം പ്രകൃതിയുടെ പരിണാമമാകുന്നു. പ്രകൃതി, സത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നുഗുണങ്ങളുടെ സാമ്യാവസ്ഥയാണ്. പ്രകൃതിയുടെ വ്യാപാരമുണ്ടാകുമ്പോൾ ഗുണവൈഷമ്യവും, തന്മൂലം വിചിത്രങ്ങളായ കാര്യങ്ങളും ഉണ്ടായിവരുന്നു. പ്രകൃതിക്കു സ്വയമായി പ്രവർത്തിപ്പാൻ ശക്തിയുണ്ട്. പുരുഷൻ പ്രകൃതിധർമ്മങ്ങളായ കർത്തൃത്വാദികളെ തങ്കൽ ആരോപിക്കുമ്പോൾ ബദ്ധനാകുന്നു. പ്രകൃതിപുരുഷവിവേകംകൊണ്ടു ആരോപം നിവർത്തിക്കുമ്പോൾ മുക്തനായിത്തീരുന്നു. മോക്ഷമെന്നതു ദുഃഖത്രയങ്ങളുടെ നിവൃത്തിയാകുന്നു. വിവേകം അനുവർത്തിപ്പിക്കുന്നതാകയാൽ ഒരിക്കൽ മുക്തനായവന്നു വീണ്ടും ബന്ധമുണ്ടാകയില്ല. സത്വഗുണമാണ് പ്രകൃതിപുരുഷവിവേകത്തിനു കാരണമാകുന്നു. വൈരാഗ്യം, സാത്വികവൃത്തി, സദാചാരം മുതലായവ സത്വഗുണത്തെ ഉണ്ടാക്കുന്നു. ഇതാണ് സാംഖ്യമതത്തിന്റെ സിദ്ധാന്തസാരം. സാംഖ്യന്മാർ പ്രപഞ്ചമിഥ്യാത്വവാദികളല്ല.

സാംഖ്യസിദ്ധാന്തങ്ങളിൽ വെച്ചു ഏറ്റവും വിശേഷപ്പെട്ടതു അവരുടെ സത്കാര്യവാദമാകുന്നു. ലോകത്തിൽ എല്ലാ വസ്തുക്കളും എല്ലാ സമയത്തും സൂക്ഷ്മരൂപേണ സത്തായിരിക്കുന്നു. ഇല്ലാത്തതു ഉണ്ടാകുന്നില്ല ഉള്ളതു നശിക്കുന്നതുമില്ല. അവരുടെ മതത്തിൽ ഉണ്ടാകുന്നു എന്നതിന്നു പ്രകാശിക്കുന്നു എന്നും, നശിക്കുന്നു എന്നതിനു മറഞ്ഞുപോകുന്നു.

ഷ്ഠിതം തന്നെയാണ്. ഈ സിദ്ധാന്തത്തെ അവർ വളരെ യുക്തികളെക്കൊണ്ടു സ്ഥാപിച്ചിരിക്കുന്നു. ആകപ്പാടെയുള്ള വസ്തുതത്തെപ്പറ്റിയും ശക്തിയെപ്പറ്റിയും കൂടുതലായ കാര്യങ്ങൾ ഇപ്പോഴുള്ള പാശ്ചാത്യശാസ്ത്രജ്ഞന്മാരെക്കാൾ അധികമായ ജ്ഞാനം ഉണ്ടായിരുന്ന ഹിന്ദുക്കൾ പുരാതനകാലത്തു തന്നെ കണ്ടെത്തിയിട്ടുണ്ടെന്നറിയുന്നതു ഭാരതീയന്മാരായ നമുക്കു എത്രമാത്രം ചാരിതാർത്ഥ്യത്തെ ഉണ്ടാക്കുന്നു. ഭാരതഖണ്ഡങ്ങളിലും ഈ മാതിരിയിൽ വിലയേറിയ തത്വനിക്ഷേപങ്ങൾ നിഗൂഢങ്ങളായിരിക്കുന്നുണ്ട്. പക്ഷെ കാലദോഷംകൊണ്ടു നമുക്കു അവയിൽ വൈമുഖ്യം തോന്നുകയും, അവയെല്ലാം കാണാതെ പ്രച്ഛന്നപ്രായമായി പരിണമിക്കയും ചെയ്തിരിക്കുന്നു. എന്നാൽ പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പുഷ്ടിയാവസ്ഥ പുരാതനമായ പ്രതിപത്തിക്കു വഴിയായി തീർന്നിരിക്കുന്നതുകൊണ്ടു കാലക്രമേണ ജ്ഞാനമുണ്ടാകുമെന്നു വിശ്വസിക്കാവുന്നതാണ്.

എ. എസ്സ്.

പ്രാചീനഭാരതത്തിലെ

വിവാഹവിധി

മനുഷ്യൻ ഏതുകാലത്തും മൃഗങ്ങളിൽനിന്നു എല്ലാവിധത്തിലും ഉൽകൃഷ്ടനാകുന്നുവെന്നു പലരും പറയുന്നു. എന്നാൽ ജീവശാസ്ത്രപണ്ഡിതന്മാർ ഇതിനെപ്പറ്റി മറ്റുപ്രകാരത്തിൽ വാദിക്കുന്നുണ്ട്. ഇപ്പോൾ കാണപ്പെടുന്ന നാനാവിധജീവവർഗ്ഗങ്ങളും പണ്ടു ഒരുവിധമായിരുന്ന ഒരു ജന്തുവിൽനിന്നു കാലാന്തരത്തിൽ ക്രമപ്രകാരമായി ഭേദപ്പെട്ടു പിന്നീടു തമ്മിൽ ഒന്നോടൊന്നു സംബന്ധമില്ലാത്ത വിധത്തിലായിത്തീർന്നിട്ടാണ് ഇപ്പോഴത്തെ ആകൃതിയിലും പ്രകൃതിയിലും പരിണമിച്ചിട്ടുള്ളത്. മനുഷ്യരുടെ ആദ്യത്തെ പൂർവ്വികന്മാർ കുരങ്ങന്മാരായിരുന്നുവെന്നു പാശ്ചാത്യവിദ്വാന്മാർ സിദ്ധാന്തിക്കുന്നു. ജന്തുക്കളെല്ലാം പ്രത്യേകം ചില സാമാന്യലക്ഷണങ്ങളുള്ള കൂട്ടങ്ങൾ പ്രത്യേകവർഗ്ഗങ്ങളായിത്തിരിച്ചിട്ടുള്ളതനുസരിച്ചു മനുഷ്യവർഗ്ഗത്തെ സസ്തനജീവികളുടെ കൂട്ടത്തിൽപ്പെടുത്തുന്ന ഒരു പക്ഷത്തിൽ വിഭാഗിക്കാം. ഈ വർഗ്ഗത്തിൽപ്പെട്ട എല്ലാ ജന്തുക്കളുടെ ഇടയിലും വളരെ വളരെ ഐക്യം കാണ

ങ്ങളെ. ബാഹ്യമായിട്ടുമാത്രമല്ല, ആന്തരമായിട്ടുകൂടി പ്രബലമായ രണ്ടുക്ഷുദ്രങ്ങളുള്ളതായിക്കാണുന്നു. ആന്തരങ്ങളായ ആ മനോവികാരങ്ങളിൽവെച്ചു പ്രധാനമായിട്ടുള്ളതു വിശപ്പു, കാമവികാരം എന്നിങ്ങനെ രണ്ടാകുന്നു. മനുഷ്യർക്കും മൃഗങ്ങൾക്കും ഉള്ള ഈ രണ്ടു മനോഭാവങ്ങളും ജീവനെ രക്ഷിക്കുവാനും ഉൽപാദിപ്പിപ്പാനും ക്രമേണ കാരണമായിത്തീരുന്നു.

വിശപ്പു തന്റെ ജീവനെ രക്ഷിക്കുവാനുള്ള ശക്തിയെ ഉണ്ടാക്കുന്നതെങ്ങിനെയോ, അപ്രകാരംതന്നെ കാമവികാരം ജീവാന്തരത്തെ ഉല്പാദിപ്പിക്കുവാനുള്ള ശക്തിയെ ഉണ്ടാക്കുന്നു. മൃഗങ്ങളുടെ ഇടയിൽ സ്ത്രീപുരുഷന്മാർ ഇരുവരും സ്വല്പകാലത്തേക്കുമാത്രം ചേർന്നിരിക്കുന്ന സ്വഭാവവും സ്ഥായിയായി ചേർന്നിരിക്കുന്ന സ്വഭാവവും ഉണ്ട്. ഇതിൽ ആദ്യത്തെ സ്വഭാവം ശീഘ്രപ്രസൂകങ്ങളായ മൃഗങ്ങളിൽ നിലനിന്നുപോരുന്നതാണു. ചിരപ്രസൂകങ്ങളായ ജന്തുക്കളിലാണ കണ്ടുവരുന്നതു. കുട്ടികളു ദീർഘകാലത്തേക്കു സംരക്ഷിക്കേണ്ടിവരുന്ന ജന്തുക്കളുടെ ഇടയിൽ സ്ത്രീപുരുഷന്മാർ ഇരുവരും അധികംകാലത്തേക്കു സ്ഥായിയായി ചേർന്നിരിക്കും. ചിലജാതി ജന്തുക്കളിൽ മാതാപിതാക്കന്മാരുടെ രക്ഷകൂടാതെതന്നെ വളരാവുന്ന കുട്ടികൾ ജനിക്കുന്നു. മറ്റുചിലജാതിജന്തുക്കളുടെ കുട്ടികൾക്കു മാതാപിതാക്കന്മാരുടെ രക്ഷ ഏറെക്കുറെ ആവശ്യമായിട്ടും കാണുന്നു. അച്ഛനമ്മമാരുടെ രക്ഷ ആവശ്യമില്ലാത്ത ജന്തുക്കളുടെ ഇടയിൽ കുട്ടികൾ കണ്ടുകിട്ടാത്തവിധം ഉത്ഭവിക്കുന്നു. പക്ഷേ, അവയിൽ ഒട്ടുംതാമസമില്ലാതെ ജീവിക്കുന്നതല്ല. ചെമ്പു, തവള, പല്ലി ഇവകളിൽ ഈ സംഗതി പ്രത്യക്ഷമാകുന്നു. എന്നാൽ മനുഷ്യരുടെ ഇടയിലും, അവരോടു അടുത്തുനില്ക്കുന്നതെന്നു പറയുന്ന ഉൽകൃഷ്ട (വാലില്ലാത്ത) വാനരന്മാരുടെ വർഗ്ഗത്തിലും കുട്ടികൾ വളരെ വേഗത്തിൽ ഉത്ഭവിക്കുന്നതല്ല. ചില സമയങ്ങളിൽ ഒറ്റയായിട്ടു മാത്രമേ പിറന്നുകാണുന്നുള്ളു. അങ്ങിനെയുള്ളതിൻ്റെ ശൈശവം വളരെ കാലത്തേക്കു നിലനിൽക്കുന്നു. ഈ സ്വഭാവം മുഖ്യമായി മനുഷ്യരിൽ കാണാവുന്നതാണ്. ഇങ്ങിനെയുള്ള ശിശുക്കളെ രക്ഷിക്കുവാനായി ഒരു സ്ത്രീയും ഒരു പുരുഷനും ഒന്നിച്ചുചേർന്നിരിക്കേണ്ടതു ആവശ്യമായിരുന്നു. അങ്ങിനെ ദീർഘകാലത്തേക്കു ഒന്നിച്ചുചേർന്നിരിക്കുന്നതിനെയാണു വിവാഹം എന്നുപറയുന്നതു. അതു, തങ്ങളുടെ വർഗ്ഗം നിലനില്ക്കുവാനായി ചെയ്യുന്ന ഒരു സമ്പ്രദായമാകുന്നു.

വിവാഹം, സ്ത്രീപുരുഷന്മാർ രണ്ടുപേർക്കുമുള്ള ശക്തികളുടെ ചേ

പ്രാപിക്കുന്ന ഒരു ക്രിയയാകുന്നു. അർദ്ധാംഗി, സഹധർമ്മിണി ഇത്യാദി ശബ്ദങ്ങളെക്കൊണ്ടും, "ആർത്താർത്തേ മുദിതാ ഹൃഷ്ടേ പ്രോഷിതേ മലിനാ കൃശാ। മൃതേ മ്രിയേത യാ പത്യൗ സാ സ്ത്രീ ജ്ഞേയാ പതിവ്രതാ" എന്നു മുതലായ പാതിവ്രത്യലക്ഷണങ്ങളെക്കൊണ്ടും ഈ സംഗതി പ്രത്യക്ഷപ്പെടുന്നു. "മാതൃതാപിതൃതാ ഉണ്ടാക്കുന്ന കർമ്മമാകുന്നു വിവാഹം" എന്നു ചിലർ വിവാഹലക്ഷണത്തെ വിവരിച്ചുകാണുന്നു. ഈ ലക്ഷണം ഐഹികത്തെ മാത്രം ദ്യോതിപ്പിക്കുന്നതാകയാൽ അത്ര ഉപയോഗമുള്ളതാകുന്നില്ല. പ്രാചീനാര്യന്മാരുടെ വിവാഹം, സമുദായസ്ഥിതിമൂലകമായ ഐഹികസുഖത്തിന്നു കാരണമാവുന്നതിനാൽ ലൗകികമായിരുന്നതുപോലെ, ആമുഷ്മികസുഖത്തിന്നു ഹേതുവാകയാൽ ആദ്ധ്യാത്മികംകൂടിയായിരുന്നു.

ക്രിയാക്രമങ്ങളുടെ താരതമ്യത്താൽ ആര്യന്മാർ വിവാഹത്തിന്നു എട്ടു ഭേദങ്ങളെ കല്പിച്ചിരിക്കുന്നു. ൧. ബ്രാഹ്മം, ൨. ദൈവം, ൩. ആർഷം, ൪. പ്രാജാപത്യം, ൫. ആസുരം, ൬. ഗാന്ധർവ്വം, ൭. രാക്ഷസം, ൮. പൈശാചം ഇവയാകുന്നു വിവാഹത്തിന്നുള്ള ഭേദങ്ങൾ. വരനെ വിളിച്ചു യഥാശക്തി അലംകൃതയായ കന്യകയെ കൊടുക്കുന്ന സമ്പ്രദായത്തെ ബ്രാഹ്മം എന്നുപറയുന്നു. യജ്ഞസ്ഥനായി കർമ്മം ആരംഭിച്ചിരിക്കുന്ന ഋത്വിക്കിന്നു കന്യകയെ ദാനംചെയ്യുന്നതിന്നു ദൈവം എന്നു പേരുപറയുന്നു. വരങ്കൽനിന്നു ഒന്നോ രണ്ടോ ജോടി പശുക്കളെ വാങ്ങി പെണ്ണിനെ കൊടുക്കുന്ന സമ്പ്രദായത്തെ ആർഷം എന്നുവിളിച്ചുവരുന്നു. "നിങ്ങൾ രണ്ടുപേരും ഒരുമിച്ചു ധർമ്മാചരണം ചെയ്യുവിൻ" എന്നുപദേശിച്ചുചെയ്യുന്ന കന്യാദാനത്തിന്നു പേര പ്രാജാപത്യം എന്നാകുന്നു. കന്യാപിതാവു വരങ്കൽനിന്നു പണംവാങ്ങി പെണ്ണിനെ കൊടുക്കുന്ന സമ്പ്രദായത്തെ ആസുരം എന്ന പേരുകൊണ്ടു നിർദ്ദേശിച്ചിരിക്കുന്നു. പുരുഷനും സ്ത്രീയും അന്യോന്യമുള്ള അനുരാഗാതിശയത്താൽ "അങ്ങ [illegible]" എന്നുപറഞ്ഞു രണ്ടുപേരുടേയും ഇഷ്ടപ്രകാരംചെയ്യുന്ന വിവാഹം ഗാന്ധർവ്വമാകുന്നു. ബലാൽക്കാരമായി കന്യകയെ പിടിച്ചുകൊണ്ടുവരുന്ന വിവാഹം രാക്ഷസമാണ്. സ്ത്രീ ഉറങ്ങുമ്പോഴോ, മത്തയായിരിക്കുമ്പോഴോ ഗമിക്കുന്നതിന്നു പൈശാചം എന്നു പേരാകുന്നു.

ഈ എട്ടുവിധത്തിലുള്ള വിവാഹങ്ങളും ഭാരതഖണ്ഡത്തിലെല്ലാ ദിക്കുകളിലും നടപടികളെഅനുസരിച്ചു നടപ്പിൽവന്നതാണെന്നുള്ളതു നിസ്സ

വാഹമാണ്. മുമ്പിൽപറഞ്ഞ മൂന്നു വിവാഹങ്ങളിൽ പിതാവു മകളിൽ അധികമായി സ്വാതന്ത്ര്യം കാണിക്കാതിരുന്ന ഒരു കാലത്തെ കുറിക്കുന്നു, ദൈവാചാരം എല്ലാററിലുംവെച്ചു അധമമാണെന്നു മറെറാന്നാണ്ടുപോലെ സ്മൃതികൎത്താക്കന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ മൂന്നിന്നും വിവാഹസമ്പ്രദായത്തിന്റെ പൂൎണ്ണമായ മാഹാത്മ്യം കല്പിച്ചിട്ടില്ല. രാക്ഷസം, കന്യകയെ ബലാൽകാരമായി കൊണ്ടുവരികയാണല്ലോ. ഈ "പിടിച്ചുപറി" സമ്പ്രദായം ഇന്ത്യയിലെ മദ്ധ്യസംസ്ഥാനത്തിലുള്ള മീനർ എന്ന വൎഗ്ഗക്കാരുടെ ഇടയിലും, ബീരാറിലുള്ള കോണ്ടു ജാതിക്കാരുടെ ഇടയിലും ഇപ്പോഴും നടപ്പുണ്ട്. രാക്ഷസവും ഗാന്ധൎവ്വവും വീരന്മാൎക്ക് അൎഹങ്ങളാണെന്നു കാണുന്നു. രാക്ഷസത്തെക്കാൾ ഗാന്ധൎവ്വത്തിന്നു മഹത്വം കൂടും. ഗാന്ധൎവ്വത്തിൽ സ്ത്രീപുരുഷന്മാരുടെ അനുരാഗം പ്രധാനമാകയാൽ അതു അനിന്ദ്യമാകുന്നു. മേലുള്ള അഞ്ചുവിധം വിവാഹങ്ങളും അപ്പൻ കന്യകയിൽ അധികം സ്വാതന്ത്ര്യം എടുത്തിരുന്ന ഒരു കാലത്തിന്റെ അടയാളമാണ്. ആസുരവിവാഹം മറെറല്ലാററിലുംവെച്ചു വിലക്ഷണമാകുന്നു. ഒളിവായിട്ടോ കളവായിട്ടോ കൂടി പെണ്ണിനെ കിട്ടുവാൻ പ്രയാസമായാൽ പണംകൊടുത്തു വാങ്ങേണ്ടതായി വരുമല്ലോ. ഈ സമ്പ്രദായം സ്ത്രീപ്രജകളുടെ മൂല്യത്തെ ഉദാഹരിക്കുന്നു. പരിഷ്കാരം പരക്കുന്നതോടുകൂടി ഈ സമ്പ്രദായം നന്നല്ലെന്നുള്ള ബോധം ജനങ്ങളിൽ കടന്നുകൂടും. ആസുരവിവാഹം ആൎഷത്തിൽനിന്നു ഭവിച്ചതാണെന്നു പറയാം. ആൎഷത്തിൽ മൂല്യം കൊടുക്കുന്നതു നന്നെ ചുരുക്കമാകയാൽ അതിന്നു ആരും അത്ര ലക്ഷ്യമാക്കാതെ പോകുന്നു. ആസുരത്തിൽ സംഖ്യക്കു ക്ലിപ്തം വെച്ചിട്ടില്ല. ബ്രാഹ്മം, ദൈവം, പ്രാജാപത്യം എന്നീ വിവാഹങ്ങളിൽ കന്യാപിതാവിന്നു യാതൊരു സമ്പാദ്യത്തിന്നുംവകയില്ല. ദൈവവും ബ്രാഹ്മവും ബ്രാഹ്മണൎക്കു മാത്രം യോജിച്ചിരിക്കുന്നു. ഒടുവിൽപറഞ്ഞ നാലു വിവാഹങ്ങളെയും ബ്രാഹ്മണരല്ലാത്ത മററുജാതിക്കാരും ഉപയോഗിച്ചുപോന്നു. ആദ്യംപറഞ്ഞ നാലും സ്വീകാൎയ്യങ്ങളാണെന്നും, മററുള്ള നാലും വൎജ്ജ്യങ്ങളാണെന്നും മനു ശാസിച്ചിരിക്കുന്നു.

മേല്പറഞ്ഞ വിവാഹങ്ങളിൽ ബ്രാഹ്മവും, ആസുരവും, പ്രാജാപത്യവും ഇക്കാലത്തും നടന്നുവരുന്നവയാണ്. പണ്ടുകാലങ്ങളിൽ ബ്രാഹ്മം, പ്രാജാപത്യം, ഗാന്ധൎവ്വം, രാക്ഷസം എന്നീ നാലിന്നും ധാരാളം പ്രചാരമുണ്ടായിരുന്നതായിക്കാണുന്നുണ്ട്. ബ്രാഹ്മണരിൽ പ്രായേണ ബ്രാഹ്മവും പ്രാജാപത്യവും, ക്ഷത്രിയരിൽ മിക്കതും ഇവ നാലും [illegible]

നായിരുന്നു. വൈശ്യന്മാരും ശൂദ്രന്മാരും തമ്മിൽ സ്പഷ്ടമായിട്ടറിവാൻ കഴിയുന്നില്ല.

ബ്രാഹ്മവും പ്രാജാപത്യവും ഇപ്പോഴും നടപ്പുള്ളവയാകയാൽ അവയ്ക്കു പ്രത്യേകം ഉദാഹരണം കൊടുക്കേണ്ട ആവശ്യമില്ല. ദുഷ്യന്തനും ശകുന്തളയും തമ്മിൽ കഴിച്ച വിവാഹം ഗാന്ധർവ്വത്തിന്റെ ഉദാഹരണമാകുന്നു. ആ കാലത്തു അതിനെ പ്രശസ്തമായി ഗണിച്ചിരുന്നു. ശകുന്തളയോടു കണ്വൻ പറയുന്നതു നോക്കുക—

"ത്വയാദ്യ ഭദ്രേ! രഹസി മാമനാദൃത്യ യഃ കൃതഃ
പുംസാ സഹ സമായോഗോ ന സ ധർമ്മോപഘാതകഃ
ക്ഷത്രിയസ്യ ഹി ഗാന്ധർവ്വോ വിവാഹഃ ശ്രേഷ്ഠ ഉച്യതേ"

കണ്വന്റെ ഈ വചനത്തിൽനിന്നു ഗാന്ധർവ്വവിവാഹത്തിനു പണ്ടുണ്ടായിരുന്ന ശ്രേഷ്ഠത സ്പഷ്ടമാണല്ലോ. വിചിത്രവീര്യൻ അംബികയേയും അംബാലികയേയും പരിഗ്രഹിച്ചതു രാക്ഷസവിവാഹത്തിന്റേയും, ശ്രീകൃഷ്ണൻ രുക്മിണിയെ സ്വീകരിച്ചതും അർജ്ജുനൻ സുഭദ്രയെ കട്ടുകൊണ്ടുപോയതും രാക്ഷസവും ഗാന്ധർവ്വവും കൂടിക്കലർന്ന മിശ്രവിവാഹത്തിന്റേയും ദൃഷ്ടാന്തമാകുന്നു.

ഇവയിൽനിന്നു വ്യത്യാസപ്പെട്ട സ്വയംവരം എന്നൊരു വിവാഹസമ്പ്രദായവും പണ്ടു നടപ്പുണ്ടായിരുന്നു. സ്വയംവരത്തിൽ കന്യക സ്വയമായി ഭർത്താവിനെ വരിക്കുന്ന സമ്പ്രദായമാണു്. ഇപ്പോൾ വിവാഹകാര്യത്തിൽ പാശ്ചാത്യകന്യകമാർ അനുഭവിക്കുന്നതിനൊപ്പമോ ഒട്ടും അപ്രധാനമല്ലാത്ത സ്വാതന്ത്ര്യം പണ്ടത്തെ സ്വയംവരത്തിൽ കന്യകമാർക്കു ലഭിച്ചിരുന്നു. രഘുവംശത്തിലെ ഇന്ദുമതീസ്വയംവരം നോക്കുക. ഇതു കൂടാതെ വേറൊരു വിധത്തിലും വിവാഹം നടപ്പുണ്ടായിരുന്നു. കന്യകയുടെ അച്ഛനു ഒരു സങ്കല്പമുണ്ടായിരിക്കും. അതിനെ ആരു നിറവേറ്റുന്നുവോ ആയാൾക്കേ കന്യകയെ കൊടുക്കയുള്ളു. ഇങ്ങിനെ ചെയ്യുന്ന കന്യാദാനത്തിനു സീതാവിവാഹവും പാഞ്ചാലീപരിഗ്രഹണവും ഉദാഹരണങ്ങളാണു്. സീതാവിവാഹത്തിൽ ധനുർഭംഗവും, പാഞ്ചാലീപരിഗ്രഹണത്തിൽ ലക്ഷ്യഭേദനവും പിതാവിന്റെ സങ്കല്പമാകുന്നു. ഇതിനും പുറമെ, ഒരു സ്ത്രീ ഒരു പുരുഷനെ കാമിക്കുകയും അയാളെ ഏതുവിധത്തിലെങ്കിലും സമ്പാദിച്ചു തന്റെ അഭീഷ്ടത്തെ സാധിപ്പിക്കുകയും ചെയ്യുന്ന ഒരു നടപ്പും പണ്ടുണ്ടായിരുന്നതായി കാണുന്നു. ബാണന്റെ മകളായ ഉഷയ്ക്കു അനിരുദ്ധനിൽ അനുരാഗമുണ്ടായിരുന്നതിനെ പ്പറ്റിയ കഥ ഇതിന്നുദാഹരണമാകുന്നു.

ഇനി, വിവാഹവിധികളിൽ സ്ത്രീപുരുഷന്മാരുടെ ജാതിഭേദത്തെ നിരൂപണംചെയ്തിരുന്നതു പണ്ട് ഏതുവിധത്തിലായിരുന്നുവെന്നു പര്യാലോചിക്കുക. നവീനന്മാരുടെ തലയിൽ ഏറിയിരിക്കുന്ന ജാതിഭേദങ്ങളെല്ലാം പാറകളിൽ ഏതുതരത്തിലും പ്രാചീനന്മാരുടെ ചുരുക്കങ്ങളായി വന്നിരിക്കുന്നുവെന്ന് അറിയേണ്ടതാണല്ലോ. പുരാണേതിഹാസങ്ങളെ പരിശോധിച്ചുനോക്കുമ്പോൾ പ്രാചീനകാലങ്ങളിൽ വിവാഹത്തിനു ജാതിഭേദവിചാരം അത്ര വലിയ ഒരംഗമായിരുന്നുവെന്നു കാണുന്നില്ല. മഹർഷിയായ അഗസ്ത്യൻ ക്ഷത്രിയനായ വിദർഭരാജാവിന്റെ മകളായ ലോപാമുദ്രയെ വിവാഹം കഴിച്ചുവല്ലോ. ജമദഗ്നിമഹർഷി പ്രസേനജിത്തിന്റെ കന്യകയായ രേണുകാദേവിയെയാണ് പാണിഗ്രഹണംചെയ്തതു. ഋചീകമഹർഷി ഗാധിരാജപുത്രിയായ സത്യവതിയെ ഭാര്യയായി സ്വീകരിച്ചു. ച്യവനമഹർഷി രാജകന്യകയായ സുകന്യയെ കല്യാണംചെയ്തിട്ടു. ഋഷ്യശൃംഗമഹർഷിയുടെ ഭാര്യ ദശരഥന്റെ മകളായ ശാന്തയായിരുന്നു. ഇവയും മേൽ കാണിച്ച വിവാഹകഥകളും, ബ്രാഹ്മണരും ക്ഷത്രിയരും തമ്മിൽ നടന്നിരുന്ന വിവാഹങ്ങൾക്കുദാഹരണങ്ങളാണ്. ഇവയൊക്കെയും പുരുഷൻ ബ്രാഹ്മണനും വധു ക്ഷത്രിയസ്ത്രീയുമായിട്ടുള്ള വിവാഹങ്ങളാണല്ലോ. ഇനി നേരെ മറിച്ചും നോക്കുക. ക്ഷത്രിയനായ യയാതി ശുക്രമഹർഷിയുടെ മകളായ ദേവയാനി എന്ന ബ്രാഹ്മണസ്ത്രീയെയാണ് ഭാര്യയായി സ്വീകരിച്ചതു. അംബുജനിയുടെ ഭാര്യ ഒരു ശൂദ്രസ്ത്രീയായിരുന്നു.

ആര്യന്മാരും അനാര്യന്മാരും തമ്മിലും വിവാഹങ്ങൾ നടക്കാതിരുന്നിട്ടില്ല. ആര്യനായ ഭീമസേനൻ അനാര്യയായ ഹിഡിംബിയെ കല്യാണംകഴിച്ചിട്ടില്ലേ. ജ്യേഷ്ഠന്റെ നടപടിയെ അനുസരിച്ചു ഭീമന്റെ അനുജൻ അർജ്ജുനൻ ഉലൂപിയെ സ്വീകരിച്ചതു പാർക്ക. ഒരുകാട്ടാളസ്ത്രീയിലിരിക്കാം. അതിരഥൻ ചെയ്ത ഉദാഹരണവും വസിഷ്ഠന്റെ അക്ഷമാലാവിവാഹവും പ്രസിദ്ധങ്ങളാണല്ലോ. ഇങ്ങിനെ മറ്റനേകദൃഷ്ടാന്തങ്ങളെക്കൊണ്ടും പ്രാചീനന്മാരുടെയിടയിൽ വിവാഹം കഴിക്കുമ്പോൾ ജാതിഭേദത്തിനുണ്ടായിരുന്ന ഗൗരവാഭാവം വ്യക്തമാകുന്നുണ്ട്.

ഇനി ബഹുഭാര്യത്വത്തെയും ബഹുഭർതൃകാത്വത്തെയും പറ്റി കുറച്ചു പര്യാലോചിക്കാം. പ്രാചീനരുടെ ഇടയിൽ വിവാഹം എന്ന സമ്പ്രദായം പലപ്രകാരത്തിലും നടപ്പുണ്ടായിരുന്നു. ൧. ഒരു പുരുഷനു ഒരു സ്ത്രീയും ൨. ഒരു പുരുഷനും രണ്ടോ അധികമോ സ്ത്രീകളും ൩.

ഭർത്താ അധികമായ പുരുഷന്മാരും ഒരു സ്ത്രീയും ഇങ്ങിനെ മൂന്നുപ്രകാര ത്തിൽ നടപ്പുണ്ടായിരുന്നതായി പൊതുവിൽ പറയാവുന്നതാണ്.

മനുഷ്യർക്കും വാനരന്മാർക്കും തമ്മിൽ നമ്മുടെ പാശ്ചാത്യസഹോദര ന്മാർ സിദ്ധാന്തിക്കുന്ന സംബന്ധം ഈ ഘട്ടത്തിലും ഉപയോഗപ്പെടുത്തി ക്കാണുന്നില്ല. മനുഷ്യർ വാനരന്മാരെപ്പോലെ ഒരു പുരുഷനും ഒരു സ്ത്രീയു മായിട്ടോ, അല്ലെങ്കിൽ ഒരു പുരുഷനും അധികം സ്ത്രീകളുമായിട്ടോ കൂടുന്ന തല്ലാതെ ഒരു സ്ത്രീയും അനേകം പുരുഷന്മാരുമായി കൂടുന്നതു വിഹിതമല്ല. സ്തന്യജീവികളായ ജന്തുക്കളിൽ സ്ത്രീകളേക്കാളധികം പുരുഷന്മാരെയാ ണ് ബലശാലികളായികാണുന്നതു. നാലഞ്ചു പുരുഷന്മാരും നാലഞ്ചു സ്ത്രീകളും അവരുടെ ഇഷ്ടംപോലെ ഒന്നിച്ചുചേരുന്നതു അവർക്ക് സ്വാഭാ വികമല്ല. ഹിന്തുക്കളുടെ ഇടയിൽ ഒരു പുരുഷൻ ഒരു സ്ത്രീയേയോ അ ധികം സ്ത്രീകളേയോ വിവാഹംചെയ്യുന്ന സമ്പ്രദായമാണ് നടപ്പുള്ളത്. ഇതാണ് സ്വാഭാവികമായിട്ടുള്ളതെന്നു ധർമ്മശാസ്ത്രകാരന്മാർ സിദ്ധാ ന്തിക്കുന്നു.

ഒരു പുരുഷനു അധികം ഭാര്യമാരുണ്ടാകുന്നതു പ്രാചീനകാലങ്ങളി ലും നടപ്പുണ്ടായിരുന്നു. വിചിത്രവീര്യനും ദശരഥനും ഈരണ്ടുഭാര്യമാ രുണ്ടായിരുന്നു. ശ്രീകൃഷ്ണനു ബഹുഭാര്യത്വംതന്നെ ഉണ്ടായിരുന്നു. സൌഭരി എന്ന മഹർഷി മാന്ധാതാവിന്റെ പെൺമക്കളെ മുഴുവൻ ഒ ന്നായി കരഗ്രഹിച്ചു. വസുദേവൻ ദേവകന്റെ പുത്രിമാരെല്ലാം പരിഗ്രഹ ണംചെയ്തു. അദ്ദേഹത്തിന്റെ അനുജനായ ഉഗ്രസേനനന്ദനനും അന്യവിവാഹത്തിലധികം ചെയ്വാൻ കഴിഞ്ഞില്ല. പാണ്ഡവന്മാർക്കും പാ ഞ്ചാലിക്കു പുറമെ ഭാര്യമാരുണ്ടായിരുന്നു. രാജാക്കന്മാർക്ക് "പരിഗ്രഹ ബഹുത്വം" ഉണ്ടായിരുന്നുവെന്നുള്ളതിലേക്ക് അനേകം ദൃഷ്ടാന്തങ്ങളുണ്ട്. ഇങ്ങിനെ ബഹുഭാര്യത്വം ഉണ്ടായിരുന്നതുപോലെ പ്രകൃതിക്കു വിരോധ മായ ബഹുഭർതൃകത്വവും പണ്ടു നടപ്പുണ്ടായിരുന്നില്ലെന്നില്ല.

"പാഞ്ചാലിയെന്നൊരു പെണ്ണിനെക്കണ്ടിട്ടു
പഞ്ചബാണാർത്തി പിടിപെട്ടു" പാണ്ഡവർ
"അഞ്ചുപേരുമൊന്നിച്ചു ചെല്ലുവ കൈപിടി-
ച്ചൂഴ്മാറ്റി വേളി കഴിച്ചുതേ"

പാണ്ഡവന്മാർ മാത്രമല്ലാ ജടിലയും കേട്ടിട്ടുണ്ട്. എന്നാൽ—

"നാലഞ്ചു ഭർത്താവൊരുത്തിക്കതൊന്നും
ശാസ്ത്രത്തിങ്കൽ വിധിച്ചതല്ലോർക്കണം"

പിന്നുള്ള സമ്പ്രദായികസംഗതിയാണെ ഗ്രന്ഥകാരന്റെ അഭിപ്രായമെന്നും തോന്നിക്കുമാറിയാം. പാശ്ചാത്യരുടെ ബഹുഭർത്തൃകാത്വം ഒരു പ്രാകൃത വിഷയമാണെന്നും അതു നിന്ദ്യമല്ലെന്നുമാണല്ലോ വെച്ചിരിക്കുന്നതു. ഒരു ഇപ്പോഴത്തെ ഗോത്രശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം [illegible] പുത്രിക്കു പത്തും ഭർത്താക്കന്മാരുണ്ടായിരുന്നതും ഒരു പ്രത്യേകവിഷയമായിരിക്കാം. എന്നാൽ സാധാരണസംഗതികളിൽ ബഹുഭർത്തൃകാത്വം അംഗീകാർയ്യമാണെന്നു ആരുംതന്നെ തീർച്ചയായി സമ്മതിച്ചിട്ടില്ല. ചിലർ ഇവ നിയമത്തെ വകവെച്ചിട്ടുമില്ല. ഈ അവസരത്തിൽ, ഒരു നല്ല ചരിത്ര ഗ്രന്ഥകാരനായ മിസ്റ്റർ താണസ്വാമി അയ്യങ്കാർ ബി. എ. എഴുതിയ ഒരു ഭാഗത്തെ ഇവിടെ പകർത്തുന്നതു ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു:—

"......................അയോദ്ധ്യയിലുള്ള തിയ്യർജാതി സ്ത്രീകൾ മറ്റുള്ളവരെ വകവെക്കാതെ വലിയ ഭോഗങ്ങളായി താമസിക്കുന്നു. അവരുടെ ഇടയിൽ വിവാഹമെന്നതു ഒരു ബന്ധമായി കാണപ്പെടുന്നില്ല. മധുരയിലുള്ള കള്ളജാതിക്കാരിൽ ഒരു സ്ത്രീ പത്തോ എട്ടോ ആറോ രണ്ടോ പുരുഷന്മാർക്കു ഭാർയ്യയായി ജീവിക്കുന്നു. അവർക്കുണ്ടാകുന്ന കുട്ടിയെ അവരെല്ലാവരുടേയും മകനായിക്കരുതിവരുന്നു. മധുരയിലെ കള്ളസ്ത്രീകൾക്കു എത്ര പുരുഷന്മാരെ വേണമെങ്കിലും അംഗീകരിക്കാം. എന്നാൽ അവർ ജീവിച്ചിരിക്കുമ്പോൾ മറ്റൊരാളെ പരിഗ്രഹിച്ചുകൂടാ. നീലഗിരിയിലെ തോഡജാതിസ്ത്രീ അവന്റെ ആങ്ങളമാരുടെയും പൊതുവിലുള്ള ഭാർയ്യയാണ്. മലയാളത്തിൽ തിരുവിതാംകൂറിലുള്ള ഈഴജാതിസ്ത്രീയും അങ്ങിനെതന്നെ. നീലഗിരിയിലെ പളിയരുടെ ഇടയിൽ സ്ത്രീയുടെ വ്യഭിചാരത്തെ ദൂഷ്യമായിക്കരുതുന്നില്ല. മലയാളത്തിലെ തച്ചൻ, കണിയാൻ എന്നീ ജാതിക്കാർ തങ്ങളൊരുമിച്ചുകൂടി വല്ലതെ വിലയ്ക്കെടുപ്പതു പോലെ ഒന്നിച്ചുകൂടി ഒരു സ്ത്രീയെ കല്യാണംകഴിക്കുന്നു. "ആസാം" ദേശത്തിൽ ഒരു സ്ത്രീക്കു കല്യാണം കഴിയുന്നതുവരെ വ്യഭിചരിക്കുന്നതിന്നു വിരോധമില്ല. കല്യാണത്തിന്നു ശേഷമായാൽ അതു ശിക്ഷാർഹമായ ഒന്നാകുന്നു.......................[illegible] പരമ്പരയിൽ ജനിക്കുന്ന കുട്ടി അച്ഛനുള്ളതാകുന്നില്ല. ചില സമയത്തിൽ സന്താനമില്ലാതെ പോകുമെന്നു വന്നാൽ വിധവയിൽ അവളുടെ ഭർത്താവിന്റെ പുരുഷന്മാരെക്കൊണ്ടു ജനിപ്പിക്കാമെന്നു മനു വിധിച്ചിട്ടുണ്ട്. ആ സമ്പ്രദായവും ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുന്നു."

ഇനി വിചാരിക്കേണ്ടതു വിവാഹകാലത്തെപ്പറ്റിയാണ്. ഇക്കാലത്തു സ്ത്രീപുരുഷന്മാർക്കു രണ്ടുപേർക്കും ബാല്യത്തിൽത്തന്നെ വിവാഹം നടക്കുന്നതായിക്കാണുന്നു. സ്ത്രീ ഋതുമതിയാവുന്നതിനു മുമ്പു വിവാഹം കഴിക്കേണ്ടതാണെന്നുള്ളതു ഒരു നിർബ്ബന്ധവിഷയമാണ്. എന്നാൽ ചിലർ ഈ നിർബ്ബന്ധത്തിനു കീഴടങ്ങാറില്ല. കേരളബ്രാഹ്മണരിൽ നല്ല വയസ്സായ പുരുഷന്മാരും [illegible] വയസ്സായ സ്ത്രീകളെ വേൾക്കുന്നതിനെക്കുറിച്ചു ചിന്തിക്കാറില്ല. പ്രാചീനകാലത്തു ബാല്യവിവാഹം നടപ്പുണ്ടായിരുന്നില്ലെന്നാണ് തോന്നുന്നു. പുരുഷന്മാർക്ക് ബ്രഹ്മചര്യാശ്രമം കഴിഞ്ഞേ ഗൃഹസ്ഥാശ്രമം സ്വീകരിക്കാവൂ എന്ന നിയമം, അവരുടെ പ്രൗഢവയസ്സിലുള്ള വിവാഹത്തെ വിശദീകരിക്കുന്നു. ബാല്യത്തിൽ ആരംഭിച്ച പഠിപ്പു കഴിഞ്ഞു വരാത്തതിനാൽ ഇപ്പോഴത്തെ വിവാഹം പുരുഷന്മാർക്ക് അസാദ്ധ്യമായിരിക്കും. സ്ത്രീകളുടെ പ്രൗഢകാലവിവാഹത്തിനുള്ള കാരണം അവർക്കു ഗൃഹസ്ഥാശ്രമത്തിനു യോഗ്യത സിദ്ധിക്കുവാനാകുന്നു. അതു കാണിക്കുന്ന ഋഗ്വേദസൂക്തം താഴെ ചേർക്കുന്നു:—

“കൃതേ വിവാഹേ [illegible] ബ്രഹ്മചാരിണാ
[illegible] കന്യാ സ്യാൽ [illegible]
[illegible]
[illegible] സ്യാൽ കന്യാ [illegible]
[illegible]
[illegible]
[illegible] കന്യാ [illegible]
[illegible]”.

ഇങ്ങിനെ [illegible] വചനങ്ങളിൽനിന്നു ബാല്യവിവാഹം അസാധാരണമായിരുന്നു എന്നു കാണുന്നതാണ്. ഇതുകൊണ്ടു, “പിതൃഗേഹേ തു യാ കന്യാ രജഃ പശ്യത്യസംസ്കൃതാ” എന്നതുപോലെ പ്രാചീനനിയമങ്ങളും പിൽക്കാലങ്ങളിൽ മാറ്റങ്ങളുണ്ടായതായി തെളിയുന്നു.

ഇനി [illegible] ഒരു [illegible] സംഗതിയാകുന്നു. വിവാഹത്തെക്കുറിച്ചുള്ള പ്രസ്താവത്തിൽ [illegible] വിഷയങ്ങളിൽ വിപുലമായി [illegible] ആകുന്നു.

‘‘നഷ്ടേ മൃതേ പ്രവ്രജിതേ ക്ലീബേ ച പതിതേ പതൗ
പഞ്ചസ്വാപത്സു നാരീണാം പതിരന്യോ വിധീയതേ’’

എന്നുള്ള പരാശരവചനത്തിൽനിന്നു പുനർവ്വിവാഹം നിഷിദ്ധമല്ലെന്നു തെളിയുന്നുണ്ട്. പക്ഷെ ഈ വചനത്തെ ഇപ്പോഴും ജനങ്ങൾ ആദരിക്കുന്നില്ല. എന്നാൽ പ്രാചീനകാലത്തു പുനർവ്വിവാഹം നടപ്പുണ്ടായിരുന്നുവെന്നുള്ളതിലേക്കു വേറെയും ലക്ഷ്യങ്ങളുണ്ട്. ബൃഹന്നാരദീയം മുതലായ ഗ്രന്ഥങ്ങളിൽ ‘‘ദ്വിജാനാമസവർണ്ണാസു കന്യാസൂപയമസ്തഥാ ദത്തായാശ്ചൈവ കന്യായാഃ പുനർദ്ദാനം പരസ്യ ച’’ എന്നു മുതലായ ചില സംഗതികൾ കലിയുഗത്തിൽമാത്രം നിഷേധിക്കപ്പെട്ടവയാണെന്നു പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടുതന്നെ പുനർവ്വിവാഹം പ്രാചീനകാലത്തു നടപ്പുണ്ടായിരുന്നുവെന്നു പ്രത്യക്ഷപ്പെടുന്നു.

കെ. വി. എം.

നാറാണത്തുഭ്രാന്തൻ (*)

൧. വേദാന്തതത്ത്വാർത്ഥത്തിലെന്നോ—
ട്ടേതൊരുവൻ പാക്കനാരുടെ തമ്പി
ആരാണവൻ തന്നെയാരും തിരിച്ചില്ലാ
നാറാണത്തു ഭ്രാന്തനാമനാണെന്നാൻ.

൨. മേദിനീപാലകന്മാരെപ്പോലുള്ളോരാ
മേദിനീദേവന്മാർ ധീരനാം വിപ്രവര്യൻ
ചാതുർവർണ്ണ്യം കൂട്ടത്തോടുള്ള വിപ്രൻ
ചാരത്തെയാരോ കാണുമ്പോൾ ഭ്രാന്തനായി.

൩. കാമക്രോധ ലോഭ മോഹങ്ങളാലാ—
ക്കേവൽ വേദാന്തത്തിൽ കളിച്ചവൻ
ഇന്ദ്രിയങ്ങൾക്കുള്ള സംസാരികളോടൊക്കെ—
ളാലെയൊട്ടും ചിന്തയിൽ ഭ്രാന്തനായി.

(*) ഈ കവിതയും ‘‘ഉല്ലേഖനം’’ ഒപ്പുറിയും പറഞ്ഞയച്ചിട്ടുണ്ട്

മം—പത്രാധിപർ.

൪. തീയും തീരും കണ്ട ഭിക്ഷുകൾ വെന്തു-
ന്നായുള്ളോരാ ഭ്രാന്തനാംപിള്ളയെല്ലാൽ
പോയുണ്ടാവാം പൂണ്ടു കാട്ടും ശ്മശാന-
ത്തീയുള്ളോരാക്കാട്ടിൽ വെട്ടുന്നൊരാഞ്ഞി.

൫. കാട്ടിൽക്കിട്ടും കനല്പ്പഴമലച്ചെപ്പും
കൂട്ടിച്ചുട്ടിൽപ്പുട്ടകം കൊള്ളിത്തല്ലി
പാട്ടിൽക്കൂട്ടത്തിലുമൊട്ടിട്ട ശബ്ദം
കെട്ടിപ്പൂട്ടിനൊന്നു ചോറ് വെച്ചുവാങ്ങി.

൬. പുല്ലിൽ ഭ്രാന്തൻ പേക്കിനകവിട്ടിപ്പിൽ
കല്ലിൽ കാലും വെച്ചു തീക്കാഞ്ഞിരിക്കു
മല്ലിക്കൂട്ടരനാർത്ത്യമൊക്കാനാണെന്നാ-
മല്ലിൽ ക്രീഡിപ്പതിനാളെന്റെ കാളി.

൭. കാളികണ്ണുന്നായിത്തെതീയിലോരോ
കേളിയുള്ളന്നും ഘോരയാം കൂകാളി
ക്ഷീണിക്കും പൂർവ്വമാം കാട്ടിലെന്നാ-
നാളിൽ കണ്ട ഭോഗനാം ഭ്രാന്തനേയും.

൮. എന്തായാലും പട്ടത്തീയിൽ നേരെ
വെന്താലപ്പാതം വെച്ചിരിപ്പാനിനാരോ
ഭ്രാന്താണിപ്പോൾ കണ്ണടച്ചാരാതിരാള-
ഭ്രാന്തന്റെ യോഗിവിധം ഭോഗി പിറന്നു.

൯. ഇപ്പാരിലും പട്ടത്തീയെപ്പോലെ
തിപ്പോരതി ഭ്രാന്തു കാണിച്ചിട്ടുണ്ട്
യല്ലാ പാപ്പനാണത്തി നേരൻ കളിക്കും
തിപ്പാണെന്നാൽ ചാലു കെട്ടിപ്പിടിക്കും.

൧൦. പേടിക്കും നീ, കുട്ടിനോടൊന്നു തീയിൽ
ച്ചാടി ക്രീഡിച്ചന്നവൻ മക്കളൊന്നെ
ഓടിപ്പോകുന്നവനാരൂഢിയെന്നാൽ
ഞെട്ടിപ്പോയവൻ ചോദ്യം പാരം തീ വിക്രൻ.

൫൫. നന്നാറെയന്നാൽ പേടിയെന്നുള്ളതൊരു-
ണ്ണെന്നാരെയാണിങ്ങിനെ കാണുവാൻ കഴിയും
വന്നാലും നി തീക്കുള്ളിലുള്ള വൈകി-
ച്ചെന്നാലിതെന്നുണ്ടാകുമെങ്കിൽ തോറും.

൫൬. നീങ്കലീയും കിട്ടിയെന്നു വെളി-
ഞ്ഞാലും തോറ്റിച്ചിട്ടില്ല വ്രതം മേ
പോതും വാദം പോക വേഗം കളിച്ചു-
ള്ളോരും ചേർപ്പൂടാരെ താമസിച്ചാൽ.

൫൭. തീരാണോളംകൊട്ട്, കൂട്ടിച്ചുറ്റപ്പു-
റാരണ്ടവോ നിണ്ടം, കൊള്ളാവലിപ്പു
മാറമെന്നാൽ മായമില്ലെന്നു കാര്യം
നേരാണിതാണിതുതാനിന്നാളും.

൫൮. എട്ടിയ ക്രൂരിടാതെയുണ്ടൊനാരാൾ-
മേവൻ പേടിച്ചിട്ടവൻ ഇടുകാലി
മേയമാതും കണ്ടിരിൽ അത്രുന്നാളു-
ള്ളമാവം ഹാളരൂപം ധരിച്ചു.

൫൯. കട്ടിത്തിലേറെ മലമണ്ടിമെല്ലുളള
മട്ടിൽത്തുണ്ടും താവു ഹോരാട്ടഹാസ
പൊട്ടിപ്പാളും തീയണിഞ്ഞു കേശ
തിട്ടിമിഹ കാരുകായ്മേവി നിന്നു.

൬൦. മാടിപ്പാടിപ്പുത്രരതീനാട്ടതാം-
നാടിള്ളമുള്ളമോരോന്നുകൂടി
ചാടിത്തുള്ളും കാളിയെക്കണ്ടു വിപ്രൻ
പേടിച്ചുതേ പുതലിതിനെ മോന്തിരച്ചു

൬൧. പോതും പോതും ശോച്ചി പേടിച്ചുതില്ലു-
ള്ളോരും മൈഥുനം പോയിനിതെല്ലാമല്ലോ
തീരും താവിണ്ടിപ്പൊഴിട്ടുപ്പൊരുണ്ടും-
ച്ചെന്നും മോദമെല്ലാർക്കും ഞാനം.

ബ്ര. ചോദിച്ചേനിതു കാളി നൽകും വരം നീ
ചോദിച്ചീലല്ലോ, ഇപ്പോഴെങ്ങാൻ പറഞ്ഞു
ബോധിപ്പിച്ചിടാൻ മാപ്പുണ്ടാകാ നിന
ക്കൂടിച്ചേർക്കിലെന്നു നൽകും വരം വിട്.

ബ്രാ. ചൊന്നാലുമപ്പോളെന്റെ മനസ്സിൽ ദൃഢമെന്നാ-
ലന്നാൾ തന്നെ നൽകിടേണം വരം ഞാൻ,
എന്നാൽ ഞാൻ ചാവുന്നനാളിൽ തലേന്നാ-
ളെന്നാളും ചാകണമെന്നായി വിപ്രൻ.

ഭ. ചാവാനുള്ളാ നാളു മറില്ല മനോ-
ന്നായ്വന്നാൽ ഓർമിച്ചോതുകൽപ്പാന്തം
ഈ വാക്കൊപ്പിച്ചതു കേട്ടിന്നു മനോ-
കാൽ പാടുതീർന്നിതന്നാൾ ചെവിക്കുന്നൻ.

വൃ. വരമേവിധമന്നാ വിപ്രനോടിക്കുമ്പോൾ
കരളുകൾ കളി വിട്ടാകൊളു കനം മനഞ്ഞു
വരമെങ്കിൽ നന്ദി വിശ്വമെന്നാളും മന്നും
പരമോരമിതന്നാ ഉന്നവിപ്രൻ തപോധി.

കണ്ടൂർ നാരായണമേനോൻ ബി. ഏ.

മേനോൻ കൊശവനായത്

'ശംഭോ! മഹാദേവ! ഇപ്പുറമൊപ്പം! പ്രസാദിക്കേണമേ!' എന്നു പറഞ്ഞുകൊണ്ടു താടിയും തലയും നീട്ടി രുദ്രാക്ഷമാലയും ധരിച്ച്



മറ്റും മെലാകെ പൂശി ഉദ്ദേശം എഴുപതു വയസ്സു പ്രായമുള്ള ഒരു തീർത്ഥവാസി ഇപ്പുറമൊരു വടക്കേ പടിവാതുക്കൽ കിഴക്കേ വശത്തെ തിണ്ണയിൽ വന്നുകൊണ്ടു നടക്കുന്നു. അയാളുടെ പിന്നാലെ ഭസ്മം കുറിയിട്ട് തുളസിമാലയും കഴുത്തിലിട്ടുകൊണ്ട് ഏഴു വയസ്സു പ്രായം തോന്നുന്ന ഒരു പെൺകുട്ടിയും അവളുടെ വശിയെ കണ്ണുനീരുമായും കയ്യിൽ തുളസിമാലയും ഭസ്മപാത്രമായ

ലേപനവുമായിട്ടു താപസിവേഷം ധരിച്ചു് പക്ഷേ യൗവനം ഗർഭിണി
യായിട്ട് ഏകദേശം ഇരുപത്തഞ്ചുവയസ്സു ചെന്ന ഒരു സ്ത്രീയും ഉണ്ടായി
രുന്നു. ഇവർ ചിറയുടെ വടക്കേക്കരയിൽ ചെന്ന നില്പായി.

'എന്റെ ഭഗവാനേ! എന്തു ചൈതന്യമാണ്'. നോക്കിനോക്കി
തൊഴാൻകൂടി വയ്യാ. പേടിയാവും. കാലാന്തകനായ സ്വാമി! എന്റെ
കുട്ടിക്ക ദീർഘായുസ്സു കൊടുക്കണേ, നല്ല വരത്തണേ' എന്ന കണ്ണീ
രൊഴുക്കിക്കൊണ്ടു ആ സ്ത്രീ പ്രാർത്ഥിച്ചു. മകൻ ഒന്നുംമിണ്ടാതെ ഒന്നു നോക്കി
വീർപ്പിട്ടു. ഇവർ ഗൃഹസ്ഥം തന്നെ അവിടെ എത്തിയതേയുള്ളൂ. ആ ബാല
കാ ഒരുമാതിരി ക്ഷീണിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ അവിടെ ഇരുന്ന
പോയി. കാര്യാന്തരങ്ങളിൽ ജനങ്ങളുടെ പ്രവൃത്തിയെ അനുകരിച്ചു.
സ്ത്രീ—മഹേശ്വരാ! ഞാനുംകൂടി മിണ്ടാതെ പാവുകളിപ്പാൻതന്നെ തി
ന്നാവാൻ വയ്യാതായിരുന്നു. ഇപ്പോഴേക്കും കഴിഞ്ഞു എന്ന
പുണ്യതീർത്ഥമായിരുന്നുവല്ലോ.
തീർത്ഥവാസി—നാരായണ! ശിവശിവ! സ്വാമി! കാര്യം ശരി. പക്ഷേ
ഇന്നത്തെ നേരമൊ ഇവിടെ നടന്നതിൽ കാര്യ സാഹസമാ
യിപ്പോയി. കല്യാണിക്കുട്ടി വലഞ്ഞു പോയതു കണ്ടില്ലേ? നിങ്ങൾക്കു
ഒരുമാതിരി ക്ഷീണമുണ്ട്. ഇല്ലേ?
സ്ത്രീ—ഞാൻ ഇവൾക്ക വല്ലതും കൊടുപ്പാനാണു വഴി? കൊടുത്തു
പോരാൻ വാത്സല്യത്തിലെങ്കിലും കിട്ടുമോ? തമ്പുരാൻ ഇക്കണ്ട
കാലമെല്ലാം ഉണ്ണാതിരിക്കുന്ന എന്നല്ല കേട്ടത്?
തീർത്ഥവാസി—പക്ഷേ ഉണ്ണാക്കത്തന്നെ. നമ്മുടെ നിത്യവൃത്തി ഇങ്ങി
നെയാണല്ലോ കഴിഞ്ഞുകൂടുന്നത്.

തീർത്ഥവാസങ്ങൾ ചെയ്തിട്ടും ഇപ്രകാരം ഓരോന്ന സംസാരിച്ചു
കൊണ്ടു കാവ്യംതോറും ചുറ്റി നടന്നു ഇങ്ങനെ ദർശനം. തമ്പി
കളെ താങ്ങിപ്പിടിച്ചു ശയിപ്പിച്ചു. ഒന്നൊന്നായി പിന്നെ പടിഞ്ഞാറെ
വശത്തുള്ള കോവിലകത്തേക്കു പോകയും ചെയ്തു.

കൊല്ലവർഷം ഒൻപതാംനൂറ്റാണ്ടിന്റെ ആരംഭകാലത്ത് വെട്ടത്തുനാട്ടു
വാണിരുന്ന കേരളവർമ്മരാജാവവർകൾ ഇപ്പോഴത്തെ കോവിലകത്തേ
അന്നുണ്ടായിരുന്നുള്ളു കൊണ്ടു അവർ ആ കാവിന്റെ സമീപത്തിൽ ഒരു മാളിക
ന്നു ഉണ്ടായില്ല. തമ്പുരാൻ തന്നെ എഴുന്നെള്ളിയിരുന്ന് സന്ധ്യക്കും
രാവിലെ പല പൂജാദികളും കഴിപ്പിച്ചു. വിശേഷിച്ചും ഈ തീർത്ഥവാ
സികളുടെ കാര്യത്തിൽ ഉപേക്ഷിക്കരുതെന്ന അവർക്ക തോന്നി. തീർ

വാസിക്ക് രാജ്യവിരുദ്ധ ഒരു പ്രവൃത്തിയിനാലും കണ്ടതുപ്രകാരം കാരാഗൃഹത്തിൽ പ
ങ്കെടുക്കാ പാണ്ടങ്ങളോ എന്താണെന്നറിയുന്നില്ല. എങ്കിലും ആയുധ
ം അല്പം പോലിക്കാത്ത കാര്യത്തിന് തന്നെത്തന്നെ ഒരു കുടുംബത്തിന്റെ പരിചര
ണം ചെയ്യുന്നു. ഏതുമാതൃകകൾ ഉള്ളതിനാൽ തീർത്ഥവാസികൾക്ക് ഉപ
കാരമുള്ള ഒരു കാര്യമാണെന്നു ഉറപ്പിച്ചിട്ടില്ല. ഇങ്ങനെ താമസ
മൊരുക്കാൻ ഉദ്ദേശിച്ചുള്ള പാതിരാത്രത്തിൽ ഈ വൃത്തം ഉറപ്പിപ്പാക്ക
വാൻ ഭാവിച്ചപ്രകാരം തന്നെ അതിപൂർവമായി ഗൃഹവാസവുംകൂടി
താമസിപ്പാൻ കല്പിച്ചു. തീർത്ഥവാസിക്ക് അതിനാൽ മനസ്സുണ്ടായിരുന്നി
ല്ലെങ്കിലും താമസിക്കേണ്ടിവന്നു. സുകുമാരിയായ ശകുന്തളെ, അമ്മക്ക്
ആ വിശ്രമം ഏറ്റവും മനസ്സിന്നാശ്വാസകരമായതിനാൽ ഏതു പ്രകാര
ത്തിലും. ഇവർ ഇങ്ങിനെ ഗൃഹവാസം ആ രാജധാനിയിൽ വിശ്ര
മിക്കട്ടെ. കഥാപ്രവൃത്തം മറ്റൊരു സ്ഥലത്തേക്ക് മാറേണ്ടിവന്നിരിക്കുന്നു.

കോഴിക്കോടിന്റെ അടുത്തുള്ള ഒരു ഗ്രാമമായ എന്ന ഒരു
ദേശത്ത് ഉയർന്ന ഇല്ലത്തിൽ മൂസ്സന്മാരിൽ പ്രധാനിയും സാമൂതിരിമഹാരാജാ
വിന്റെ മന്ത്രിയുമായ തോണ്ടൂർ ചെറുമൂസ്സിന്റെ ഒരു ഗ്രഹമുണ്ട്. അവി
ടെ "തോണ്ടൂരമന ഇല്ലത്ത്" എന്ന സ്ഥാനപ്പേരുള്ള കാരണവർ അ
കൻ കേശവൻ മൂസ്സ് താമസിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബക്കാ
രിൽ വേറെ ആരും അവിടെ പാർത്തിരുന്നില്ല. സ്വന്തം പരിഗ്രഹമായ
ഏതാനും കൂട്ടരുമായ അവിടെത്തന്നെ മിക്കകാലങ്ങളിലും കൂടെ
അകമ്പടിക്ക് പതിവായിരുന്നു. ഈ സ്ത്രീയുടെ അമ്മാമൻ മകൻ
അദ്ദേഹത്തിന്റെ പ്രധാനകാര്യസ്ഥനായി വരിച്ചുവന്നിരുന്നു. ആയാൾ
നാട്ടുകാരും ഏറനാട്ടുകാരും മറ്റുമായി പല വസ്തുക്കളുള്ള സ്ഥലങ്ങ
ളിൽ പിരിവിനായി സഞ്ചരിച്ചിരുന്നു.

ഒന്നാം പതിനഞ്ചു കഴി ഇരുപതിനു നാലാം തീയതി നാട്ടിനിലെ
സാമൂതിരിമഹാരാജാവിന്റെ തിരുമനസ്സിലെ അടുത്തതിന്നു പുതിയ സ്ഥ
ലത്തിലേക്ക് പുറപ്പെട്ടതിനാൽ മനമായിട്ട് കോവിലകത്തേക്ക് പോയി
രുന്ന എഴുന്നള്ളത്ത് കഴിഞ്ഞു സ്നാനാദികൾ കഴിച്ചു കുറച്ചു
വിശ്രമിച്ചതിന്നുശേഷം അദ്ദേഹത്തിന്റെ കാര്യസ്ഥൻ ഇല്ലത്തു
നിന്നുമായി എത്തിച്ചേർന്നു. ആജാനുബാഹുവായി വെളുത്തുതടി
ച്ച് കവിളുകൾ നരച്ച വടുവും നെറ്റിക്കുറിയും വലിയ
തൊപ്പിയും ശരീരമാകെയുള്ള ആ വീരപുരുഷൻ മെയ്യുറകളോ വീരചി
ഹ്നങ്ങൾ കഴുത്തിലൊരു സ്വർണ്ണമാലയും ധരിച്ചു തലയിൽ ഒരു ഉറുമാലും കെട്ടി

[illegible] തെക്കേപ്പുറത്തു [illegible] ചാരിയ [illegible]
[illegible] സല്ലാപം തുടങ്ങി.

മാധ്വ—ഇവിടുന്നു ഇന്നലെ രാത്രിതന്നെ ഇവിടെ എത്തുമെന്നു വിചാരിച്ചിരുന്നു. എന്താണ താമസമായിപ്പോയതു?

ശങ്കരൻ—ഇന്നലെ പുറപ്പെടാൻ തരമായില്ല. [illegible] വഴിക്കു ചില ദുഷ്ട [illegible] കണ്ടതുകൊണ്ടു ചില സാഹസങ്ങൾ ചെയ്യേണ്ടിവന്നതിനാൽ താമസം പറ്റിയതാണ.

മാധ്വ—[illegible] പുതിയ [illegible] 'പുത്തരിയിൽത്തന്നെ കല്ലു കടിച്ചോ'.

ശങ്കരൻ—അതല്ല ഞാൻതന്നെ [illegible] രാത്രി [illegible] പുറപ്പെടുവാൻ തരമായുള്ളു. ചാലിയത്തുവച്ചു [illegible] കളും അക്രമികളുമായി ചില പോരാട്ടങ്ങളൊന്നും കേട്ടിട്ടില്ലാ. [illegible] ഒരു സംഭവത്തിലാണു. [illegible] ഞാൻ അല്പ [illegible] എന്നായിട്ടില്ലാ [illegible] ഉണ്ടായിരുന്നു. അവൻ 'ഒരു [illegible]' എന്നു പറഞ്ഞുകൊണ്ടു [illegible] പറഞ്ഞു. [illegible] '[illegible] ഒരു പെൺപിള്ളയെ—' [illegible] ഞാൻ [illegible] പറഞ്ഞു.

മാധ്വ—[illegible] ഇല്ലല്ലോ.

ശങ്കരൻ—[illegible] ഇല്ലാത്ത [illegible] പാതിരാ [illegible] പോലെ [illegible] കണ്ടു. [illegible] ഒരു [illegible] പിടിച്ചുകൊണ്ടു [illegible] പറയുന്ന [illegible] വള്ളിയും [illegible]. ഒരു [illegible] എന്തോ ചില ക്രിയകൾ ചെയ്യുന്നു, ജപിക്കുന്നു, [illegible] പൂവാന പൂക്കൾ വിതറുന്നു, അലറുന്നു, പായ [illegible]

ക്കുപ്പൻ പെണ്ണിനെ പിടിക്കുന്നു; മോതിരം അഴിക്കുന്നു; കത്തി എടുക്കുന്നു; വ യറ്റത്തു വെക്കുന്നു. എന്തൊരു ക്രൂരസ്വഭാവമാണ്.

മാല്യ—അയ്യോ! കഷ്ടമായി! കേൾക്കട്ടെ.

ഭർത്താവ്—കേട്ടോളൂ—ഞാൻ അരവാളൂരിക്കൊണ്ട് ഇടയിൽ ചാടിവീണു ആ ക്രൂരകൃത്യകാരൻ്റെ കഴുത്തിൽ ഒരൊറ്റ വെട്ടുവെട്ടിയതും, രാമൻ്റെ ള്ള മകൻ ആ കൃഷ്ണപ്പണിക്കരെ തള്ളിവീഴ്ത്തി! പാറക്കല്ലുപോലെയായിരുന്നു, പ്പാകപ്പെട്ടു. പിന്നെ ഞങ്ങളും പറയുമാനമായിട്ടൊരു വലിയ പോ രാട്ടമായി. അവർ മുപ്പതുപേരോളം ആയുധങ്ങളുമായി നില്ക്കുന്നുണ്ടായിരുന്നു, കത്തിയും വടിയുമായിട്ടവരൊക്കെക്കൂടിപ്പാഞ്ഞുകയറി. ഞാൻ അതിൽ പത്തുപേരെ ഒരു തിരിഞ്ഞുകളിയിൽത്തന്നെ വെട്ടിക്കൊന്നൊടുക്കി. എൻ്റെ പരിവാരങ്ങളും ഒന്നുകൂടുന്നവരായി ചിലരെ മുറിപ്പെടുത്തി, ചിലർ വീണു; ചിലർ പാഞ്ഞുപോയി. ആ കൃഷ്ണപ്പണിക്കരെ രാമൻമ ന്നു തന്നെ പിടികൂടി കെട്ടുപാടേ വരിഞ്ഞുകെട്ടി. ആപ്പോഴും അവൻ എന്തോ ചിലതു ചെയ്യുവാനായി കത്തിക്കുത്തി. അപ്പോൾ ആ പെ ണ്ണിനെന്നരാത്രിയിൽ സംബോധനയായി. അവൾ പരിഭ്രമിച്ചു 'മ ഹോദരാ! കേൾക്കൂ!' എന്നുറക്കെ വിളിച്ചു നിലവിളിച്ചുതുടങ്ങി. എൻ്റെ ആളുകളിൽ ചിലർ അവളെ ആശ്വസിപ്പിച്ചും താങ്ങിപ്പിടിച്ചും കൂട്ടി ക്കൊണ്ടുപോന്നു. രാമൻമേനോനും മറ്റു ചിലരുംകൂടി പരപ്പായവനെ നട ത്തിക്കൊണ്ടു മുമ്പിൽ നടന്നു. ഞാൻ പിന്നിലായിട്ടും ചെന്നു. നല്ലനേരം ഇരുന്നപ്പോൾ നേരം പുലരാൻ എത്ര കഴിഞ്ഞു. പിന്നെ എവിടേയാ ണെന്നോ എന്ന സംശയം. പുലർന്ന ഉടൻ പരപ്പായവനെ വിസ്തരിച്ചു. അവൻ, ഇക്കഴിഞ്ഞ കൊല്ലത്തിൽ ഒരു സംഗതിവശാൽ പോയിരുന്നു എന്നും, അവിടെ വെച്ചു സന്ധ്യക്കു മുമ്പ് പുരുഷനോടും ഒരു പെൺകുട്ടിയും ഈ സ്ത്രീയും വടക്കോട്ടു പോകുന്നതു കണ്ടു എന്നും, അവരെ പിന്തുടർന്നു പോന്നു എന്നും, അവർ മണ്ണാർക്കാട്ടിനു കിഴക്കുപുറത്തൊരു സ്ഥല ത്തു രാത്രി കിടന്നുറങ്ങിയെന്നും, അപ്പോൾ അവൻ സ്ത്രീയെ ആകർഷിച്ചു പുഴക്കടവിൽ കൊണ്ടുപോന്നു കുപ്പനെ ഏല്പിച്ചുകൊടുത്തു എന്നും, പിന്നെ ഞങ്ങളുടെ നിങ്ങൾ കണ്ടുതിരിച്ചറിയുകയായിരുന്നു എന്നുമാണ് അവൻ്റെ വിസ്താരത്തിൽ കിട്ടിയ അറിവു. അവനെ വേണ്ടപ്രകാരം ശിക്ഷ യിപ്പിച്ചുവിട്ടു. ആ കൃഷ്ണപ്പണിക്കരെ പിടിച്ചു കൈ കൊടുക്കുകയായിരു ന്ന ശിക്ഷ. രാജ്യത്തിൻ്റെ മര്യാദപ്രകാരം കൊന്നു ഒരു സ്ത്രീ സ്വാതന്ത്ര്യം വന്നതിൻ്റെ ശേഷം ശിക്ഷ കൊടുത്തു കഴിഞ്ഞിട്ടു വൈ

ത്തെ ഇതൊക്കെ കൊണ്ടുവരുവാൻ ആ ശൂദ്രരിൽ ചിലരെ ഏല്പിച്ചു തൊന്ന ത്തൊട്ടു പോരികയും ചെയ്തു.

ഭാഷ്യ—അവരെ വിട്ടുപോരികയാണെന്നും മറ്റും വിവരങ്ങളറിയുവാൻ വി ട്ടകരമായി. ഇതൊക്കെയും ആകയാൽ, അപ്പുറത്തു ചിലർ വന്നിട്ടുണ്ടെന്നുള്ളതാണെന്നു ഊഹിക്കാം.

കൊടുങ്ങല്ലൂരിലെ ഏഴു നീറ പൂർണ്ണമാക്കിയപ്പോൾ അവ ല്ലാ വന്നിട്ടുള്ളത്. വേറെ ചിലരാണ്. എന്നാൽ പറയുന്നതിന്റെ വിസ്താ രത്തിൽ പറഞ്ഞപ്രകാരമുള്ള ആ മൂന്നു പുത്രന്മാരും ഒരു പെൺകുട്ടിയു മായിരുന്നു. അതുകൊണ്ടു പ്രകൃതത്തോടു എല്ലാവരും സംബന്ധിച്ചവർ കൾ തന്നെയാണ്. ആ സ്ത്രീ തിരിയെ വന്നു ഭർത്താവിനോടു വിവരം അ റിയിച്ചു. ആ വന്നവരുടെ ആവശ്യവും സങ്കടവും സമാധാനവും മറ്റും പിന്നെപ്പറയാം. കഥാപ്രസംഗത്തിനിടയ്ക്കു വേറെ ചില പ്രസ്താവനകളും വേണ്ടിയിരിക്കുന്നു.

കേരളരാജ്യം വാണിരുന്ന പെരുമാക്കന്മാരിൽ ഒടുവിലത്തെ പെരുമാ ളായ സാക്ഷാൽ ഭാസ്കരരവിവർമ്മ ചേരമാൻപെരുമാളുടെ രാജ്യത്തിന്റെ ഒരു ഭാഗം പ്രകാരം അവകാശം സിദ്ധിച്ചിട്ടുള്ള പെരുമ്പടപ്പുസ്വരൂ പത്തിലെ മൂലസ്ഥാനം വന്നേരി ചിത്രകൂടം എന്ന സ്ഥലമായിരുന്നു. കേരളചക്രവർത്തിയായ പെരുമാളുടെ കിരീടം ആ സ്വരൂപത്തിൽ മൂപ്പേ റുന്ന രാജാക്കന്മാർ ശിരസ്സിൽ ധരിക്കുക എന്നതു അവരുടെ കുലധർമ്മ മായിരുന്നു. കിരീടധാരണം ആ മൂലസ്ഥാനത്തു പെരുമ്പടപ്പുക്ഷേത്രത്തിൽ വെച്ചു നടത്തുക പതിവായിരുന്നു. ഇങ്ങിനെ കിരീടം ധരിച്ചു പെരുമ്പ ടപ്പിലെ മൂപ്പിലെ കേരളചക്രവർത്തിപദം സിദ്ധിച്ചതായി സകലകേരള നിവാസികളും സമ്മതിച്ചുവന്നിരുന്നു. മലയാളത്തിലുള്ള മറ്റു രാജാക്ക ന്മാരെല്ലാവരും കിരീടം ധരിച്ച പെരുമ്പടപ്പിൽ വലിയതമ്പുരാന്റെ തിരുമു മ്പിലെ ചെന്നു കണ്ടു തൊഴുതുകൊള്ളണമെന്നും ഒരു വിധത്തിൽ ആളുടെ കീഴിൽ നിന്നുകൊള്ളണമെന്നുമായിരുന്നു പഴയ ഏർപ്പാട്. ഈ കിരീ ടം പെരുമ്പടപ്പു മൂപ്പുസ്ഥാനം വഹിക്കുന്ന കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇപ്പോഴും ആരാധനയ്ക്കായി പള്ളിയറയിൽ വെച്ചു പൂജി ച്ചുവരുന്നുണ്ട്. പൂജ കഴിച്ചു വെച്ചു നിശ്ചയിച്ചപ്രകാരമുള്ള ചടങ്ങു കളോടു കൂടിയല്ലാതെ ആ മുഖ്യകിരീടം തിരുമുടിയിൽ ചാർത്തുക പതിവില്ല.

കൊല്ലവർഷാരംഭത്തിനിപ്പുറം മേൽപ്രകാരമുള്ള കിരീടധാരണം വ ഴിപോലെ നടത്തുവാൻ സാധിക്കാതെവിധം ചില വിരോധികൾ

ഉണ്ടായിത്തീൎന്നു. സാമൂതിരിപ്പാടന്മാൎക്ക പ്രാബല്യം സിദ്ധിച്ചതോടുകൂടി ഇതിൻെറ പ്രധാനാധികാരം അവൎക്കായിത്തീൎന്നു. “ഏറാളപ്പെരുമ്പടപ്പു” കക്ഷികളുടെ പ്രസിദ്ധപ്പെട്ട പരസ്പരവിരോധത്തിൻെറ അടിസ്ഥാനം ഇതായിരുന്നു. പന്നിയൂർ, ശുകപുരം എന്നീ പ്രധാനഗ്രാമക്കാരുടെ കുലമത്സരവും ഈ രണ്ടു രാജാക്കന്മാരുടെയും നേതൃത്വത്തിൽ വൎദ്ധിച്ചുവന്നിരുന്നു. ഇതിന്നു തടസ്ഥം ചെയ്യുവാൻവേണ്ടിത്തന്നെ സാമൂതിരിപ്പാടന്മാർ പൂൎവകാലത്തുള്ള വടക്കെപ്പുറം പൊന്നാനി എന്ന സ്ഥലത്തു ഒരു രാജധാനിപണിചെയ്യിച്ചു അവിടം ഒരു പട്ടണമാകത്തക്കവിധം പല പരിഷ്കാരങ്ങളും വരുത്തികൊണ്ടു പലപ്പോഴും അവിടെ എഴുന്നള്ളി താമസിക്കയും ചെയ്തിട്ടുണ്ട്. തൽപ്രകാരമുള്ള കിരീടധാരണത്തെ സംബന്ധിച്ചു പണ്ടു പലകുറിയും വലിയ വലിയ യുദ്ധങ്ങളും ഉണ്ടായിട്ടുണ്ട്. അസംഖ്യം വീരപുരുഷന്മാർ കീൎത്തിശരീരത്തോടുകൂടി സ്വൎഗ്ഗംകയറീട്ടുണ്ട്. പലതരത്തിലുള്ള ഉഗ്രശപഥങ്ങൾ നടന്നിട്ടുണ്ട്. ആ കൂട്ടത്തിൽ ഒന്നായിരുന്നു ‘ചാവേർവ്രതം.’ ഈ വ്രതം അനുഷ്ഠിപ്പാൻ ഒരുമ്പെട്ട വീരന്മാർ പലൎക്കൂടി ഒത്തൊരുമിച്ചു പരദേവതയെത്തൊട്ടു വ്രതംപിടിച്ചു ‘ശത്രുപക്ഷത്തുവൻ സംഹരിച്ചല്ലാതെ ഞങ്ങൾ യുദ്ധത്തിൽനിന്നു പിൻവലിക്കില്ല’ എന്നു ശപഥം ചെയ്തിരുന്നു. മഹാഭാരതത്തിൽ പറയുന്ന സംശപ്തകവ്രതത്തിൻെറ ഒരു വകഭേദമായിരുന്നിത്. തല മൊട്ടയടിച്ചു നെയ്തേച്ചുകുളിച്ചു ഭസ്മം മേലാകെപ്പൂശി രുദ്രാക്ഷംധരിച്ചു ഒരുമാതിരി അങ്കവസ്ത്രവുമുടുത്തു വീരവ്രതത്തിന്നുവേണ്ടി മറ്റു സൎവ്വസംഗപരിത്യാഗം ചെയ്തിട്ടാണു ഇതിന്നു ശപഥം ചെയ്യുക. ഇതൊരു വീരസന്യാസം. ഇവൎക്ക യോധന്മാരിൽ ഒരു മാന്യപദവിയുണ്ടായിരുന്നു. മറ്റുള്ളവർ ഇവരെക്കണ്ടാൽ കുമ്പിടണം. ഇങ്ങിനെ ചാവേർവ്രതം അനുഷ്ഠിച്ചവർ പിന്നെ യുദ്ധത്തിൽനിന്നു പിന്തിരിച്ചാൽ, അവരെ പിടിപ്പിച്ചു കോലയാന്മാരെക്കൊണ്ടു ചോറുകൊടുപ്പിച്ച് ആ കൂട്ടത്തിൽപെട്ട കോലകാരപ്രവൃത്തിയെടുപ്പിക്കയായിരുന്നു അതിന്നു പ്രതിവിധി. ഇതുനിമിത്തമാണ് ഇന്നും ‘കോലവൻ’ എന്ന വാക്കിന്നു പൊറുതികെട്ടവൻ എന്നൎത്ഥത്തിൽ ഇത്ര ഗൎഹിതമായ ഒരൎത്ഥം സിദ്ധിച്ചുപോരുന്നത്.

ഇതുനടന്ന കാലത്തിന്നു പന്ത്രണ്ടുകൊല്ലത്തിലൊരിക്കലായിരുന്നു തിരുനാവായിൽവെച്ചാണു മകരമാസം പതിനെട്ടാന്തിയതി പൊന്നാനിയിലെ കിരീടധാരണം നടത്തിയിരുന്നതിനെ സംബന്ധിച്ചു വലിയ ഏറാളപ്പെരുമ്പടപ്പു പോരാട്ടങ്ങളായി. ആ യുദ്ധത്തിൽ ഇരുകക്ഷിക്കാരായിട്ടും

പല ചാവർവൃന്ദങ്ങളായിരുന്നു. അവരിൽ മിക്കപേരും യുദ്ധം അവസാനിക്കുന്നതിന്നുമുമ്പുതന്നെ മരിച്ചുപോയതായിട്ടാണ അന്നത്തെ രണ്ടാമത്തെ മരണവിവരക്കണക്കുകൊണ്ടു കാണുന്നതു. എന്നാൽ സാമൂതിരിപ്പാട്ടിലെ പടയാളികളുടെ മരണവിവരങ്ങളുണ്ടെങ്കിൽ മേലപ്പാട്ടു ശങ്കരമേനോൻ എന്ന ഒരു ചാവർവൃന്ദക്കാരന്റെ വിവരം മാത്രം കാണുന്നില്ല. അയാൾ തെനായ്ക്കരി എളയതിന്റെ കീഴിലുള്ള പടയാളികളിൽ ഉൾപ്പെട്ടവനും, ആ വകപ്പിൽ പതിനേഴുപേർ ചാവർവൃന്ദത്തെ അവരൊക്കെയായിരുന്നതിൽ ഒരുവനും, ആ യുദ്ധകാലത്തുതന്നെ പൊന്നാനിപ്പള്ളിയിൽ വെച്ചു മാമാങ്കത്തിൽ ചേർന്നു തെറ്റിപ്പിരിഞ്ഞ [illegible] ന്റെ മരുമകനുമാണെന്നാണ കാണുന്നതു. പുതിയ സാമൂതിരിപ്പാട്ടിലെ രാജ്യഭരണാരംഭത്തിൽ നടത്തിയ കണക്കുപരിശോധനയിലാണ ഈ വിവരം കിട്ടിയതു. ആയാളെ തേടിപ്പിടിപ്പാനും, കോഴിക്കോട്ടുവരുത്തിൽ ചേർപ്പാനും, ക്രമപ്രകാരം ഒരു തിരുവെഴുത്തു സാമൂതിരിക്കോവിലകത്തുനിന്ന തെനായ്ക്കരി എളയതിന്ന അയച്ചിരുന്നു.

വെള്ളാട്ടരാജാവിന്റെ തിരുവെഴുത്തോടുകൂടിയ രണ്ടു ഭടന്മാരുടെ കൂടെ ഒരു തീർത്ഥവാസിനിയും മകളും അവിടെ വന്നുചേർന്നതും, സാമൂതിരിക്കോവിലകം തിരുവെഴുത്തുകൊണ്ടു ആൾ വന്നതും, മുമ്പുംപിമ്പുമായിട്ടായിരുന്നു. പടയാളരുടെ ഇടയിൽനിന്ന തെറ്റിപ്പുറപ്പെട്ട ഒരു ശത്രുവിനെയും കൂടി ചില ആൾക്കാർ വന്നുകേറുന്നതിന്നും അധികം താമസമുണ്ടായില്ല.

ഈ സ്ത്രീകളെ തീർത്ഥവാസിനിയേയും മകളേയും കണ്ടറിയുന്നവരുണ്ടായ സന്തോഷവും, സന്ദേഹവും, പരിഹാസവും എല്ലാം ഉണ്ടായെങ്കിലും. തീർത്ഥവാസിക്കാർക്കു എന്തോ ചില സന്ദേഹങ്ങളും ഉള്ളിൽ തട്ടിയിരുന്നതുകൊണ്ടു ഈ സമാഗമസന്തോഷങ്ങൾ അപരിസ്ഫുടങ്ങളായിരുന്നു.

വെള്ളാട്ടരാജാവിന്റെ തിരുവെഴുത്തുവായിച്ചപ്പോൾ എളയതിന്റെ മുഖഭാവം ഒന്നു പകർന്നു. ഉടനെ സാമൂതിരിക്കോവിലകത്തെ തിരുവെഴുത്തു വായിപ്പാനിടയായി. അദ്ദേഹം 'ആരവിടെ' എന്നു ഉച്ചത്തിലുള്ള സ്വരത്തിൽ വിളിച്ചു [illegible] ഒന്നു ഞെട്ടി. ആ സ്ഥലം വിട്ടു അകത്തേക്ക മാറിക്കളഞ്ഞു. ക്ഷണനേരത്തിൽ രണ്ടു ഭൃത്യന്മാർ അകത്തേക്ക ചെന്നു. 'ശങ്കരമേനോനെ വേഗം ഇവിടെക്കൊണ്ടുവരണം' എന്നു ഒരുവനെ കല്പിച്ചയച്ചു. 'സന്യാസിനിയും [illegible] നമ്പിട്ടെടന്നോ. ക്ഷണം പോയിവാ' എന്നു മറ്റവനോടും കല്പിച്ചു. അതി

[illegible] എളയതവർകൾക്കു പൂർവ്വപുണ്യമുണ്ടായിരുന്നു, ആദ്യം [illegible] മുതൽ [illegible] കാവ്യനാടകം [illegible] സൃഷ്ടിച്ചുതുടങ്ങി. പിന്നെ ആ ശർമ്മിണിയുടെ [illegible] ചോദ്യം ചെയ്യുകയായി.

എളയത്—നിന്റെ നാടേതാണ്?

ശർമ്മിണി—കൊച്ചിയാണ്.

എളയത്—പേരെന്ത്?

ശർമ്മിണി—[illegible]യെന്നാണ്.

എളയത്—അച്ഛൻ?

ശർമ്മിണി—[illegible]നാണ്.

എളയത്—[illegible]?

ശർമ്മിണി—[illegible] എന്നായിരുന്നു. ഇപ്പോൾ വീടില്ല. കടത്തിനു [illegible].

എളയത്—വീട്ടുകാരിൽ പിന്നെ ആരുണ്ട്?

ശർമ്മിണി—ഇപ്പോൾ ഈ ഒരു മകളും അടിയനും മാത്രമേയുള്ളു. കുറച്ചു [illegible] മൂന്നാണുങ്ങളുണ്ടായിരുന്നു. [illegible] [illegible] നാട്ടിൽ വെച്ചു നടന്ന യുദ്ധത്തിൽ അവരൊക്കെ [illegible]പോയി. അവരുടെ [illegible] [illegible] കടം [illegible] പിന്നെ വീടു [illegible].

എളയത്—കഷ്ടം! [illegible] ഒരു [illegible]! പിന്നെ നീ എവിടെ പാർത്തു?

ശർമ്മിണി—[illegible] വടക്കേതിൽ [illegible] വീട്ടിൽ [illegible] പാർത്തു. അങ്ങിനെ കഴിയുന്നകാലത്തു ഈ [illegible] [illegible] പടിപ്പുരയിൽ ഒരു [illegible] കിടപ്പായി. അന്ന [illegible] ശുശ്രൂഷിച്ചത്.

എളയത്—ഇപ്പോൾ [illegible]ായിരുന്നു [illegible]?

ശർമ്മിണി—പനിയായിരുന്നു. [illegible] [illegible] [illegible] പിടിച്ച ഒരു [illegible]. പനി [illegible] [illegible] [illegible] ഇടക്കി. ആ വീട്ടിലെ കാരണവരുടെ [illegible] [illegible] [illegible] [illegible] [illegible]. പിന്നെയും [illegible] [illegible] [illegible]. അതിനിടയിൽ [illegible] [illegible] [illegible].

എളയത്—പിന്നെ ഇപ്പോൾ [illegible] [illegible] അല്ലേ?

ഗൌരിണി—അതെ. പിന്നെ അവിടെ പാർപ്പതിയാക്കി. പലേടികളിലു
മായിട്ട തീർത്ഥസഞ്ചാരം ചെയ്തു. അതിന്നിടക്കാണ ഈ കുട്ടിയുണ്ടായത്.
ഇവൾക്ക സ്വന്തമായിട്ടൊരു വീടുകളൊട്ടില്ല.
എട്ടയത്—ശരി, ശരി. വിവരമൊക്കെ മനസ്സിലായി. ഞങ്ങളുടെ കൂ
ടെ വടക്കപ്പുറത്തു പോയിരുന്നോളൂ.
ഗൌരിണി—തങ്ങളൊക്കെ എന്നതിന്ന വലിയ വല്ലാണ്. ഇവരുടെ ഒരു
വീടു കെട്ടിയുണ്ടാക്കിക്കൊടുത്തു ഇവിടുന്നുതന്നെ രക്ഷിക്കണം.
എട്ടയത്—അങ്ങിനെയാവാം. ചെല്ലു.

അമ്മയും മകളും വടക്കേപ്പുറത്തെ ഗോപുരശേഷം തീർത്ഥവാസിയെ
വിസ്മരിച്ചു. ആയാൾക്ക വളരെ കാലം മാറിമാറിപ്പാർപ്പാൻ തരമായില്ല.
ഇടക്ക രാമൻമേനോനു വന്നതിനാൽ. ആയാളുണ്ടെങ്കിലും ഈ തീർത്ഥവാ
സിക്ക വ്യസനവും പരിഭ്രമവും ലജ്ജയുമുണ്ടായി.

മഹാക്ഷേത്രത്തിൽ ചെന്ന് മേല്പ്പാടുള്ള രാമമേനോന്റെ മരുമകൻ
ശങ്കരമേനോനാണ ഈ തീർത്ഥവാസിയെന്നും, ചാവർവ്വതനൊട്ടതിൽ
യുദ്ധത്തിൽ മരിപ്പെട്ടുപോയിരിപ്പാനിടയായവനാണെന്നും, തെളിഞ്ഞു.
സന്ധ്യകഴിഞ്ഞപ്പോഴേക്ക പ്രധാനകാര്യസ്ഥൻ രാമമേനോനും വന്നുചേ
ർന്നു. ആയാളുടെ മരിച്ചുപോയ മരുമകനായിരുന്ന ഈ ശ
ങ്കരമേനോൻ. ഇവനെക്കണ്ടപ്പോൾ രാമമേനോന്ന സന്തോഷമോ, വ്യ
സനമോ, ലജ്ജയോ, പരിഭവമോ, കോപമോ, എന്നെല്ലാം മനോവികാര
ങ്ങളുണ്ടായെന്ന ആയാൾക്ക മാത്രമേ അറിഞ്ഞുകൂടൂ. അല്ലെങ്കിൽ
ആ വികാരങ്ങളെല്ലാം ആയാൾക്കും ഒട്ടും കാണാതെ അനുഭവിക്കുന്നവ
നായിട്ട പുറമെയൊന്നും നിപ്പുണ്ട്. അന്നു രാമൻമേനോനെല്ലാതെ മറ്റാരുമില്ല
കണ്ടു വേർപെട്ടകം മനസ്സിൽ പലപല സങ്കടങ്ങളുണ്ടായി. അന്നത്തെ
രാത്രി അവർ ഒട്ടും ഉറങ്ങിയില്ലെന്നുതന്നെ പറയാം. കല്യാണിക്കുട്ടിക്ക
മനസ്സിന്നൊട്ടും സമാധാനമായിരുന്നില്ല. എങ്കിലും ഭർത്താവനുഭവിക്കുന്ന കഷ്ട
പ്പാടുകളെല്ലാം താനും അനുഭവിപ്പാൻ അവസരം കിട്ടിയായിരുന്നു. മക
ളെപ്പറ്റിയുള്ള വിചാരത്തിന്ന കണ്ണുപൊത്തുമെന്നുള്ള സമാധാനവാക്കു
കൾ കൊണ്ടു ഒട്ടൊരാശ്വാസവും കിട്ടി.

പിറ്റേന്നാൾ തീർന്നപ്പപ്രകാരം ശങ്കരമേനോനെ ചാവർവ്വത
ഭരിപ്പിക്കാതെതിന്ന കൊച്ചുവരെന്നാക്കണ്ടു ചോറുകൊടുപ്പിച്ചു കൊച്ചു
ട്ടത്തിൽ ചേർത്തു. കല്യാണിക്കുട്ടിയും ഈ കൊച്ചുവരന്റെ കൂടെ മകാര
വതിയായിരിപ്പായി.


അനാഥയായ കല്യാണിക്കുട്ടിയെ—എട്ടുവയസ്സുപ്രായമുള്ള സുകുമാരിയായ ഒരു ചെറിയപെണ്ണിനെ—യോഗ്യനും സത്യസന്ധനുമായ ഒരു നായരോടു കൂടെ എളയതമ്പുരാൻ സാമൂതിരികോവിലകത്തേക്കയച്ചു. ഇവിടെ നടന്ന സകലവിവരവും കാണിച്ച് ഒരു വലിയ എഴുത്തും കൂടെ അയച്ചിരുന്നു. സാമൂതിരികോവിലകത്തുനിന്നു ഈ കുട്ടിയെ പരിഷ്കാരമനോഹരമാക്കി വൎഗ്ഗത്തിൽ ചേൎത്തു രക്ഷിച്ചു. ഈ പെണ്ണിനെയാണു പ്രസിദ്ധപ്പെട്ട പഴ്ശി കേരളവൎമ്മൻ ഭാൎയ്യയാക്കിയതു. അവരിരുവരെയാകിലും ചേൎത്ത വീട്ടിനു കൊച്ചി എന്നുതന്നെ പേരിട്ടു.

ചൊവ്വരങ്ങാട്ടു വള്ളുവർകോവിലകത്തിനു ഒട്ടടുത്തു കൊച്ചി എന്ന വീടുകൾ ഇന്നും ഉണ്ട്. ഇവർ ഈ കല്യാണിക്കുട്ടിയുടെ സന്താനപരമ്പരയാകുന്നു. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

വിവേകാനന്ദസ്വാമികളുടെ

രണ്ടെഴുത്തുകൾ

വിവേകാനന്ദസ്വാമികൾ സ്നേഹിതന്മാൎക്കയച്ചിട്ടുള്ള എഴുത്തുകളിലുംകൂടി ഇന്ത്യാരാജ്യത്തിന്റെ അഭിവൃദ്ധിമാൎഗ്ഗങ്ങളെ പ്രദൎശിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു. പൊതുകാൎയ്യതല്പരനായിരുന്ന ആ മഹാത്മാവിന്റെ സ്വന്തകാൎയ്യം. നാമിങ്ങറിയിരിക്കേണ്ട പലകാൎയ്യങ്ങളുമടങ്ങിയ അദ്ദേഹത്തിന്റെ രണ്ടെഴുത്തുകളെ തൎജ്ജമചെയ്തു 'മംഗളോദയ'ത്തിൽ ചേൎക്കുന്നതു വായനക്കാൎക്കു ഉപയുക്തമായിരിക്കുമെന്നു വിശ്വസിച്ചുംകൊണ്ടു അവയെ താഴെ ചേൎക്കുന്നു.



(1)

ബാമ്പേ

൨൭ സപ്തമ്പർ ൧൮൯൪.

പ്രിയസ്നേഹിതന്മാരേ!

നിങ്ങളുടെ എഴുത്തു ക്രമമായി കിട്ടി. എനിക്കു അൎഹമല്ലാത്തവിധത്തിൽ എന്നെ സ്തുതിപ്പാനുള്ള കാരണം മനസ്സിലാകുന്നില്ല. "ദൈവം

ഒരുവനല്ലാതെ മററാരും നല്ലവനല്ല" എന്നു ക്രിസ്തു പറഞ്ഞിട്ടുണ്ട്. മററുള്ളവർ അദ്ദേഹത്തിന്റെ ആശ്രയത്താൽ മാത്രമാകുന്നു. മഹാനായ ദൈവത്തെയും അനന്തമായ ആളുകളെയും പുകഴ്ത്തുക. എന്നാൽ ഇപ്പോഴുള്ള അനർഹനായ ഒരാളെ സ്തുതിപ്പാനൊരുങ്ങരുത്. 'ഒരുത്തൻ വാടകക്കാരനാകാതിരിക്കട്ടെ;' വിശേഷിച്ചും ഒരു ഭക്തനായ പ്രശംസകനാകാതിരിക്കട്ടെ; കാരണം ഒരു ഭൃത്യൻ അവന്റെ കൃത്യത്തെ മാത്രം ചെയ്യുമ്പോൾ അതിനെ സ്തുതിക്കാറുണ്ടോ?

എന്നെ ഓർമ്മിച്ചും സ്മരിക്കുന്നവരിലും എന്റെ അദ്ധ്യാപകരോടു പറയുക—ഭവാനും എനിക്ക് അതിരില്ലാത്ത നന്ദിയുണ്ട്.

മേൽ ചില സംഗതികളെപ്പററി പറഞ്ഞുവല്ലോ. ഹിന്തുക്കളുടെ മനസ്സ് എപ്പോഴും ഉദാരമായിട്ടു ഇരുന്നിട്ടുള്ളു. അതു ഒരു കാലത്തും കുടുങ്ങിനിന്നതായോ കണ്ടുപിടിക്കുന്നതോ ആയിരുന്നിട്ടില്ല. നമ്മുടെ തന്ത്രശാസ്ത്രങ്ങളിലെല്ലാം ഭേദമെന്നു പിളർന്നു പ്രവേശിക്കുന്ന (സ്വകൃത്യത്തിലെത്തുന്ന) വാക്യങ്ങൾ കാണപ്പെടുന്നു. ഈ വാക്യങ്ങൾ ചില സാമാന്യതത്വങ്ങളെ സംക്ഷേപിച്ചു പുറപ്പെടുവിക്കപ്പെട്ടവയാണ്. എന്നാൽ ചിലപ്പോൾ അടിസ്ഥാനതത്വങ്ങൾ [illegible] നിസ്സാരമായിരിക്കും. ഈ സാമാന്യതത്വങ്ങളുടെ യാഥാർത്ഥ്യത്തെപ്പററി ശരിക്കറിയുവാൻ ആരും പരീക്ഷിക്കയോ അന്വേഷിക്കയോ ചെയ്തിട്ടുമില്ല. അതുകൊണ്ടു സ്വാതന്ത്ര്യമായ വിചാരം അധികമില്ലെന്നുതന്നെ പറയാം. അതുകൊണ്ടു തന്നെയാണ് ഗ്രന്ഥങ്ങൾ കൊണ്ടും അനുമാനംകൊണ്ടും ഉണ്ടാകുന്ന തത്വജ്ഞാനങ്ങൾ നമുക്ക് ധാരാളമായിരിക്കുന്നതു. അതിന്നു കാരണങ്ങൾ വേറെ കാരണങ്ങളും ഉണ്ട്. ഉത്സാഹശീലമായ പ്രവൃത്തിയെക്കാൾ അചഞ്ചലമായിരുന്ന മനോരാജ്യം നിറയ്ക്കുകയാണ് നല്ലതെന്നു തോന്നിപ്പിക്കുന്ന തത്വജ്ഞാനമായ ഉല്ലാസരീതിയും, അന്യരാജ്യങ്ങളിലേക്ക് പോകയും യാത്ര ഇല്ലാത്ത പുരോഹിതന്മാരെന്നോളം യാത്രചെയ്തിട്ടുള്ള കച്ചവടക്കാരുണ്ടായിരുന്നു. പക്ഷേ വിദേശങ്ങളിലും അവർ വ്യാപാരികളാകുന്നു. എന്നാൽ പുരോഹിതവൃന്ദംകൊണ്ടും ലോകം കൊണ്ടും മനോവികാസത്തിന്നുള്ള ശക്തിയില്ലാതായിരുന്നു. അതുകൊണ്ടു അവരുടെ വസ്തുക്കളുടെ അനുഭവജ്ഞാനത്തിന്റെ അറിവിനെ വർദ്ധിപ്പിക്കുന്നതിന്നു പകരം അതിനെ കുറച്ചിച്ചു. കാരണം അവരുടെ വസ്തുക്കൾ ദുഷിച്ചതും, അവരുടെ വസ്തുക്കളിൽ അതിശയമാകുന്നതുമായും മനോരാജ്യകല്പിതമായ സങ്കല്പങ്ങളിലു

ഭക്ഷണപ്പട്ടുമായിരിന്ന് സ്വീകരിപ്പാൻപാടില്ലാതെ കലാശിച്ചു.

അതുകൊണ്ട് നാം അന്യരാജ്യങ്ങളിൽ സഞ്ചരിക്കേണ്ടതാണ്. നാം ഒരുകാലത്തു ഒരു പരിഷ്കൃതന്മാരായ രാഷ്ട്രീയന്മാരായിത്തീരുവാനാഗ്രഹിക്കുന്നുണ്ടെങ്കിൽ അന്യരാജ്യങ്ങളിലെ സമുദായയന്ത്രം എങ്ങിനെ പ്രവർത്തിക്കുന്നുവെന്നറിയുകയും അന്യരാജ്യക്കാരുടെ മനോഗതങ്ങളറിഞ്ഞു അവരോട്ടുകൂടി ഇടപെടുകയും വേണം. എല്ലാററിന്നും ഉപരിയായി നാം സാധുദ്രോഹത്തെ നിർത്തണം. നാം എത്രയോ അപഹാസ്യസ്ഥിതിയിലെത്തിയിരിക്കുന്നു! ഒരു തീണ്ടുന്ന ജാതിക്കാരൻ അവന്റെ സമീപത്തിൽ വന്നാൽ അവനെ പ്ലേഗിനെപ്പോലെ ദൂരത്തിൽ പരിഹരിക്കും. എന്നാൽ, ചില പ്രാർത്ഥനകളെ ഉച്ചരിച്ച് ഒരു പാതിരി അവന്റെ തലയിൽ തെളിനീരുവെള്ളം പാരുകയും, അവൻ എത്ര മലിനമായാലും വേണ്ടില്ല ഒരു കുപ്പായമിടുകയും ചെയ്തുകഴിഞ്ഞാൽ ഉടനെ അവൻ ഒരു യാഥാസ്ഥികനായ ഹിന്ദുവിന്റെ അകത്തുതന്നെ കടന്നാൽ അവനെ കൈപിടിച്ചിരുത്താത്തവൻ ഒരുവനെങ്കിലുമില്ല. ഇതിലധികം എന്തു പരിഹാസ്യതയാണുള്ളത്! ഈ ദക്ഷിണരാജ്യത്തിൽ പാതിരിമാർ ചെയ്യുന്നതിനെ വർണ്ണിപ്പാനാകുക. അവർ താണജാതിക്കാരെ ലക്ഷക്കണക്കായി ക്രിസ്തുമതത്തിൽ ചേർക്കുന്നു. ഇന്ത്യയിൽവെച്ചു എറ്റവും പൌരോഹിത്യമേറിയുള്ള രാജ്യമായ തിരുവിതാംകൂറിൽ (*)—ബ്രാഹ്മണർക്കല്ലാതെ ഒരു കഷണം ഭൂമിയെങ്കിലുമില്ലാത്തേടവും രാജകുടുംബത്തിലുള്ള സ്ത്രീകൾപോലും ബ്രാഹ്മണരുടെ വേശ്യമാരായിരിക്കുന്നതിനെ വലിയ മാനമായി കരുതിവരുന്നേടവുമായ തിരുവിതാംകൂറിൽ—നാലിലൊന്നു ജനങ്ങളും ക്രിസ്ത്യന്മാരായിക്കഴിഞ്ഞു ....ഒ ദൈവമേ! മനുഷ്യൻ മനുഷ്യനെ സഹോദരനായിക്കരുതുന്നതെപ്പോഴോ?

നിങ്ങളുടെ
വിവേകാനന്ദൻ

(2)

ചിക്കാഗോ.
൧൮൯൪ നവെമ്പർ ൩൦-ാം.

പ്രിയസുഹൃത്തേ!

ഇന്ത്യയിലെ വർത്തമാനപത്രങ്ങളിൽ എന്റെ ചിക്കാഗോ പ്രസംഗവർത്തമാനം പ്രസിദ്ധപ്പെടുത്തിയതിൽ ഞാൻ വിസ്മയിക്കുന്നു. ഞാൻ

(*) ഇതു ൩൦ കൊല്ലം മുമ്പുള്ള സ്ഥിതിയാണ്.

ചെയ്യുന്ന കാൎയ്യങ്ങളെ പ്രസിദ്ധപ്പെടുത്താതെ കഴിപ്പാൻ ഞാൻ കഴിയു
ന്നതു ശ്രമിക്കുന്നുണ്ട്. ഇവിടെ പല സംഗതികളും എനിക്ക് അപൂൎവ്വ
മായിത്തോന്നുന്നു. ഈ നാട്ടിൽ ദാരിദ്ര്യമെന്നതു തീരെ ഇല്ലെന്നു ധാരാ
ളമായി പറയാം. ഇവിടെയുള്ളപോലെ വിദ്യാഭ്യാസവും പരിഷ്കാരവും
ചെന്നിട്ടുള്ള സ്ത്രീകളെ ഞാൻ മറ്റെങ്ങും കണ്ടിട്ടില്ല. നല്ല വിദ്യാഭ്യാസമുള്ള
പുരുഷന്മാർ നമ്മുടെ നാട്ടിലുമുണ്ട്; എങ്കിലും ഇവിടുത്തെ സ്ത്രീകളെ
പ്പോലെ വിദ്യാഭ്യാസമുള്ള സ്ത്രീകളെ മറ്റൊരേടത്തും കാണ്മാൻ പ്രയാസം
ഉണ്ടാവാനേയെ പുരുഷന്മാരുടെ ഗൃഹങ്ങളിൽ ചെല്ലാൻതന്നെ വസിക്ക
ന്നവരെ പറയുന്നതിൽ ഒട്ടും അപവാദവുമില്ല. മഞ്ഞിൻകട്ടിപോലെ
പരിശുദ്ധവും നിൎമ്മലവുമായ ഹൃദയമുള്ള അസംഖ്യം സ്ത്രീകളെ ഞാൻ
കാണുകയുണ്ടായി. ഓ! അവർ എത്ര സ്വാതന്ത്ര്യമുള്ളവരാകുന്നു! സമുദാ
യകാൎയ്യങ്ങളേയും നാഗരികകാൎയ്യങ്ങളേയും ഭരിക്കുന്നതു അവരാണ്. സ്കൂ
കളിലും കോളേജുകളിലും സ്ത്രീകൾ നിറഞ്ഞിരിക്കുന്നു; നമ്മുടെ രാജ്യത്തെ
സ്ത്രീകളെ വീഥിയിൽക്കൂടെ നടപ്പാൻകൂടി സമ്മതിച്ചുകൂടാ! അവൎക്ക് എ
ന്നിലുള്ള ദയ അപരിമിതമാകുന്നു. ഞാൻ ഇവിടെ വന്നതുമുതൽക്ക് അ
വർ എന്നെ അവരുടെ ഗൃഹങ്ങളിലേക്ക് ക്ഷണിക്കുന്നു. അവർ എനി
ക്ക് ഭക്ഷണം തരികയും, പ്രസംഗത്തിനുവേണ്ട ഏൎപ്പാടുകൾ ചെയ്കയും,
കച്ചവടസ്ഥലങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകുകയും എന്നുവേണ്ട എന്റെ
സുഖത്തിനും സൌകൎയ്യത്തിനും വേണ്ട ഏൎപ്പാടുകളെല്ലാം ചെയ്കയും ചെ
യ്യുന്നു. എനിക്ക് അവരോടുള്ള വലിയ കടപ്പാടിനെ ഞാൻ അല്പ
മെങ്കിലും പ്രത്യുപകാരംകൊണ്ടു തിരികെ കാട്ടുവാൻ ശക്തനാവുകയില്ല.

ശരിയായ ശക്തിപൂജകൻ ആരാണെന്നറിയാമോ? ദൈവമെന്ന
ഈ സൎവ്വവ്യാപിയായ ശക്തിയാണെന്നും, ആ ശക്തിയാണ സ്ത്രീകളിലും
അഭിവ്യക്തമാകുന്നതെന്നും അറിയുന്നവൻതന്നെ ശരിയായ ശക്തിപൂജ
കൻ. ഇവിടെ അനേകം ആളുകൾ സ്ത്രീകളെ ഈ മട്ടിലുള്ള ദൃഷ്ടിയോ
ടു കാണുന്നു. സ്ത്രീകൾ സ്വഭാവത്തിലും നല്ലവരും ആദരിക്കപ്പെട്ടും
ഇരിക്കുന്ന കുടുംബങ്ങളെ ദൈവം അനുഗ്രഹിക്കുന്നുവെന്നു പറയുന്നു—
ഇവിടെ പുരുഷന്മാർ സ്ത്രീകളെ പാൎപ്പിക്കുന്നതിനേക്കാളും നല്ലവണ്ണം ആദരിക്കു
ന്നു. അതിനാൽ അവർ സൌന്ദര്യമുള്ളവരും വിദ്യാസമ്പന്നരും സ്വാതന്ത്ര്യമുള്ളവ
രും ഉത്സാഹികളുമായിരിക്കുന്നു. എന്നാൽ നാമെന്തുകൊണ്ടു ദൈന്യമുള്ള
വരും, ദുഃഖിക്കുന്നവരും, ഉന്മേഷമില്ലാത്തവരുമായിരിക്കുന്നു? ഉത്തരം
സുസ്പഷ്ടമാണ്.

അവർ എത്ര പരിശുദ്ധരും പതിവ്രതമാരുമാകുന്നു! ഇരുപതോ ഇരുപത്തഞ്ചോ വയസ്സിന്നുശേഷം വിവാഹം കഴിക്കുന്നവർ വളരെ ഉണ്ട് ആണ്. എന്നാൽ അവർക്ക് പക്ഷികൾക്ക് ആകാശത്തിലെന്നപോലെ സ്വാതന്ത്ര്യമുണ്ട്. അവർ കച്ചവടസ്ഥലങ്ങളിലേക്കും, സ്കൂൾ, കോളേജു മുതലായ വിദ്യാഗൃഹങ്ങളിലേക്കും പോവുകയും പണം സമ്പാദിക്കയും എല്ലാതരം ജോലികൾ നടത്തുകയും ചെയ്യുന്നു. കഴിവിന്നുള്ളവർ സാധുക്കൾക്ക് ഉപകാരംചെയ്യുവാനായി സമയത്തെ വിനിയോഗിക്കുന്നു. നാമെന്താണ ചെയ്യുന്നത്? പതിനൊന്നുവയസ്സിൽ നമ്മുടെ പെൺകുട്ടികളെ ബാല്യകൃത്യമായി കല്യാണംകഴിച്ചുകൊടുക്കുന്നു അതല്ലെങ്കിൽ അവർ ദുഷ്ടകളും ദുർന്നടപ്പുകാരികളുമാകുമെന്ന ഭയപ്പെടുന്നു. നമ്മുടെ മനു പറയുന്നതെന്താണ്? "ആൺകുട്ടികളെപ്പോലെ പെൺമക്കളെയും ശ്രദ്ധയോടെ രക്ഷിച്ചു വിദ്യാഭ്യാസം ചെയ്യിക്കേണ്ടതാണ്." ആൺമക്കൾ മുപ്പതുവയസ്സുവരെ ബ്രഹ്മചര്യവ്രതത്തെ ആചരിച്ചതിന്നുശേഷം വിവാഹം കഴിക്കേണ്ടതാണ് എന്നതുപോലെ പെൺമക്കളും ബ്രഹ്മചര്യം അനുഷ്ഠിക്കേണ്ടതും മാതാപിതാക്കന്മാർ അവരെ പഠിപ്പിക്കേണ്ടതുമാണ്. നാം യഥാർത്ഥത്തിൽ എന്തുചെയ്യുന്നു? നിങ്ങൾക്ക് സ്ത്രീകളുടെ സ്ഥിതിയെ നന്നാക്കുവാൻ കഴിയുമോ? എന്നാൽ നിങ്ങൾക്ക് ക്ഷേമത്തിൽ പ്രത്യാശയുണ്ടാവാനിടയുണ്ട്. അല്ലെങ്കിൽ നിങ്ങൾ ഇപ്പോഴത്തെപ്പോലെ പിന്നിൽതന്നെ നില്ക്കുന്നതാണ്.

നമ്മുടെ രാജ്യത്തു ഒരുവൻ താണജാതിയിൽ ജനിച്ചുപോയാൽ അവന്റെ കഥ എന്നേക്കും കഴിഞ്ഞതുതന്നെ. അവന്നു പ്രത്യാശക്കു വഴിയില്ല. എന്തുകൊണ്ട്; ഇതെന്തൊരു ദ്രോഹമാണ്! ഈ നാട്ടിൽ ഓരോരുത്തന്നും നന്നായിവരുവാനുള്ള മാർഗ്ഗങ്ങളും പ്രത്യാശകളുമുണ്ട്. ഇന്ന ദരിദ്രനായവൻ നാളെ ധനികനും വലിയവനും മാന്യനും ആയിവരാനിടയുണ്ട്. ഇവിടെ എല്ലാവരും സാധുക്കൾക്ക് സഹായംചെയ്യുവാൻ കൊതിക്കുന്നു. ഇന്ത്യയിൽ നമ്മൾ വളരെ ദരിദ്രന്മാരാണെന്നുള്ള മുറവിളി കേൾക്കാറാണ്. എന്നാൽ സാധുക്കളുടെ ക്ഷേമത്തിന്നായി സ്ഥാപിക്കപ്പെട്ട ധർമ്മസംഘങ്ങൾ എത്രയുണ്ട്? ഇന്ത്യയിൽ ലക്ഷക്കണക്കായുള്ള സാധുക്കളുടെ സങ്കടങ്ങളിലും കഷ്ടതകളിലും ആന്തരമായി വ്യസനിക്കുന്നവർ എത്ര പേരുണ്ട്? നാം മനുഷ്യരാണോ? നമ്മൾ മനുഷ്യത്വത്തെ ജീവനത്തിന്നും അഭിവൃദ്ധിക്കുംവേണ്ടി എന്തുചെയ്യുന്നു? നമ്മൾ അവരെ തൊടുന്നില്ല. അവരുടെ സഹവാസത്തെ ദൂരെ നിരസിക്കുന്നു. നാം മനുഷ്യരാണോ?

ഒരു അസംഖ്യം ബ്രാഹ്മണർ അധഃപതിച്ചുകിടക്കുന്നതാണെന്നതായ തിനെയാണ് എന്തുചെയ്യുന്നു? 'തൊടരുത്' 'തൊടരുത്' എന്നീ വാക്കുകൾ മാത്രം അവരുടെ അധരങ്ങളിൽ വിളയാടുന്നു. അനാദിയായ ഹിന്ദുമതം അവരുടെ കയ്യിൽ കുടുങ്ങി എത്ര ഹീനവും സ്വാതന്ത്ര്യഹീനവുമായി തീർന്നിരിക്കുന്നു! നമ്മുടെ മതം ഇപ്പോൾ എവിടെ കിടക്കുന്നു? 'തൊട്ടുകൂടായ്ക'യിൽ മാത്രം മറ്റൊന്നിലുമില്ല.

ഞാനിങ്ങോട്ടുപോന്നതു എന്റെ കൗതുകത്തെ തീർപ്പിപ്പാനോ, പേരോ പ്രസിദ്ധിയോ നേടുവാനോ അല്ല; ഇന്ത്യയിലെ സാധുക്കളെ സംരക്ഷിപ്പാൻ വല്ല ഉപായവും കണ്ടെത്തുവാൻ കഴിയുമോ എന്നറിവാനാകുന്നു. ദൈവാനുഗ്രഹമുണ്ടായാൽ ആ ഉപായങ്ങളെന്താണെന്നു നിങ്ങൾക്ക് വഴിയെ അറിയാറാകും.

ആദ്ധ്യാത്മികകാര്യങ്ങളിൽ അമേരിക്കക്കാർ നമ്മെക്കാൾ എത്രയോ താഴെയാണെങ്കിലും അവരുടെ സമുദായം നമ്മുടെ സമുദായത്തെക്കാൾ എത്രയോ ഉൽകൃഷ്ടമാകുന്നു. നാം അവരെ ആത്മജ്ഞാനം പഠിപ്പിക്കേണ്ടതും, അവരുടെ സമുദായത്തിലുള്ള നന്മയെ സ്വീകരിച്ചു ചേർത്തുകൊള്ളേണ്ടതുമാണ്.

സ്നേഹത്തോടും ശുഭാശംസയോടും കൂടി നിങ്ങളുടെ

വിവേകാനന്ദൻ

"പ്രബുദ്ധഭാരതം"

ഓത്ത്

മനുഷ്യരുടെ ബുദ്ധിക്കു വേണ്ടുന്നതെല്ലാം പരിപൂർത്തിവരുത്തുന്നതു വിദ്യാഭ്യാസമാണ്. ലോകത്തിൽ ജനങ്ങൾക്കു ജീവിതത്തെ സുഖമായി നയിപ്പാനുതകുന്ന അറിവു സമ്പാദിപ്പാനായി എല്ലാവരും ശ്രമിക്കേണ്ടതാണല്ലോ. വിദ്യാഭ്യാസം രണ്ടുപ്രകാരത്തിലുണ്ട്. കണക്കു പാഠങ്ങൾ പഠിച്ചിട്ടുള്ളവർ എഴുതിവെച്ചിട്ടുള്ളതിനെ വായിച്ചു പഠിക്കുക രണ്ടും വിദ്യാഭ്യാസത്തിന്റെ രണ്ടു ശാഖകളാകുന്നു. ഇതിൽ ഒന്നാമത്തെ ശാഖ ഉത്തമമാണെങ്കിലും അതിനെ അവലംബിക്കുന്നവർക്കു ഒരാളുടെ സഹായം കൂടാതെ കഴികയില്ല.

മററുള്ളവർ എഴുതിവെച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽനിന്നു തത്വങ്ങളെ ഗ്രഹിപ്പാൻ ഭാഷാവ്യുല്പത്തിയുടെ അപേക്ഷ ഒഴിച്ചുകൂടാത്തതാണ്. ശാസ്ത്രതത്വങ്ങളെ പഠിപ്പിച്ചുതരുന്നവർ ഭാഷാവ്യുല്പത്തി വഴികാണിക്കുന്നു. ഭാഷാവ്യുല്പത്തിയുള്ള വിദ്യാഭ്യാസത്തിന്റെ പ്രാരംഭം. അതൊന്നു സഹകാരിയായി നില്ക്കുന്നതേയുള്ളൂ. ഭിന്നം ഇംഗ്ലീഷുഭാഷാധ്യയനത്തിന്നുതകുന്ന പോലെ ഭാഷാശബ്ദങ്ങൾ അർത്ഥജ്ഞാനത്തെ ഉണ്ടാക്കുവാൻ ഉപയോഗപ്പെടുന്നു. അർത്ഥജ്ഞാനമില്ലാത്ത ശബ്ദോച്ചാരണം വെറും പ്രലാപമല്ലാതാവാൻ പാടുള്ളതല്ല. മനസ്സിലാകാത്ത സംഗതികളെ എഴുതിപ്പഠിപ്പാൻ യാതൊരു ന്യായവും ഉണ്ടാകുമെന്നു തോന്നുന്നില്ല.

കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി ഇങ്ങിനെയായിരിക്കുമ്പോൾ നാം നമ്മുടെ ബാലന്മാർക്കു കൊടുക്കുന്ന വിദ്യാഭ്യാസം—ഓത്തുചൊല്ലിക്കുക—എത്രമാത്രം ആ പേരിന്നർഹമായിരിക്കുന്നുവെന്നാലോചിക്കുക. അവരുടെ മനോവികാസത്തിന്നുള്ള കാലം മുഴുവനും അവരെക്കൊണ്ടു ശബ്ദങ്ങളെ ഉരുവിട്ടുവിക്കുന്നതല്ലാതെ അറിവിനെ വളർപ്പിപ്പാനും [illegible] മനസ്സിനെ ഉല്ലസിപ്പിപ്പാനും ആവശ്യം വേണ്ടതായ എന്തൊന്നു വിദ്യയാണു നാം അവരെ പഠിപ്പിക്കുന്നുള്ളത്? അവരുടെ ജീവകാലത്തിൽ എന്തെങ്കിലും ഒരുവിധത്തിൽ ഉപയുക്തമായിത്തീരുവാനിടയുള്ള ജ്ഞാനത്തെ അവർക്കുണ്ടാക്കിക്കൊടുക്കേണ്ടതു നമ്മുടെ പ്രധാനലക്ഷ്യമല്ലയോ? നാം അവരെ അനവധി [illegible] ഉചിതമാണോ?

നമ്മുടെ ഇടയിലുള്ള എത്ര വലിയ ചെറുപ്പക്കാർ ഈ അർത്ഥമില്ലാത്ത—അർത്ഥപ്രകാരത്തിലും അർത്ഥമില്ലാത്ത—വിദ്യാഭ്യാസംകൊണ്ടു വൃഥാ കാലത്തെ കഴിച്ചുകൂട്ടി ഒടുവിൽ ഒന്നിന്നും കൊള്ളരുതാതായിത്തീരുന്നു. അവർ [illegible] ശബ്ദങ്ങളെമാത്രം അഭ്യസിച്ചുകൊണ്ടിരിപ്പാനായി നിർബന്ധിക്കപ്പെടുന്നതാണോ? ബുദ്ധിവികാസത്തെ ഉണ്ടാക്കുന്ന വിദ്യാഭ്യാസത്തിന്നു അവർ അർഹരല്ലയോ? ബുദ്ധിവികാസം സിദ്ധിക്കാത്ത ജനസമൂഹം അന്ധവിശ്വാസത്തിൽനിന്നു ഒരുകാലത്തും കരകയറുകയില്ല. നമ്മുടെ സമുദായത്തിന്നു ഇപ്പോൾ വന്നിട്ടുള്ള അധഃപതനത്തിന്റെ പ്രധാനകാരണം ഈ നിരർത്ഥകാഭ്യാസമാണ്. വേദങ്ങളുടെയും ശാസ്ത്രങ്ങളുടെയും അർത്ഥത്തെ ശരിയായി അറിയുന്ന ഒരുവന്നു ദുരഭിമാനിയാവാൻ പാടുള്ളതല്ല. നമ്മുടെ പൂർവ്വികന്മാർ കണ്ടുവെച്ചിട്ടുള്ള തത്വങ്ങൾ ഇരുട്ടിൽപെട്ടുപോവാനുള്ള കാരണം മറ്റൊന്നല്ല.

നിരത്ഥകമായ അദ്ധ്യയനമൊന്നുകൊണ്ടു നാം കൃതകൃത്യന്മാരാ കുന്നില്ല നമുക്കു ക്ഷേമമില്ലാതായിട്ടുണ്ടു. ഇതിലധികം ശോചനീയ മായിട്ടെന്താണുള്ളതു്?

നമ്പൂതിരിയുവാക്കന്മാർ നിരത്ഥകമായി 'വേദം' പഠിച്ചു കാലം കളഞ്ഞു പോരുന്നതുവെച്ചു 'ഭാഷ' പഠിപ്പാൻതുനിയുന്നതുകാണുമ്പോൾ അനാരോഗ്യകരമായിരിക്കുന്നതെങ്കിലും 'ഭാഷ' എന്നതിന്റെ അത്ഥം വാദ്ധ്യന്മാരിൽ ചിലർക്ക പക്ഷെ മനസ്സിലായില്ലായിരിക്കാം. വേദത്തെ ശരിയായി പഠിപ്പിക്കുന്നതിനെ ഇവിടെ 'ഭാഷ' എന്ന നിർദ്ദേശിച്ചിരിക്കുന്നു.

പണ്ടുകാലങ്ങളിൽ വേദാദ്ധ്യയനത്തോടുകൂടി അത്ഥവിചാരവും നടത്തിവന്നിരുന്നുവെന്നുള്ളതിലേക്ക പല പ്രമാണങ്ങളും ഉണ്ടു്. വേദാംഗങ്ങളായ വ്യാകരണം, നിരുക്തം മുതലായവയെ പഠിച്ചുകൊള്ളണമെന്ന നിർബന്ധമുണ്ടായിരുന്നു. അത്ഥജ്ഞാനമില്ലാതെ വേദത്തെ അഭ്യസിച്ചിട്ടുള്ളവൻ ഒരു ഭാരം ഏറ്റിനില്ക്കുന്ന തൂണുപോലെയാണെന്ന വേദത്തിൽ പറയപ്പെട്ടിരിക്കുന്നു. വാസ്തവം പറയുന്നതായാൽ പുസ്തകത്തിനും വെച്ചു തല്ലിക്കാരിക്കും വേദമുഴുവൻ തോന്നിച്ചിട്ടുള്ള ഒരുവനുമായി എന്തൊരു ഭേദമാണുള്ളതു്? ശബ്ദോച്ചാരണംകൊണ്ടു സർവ്വവും നശിക്കുമെന്ന വിചാരിക്കുന്നവർക്കും ഒരു ഗ്രാമഫോൺയന്ത്രത്തിനും തമ്മിൽ യാതൊരു വ്യത്യാസവുമുണ്ടെന്ന തോന്നുന്നില്ല.

"യദധീതമവിജ്ഞാതം നിഗദേനൈവ ശബ്ദ്യതേ।
അനഗ്നാവിവ ശുഷ്കൈധോ ന തജ്ജ്വലതി കർഹിചിൽ"

എന്നതുകളായുള്ള പ്രമാണങ്ങളും വേദാത്ഥജ്ഞാനം അപരിഹാര്യമാണെന്ന സ്ഥാപിക്കുന്നുണ്ടു്. പുരാതനകാലത്തു ഗ്രന്ഥങ്ങളും ദുർല്ലഭങ്ങളായിരുന്നതുകൊണ്ടു അന്നുള്ളവർ കാണാപ്പാഠമല്ലാതെ മറ്റൊരു ശരണമുണ്ടായിരുന്നില്ല. അന്നുള്ളവർ കാണാപ്പാഠം പഠിക്കാതിരുന്നാൽ വേദങ്ങളും നാമാവശേഷമായിത്തീരുമായിരുന്നു. അതുകൊണ്ടു അന്നത്തെ കാലത്തു് അവർ ചെയ്തിരുന്ന പ്രയത്നം എത്രമാത്രം ശ്ലാഘ്യമാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. കാലം മാറുന്ന കഥയറിയാതെ എന്നു മതുതന്നെ ശീലിച്ചിരുന്നാൽ മറ്റുള്ളവർ പരിഹസിക്കാതിരിക്കുമോ? കാലഭേദംകൊണ്ടുണ്ടാകുന്ന മാറ്റസൗകര്യങ്ങളെ സ്വീകരിക്കുന്നതിൽ പുസ്തകംകൊണ്ടു സമ്പാദിക്കുന്ന ഗുണത്തെ അനുഭവിക്കയും, കാണാപ്പാഠത്തിന്നായി വിനിയോഗിക്കുന്ന സമയത്തെ അത്ഥവിചാരത്തിന്നായി ചിലവിട്ടുകയും ചെയ്യുന്നതിൽ എന്താണു വിരോധം? അപേക്ഷിച്ചുപോരുന്ന കാലത്തു

ക്കിപ്പാ അൎത്ഥവിചാരത്തിന്നായി ഒരുങ്ങിയാൽ എത്ര നന്നായിരുന്നു! നമ്മുടെ വേദങ്ങളുടെ അൎത്ഥങ്ങളേയും ഉപനിഷത്തുകളിലെ തത്വങ്ങളേയും കൂടി നമ്മെ പഠിപ്പിപ്പാൻ ഇപ്പോൾ യൂറോപ്യന്മാർ വേണ്ടിവന്നിരിക്കുന്നു. അവർ ചെയ്തിട്ടുള്ള തൎജ്ജമയുടെ തൎജ്ജമ വായിച്ചിട്ടുവേണം നമുക്ക് വല്ലതും മനസ്സിലാക്കുവാൻ. പാശ്ചാത്യന്മാർ വേദാൎത്ഥങ്ങളെ അനുസരിച്ചു നടക്കുമ്പോൾ നാം വേദഗ്രന്ഥങ്ങളെ കരിച്ചുപൊട്ടിച്ചുകൊണ്ടിരിക്കുന്നതിലധികം ലജ്ജാവഹമായി മറ്റൊന്നുമുണ്ടെന്നു തോന്നുന്നില്ല. നമ്മുടെ ഇടയിൽ അല്പാല്പമെങ്കിലും നിലനിന്നുവരുന്ന സംസ്കൃതപ്രവൃത്തിയെ പുനരുജ്ജീവിപ്പിപ്പാനും അതിനെ വേദാൎത്ഥജ്ഞാനം മുതലായി ഉപയുക്തങ്ങളായ കാൎയ്യങ്ങളിലേക്കു പ്രവേശിപ്പിപ്പാനും കാലതാമസം വരുന്നേടത്തോളം നമുക്ക് അധഃപതനമേ ഉണ്ടാകയുള്ളൂ.

ഹിന്ദുക്കൾക്കു പറ്റിപ്പോയിട്ടുള്ള തെറ്റുകളിൽ ഒട്ടും ചില്ലറയല്ലാത്തതാണു അൎത്ഥപാഠത്തിലുള്ള അനാസ്ഥാപ്രകാരം. ഈ ദോഷം എത്രയോ കാൎയ്യങ്ങളിൽ അനാവശ്യമായ അതിനിവേശത്തിന്നിടവരുത്തുന്നു. വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള മഹാന്മാർ ഈ ദോഷത്തെ നിവൎത്തിപ്പിച്ചു ജനസമുദായത്തെ നല്ലമാൎഗ്ഗത്തിൽ പ്രവേശിപ്പിക്കേണ്ടതാണെന്നപേക്ഷിച്ചുംകൊണ്ടു ഇപ്പോൾ വിരമിച്ചുകൊള്ളുന്നു.

കെ. കെ. ചിത്രൻനമ്പൂതിരി.

ഗ്രന്ഥനിരൂപണം

ശ്രീസ്തുതി.

ശ്രീശങ്കരാചാൎയ്യസ്വാമികളാൽ ഉണ്ടാക്കപ്പെട്ട ശ്രീസ്തുതി എന്ന സ്തോത്രരത്നം വായനക്കാരിൽ പലൎക്കും പരിചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ആ സ്തോത്രത്തിനു കന്നാകത്താതൻനമ്പൂരിവൎകൾ ഒരു ഭാഷാവ്യാഖ്യാനം നിൎമ്മിച്ചു അതോടുകൂടി അച്ചടിച്ചു വിട്ടിരിക്കുന്ന പുസ്തകമാണു ഞങ്ങളുടെ പര്യാലോചനക്കു വിഷയമായിട്ടുള്ളത്. നമ്പൂരിവൎകളുടെ ഭാഷാവ്യാഖ്യാനം നല്ല പഴയമട്ടിൽ പദച്ഛേദവും, വിഗ്രഹവും, അന്വയവും അന്വയാൎത്ഥവുമായി എഴുതപ്പെട്ടതാണ്. ഓരോ പദപ്രയോഗംകൊണ്ടു ധ്വനിക്കാവുന്ന അൎത്ഥങ്ങളെ പ്രതിപാദിച്ചുകൊണ്ടു ഭാവവും വിസ്തരിച്ചെഴുതിയിട്ടുണ്ട്. ചില ധ്വനികളെ വായിക്കുമ്പോൾ,

‘‘ദിവാകരനുദിക്കുമ്പോൾ പുഷ്കരാക്ഷൻ പ്രസന്നനായി ।
കരത്തിൽവെണ്ണച്ച രാരോഹണത്തിലൊരു ഭക്തനായി’’

എന്ന ശ്ലോകത്തിൽ ‘കര’ എന്ന നാമപദത്തിൽ പ്രയോഗിച്ചതുകൊണ്ടു ഭഗവാൻ ചതുർബ്ബാഹുവാണെന്നും, വെണ്ണ എന്നതിനുശേഷം നിന്നുപോയിട്ടു വർദ്ധിച്ചുവെന്നും ധ്വനിക്കുന്നുവെന്നു ഒരു രസികൻ പറഞ്ഞ ഫലിതം ഞങ്ങളോർക്കുന്നു. ഈ പുസ്തകത്തിന്റെ ഒടുവിൽ ആചാര്യസ്വാമികളുടെ ചരിത്രസംക്ഷേപം ചേർത്തിട്ടുള്ളതു ഒരു പുതുമതന്നെയാണ്. ആചാര്യസ്വാമികളുടെ ചരിത്രത്തെ അല്പംകൂടി പൂർവ്വാപരസംബന്ധത്തോടെ പ്രതിപാദിച്ചാൽ വായനക്കാർക്കു ഇതിലധികം അഭിരുചിയുണ്ടാകുമായിരുന്നു. വാചകം ചിലേടത്തു അന്വയിച്ചിട്ടില്ലെങ്കിലും ‘‘ചെയ്യുന്ന പടി ചെയ്യുന്നകൊള്ളണം’’ വായനക്കാരുടെ ബുദ്ധിശക്തിക്കു. വാക്യാവസാനത്തിൽ പലേടത്തും വിരാമചിഹ്നം ഇടാത്തതു വലിയ സങ്കടം. അച്ചടിപ്പിഴയും ഇല്ലെന്നില്ല. ‘കേരളകല്പദ്രുമ’ത്തിലെ അച്ചടിയുടെ വെടിപ്പിനെപ്പറ്റി ഞങ്ങളൊന്നും പറയേണ്ടതില്ലല്ലോ. വില എട്ടണയാണ്. ആരാധകന്മാരെങ്കിലും ഇതിനെ ആദരിക്കാതിരിക്കയില്ല.

ബാല്യുത്ഭവം.

ഇതൊരു പദ്യകാവ്യമാണ്. ചില്ലറചില സംസ്കൃതപ്രയോഗങ്ങളുള്ളതുകൊണ്ടു മണിപ്രവാളമെന്നു പേരുകൊടുപ്പാൻ വിരോധമില്ല. ബാലിസുഗ്രീവന്മാരുടെ ഉല്പത്തിയാണു പ്രതിപാദ്യവിഷയം. കഥ പുരാണപ്രസിദ്ധമാകയാൽ പകർത്തീട്ടാവശ്യമില്ലല്ലോ. ഗ്രന്ഥകർത്താവായ പൂഞ്ഞാറ്റിൽ അവിട്ടംതിരുനാൾ തമ്പുരാൻ തിരുമനസ്സുകൊണ്ടു ഒരു വാസനാകവിയാണെന്നു ഞങ്ങൾ സന്തോഷപൂർവ്വം സമ്മതിക്കുന്നു. തിരുമനസ്സിലെ കവിതാരീതി കാണിപ്പാനായി ഒരു ശ്ലോകമിതാ ചേർക്കുന്നു:—

‘‘മല്ലാക്ഷികൾ ഗണിയില്ല
കല്ലായിട്ടു നതാംഗിമാർ തന്റെ !
പല്ലുകളൊക്കെയും
മുല്ലകമൊട്ടിന്നെതിരാം പൂത്തും’’

‘‘അട്ടും’’ ‘‘ഇട്ടും’’ ചേർത്തു നിറക്കപ്പെടുത്തിയ പാദപൂരണങ്ങൾ കണ്ടാണെന്നു ഞങ്ങളിപ്പോൾ വിചാരിക്കുന്നില്ല. ‘‘അല്ലു ഉറ്റുനി’’ ‘‘കെട്ടുഴകന്ന’’ എന്നതുകളിലുള്ള സന്ധിപാരുഷ്യം കൂടാതെ കഴിക്കേണ്ടതാണ്. നല്ലോരച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചിരുന്നാൽ ‘കുട്ടിവായന’

ശീലമില്ലാത്തവൎക്കു കൂടി വായിച്ചു രസിക്കാവുന്നതാകുന്നു. ഈ കവി മേലിലും ഇപ്രകാരമുള്ള നല്ല കവിതകൾ ചമച്ചു സഹൃദയന്മാരെ സന്തോഷിപ്പിക്കുവാൻ സംഗതിവരട്ടെ.

പലവക

അഭിപ്രായത്തിന്നായി അയച്ചുതരപ്പെട്ട "യോഗീശപരസ്കാരവും ഋഷിചരിതാംശവും" എന്ന പുസ്തകം സന്തോഷപൂൎവ്വം സ്വീകരിച്ചിരിക്കുന്നു. അഭിപ്രായം അടുത്തതിൽ.

*** *** *** ***

കാലടിയിൽ വെച്ചു ശ്രീശങ്കരാചാൎയ്യസ്വാമികളുടെ ആണ്ടുശ്രാദ്ധത്തിൽ ജ്യോതിശ്ശാസ്ത്രസഭ്യ നടന്നിരിക്കുന്നു. പല പണ്ഡിതന്മാരുടെയും ഉപന്യാസങ്ങൾ വായിക്കുകയും പ്രസംഗങ്ങൾ നടത്തുകയുമുണ്ടായി.

*** *** *** ***

ബഹുമാനപ്പെട്ട മി. ക്ലൂൺ സായ്‌വവൎകൾ തിരുവനന്തപുരത്തിൽ ഒരു പുതിയ രീതിയിൽ കൊണ്ടുചെല്ലുവാൻ ഉത്സാഹിക്കുന്നതായറിയുന്നു. ഇതിന്റെ ഉദ്ദേശ്യം [illegible] വാക്കുകളിലും [illegible] വാക്കുകളിലും [illegible] നിൎമ്മാണമാക്കുകയും സ്വാതന്ത്ര്യ[illegible] പിള്ളേച്ചന്മാരെ [illegible] സമ്പാദിക്കുകയുമാകുന്നു.

*** *** *** ***

ഇന്ത്യാരാജ്യാവകാശികളുടെ ആൎക്കിയോളജിക്കൽ [illegible] ഒരു മെമ്പറായ ബഹുമാനപ്പെട്ട മിസ്റ്റർ [illegible] അദ്ദേഹത്തിന്റെ [illegible] കൊച്ചിയിലെ [illegible] അഭിപ്രായം [illegible] അവസരത്തിൽ കൊച്ചിമഹാരാജാവവൎകൾ അദ്ദേഹത്തിന്നു ഒരു മംഗളപത്രം സമൎപ്പിക്കയുണ്ടായി. അദ്ദേഹം വളരെ സന്തോഷിച്ചു സ്നേഹപൂൎവ്വമായ മറുപടി കൊടുത്തതായറിയുന്നു.

*** *** *** ***

ജൎമ്മനിയിലെ ചില വിദ്യാഭ്യാസസംഘക്കാർ മഹാഭാരതത്തിന്റെ ഒരു പുതിയ പതിപ്പു പ്രസിദ്ധപ്പെടുത്തുവാൻ ശ്രമിക്കുന്നു. ഇതിൽ പല പാഠഭേദങ്ങളും പരിശോധിച്ചു ഉത്തമമായ പാഠമിതിനായി സ്വീകരിക്കുന്നതാണ്. ഓരോ പാഠങ്ങളും [illegible] ചേൎക്കുന്നതാണ്. ഈ ഉത്തമകൃത്യത്തിൽ ഇന്ത്യക്കാരായ മഹാന്മാർ കഴിയുന്നവിധത്തിലെല്ലാം സഹായിക്കണമെന്നു അവർ പ്രബലമായി ശിപാൎശ ചെയ്യുന്നു.

ക്രോഡപത്രസംഗ്രഹഃ

പ്രകൃതിഃ കിലൈഷാ സംസ്കൃതപണ്ഡിതാനാം യദാത്മനോ [illegible] വി-
ഭൂതാന്യപി സ്വകൃതാനി ഗ്രന്ഥരത്നാനി നാന്യേഭ്യഃ പ്രയച്ഛന്തി [illegible]
[illegible] । കാലാന്താതിക്രാന്താ [illegible]
[illegible] ന [illegible] പണ്ഡിതാനാം [illegible]
[illegible] । അത്ര
[illegible] ।
[illegible]
[illegible] । സാമ്പ്രതികൈ പുനഃ [illegible]
[illegible] ।
[illegible]
[illegible] പണ്ഡിത [illegible]
[illegible] ।
[illegible]
[illegible] । [illegible] ക്രോഡ-
പത്രസംഗ്രഹാ വ്യാകരണ [illegible] । [illegible]
[illegible] വ്യാകരണ [illegible] ക്രോഡപത്ര [illegible]
[illegible] । [illegible]
[illegible]
[illegible] । [illegible]
[illegible] । വ്യാകരണ [illegible]
[illegible] । [illegible]
[illegible]
[illegible] । [illegible] പണ്ഡിതാനാം
[illegible] ക്രോഡപത്ര-
[illegible] । [illegible]
[illegible]
[illegible] । [illegible] ആർ. വി. [illegible]
[illegible]

ഷ്യതി । സംസ്കൃതാ പ്രസാദ്യാസ്മാകമാര്യാ ഉചിതമത്ര വിഷയേ സാഹായ്യക
[illegible] പണ്ഡിതാൻ പ്രാർത്ഥയാമഃ ।

ആരോഗ്യം

ദുരധിഗമം ഹി മാനുഷം ജന്മ । മാനുഷ്യകം കില ബഹുവിധാനാം ഭോഗാനാമപവർഗ്ഗസ്യ ച സാധനം । അതോഽസ്മിൻ ച കർത്തവ്യകർമ്മാണി സമവാപ്യ മനുഷ്യസ്യ [illegible] തേഷാം യഥാവദനുഷ്ഠാനേന [illegible] ജന്മ സാഫല്യമേതി । സർവ്വമപി കർമ്മ [illegible] ശരീരേണൈവ സാധനീയമിതി ശരീരാരോഗ്യമേവ പ്രഥമം പരിരക്ഷണീയം ഭവതി । ന ഹി രോഗേണാഭിഭൂതഃ കിമപി കർത്തുമീഷ്ടേ । [illegible] സ്വയം രോഗാതുരസ്യ । [illegible] രോഗാഭിഭൂതസ്യ ജീവിതമേവ ഭാരായിതം ഭവതി । ദുഃസഹരോഗാക്രാന്തഃ പരിപീഡ്യമാനോ മരണമേവ ശ്രേയോ മന്യതേ । അപി ച [illegible] പുരുഷാർത്ഥലാഭം ച സമീഹമാനാനാമാരോഗ്യമേവ [illegible] സർവ്വോപരി ।

തദിദമാരോഗ്യം നാന്യത് [illegible] ഭവതി । പ്രകൃതിസിദ്ധമേവ പ്രാണിനാമാരോഗ്യം । പ്രകൃതിനിയമോല്ലംഘനേന ഹി ബഹുവിധാ വ്യാധയഃ സമുത്പദ്യന്തേ । പശുപക്ഷ്യാദീനാമിതരേഷാം [illegible] സമീചീനാം [illegible] ന കദാപി [illegible] । [illegible] പുനഃ പ്രകൃതിസിദ്ധ[illegible] । [illegible] പ്രകൃതിനിയമാന[illegible] । പ്രകൃതിനിയമാശ്ച സമാഹിതചേതസാ [illegible] । [illegible] പ്രകൃതിനിയമാൻ [illegible] । കദാചിന്നിയമോല്ലംഘനേ [illegible] പരിഹരണായ പ്രയതിതവ്യം । ഏവം നാമ സമാഹിതചേതസൈവാരോഗ്യം പരിരക്ഷിതും ശക്യതേ ।

യേ പുനഃ സ്വയമാലോചനയാ ഹിതാഹിതം വിവേക്തും ന പാരയന്തി തേഷാമേവ ഹിതോപദേശായ പ്രവൃത്തം ശാസ്ത്രമായുഃ । സ്വാർത്ഥേ

[illegible] ശരീര[illegible]സംരക്ഷണോപായ[illegible] [illegible]
[illegible]
[illegible] കില [illegible]
[illegible] അവലോക്യതേ । [illegible]
[illegible] ശരീരം [illegible] ഇതി [illegible]
[illegible] പുനഃ ശരീര[illegible]
[illegible] പ്രതി[illegible] പ്രപദ്യന്തേ [illegible]
[illegible] । [illegible]
[illegible] പ്രവൃത്തഃ ।
[illegible] പ്രതി[illegible]
[illegible] പരിണാമഃ । [illegible]
[illegible] । [illegible] ।

പ്രാചീനാഃ കില[illegible] സ്വാസ്ഥ്യസംരക്ഷണോപായാൻ [illegible]
[illegible]
[illegible] । [illegible]
[illegible] കില [illegible]
[illegible] । ബ്രഹ്മചര്യ[illegible] । [illegible]
[illegible] ബ്രഹ്മചര്യമേ [illegible]
[illegible]
[illegible] । [illegible]
[illegible] । [illegible] കില [illegible] ബ്രഹ്മ
ചര്യ[illegible] —

[illegible] ।
[illegible] ബ്രഹ്മചര്യ[illegible]"

[illegible]
[illegible] । അഥ —

[illegible] ।
[illegible]"

[illegible]
[illegible]
[illegible] കില [illegible] । [illegible]

(7)	ആറ് ഇഞ്ച് ചങ്ങലകെട്ട് ഒന്നാന്തരം ടി	25.	0.
ടി	രണ്ടാന്തരം ടി	22.	8.

പ്രത്യേക അറിയിപ്പ്.

എല്ലാ പ്രധാനസ്ഥലങ്ങളിലും ഉത്സാഹികളായ ഏജണ്ടന്മാരെ ആവശ്യമുണ്ട്. നല്ലതായ കമീഷൻ കൊടുക്കും. അധികവിവരം അറിവാനാഗ്രഹമുള്ളവർ താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ എഴുതിച്ചോദിക്കേണ്ടതാണ്.

എന്ന്:—

എ. കെ. ടി. കെ. എം. [illegible]

ഷൊറണ്ണൂർ (തെക്കേ മലയാളം)

സാംഖ്യകാരികാ

(ഭാഷാവ്യാഖ്യാനത്തോടുകൂടി)

ആസ്തികന്മാരുടെ ആറു ദർശനങ്ങളിൽ ഒന്നായ സാംഖ്യദർശനത്തിലെ മൂലതത്വങ്ങളെ പ്രതിപാദിക്കുന്നതും ഈശ്വരകൃഷ്ണസൂരിപ്രണീതവുമായ "സാംഖ്യകാരിക" സാംഖ്യശാസ്ത്രത്തിലെ അതിപ്രാചീനമായ ഒരു ലഘുഗ്രന്ഥമാണ്. എഴുപതുകാരികകളടങ്ങിയ ഒരു വിശിഷ്ടഗ്രന്ഥമാകുന്നു ഇത്. അനന്തരാമശാസ്ത്രികളവർകളെഴുതിയ സവിസ്തരവും സരളവുമായ ഭാഷാവ്യാഖ്യാനത്തോടുകൂടി ഇവിടെ അച്ചടിപ്പിച്ചുവരുന്നു. കാരികകളിൽ പൂർവ്വപക്ഷം ഒന്നാമതും, ആദ്യം കാരിക, പിന്നെ അന്വയവും അന്വയാർത്ഥവും, അനന്തരം താല്പര്യം ഈ ക്രമത്തിൽ എഴുതീട്ടുള്ള വ്യാഖ്യാനത്തിന്റെ സഹായമുള്ളതുകൊണ്ട് എല്ലാവർക്കും എളുപ്പത്തിൽ സാരം ഗ്രഹിക്കാവുന്നതാണ്. സാംഖ്യശാസ്ത്രത്തെപ്പറ്റി [illegible] നിരൂപിക്കുന്ന [illegible] [illegible] അച്ചടിക്കാൻ [illegible]

[illegible] (തപാൽക്കൂലിയും വി. പി. ചിലവും പുറമെ) [illegible] പതിനൊന്നണവീതം [illegible] ആവശ്യമുള്ളവർ കഴിയുന്നവേഗത്തിൽ [illegible]

എന്ന്—മാനേജർ, [illegible] പ്രസ്സ്

ഷൊറണ്ണൂർ

മംഗളോദയം

പുസ്തകം [illegible] } [illegible] മേടമാസം { ലക്കം [illegible]

വിഷയങ്ങൾ

മംഗളോദയം അച്ചുക്കൂടത്തിൽ
അച്ചടിച്ചത്.
1095

സാരഥി

ശരിയായ സാരഥി

[illegible] വില

([illegible])

[illegible]

തയ്യാറുണ്ട്

[illegible]

[illegible]

			[illegible] 1000 [illegible]		[illegible]
(1)	1-ാം തരം [illegible] 1000 [illegible]	30—0—0.	2-ാം തരം	ടി ടി	25—0—0.
			3-ാം തരം	ടി ടി	20—0—0.
(2)	[illegible] 1000 [illegible]	100—0—0.	2-ാം തരം	ടി ടി	50—0—0.
(3)	[illegible] 1000 [illegible]				35—0—0.
			2-ാം തരം	ടി ടി	30—0—0.
(4)	[illegible] 1000 [illegible]	30—0—0.	2-ാം തരം	ടി ടി	25—0—0.
(5)	[illegible] ടി	25—0—0.	2-ാം തരം	ടി ടി	22—8—0.
(6)	[illegible]				75—0—0.
(7)	[illegible]				100—0—0.

[illegible]

[illegible]

[illegible]

[illegible]

[illegible] "[illegible]" [illegible]

[illegible]

മംഗളോദയം

മാസിക

പുസ്തകം ൧ { [illegible] } ലക്കം [illegible]


മംഗളം

ശ്രീകൃഷ്ണ [illegible]
[illegible]
[illegible]
[illegible]

ആര്യന്മാരുടെ

ആദ്യനിവാസം

നമ്മുടെ പൂർവ്വന്മാരായ പുരാതനന്മാർ ഭാരതഖണ്ഡത്തിലല്ല ആദ്യം താമസിച്ചിരുന്നതു്. അവർ, എത്രയോ ആയിരം കൊല്ലങ്ങൾക്കുമു



മ്പേ [illegible] ഒരു ദിക്കിൽനിന്നു വന്നു*, ഇന്ത്യയിൽ അന്നുണ്ടായിരുന്ന നിവാസികളെ എതിർത്തു തോല്പിച്ച് ഇവിടെ കുടിയേറിപ്പാർത്തവരാണ്. ആദ്യം അവർ കുടിയേറിപ്പാർത്തതു പഞ്ചനദത്തിലായിരുന്നു. പിന്നെ അവിടെനിന്നു മറ്റുഭാഗങ്ങളിലേക്കു കടന്നുകൂടി. ഇങ്ങിനെ ഇന്ത്യയിൽ കുടിയേറിപ്പാർത്തവരായ ആളുകളെ "ആര്യന്മാർ" എന്നു പറഞ്ഞുവരുന്നു. ഏഷ്യാഖണ്ഡത്തിലെ സംസ്കൃതം, പർഷ്യൻ എന്നീ ഭാഷകളിലും യൂറോപ്പുഖണ്ഡത്തിലെ ഗ്രീക്ക്, ലാറ്റിൻ, ജർമ്മൻ എന്നീ ഭാഷകളിലുമുള്ള സംബന്ധവാചികളും സാദൃശ്യവാചികളുമായ ശബ്ദങ്ങൾക്കും, സർവ്വനാമങ്ങൾക്കും, നിത്യോപയോഗമുള്ള ചില വസ്തുക്കളെ കുറിക്കുന്ന ശബ്ദങ്ങൾക്കും, ക്രിയാവാചകങ്ങളായ അനേകം പദങ്ങൾക്കും ഉള്ള തമ്മിലുള്ള സാദൃശ്യം [illegible]

തത്വജ്ഞന്മാരായ വിദ്വാന്മാർ സിദ്ധാന്തിക്കുന്നു. വേദത്തിൽ പറയപ്പെട്ടിട്ടുള്ള ദേവതമാരുടെ പേരുകൾക്കും, ഗ്രീക്കുകാർ, റോമൻകാർ മുതലായവരുടെ ദേവന്മാരുടെ പേരുകൾക്കും തമ്മിലും ഒരുമാതിരി സാദൃശ്യം കാണുന്നുണ്ട്. ഇങ്ങിനെ, അന്യോന്യം ഭിന്നങ്ങളായ ഭാഷകളിലെ ശബ്ദങ്ങളുടെ തമ്മിൽ സാദൃശ്യമുള്ളതായിക്കാണുകയാൽ, പണ്ടു ഈ വർഗ്ഗക്കാരൊക്കെ ഒരു സ്ഥലത്തിൽ ഒരുമിച്ചുതന്നെ താമസിച്ചിരുന്നവരാകണമെന്നും, പിന്നെ അവിടെ വല്ല സംഭവവിശേഷംകൊണ്ടും താമസിപ്പാൻ നിവൃത്തിയില്ലാതെവന്നതുകൊണ്ടോ, ജനപ്പെരുപ്പം സഹിയ്ക്കവയ്യാഞ്ഞിട്ടോ മറ്റോ ആ സ്ഥലംവിട്ടു നാനാദിക്കുകളിൽ ചിന്നിച്ചിതറിപ്പോയതായിരിക്കണമെന്നും നവീനവിദ്വാന്മാർ സിദ്ധാന്തിക്കുന്നു. ഇപ്പോൾ ആ വർഗ്ഗക്കാരൊക്കെയും നാനാദിക്കുകളിൽ പെട്ടുപോയെങ്കിലും അവരെ പൊതുവിൽ ആര്യന്മാർ എന്ന പേരുകൊണ്ടാണ് വ്യവഹരിക്കുന്നതു. അതിപ്രാചീനന്മാരായ ഈ ആര്യന്മാരുടെ ആദ്യനിവാസസ്ഥാനം ഏതായിരുന്നു? ഈ ചോദ്യത്തിനു സമാധാനം പറയുന്നതിൽ വിദ്വാന്മാരുടെ ഇടയിൽ പല അഭിപ്രായഭേദങ്ങളും ഉണ്ട്. ഒരാളെങ്കിലും ഇതുവരെ സ്ഥിരമായ ഒരു സിദ്ധാന്തത്തെ കാണിച്ചിട്ടില്ല. ഈ ചോദ്യത്തിനു സാധുവായും സ്ഥിരമായും ഉള്ള ഒരു സമാധാനം കിട്ടുവാൻ പ്രയാസമാണെങ്കിലും, ഓരോരോ വിദ്വാന്മാർക്കുള്ള അഭിപ്രായങ്ങളെയും അവയുടെ അടിസ്ഥാനങ്ങളായിട്ടുള്ള യുക്തികളെയും വായനക്കാർ മനസ്സിലാക്കുന്നതു അത്യാവശ്യമാകയാൽ ആ വിഷയത്തെ ഈ ഉപന്യാസത്തിൽ പ്രതിപാദിക്കുന്നതു ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ആര്യന്മാർ ആദ്യം താമസിച്ചിരുന്നതു എവിടെയായിരുന്നു എന്നുള്ള വിഷയത്തിൽ ഒന്നാമത്തേതായ അഭിപ്രായം ഇതാകുന്നു:— ഏഷ്യാഖണ്ഡത്തിന്റെ മദ്ധ്യത്തിലുള്ള "ബെലൂർതാഗ്"—"മുസതാഗ്" എന്ന രണ്ടു പർവ്വതങ്ങളുടെ പടിഞ്ഞാറെ ഭാഗത്തുള്ള ഉയർന്ന ഭൂമിയായിരുന്നു പ്രാചീനന്മാരുടെ നിവാസസ്ഥാനം. ഈ അഭിപ്രായത്തെ പുരസ്കരിച്ചു വിദ്വാന്മാർ അവരുടെ സിദ്ധാന്തത്തിലേക്കു പല യുക്തികളെയും കാണിക്കാതിരുന്നിട്ടില്ല. (൧) ഏഷ്യാനിവാസികൾ യൂറോപ്പിലേക്കു ചെന്നുവെന്നും, അവിടെ പാർത്തുവന്നതും സുപ്രസിദ്ധമാണ്. (൨) ഗ്രീക്കുകാരും റോമൻകാരും ക്രമേണ കിഴക്കുനിന്നും വടക്കുനിന്നും ഗ്രീസ്സിലേക്കും ഇററലിയിലേക്കും പോയതായി വിദ്വാന്മാർ അനുമാനിക്കുന്നു. ഹൂണന്മാർ മുതലായ വർഗ്ഗക്കാർ അതിന്നിപ്പുറത്തുകാലത്തു ഏഷ്യയുടെ മദ്ധ്യഭാഗങ്ങളിൽനി

ന്നുപോയിട്ടാണ് ഇപ്പോഴത്തെ അവരുടെ വാസസ്ഥലങ്ങളിൽ താമസം തുടങ്ങിയത്. (൩) ഭാരതീയന്മാരായ ആൎയ്യന്മാരുടേയും പാൎസികളുടേയും പുരാതനഗ്രന്ഥങ്ങളിൽ, വടക്കൻദിക്കിൽനിന്നു വന്നവരാണ് ആൎയ്യന്മാർ എന്നു കാണുന്നുണ്ട്. ആ ദിക്കിനെത്തന്നെയാകുന്നു അവർ ദേവസ്ഥാനമെന്നും, സ്വൎഗ്ഗാരോഹണത്തിനു ഉത്തമമാൎഗ്ഗമെന്നും കരുതി വരുന്നത്. (൪) ആ ദിക്കിലെ ഭാഷ സംസ്കൃതത്തിനോടും പാൎസ്യൻ ഭാഷയോടും വളരെ സംബന്ധമുള്ള ഒരു ഭാഷയാകുന്നു. മേൽപ്പറഞ്ഞ യുക്തികളെക്കൊണ്ടാകുന്നു, ഏഷ്യാഖണ്ഡത്തിന്റെ മദ്ധ്യഭാഗത്താണ് ആൎയ്യന്മാർ ആദ്യം താമസിച്ചിരുന്നതെന്നു മേക്സ്മുള്ളർ സിദ്ധാന്തിച്ചു. ഈ അഭിപ്രായത്തെ കുറെക്കാലത്തേക്കു വിദ്വാന്മാരൊക്കെ അനുസരിക്കുകയും ചെയ്തു.

എന്നാൽ പുരാതത്വശോധികളായ ചില വിദ്വാന്മാർ ഈ സിദ്ധാന്തത്തിനു വിരുദ്ധമായ അഭിപ്രായത്തെ പുറപ്പെടുവിക്കാതിരുന്നില്ല. യൂറോപ്പുഖണ്ഡത്തിലായിരുന്നു ആൎയ്യന്മാർ ആദ്യം താമസിച്ചിരുന്നതെന്നാണ് അവരുടെ അഭിപ്രായം. അവരുടെ അഭിപ്രായത്തിന്നടിസ്ഥാനമായിട്ടുള്ള യുക്തികളെല്ലാം ഇവിടെ എടുത്തു കാണിക്കാം— ആൎയ്യജാതിയിൽപ്പെട്ട പലവൎഗ്ഗങ്ങളെയും ഇപ്പോഴും യൂറോപ്പിലാണ് കാണപ്പെടുന്നത്. അതുകൊണ്ടു ആൎയ്യന്മാർ മുഴുവനും ആദ്യം യൂറോപ്പിലെ നിവാസികളായിരുന്നുവെന്നും, ചില ശാഖകൾമാത്രം എന്തോ കാരണത്താൽ ഏഷ്യയിലേക്കുവന്നു ഇവിടെ പരന്നുകൂടിയതാണെന്നും വിശ്വസിക്കാം. പ്രാചീനന്മാരുടെ ചരിത്രം, ഭാഷ മുതലായവയെ പൎയ്യാലോചിച്ചിട്ടു സ്ഥിരമായ ഒരു സിദ്ധാന്തത്തെ കണ്ടുപിടിക്കുവാൻ വഴിയില്ല. ഏഷ്യയുടെ മദ്ധ്യഭാഗത്തായിരുന്നു ആദ്യം ആൎയ്യന്മാർ പാൎത്തിരുന്നതെന്നു പറയുന്നതു വെറും ഊഹംകൊണ്ടുമാത്രമാണ്. അതു ശരിയാണെന്നു സമ്മതിക്കുവാൻതക്ക പ്രമാണം കാണുന്നില്ല. മനുഷ്യരുടെ ഉത്ഭവസ്ഥാനം ഏഷ്യാഖണ്ഡത്തിലാണ് ആദ്യം ഉണ്ടായതെന്നു വളരെക്കാലമായി ജനങ്ങൾക്കു ഒരു വിശ്വാസമുണ്ട്. അതുകൊണ്ടാണു ചിലർ, ഏഷ്യാമദ്ധ്യഖണ്ഡത്തിനു ആൎയ്യന്മാരുടെ ആദ്യവാസസ്ഥാനത്വം കല്പിപ്പാൻ ഇത്രകലശലായ താല്പൎയ്യം കാണിക്കുന്നത്. ഇപ്പോൾ യൂറോപ്പിൽനിന്നു, പണ്ടുകാലങ്ങളിൽ അവിടെ മനുഷ്യർ പാൎത്തിരുന്നവരാണെന്നുള്ളതിലേക്കു തെളിവായി ചില ചിഹ്നങ്ങൾ കണ്ടുകിട്ടിയിരിക്കുന്നതിനാൽ ആ വാദം ഇക്കാലത്തു യോജിക്കുന്നില്ല. സംസ്കൃതം, പാൎസ്യൻ മുതലായ ഭാഷകളിൽ നിത്യോപയോഗമുള്ള

പല വസ്തുക്കളേയും കുറിക്കുന്ന ശബ്ദങ്ങൾക്കു സാദൃശ്യം കാണുന്നതുകൊണ്ടു്, ഇപ്പോൾ അന്യോന്യം ഭിന്നന്മാരായ എല്ലാവർക്കും മൂലഭൂതന്മാരാണെന്നു നിശ്ചയിക്കുന്ന പക്ഷം, ഭാഷാശബ്ദങ്ങളെക്കൊണ്ടു ഐതിഹ്യമില്ലാത്തതായ—ഓരോ ഭാഷകളിൽ ഓരോ ശബ്ദങ്ങളെക്കൊണ്ടു വ്യവഹരിക്കുന്നതായ—പല വസ്തുക്കളും ഇപ്പോൾ കാണപ്പെടുന്നുണ്ടെങ്കിൽ ആ ഭാഷകളെ സംസാരിക്കുന്ന ജാതിക്കാർ തമ്മിൽത്തമ്മിൽ ഭേദിച്ചുപോയതിന്നുശേഷമാണു് ആ വക വസ്തുക്കൾ പ്രചരിച്ചുതുടങ്ങിയതെന്നു ഊഹിപ്പാൻ വഴിയുണ്ടു്. സിംഹം, വ്യാഘ്രം, ഗജം, ഒട്ടകം മുതലായ മൃഗങ്ങളുടെ പേരുകൾ ആ ഭാഷകളിലും ഭേദിച്ചിരിക്കുന്നു. ഏഷ്യാഖണ്ഡത്തിൽനിന്നാണു് ആര്യന്മാർ ആദ്യം പാർത്തിരുന്നതെങ്കിൽ ആ നാമങ്ങളുടെ ധാതുക്കൾക്കു ആ ഭാഷകളിലും ഒരു സാദൃശ്യം നിലനിൽക്കുമായിരുന്നു. ഏഷ്യാഖണ്ഡത്തിൽ സിംഹാദിമൃഗങ്ങൾ കാണപ്പെടുന്നുണ്ടു്. യൂറോപ്പിൽ കാണപ്പെടുന്നുമില്ല. എന്നുമാത്രമല്ല, പഴയകാലത്തെ വസ്തുനാമങ്ങളെക്കൊണ്ടും ഇക്കാലത്തെ ആലോചനകൊണ്ടും ആര്യന്മാർ ശീതദേശക്കാർ—ദേഹം വെളുത്തവർ—ആയിരുന്നുവെന്നറിയുന്നു. അങ്ങിനെയുള്ള ആർയ്യജാതിക്കാരെ ഇപ്പോൾ യൂറോപ്പിലല്ലാതെ ഏഷ്യയിൽ കാണുന്നുമില്ല. യൂറോപ്യന്മാരുടെ ശരീരപ്രകൃതിയേയും ദീർഘജീവനത്തേയും ശക്തിയേയും വിചാരിച്ചുനോക്കിയാലും പ്രാചീനാർയ്യന്മാരുടെ മൂലം എവിടെ ആയിരുന്നുവെന്നു് ഊഹിക്കാവുന്നതാണു്. ഇങ്ങിനെ ചില യുക്തികളെക്കൊണ്ടു ഏഷ്യയല്ല ആർയ്യന്മാരുടെ മൂലദേശം എന്നു വാദിക്കുന്ന വിദ്വാന്മാരുടെ സിദ്ധാന്തം, ആർയ്യന്മാർ പണ്ടു യൂറോപ്പിന്റെ ഉത്തരഖണ്ഡത്തിലായിരുന്നു താമസിച്ചിരുന്നതെന്നും, അവർ ഇപ്പോൾ ഫിൻലാണ്ടിൽ പാർത്തുവരുന്ന ഫിൻജാതിക്കാരോടു അടുത്തവാസക്കാരായിരുന്നുവെന്നുമാകുന്നു. ആ ജാതിക്കാർ ആർയ്യന്മാരുടെ കൂട്ടത്തിൽപ്പെട്ടവരല്ലെങ്കിലും അവരുടെ ഭാഷയിലുള്ള അനേകം ശബ്ദങ്ങൾക്കു—സംഖ്യാനാമങ്ങൾക്കും സർവ്വനാമങ്ങൾക്കും മറ്റും—ആർയ്യഭാഷാശബ്ദങ്ങളോടു സാദൃശ്യം കാണുന്നുണ്ടു്. അങ്ങിനെ സാദൃശ്യം കാണുവാനുള്ള കാരണം ആ ജാതിക്കാർ ഏതോ ഒരു കാലത്തു വളരെ അടുത്തുപാർത്തിരുന്നതായിരിക്കണം.

ഇതുവരെ പ്രസ്താവിച്ച യുക്തികളും പ്രമാണങ്ങളും സിദ്ധാന്തങ്ങളും പാശ്ചാത്യപണ്ഡിതന്മാരുടെ പുസ്തകങ്ങളെ ആധാരമാക്കിയവയാകുന്നു. പൌരസ്ത്യവിദ്വാന്മാർ ഈ അഭിപ്രായങ്ങളെ വിശ്വസിക്കുന്നില്ലാത്ത സം

ച്ചിരിക്കാണെന്നാലോചിക്കുന്ന സമ്പ്രദായം പൌരസ്ത്യവിദ്വാന്മാരുടെ ഇടയിൽ ധാരാളം നടപ്പുണ്ടായിരുന്നില്ല. പൌരസ്ത്യന്മാരുടെ ഈ മന്ദതക്കു കാരണം, അവരുടെ ഭാഷകളിൽ പ്രാചീനഗ്രന്ഥങ്ങൾ കാവ്യങ്ങളോ, ആലോചനക്കുപയോഗപ്പെടുന്ന സാമഗ്രികളില്ലാഞ്ഞിട്ടോ അല്ല, അവയെ വേണ്ടുംപോലെ ഉപയോഗിക്കുവാനുള്ള പരിചയക്കുറവുകൊണ്ടുമാണ്. നവീനവിദ്യാഭ്യാസത്തിന്റെ പ്രചാരം തുടങ്ങിയതോടുകൂടി പൌരസ്ത്യന്മാരും ഈ വക വിഷയങ്ങളെപ്പറ്റി പര്യാലോചിച്ചുതുടങ്ങിയിരിക്കുന്നു. പൌരസ്ത്യപണ്ഡിതന്മാരിൽ അഗ്രിമനായ ശ്രീമാൻ ബാലഗംഗാധരതിലകരവർകൾ ഉണ്ടാക്കിയ ഒരു ഗ്രന്ഥത്തിൽ (1) ഈ ഉപന്യാസത്തിലെ പ്രകൃതവിഷയത്തെപ്പറ്റി വിസ്തരിച്ചുനിരൂപിച്ചിട്ടുണ്ട്. പൌരസ്ത്യന്മാരെന്നല്ല പാശ്ചാത്യന്മാർകൂടി ബഹുമാനിച്ചുവരുന്ന ആ ഗ്രന്ഥത്തിലെ നിരൂപണം, ഈ വിഷയത്തെപ്പറ്റി മറ്റുള്ളവർ സിദ്ധാന്തിച്ചിട്ടുള്ളതിനെക്കാൾ അധികം യുക്തിയുക്തവും ആലോചനാപൂർവ്വകവുമാകയാൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെക്കൂടി വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നതു ആവശ്യമാണെന്നു വിശ്വസിക്കുന്നു.

തിലകരവർകളുടെ അഭിപ്രായത്തിൽ ആൎയ്യന്മാരുടെ പ്രഥമനിവാസസ്ഥലം ഉത്തരധ്രുവം എന്ന പ്രദേശമാകുന്നു. വേദത്തിൽനിന്നും, “ആവെസ്ത” എന്നു പറയുന്ന പാർസിധർമ്മഗ്രന്ഥത്തിൽനിന്നും അനേകം വചനങ്ങളെ എടുത്തുകാട്ടിക്കൊണ്ടാണ് അദ്ദേഹം സ്വസിദ്ധാന്തത്തെ വെളിപ്പെടുത്തിയിരിക്കുന്നതു. അന്തഃഹിമമായിരുന്ന കാലത്തിൽ (ഇന്റർഗ്ലേസിയൽ പെരിയഡ്) ആൎയ്യന്മാർ ഉത്തരധ്രുവത്തിൽ പാർത്തിരുന്നവരാണെന്ന് അദ്ദേഹം കാണിച്ചിട്ടുള്ളത്. പിന്നെ ഹൈമസൃഷ്ടികളുണ്ടായ കാരണങ്ങളാൽ ഉത്തരധ്രുവത്തിൽ മഞ്ഞുനിറഞ്ഞതുകൊണ്ടു അവിടെ പാർപ്പാൻ നിവൃത്തിയില്ലാതെയായി. അപ്പോൾ അവിടെനിന്ന് ആൎയ്യന്മാർ ഏഷ്യയിലേക്കും യൂറോപ്പിലേക്കും കടന്നുകൂടി. ഇതാകുന്നു തിലകരവർകളുടെ അഭിപ്രായം.

തിലകരവർകൾ തന്റെ നിരൂപണത്തിന്റെ ആരംഭത്തിൽ ഒരു ധ്രുവത്തിന്റെയും അതിനടുത്ത പ്രദേശത്തിന്റെയും സ്വാഭാവികാവസ്ഥയെ കാണിച്ചിരിക്കുന്നു. അനന്തരം വേദവചനങ്ങളെ എടുത്തുകാട്ടി, അവ വൈദികന്മാരായ ഋഷികൾക്കറിവുണ്ടായിരുന്നവയെന്നു സിദ്ധാന്തിച്ചിരിക്കുന്നു. മേരുവിൽ ആറുമാസം പകലും ആറുമാസം രാത്രിയുമാകുന്നു. വേദ

(1) ആൎട്ടിക്ക് ഹോം ഇൻ ദി വേദാസ്

[illegible] പിതാമഹന്മാരുടെ വിശ്വാസവും ഇതുതന്നെയാണ്. ദേവന്മാർക്ക് ആറു മാസം രാവും ആറുമാസം പകലുമാണെന്നു ഇന്ത്യക്കാരും പാർസികളും മാത്രമല്ല യൂറോപ്യന്മാർപോലും വിശ്വസിച്ചുവരുന്നു. ഋഗ്വേദത്തിൽ ഉഷസ്സിനെ പ്രായേണ ബഹുവചനാന്തമായിട്ടാണു കാണുന്നതു. ഇതിൽനിന്നു, അനേകം ഉഷസ്സുകൾ ഉണ്ടായിരുന്നു എന്നു തെളിയുന്നു. വേദത്തിൽ തന്നെ [illegible] ഉഷസ്സുകൾ [illegible] കാണിച്ചിട്ടുണ്ട്. ഹിമമേഖലയിൽ ഉഷസ്സിന്റെ പ്രഥമപ്രകാശത്തിനും സൂര്യോദയത്തിനും ഇടയിൽ ദീർഘമായ വ്യവധാനത്തെ വർണ്ണിച്ചിരിക്കുന്നു. ഒരേ ഉഷസ്സു ചക്രംപോലെ പരിവർത്തിക്കുന്നതായിപ്പറഞ്ഞിരിക്കുന്നു. ഇതെല്ലാം [illegible] സംഭവിക്കാവുന്നതല്ല. ഋഗ്വേദത്തിൽ, വളരെക്കാലം നിന്നുനിൽക്കുന്ന പകലിനേയും, പകലോളം ദീർഘപ്പെട്ട രാത്രിയേയും, [illegible] സംവത്സരത്തെയും പറഞ്ഞിട്ടുണ്ട്. [illegible] പത്തോ മാസംകൊണ്ടാണ് കാലം കൂടിയിരുന്നതു. അല്ലാതെ ഇപ്പോഴത്തെപ്പോലെ പന്ത്രണ്ടു മാസംകൊണ്ടു യാഗം അവസാനിച്ചിരുന്നില്ല. [illegible] യാഗം കൂടി ദീർഘകാലമായി നിന്നുനിൽക്കുന്ന രാത്രികളെ [illegible] ന്നതു. ദീർഘതമസ്സിന്റെയും, അശ്വിനീപുത്രന്മാരുടേയും, മറ്റുചിലരുടേയും കഥകളിൽനിന്നു, ഈ സംഗതികളെല്ലാം വൈദികന്മാരായ ഋഷികളാൽ അറിയപ്പെട്ടിരുന്നതായി തെളിയുന്നുണ്ട്. [illegible] പകലും, അതുതന്നെ [illegible] ആറുമാസം പ്രതിവർത്തിക്കുന്ന ഉഷസ്സും, മറ്റും [illegible] പ്രദേശത്തെയും സൂചിപ്പിക്കുന്നവയാകുന്നു. വേദങ്ങളിലും, ആര്യന്മാരുടെ മറ്റുഗ്രന്ഥങ്ങളിലും കാണുന്ന വിവരണങ്ങൾ, ആര്യന്മാർ [illegible] വിട്ടുപോന്നു വളരെക്കാലം കഴിഞ്ഞതിനുശേഷം ഋഷികൾ അതിനെ വർണ്ണിച്ചവയത്രെ, അവർ [illegible] ആ സംഗതികളെല്ലാം വിവരിക്കായിരുന്നവരെ [illegible]. തിലകവർകൾ ഈ സംഗതിയെ പാർസിഗ്രന്ഥത്തെ (അവെസ്റ്റ) അടിസ്ഥാനപ്പെടുത്തിയും സ്ഥാപിച്ചിട്ടുണ്ട്. തന്റെ സിദ്ധാന്തത്തെ സമർത്ഥിപ്പാനായി വേദത്തിൽനിന്നും "അവെസ്റ്റ"യിൽനിന്നും ഹിന്ദുക്കളുടേയും പാർസികളുടേയും പൌരാണികകഥകളെ എടുത്തുകാട്ടി, വൈദികയുഗത്തിനുകൂടി വളരെ [illegible] അതിനടുത്തും ആര്യന്മാർ പാർത്തിരുന്നവെന്ന

തെളിയിച്ചിട്ടും ഉണ്ട്. ഭാഷാതത്വജ്ഞന്മാരും ചില പ്രാചീനചരിത്രജ്ഞന്മാരും ആലോചിച്ച് യൂറോപ്പിലായിരുന്നു ആര്യന്മാരുടെ മൂലസ്ഥാനമെന്നു പാശ്ചാത്യവിദ്വാന്മാർ പറയുന്നതിനെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. തിലകരവർകളാകട്ടെ അതിനെക്കാൾ കുറച്ചുകൂടി മേലെയാണ് ആര്യന്മാരുടെ സ്ഥാനമെന്നു നിർദ്ദേശിച്ചിരിക്കുന്നു.

ഉത്തരധ്രുവപ്രദേശത്തിൽ എല്ലാം ഇപ്പോൾ ഹിമം നിറഞ്ഞിരിക്കുന്നതുകൊണ്ട് മനുഷ്യർക്കു താമസിപ്പാൻ സാധ്യതയില്ല. അതിനാൽ അവിടെയാണ പ്രാചീനാര്യന്മാർ പാർത്തിരുന്നതെന്നു പറയുന്നതു അസംഭാവ്യമല്ലയോ? ഈ ശങ്കയെ സമാധാനിക്കുവാനായി തിലകരവർകൾ ഭൂതത്ത്വശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളെ അനുസരിച്ചിരിക്കുന്നു. അദ്ദേഹം ഇതിന്നു പറയുന്ന സമാധാനം ശാസ്ത്രജ്ഞന്മാരെ എല്ലാവരും സ്വീകരിക്കത്തക്കതാകുന്നു. ഹൈമയുഗ (ഗ്ലേസിയൽ പെരിയോഡ്) ത്തിന്നു മുമ്പു ഭൂമിയുടെ അനേകഭാഗങ്ങൾ കടൽവെള്ളത്തിൽ [illegible] ങ്ങളുടെ [illegible] ന്റെ പ്രകൃതിസ്വഭാവം ഇപ്പോഴത്തെപ്പോലെയായിരുന്നില്ല. അപ്പോൾ അവിടെ അധികം ശീതവും അനുഭവപ്പെട്ടിരുന്നതിനാൽ മനുഷ്യർക്കു താമസിപ്പാൻ കൊള്ളരുതാത്തതായിരുന്നില്ല. പിന്നെ ഹൈമയുഗം ആരംഭിച്ചതിന്നുശേഷം ആ അവസ്ഥക്കു വ്യത്യാസം വന്നു, എല്ലാടവും മഞ്ഞു നിറഞ്ഞുപോയി. ആ അവസരത്തിലാണ് ആര്യന്മാർ അവിടംവിട്ടു മററു ദിക്കുകളിലേക്കു പോയതു. അതിന്റെ [illegible] ആര്യന്മാർ [illegible] "ആവെസ്ത"യിൽ പ്രസ്താവിച്ചിരിക്കുന്നു. ഒടുവിൽ തിലകരവർകൾ ജ്യോതിശ്ശാസ്ത്രത്തിലെ പ്രമാണങ്ങളെ എടുത്തുപന്യസിച്ചു, വൈദികഗ്രന്ഥങ്ങളിലെ നക്ഷത്രസ്ഥിതികളെ ഗണിച്ചുണ്ടാക്കി കാലനിർണ്ണയം ചെയ്തു, ഭൂതത്ത്വശാസ്ത്രജ്ഞന്മാർ ഹൈമയുഗത്തിന്റെ കാലം നിശ്ചയിച്ചിട്ടുള്ളതിന്നും അദ്ദേഹം ഗണിച്ചുണ്ടാക്കിയതിന്നും തമ്മിൽ സാമ്യത്തിൽ യാതൊരു വിരോധവുമില്ലെന്നു സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.


മേല്പറഞ്ഞ പ്രമാണങ്ങളെക്കൊണ്ടു [illegible] അതിന്റെ തെളിവുകളിലോ [illegible] ആദ്യം ആര്യന്മാർ പാർത്തിരുന്നതെന്നു സ്ഥാപിച്ചതിന്നുശേഷം തിലകരവർകൾ ഇങ്ങിനെ ഒരു ശങ്കയെ പുറപ്പെടുവിച്ചിരിക്കുന്നു— ഉത്തരധ്രുവത്തിൽ എവിടെയായിരുന്നു ആര്യന്മാർ പാർത്തിരുന്നതു—യൂറോപ്പിന്റെ ഉത്തരഭാഗമോ, അതോ ഏഷ്യയുടെ ഉത്തരഭാഗമോ? ഈ ശങ്കക്കു അദ്ദേഹം തന്നെ സമാധാനം കൊടുത്തിട്ടുള്ളതിൽ,

ഈ വിഷയത്തിൽ തീർച്ചയായ ഒരു സിദ്ധാന്തം പുറപ്പെടുവിക്കുവാൻ സാധിക്കയില്ലെങ്കിലും വേദങ്ങളും "അവെസ്ത"യിലും കാണുന്ന പ്രമാണങ്ങളുകൊണ്ടു നോക്കിയാൽ ഏഷ്യയുടെ ഉത്തരഭാഗം തന്നെയായിരുന്നു ആര്യന്മാരുടെ മൂലസ്ഥാനം എന്നാവേ കഴിയുന്നുള്ളു എന്നു പ്രസ്താവിച്ചിരിക്കുന്നു.

കെ. വി. എം.

പദ്യകാവ്യം

എല്ലാ സാഹിത്യങ്ങളിലും ഒന്നാമതായി ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളധികവും പദ്യമയങ്ങളായിട്ടാണു കാണപ്പെടുന്നത്. അതുകൊണ്ടു സാഹിത്യത്തിന്റെ പ്രഥമാവസ്ഥ പദ്യസമൂഹരൂപമായിരുന്നു എന്നു വരുന്നു. പദ്യപ്രായമായ സാഹിത്യം പ്രഥമാവസ്ഥ കഴിയാത്തതാണെന്നു അടുത്ത



പ്രായമായാൽ പുറപ്പെടുന്ന ഒരുവൻ സംസ്കൃതത്തിൽ അതിപ്രധാനങ്ങളായ വിചാരങ്ങളോടു കൂടി ഒരു ഉന്നതനായി തീരുവാൻ കൂടി എളുപ്പമുണ്ടെന്നു തോന്നുന്നുണ്ട്. എന്നാൽ കാവ്യത്തിന്റെ സൂക്ഷ്മസ്ഥിതി എന്താണെന്നാലോചിക്കുന്നതുകൊണ്ടു യാതൊരു ഹാനിയും വരുവാൻ ന്യായമില്ലല്ലോ.

പദ്യമെന്നതു എന്താണ്? താളംതെറ്റാതെ സംഗീതാനുഗുണമായി, അല്ലെങ്കിൽ സംഗീതസാധിഷ്ഠമായി പുറപ്പെടുവിക്കുകതന്നെ. പദ്യകാവ്യമെന്നതു സംഗീതസാഹിത്യങ്ങളുടെ സംയോഗമാകുന്നു. അതിനു ഗദ്യകാവ്യത്തോടുള്ള പ്രത്യേകഭേദവും കൂടിയതൊക്കെ സംഗീതസംബന്ധം ഒന്നുമാത്രമാണ്. ഗദ്യകാവ്യംകൊണ്ടു സാധിപ്പിക്കുന്ന കാര്യം അത്ര എളുപ്പമല്ലെന്നു എല്ലാവർക്കും അറിയാമല്ലോ.

സംഗീതത്തിന്റെ ജീവൻ എന്താകുന്നു? മനസ്സിനുള്ള അതിമാത്രമായ ആഹ്ലാദംതന്നെ. മനസ്സിനു പ്രസാദവും ആഹ്ലാദവുമുണ്ടാകത്തിൽ സംഗീതംപോലെ ബലമുള്ളതായിട്ടു ചില സാധനങ്ങളുണ്ടോ എന്നാണ്. പക്ഷിമൃഗാദികൾ നാട്ടിലെന്നല്ല സാധാരണയായി പാടാറുണ്ട്. ഇതിന്റെ അർത്ഥം എന്തെങ്കിലും ഒന്നുമതത്രെ എല്ലാ

ഷക്കു, ആസ്വാദകന്മാൎക്കുമെന്നുള്ളതാണു. അനേകകണ്ഠത്തിൽ നിന്നു ഒഴുകുന്ന ആനന്ദമാണു സംഗീതമായി പ്രകാശിക്കുന്നതു്.

ഒരുപ്രകാരം സംഗീതകല്ലോലങ്ങളെക്കൊണ്ടു ആനന്ദപരവശമായ ഹൃദയത്തിൽനിന്നു താനെ പുറപ്പെടുന്നതാണു പദ്യകാവ്യമെന്നു വന്നുവല്ലോ. അങ്ങിനെ പുറപ്പെടുന്ന പദ്യകാവ്യത്തിന്നുമാത്രമേ പരമാൎത്ഥമായ [illegible] ഉണ്ടാകയുള്ളു. അതല്ലാതെ മനസ്സിനെ ഞെക്കിപ്പിഴിഞ്ഞു പുറപ്പെടുവിക്കുന്ന പദ്യകാവ്യം 'ഞെക്കിപ്പഴുപ്പിച്ച പഴം' പോലെ [illegible] ഇരിക്കുകയേ ഉള്ളു. പദ്യകാവ്യരചനയിൽ പ്രത്യേകമായി വേണ്ടതു മനസ്സിന്റെ ആഹ്ലാദാവസ്ഥയാകുന്നു. അതല്ലാതെ ഒരുവന്റെ പദ്യകാവ്യം ഒരിക്കലും ശോഭിക്കയില്ല. ആഹ്ലാദമയമായിരിക്കുന്ന ചിത്തവൃത്തിയിൽ പ്രതിഫലിക്കുന്ന ഓരോ ഭാവങ്ങളും ഓരോ മാതിരിയിലാണു പുറപ്പെടുക. അതുകൊണ്ടു ഹാസ്യരസവും ശോകരസവും ഒരു വൃത്തത്തിൽ പ്രകാശിപ്പാൻ പാടില്ലെന്നാണു തോന്നുന്നതു്. ഓരോ വൃത്തങ്ങൾക്കു പ്രത്യേകമുള്ള രസാനുഗുണ്യം [illegible] പരിചയംകൊണ്ടു തോന്നുന്നതാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. ഞാൻ അതിനോടു യോജിക്കുന്നില്ല. അവരുടെ അഭിപ്രായപ്രകാരം സന്തോഷത്തിൽ ചിരിക്കുന്നതും, ദുഃഖത്തിൽ കരയുന്നതും പരിചയംകൊണ്ടുതന്നെയായിരിക്കാം. എന്നാൽ പരിചയം [illegible] എന്തുകൊണ്ടാണിങ്ങിനെ വരുന്നതെന്നാലോചിക്കുമ്പോൾ പ്രകൃതിയിൽ തന്നെ സൂക്ഷ്മമായ കാരണവിശേഷം ഉണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അതുപോലെ കവിയുടെ അന്തരംഗത്തിൽനിന്നു നിൎഗ്ഗളമായി താനെ പ്രവഹിക്കുന്ന കവിതാമൃതം പ്രകൃതിനിയമങ്ങൾ മാത്രം ബന്ധിക്കപ്പെട്ടതാണെന്നാണു് എന്റെ അഭിപ്രായം.

ആഹ്ലാദമയമായ ചിത്തവൃത്തിയിൽനിന്നു പ്രവഹിക്കുന്ന കവിതാമൃതത്തിന്റെ പ്രാദുൎഭാവം മനുഷ്യസമുദായത്തിന്റെ പ്രഥമദശയിൽ [illegible] ഉണ്ടായിട്ടുണ്ടു്. [illegible] കാലത്തിൽ മനുഷ്യസമുദായത്തിന്നു പിന്നിട്ടുണ്ടാകുന്നതായിട്ടുള്ള ക്ലേശങ്ങളും [illegible] ഉണ്ടായിരുന്നില്ല. ഒരു മനുഷ്യന്നു [illegible] ഉണ്ടായിരുന്നില്ല. അതു ഇപ്പോഴത്തെ [illegible] സമുദായത്തിന്റെ സ്ഥിതിയും. അവൎക്കു പ്രകൃതിസിദ്ധമായ ചില ആവശ്യങ്ങളല്ലാതെ [illegible] ഉണ്ടു. അതു [illegible] എളുപ്പമാണു്. അതുകൊണ്ടു അധികകാലവും പ്രസന്നമായിരിക്കുന്ന അന്തഃകരണപ്രവൃത്തികളെ [illegible] 'കളിപ്പാട്ടു' [illegible] സ്വാഭാവികമായി പ്രവൎത്തിക്കുന്നു. അപ്പോഴാണു

സ്വാതന്ത്ര്യമായ കവിതയും പ്രകാശിക്കുന്നത്. അതിന്റെ ശ്രവണം
പോലും ആസ്വാദകന്ന ഉണ്ടാകുന്നെങ്കിൽ അതിൽ എത്രമാത്രം ആന
ന്ദം അടങ്ങിയിരിക്കണം? അതു സ്വാതന്ത്ര്യമായ ആനന്ദമാണെന്നു എന്ന
പറയാം.

മനുഷ്യന്ന ഐഹികസുഖങ്ങളിലും ഭോഗങ്ങളിലും ആഗ്രഹം
വർദ്ധിച്ചുവരുന്നതോടെ പ്രകൃതിതത്വത്തെ അറിവാനുള്ള അഭിലാഷവും
ഉദ്യമവും ഉണ്ടാകുന്നു. അപ്പോൾ മനസ്സിന്നുള്ള സ്വാതന്ത്ര്യം കുറഞ്ഞു
പോകുന്നു. ക്ലേശം അധികരിക്കുന്നു. തത്വജ്ഞാനവും കവിതയും
കൂടി ഒരിക്കലും ഒത്തുകൂടുകയില്ലെന്നുതന്നെ പറയാം. ജഗദ്ഗുരുവായ ശ്രീ
ശങ്കരാചാര്യസ്വാമികൾ ജ്ഞാനിയും കവിയുമായിരുന്നില്ലേ? ശരിതന്നെ.
തത്വജ്ഞാനവും കവിതയും കൂടി ഒരിക്കലും സഹവസിക്കയില്ല. ഒരു
ജ്ഞാനി ബാലകനോടു തുല്യനാകുന്നു. കാമക്രോധാദികളെക്കൊണ്ടുള്ള
കഴപ്പും, തത്വദർശനത്തിന്നായി ശ്രമിക്കുമ്പോൾ അനുഭവിക്കേണ്ടുന്ന
പരാക്രമംകൊണ്ടുള്ള ബുദ്ധിക്ഷീണവും അവർക്കു ഉണ്ടാകയില്ല. അവർ
അധികസമയങ്ങളിലും ബാലന്മാരെപ്പോലെയാകുന്നു. "ബാല്യേന തിഷ്ഠാ
സേൽ" എന്നുള്ള ശ്രുതിയും യഥാർത്ഥമായ സംഗതിയാണ്.

തത്വജ്ഞാനസമ്പാദകന്മാർ പ്രകൃതിയോടു ഏകീഭവിച്ചുപോകുന്ന ജീവന്മാരാ
കുന്നു. അവർക്കു യാതൊരു സന്ദർഭത്തിലും സ്വാതന്ത്ര്യമില്ല. അവരു
ടെ അന്തഃകരണം ഒരിക്കലും വികൃതമാകയില്ല. യന്ത്രപാവകളെപ്പോലെ അ
തിവേഗത്തിൽ പ്രവർത്തിച്ചുകൊണ്ടുതന്നെ ഇരിക്കും. ആയാൾക്കു കവിത
ഉണ്ടാക്കുന്ന എഴുതിവെപ്പാൻപോലും അവകാശവും സമയവും
ഇല്ല. അങ്ങിനെയുള്ളവർ കവിതയെ എങ്ങിനെ ഉണ്ടാക്കും?

അതുപോലെതന്നെ ലൗകികവ്യാപാരങ്ങളിൽ പ്രവർത്തിച്ചു ബുദ്ധി
മുട്ടുന്ന ജനസമുദായത്തിന്നും സ്വാതന്ത്ര്യമനുഭവിപ്പാൻ അവകാശമില്ല. അവർക്ക്
കാവ്യം നോക്കുവാൻതന്നെ സമയമില്ലാതെവരുന്നു. കാലക്ഷേപത്തിനുള്ള
വക മോടികൂടി കിട്ടുമോ? മോടിയുള്ള സാഹിത്യമാണ് പദ്യകാവ്യം.
അതു ശീലിക്കാനുള്ളതിൽ ഇറങ്ങിയവർ ഇതുകയില്ല. ചിലർ
ക്കുള്ളതും, ബാലന്മാർ കൂട്ടാക്കാത്ത രീതിയും പദ്യത്തിലെഴുതിയാൽ
അവർ മനസ്സിലാക്കാൻ ആയുസ്സു കളയേണ്ടിവരും. ഗദ്യ പ്രവൃത്തിയി
ല്ലാത്തവർ ഒരുത്തനെല്ലാം ശ്ലോകവും, ശ്ലോകത്തിന്റെ വ്യാഖ്യാനവും,
ഒന്നുമെങ്കിൽ അതിന്റെ വ്യാഖ്യാനവും ഉണ്ടാകുമെന്നറിഞ്ഞിരിക്കാം. സം
സ്കൃതസാഹിത്യത്തിലെ ചില ശാസ്ത്രകാരന്മാർപോലും ശ്ലോകവും വ്യാഖ്യ

ന്നും വ്യാഖ്യാനവ്യാഖ്യാനപുസ്തകങ്ങളാക്കിട്ടുള്ളതുകൊണ്ടാണ് അവർ 'സമയം പോകാത്തത്' ബുദ്ധിമുട്ടിയ കൂട്ടരാണെന്നു തോന്നിപ്പോകും.

ആലോചന അധികമാകുന്തോറും കവിതാ കുറഞ്ഞുപോകുന്നുവെന്നുള്ളതിലേക്ക് പല ലക്ഷ്യങ്ങളുമുണ്ട്. സംസ്കൃതസാഹിത്യത്തിൽനിന്നു മേല്പറഞ്ഞ സംഗതി സ്പഷ്ടമാകുന്നതാണെന്നു തെളിയിപ്പാൻ കഴിയും. കേവലസ്തുതിരൂപങ്ങളും പ്രതിദിനസംഭവപ്രതിപാദകങ്ങളുമായ ഭാഗങ്ങളടങ്ങിയ ഋഗ്വേദം ഗാനാനുഗുണമായി പുറപ്പെട്ടിരിക്കുന്നതും, അഗാധമായ ആശയങ്ങളെ പ്രതിപാദിക്കുന്ന ഉപനിഷത്തുകൾ ഗദ്യരൂപമായി ഉണ്ടായിരിക്കുന്നതും എന്റെ അഭിപ്രായത്തെ ദൃഢീകരിക്കുന്നതിലേക്ക് വേണ്ടവോളം സഹായിക്കുന്നു. സംസ്കൃതത്തിലുള്ള അധികം ശാസ്ത്രഗ്രന്ഥങ്ങളും ഗദ്യമയമാണെന്നുള്ളതും പ്രകൃതത്തിലേക്ക് ചേരുന്ന സംഗതിയാണ്.

അതുകൊണ്ടു ഏതൊരു ഭാഷാസാഹിത്യത്തിൽ പദ്യകാവ്യം പ്രചുരമായിട്ടും ഗദ്യഗ്രന്ഥങ്ങൾ ദുർല്ലഭങ്ങളായും കാണപ്പെടുന്നുവോ ആ ഭാഷ അതിന്റെ യൌവനാവസ്ഥയെ പ്രാപിച്ചിട്ടില്ലെന്നു വിചാരിപ്പാൻ മതിയായ കാരണമുണ്ടെന്നാണ് എന്റെ അഭിപ്രായം.

എം. എസ്സ്.

വസൂരിക്കീറിവെക്കൽ

മനുഷ്യർക്കുണ്ടാകുന്ന വസൂരിക്കു പ്രതിവിധിയായി പശുവിന്റെ വസൂരിയെടുത്തു മനുഷ്യരുടെ ശരീരത്തിന്മേൽ കീറിവെക്കുന്ന സമ്പ്രദായം കണ്ടുപിടിച്ചിട്ട് ഇപ്പോഴേക്ക് നൂറിലധികം കൊല്ലമായി.



എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഇതൊരു സിദ്ധവിദ്യയാണെന്നു ജനങ്ങൾക്കു പരക്കെ ബോദ്ധ്യമാവുകയും, ഇതിന്നു വളരെ പ്രചാരം വരികയും ചെയ്തിരിക്കുന്നതാണ്. നമ്മുടെ ഇന്ത്യാരാജ്യത്തു ഇതിന്നു ഇനിയും വേണ്ടേടത്തോളം പ്രചാരം വന്നിട്ടില്ല. ഈ പോരായ്മ തീർക്കണമെന്നു വിചാരിച്ചു ബ്രിട്ടീഷുഗവർമ്മെണ്ട് ഇയ്യിടെ അതിന്നു കുറെ നിഷ്കർഷ തുടങ്ങീട്ടുണ്ട്. അതുകൊണ്ടു ഇപ്പോൾ വസൂരികീറിവെക്കവേണമെന്നുള്ള നിർബന്ധം ജനങ്ങളുടെമേൽ കുറെ അധികമായിരിക്കുന്നു. ഈ

നിർബന്ധം ക്രിസ്ത്യാനികളല്ലാത്ത നമ്പൂതിരിമാരുടെ ഇല്ലങ്ങളിലേക്കു കടന്നുചെന്നുതുടങ്ങി. അപ്പോഴേക്കു പുതുതായ ഈ നടവടിയെക്കുറിച്ച് അവരെ വലിയ ആക്ഷേപങ്ങളും സങ്കടങ്ങളും ഉണ്ടായിത്തുടങ്ങുകയും ചെയ്തു. "ഇതു പണ്ടില്ലാത്തതാണ്; ഇതിന്നു ഫലം ഉണ്ടോ ഇല്ലയോ എന്നു ഇനിയും നല്ല തീർച്ചയായിട്ടില്ല; [illegible] ബ്രാഹ്മണ്യത്തിന്നു വിരോധമായിട്ടുള്ളതാണെന്നു" എന്നും ആണ് അവർ പറയുന്നത്. ഇവക ആക്ഷേപങ്ങളെ ഒന്നിനെപ്പററി വേണ്ടപോലെ ആലോചിക്കേണ്ടതുതന്നെയാകുന്നു [illegible]. അതുകൊണ്ട് അതിനെപ്പററി എന്റെ അറിവിൽപ്പെട്ടതായ ചിലതും ഞാൻ ഇവിടെ പ്രസ്താവിക്കാം.

വസൂരിവസ്തുക്കൾ പലജാതിയുണ്ടെന്നും ഇവയിൽ ചിലതു നല്ലതാണെന്നും മററുചിലതു ചീത്തയാണെന്നും ഈ നല്ലജാതിയും ചീത്തജാതിയും തമ്മിൽ [illegible] വസൂരിനോക്കുന്നവർക്ക് നാട്ടുകാരുടെ ഇടയിൽ ഒരു വ്യവഹാരമുണ്ടല്ലോ. നല്ലജാതിയാണെങ്കിൽ ശരീരത്തിന്മേൽ കുറച്ചു ഉണ്ടാകയുള്ളൂ; അതുണ്ടായാൽ പിന്നെ ചീത്തജാതിയുണ്ടാകയില്ല എന്നുമാത്രമല്ല ചീത്തജാതിയുണ്ടായിപ്പോയാൽ കലശലായി കിടക്കേണ്ടിവരുന്നതിന്നു [illegible] നല്ലജാതി [illegible] തിരുമുന്ന അവർ പറയുന്ന പ്രമാണമാണ്. ഈ തത്വം [illegible] തന്നെ കണ്ടുപിടിച്ചിട്ടുള്ളതാകുന്നു. അവർക്ക് അതിൽ വല്ല വിശ്വാസവും ഉണ്ടായിരുന്നു. ഒരുവന്നു നല്ലജാതി വസൂരിയുണ്ടായാൽ അതിൽനിന്നു ചലമെടുത്തു [illegible] വസൂരിയുണ്ടാക്കി [illegible] വസൂരി [illegible] നിന്നു രക്ഷപ്പെടുത്തുന്നതു [illegible] നടന്നിരുന്ന ഒരു നടവടിയാണ്. ഈ നടവടി [illegible] ഇടയിൽ [illegible] കാരണമായിരുന്നു. [illegible] നിന്ന് ഇതു [illegible] ഇംഗ്ലീഷുകാർ [illegible]. അവിടെ [illegible] പ്രായത്തിന്റെ [illegible] പൂർവ്വമായിട്ടു തുടങ്ങിയത്. [illegible] ഇടയിൽ ഇതു തുടങ്ങിയപ്പോൾ [illegible] ഒരു [illegible]. ക്രിസ്തുവബ്ദം [illegible] ഇംഗ്ലീഷുരാജാവിന്റെ [illegible] ഇംഗ്ലണ്ടിൽ [illegible] എന്നാളായിരുന്നു. ഇവരുടെ [illegible] വിദ്വാന്മാരും [illegible] സമ്പ്രദായം [illegible].

ഈ സ്ത്രീ ഭൎത്താവിനോടൊന്നിച്ചു തുൎക്കിയിൽ പാൎത്തുവരുമ്പോൾ അവിടെയു
ള്ളവർ ചെറുപ്പത്തിൽ വസൂരിക്കു പ്രതിവിധിയായി കീറിവെക്കുന്ന സമ്പ്ര
ദായം കണ്ടറിഞ്ഞിട്ടാക്കാൻ സംഗതിവന്നു. യൂറോപ്യന്മാർ പലരും ഇതു
മുമ്പു കണ്ടിട്ടുണ്ടായിരുന്നുവെങ്കിലും അതു നടത്തുവാൻ ആരും ധൈൎയ്യപ്പെ
ട്ടിരുന്നില്ല. ഈ സ്ത്രീയുടെ ധൈൎയ്യം ഈ സംഗതിയിൽ നല്ലവണ്ണം
പ്രകാശിച്ചു. ഇതുകൊണ്ടു ഗുണമുണ്ടെന്നു കണ്ടതിനാൽ അവൾ തന്റെ
മകനെ കീറിവെപ്പിച്ചു. അതിന്റെ ശേഷം ഈ സ്ത്രീ ഇതിന്റെ ഗു
ണങ്ങളെപ്പറ്റി ഇംഗ്ലണ്ടിലുണ്ടായിരുന്ന തന്റെ സ്നേഹിതന്മാൎക്കും പ
ത്രങ്ങളിലേക്കും അനേക ലേഖനങ്ങൾ വഴിയായി അയച്ചു. തിരികെ
നാട്ടിലേക്കു പോരുവാൻ അവസരം കിട്ടിയപ്പോൾ താൻ അവിടെ ചെയ്യുന്ന
ഈ നടപടി ഇവിടെ പ്രചരിപ്പിക്കേണ്ടതിനായി ധനംകൊണ്ടും വാക്കു
കൊണ്ടും കൎമ്മംകൊണ്ടും കഴിയുന്ന സഹായമെല്ലാം ചെയ്കയും ചെയ്തു. ഈ
സ്ത്രീയുടെ ഉത്സാഹംകൊണ്ടു ജനങ്ങളുടെ ഇടയിലും ഉത്സാഹവും ധൈൎയ്യ
വും ഉണ്ടായിത്തുടങ്ങി. ചില പ്രമാണികളെല്ലാംകൂടി ഈ വിദ്യ ചിലരു
ടെ മേൽ പരീക്ഷിച്ചുനോക്കുവാനുറച്ചു. ആദ്യം ചില തടവുകാരുടെ
മേലാണു പരീക്ഷിച്ചതു. ഇവൎക്കു വലിയ ദോഷമൊന്നും കൂടാതെ കഴിഞ്ഞു.
അതിന്റെശേഷം അനാഥശാലയിൽ ഉണ്ടായിരുന്നവരായ ചില
കുട്ടികളുടെമേൽ പരീക്ഷിച്ചു. അവൎക്കു വൈഷമ്യമൊന്നും ഉണ്ടായില്ല.
അതിൽപിന്നെ ചില പ്രഭുക്കന്മാർ ഇതു അവരവരുടെമേൽ തന്നെ ചെ
യ്യിച്ചുനോക്കി. ഒടുവിൽ രാജാവുതന്നെ തന്റെ കുടുംബത്തിലുള്ള രാജകുമാ
രന്മാരുടെമേൽ കീറിവെപ്പിച്ചു. ഇതുകൊണ്ടൊക്കെ അപ്പോഴത്തെ ജനങ്ങൾക്കു
ഇതിനെപ്പറ്റിയുള്ള വിശ്വാസക്കുറവു തീരെ നീങ്ങിപ്പോയി. എല്ലാ
വരും വസൂരികീറിവെപ്പിക്കുവാൻ തുടങ്ങുകയും ചെയ്തു.

മനുഷ്യവസൂരിയെ ഇതു മനുഷ്യനു കീറിവെക്കുന്ന സമ്പ്രദായം മേൽ
പറഞ്ഞപ്രകാരം ഇംഗ്ലണ്ടിൽ പ്രചാരപ്പെട്ടതിന്റെ ശേഷം യൂറോ
പ്പിലുള്ള മറ്റു രാജ്യക്കാർ അതു തങ്ങളുടെ ഇടയിലേക്കും കൊണ്ടുചെന്നു
നടപ്പാക്കി. ഇതിന്റെ ആവിൎഭാവത്തിന്റെ പിന്നീടു നൂറുകൊല്ലത്തോളം
ആളുകളുടെ ഇടയിൽ വസൂരികൊണ്ടുള്ള മരണത്തിനു കുറെ കുറവു
ണ്ടായിരുന്നുവെങ്കിലും ഇതിനു സംബന്ധിച്ചായിട്ടു ചില ന്യൂനതകൾ
ഉണ്ടായിരുന്നില്ലെന്നില്ല. മേൽപ്രകാരം കീറിവെച്ചുവരുന്ന ആൾക്കു
വസൂരിയുണ്ടാകും. ഈ വസൂരിക്കു സാധാരണമായി പ്രാണഹാനിവരു
ത്തത്തക്ക ശക്തിയുണ്ടായിരിക്കയില്ലെങ്കിലും മറ്റുള്ളവരെ ബാധിപ്പിക്കുവാൻ

മരിച്ചായ കരുക്കളുണ്ടാവും. ചില സമയങ്ങളിൽ കീറിവെക്കപ്പെടുന്ന ശരീ
രത്തിന്റെ ദോഷത്താലോ വല്ലാതെ ഉപദ്രവിച്ചു വലിയതരം വസൂരിതന്നെ
ഉണ്ടായി എന്നും വരും. ഒരു ശരീരത്തിന്മേൽ കീറിവെച്ചിട്ടുണ്ടായ ലഘു
വസൂരി ഭേദമായാൽ ശരീരത്തിന്മേൽ പകർന്നതായാൽ രണ്ടാമത്തെ
ശരീരത്തിനു മഹാകഠിനമായ വസൂരിയുണ്ടാകുവാനാണെളുപ്പം. ഈ
വകയാണ മനുഷ്യവസൂരി കീറിവെക്കുന്നതിൽനിന്നുണ്ടാകുന്ന ദോഷങ്ങൾ.
ഇതെല്ലാം അല്പകാലത്തിന്നുള്ളിൽ യൂറോപ്പിലെല്ലാടിക്കലും നല്ലവണ്ണം
അനുഭവപ്പെട്ടുകഴിഞ്ഞു. ഇതിന്റെശേഷം ഈവക ദോഷങ്ങളൊ
ന്നുമില്ലാത്ത വല്ല വിദ്യയും കണ്ടുപിടിപ്പാനായി അതാതുദിക്കിലുള്ള വൈ
ദ്യന്മാർ യത്നം ചെയ്തുതുടങ്ങി. ഈ യത്നത്തിന്റെ ഫലമാണ നാട്ടി
ലിടയിൽ ഇപ്പോൾനടപ്പുള്ളവിധം ഗോവസൂരികീറിവെക്കുക എന്ന സ
മ്പ്രദായം. ഇതു കണ്ടുപിടിച്ചു ജനങ്ങൾക്കുപകാരമാക്കിത്തീർത്തു ലോക
ത്തുകൊണ്ടു കീർത്തിയും പണവും സമ്പാദിക്കുവാനുള്ള ഭാഗ്യം ജെന്നർ എന്ന
പേരായ ഒരു ഇംഗ്ലീഷു വൈദ്യനാണുണ്ടായതു.

ഈ ജെന്നറുടെ ജനനം ക്രിസ്ത്വബ്ദം ൧൭൪൯-ാമതിലായിരുന്നു.
ഇദ്ദേഹം ചെറുപ്പത്തിൽതന്നെ വൈദ്യവിഷയത്തിൽ അധികമായിരു
ന്ന വാസനയെ പ്രദർശിപ്പിച്ചതുകൊണ്ടു ആയാളുടെ രക്ഷിതാവായിരുന്ന
ജ്യേഷ്ഠൻ ഈ ശാസ്ത്രം പഠിക്കുവാനും പരിചയിപ്പാനുംവേണ്ടി ആ
യാളെ ലഡ്‌ലോ എന്നുപേരായ ഒരു വൈദ്യന്റെ അരികെക്കൊണ്ടു
ആക്കി. ആയിടെ ജെന്നർ ലഡ്‌ലോവിന്റെ ഒന്നിച്ചു പാർക്കുന്നകാല
ത്തു പശുക്കറവുള്ള ഒരു യുവതി തനിക്കുണ്ടായിരുന്ന ഒരു വ്യാധി ആ വൈ
ദ്യനെക്കൊണ്ടു ചികിത്സിപ്പിച്ചുകൊള്ളുവാനായി അവിടെ ചെന്ന-
ന്നപ്പോൾ ദീനം കണ്ടിട്ടുവന്ന അതു വസൂരിയാണെന്നു പറഞ്ഞു. ഇതുകേട്ട
പ്പോൾ ആ യുവതി "അതിന്നു വരുവാൻ തരമില്ല. എനിക്കു ഗോവ
സൂരിയുണ്ടായിട്ടുണ്ടല്ലോ" എന്നുത്തരം പറഞ്ഞു. ഗുരുവിന്റെ അ
രികെ നിന്നിരുന്ന ജെന്നർ ഇതുകേട്ടു. ഗോവസൂരി മനുഷ്യവസൂരിയുടെ
ശത്രുവാണെന്നും അതുണ്ടായാൽപിന്നെ മനുഷ്യവസൂരിയുണ്ടാവില്ലെന്നും
ആയാളുടെ നാട്ടിലുണ്ടായിരുന്ന ഒരു സംസാരം ജെന്നർ മുമ്പുതന്നെ കേ
ട്ടിട്ടുണ്ടായിരുന്നു. എന്നാൽ ഈ സ്ത്രീ ഇതു പറഞ്ഞപ്പോഴാണ ആയാൾ
ക്കു ഈ കാര്യം പരീക്ഷിച്ചു ജനങ്ങൾക്കുപകാരമാക്കിത്തീർത്താൽ നന്നായി
രുന്നുവെന്നു തോന്നിയതു. ഈ അഭിപ്രായം താൻ ഗുരുവിനോടു പ
റഞ്ഞപ്പോൾ ആ കഥ അദ്ദേഹം സാരമാക്കിയില്ല. എങ്കിലും യുവാവാ

യുകൊണ്ടും കൂടാതെ അതു താൻതന്നെ പരിശോധിച്ചുനോക്കുവാൻ ഡാക്ടർ തീർച്ചയാക്കി. അനന്തരം ആ ഒരു വിഷയത്തിൽതന്നെയായി ആയാളുടെ പ്രയാണം. അല്പകാലംകഴിഞ്ഞപ്പോൾ ആയാൾ ലഡ്‌ലോവിനെ വിട്ടു ലണ്ടൻപട്ടണത്തിൽപോയി അവിടെയുണ്ടായിരുന്ന പ്രസിദ്ധനായ ഹണ്ടർ എന്നൊരു വലിയവൈദ്യന്റെ ശിഷ്യസ്ഥാനം അംഗീകരിച്ചു. ഒരുദിവസം ആയാൾ ഗോവസൂരിയെപ്പററി ഹണ്ടറോടുപറഞ്ഞതിന്നു ഹണ്ടർ "ആലോചന തരക്കേടില്ല. ക്ഷമയോടെ ആലോചിച്ചുനോക്കണം" എന്നാണുത്തരംപറഞ്ഞത്. ഇതുകേട്ടപ്പോൾ ഡാക്ടർക്കു മുമ്പിലുണ്ടായിരുന്നതിലധികം ഉത്സാഹംകൂടി. പിന്നെയും അതിനെപ്പററി അന്വേഷണങ്ങളും പരീക്ഷകളും നടത്തുവാനാരംഭിക്കയും ചെയ്തു.

ഗോവസൂരി തട്ടിയവർക്കു ആയുസ്സിൽ ഒരിക്കലും മനുഷ്യവസൂരി തട്ടുവാനുള്ള ശക്തിയുള്ളതല്ലെന്നായിരുന്നു ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന സംസാരം. ഇതു ശരിയോ തെററോ എന്നറിയുവാനായിരുന്നു ഡാക്ടറുടെ ആദ്യത്തെ ഉത്സാഹം. ഇതിന്നായി ആയാൾ പല പരീക്ഷകളും അന്വേഷണങ്ങളും നടത്തി. ഒടുവിൽ ഗോവസൂരിയെന്നു പറയുന്ന ഉള്ള രോഗം അതു മനുഷ്യവസൂരിക്കു ശരിയായ പ്രതിവിധിയാണെന്നു ആയാൾ തീർച്ചയാക്കി. മനുഷ്യവസൂരി തട്ടുവാൻ ശക്തിയില്ലാത്ത ഒരുതരം ഗോവസൂരിയുണ്ടെന്നു പറയുന്നതു വാസ്തവത്തിൽ ഗോവസൂരിയല്ല. എന്നാൽ പശുക്കളെ ബാധിക്കുന്ന ഒരുതരം വസൂരിയാണെന്നു ആയാൾ വഴിപോലെ തെളിയിച്ചു. ഈ മനുഷ്യവസൂരിയും ഗോവസൂരിയും സാധാരണക്കാരുടെ കണ്ണിൽ ഒരുപോലെ ഇരിക്കുമെങ്കിലും സൂക്ഷിച്ചുനോക്കുന്നവർക്കു അവ തമ്മിൽ ചില വ്യത്യാസങ്ങളുണ്ടെന്നായിരുന്നു ആയാളുടെ വാദം. ഈ വാദത്തെ സമർത്ഥിപ്പിക്കുവാൻവേണ്ടി ആയാൾ താൻ നടത്തിയ അന്വേഷണങ്ങളും പരീക്ഷകളും, അവയുടെ ഫലങ്ങളും അവയിൽനിന്നു ആയാൾ ചെയ്ത ഉപദേശങ്ങളും എല്ലാംകൂടി ഒരു പുസ്തകം അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്തു. ഇതിന്നുപുറമെ ജനങ്ങൾക്കു വിശ്വാസംതോന്നിക്കുവാൻവേണ്ടി തന്റെ മക്കളുടെമേലെല്ലാം ഗോവസൂരി കീറിവെച്ചു. ഇങ്ങിനെയൊക്കെ ചെയ്തിട്ടും ജനങ്ങൾക്കു ഗോവസൂരിയുടെമേൽ മുമ്പിലത്തേക്കാൾ അധികം ഒരു വിശ്വാസവും ഉണ്ടായില്ല. തന്റെ കുട്ടികളിൽ ഉൾപ്പെടാത്ത ഒരുവളുടെയെങ്കിലും ശരീരത്തിൽ ഗോവസൂരികീറിവെപ്പാൻതരമായാൽ കൊള്ളാമെന്നാലോചിച്ചുകൊണ്ടുതന്നെ ഡാക്ടർക്കു വളരെക്കാലം കഴിക്കേണ്ടിവന്നു. ഒടുവിൽ ഫിപ്സ് എന്നൊരാളു

കിട്ടി. ആ [illegible] ഗോവസൂരി [illegible] കീറിവെച്ചു [illegible]
[illegible] വസൂരി [illegible] കീറിവെച്ചു [illegible]
[illegible] വസൂരി [illegible] ഇതു [illegible]
താൻ [illegible] സ്വഭാവത്തിന്റെ ഇ
[illegible]
[illegible] ചെയ്തു.

[illegible] ചെയ്തു [illegible]
[illegible]
[illegible] ഇതു [illegible]
[illegible] ഇടയിൽ [illegible]
[illegible] ഇ [illegible] ഗോവസൂരി [illegible]
[illegible] ഇതെല്ലാം [illegible]
[illegible] ഗോവസൂരി [illegible]
[illegible] കീറിവെ [illegible]
[illegible] ചെയ്തു. [illegible]
[illegible]
[illegible] ഇതു [illegible] അവർ ഗോവസൂരി
കീറിവെക്കുന്നതുകൊണ്ടു [illegible] ഉണ്ടാവാൻ [illegible]
[illegible]
[illegible] പ്രസിദ്ധപ്പെടുത്തി. [illegible]
[illegible] ഇ [illegible]
[illegible] വലിയ [illegible]
[illegible]
[illegible] ഇ [illegible]
ഗോവസൂരി [illegible]
[illegible] ഇ [illegible]
[illegible]
[illegible]
[illegible] ഇടയിൽ [illegible] സംസാരങ്ങളും [illegible]
[illegible] ഗോവസൂരി കീറിവെച്ചാൽ മനുഷ്യർ [illegible]
[illegible] "[illegible] മനുഷ്യ
[illegible] മനുഷ്യന്റെ [illegible] വസൂരി [illegible]

നല്ലവണ്ണം ഉണങ്ങുമ്പോഴക്ക മുഖത്തിന്റെ ആകൃതി ഒരു കാള്ളയുടെതി ന്റെപ്പോലെയാകും. തലയിൽ വലിയതരു കൊമ്പുകളുണ്ടാകും. അതു പൊട്ടി അതിന്റെ ഉള്ളിൽനിന്നു ഒരു [illegible] [illegible] മനുഷ്യശബ്ദ [illegible] ആയിരിക്കയില്ലയൊ?" ഇങ്ങിനെയാകുന്നു അന്നു അതി ന്നെപ്പററി നടന്നിരുന്ന ചില സംസാരങ്ങൾ. ഈവക സംസാരങ്ങൾ ആളുകൾ വിശ്വസിച്ചിരുന്നുവെന്നു കേൾക്കുമ്പോൾ ഇക്കാലത്തുള്ള നമു ക്ക വലിയ അത്ഭുതം തോന്നുമായിരിക്കാം. എന്നാൽ അന്നത്തെക്കാല ത്തെ പരിഷ്കാരസ്ഥിതിയെയും അപരിഷ്കൃതന്മാർ [illegible] വസ്തുക്കളെപ്പററി വല്ല ശബ്ദം കേട്ടാൽ അതു വിശ്വസിപ്പാനുള്ള വാസ നയെയും കുറിച്ചാലോചിച്ചാൽ ഈ അത്ഭുതം തീരുന്നതാണ്. മേൽപ്പറ ഞ്ഞ തടസ്സങ്ങളൊന്നുംകൂടാതെ ജെന്നർ താൻ കണ്ടുപിടിച്ച ഗോവ സൂരി നാട്ടിലെല്ലാം പ്രചരിപ്പിപ്പാൻവേണ്ടുന്ന ശ്രമങ്ങളെല്ലാം ചെയ്തുകൊ ണ്ടുതന്നെ ഇരുന്നു. സത്യത്തിന്റേയും സദ്വിചാരത്തിന്റേയും ശ ക്തി ആർക്കാണു തിരെ തടുപ്പാൻകഴിയുന്നത്? അല്പകാലം കഴിഞ്ഞപ്പോഴ ക്ക ഗോവസൂരിക്കുള്ള ഗുണങ്ങൾ നാട്ടുകാർക്കെല്ലാം വളരെ സമ്മതമായി തീൎന്നു; ആക്ഷേപക്കാരുടെ വാദങ്ങളെല്ലാം [illegible], ഫില്ലിപ്പ്സിന്നു ഗോവസൂരിവെച്ചതിന്നുശേഷം അഞ്ചാറുകൊല്ലം കഴിയുമ്പോഴക്ക ഗോവസൂരിവെക്കുന്ന സമ്പ്രദായം നാട്ടിലെല്ലാം നല്ലവണ്ണം പരന്നു. ജെന്നർ [illegible] ഉപകാരികളിൽ ഒരുത്തനായിത്തീൎന്നു. സകല ആളുക ളും ആയാളെ സ്തുതിച്ചുതുടങ്ങി. ഇംഗ്ലണ്ടിലെ രാജാവും രാണിയും യുവരാജാവും ആയാളെ ആളയച്ചുവരുത്തി മുഖദാവിൽ ആയാളെ അഭി നന്ദിക്കയും ചെയ്തു.

ബ്രിട്ടീഷ രാജാവിന്റേയും നാട്ടുകാരുടേയും സാക്ഷിപത്രം ലഭിച്ചതി ന്നുശേഷം ഗോവസൂരി യൂറോപ്പിൽ ശേഷമുള്ള നാടുകളിലെല്ലാം പ്രയാ സംകൂടാതെ പ്രചരിച്ചു. അതിന്റെ [illegible] [illegible]കൊണ്ട് മററുരാ ജ്യക്കാർ ജെന്നരേയും അതിനെപ്പററി [illegible] [illegible] [illegible] ത്തെയും കണക്കില്ല. ചിലേടങ്ങളിൽ ജെന്നറുടെ ജന്മദിവസം ഒരു ഉത്സ വമായി ആളുകൾ ആഘോഷിച്ചുതുടങ്ങി. മററുചിലേടങ്ങളിൽ ഫില്ലി ന്റെ [illegible] ഒരു വിശേഷദിവസമായിട്ടു കരുതിത്തുടങ്ങി. വേറെചിലസ്ഥലങ്ങളിൽ ജെന്നറുടെ പ്രതിമയുണ്ടാക്കി ആളുകൾ കഴുത്തി ൽ കയററി [illegible] എഴുന്നള്ളിപ്പാൻ നിശ്ചയിച്ചു. കപ്പലുകൾ ചുരു ക്കായവല്ല കാൎയ്യം ഉണ്ടാകയാൽ അതിന്ന ജെന്നറുടെപേർ കൊടുത്തു പ്ര

സിദ്ധമാക്കുക എന്നായിരുന്നു. [illegible] സദ്ഗുണവാന്മാരും ജെന്നറുടെ [illegible] സ്ഥാനമാനങ്ങളെല്ലാം [illegible] തുടങ്ങി. അവിടെ പിന്നെയായി ഒരു മഹാന്റെ [illegible]കീഴിൽ അനേകം സമാജങ്ങളും ഉണ്ടായിവന്നു. പാതിരിമാർ മതവിഷയമായ പ്രസംഗങ്ങളും ചെയ്യുന്നതിന്റെ മദ്ധ്യത്തിൽ ജനങ്ങളോട് [illegible] മ്പോഴും അവരെ കുത്തിപ്പിക്കുവാൻ ജെന്നറുടെ [illegible] പതിവായിരുന്നു. സ്ത്രീകളും അദ്ദേഹത്തിന്നുവേണ്ടി എന്തെങ്കിലും വല്ല വിഷയത്തെപ്പറ്റി ജെന്നറുടെ [illegible] അയച്ചു [illegible] വളരെ [illegible] വരുത്താറുണ്ട് തങ്ങളുടെ സഖിമാർക്കൊക്കെ കാട്ടികൊടുക്ക പതിവായിരുന്നു. സ്പെയിൻരാജ്യത്തിലെ രാജാവു തന്റെ കീഴിലുള്ള രാജ്യങ്ങളിലെല്ലാം ഗോവസൂരിനടപ്പാക്കുവാൻ മൂന്നുപ്രാവശ്യം വലിയ കപ്പൽസൈന്യങ്ങളെയും കീറിവെക്കുന്ന ആളുകളെയും ഭൂമിയുടെ എല്ലാഭാഗങ്ങളിലേക്കും അയക്കയുണ്ടായി. ഇവർ മൂന്നുനാലു കൊല്ലത്തിനകത്തു [illegible] പ്രദക്ഷിണം ചെയ്തു. റഷ്യയിലെ രാജ്ഞി ആ രാജ്യത്തു ആദ്യം ഗോവസൂരികീറിവെക്കുവാൻ സമ്മതിച്ച കുട്ടിക്ക് "വാക്സിനോഫ്" * എന്നു പേരിടുകയും അവനു യഥേഷ്ടം വിദ്യാഭ്യാസം ചെയ്യുവാനുള്ള സകല ചിലവും സർക്കാരിൽനിന്നു കൊടുപ്പിക്കുകയും ചെയ്തു. അക്കാലത്തു ഫ്രാൻസിസ്സു രാജ്യത്തു രാജാവായിരുന്നതു "നെപ്പോളിയൻ ബോണപ്പാർട്ട്" എന്ന പ്രസിദ്ധനായ വീരപുരുഷനാണ്. ഫ്രാൻസിസ്സുകാരും ഇംഗ്ലീഷുകാരും തമ്മിൽ വലിയ ഒരു യുദ്ധം നടന്നിരുന്നകാലമായിരുന്നു. ഇംഗ്ലണ്ടുകാരുടെയും [illegible] പക്ഷത്തിൽനിന്നു പിടിച്ചിട്ടുള്ള തടവുകാർ അനേകം കിടപ്പുണ്ടായിരുന്നു. ഇവരെ വിട്ടുകിട്ടുവാൻവേണ്ടി ഇരുപക്ഷക്കാരുടെയിൽ വളരെ എഴുത്തുകുത്തുകളും നടന്നിട്ടും യാതൊരു ഫലവും ഉണ്ടായില്ല. ഒടുവിൽ ജെന്നർ ഇംഗ്ലീഷുകാരായ തടവുകാരെ വിട്ടുകിട്ടിയാൽകൊള്ളാമെന്നപേക്ഷിച്ചു നെപ്പോളിയന്നു ഒരു ഹർജി അയച്ചു. ആദ്യം നെപ്പോളിയൻ ഹർജിമാത്രം വായിച്ചു അല്ലാതെ ഹർജിക്കാരന്റെ പേരു നോക്കിയില്ല. "തടവുകാരെ വിടുവാൻ പാടില്ല" എന്നുപറഞ്ഞു ഹർജി തള്ളിക്കളകയും ചെയ്തു. തൽസമയം രാജ്ഞിയായിരുന്ന ജോസഫൈൻ അരികെ ഉണ്ടായിരുന്നു. ആ സ്ത്രീ തള്ളിയ ഹർജിയെടുത്തു വായിച്ചുനോക്കി. ഹ-

* ഗോവസൂരികീറിവെക്കുന്നതിന്നു ഇംഗ്ലീഷിൽ 'വാക്സിനേഷൻ' എന്നാണു പറയുക. ഈ വാക്ക 'വാക്സിനോഫ്' എന്നതും ഒരു ധാതുവിൽനിന്നുണ്ടായവയാകുന്നു.

അസൂയക്കാരായ ഹരജിക്കാരന്റെ കൂട്ടക്കാരെല്ലാം വേഗം മന്ത്രിയോടു "ഈ ഹരജിയുടെ കർത്താവു ധന്യനാണ്" എന്നുപറഞ്ഞു. അതുകേട്ട പ്പോൾ രാജാവു "ഇങ്ങിനെയുള്ളവർ യാചകന്മാരാണ് ഒരുവൻ കൊട്ട ക്കരുതിരിക്കട്ടെ" എന്നുകല്പിച്ച് അതിൽ ഉൾപ്പെട്ട ആളുകളെ വി ട്ടയപ്പാൻ കല്പിക്കയും ചെയ്തു. ഇപ്രകാരമായിരുന്നു ഗോവസൂരി ജനങ്ങ ൾക്കുപകരിക്കത്തക്കനിലയിലാക്കിയതുകൊണ്ടു ധന്യനായ കീർത്തി.

ഈ ഗോവസൂരിക്ക മനുഷ്യവസൂരിക്കുണ്ടെന്നുപറയുന്ന ദോഷങ്ങളൊ ന്നുമില്ല. മനുഷ്യവസൂരി കീറിവെച്ചാൽ ഒരുകാലത്ത് ചെറുവസൂരിതന്നെ ഉണ്ടാകുമെന്ന പറഞ്ഞുവല്ലോ. ഗോവസൂരിയായാൽ കീറിവെച്ച സ്ഥല ത്തുമാത്രമേ പൊള്ളകൾ പൊങ്ങുകയുള്ളു. ഉപദ്രവം ചുരുക്കവും, [illegible] വരുന്നതല്ല. മനുഷ്യവസൂരിപോലെ വേഗത്തിൽ പകരുക യില്ല. പകർന്നാൽതന്നെ പകർന്നസ്ഥലത്ത് ഒരു പൊള്ളകുരുവായിപ്പൊ ങ്ങുന്നതല്ലാതെ വലിയ വ്രണങ്ങളൊന്നും ഉണ്ടാകുന്നതല്ല. ഗോ വസൂരി പശുവിന്റെ അകിട്ടിൽനിന്നെടുത്തു തന്നെ മനുഷ്യരുടെമേൽ കീറിവെക്കുന്നതിനെക്കാൾ നല്ലത് അതു കീറിവെച്ച ആളുടെ പൊള്ളക ളിൽനിന്ന ചലമെടുത്തു കീറിവെക്കുകയാകുന്നു. ഈ വിവരങ്ങളെല്ലാം ജനങ്ങൾക്കു മനസ്സിലായതോടുകൂടി ഗോവസൂരികീറിവെക്കുവാൻ മോഹം അധികപ്പെടുകയായി വന്നു. മനുഷ്യവസൂരികീറിവെക്കുന്നതിന്റെ നേരെ യു ള്ള വൈരാഗ്യവും അതുപോലെ വർദ്ധിച്ചു. ഒടുവിൽ പരേതയായ മഹാ റാണിയുടെ കാലത്തിൽ ബ്രിട്ടീഷ്‌രാജ്യങ്ങളിലെങ്ങും മനുഷ്യവസൂരികീറി വെച്ചുകൂടാ എന്ന പാർലിമെണ്ടിനാൽ നിയമം ഉണ്ടാക്കുകയും ചെയ്തു.

ഗോവസൂരിയുണ്ടായതും അതു മനുഷ്യരുടെ ഇടയിൽ പ്രചരിച്ചു മനു ഷ്യവസൂരി കീറിവെക്കുന്ന സമ്പ്രദായത്തെ തീരെ ഇല്ലാതാക്കിയതും മേൽ പറഞ്ഞപ്രകാരമാകുന്നു. ഇപ്പോൾ ഇതു നടപ്പില്ലാത്ത പരിഷ്കൃതരാജ്യങ്ങ ളൊന്നുമില്ല. ഒരു തരമായി മലയാളബ്രാഹ്മണർക്കുമാത്രം അതു സമ്മ തമല്ലാതിരുന്നതു അവരുടെ കാര്യമാണെന്നുമാത്രമേ പറയുവാനുള്ളു. ഗോവസൂരി കീറിവെക്കുന്നതുകൊണ്ടു യാതൊരു ഫലവുമില്ലെന്നാണ് ഇ വരുടെ കൂട്ടത്തിൽ ചിലരുടെ അഭിപ്രായം. ഈ അഭിപ്രായം വിശ്വാ സയോഗ്യമാണെന്ന തോന്നുന്നില്ല. അതു നടപ്പായതിന്റെശേഷം വ സൂരിയാലുണ്ടാവുന്ന മരണത്തിന്ന വളരെ കുറവുണ്ട്. അതു കണ്ടുപിടി ക്കുന്നതിന്റെമുമ്പു ലണ്ടൻപട്ടണത്തിൽ കൊല്ലംതോറും വസൂരികൊണ്ടു സുമാറു രണ്ടായിരംജനങ്ങൾ മരിച്ചിരുന്നു. ഇതു നടപ്പായതിന്റെ ശേ

ഷം ആറു സംഖ്യ എഴുതുവാൻ [illegible]യിരിക്കുന്നു. ഇതുപോലെ മറ്റുരാജ്യ
ങ്ങളിലും കാണുന്നുണ്ട്. കീറിവെച്ചാൽ പിന്നെയുള്ള വസൂരി
ക്കു [illegible] കാര്യത്തിൽ ഈ ലേഖകൻ [illegible]
ലേഖകൻ [illegible] മലയാളി [illegible]യായിരുന്നു. [illegible]
[illegible] വസൂരി [illegible]
ന്നു. [illegible] വസൂരിയുടെ [illegible] പാലക്കാട്ടു [illegible]
അതുകഴിഞ്ഞു മലയാളത്തിൽ ഉടനെ [illegible]
[illegible] എന്നാൽ ഇതു വസൂരിയായിരുന്നോ
എന്നാൽ സംശയം തോന്നുന്നില്ല. പനിക്ക ചികിത്സിക്കുവാൻ വന്ന
ഒരു ഇംഗ്ലീഷ് വൈദ്യനായിരുന്നു. [illegible] കഴിഞ്ഞപ്പോൾ [illegible] എല്ലാം
സുഖപ്പെട്ടു. അതിന്റെ ശേഷം വൈദ്യർ പറഞ്ഞപ്രകാരം [illegible] വസൂരി
ആണെന്നു [illegible] [illegible]
ശരീരത്തിലെല്ലാം ഉണ്ടായിരുന്നു. അതു [illegible] കഴിഞ്ഞുകൂടിയ
തു കീറിവെച്ചതുകൊണ്ടല്ലാതെ വരുവാൻ വഴിയില്ലെന്നു വൈദ്യൻ തീർച്ചയാ
യി ലേഖകനോടു പറകയുണ്ടായി. ഇതു സംഗതി [illegible]. ഇ
തിനെല്ലാറ്റിലും തന്നെ എല്ലാകാര്യത്തിലും [illegible] വിശ്വാസങ്ങൾ
ന്റെ [illegible] ത്തിന്റെ ആദ്യ
ത്തിൽ [illegible] ഇതു നടപടി [illegible]
വിളിച്ചുവരുത്തിയല്ലാതെ മാത്രമല്ല കൊല്ലംതോറും അതിന്റെ പ്രചാരം അ
ധികരിച്ചുവരുന്നുള്ളൂ. എന്നുള്ള സംഗതി തന്നെ അതിന്റെ സഫലതയെ
ക്കുറിച്ചു [illegible] തെളിവല്ലയോ?

പിന്നെ [illegible] ഇതു [illegible] പുരാണങ്ങളിൽ [illegible]
[illegible]. ഇത് [illegible]
അടിസ്ഥാനമുണ്ടെന്നു തോന്നുന്നില്ല. ഗോവസൂരി കണ്ടുപിടിച്ചിട്ട് ഇരു
നൂറിൽ ചില്വാനം സംവത്സരങ്ങളായിട്ടുള്ളു. അതുകൊണ്ടു പുരാണങ്ങളുടെ
[illegible] വസൂരികീറിവെക്കുന്നതു [illegible] പറയുന്നുണ്ടെങ്കിൽ അതു
ഗോവസൂരിയാവാൻ തരമില്ല. മനുഷ്യവസൂരി കീറിവെക്കുന്നതായിരിക്ക
ണം അങ്ങിനെ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അതു ശരിയാണെന്ന് ഇ
പ്പോൾ ആരും പറയുന്നതുമില്ല.

പശുവിന്റെ [illegible] തന്റെ ദേഹത്തിൽ കുത്തിവെച്ചതു [illegible]
[illegible] പിന്നെ [illegible] പറയുന്നുണ്ട്.
ഇതു കേവലം ഇല്ലാത്തതല്ല. എന്നാൽ ഈ കാര്യത്തിൽ ഒന്നു വിചാ

തീരെ മാനമല്ലൊ. ഔഷധങ്ങളായിട്ടു ബ്രാഹ്മണർ എന്തെല്ലാം ദ്രവ്യങ്ങളും ഒരു കുന്നുകടത്തിവരാറുണ്ടു്? കസ്തൂരി, പച്ചക്കർപ്പൂരം ഇവയിൽ ഏതിന്റെ ഉൽഭവം ആരുംതന്നെ അറിയാത്തതു്? ഇതുകൊണ്ടെന്താണു് അതുപയോഗിക്കാതെയുള്ളതു്? ഈ വകയുടെ ഉൽപത്തി വളരെ നികൃഷ്ടമാണെങ്കിലും ഈ വക കൊണ്ടുള്ള ഉപകാരങ്ങളും വിചാരിച്ചിട്ടല്ലയോ ഈ വക സാധനങ്ങൾ ഔഷധികളും ഇല്ലെന്നു പൂർവ്വന്മാർ വെച്ചിരിക്കുന്നതു്? അതുപോലെ ഗോവസൂരിയും ഗുണപ്രദമാകയാൽ അതു ഉപയോഗിക്കുന്നതിൽ വലിയ ദോഷമില്ലെന്നും ഇതിനെ വൈദികന്മാരെല്ലാവരും ആലോചിച്ചു നോക്കിയാൽ അതുതന്നെ അറിയാതിരിക്കയില്ല. എല്ലാവരും അങ്ങിനെയാണു്.

ഞാൻ ഗോവസൂരിയെപ്പറ്റി ഇതെല്ലാം പറഞ്ഞതു് നാട്ടിലെ എല്ലാവരും ഉടനെതന്നെ വസൂരികീറിവെക്കുവാൻ തുടങ്ങണം എന്നു വിചാരിച്ചിട്ടല്ല. എന്നാൽ അതിനെപ്പറ്റി ആലോചിക്കുമ്പോൾ അതിന്റെ ചരിത്രംകൂടി മനസ്സിലാക്കാൻ കുറെ അധികം ഉണ്ടെന്നുള്ളതുകൊണ്ടു മാത്രം വിചാരിച്ചിട്ടാണ്. ഞങ്ങളുടെ ഇടക്ക നടന്നുവരുന്ന ഗോവസൂരിയെപ്പറ്റി ആലോചിക്കുമ്പോൾ, അതു് എത്രയോ പ്രയോജനമായി, അതുകൊണ്ടുള്ള ഗുണമാണ്, അതിനു പ്രചാരം വരുവാൻ എന്തുമാത്രം പ്രയാസങ്ങളായിട്ടുണ്ട്, അതു എവിടെയെല്ലാം പ്രചാരമുള്ളതാണ് എന്ന ഇങ്ങിനെയുള്ള വിവരങ്ങൾ കിട്ടിയാൽ ആലോചനക്കു സൌകര്യം ഉണ്ടാകുമല്ലൊ. പ്രസ്തുതവിഷയത്തെക്കുറിച്ചു് ഈ വിവരങ്ങൾ അടുത്തതിലും എന്റെ ഈ ലേഖനത്തിൽനിന്നു വായനക്കാർക്കു കിട്ടുന്നതായാൽ എനിക്കു വലിയ കൃതാർത്ഥതയുണ്ടാകുന്നതാകുന്നു.

കെ. സി. വീരരായൻരാജാ, ബി. എ.

ഒരാരണ്യകന്റെ

ആത്മഗതം

൧. സരസം മനുജന്മ മഹോത്സവം
സഫലം ചാരു ഗതിമത്തരം
പരമീവകരണ്യസുഖാവലി-
ച്ചുരചാതുര്യമിതരണ്യമെന്നു ഞാൻ.

൨. നഗരാന്തരചിന്തയേറ്റുമാവാൻ
വരമാറ്റൊന്നു, വസുന്ധരയ്ക്കുമേൽ
പരമാദിമശില്പികല്പിതാ
പരമാലേഖ്യമഹോ! മഹാവനം.

൩. മധുവാതരമന്ദഹാസവും
പടയാളിത്തലവന്റെ ഭാവവും
ഇടചേർന്നു പിറന്നതാണതി-
സ്ഫുടസൌന്ദര്യമുദാത്തമീവനം.

൪. അഗദാഗമനസ്ഥലങ്ങളിതാ,
ഇഗ [illegible] നാ വൃക്ഷങ്ങളിങ്ങതാ
നഗരം ഗതമാർഗ്ഗിലാതാ-
നഗരത്വം വരാതെ മേദനം.

൫. ഇളനാമ്പ് വടിവായ് വസന്തമാ-
ക്കുളുർവാതരവൃതിച്ചൂടി വന്നു
വൃതരയെന്ന പൂന്ത്കാന്തിയോടാ-
മുളലോല്മാദവുമാന്ന് കാണ്മു ഞാൻ.

൬. മലയാചലമുന്നത മനമായ്
മലർത്തുമണമാകി വന്നിതിൽ
ഉലകത്തകാരി നീളവേ
വിലസുന്നു മലയാളിമാരുതൻ.

൮. ദിവസശേഷമഹസ്സിൽ രാജതു-
ദ്രവപാതം നിപതിച്ചു നിർഭരം
നവമാമഴകാർന്നു മാനസം
കവരുന്നു കമനീയശോഭികൾ.

൯. കനകാഭിവിഭൂഷകാംബര-
ശുഭമെന്നുള്ളതനാദരിച്ചുകിൽ
തനുസംഹതി സൂര്യദേവനായ്
പൊരുതാനോ മുതിരുന്നതിങ്ങിതോ ?

൧൦. ജ്വലമാമലയിട്ടുകത്തുന്ന
ജ്വലമാമ്പിണ തകർന്നു പിന്നെയും
പലപാരാകളോടൊലിച്ചല-
ഞ്ഞലയിളക്കുന്നരുഴക്കുന്നിതാ കരം.

൧൧. മഹനീയവിചിത്രശില്പപു-
ഷ്പിത മന്ദാനിലധൂതവല്ലിയിൽ
വിഹഗേന്ദ്രവിലാസിനീഗണം
വിഹരിക്കുന്നു വിലോലവിഭ്രമം,

൧൨. മധുപാധിപറന്നതിങ്ങുപോലീ
മധുമാസം ചമയിച്ച മാധവി
മധുവാർന്നു വിടർന്ന പൂക്കളാൽ
മധുരസ്വാഗതസൂക്തി ചൊല്ലുകയോ?

൧൩. തെളിവോടു ഗുരുദ്രുമാളിയിൽ
കളിയാട്ടും വരമംഗളാംഗന
ഒളിവായ് ചെറുവള്ളി ലോലമാം
തളിരാൽ മാടിവിളിച്ചിടുന്നുവോ ?

൧൪. പലമാതിരി മേഘമാലകൾ
മലയോരങ്ങളിലങ്ങിങ്ങുമേ
വിലസുന്നു, പുളിന്ദകന്യമാ-
രലരാലിട്ടൊരുക്കുപോലവേ.

൧൪. അന്നവൻ പടിഞ്ഞാറ്റുപുറത്തിങ്ങൂടി
തന്നാമ്രശാഖയിലുക്കാസനമായ
മധുലക്ഷ്മി വിടർന്നുപൂവിട്ടും
ഘനമാമർക്കത്തെളുമന്നാതാനന്ദം.

൧൫. പകലെത്രയുമസ്തമിച്ചുപോയ്
പകരം സന്ധ്യയണഞ്ഞു സാദരം
പകലന്ത വിചിത്രമീപ്പിതി
പ്രകടം വാനിലുമീവനത്തിലും.

൧൬. മലർ, പച്ചില, പുഷ്പ, ഫലങ്ങളിൽ-
ക്കലരുന്നൊരു സാന്ധ്യകാന്തിയിൽ
പലവർണ്ണമെഴുന്നൊരു വനി-
തലമിപ്പോഴു മിന്നി നിൽക്കുന്നു.

൧൭. ഒരു പൂമരക്കൊമ്പിലുണ്ടൊരു
പൊന്നുകന്യ ഘനമാകുമാറൊരു പൂവും
നിരപരാധമാം വാടിയാ
വനമിപ്പോഴും പൂകാവുപോലവേ.

൧൮. തുടരുന്നുകന്യ കാവു, മീ
തടമെന്നുന്ന തണലുകളുടെ
തടവീതലമാകവേ കരി-
ക്കടലിൻ കാന്തിയിനാ കലർന്നുപോയ്.

൧൯. കടിയന്തരമാറാതം കണ്ട-
ക്കിടയിൽപ്പെട്ടൊരു കണ്ണുകൾ
വെളിയുന്നതഹോ, നരകിനി
കടലിൽപ്പോയ് കടിപെടുകയാം സുഖം.

൨൦. പാരമിരുൾ നിറഞ്ഞരുളാം
പക്ഷാന്തരം പാർത്തിരുന്നു കാണവേ
പാതി വിചിത്രമാകുന്നു
പാതയോരത്തിലായിടുന്നു മാ.

കാറിപ്പുറത്തു കേശവൻനായർ

മതവിശ്വാസം

ലോകത്തിലുള്ള ജനസമുദായങ്ങളെ കൂട്ടിച്ചേർത്ത് നിർത്തുന്ന കാരണങ്ങളിൽ വെച്ച് ഏറ്റവും പ്രബലമായിട്ടുള്ളതു മതവിശ്വാസം തന്നെയാണ്. ഒരു രാജ്യത്തിൽ ജനിച്ചവരായതുകൊണ്ടോ, ഒരു വംശത്തിൽ ജനിക്കുന്നതുകൊണ്ടോ, എന്തിനേറെ ഒരു ഉദരത്തിൽ തന്നെ ജനിക്കുന്നതുകൊണ്ടോ ഉണ്ടാകുന്ന സംബന്ധത്തെക്കാൾ ദൃഢതരമായ ബന്ധത്തെ മതവിശ്വാസം മനുഷ്യരുടെയിടയിൽ ഉണ്ടാക്കുന്നുണ്ട്. ചരിത്രസംബന്ധികളായ അനേകം സംഭവങ്ങൾ ഇതിനെ ദൃഷ്ടാന്തമായിരിക്കുന്നുണ്ട്. ആ വക സംഭവങ്ങളെല്ലാം എടുത്തുനോക്കുന്നതായാൽ അവകളിൽ മതത്തിന്റെ പ്രാബല്യം തെളിവായി പ്രസരിച്ചിട്ടുള്ളതായി കാണാം.



മതത്തെ പ്രചരിപ്പിപ്പാനുള്ള ആവേശത്തിന്മേൽ വളരെ യുദ്ധങ്ങളും ഉണ്ടായിട്ടുണ്ട്. മതവിശ്വാസത്തെ കൈവിടാൻ മനസ്സുവരായ്കയാൽ പ്രാണനാശം വന്നിട്ടുള്ളവരുടെ ഇടയിൽ ചില്ലറയാളുകളല്ല. ചുരുക്കിപ്പറയുന്നതായാൽ തന്റെ ജീവിതത്തേക്കാൾ വിലയേറിയതായി മതത്തെ ഗണിക്കുന്നവരാണ ലോകത്തിൽ അധികംപേരും.

എന്നാൽ മതവിശ്വാസത്തിന്റെ ഉൽപത്തിയെയും അതിന്റെ ഉന്നമനങ്ങളെയും കുറിച്ച് ആലോചിക്കുന്നവർ എത്രയോ അപൂർവമാണ്. ലോകത്തിൽ കാണുന്ന മതങ്ങൾ ഭിന്നരൂപങ്ങളായി തോന്നുന്നെങ്കിലും അവകളുടെ മൂലകാരണം ഒന്നുതന്നെയാണ്. അവകളിലെ പ്രധാനതത്വങ്ങൾക്ക് ഐക്യരൂപ്യവും കാണുന്നുണ്ട്. സകല ജനങ്ങളുടെ ഇടയിലും ചിലചില വിശ്വാസങ്ങൾ ഉണ്ടാകയാൽ മതവിശ്വാസത്തെ ഉണ്ടാക്കുന്ന സാർവത്രികമായ ഒരു കാരണം എല്ലാ ദേശത്തും എല്ലാ കാലത്തും എല്ലാവരിലും ഒന്നുപോലെ ഉണ്ടായിരിക്കണമെന്നു സമ്മതിക്കാതെ കഴികയില്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്കു ഗോചരമല്ലാത്ത ചില വസ്തുക്കളും ചില ശക്തികളുമുണ്ടെന്ന് എല്ലാവരും വിശ്വസിച്ചുവരുന്നുണ്ട്. ഈ വിശ്വാസത്തിന്റെ ഉത്ഭവം മരിച്ചുപോയിട്ടുള്ള പിതൃക്കളുടെ ആരാധനയാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. മരിച്ചുപോയിട്ടുള്ളവരോടു ബന്ധുക്കൾക്കുള്ള സ്നേഹം

തിരിക്കുമെന്നുള്ള വിശ്വാസം പുരാതനകാലത്തെ പ്രാകൃതന്മാരായ വർഗ്ഗക്കാരുടെ ഇടയിലും പ്രചരിച്ചിരുന്നതായി കാണുന്നുണ്ട്. ഈജിപ്റ്റുകാർ, ബാബിലോണിയന്മാർ, ചൈനാക്കാർ മുതലായവരുടെ ഇടയിലും ഹിന്ദുക്കളുടെ സമുദായത്തിലെന്നപോലെ പിതൃക്കളുടെ ആരാധനം കാണപ്പെടുന്നു. ശരീരത്തിൽ രണ്ടാത്മാവുണ്ടെന്നാണ് പുരാതനന്മാരായ ഈജിപ്റ്റുകാർ വിശ്വസിച്ചിരുന്നതു. മരണകാലത്തിൽ ശരീരത്തിൽനിന്നു നിർഗ്ഗമിക്കുന്ന ആത്മാവു ശരീരം നശിച്ചുപോകുന്നതുവരെ നിലനിൽക്കുമെന്നു അവർ വിശ്വസിക്കുന്നു. അതുകൊണ്ടാണ് അവർ ശവങ്ങളെ സൂക്ഷിപ്പാനായി വലിയ ഗോപുരങ്ങളെ നിർമ്മിച്ചിട്ടുള്ളത്. പുരാതനകാലത്തെ ബാബിലോണിയന്മാരുടെ വിശ്വാസത്തിനു അല്പം വ്യത്യാസമുണ്ട്. ശരീരത്തിൽനിന്നു നിർഗ്ഗമിക്കുന്ന ആത്മാവിനു ബന്ധുസ്നേഹമില്ലാതാകുന്നതുവരെ അതു ജീവിച്ചിരിക്കുന്ന മനുഷ്യരെ ഭയപ്പെടുത്തുമെന്നു അവർ കരുതിയിരുന്നു. ചൈനാക്കാരുടെ ഇടയിൽ പിതൃക്കളുടെ ആരാധനം ഇപ്പോഴും നിലനിന്നുവരുന്നു. ഹിന്ദുക്കളും പിതൃക്കളുടെ പൂജയിൽ വളരെ ശ്രദ്ധയുള്ളവരാണ്. മറ്റുപല വർഗ്ഗക്കാരും പിതൃപൂജനം ചെയ്തുവരുന്നു.

മതവിശ്വാസത്തിന്റെ ഉൽഭവസ്ഥാനം പ്രകൃതിസംഭവമാണെന്നാണു മറ്റുചിലരുടെ അഭിപ്രായം. ഋഗ്വേദം മുതലായ ഏറ്റവും പുരാതനങ്ങളായ ആര്യഗ്രന്ഥങ്ങളിൽ പ്രകൃതി [illegible] കാണാതിരുന്നില്ല. പ്രകൃതിയുടെ പരിണാമങ്ങളായ പൃഥിവി, [illegible] മുതലായ വസ്തുക്കളെ ദേവന്മാരായി കല്പിച്ചുകാണുന്നു. ഗ്രീക്കുകാരും [illegible] പ്രകൃതിദേവതകളെ കല്പിച്ചിട്ടുള്ളതായി കാണുന്നു. [illegible] ആശ്ചര്യങ്ങളെ കാണുമ്പോൾ അവയുടെ [illegible] കാരണത്തെ ഗ്രഹിപ്പാൻ അത്യാഗ്രഹപ്പെടുന്ന മനുഷ്യർ അവയെ ദേവന്മാരായി സങ്കല്പിക്കുന്നു. അതിൽനിന്നാണു മതവിശ്വാസത്തിന്റെ ഉൽപത്തിയെന്നു പറയുന്നതും പ്രമാണാനുസാരിയായിരിക്കുന്നുണ്ട്.

എന്നാൽ ഈ രണ്ടുകൂട്ടരുടേയും അഭിപ്രായത്തെ ഖണ്ഡിപ്പിപ്പാൻ കഴിയുന്നതാണ്. എല്ലാത്തരം മതങ്ങളിലും ഒരുപോലെ സമാനമായി കാണപ്പെടുന്നു. നമ്മുടെ ഇന്ദ്രിയഗ്രാമത്തിനു ഗോചരമല്ലാത്ത ഒരു വസ്തുവുണ്ടെന്നുള്ള വിശ്വാസം തന്നെയാണ് മൂലകാരണമായി നില്ക്കുന്നു. ഈ വിശ്വാസം ലോകസാമാന്യത്തെ വ്യാപിച്ചിരിക്കുന്നു. അതു സാർവ്വസിദ്ധമാണ്. ഏറ്റവും പ്രാകൃതന്മാരായ ആദിവാസികളുടെ മതസങ്കല്പങ്ങളിലും ദിവ്യ

ജ്ഞാനികൾ കണ്ടെത്തിയവയാണെന്നു ദൃഢമായി വിശ്വസിച്ചിരിക്കുന്നു. ഇന്ദ്രിയാതീതമായ അവസ്ഥാവിശേഷത്തെ എല്ലാവരും ഒരുപോലെ സമ്മതിക്കുന്നു. ഇങ്ങിനെ ലോകസാമാന്യത്തിന്റെ സ്വഭാവം ഉണ്ടായിട്ടുണ്ടുള്ള വിശ്വാസം നിഷ്ഫലമാണെന്നു വിചാരിക്കുന്നതിനേക്കാൾ മോഷത്വം മറ്റൊന്നാണുള്ളത്? എന്നാൽ മതതത്വങ്ങളെപ്പറ്റി നിരൂപിപ്പാനും അവരുടെ യുക്തികളെ അന്വേഷിപ്പാനും എല്ലാവർക്കും അധികാരമുണ്ട്. യുക്തിയോടുകൂടാത്ത വിശ്വാസം അന്ധവിശ്വാസം മാത്രമാകയാൽ അതിന്റെ ദാർഢ്യം മതിയാകയില്ല.

എല്ലാ ജീവജാലങ്ങളുടെയും പ്രയത്നം പ്രകൃതിയെ ജയിച്ചടക്കുവാനാകുന്നു. അതുകൂടാതെ സുഖം കിട്ടുകയില്ലെന്നു എല്ലാവർക്കും ബോദ്ധ്യമുണ്ട്. ബാഹ്യമായും ആന്തരമായുമുള്ള പ്രകൃതിയെ ജയിക്കുന്നതാണു എല്ലാ ശാസ്ത്രങ്ങളുടെയും പരമോദ്ദേശ്യം. പ്രകൃതിബന്ധത്തിൽനിന്നു അതിക്രമിച്ചിരിക്കുന്ന ഒരു അവസ്ഥാവിശേഷമുണ്ടെന്നു നമുക്കെല്ലാം ബോദ്ധ്യമുണ്ട്. ആ സ്ഥിതി മനസ്സിനുകൂടി അഗോചരവും അനിർവ്വചനീയവുമാകുന്നു. അതിനെത്തന്നെയാണ് മോക്ഷമെന്നും, നിർവ്വാണമെന്നും, കൈവല്യമെന്നും, സ്വർഗ്ഗമെന്നും പറഞ്ഞുവരുന്നതു. നമ്മുടെ പ്രയത്നം അതാകുന്നു. എല്ലാപ്രവൃത്തികളുടെ പരമോദ്ദേശ്യമായിരിക്കുന്നതും അതുതന്നെ.

ആ സ്ഥാനത്തെത്തുവാനുള്ള എളുപ്പവഴികളെ മതസ്ഥാപകന്മാർ ഉപദേശിച്ചിരിക്കുന്നു. അവർ മോക്ഷത്തെ സമ്പാദിപ്പാനുള്ള മാർഗ്ഗങ്ങളെ കണ്ടെത്തി ജനസമുദായത്തിന്റെ നന്മക്കായി അവയെ പ്രകാശിപ്പിച്ചു. അവർ ഉപദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളെ പ്രാപിച്ചിട്ടുള്ളവർക്കു മതതത്വങ്ങളെ പ്രത്യക്ഷമായി കാണ്മാൻ കഴിയും. അതല്ലാതെ ആദ്ധ്യാത്മികവിഷയം പുസ്തകവായനകൊണ്ടുമാത്രം ഗ്രഹിക്കത്തക്കതല്ല. അതു വാക്കിന്നും മനസ്സിന്നും അഗോചരവും സ്വാനുഭവംകൊണ്ടല്ലാതെ മറ്റുവഴിക്കും അറിവാൻ അശക്യമായിട്ടുള്ളതുമാണെന്നു എല്ലാ മതങ്ങളും ഉൽഘോഷിക്കുന്നു. മതഗ്രന്ഥങ്ങളെല്ലാം അദ്ധ്യാത്മതത്വത്തിന്റെ സൂക്ഷ്മമായ സാക്ഷാത്കാരത്തെ ഉണ്ടാക്കുവാനുതകുന്നവയാണെന്നേ ഉള്ളൂ.

ലൗകികോപയോഗത്തെമാത്രം ആലോചിക്കുന്ന കൂട്ടർ മതവി


ശ്വാസം നിസ്സാരവും ഉപേക്ഷണീയവുമാണെന്നു പറയുന്നുണ്ട്. എന്നാൽ അവരതും തങ്ങൾ, പാശ്ചാത്യരാജ്യങ്ങളിലുള്ള ആസ്തികന്മാരെ ഉദ്ധരിച്ചിടിക്കുന്നു. മറ്റുള്ളവർ, നമ്മുടെ തമ്മിൽ ആദ്ധ്യാത്മികമായ ബന്ധമില്ലാത്ത പക്ഷം നാം മറ്റുള്ളവർക്ക് ഉപദ്രവം ചെയ്യുന്നതെന്തിനു? സാമുദായികബന്ധം സാധ്യമല്ല. അതു മനോരാജ്യമാകുന്നു. ഇന്നത്തെ സമുദായസംഘടനവും നാളത്തേതും കൂടാതിരിക്കയായി കാണപ്പെടുന്നില്ല. സാമുദായികസുഖത്തിന്നുവേണ്ടിമാത്രം നല്ലതുചെയ്യണമെന്നു പറയുന്നതും ശരിയല്ല. ഏതുതരത്തിലുള്ള ആളുകളായാലും ജനങ്ങളെ കൂടി സമുദായത്തിൽ കൊണ്ടുനടക്കുന്നതു മതവിശ്വാസം ഒന്നുമാത്രമാണ്. ബുദ്ധിപ്രകാശത്തെ വർദ്ധിപ്പിക്കുന്നതും മതവിശ്വാസം ഒഴിച്ചുകൂടാത്തതാണ്. മതവിശ്വാസമില്ലാത്ത ആത്മാവിന്റെ ഉയർച്ചയും സുഖവും സമാധാനവും ഉണ്ടാകുന്നതല്ല. ആദ്ധ്യാത്മികവിഷയങ്ങളുടെ അനുഷ്ഠാനത്തിലുള്ള ആനന്ദം അതിനിരിക്കുന്നതല്ലാതെ ഇഹലോകസുഖത്തെ വെടിഞ്ഞു ആത്മജ്ഞാനത്തെ തേടുന്നവർ അനേകം മഹാത്മാക്കൾ സാക്ഷികളാകുന്നു.

മതവിശ്വാസം മനുഷ്യസമുദായത്തിന്നു വളരെ ഗുണങ്ങളെ ചെയ്യുന്നുണ്ടെങ്കിലും അതു ചിലപ്പോഴൊക്കെ വളരെ ദോഷങ്ങളെ ഉണ്ടാക്കുന്നു. അന്യമതക്കാരോടു ദ്വേഷം സഹിക്കുന്നതുകൊണ്ടുമാത്രം മതഭ്രാന്തിയെന്നു പറയുന്നതിനെ അധികം ഉചിതമായിരിക്കും. മതഭ്രാന്തന്മാരുടെ മതഭ്രാന്തി ലോകത്തിലുള്ള ഇന്ത്യാരാജ്യത്തിന്നു വരുത്തിയ അനർത്ഥങ്ങളെ ആലോചിച്ചാൽ തന്നെ മതഭ്രാന്തിയുടെ ദോഷം എത്രത്തോളം ആണെന്നറിയാവുന്നതാണ്. നാം ഒന്നിലധികം വിശ്വാസങ്ങൾ നിലനിൽക്കാത്ത നിഷ്പക്ഷപാതമായി മനസ്സോടെ ആലോചിക്കുന്നതായാൽ ഏതുമതത്തിൽനിന്നും അടിസ്ഥാനം ഒന്നാണെന്നറിവാൻ കഴിയും. അങ്ങിനെ നമ്മുടെ മതവിശ്വാസവും അഭിവൃദ്ധിപ്പെട്ട്, സഹോദര്യവും, സമാധാനവും, ഔദാര്യവും, സന്തോഷവും, അഭിവൃദ്ധികളോടുകൂടി ജീവിക്കുക.

പി. ഷിണ്ണു.

ധൂമകേതു

ചിത്രകാരന്മാർ കഴിഞ്ഞതിനെക്കുറിച്ചുമാത്രമേ ആലോചിക്കേണ്ടതായുള്ളൂ. നടക്കുന്നതിലും വരുവാൻപോകുന്നതിലും അവരുടെ ശ്രദ്ധ പ്രവേശിക്കുന്നതില്ല. എന്നാൽ ശാസ്ത്രജ്ഞന്മാരുടെ മേൽ ആലോചിക്കുന്നവർ ബ്രഹ്മാണ്ഡകടാഹത്തിന്റെ ഉള്ളിൽകടന്നു ചുഴിഞ്ഞു ഭൂതഭവിഷ്യദ്വർത്തമാനങ്ങളെ സൂക്ഷ്മമായും വ്യക്തമായും തെളിയിക്കേണ്ട ചുമതലയുള്ളവരാണ്. വരുവാൻപോകുന്ന സംഗതികളും അവർ നടക്കുന്നതുപോലെ കാണേണ്ടതാണ്. എന്നുമാത്രമല്ല വരുവാൻപോകുന്നതു ചിലപ്പോൾ കഴിഞ്ഞതിനേക്കാൾ വ്യക്തമായിട്ടും കാണപ്പെടും. കാര്യകാരണങ്ങളുടെ സൂക്ഷ്മജ്ഞാനമാകുന്നു അവരെ ഇതിനു ശക്തന്മാരാക്കിത്തീർക്കുന്നത്. സൂര്യൻ മുതലായ താരാഗണങ്ങൾ നശിക്കാതെ ലോകത്തിൽ ഇരിക്കുന്നു എന്നുതന്നെ വരട്ടെ. സൂര്യനക്ഷത്രാദികൾക്ക് അവയുടെ ഗതിക്ക് യാതൊരു വിഘ്നവും വരുന്നതല്ല. അവയെ അവലംബിച്ചു വരുവാൻപോകുന്ന ഗ്രഹണാദികളുടെ കാലനിയമനം ചെയ്യുന്ന ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കഴിഞ്ഞതും നടക്കുന്നതും വരുവാൻപോകുന്നതും കണ്ടുപിടിക്കുന്നു.



ഗണിതശാസ്ത്രത്തിൽ എപ്രകാരവും ഈ അഭിപ്രായത്തെ പ്രബലപ്പെടുത്തുന്നതാണ്. എന്നാൽ ധൂമകേതുചരിത്രത്തെപ്പോലെ അത്ര സ്പഷ്ടമായി ലക്ഷ്യം വേറെ ഒന്നുംതന്നെയില്ല. ഇതിനോളം പ്രമാണമായിട്ടും അറിഞ്ഞാൽ ഇത്ര കൃത്യമായിട്ടും ധൂമകേതുവിന്റെ ഗതിയെപ്പറ്റി ഗണിക്കാനിടയില്ലെന്നതു സുപ്രസിദ്ധമാണ്. ന്യൂട്ടൻ എന്ന പ്രസിദ്ധനായ ശാസ്ത്രജ്ഞൻ സൂര്യകുടുംബത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗോളങ്ങളുടെ പോക്കുവരവുകളും തിരിച്ചിലും മറിച്ചിലും നിയമപ്പെടുത്തുന്നതായ ഒരു ശക്തിവിശേഷം ഉള്ളതായി കണ്ടുപിടിച്ചു. അതിനെയാണ് ആകർഷണശക്തി എന്നു വിളിച്ചുവരുന്നത്. ഈ ശക്തി പരമാണുപര്യന്തം സകലദ്രവ്യങ്ങളിലും ഇരിക്കുന്നതാണ്. ഈ ശക്തിക്ക് അടിമപ്പെട്ടുകൊ

ണ്ടായിരുന്നതുമായ ധൂമകേതുക്കളെപ്പററി സംക്ഷേപിച്ചു പറയുന്നു. സൂര്യന്റെ ആകർ
ഷണശക്തി കൊണ്ടാണു സൂര്യകടാക്ഷത്തിൽപ്പെട്ട ഗോളങ്ങളുടെ ഗമന
മാർഗ്ഗം നിയമിക്കപ്പെട്ടിട്ടുള്ളത്. അപ്രകാരമുള്ള ഗമനമാർഗ്ഗങ്ങൾ പലവിധ
ത്തിലുള്ള ആകൃതികളിലും വരാവുന്നതാണ്. ചില ഗോളങ്ങൾ സൂര്യ
ന്റെ ചുററും വൃത്തത്തിൽ ചുററുന്നവയും, ചിലതു അണ്ഡാകൃതിയിൽ
സഞ്ചരിക്കുന്നവയും, മററു ചിലതു ഇതിനുകടിലന്റെ ആകൃതിയിൽ സ
ഞ്ചരിക്കുന്നവയും ആയിട്ടുണ്ട്. ധൂമകേതുവർഗ്ഗത്തിൽ ഈ മൂന്നു ആകൃതി
കളിലുമുള്ള ഗതി ചെയ്യുന്ന വകകളുണ്ട്. ചുരുക്കത്തിൽ പറയുന്നതാ
യാൽ വക്രങ്ങളെ മുകളിൽ കാണിച്ചിട്ടുള്ള വിധപ്രകാരത്തിൽ വെട്ടിയാലുണ്ടാ
കുന്ന വെട്ടുപാടിന്റെ ആകൃതിയിലെല്ലാം ധൂമകേതുക്കൾ സഞ്ചരിക്കുന്നു
ണ്ട്. ഈ ധൂമകേതുക്കളെല്ലാം സൂര്യനെ വളഞ്ഞു ചുററുന്നവയുമാണ്.
അണ്ഡാകൃതിയിലും കടിലന്റെ ആകൃതിയിലും സഞ്ചരിക്കുന്ന ധൂമകേതു
ക്കളിൽ നാലഞ്ചെണ്ണത്തിന്റെയും അതുകളുടെ മേലെയുള്ള ഗോളങ്ങളുടെയും
പ്രദക്ഷിണം വെക്കുന്നതിന്നു അണ്ഡകടാഹത്തിൽ അത്ര ദൂരം സഞ്ചരി
ക്കുന്നവയും ചിലതുണ്ട്.

ഇതുപ്രകാരം വിഷയം ഇരുനൂറിൽ ചില്വാനം ധൂമകേതുക്കളുടെ
ഗമനമാർഗ്ഗങ്ങൾ കണ്ടുകിട്ടീട്ടുണ്ട്. ഈ ധൂമകേതുക്കൾ മണിക്കൂറിൽ മൂന്നു
കോടിയിലധികം നാഴിക വരെ ഗതിവേഗത്തോടുകൂടിയവയും, ഒന്നു
തൽ എഴുപത്തഞ്ചു വരെ കൊല്ലങ്ങളുകൊണ്ടു സൂര്യനെ ഒരുവട്ടം ചുററി
മറിഞ്ഞു വരുന്നവയും ആകുന്നു.

ക്രിസ്ത്വബ്ദം ഒന്നപ്പത്തെട്ടിലും ഒന്നരയിലും കണ്ടതായി ചരിത്രങ്ങളിൽ
പ്രസ്താവിക്കപ്പെട്ട ഒരു ധൂമകേതുവിനോടു ഒന്നുപോലെ ഉദിച്ചുകണ്ട ധൂമ
കേതു പല വിധത്തിലും ഒത്തിരുന്നതായി ഹാലി എന്ന ഗണിതശാസ്ത്ര
ജ്ഞൻ ഓർമ്മിക്കുകയും തീരുമാനപ്പെടുത്തി. എന്നതിന്റെ ശേഷം ന്യൂട്ടൻ
ഹാലിയും കൂടിയാലോചിച്ചു കണക്കുകൂട്ടി ഈ ധൂമകേതു ൭൬ കൊല്ലം കഴി
ഞ്ഞോളം ഉദിക്കുമെന്നും, അണ്ഡാകൃതിയിൽ സഞ്ചരിക്കുന്നതാണെന്നും
മണിക്കൂറിൽ മൂന്നുകോടിയുലപ്പുറം നാഴിക അതിന്റെ ഗതിവേഗ
മെന്നും, അതിന്റെ ഗമനമാർഗ്ഗം ശനിയെക്കൂടി വിട്ടു അകലത്തുകൂടി
പ്പോകുന്നവയെന്നും തീർച്ചയാക്കിയിരിക്കുന്നു. അതു നമുക്കു ഉദിച്ചുകാണാ
റാകുമ്പോൾ അതിന്റെ ഗതി സൂര്യനോടു ഏററവും അടുത്തിട്ടാകയാൽ
സൂര്യൻ അസ്തമിച്ചതിന്റെ ശേഷമോ ഉദിക്കുന്നതിന്നുമുമ്പിലോ മാത്ര
മേ അതു പ്രത്യക്ഷമാവുകയുള്ളൂ. അതിന്റെ വാൽ മേല്പോട്ടും കിഴ

ട്ടാ നിൽക്കുന്നു എന്നതിന്റെ അവസ്ഥപോലെ ഹാലിയുടെ ധൂമകേതു ചന്ദ്രബിംബത്തിന്റെ നടുക്കു ഇരുന്ന പതിച്ചപോലെയും, ഒരു കൊടിക്കൂറ കെട്ടിത്തൂക്കിയതുപോലെയും കാണപ്പെടുന്നതാണ്. ഇതിനെ മാർച്ച് പ്രഭാതങ്ങ-ളിൽ എട്ടരമണിക്കും ഒമ്പതുമണിക്കും ഇടയിൽ ആകാശത്തിന്റെ മദ്ധ്യേയിൽ ആ ഉത്തരദിക്കിൽ കൂടി സ്പഷ്ടമായി കാണപ്പെടുന്നു. ഇനി മെയിമാസത്തിൽ ഈ ധൂമകേതുതന്നെ സൂര്യന്റെ പടിഞ്ഞാറുഭാഗത്തുനിന്നും വൈകുന്നേരത്തു കിഴക്കുതന്നെ പ്രത്യക്ഷമായിവരുന്നതാണ്.

ഈ ധൂമകേതുവിൽ കാണപ്പെടുന്ന വസ്തുക്കൾ എന്തെല്ലാമാണെന്നു തീർച്ചപ്പെടുത്തീട്ടില്ല. എന്നാൽ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ മുന്നിലൊന്നുകൊണ്ടു വ്യാപിക്കത്തക്ക നീളമുള്ള അതിന്റെ വാൽ "സയനൊജൻ" എന്ന വിഷവായുമയമാണ്. ഇതിനാൽത്തന്നെ 'ഹാലിയുടെ ധൂമകേതു' ഉദിച്ചിട്ടുള്ളതു പ്രളയകാലത്തിലാണോ. ഇതാണ ഈ ധൂമകേതുവിന്റെ വാൽ ഈ വർഷം ഭൂമിക്കു തൊടുമോ എന്നു തീർച്ചപ്പെടുത്തുവാൻ ഇതുനിമിത്തം വിഷവായുസംസർഗ്ഗംകൊണ്ടു പല നാശങ്ങളും വന്നുവാനിടയുണ്ട്. ഭൂമിയുടെയും ധൂമകേതുവിന്റെയും ഗമനമാർഗ്ഗങ്ങൾ ഇടയുന്ന ദിക്കിൽവെച്ചു ധൂമകേതുവും ഭൂമിയും തമ്മിൽ കൂട്ടിമുട്ടുന്നപക്ഷം ഭൂമി നശിച്ചു വെണ്ണീറായി എന്നുകൂടി വന്നേക്കാം. അതുകൊണ്ടു ആകാശത്തിലുള്ള പല ഗോളങ്ങളും ഭൂഗോളങ്ങളെക്കാൾ വലുതുകളായിരിച്ചു കൊണ്ടിരുന്നു ഇപ്പോഴും ഇവ സഞ്ചരിക്കുന്നു. നമ്മളും ആ കൂട്ടത്തിലകപ്പെടാത്തതാൽ ഭാഗ്യം.

ആർ. വി.

മലയാളത്തിലെ ജാതിനിർണ്ണയം

(൫)

ഈ വിഷയത്തെപ്പറ്റി ശരിയായും പൂർണ്ണമായും ഉള്ള വിവരങ്ങൾ അടങ്ങിയ ചരിത്രഗ്രന്ഥങ്ങൾ ഇല്ല എന്നുതന്നെ പറയാം. വല്ലതും ഉണ്ടായിരുന്നാൽ തന്നെയും അവകളിൽ കാണുന്ന വ്യത്യാസങ്ങളെക്കൊണ്ടും പൂർവ്വാപരവിരോധങ്ങളെക്കൊണ്ടും അവകളെ വിശ്വസിപ്പാൻ പാടില്ലാതെയും ആയിരിക്കുന്നു. പ്രസ്തുതവിഷയം അതാതുകാലങ്ങളിൽ മാത്രം ഓരോ മഹാന്മാരുടെ ശ്രദ്ധയെ വിശേഷിപ്പിക്കുവാൻ ഇടവന്നിട്ടുള്ളതിനാൽ അവരുടെ അദ്ധ്വാനത്തിന്റെ ഫലമായ ഓരോ ഗ്രന്ഥ

ങ്ങളാകുന്ന ഇതിനെപ്പററി പ്രതിപാദിക്കുന്ന രേഖകൾ, ഇതുകൾ ശ ങ്കരാനപത്രങ്ങൾ, മുദ്രികകൾ, ഗ്രന്ഥക്കെട്ടുകൾ, അപൂർവ്വ ചില ചരിത്രങ്ങൾ എന്നിവയൊക്കെ പ്രവേശിപ്പിച്ചിരിക്കുന്നത്, വിശേഷമായി പഴയ രേഖകൾ ഇല്ലാത്തതിനാൽ, പിന്നെ വല്ല വാദ്ധതിപത്രങ്ങളോ സംഗതിവശാലോ പൊട്ടിയോ കയ്യിൽകിട്ടിയാൽ താരതമ്യേന അതിൽനിന്നെല്ലാം സാരവത്തായും ആവശ്യമായും ഉള്ള കേട്ടുകൾ തെളിയിക്കുന്നതുപോലെ, ഞൾപാദത്തിലുള്ള പൂർവ്വാചാരങ്ങളെപ്പറ്റിയുള്ള രേഖകളിൽനിന്നും പരമ്പരയാ പറഞ്ഞുവരുന്ന ഇതിഹാസങ്ങളിൽനിന്നും യുക്തിയുക്ത സഹായത്താൽ ഊഹിക്കപ്പെടുന്ന വല്ലതും പറയുവാനേ തരമുള്ളൂ. ഓരോ ജാതിക്കാരുടെയും അവരവരുടെ ഉത്ഭവത്തെയും ആചാരങ്ങളേയും അന്വേഷിച്ചറിഞ്ഞ് ഒരു ശാസ്ത്രം എഴുതുന്നതിന്നു ശാസ്ത്രങ്ങളിൽനിന്നും ചെയ്യേണ്ടുന്ന എളുപ്പവഴി ദുസ്സാദ്ധ്യമായിട്ടുള്ളതാകുന്നു ഈ സന്ദർഭത്തിൽ പ്രസ്താവിക്കാതെ ഇരിപ്പാൻ നിവൃത്തിയില്ല.

പൂർവ്വികന്മാരുടെ ഉല്പത്തി

ബ്രിട്ടീഷുമലബാർ, കൊച്ചി, തിരുവിതാംകൂർ ഈ മൂന്നുരാജ്യങ്ങളുമാണല്ലോ ഇപ്പോൾ മലയാളമായി കല്പിച്ചിരിക്കുന്നത്. മലയാളത്തിലെ പൂർവ്വികന്മാരുടെ എന്നതിനേക്കാൾ മലയാളത്തിന്റെ തന്നെ ഉല്പത്തി വളരെ തർക്കപ്പെട്ട ഒരു സംഗതിയാണ്. എന്നാൽ ക്രിസ്ത്വബ്ദത്തിന്നു മുന്നെ ശ്രീപരശുരാമൻ എന്ന ഒരാൾ ഉത്തരഇന്ത്യയിൽനിന്നു എത്രയോ ബ്രാഹ്മണരെ മലയാളത്തിൽ കൊണ്ടുവന്നു കുടിയേറിപ്പാർപ്പിച്ചതായി വല്ലതും ചരിത്രകാരന്മാർ യുക്തികൊണ്ടു സ്ഥാപിച്ചിട്ടുള്ളതും, അതിനെ ഇന്നും ഒട്ടും ഭേദം എല്ലാവരും വിശ്വസിച്ചുവരുന്നതും ആകുന്നു.

ബ്രാഹ്മണരുടെ ഉല്പത്തിയെപ്പറ്റി ഭിന്നാഭിപ്രായങ്ങൾ ഇല്ലായ്മ്പോ കേരളത്തിലെ ആദ്യനിവാസികൾ ആരെന്നുള്ള സംഗതി ഇപ്പോഴ് സംശയസ്ഥാനത്തിൽ തന്നെ ഇരിക്കുന്നു. "ആര്യബ്രാഹ്മണരായ നമ്പൂതിരിമാർ കേരളത്തിൽ കുടിയേറിപ്പാർക്കുന്നതിന്നുമുമ്പ് ഇവിടെ നായന്മാരായിരുന്നു സ്ഥിരവാസികൾ" എന്നു ചില പുതിയ ചരിത്രകാരന്മാരാൽ യുക്തിപൂർവ്വം സ്ഥാപിച്ചുവരുന്നുണ്ടെങ്കിലും, മേൽപറഞ്ഞപ്രകാരം ബ്രാഹ്മണരെക്കൊണ്ടുവന്നു പാർപ്പിച്ചതിന്നുശേഷം ശ്രീപരശുരാമൻ പരദേശത്തുനിന്നു പലവകയിലുള്ള ശൂദ്രരെക്കൊണ്ടുവന്നു അവരെ കേര

ത്തിൽ നിവസിപ്പിച്ചതായിട്ടാണ കേരളത്തിലെ ഒരു പൂൎവ്വചരിത്രമെന്നു വിചാരിച്ചുവരുന്ന കേരളോല്പത്തിയിൽ നിന്നു അറിയുന്നതു. ഈ സംശയനിവൃത്തിക്കുതകുന്ന കാൎയ്യങ്ങൾ ഇപ്പോൾ മാത്രം അതു കല്പിച്ചവകാരത ആൎയ്യബ്രാഹ്മണരായ നമ്പൂതിരിമാരുടെ പ്രവേശാനന്തരം ആവളെയും നാം ഇപ്പോൾ ദൃഷ്ടാന്തത്തിൽ കണ്ടുവരുന്ന അസംഖ്യം ജാതിമതസമ്പ്രദായങ്ങളും അവരുടെ സ്ഥിതിയേയും നടവടികളേയും ഒരുമാതിരിയിൽ പ്രത്യേകം അന്വേഷിച്ചുപോരുന്ന ചില ആചാരങ്ങളെപ്പറ്റിമാത്രം ഇവിടെ സംഗ്രഹിച്ചു പ്രസ്താവിക്കുന്നതാകുന്നു.

ശ്രീ ശ ങ്ക രാ ചാ ൎയ്യ ർ

കേരളത്തിലെ ജാതിവിഭാഗത്തെപ്പറ്റി പൎയ്യാലോചിക്കുമ്പോൾ ആദ്യമായി ശ്രീപരശുരാമനേയും, പിന്നെ മഹായോഗിയായ ശ്രീശങ്കരാചാൎയ്യരേയും നേരെയാണു നമ്മുടെ ദൃഷ്ടി ചെല്ലുന്നതു. ഇതിൽ ആദ്യത്തെ ആൾ, ഹിന്തുക്കൾ കേരളഭൂമിയിൽ പ്രവേശിക്കുന്നതിനു മുമ്പ് അനുസരിച്ചുവന്നിരുന്ന ചാതുൎവ്വൎണ്ണ്യങ്ങളെ (അതായതു ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ) വേർപ്പെടുത്താതെ ആചരിപ്പിച്ചിട്ടുള്ളതുകൊണ്ടും, രണ്ടാമത്തെ ആൾ അവരുടെ ജാതിമതങ്ങളെ കുറിച്ചുള്ള പരിഷ്കരിച്ചു വ്യവസ്ഥപ്പെടുത്തി ചില നിബന്ധനകൾ ഉണ്ടാക്കിത്തീൎത്തിട്ടുള്ളതുകൊണ്ടും, ആ നിയമങ്ങളേയും നിബന്ധനകളേയും ഇന്നും നിശ്ശേഷം ബഹുമാനപൂൎവ്വം സ്വീകരിച്ചുപോരുന്നതുകൊണ്ടും ഇരുവരും നമ്മുടെ മതപരിഷ്കാരികളായി ഗണിക്കപ്പെട്ടിരിക്കുന്നു.

ശങ്കരാചാൎയ്യരുടെ ജനനം ക്രിസ്ത്വബ്ദം ൮൦൦-ാമാണ്ടിന്നു സമീപിച്ചാണ്. "ഇദ്ദേഹം സകലവിദ്യകളും ഗ്രഹിച്ചു പ്രസിദ്ധനായി സൎവ്വജ്ഞപീഠം കയറിയതിന്റെശേഷം കേരളഭൂമിയിലെ അവസ്ഥ ഒക്കെയും ഗ്രഹിച്ചു സ്ഥാപിച്ചുവെച്ചു. ശ്രീപരശുരാമനാൽ നിശ്ചയിക്കപ്പെട്ട ൬൪ ഗ്രാമക്കാൎക്കും വഴിയായി നടക്കേണ്ടുന്ന ആചാരവും, നീതിയും, നിലയും, കൎമ്മങ്ങളും, ശുദ്ധാശുദ്ധവും, സ്നാനക്രമവും, ഭക്ഷണക്രമവും, വിഴുപ്പും, തീണ്ടലും, കുളിയും, കുളിപ്പാനുള്ളതിന്റെ ക്രമവും, കലാപങ്ങൾക്കു പരിഹാരവും, അവരവൎക്കോരോ പ്രവൃത്തികളും ആചാരങ്ങളും അതതുകാലത്തിന്നു തക്കവണ്ണം കല്പിക്കയും ചെയ്തു. നാലു ചുറ്റുംകൊണ്ടു പ്രവൃത്തികളാക്കി അതുകൊണ്ടു നാലു കഴകങ്ങളെന്നും ൬൪ അനാചാരം കല്പിച്ചു." ഇദ്ദേഹത്തിന്നുശേഷം ഇദ്ദേഹത്തിന്റെ നിയമങ്ങളെ ഭേദപ്പെടുത്താൻതക്കവണ്ണം യോഗ്യതയുള്ള ആരും ഉണ്ടായിട്ടില്ലാത്തതിനാൽ ഈ നിയമങ്ങളെ

ഇന്നും എഴുതേണ്ടതായ ക്ഷേത്രപ്രമാണങ്ങളും. കേരളീയരുടെ ജാതിവ്യത്യാസം മുതലായതിനെപ്പറ്റി അവരുടെ ഗ്രന്ഥങ്ങളിൽ എങ്ങനെ നിരൂപണം ചെയ്തിട്ടുള്ളതു എന്നും.

പരിശിഷ്ടം

കേരളത്തിൽ ഇപ്പോഴുള്ള പലമതക്കാരെയും ഇനി പ്രത്യേകപ്രത്യേകം പരിശോധനചെയ്യും. ഇംഗ്ലീഷ്സാമ്രാജ്യത്തിലൊട്ടുക്കുള്ളതുപോലെ തന്നെ കേരളത്തിലും അധികപങ്കും ഹിന്തുക്കളും, അവർതന്നെ ആദ്യനിവാസികളെന്നു വിചാരിക്കപ്പെട്ടുപോരുന്നവരും ആകയാൽ ഹിന്തുമതം സ്വീകരിച്ചുവരുന്ന വിവിധജാതിക്കാരെയും അവരുടെ അന്യോന്യസംബന്ധത്തെയും പറ്റി ഒന്നാമതായി പ്രസ്താവിക്കാം.

(തുടരും)

വീസ്സർ കടലായി കഞ്ഞിക്കൃഷ്ണൻനമ്പൂതിരിപ്പാട്.

ഗ്രന്ഥനിരൂപണം

൧. ചന്ദ്രശേഖരൻ

കഷ്ടിച്ചു നാലക്ഷരം കൂട്ടിയെഴുതുവാൻ വശമാവുമ്പോഴേക്ക എന്തെങ്കിലും ഒരു "നോവൽ" എഴുതിയില്ലെങ്കിൽ അവസ്ഥക്കുതിയില്ലെന്നു വിചാരിക്കുന്ന ചെറുപ്പക്കാരുടെ എണ്ണം ഇക്കാലത്തു കുറച്ചൊന്നുമല്ല. മലയാളഭാഷയുടെ ഗ്രന്ഥദാരിദ്ര്യം തീർക്കുവാനായി ആരംഭിക്കുന്ന വിദ്വാന്മാർ ചെയ്യുന്ന പരിശ്രമം പലപ്പോഴും ഗുണത്തെക്കാളധികം ദോഷത്തെ ഉണ്ടാക്കുന്നതായിട്ടാണ കാണുന്നതു. ഒരു നോവലെഴുത്തുകാരൻ എത്രമാത്രം ലോകജ്ഞാനം വിദ്യാസമ്പന്നനായിരിക്കണമെന്ന ആരും അറിയുന്നതേയില്ല. അങ്ങിനെയുള്ള "നോവലുക"ളുടെ ഉൽപത്തി മലയാളഭാഷയുടെ അഭിവൃദ്ധിയെ തടഞ്ഞുനിർത്തുന്നു എന്നുതന്നെ പറയുവാൻ പ്രയാസമാണ്. ഈ സ്ഥിതിക്ക വല്ല "ചീന"വിനോദം "ചിത്രവലി"യോ നിർമ്മിക്കാതെ 'ചന്ദ്രശേഖരൻ' എന്ന ഉൽകൃഷ്ടമായ വൽഗ്രന്ഥത്തെ മലയാളത്തിലേക്ക തർജ്ജമചെയ്യുവാൻപുറപ്പെട്ട മ. രാ. രാ. ചെലപ്പുറത്തു നാരായണനമ്പി അവർകളെ ഞങ്ങൾ ഒന്നാമതായി അഭിനന്ദിക്കുന്നു.

"ചന്ദ്രശേഖര"ന്റെ കർത്താവു ബെങ്കാളിഭാഷാസാഹിത്യത്തിലെ

ഏറ്റവും പ്രസിദ്ധപ്പെട്ടവനായ ബങ്കിമചന്ദ്രചാറ്റർജി എന്ന വംഗീയനാകുന്നു. ദേവേന്ദ്രചന്ദ്രമല്ലിക് ബി. എ., ബി. എൽ എന്നാൾ ഇതിനെ ബംഗാളിയിൽനിന്ന ഇംഗ്ലീഷിലേക്ക പരിഭാഷപ്പെടുത്തി. ആ ഇംഗ്ലീഷു തർജ്ജമയെ ആണ് ഇപ്പോൾ മലയാളത്തിലേക്ക പകർത്തിയിരിക്കുന്നതു. ഇങ്ങിനെ രണ്ടു തർജ്ജമ കഴിഞ്ഞപ്പോഴേക്ക മൂലഗ്രന്ഥത്തിലെ ഭാവാർത്ഥങ്ങൾക്ക എന്തെല്ലാം ഉടവുകൾ തട്ടീട്ടുണ്ടെന്ന പറയുവാൻ ഞങ്ങൾക്ക സാധിച്ചിട്ടില്ല. എന്നാൽ രണ്ടും ചേർത്തുനോക്കുന്നതിൽ ഇവരണ്ടിലും സ്പഷ്ടമായ യാതൊരു വൈരൂപ്യവും കിട്ടാനില്ലെന്ന തീർച്ചതന്നെ. എങ്കിലും കഥയുടെ സൌന്ദര്യത്തിന്ന തകരാറ തട്ടിക്കാണാനില്ലെന്നുള്ളതു മൂലഗ്രന്ഥത്തിലെ സ്വാരസ്യാതിശയത്തിന്ന ദൃഷ്ടാന്തമാകുന്നു.

ചാറ്റർജിയുടെ നോവലുകൾ പ്രായേണ എന്തെങ്കിലും ഒരു ചരിത്രസംഗതിയെ അടിസ്ഥാനപ്പെടുത്തി എഴുതിയവയായിരിക്കും. നായികാനായകാപരിവൃത്തമായ കഥയെ ആരംഭിക്കുന്നതു എന്തെങ്കിലും ഒരു ചരിത്രത്തെ ലക്ഷ്യപ്പെടുത്തീട്ടാണെങ്കിൽ, അതിൽനിന്ന സാമാന്യമായി കിട്ടാവുന്ന സദാചാരപാഠത്തിന്നും ലോകപരിചയത്തിന്നും അനുകൂലമായ രസത്തിന്നും പുറമെ ചരിത്രജ്ഞാനംകൂടി സിദ്ധിക്കുന്നതാകുന്നു. കനകത്തിന്ന പരിമളംകൂടിയുണ്ടായാലുള്ളതുപോലെ ചരിത്രശകലങ്ങളുടെ സമ്പർക്കം ആഖ്യായികകളെ മോടിപ്പെടുത്തും. 'നോവൽ' വർഗ്ഗത്തിൽപെട്ട ഗ്രന്ഥങ്ങളുടെ അനേകം വിഭാഗങ്ങളിൽ ഇതു ഒന്നാകുന്നു. ഈ വിധത്തിലുള്ള നോവലുകളെ ചരിത്രകഥകൾ (ഹിസ്റ്റാറിക്കൽ നോവൽസ്) എന്ന പറയുന്നു. ചാറ്റർജിയുടെ ചരിത്രകഥകളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു ചന്ദ്രശേഖരൻ. ഇതിലെ നായകനായ ചന്ദ്രശേഖരൻ സംസ്കൃതത്തിൽ അപാരമായ വൈദുഷ്യമുള്ള ഒരു വിദ്വാനാകുന്നു. നായികയായ ശൈവലിനിയെ ലോകാതിശായിനിയായ സുന്ദരിയാണെന്ന വേണം പറയുവാൻ. രസികരും ശ്രേഷ്ഠന്മാരുമായിരുന്ന പ്രതാപനിൽ അനുരാഗിണിയായ ആ പെൺകുട്ടിയെ സദാ ഗ്രന്ഥപാരായണതല്പരനായ ആ അരസികന്ന വിവാഹം കഴിച്ചുകൊടുത്തു. അതിനാൽ അവൾക്കു ഭർത്താവിന്നും കഠിനമായ പല കഷ്ടപ്പാടുകളും അനുഭവിക്കേണ്ടിവന്നു. ചന്ദ്രശേഖരൻ താൻ കുട്ടിക്കാലംമുതൽ പ്രാണനെക്കാളധികം ലാളിച്ചുവന്നിരുന്ന ഗ്രന്ഥങ്ങളെ പ്രത്യക്ഷത്തിൽ ദഹിപ്പിച്ചുകളയുന്നതിനെ സംഭവംകൂടി നേരിട്ടു. ശൈവലിനിയുടെ പാതിവ്രത്യത്തിലും ശങ്കിപ്പാനിടവന്നു. ഈ കഥ മലയാളത്തിലായിരുന്ന നടന്നതെങ്കിൽ അസംഖ്യം ജനങ്ങളെ

ഒരു അടിമയായി ഇസ്ലാമതാചാരപ്രകാരം ഒരു സ്വതന്ത്രജീവിതം നയിക്കു വാൻ വകയുണ്ടായിരുന്നു. പക്ഷെ പാതിവ്രത്യത്തെ പഠിപ്പിച്ചു തിരിച്ചറിയാവുന്നവർ പരമാളുകളായിരുന്നതിനാൽ ശൈവലിനിയുടെ സതീത്വത്തിന്നു ഒടുവിൽ വിജയം ലഭിച്ചു. എന്നാൽ അനന്യരൂപനായ ചന്ദ്രശേഖരനെ ശൈവലിനി ബഹുമാനിക്കുകയും തൃപ്തിപ്പെടുകയും ചെയ്തിരുന്നു. യുവതീയുവാക്കന്മാരെ തമ്മിലുള്ള അനുരാഗം അനുരൂപമായ വിധത്തിൽ മാത്രമേ ആവാൻ പാടുള്ളു എന്നില്ലാത്തതിനാൽ ഇങ്ങനെയെല്ലാം വന്നുകൂടുന്നതിൽ അത്ഭുതമില്ല. എന്നാൽ ശൈവലിനിയെ അവളുടെ പ്രേമഭാജനമായ പ്രതാപനെത്തന്നെ കൊടുക്കേണ്ടിയിരുന്നില്ലേ? ശരിയല്ല; പാടില്ല; അവർ തമ്മിൽ ബന്ധുക്കളായിരുന്നു. അതറിയാതെ ഒരു സാധുപ്പെണ്ണു പ്രതാപനിൽ കുട്ടിക്കാലത്തുതന്നെ ഭ്രമിച്ചുപോയതാണ്. അനുരാഗത്തിനും പാതിവ്രത്യത്തിനും അപാരമായ ശക്തിയുണ്ടായിരുന്ന ഒരു കാലത്താണ് കഥ നടന്നിട്ടുള്ളത്. അക്കാലത്തു ബങ്കാൾ, ബിഹാർ, ഒറീസ്സാ എന്നീ രാജ്യങ്ങളുടെ അധിപതിയായി അലിജാഹ് മീർകാസിം ആയിരുന്ന നവാബിന്റെ സ്വാതന്ത്ര്യത്തിനു ഭംഗം വന്നിരുന്നില്ല. അദ്ദേഹം ബങ്കാളിലെ ഒടുവിലത്തെ അധിപതിയായിരുന്നു. അന്നു മഹമ്മദീയരുടെ സാമ്രാജ്യത്തിന്നു വിച്ഛേദം വന്നുകഴിഞ്ഞിരുന്നില്ലെങ്കിലും ഇംഗ്ലീഷുകാരുടെ ശക്തി നാട്ടിലെങ്ങും വ്യാപിച്ചുതുടങ്ങിയിരുന്നു. മഹമ്മദീയരുടെ സാമ്രാജ്യം ചിതറിക്കിടക്കുന്നതു കണ്ടപ്പോൾ, "കമ്പനി" സ്ഥാപിച്ചിരുന്ന ഇംഗ്ലീഷുകാർ ആധിപത്യത്തിനായി ഉത്സാഹിച്ചുകൊണ്ടിരുന്നു. അതിനാൽ അനേകം ലഹളകളും, പല വലിയ യുദ്ധങ്ങളും ഉണ്ടായിട്ടുണ്ട്. നവാബിന്റെ പ്രഞ്ചസൈന്യമായ പട്ടാളത്തിൽ ചില കൃതഘ്നന്മാരുടെ ചതിപ്രയോഗങ്ങളാൽ പരാജയം സംഭവിച്ചുപോകയും അതിന്റെ വാസ്തവം അറിഞ്ഞപ്പോൾ നവാബ് മഹാദുഃഖത്തോടെ രാജസിംഹാസനത്തിൽനിന്നിറങ്ങുകയും ചെയ്തു. അതിനുശേഷം നവാബ് എന്ന സ്ഥാനപ്പേരോടുകൂടി ആരും ബങ്കാൾ രാജ്യഭാരം ചെയ്തിട്ടില്ല.

ചന്ദ്രശേഖരനിലെ കഥയേയും, അതിൽ അവിടവിടെയായി ഒളിച്ചുകിടക്കുന്ന ചരിത്രശകലങ്ങളേയും കുറിച്ചു വായനക്കാർക്ക് ഒരു സാമാന്യജ്ഞാനം ലഭിക്കുവാൻ മാത്രമായിട്ടാണ് ഇത്രയും പ്രസ്താവിച്ചത്. ഇനി, ബങ്കിംചന്ദ്രന്റെ കാദംബരികളെപ്പററി നോക്കുമ്പോൾ ഒരു തർജ്ജമക്കാരന്റെ വശത്തായുള്ള ഗുണങ്ങളിൽ പലതും ചന്ദ്രശേഖരനു ചേർന്നതാണെന്നാണ് ഞങ്ങളുടെ അഭിപ്രായം. "ലൈഫ് ഓഫ് ബി പോയിൽ"

എന്നതിനെ "അവിടെക്കിടക്കുന്നു ഇതാ" എന്നും, "ഇണെട് മി പ്രസി ഡെൻസി" എന്നതിനെ "അഗ്രാസനത്തിന്റെ കീഴിൽ" എന്നും ഇക്കാലത്തു സർവ്വകലാശാലാപരീക്ഷകളിലും മലയാളികൾകൂടി തർജ്ജമ ചെയ്യുന്നതോർക്കുമ്പോൾ, "ഇംഗ്ലീഷിന്റെ ഗന്ധംപോലുമില്ലാത്ത സ്ഥിതിക്ക അന്യസഹായംകൂടാതെ സ്വപ്രയത്നത്താൽമാത്രം......ഇംഗ്ലീഷിൽ വൈദഗ്ദ്ധ്യത്തെ ചുരുക്കംകാലത്തിനുള്ളിൽ സമ്പാദിച്ചു" കേട്ടതാണ് ഇതിന്റെ തർജ്ജമക്കാരനെന്നുവന്നാൽ ആരും അത്ഭുതത്തെ പ്രാപിക്കാതിരിക്കയില്ല. പുസ്തകത്തിനു വില ഒരുറുപ്പികയാകുന്നു. താഴെകാണിക്കുന്ന മേൽവിലാസങ്ങളിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതുമാണ്:—

സചരശിരാപ്പ്കാരണർ

കോഴിക്കോട്.

---

൨. ഭാഷാശിക്ഷാപുസ്തകവും ശ്രീകൃഷ്ണവിലാസവും.

ഇതുകൾ രണ്ടു പാഠപ്പുസ്തകങ്ങളാണ്. ഒന്നാമത്തേതു സംസ്കൃതത്തിലെ ഉണ്ടായ അഷ്ടാംഗഹൃദയത്തിന്റെ മലയാളത്തിലെ ഗദ്യപരിഭാഷക്കൊപ്പം രണ്ടാമത്തേതു ശ്രീകൃഷ്ണസ്തുതിരൂപവുമായിട്ടുള്ള പ്രതിപാദ്യമായിട്ടുള്ള നല്ല പദ്യങ്ങളാണ്. എന്നാൽ കവിതാവാസനകാണുന്നവരും കാവ്യങ്ങളാക്കിത്തീർക്കാൻ പുറപ്പെടുന്നതിനെ വിട്ടു മാറിവല്ലതിലും പ്രവേശിക്കുന്നതായാൽ അവനവന്നും നാട്ടിന്നും നന്മയുണ്ടാകുമായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. ഈ പുസ്തകത്തിന്റെ പ്രണേതാവായ കെ. പി. രാമൻനായരവർകളുടെ ഒന്നാമത്തെതായ ഈ ഉദ്യമം അഭിനന്ദിക്കപ്പെടേണ്ടതാണ്.

പലവക

അഭിപ്രായത്തിന്നായി അയക്കപ്പെട്ട 'ഇന്ദുലേഖ നോവൽ' എന്ന പുതിയ നോവൽ ഇതുവരെയും പൂർണ്ണം ആകപ്പാറിയായിരിക്കുന്നു. അഭിപ്രായം പിന്നെ.

***   ***   ***   ***

വല്ലപ്പുഴ നെയ്ത്തുശാലയിൽ നല്ലനല്ല പാവുതരങ്ങൾ നെയ്തുതീർത്തിട്ടുള്ളതായി ചെല്ലിപിടങ്ങളിൽനിന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഈ വ്യവസായം എല്ലാവിധത്തിലും അഭിവൃദ്ധിയായിവരട്ടെ.

*   *   *   *

ഇന്ത്യൻ സിവിൽ സർവ്വീസ്സ് പരീക്ഷയ്ക്കു സംസ്കൃതം, അറബിക് എന്നീ ഭാഷകൾക്കുള്ള മാർക്ക് കൂട്ടിക്കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു. ഇതിൽ വിദ്യാർത്ഥികൾക്കും ഭാഷാഭിജ്ഞന്മാർക്കും വലുതായ ചാരിതാർത്ഥ്യത്തിനിടയുണ്ട്.

* * * *

ശവശരീരം ദഹിപ്പിക്കുന്ന സമ്പ്രദായം ഈയിടയിൽ പാശ്ചാത്യന്മാരുടെ ഇടയിൽ പ്രബലപ്പെട്ടുവരികയാകുന്നു. കഴിഞ്ഞ കൊല്ലത്തിൽ ഇംഗ്ലണ്ടിൽ ആയിരത്തോളം ശവശരീരങ്ങൾ ദഹിപ്പിക്കപ്പെട്ടിരിക്കുന്നു. ഫ്രാൻസ്, ജർമ്മനി മുതലായ രാജ്യങ്ങളിലും ഈ നടപടി ക്രമത്തിൽ വർദ്ധിച്ചുവരുന്നു.

* * * *

തിയോസഫിസംഘക്കാരുടെ ഒരു സമ്മേളനം കഴിഞ്ഞ മാർച്ചുമാസത്തിൽ കോഴിക്കോട്ടുവെച്ച് നടന്നിരിക്കുന്നു. ഇതിൽ പല യോഗ്യന്മാരും ഹാജരുണ്ടായിരുന്നു. മതസംബന്ധികളായ പല വിഷയങ്ങളെപ്പറ്റിയും ഉപന്യാസങ്ങൾ വായിക്കപ്പെട്ടു. എല്ലാ മതങ്ങൾക്കും സഹോദരഭാവത്തെ ഉണ്ടാക്കുവാൻ മേല്പറഞ്ഞ സംഘക്കാർ സർവ്വദാ ശ്രമിക്കുന്നു.

* * * * * * * * * * * *

പ്രാചീനമാണവകശിക്ഷാ

യേ നാമാദ്യതനാ മാണവകാ ഭവന്തി ത ഏവ ശ്വഃ ... ഭവിഷ്യന്തീതി നേദം ന വിദിതം കസ്യാപി । രാജ്യക്ഷേമം കില ... ഭാവസ്വാതന്ത്ര്യമപി ബഹൂനാം പ്രത്യക്ഷീഭൂതമേവാസ്മാകം । സുശിക്ഷിതാ ഉത്സാഹിനശ്ച യത്ര ഭവന്തി നാഗരികാസ്തദിദം രാജ്യം സർവ്വഥാപി കുശലമയം ഭവതി । ന തത്ര കേഷാമപി ദാരിദ്ര്യസംസ്പർശോഽപി സമുപജായതേ । തദേതസ്യ വാസ്തവാംശസ്യ സകലവിദിതസ്യാപി സകലജനാനാം । അതഃ സമ്പ്രത്യപി ദേശക്ഷേമാഭിലാഷുകൈർമ്മാണവകശിക്ഷായാമാവശ്യമാദേയഃ ശ്രദ്ധാതിശയ ഇത്യത്ര നാസ്തി വിവാദാവകാശഃ ।

ബാല്യ ഏവ സദ്ഗുണപരമ്പരാണാം ശിക്ഷാങ്കുരാഃ കാലേന വിന്ദന്തി ഫലപ്രാപ്തിം ... കർത്തവ്യകർമ്മസ്വപരാങ്മുഖാ ... പ്രയത്നനീയാ ശിക്ഷാ ... । അസ്മാകം പൂർവ്വപുരുഷാണാം മാണവകശിക്ഷായാം ...

യാം ച കിയദത്രം പ്രയാസമവലംബതേ സ്മ । വേദതത്ത്വ[illegible] പരി ശീലിത ഏവ യഥാവദ്[illegible] ആസന്നിതി । തത്രൈവ കില സംക്ഷിപ്തം പ്രാചീ [illegible] സർവ്വസം । സംപ്രതി പുനഃ കാലക്രമേണ [illegible] പ്രാചീനേഷ്വപി ഗ്രന്ഥരത്നേഷു സൂചകമാത്രമാസീദിതി സർവ്വഥാ ധി [illegible] । കിമന്യത് [illegible] യാഃ । ഏവം കില സംവൃത്തമാസീത് । പ്രസംഗോ [illegible] । വയന്തു പ്രകൃതമേവാനുസരാമഃ പ്രാചാം മാണവകശിക്ഷാമധി[illegible] പ്രതിബോധ[illegible]മാപനീയതേതി വചനാനി । താനി കാനി [illegible] [illegible] സമുപഹ്രിയന്തേ ।

ഇദം കിലാമ്നായതേ തൈത്തിരീയോപനിഷദി । സംവൃത്തേ വേദാധ്യയനേ മാണവകമാചാര്യഃ സമനുശാസ്തീദം । സത്യമേവ വക്തവ്യം । [illegible] । ധർമ്മപരായണേന ഭവിതവ്യം । സ്വാധ്യായേ സർവ്വദാ ജാഗരൂകേണ ച ഭാവ്യം । പിതരൗ ദേവ[illegible] ആചാര്യാതിഥിരപി ദേവതുല്യം പൂജനീയാഃ । യാന്യനവദ്യാനി കർമ്മാണി താനി തൈരപി പരിശീലനീയാനി । ന കദാപീതരാണി । [illegible] കദാചിത് സന്ദേഹാത് [illegible] ധർമ്മവിചികിത്സാ സമുത്പദ്യേത് [illegible] തദാ ന സ്വപ്രതിഭാപ്രമാണേന [illegible] । യേ നാമ സമാലോചനകുശലാഃ [illegible] ബ്രാഹ്മണാ [illegible] വർത്തേരൻ തഥാ [illegible] വർത്തിതവ്യം । [illegible] [illegible] । ന പുനഃ [illegible] ഭവിതവ്യം । [illegible] [illegible] । പ്രാചീനേഷു കാലേഷു ഭാരതീയാനാം മാണവകശിക്ഷണം [illegible] കിമതഃ പരമപേക്ഷ്യതേ । [illegible] [illegible] സദാചാരപ്രതിപത്തിരപി മാണവകാഃ [illegible] । പൂജ്യേഷു ഗൗരവം [illegible] [illegible] । [illegible] സർവ്വദാ [illegible] । ന കേവലം സദാചാരപ്രതിപത്തിമാത്രം [illegible] [illegible] । [illegible] [illegible] । [illegible] സർവ്വഥാപി [illegible] കർത്തവ്യം [illegible] പ്രതിബോധിതാഃ । ഏവം നാമ ശിക്ഷിതാനാം ജീവിതമാത്ര

താഞ്ച പരേഷാം ച ഉത്തമാനാം ശ്രേയസേ സ്യാദിതി ന വയം വക്താ നിശ്ചയീകർത്തും പാരയാമഃ ।

സാമ്പ്രതികീ സമാലോച്യതാം കാലഗതിഃ। ഇദാനീന്തനാഃ മാണവകാഃ കേവലം പിതൄൻ ഗുരൂൻ ച തിരസ്കുർവ്വന്തി। അന്യഥാ ച തത്സംസ്കാരമേവ സ്വാതന്ത്ര്യമിതി। ന തേഷാം കാര്യേഷു നിയന്ത്രണം। യഥാപ്രകൃതിമാത്രം കർമ്മാണി കുർവ്വന്തി। ന മഹതഃ ഗൌരവമനുഭാവയന്തി। പാശ്ചാത്യസംസ്കാരവശംവദാഃ സ്വയം കൃത്യാകൃത്യവിവേകശൂന്യാശ്ചാപി കിമപി കിമപി ചേഷ്ടന്തേ। പ്രാചീനപദ്ധതീരുല്ലംഘ്യൈവ പുരുഷാർത്ഥം മന്യമാനാ വിനാപി പ്രയോജനമനാചാരമാചരന്തി। ഗുരുജനാനാം ശ്രദ്ധയാ ന ശുശ്രൂഷന്തേ। നാത്മനഃ പരിശ്രമസ്യ ഫലം സമ്പാദയന്തി। ധർമ്മശാസ്ത്രാണി തൃണായ മന്യന്തേ। ശാസ്ത്രോല്ലംഘനേന മഹതീമനർത്ഥപരമ്പരാമാത്മനഃ സമാശ്രയന്തി। ഗർഭസ്ഥാവസ്ഥായാമപി പ്രവർത്തമാനാഃ പിതൄൻ പരിതാപയന്തി। ഹന്ത കിമസ്മാദപ്യുൽകൃഷ്ടം ചനീയം നാമ।

ഭാരതീയാനാമിദാനീന്തനീ ദുർദ്ദശാ മാണവകാനാമാചാരഭ്രംശാദേവ സംജാതേതി സമ്യഗവധാര്യതാം। ഏതാവത് കില മാണവകാ അനാചാരപ്രവിഷ്ടാസ്സംവൃത്താഃ യദ്വാ ച ബഹവഃ കാലം കർത്തവ്യാകർത്തവ്യപരിജ്ഞാനം ന ലഭന്തേ। തേഷാം ദുർദ്ദശാ ന കിമപി സമ്യഗവഗമ്യതേ। അതഃ മാണവകാനാം സമീചീനാ ശിക്ഷണാ നാത്യന്തമുപേക്ഷണീയാ। സമീചീനശിക്ഷണേനൈവ മാണവകാനാം തേജസ്വിതാം മഹതീ ഗൌരവം സത്യനിഷ്ഠാ സദാചാരപ്രതിപത്തിരപി സ്വയമേവ ഭവിഷ്യതീതി തത്രൈവ പ്രധാനം പരികരണീയം। അതഃ ഭാരതീയാഃ മഹാജനാഃ സാവധാനാശ്ച സമുദ്യതാശ്ച ഭവന്തു ഇതി പ്രാർത്ഥയാമഃ।

പണം അടച്ചവരുടെ പേരും സംഖ്യയും

(ഒന്നാം ലിസ്റ്റ്)

ശ്രീമാൻ	അവർകൾ
കെ. പി. മഹാദേവൻനമ്പൂതിരി	൫—൨—൦
കാട്ടുമാടത്തിൽ നാരായണൻനമ്പൂതിരിപ്പാട്	൫—൨—൦
ഡി. കുമാരൻപോറ്റി	൫—൨—൦
കൊടിക്കുന്നത്ത് നാരായണൻനമ്പൂതിരിപ്പാട്	൧—൦—൦
ടി. എ. ശേഷയ്യർ, ബി. എ., ബി. എൽ.	൫—൨—൦
മാടത്തിൽപ്പള്ളിക്കൂരി നാരായണൻനമ്പൂതിരി	൫—൨—൦
മണിയാൽക്കൊടക്കാട്ട് വാസുദേവൻനമ്പൂതിരി	൫—൨—൦
എം. ഹരിഹരൻനമ്പൂതിരി	൫—൨—൦
കെ. എൻ. ഭട്ടതിരിപ്പാട്	൫—൨—൦
തൈക്കാട്ട് വാസുദേവൻനമ്പൂതിരിപ്പാട്	൦—൩—൯
കരിങ്ങാമഠത്തിൽ വാസുദേവൻനമ്പൂതിരി	൦—൩—൯
വി. കെ. വാസുദേവൻഭട്ടതിരിപ്പാട്	൦—൧൫—൦
രാമലിംഗം വെങ്കിടാചലയ്യർ	൦—൯—൦
കുടലാറ്റുപുറത്ത് നാരായണൻനമ്പൂതിരിപ്പാട്	൫—൨—൦
തെക്കേമഠത്തിൽ കൃഷ്ണസ്വാമിയാർ	൫—൨—൦
കോടശ്ശേരി രാമൻനമ്പൂതിരി	൫—൨—൦
മാമ്പാറ്റ ശങ്കരൻനമ്പൂതിരി	൫—൨—൦
കളങ്ങര രാമൻനമ്പൂതിരി	൧—൯—൦
വരിഞ്ഞേരി പുരുഷോത്തമൻനമ്പൂതിരി	൫—൨—൦
കല്ലൂർ വാസുദേവൻനമ്പൂതിരിപ്പാട്	൫—൨—൦
എഴിക്കോട്ട് നാരായണൻനമ്പൂതിരി	൫—൨—൦
കാവുങ്കര നാരായണൻനമ്പൂതിരിപ്പാട്	൫—൨—൦
പുല്ലങ്ങാട്ട് മാധവൻനമ്പൂതിരിപ്പാട്	൫—൨—൦
മനയത്ത് വാസുദേവൻഭട്ടതിരിപ്പാട്	൫—൨—൦
പള്ളിക്കൂരി മാധവൻനമ്പൂതിരി	൫—൨—൦
കൊടുങ്ങല്ലൂർ രാമഭദ്രൻനമ്പൂതിരിപ്പാട്	൫—൨—൦
ഇ. പി. വാസുദേവൻനമ്പൂതിരിപ്പാട്	൫—൨—൦
ഒ. കെ. നാരായണൻനമ്പൂതിരി	൫—൨—൦
എം. ശിവരാമൻഭട്ടതിരിപ്പാട്	൫—൨—൦

ബ്രഹ്മശ്രീ	അവർകൾ.
എം. പി. ഹരിദാസൻനമ്പൂതിരി	വ—വൃ—ം
കെ. പരമേശ്വരൻനമ്പൂതിരിപ്പാട്	വ—വൃ—ം
പി. കെ. ഹരിജയന്തൻനമ്പൂതിരി	വ—വൃ—ം
ഇടിക്കപുളിയപ്പുറമ്പു നാരായണൻനമ്പൂതിരി	വ—വൃ—ം
ഇ. എം. മാധവൻനമ്പൂതിരി	വ—വൃ—ം
മൂത്തേടത്തുമല്ലിശ്ശേരി മാധവൻനമ്പൂതിരി	വ—വൃ—ം
ശിവള്ളാട്ട നാരായണൻനമ്പൂതിരി	വ—വൃ—ം
അഴകത്ത കൃഷ്ണൻനമ്പൂതിരി	വ—വൃ—ം
ചോറാൽ ശങ്കരൻനമ്പൂതിരി	വ—വൃ—ം
എടമന വാമനൻവാദ്ധ്യാർനമ്പൂതിരി	വ—വൃ—ം
തൃക്കാപ്പുറത്തു വിഷ്ണുനമ്പൂതിരി	വ—വൃ—ം
വെള്ളമന കേശവൻനമ്പൂതിരി	വ—വൃ—ം
താഴക്കാട്ട വലിയ അമ്മാവൻ	വ—വൃ—ം
ചേനംശ്ശേരത്തു വിഷ്ണുനമ്പൂതിരി	വ—വൃ—ം
അണ്ണമ്പ്പുറക്കാരക്കാട്ട ശങ്കരൻനമ്പൂതിരി	വ—വൃ—ം
കാഞ്ഞൂത്തു വാസുദേവൻനമ്പൂതിരി	വ—വൃ—ം
പൊന്നത്തൂര കൃഷ്ണൻനമ്പൂതിരിപ്പാട്	വ—വൃ—ം
കുടമന കേശവൻനമ്പൂതിരി	വ...വൃ...ം
ചെറുവക്കാട്ട ശങ്കരൻനമ്പൂതിരി	വ...വൃ...ം
നാരശേരി നാരായണൻനമ്പൂതിരി	വ...വൃ...ം
കുന്നാശ്ശേരി കൃഷ്ണൻനമ്പൂതിരി	വ...വൃ...ം
കവിപ്പുഴമണ്ണാവിൽ നാരായണൻനമ്പൂതിരിപ്പാട്	വ...വൃ...ം
അകവൂർ വലിയനമ്പൂതിരിപ്പാട്	വ...വൃ...ം
കാലടികിഴക്കേപ്പട്ടത്താഴ അഷ്ടമൂർത്തിനമ്പൂതിരിപ്പാട്	വ...മ...ത്
വെള്ളാനപ്പിള്ളി...തിരുമനസ്സുകൊണ്ട്.	
സാമൂതിരിപ്പാട്ടതമ്പുരാൻ	വ...വൃ...ം
പി. കെ. കുഞ്ഞുണ്ണിത്തമ്പുരാൻ	വ...വൃ...ം
കോട്ടയത്തു വലിയതമ്പുരാൻ	വ...വൃ...ം
എം. സി. കൃഷ്ണവർമ്മരാജാ	വ...വൃ...ം
കെ. സി. വീരരായൻരാജാ ബി. എ.	വ...വൃ...ം
പുതിയകോവിലകത്തു തെക്കേക്കെട്ടിൽ ശ്രീമാനവിക്രമൻ തമ്പുരാൻ	വ...വൃ...ം

ബഹുമാനപ്പെട്ട	തിരുമനസ്സുകൊണ്ട്.
കൊടുങ്ങല്ലൂർ രാമവർമ്മകൊച്ചുത്തമ്പുരാൻ	വ...വ്യ..ം
എ. ആർ. രാജവർമ്മരാജാ	വ...വ്യ..ം
കടത്തനാട്ട് വലിയതമ്പുരാൻ	വ...വ്യ..ം
എ. ആർ. ശങ്കരവർമ്മരാജാ	വ...വ്യ..ം
മ. രാ. രാ.	അവർകൾ
ഡാക്ടർ ഇ. രാമവാരിയർ	വ...വ്യ..ം
ഇ. നാരായണൻനായർ ബി. എ., ബി. എൽ	വ...വ്യ..ം
പാലിയത്തു വലിയച്ചൻ	വ...വ്യ..ം
പാലിയത്തു കുഞ്ഞുണ്ണിയച്ചൻ	വ...വ്യ..ം
എ. ശങ്കരപ്പിള്ള ബി. എ., ബി. എൽ	വ...വ്യ..ം
കണ്ണൂർ നാരായണമേനോൻ ബി. എ.	വ...വ്യ..ം
വി. കെ. ശങ്കരമേനോൻ	വ...വ്യ..ം
എ. കൃഷ്ണനായർ ബി. എ., എൽ. ടി	വ...വ്യ..ം
എം. നാരായണമേനോൻ	വ...വ്യ..ം
ഉള്ളാട്ട് ഗോപാലപ്പണിക്കർ ബി. എ.	വ...വ്യ..ം
പി. കുഞ്ഞമ്പി	വ...വ്യ..ം
ചിറക്കൽ രാമപ്പണിക്കർ	വ...വ്യ..ം
ശ്രീമതി. തോട്ടാട്ടിൽ നാരായണിക്കുട്ടിഅമ്മ അവർകൾ	വ...വ്യ..ം

(രണ്ടാം കൊല്ലത്തെ)

ബ്രഹ്മശ്രീ............	അവർകൾ
കാട്ടുമാടത്തിൽ നാരായണൻനമ്പൂതിരിപ്പാട്	വ...വ്യ..ം
മേക്കടമ്പിൽ കടലായിൽ കണ്ണൻനമ്പൂതിരിപ്പാട്	വ...വ്യ..ം
കോഴിക്കോട്ട് നാരായണൻനമ്പൂതിരിപ്പാട്	വ...വ്യ..ം
ടി. എം. ശേഷയ്യർ, ബി. എ., ബി. എൽ	വ...വ്യ..ം
കൊടുങ്ങല്ലൂർ ശങ്കരൻനമ്പൂതിരി	വ...വ്യ..ം
മാടത്തിൽമുല്ലപ്പള്ളി നാരായണൻനമ്പൂതിരി	വ...വ്യ..ം
ഒളപ്പമണ്ണ വാസുദേവൻനമ്പൂതിരിപ്പാട്	വ...വ്യ..ം
ഒളപ്പമണ്ണ നാരായണൻനമ്പൂതിരിപ്പാട്	വ...വ്യ..ം
കാണി വാസുദേവൻനമ്പൂതിരിപ്പാട്	വ...വ്യ..ം
കിരാതമണ്ണ വാസുദേവൻനമ്പൂതിരി	വ...ത...വ്യ
വി. കെ. വാസുദേവൻനമ്പൂതിരിപ്പാട്	വ...വ്യ..ം
മൈക്കളാസം വെങ്കിടാചലയ്യർ	വ...വ്യ..ം

ശ്രീമാൻ	സംഖ്യ.
തെക്കേടത്ത് ഇട്ടിരിനമ്പൂതിരി	൫..൨..൦
കുമാരപുരത്തു നാരായണൻനമ്പൂതിരിപ്പാട്	൫..൨..൦
തെക്കേമഠത്തിൽ കൃഷ്ണസ്വാമിയാർ	൫..൨..൦
വടക്കേടത്തു ചെറുവാടപ്പിൽ വാസുദേവൻനമ്പൂതിരി	൧..൯..൦
പള്ളം ശങ്കരൻനമ്പൂതിരി	൧..൨..൦
കല്ലൂർ വാസുദേവൻനമ്പൂതിരിപ്പാട്	൫..൨..൦
ടി. എസ്സ്. ജഗന്നാഥയ്യർ	൫..൨..൦
ഏഴിക്കോട്ട് നാരായണൻനമ്പൂതിരി	൫..൨..൦
കാവുങ്കര നാരായണൻനമ്പൂതിരിപ്പാട്	൫..൨..൦
കിള്ളിമംഗലത്തു ഇട്ട്യൻനമ്പൂതിരിപ്പാട്	൫..൨..൦
കിള്ളിമംഗലത്തു വാസുദേവൻനമ്പൂതിരിപ്പാട്	൫..൨..൦
കൂത്തമന നാരായണൻഭട്ടതിരിപ്പാട്	൫..൨..൦
വടക്കേടത്തു ചെറുവാടപ്പിൽ പുരുഷോത്തമൻനമ്പൂതിരി	൫..൨..൦
ചെറുവള്ളൂർ പരമേശ്വരൻനമ്പൂതിരി	൫..൨..൦
കണ്ണൂർപടിഞ്ഞാറേടത്തു മകൻ നീലകണ്ഠൻഭട്ടതിരിപ്പാട്	൫..൨..൦
കുന്നംകുളത്തു കുഞ്ഞുണ്ണിനമ്പൂതിരി	൫..൨..൦
ചിറയ്ക്കൽ മകൻ നാരായണൻനമ്പൂതിരിപ്പാട്	൫..൨..൦
ചെപ്പിൽപടിഞ്ഞാറേടത്തു ശങ്കരൻനമ്പൂതിരി	൫..൨..൦
കൂട്ടപുര ശങ്കരൻനമ്പൂതിരിപ്പാട്	൧൦..൦..൦
കാഞ്ഞിരക്കോട് നാരായണൻനമ്പൂതിരിപ്പാട്	൫..൨..൦
വീമ്പൂർ കടമ്പായിൽ കുഞ്ചുണ്ണിനമ്പൂതിരിപ്പാട്	൫..൨..൦
ബി. എം. വലിയനമ്പൂതിരിപ്പാട്	൫..൨..൦
വള്ളൂർ ശങ്കരൻനമ്പൂതിരി	൫..൨..൦
കാടമ്പറ്റ അച്ചുതൻനമ്പൂതിരിപ്പാട്	൫..൨..൦
പാലക്കുന്നത്തു മകൻ കൃഷ്ണൻനമ്പൂതിരി	൫..൨..൦
ഇ. വി. വാസുദേവൻനമ്പൂതിരിപ്പാട്	൫..൨..൦
ജെ. കെ. നാരായണൻനമ്പൂതിരി	൫..൨..൦
എം. ശിവരാമൻഭട്ടതിരിപ്പാട്	൫..൨..൦
എം. പി. ഹരിദാസൻനമ്പൂതിരി	൧൦..൦..൦
കെ. പരമേശ്വരൻനമ്പൂതിരിപ്പാട്	൧൦..൦..൦
കുന്നത്തൂർമല്ലിശ്ശേരി മാധവൻനമ്പൂതിരി	൫..൨..൦
വെള്ളാങ്ങല്ലൂരിലമന നാരായണൻനമ്പൂതിരി	൧..൯..൦

ബ്രഹ്മശ്രീ	അവർകൾ
നിറമൊട്ട നാരായണൻനമ്പൂതിരി	൦—൮—൦
മാമ്പ്ര കൃഷ്ണൻനമ്പൂതിരി	൦—൪—൦
ചോറാൻ ശങ്കരൻനമ്പൂതിരി	൨—൮—൦
ആ.രമ്പ്രത്തു വിഷ്ണുനമ്പൂതിരി	൧—൦—൦
വാരണക്കോട്ട കൃഷ്ണൻനമ്പൂതിരിപ്പാട്	൨—൮—൦
തെക്കേടത്തു പാലക്കീഴ് കൃഷ്ണൻനമ്പൂതിരി	൦—൮—൦
ചേരിമന കേശവൻനമ്പൂതിരി	൦—൮—൦
താഴ്ക്കാട്ട വലിയ അമ്മാവൻ	൧—൦—൦
ചെന്നമംഗലത്തു വിഷ്ണുനമ്പൂതിരി	൦—൮—൦
കണ്ണപ്പൂൺകാരക്കാട്ട ശങ്കരൻനമ്പൂതിരി	൦—൮—൦
കാന്ത്രത്തു വാസുദേവൻനമ്പൂതിരി	൨—൮—൦
കരമന കേശവൻനമ്പൂതിരി	൨—൮—൦
നരിക്കനിഎടമന വിഷ്ണുനമ്പൂതിരി	൨—൮—൦
ചെറുവക്കാട്ട ശങ്കരൻനമ്പൂതിരി	൧—൦—൦
അകിരാത്തുമണക്കാട്ട നമ്പൂതിരി	൧—൦—൦
കുവപ്പുവണ്ണാമ്പിൽ നാരായണൻനമ്പൂതിരിപ്പാട്	൨—൮—൦
അകവൂർ വലിയനമ്പൂതിരിപ്പാട്	൨—൮—൦
കാലടികിഴക്കേപ്പുടമാനാഥ അച്ചുണ്ണിനമ്പൂതിരിപ്പാട്	൦—൩—൮
[illegible]............[illegible]	
കൊച്ചി ന-ാച്ചർ രാമവർമ്മ കൊച്ചുതമ്പുരാൻ	൧—൮—൦
പുതിയകോവിലകത്തു തെക്കേക്കെട്ടിൽ ശ്രീമാനവിക്രമൻ തമ്പുരാൻ	൨—൮—൦
കടത്തനാട്ടു വലിയതമ്പുരാൻ	൨—൮—൦
പി. കെ. ശങ്കരവർമ്മരാജാ	൨—൮—൦
മ. രാ. രാ..............	അവർകൾ
കവളപ്പാറമൂപ്പിൽനായർ	൨—൮—൦
ഡാക്ടർ ഇ. രാമവാരിയർ	൨—൮—൦
പി. കെ. ശങ്കരമേനോൻ	൦—൧൨—൦
പി. കെ. രാമൻമേനോൻ	൨—൮—൦
കപ്പിള്ളിമഠത്തിൽ കുഞ്ഞികൃഷ്ണൻനമ്പ്യാർ	൨—൮—൦

[illegible]—മാനേജർ

Registered No. M. 909

മംഗളോദയം

[illegible]

ആനന്ദലഹരി

[illegible]

—[illegible]—

[illegible]

സാംഖ്യകാരിക

(ഭാഷാവ്യാഖ്യാനത്തോടുകൂടി)

[illegible]

മംഗളോദയം

പുസ്തകം ൨. } ൧൦൮൫ ഇടവമാസം { ലക്കം ൫.

വിഷയങ്ങൾ

മംഗളോദയം അച്ചുക്കൂടത്തിൽ
അച്ചടിച്ചത്.
1085



ജഗദ്ഗുരുശ്രീശങ്കരാചാര്യസ്വാമികൾ.
ശൃംഗേരി.

(കൊല്ലവർഷം 1085 ചിങ്ങം 1-ാംനു-)

മംഗളോദയം

[illegible]

പുസ്തകം ൧ | ചിങ്ങമാസം | ലക്കം ൧

മംഗളം


"നാനാജ്ഞാനപ്രദങ്ങൾക്ക് നവനവവിവിധവിചാരങ്ങൾക്കുമാശ്രയം
[illegible]
[illegible]
[illegible]

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ

ശൃംഗേരി

ശങ്കരാചാര്യസ്വാമികൾ

കാലടിയിലെ ക്ഷേത്രനിർമ്മാണത്തിനും പ്രതിഷ്ഠക്കും കാരണഭൂതനായ ഇപ്പോഴത്തെ ശൃംഗേരി ശങ്കരാചാര്യസ്വാമികളുടെ ജീവചരിത്രം ഗ്രഹിപ്പാൻ എല്ലാവർക്കും ആഗ്രഹം വായനക്കാരിൽ പലർക്കും ഉണ്ടായിരിക്കുമെന്ന്. എന്നാൽ വായനക്കാരുടെ ജിജ്ഞാസയെ മുഴുവനും ശമിപ്പിപ്പാൻ മതിയായ വിവരങ്ങളൊന്നും കിട്ടിയിട്ടില്ലെങ്കിലും സംക്ഷിപ്തമായ ഒരു വിവരണമാത്രം താൽക്കാലം ചേർക്കുന്നത് അനുചിതമായിരിക്കയില്ലെന്ന് വിശ്വസിക്കുന്നു.



അവിടുത്തെ ജന്മഭൂമി മൈസൂർ രാജ്യമാണ്. വൈദുഷ്യംകൊണ്ട് വിഖ്യാതനായ രാമശാസ്ത്രികൾ ആണ് അവിടുത്തെ പിതാവായിരിപ്പാനുള്ള ഭാഗ്യം ലഭിച്ചത്. അദ്ദേഹം ന്യായശാസ്ത്രത്തിൽ അതിപണ്ഡിതനും, വിദ്വജ്ജനങ്ങളിൽ അഗ്രേസരനും ആയിരുന്നു. സ്വാമികളുടെ [illegible]

അതിനുശേഷം ഇരുപ്പത്തഞ്ചു സംവത്സരം കഴിഞ്ഞിരിക്കുന്നു. ഉപനയനാനന്തരം ഒമ്പതാമത്തെ വയസ്സിൽ അവിടുന്ന് ശൃംഗേരിമഠത്തിലേക്കു സംന്യസിച്ചു. ആദിശങ്കരാചാര്യസ്വാമികളുടെ മുപ്പത്തൊന്നാമത്തെ അനന്തരഗാമിയായ നൃസിംഹഭാരതിസ്വാമികളാണ് അവിടത്തെ സംന്യാസം നല്കിയത്. ഗുരുവിന്റെ പേരിലുള്ള ഭക്ത്യതിശയംകൊണ്ട് അവിടുന്ന് സച്ചിദാനന്ദശിവാഭിനവനൃസിംഹഭാരതിയെന്നു നാമധേയം സ്വീകരിച്ചു.

ശൃംഗേരിമഠത്തിന്റെ ആസ്ഥാനം മൈസൂർരാജ്യത്തിൽപെട്ട കഡൂർ ജില്ലയിലായിരുന്നു. ഈ മഠത്തിലെ ഗുരുപരമ്പര ലോകപ്രസിദ്ധമാണ്. വിജയനഗരസാമ്രാജ്യത്തെ സ്ഥാപിച്ച ഹരിഹരരാജാവിന്റെ അമാത്യനും, സകലശാസ്ത്രങ്ങളിലും പ്രവീണനുമായ മാധവാചാര്യർ വിദ്യാരണ്യസ്വാമികളെന്ന നാമധേയത്തോടുകൂടി സംന്യസിച്ചതു ശൃംഗേരിയിലേക്കാണ്. വിദ്യാരണ്യസ്വാമികളുടെ പേരിലുള്ള ഭക്തിബഹുമാനങ്ങളുടെ സൂചകമായി വിജയനഗരത്തിലെ ഹരിഹരരാജാവു മഠത്തിലേക്കു വളരെ ഭൂസ്വത്തുകൾ നീക്കിക്കൊടുത്തിട്ടുണ്ട്. വിദ്യാരണ്യസ്വാമികളെപ്പോലെയുള്ള പല മഹാന്മാരും ശൃംഗേരിയിലേക്കു സംന്യസിച്ചിട്ടുണ്ട്. ബ്രഹ്മചര്യത്തിൽനിന്നുതന്നെ സംന്യാസം സ്വീകരിക്കണമെങ്കിൽ എത്രമാത്രം മനോനിഗ്രഹം വേണ്ടതാണെന്നാലോചിക്കണമായിരിക്കും ശൃംഗേരിഗുരുപരമ്പരയുടെ മാഹാത്മ്യത്തെ അറിവാനുള്ള എളുപ്പവഴി.

പൂർവ്വാശ്രമത്തിലെ ജ്യേഷ്ഠസഹോദരനായ ലക്ഷ്മീനരസിംഹശാസ്ത്രികൾ സ്വാമികൾക്കു ന്യായം, വേദാന്തം എന്നീ ശാസ്ത്രങ്ങളെ നല്ലവണ്ണം പഠിപ്പിച്ചു. സ്വാമികൾ അതിമാത്രമായ ബുദ്ധിവൈഭവത്തിന്റെ ഇരിപ്പിടമായതുകൊണ്ട് ആ ശാസ്ത്രങ്ങളിൽ വളരെ നിപുണനായിത്തീർന്നു. കാര്യധുരന്ധരന്മാരെന്നു പ്രസിദ്ധിസമ്പാദിച്ച സർ, കെ. ശേഷാദ്രിഅയ്യർ, വി. പി. മാധവരായർ അവർകൾ മുതലായവരെല്ലാം സ്വാമികൾക്കു ശിഷ്യപ്പെട്ടിട്ടുള്ളത് അവിടുത്തെ പ്രഭാവവിലാസത്തിനു മതിയായ ലക്ഷ്യമായിരിക്കുന്നു. സ്വാമികൾ പ്രസന്നനും, ഗംഭീരപ്രകൃതനും, മഹാവാഗ്മിയുമാണ്. ദീനന്മാരിൽ അവിടത്തേക്കുള്ള കരുണ അപാരമാകുന്നു. അവിടത്തെ യോഗശാസ്ത്രത്തിലും നല്ല നൈപുണ്യമുണ്ട്. എന്നുതന്നെയല്ല യോഗാഭ്യാസം ചെയ്യുന്ന ഒരു യോഗിയാണെന്നു കാണുന്നവർക്കു തോന്നത്തക്കവണ്ണം അത്ര തേജസ്വിയുമാണ്. അവിടുന്നു സംസ്കൃതത്തിൽ പല ഗ്രന്ഥങ്ങളെ

ങ്ങളും ഉണ്ടാക്കിട്ടുണ്ട്. അതുകളിലെല്ലാം സ്വാമികളുടെ കവനശക്തി യും ഭക്തിഭാവവും പ്രതിഫലിച്ചുകാണുന്നു.

സ്വാമികൾ ശൃംഗേരിമഠത്തെ ഉത്തമമായ രീതിയിൽ ഭരിച്ചുവരുന്നു. നൂറുകൾ ഏക്കർ ഗ്രാമീക സമ്പാദ്യമുള്ള മഠംവക ഭൂമികളിൽനിന്നു കൊല്ലത്തിൽ ആയിരമായിരത്തോളം ഉറുപ്പിക മുതലെടുപ്പുണ്ട്. ഈ ധനമെല്ലാം ധർമ്മകാര്യങ്ങളിലേക്കായിത്തന്നെ വിനിയോഗിക്കപ്പെടുന്നു. മഠത്തിനടുത്ത് ഒരു സംസ്കൃതപാഠശാല സ്ഥാപിച്ചിട്ടുണ്ട്. അതിലെ വിദ്യാർത്ഥികളുടെ സകലചിലവുകളും നടത്തുന്നതു മഠത്തിൽനിന്നുതന്നെയാണ്. സംസ്കൃതവിദ്യാലയത്തിന്റെ അംഗമായി ഒരു വലിയ പുസ്തകശാലയും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ ശാലയിൽ ദുർല്ലഭങ്ങളായ അസംഖ്യം വേദാന്തഗ്രന്ഥങ്ങളെ ശേഖരിച്ചുവെച്ചിരിക്കുന്നു. സ്വാമികൾക്കു വിദ്വാന്മാരോട് അസാമാന്യമായ പ്രതിപത്തിയുണ്ട്. വളരെ ധനം വിദ്വൽസംഭാവനകളായി ചിലവുചെയ്യുന്നു. ഇങ്ങിനെ വിദ്യാഭിവൃദ്ധിക്കായി വേണ്ടപ്പെട്ട എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ സാധുക്കൾക്കു ഭക്ഷണംകൊടുക്കുന്ന ഒരു സത്രവും മഠംവകയായി നടത്തിവരുന്നുണ്ട്. മഹാത്മാക്കന്മാരാലും കൂടി വന്ദിതനായ അവിടുന്ന പരോപകാരത്തിനായി വിനിയോഗിക്കുന്ന പണം ഇത്രയെന്നു കണക്കാക്കുവാൻ കഴിയുന്നതല്ല.

പുരാതനാചാരങ്ങളെ നിലനിർത്തുന്നതിലും, ഹിന്ദുമതത്തെ പ്രബലപ്പെടുത്തുന്നതിലും സ്വാമികൾ വളരെ ജാഗരൂകനായിരിക്കുന്നു. ഇങ്ങിനെയുള്ള ഉത്തമസംന്യാസികളാണ ശ്രീശങ്കരാചാര്യസ്വാമികളുടെ മഠസ്ഥാപനോദ്ദേശത്തെ നന്നായി നിറവേററുന്നതെന്നു പറയുന്നതായാൽ അതിൽ അതിശയോക്തിയുടെ സ്പർശംപോലും ഉണ്ടാവാനിടയുള്ളതല്ല. അവിടുത്തെ ഉത്തമജീവിതം മററുള്ള മഠാധിപതികൾക്കൊക്കെ പാഠമായിത്തീരുന്നതായാൽ നമ്മുടെ നാട്ടിന്നു എത്ര വളരെ നന്മയുണ്ടാകുമായിരുന്നു!.

[illegible] സമയത്തിലും മേഘമൂടാത്ത ആകാശം കാണപ്പെടുന്നതുകൊണ്ടു അവിടത്തെ [illegible] ഉണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു മഴ അവിടെ [illegible] ഇല്ല. അതിന്നു പകരം [illegible] ഉണ്ടാകുവാനേ [illegible] ഇല്ലാത്തതുകൊണ്ട് അവിടെ നിവസിപ്പാൻ പ്രയാസമാണ്. [illegible] കൊണ്ടു [illegible] ഉണ്ടാവാൻ വഴിയില്ല.

ലോവൽ എന്ന ശാസ്ത്രജ്ഞൻ ചൊവ്വാഗോളത്തിന്റെ ധ്രുവങ്ങളിലുള്ള മഞ്ഞ് അവിടെ ഉഷ്ണകാലം ആകുമ്പോൾ ഉരുകി തോടുകളിൽകൂടെ ഒഴുകുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. ഒരു ധ്രുവത്തിൽ ഉഷ്ണകാലമാകുമ്പോൾ അവിടെയുള്ള മഞ്ഞ് ഉരുകി തോടുകളിൽകൂടി പ്രവഹിച്ചു മധ്യരേഖയിൽ എത്തുന്നു. വെള്ളം ഒഴുകിയെത്തുമ്പോൾ സസ്യങ്ങളുടെ നിറം മാറുന്നുമുണ്ടത്രെ. മധ്യരേഖയിൽ [illegible] മറ്റേ ധ്രുവത്തിലേക്കു പോയി [illegible] അവിടെ ഉഷ്ണകാലമാകുമ്പോൾ [illegible] പിന്നോക്കം തിരിക്കയും ചെയ്യുന്നു. ഇതിന്നു [illegible] ചെയ്തുവെച്ചിരിക്കുന്നു. വെള്ളം ഒഴുകുന്ന തോടുകൾ [illegible] ബുദ്ധിമാന്മാരായ ഇഞ്ചിനീയർമാരുടെ വേലയാണെന്നും, അവർ അതിൽകൂടി പ്രവഹിക്കുന്ന വെള്ളത്തെ കൃഷിസ്ഥലങ്ങളിലേക്കു [illegible] കൊണ്ടുപോകുന്നതാണെന്നും ലോവൽ പറയുന്നു.

മറ്റുള്ളവർ അതു സമ്മതിക്കുന്നില്ല. ചൊവ്വാഗ്രഹത്തിൽ വെള്ളം വളരെ വേഗത്തിൽ ആവിയായിപ്പോകുന്നതുകൊണ്ടു അതു മധ്യരേഖയിൽ എത്തുന്നതു സാധ്യമല്ല. ഒരു ധ്രുവത്തിൽനിന്നു മറ്റേ ധ്രുവത്തിലേക്കുള്ള ദൂരം [illegible] നാഴികയാണ്. അത്രദൂരം വെള്ളം കൊണ്ടുപോകുന്നതു [illegible] ഇഞ്ചിനീയർമാർക്ക് അസാധ്യമാണ്. [illegible] ഭൂമിയിൽനിന്നു കാണുന്നതിന്നു ഉതകിപ്പാൻ [illegible] കഴികയുള്ളു. അതുകൊണ്ടു തോടുപോലെ തോന്നുന്ന രേഖകൾ ജലമാർഗ്ഗങ്ങളല്ലെന്നും [illegible] കാണുന്നതാണെന്നല്ലോ.

ചിലരുടെ പക്ഷത്തിൽ തോടുപോലെ കാണുന്ന രേഖകൾ നീണ്ടു പടർന്നുകിടക്കുന്ന സസ്യപംക്തിയാണെന്നാണ്. എന്നാൽ തോടുകളിൽ വെള്ളം കിട്ടുന്നതിന്റെ രാത്രിയിൽ അവിടെ കഠിനമായ ഹിമം ഉ

[illegible]

[illegible]

പലവക

[illegible]

*** *** *** ***

[illegible]

*** *** *** ***

[illegible]

*** *** *** ***

[illegible] ഉരുപ്പിക [illegible] നടത്തിവരുന്ന മലബാർ സ്പി ന്നിങ് ആൻഡ് വീവിങ് കമ്പനി [illegible] ആയതു [illegible] പത്രംകൊണ്ട് കഴിഞ്ഞതാകില്ലാത്ത . ആരായാ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഈ കമ്പനി [illegible] [illegible] [illegible] [illegible] [illegible]. *** *** *** ***

നമ്പൂതിരിമാരുടെ വിവാഹകാര്യത്തെ സംബന്ധിച്ച് ഒരു [illegible] ഈ ലക്കത്തിൽ ഞങ്ങൾ ചേർത്തിട്ടുണ്ട്. [illegible] ലേഖനങ്ങൾ വന്നുചേർന്നു ഈ കാര്യത്തിൽ സമുദായ [illegible] [illegible] [illegible] നല്ല ലക്ഷ്യമാണ്. ഇപ്പോഴത്തെ ഇതിനെപ്പറ്റി ചിലർ ആലോചിച്ചുതുടങ്ങിയിരിക്കുന്ന തിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. ഇതിനെപ്പറ്റിയുള്ള അഭിപ്രാ യങ്ങളെ പത്രധർമ്മമനുസരിച്ച് പ്രതിപാദിക്കുന്ന എല്ലാ ലേഖനങ്ങ ളേയും ഞങ്ങൾ ആദരവോടെ സ്വീകരിച്ച് പ്രസിദ്ധപ്പെടുത്തുന്നതാണ്.

*** *** *** ***

കഴിഞ്ഞ [illegible] [illegible] [illegible] വിവരം [illegible] ഞങ്ങൾ [illegible]. ഇതു [illegible] അറിയിക്കാതിരിപ്പാനുള്ള കാരണം [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. അതിൽ [illegible] [illegible] [illegible] [illegible] [illegible]. ആ കാര്യത്തിൽ [illegible] [illegible] [illegible] ഉരുപ്പിക [illegible] [illegible] [illegible] ‘[illegible]’ [illegible] [illegible]. എം. കെ. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible].

കന്യാദാനം

അഹോ ശോചനീയേയം ദശാ സമ്പ്രതി കേരളധരണീസുരവനിതാനാം ! രക്ഷിതവ്യാ സ്ത്രീണാം നിഖിലം രക്ഷിതമിതി സമാകർണ്യതേ മനുവചനം ! ഇദം തു നാസാം പരിപാലനാദരേണ യഥാവൽ പിതൃഭിരേവ [illegible] ക്രിയതേ । [illegible] നികാർപണ്യം സാധുരമണ്യാ പ്രകടയന്തി ധനവന്തോഽപി । [illegible] കരണീയസ്യ [illegible] പ്രാർത്ഥ്യ [illegible] വിവിധാൻ [illegible] ।

ആസ്താമേതൽ ! ന ഹി ലോകേ സ്ത്രീണാം ഭർതൃസുഖാദന്യത് സർവ്വോൽകൃഷ്ടം വസ്തു । [illegible] വിധിനാ [illegible] വിഹിതം [illegible] । ഇദം തു പ്രായേണ [illegible] വിവാഹ ഇതി [illegible] । [illegible] വൈധവ്യമിതി [illegible] । [illegible] വിവാഹാനന്തരമേവ ച വൈധവ്യം । [illegible] വൈധവ്യ [illegible] । [illegible] വൈധവ്യ [illegible] । [illegible] ലോകസ്യ [illegible] । [illegible] വിധാതേ [illegible] ശ്രൂയതാം । [illegible] ।

[illegible] । “[illegible] കന്യാ [illegible] । [illegible] കന്യകാ ।” ഇതി സ്മൃതിവചനം വിസ്മൃതം കിം [illegible] കിം ന [illegible] । [illegible] കാരുണ്യം । [illegible]

യൌവനപ്രായസ്യ വിച്ഛിദ്യന്തി ജായന്തേപത്യാനി । ന ചാകാലേ ജീവാ
വാപി പ്രമാദഹേയ ।

കഷ്ടം ! ഏവമനേകകാലമനുസൃതായാം വൈധവ്യസമ[illegible]തായാം
ദുരിതസമ്പ്രദായസ്യ ഹ്രാ പതിതപ്രായേ യൌവനകന്യകേ വരീപലിതത
സ്സമാവാസ്യാ കദാപി ഇത്രദശായാ വൈധവ്യാൽ കദാപി കന്യാപി
കൃതപാണിഗ്രഹണസംസ്കാരാണാമപ്യാസാം ഭയോദ്ഭവോ വിപരീതമന്ത്ര
സാമ്പ്രതികീമവസ്ഥാം । പഞ്ച[illegible] പുരുഷ[illegible]കന്യാ അപി
സ്ത്രീയാഃ കാമോ ന പൂജ്യതേ ഇത്യയം നാരീണാം സ്വഭാവഃ । ഇഹ ഇ
പ്രായശഃ സസപത്നീകാ ഏവ [illegible] ഉശ്യന്തേ । കഥം പുനഃ സപത്ന്യോ
നാമപ്യാസാം മനഃ പദം ഇമുപയാതി । മത്സരസ്വഭാവേയം പുനസ്ത്രീ
ഭേദ്യതാ വനിതാഃ । മത്സരോ ഹി ലോകാനാം ഹൃദയം ദൂഷയതി । കിം
വാ സ്ത്രീണാം മത്സരജനകം സാപത്ന്യാദന്യൽ । അലം [illegible] പരമേവ നാരീ
പുരുഷസ്വഭാവം ദൂഷയിതും । കാ കഥാ പുനരേകസ്യ
സ്ത്രീവർഗ്ഗസമ്പാദനായ । കഥം വാ പുനരേതാദൃശീഷു ഭൂയോ ഭൂയഃ സ്ത്രീ
യോ ന ജായേരൻ । "അത ഏവ ച [illegible] ബഹൂന്യൃഷ്ടവ്യാ പുത്രാ
ൻ । ഏകസ്യ സ്ത്രീ" ഇത്യുപദേശൽ [illegible] സാധാര
ണഃ സിദ്ധാന്തഃ । ന ച പതിഃ [illegible] പുത്രൈഃ പ്രവൃദ്ധവീര്യസം
പന്നഃ । ഹാ ഹന്ത പുനഃ പുനഃ [illegible] കിമിഹ
പ്രചോദന[illegible] കാലികമാത്രമഭിധത്തേ । കന്യാദാനനിമിത്തമന്യ
നിമിത്തം വാ [illegible] ബഹവോ മഹാന്തോപി
അഥ പുനരേതൽ സമീചീനം നാമ സ്യാത് । യദി ജലപാനജനിതമപ
വേദിവാരണായ കൃതപ്രയത്നം ഭോജനകം ന സ്യാത് । തസ്മാ
ദ്വാ കന്യാദാനനിമിത്തകാ [illegible]വിവാഹഃ । അനന്യഗതികാഃ
ഖലു കന്യാഃ । അനേകസ്യ സ്വസഹോദരിപ്രഭൃതിഷു വരപരിപൂർണാ
ൽ പരിഗൃഹീതാനാം യൌവനകന്യകാനാം[illegible]
സ്യ കന്യാസ്യ കിഞ്ചിദപ്യുചിതമന്യസ്യ വൃത്താന്തമവിഗണയ്യ ച ലോ
കസ്ഥാനാം വൈധവ്യവാസനാപിശാചികാവശംവദ[illegible] ഏതി
മാലിവിവാഹ[illegible] വിതന്വന്തി । കിമേതാൻ ബ്രൂമഃ । നൂനം സാ
[illegible] ഭ്രൂണഹത്യാ [illegible]
ഏവ ശരണീകൃതവന്തോ മഹാജനാഃ । ശ്രൂയതാം ഗുരുകർമ്മാണഃ പ്രായോ
മഹാത്മനാം സമാപന്നവന്തി ബാല്യവൈധവ്യം । ഉതവിസ്മൃതാ കിമേ
ഷാം [illegible] । ക്രമേണ [illegible] അക്രമേണ ഏവ

[illegible]

[illegible]

[illegible]

[illegible] (ജല്പ്പനം) [illegible] (വള്ളി) [illegible]

പരിഗൃഹ്യതേ ച തേ വിവിധാഃ കന്യാദാന[illegible]। [illegible]
[illegible] സ്വീക്രിയതേ [illegible]
[illegible] ക്രമേണ [illegible] ദാരിദ്ര്യശോക[illegible]
[illegible]
[illegible]। [illegible] ന [illegible] നിപതതി। [illegible]
[illegible]
[illegible]। [illegible] കർത്തവ്യ
ഇതി [illegible]। കിന്തു [illegible] സ്ത്രീ
[illegible] കർത്തവ്യം [illegible]
വിവാഹ[illegible] വ്യവസ്ഥിത[illegible] സ്യാത്। വ്യവസ്ഥിത[illegible]
[illegible] കന്യകോത്പത്തിഃ, ദരിദ്ര[illegible]
[illegible]
[illegible] (ഇതി[illegible]
[illegible]) കന്യാ[illegible]। സാമ്പ്രതം വർത്തമാന
[illegible] കന്യാദാനം [illegible] പ്രകാര[illegible]
[illegible]। സാമ്പ്രതികം [illegible] കന്യാദാനം സർവ്വ[illegible] പ്രത്യ
ക്ഷം [illegible]
[illegible] സ്ത്രീ
[illegible]
[illegible] സ്വാതന്ത്ര്യ[illegible]
[illegible] ഇത്യപര[illegible]
[illegible] കന്യാ[illegible]
[illegible] സ്വാതന്ത്ര്യം ന കന്യാ[illegible]
[illegible] പ്രവൃത്തി[illegible]
[illegible]। [illegible] പ്രായ[illegible]
[illegible]। [illegible] / "[illegible]
[illegible]" ഇതി[illegible]। [illegible]
[illegible] മഹാപാപിനഃ। വി
[illegible] "[illegible]
[illegible]" ഇതി[illegible]
[illegible]। [illegible] നിശ്ചയ[illegible]। [illegible]
[illegible] ബുദ്ധി[illegible]। [illegible]

[illegible]

കവി ദാമോദരൻനമ്പൂതിരിപ്പാട്.

ഇന്ത്യാചക്രവർത്തിയായ എഡ്വേർഡ് മഹാരാജാവു തിരുമനസ്സുകൊണ്ട് ഇക്കഴിഞ്ഞ മെയി [illegible] രാത്രി [illegible] മണി [illegible] മിനിട്ടു സമയത്തു പരലോകത്തെ പ്രാപിച്ചുവെന്നുള്ള ശോകവർത്തമാനം ഇന്ത്യാരാജ്യത്തെ മുഴുവൻ ദുഃഖസമുദ്രത്തിൽ നിമഗ്നമാക്കിയിരിക്കുന്നു. [illegible] ഉണ്ടായിരുന്നില്ല. [illegible] യാത്രചെയ്തു മടങ്ങി എത്തിയതിനുശേഷം അല്പം ജലദോഷവും [illegible] ഉണ്ടായിരുന്നു. [illegible] വിഷമസ്ഥിതിയെ പ്രാപിച്ചു അചിന്തിതമായി തിരുമനസ്സിലെ [illegible]. ദൈവഗതിയെ അതിക്രമിപ്പാൻ ആർക്കും കഴികയില്ലല്ലോ. അവിടേക്കു [illegible] വയസ്സുമാത്രമേ ആയിട്ടുണ്ടായിരുന്നുള്ളൂ. പ്രജാവത്സലനും ഉദാരശീലനുമായ അവിടുത്തെ വിയോഗം ഇത്ര [illegible] ആരും വിചാരിച്ചിട്ടില്ല. ഇനി അവിടുത്തെ സ്ഥാനത്തെ അലങ്കരിക്കുന്നതു നാടുകൊള്ളുന്നതിനു [illegible] ഇന്ത്യയെ സന്ദർശിച്ചു [illegible] പ്രീതിഭാജനമായിത്തീർന്ന വെയിൽസ് രാജകുമാരനാണ്. അവിടേക്ക് എല്ലാ വിജയങ്ങളുമുണ്ടാവാൻ ഈശ്വരൻ കടാക്ഷിക്കട്ടെ.

മംഗളോദയം

വരിസംഖ്യ

അഞ്ചൽകൂലി അടക്കം

[illegible] മുൻകൂർ ക 2—8—0

6 മാസത്തേക്ക് ക 1—6—0

ഒറ്റപ്രതിക്ക് ക 0—4—0

വി. പി. ചിലവ് പുറമെ.

പരസ്യക്കൂലി.

വരി ഒന്നിന് ക 0—3—0

സ്ഥിരപരസ്യങ്ങൾക്ക് പ്രത്യേകനിരക്ക് നിശ്ചയിക്കപ്പെടും.

☞ വരിസംഖ്യ ബാക്കിവച്ചിട്ടുള്ളവർ, അവരവർ അടക്കേണ്ട സംഖ്യ ഉടനെ തീർത്തു തരേണ്ടതാണ്.

മാനേജർ.

സൗന്ദര്യകാരിക.

(ഭാഷാവ്യാഖ്യാനത്തോടുകൂടി)

[illegible]

മാനേജർ, മംഗളോദയം പ്രസ്സ്, തൃശ്ശൂർ.

ഇതാ ഒരവസരം!

[illegible]

മാനേജർ, മംഗളോദയം പ്രസ്സ്
തൃശ്ശൂർ.

☞ ഈ മാസികയിൽ [illegible]

മംഗളോദയം.

പുസ്തകം ൨ } ൧൦൮൫ മിഥുനമാസം { ലക്കം ൧൧

വിഷയങ്ങൾ

മംഗളോദയം കമ്പനിക്കുവേണ്ടി
തൃശ്ശിവപേരൂർ:
കേരളകല്പദ്രുമം അച്ചുകൂടത്തിൽ അച്ചടിച്ചത്.

1085

മംഗളോദയം

൧൦൮൩

പുസ്തകം ൧ } [illegible] { ലക്കം ൮

മംഗളം

[illegible]
[illegible]
[illegible]
[illegible]

വള്ളത്തോൾ നാരായണമേനോൻ.

ധർമ്മശാസ്ത്രം

ധർമ്മശാസ്ത്രം എന്നതിനു ധർമ്മത്തെ പ്രതിപാദിക്കുന്ന ശാസ്ത്രം എന്നർത്ഥമാകുന്നു. ധർമ്മമെന്നതു, വാസ്തസ്ഥിത്യാ വിധിപ്രകാരം ചെയ്യപ്പെടുന്ന കൃത്യത്തിന്റെ ഫലമാണെങ്കിലും കാര്യകാരണങ്ങളിൽ നാനാകല്പനയെ അവലംബിച്ചു കൊണ്ടാണ് ഈ വിഷയത്തിലെ ലൌകികവ്യവഹാരം. അതുകൊണ്ട് ആ വക കൃത്യങ്ങളെയാണ് മിക്ക സ്ഥലങ്ങളിലും ധർമ്മശബ്ദം പ്രതിപാദിക്കുന്നതു്. 'ചോദനാലക്ഷണോർത്ഥോ ധർമ്മഃ' എന്നുള്ള ജൈമിനിസൂത്രത്തിൽനിന്ന് ഈ അർത്ഥം വ്യക്തമാകുന്നതാണ്. ധർമ്മം യാതൊന്നിനാൽ ഉപദേശിക്കപ്പെടുന്നുവോ അതാകുന്നു ധർമ്മത്തിന്റെ മൂലം. ദർശ, പൌർണ്ണമാസ, അഗ്നിഹോത്രം, ജ്യോതിഷ്ടോമം മുതലായിട്ടുള്ള ധർമ്മങ്ങൾ വേദത്താൽ ഉ



ഉപദേശിക്കപ്പെടുന്നതിനാൽ വേദം തന്നെയാണ് ധർമ്മത്തിന്റെ മൂലം. ധർമ്മം പ്രായേണ പ്രത്യക്ഷാദിപ്രമാണങ്ങൾക്ക് അഗോചരമായതുകൊണ്ട് അതിന്റെ തത്ത്വം മനസ്സിലാക്കുവാൻ വൈദികമായ വിധിവചനങ്ങളല്ലാതെ വേറെ ഗതിയില്ല. ഈ വിഷയത്തിൽ ജൈമിനിസൂത്രത്തിന്റെ ഭാഷ്യകാരനായ ശബരസ്വാമി ഇങ്ങിനെ അഭിപ്രായപ്പെടുന്നു — 'ചോദന (വൈദികമായ വിധിവാക്യം) ഭൂതം, വർത്തമാനം, ഭാവി, സൂക്ഷ്മം, വ്യവഹിതം, വിപ്രകൃഷ്ടം എന്നിപ്രകാരമുള്ള സർവ്വപദാർത്ഥങ്ങളെ അറിയിക്കുവാൻ ശക്തിയുള്ളതാണ്. മറ്റൊന്നിനും ഈ ശക്തിയില്ല.' ഇങ്ങിനെതന്നെ എല്ലാ ധർമ്മശാസ്ത്രങ്ങളും ധർമ്മത്തിന്റെ മൂലപ്രമാണം വേദമാണെന്നു സിദ്ധാന്തിക്കുന്നു. ശരിയായ ധർമ്മാനുഷ്ഠാനംകൊണ്ടു മനുഷ്യവർഗ്ഗത്തിന്റെ ബാഹ്യാന്തരപാപങ്ങൾ ക്ഷയപ്പെടുകയും, അങ്ങിനെ ധന്യമായ വിധത്തിൽ ജീവിതത്തെ നയിക്കുവാൻ കഴിയുകയും ചെയ്യുന്നു. അതിനാൽ ധർമ്മശാസ്ത്രത്തിന്റെ ഉദ്ദേശ്യം മനുഷ്യരെ ധർമ്മമാർഗ്ഗത്തിൽക്കൂടെ നടത്തുകയാകുന്നു. വേദത്തിലെ ധർമ്മവിധികൾ ഈ ഉദ്ദേശ്യത്തെ ക്രമമായി നിർവ്വഹിക്കുന്നതുകൊണ്ട് വേദമാണ് നമ്മുടെ ധർമ്മത്തിന്റെ മൂലപ്രമാണം.

ധർമ്മമൂലം വേദമാണെങ്കിലും വേദവിധികളെക്കൊണ്ടുമാത്രം ഇപ്പോഴത്തെ ധർമ്മാനുഷ്ഠാനത്തിനു പൂർത്തി വരുന്നില്ല. കല്പസൂത്രങ്ങളും, സംഹിതകളും, പുരാണങ്ങളും, ഇതിഹാസങ്ങളും മറ്റും ഇപ്പോഴത്തെപ്പോലെ ഇല്ലാതിരുന്ന അനുഷ്ഠാനകാലങ്ങളിൽ ധാർമ്മികന്മാർ വേദത്തെ മാത്രമേ ആശ്രയിച്ചിരുന്നുള്ളു. കാലക്രമേണ വേദത്തിന്റെ നാനാ ശാഖകളിൽ അതിസൂക്ഷ്മമായി നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ധർമ്മതത്ത്വങ്ങളെ ശരിയായി മനസ്സിലാക്കുവാൻ പ്രയാസമായിത്തുടങ്ങി. അപ്പോഴാണ് ധർമ്മശാസ്ത്രഗ്രന്ഥങ്ങളുടെ സംഖ്യ വർദ്ധിച്ചു തുടങ്ങിയത്. സൂത്രകാരനായ ജൈമിനിമഹർഷിയുടെ കാലത്തുതന്നെ കല്പസൂത്രസംഹിതകളായ ചില ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. ആ വക ധർമ്മശാസ്ത്രകാരന്മാർ ഭിന്നഭിന്നങ്ങളായ ധർമ്മങ്ങളെ ഉപദേശിക്കുകയും ചെയ്തിരുന്നു. ഈ ഭിന്നഭിന്നതാനിമിത്തം ശരിയായ ധർമ്മമാർഗ്ഗം ദുർജ്ഞേയമായി വരുന്നതിനാൽ സന്ദിഗ്ദ്ധവിഷയങ്ങളെ വിശദീകരിപ്പാനായി പൂർവ്വമീമാംസ എന്ന ധർമ്മശാസ്ത്രഗ്രന്ഥം നിർമ്മിക്കപ്പെട്ടു. അന്നുമുതൽക്ക് ആ മഹാഗ്രന്ഥത്തിനു പ്രാമാണ്യം സിദ്ധിച്ചു.

ജൈമിനിയുടെ മതം അതിസൂക്ഷ്മങ്ങളായ സൂത്രങ്ങളുടെ ഇട

ത്തിൽ അന്തർഭവിച്ചു കിടക്കുന്നതിനാൽ അവയുടെ മർമ്മം വെളിപ്പെടുത്തുവാനായി ജൈമിനിസൂത്രത്തിന് ഉപവർഷാചാര്യരുടെ വകയായിട്ടുള്ള വൃത്തിയും, ശബരസ്വാമിയുടെ ഭാഷ്യവും ആവിർഭവിച്ചു. പിന്നെ കുമാരിലഭട്ടന്റെ വാർത്തികവും, പാർത്ഥസാരഥിമിശ്രരുടെ ശാസ്ത്രദീപികയും, ന്യായരത്നമാലയും മറ്റുമായി അനേകം ഗ്രന്ഥങ്ങൾ ഈ ആവശ്യത്തിന്നായിട്ടുതന്നെ ഉണ്ടായിത്തീർന്നു. ഈ ഗ്രന്ഥങ്ങളെല്ലാം പ്രചാരത്തിലെത്തിയപ്പോഴത്തു ജൈമിനിയുടെ അഭിപ്രായങ്ങൾ വെളിപ്പെടുന്നതിന്നു പകരം മുമ്പെത്തെക്കാളധികം അസ്പഷ്ടങ്ങളായിത്തീരുകയാണുണ്ടായത്. കല്പസൂത്രങ്ങൾ പൗരുഷേയങ്ങളാകയാൽ അവയ്ക്കു വേദതുല്യമായിട്ടുള്ള പ്രാമാണ്യമില്ലെന്നും, വേദവിരുദ്ധമായിട്ടുള്ള കല്പസൂത്രസിദ്ധാന്തങ്ങൾ പ്രമാണങ്ങളല്ലെന്നും ജൈമിനി വ്യവസ്ഥപ്പെടുത്തി. വേദവിഹിതങ്ങളായ ധർമ്മങ്ങളെക്കൂടി സ്വകപോലകല്പിതമായി വിധിക്കുന്ന കല്പസൂത്രനിമിത്തം വൈദികകാലാനന്തരന്മാരായ ധാർമ്മികന്മാർക്കു ധർമ്മാനുഷ്ഠാനം വളരെ ക്ലേശസാദ്ധ്യമായിത്തീർന്നു.

കല്പസൂത്രത്തിന്നു പിന്നീടാണ് മന്വാദിസ്മൃതികളുടെ ആവിർഭാവമുണ്ടായിട്ടുള്ളത്. സ്മൃതിനിർമ്മാണത്തിന്റെ പ്രയോജനത്തെപ്പറ്റി ശാസ്ത്രദീപികയിൽ ഇങ്ങിനെ പറഞ്ഞു കാണുന്നു:—'വേദം അനേകം ശാഖകളായി ഭേദിച്ചിരിക്കുന്നതുകൊണ്ടു വേദവിഹിതങ്ങളായ ധർമ്മങ്ങൾ നാനാ ശാഖകളിൽ ചിന്നിച്ചിതറിക്കിടക്കുന്നു. അതിൽ ഒരു ശാഖയെ അഭ്യസിക്കുന്ന ആൾക്കു മറ്റു ശാഖകളിലുള്ള ധർമ്മങ്ങളെ അറിവാൻ കഴിയുന്നില്ല. സ്മൃതികാരന്മാർ പല ശാഖകളിലുമുള്ള ധർമ്മങ്ങളെ പെറുക്കിയെടുത്ത് തെളിച്ചു കൊടുക്കുന്നതിനാൽ മന്ദബുദ്ധികളായിട്ടുള്ളവർക്കു കൂടി അതുകൊണ്ടു ധർമ്മങ്ങൾ സുഗ്രഹങ്ങളായിത്തീരുന്നു.' ഇതിൽനിന്നു മനസ്സിലാകുന്നതു, വേദവിഹിതങ്ങളായ ധർമ്മങ്ങളെ വിശദീകരിക്കുക മാത്രമാണ് സ്മൃതികർത്താക്കന്മാർ ചെയ്തിട്ടുള്ളതെന്നാണല്ലോ. അങ്ങിനെയാണെങ്കിൽ സ്മൃതികളുടെ പ്രാമാണ്യത്തെപ്പറ്റി തർക്കിപ്പാനില്ലായിരുന്നു. എന്നാൽ സ്മൃതികൾ പരസ്പരവിരോധിക്കുന്നവയായും വേദങ്ങളിലില്ലാത്ത അനേകം ധർമ്മങ്ങളെ സ്മൃതികാരന്മാർ വിധിച്ചിട്ടുള്ളതായും കാണാം. കല്പസൂത്രങ്ങൾക്കു പിന്നീടുണ്ടായ സ്മൃതികളുടെ കർത്താക്കന്മാർ പലപ്പോഴും കല്പസൂത്രകാരന്മാരിൽനിന്നും ഒരു പടി കവിഞ്ഞു നില്ക്കുന്നവരാണ്. അതിനാൽ സ്മൃതികളുടെ പ്രാമാണ്യത്തെയും മീമാംസകന്മാർ വിമർശിക്കേണ്ടതായി വന്നു.

അഷ്ടകാശ്രാദ്ധത്തിന്റെ അനുഷ്ഠാനം സ്മൃതിയിൽ വിധിക്കുന്നുണ്ട്; വേദത്തിൽ അതു കാണുന്നതുമില്ല. അതിനാൽ അഷ്ടകാശ്രാദ്ധവിധായകമായ സ്മൃതിക്കു പ്രാമാണ്യമുണ്ടോ ഇല്ലയോ? ഈ ചോദ്യത്തെ പര്യാലോചിച്ചിട്ടുള്ള ജൈമിനിയുടെ അഭിപ്രായം, അഷ്ടകാശ്രാദ്ധവിധായകമായ വേദവചനം പ്രത്യക്ഷത്തിൽ കാണുന്നില്ലെങ്കിലും ഉപനയനാദ്ധ്യയനാദിസ്മൃതികൾക്ക വേദമൂലകത്വമുള്ളതുകൊണ്ട് അഷ്ടകാശ്രാദ്ധവും വേദമൂലകമാണെന്നനുമിക്കാമെന്നും, അതിനാൽ ആ സ്മൃതി പ്രമാണമാണെന്നുമാകുന്നു. ജൈമിനീയസൂത്രം നോക്കുക:—"അപി വാ കർത്തൃസാമാന്യാൽ പ്രമാണമനുമാനം സ്യാൽ", ഈ അംശത്തിൽ ഭാഷ്യകാരൻ അഭിപ്രായപ്പെടുന്നതു, സ്മൃത്യുക്തങ്ങളായ ധർമ്മങ്ങൾക്ക പ്രത്യക്ഷത്തിൽ ഫലം കാണുന്നുണ്ടെങ്കിൽ അതുകൊണ്ടുതന്നെ അവയ്ക്കു പ്രാമാണ്യമുണ്ടെന്നും, പ്രത്യക്ഷഫലം കാണാത്ത പക്ഷം ശ്രുതിവചനത്തെ അനുമിക്കുവാനെ നിവൃത്തിയുള്ളുവെന്നും ആകുന്നു.

സ്മൃതികാരന്മാർ കാലസ്ഥിതിക്കനുസരിച്ചു ലോകക്ഷേമോപകരിക്കുന്ന ചില ധർമ്മങ്ങളെ സ്വയമായി വിധിക്കുകയും, അതാതു ലോകസ്ഥിതിക്കു ദോഷാവഹങ്ങളായ ധർമ്മങ്ങളെ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്.

'സമുദ്രയാത്രാസ്വീകാരഃ കമണ്ഡലുവിധാരണം
ദ്വിജാനാമസവർണ്ണാസു കന്യാസൂപയമസ്തഥാ
ദേവരേണ സുതോൽപത്തിർമ്മധുപർക്കേ പശോർവ്വധഃ

....

ഇമാൻ ധർമ്മാൻ കലിയുഗേ വർജ്ജ്യാനാഹുർമ്മനീഷിണഃ.'

എന്നു ബൃഹന്നാരദീയത്തിലും,

'ദീർഘകാലം ബ്രഹ്മചര്യം ധാരണഞ്ച കമണ്ഡലോഃ

....

ഏതാനി ലോകഗുപ്ത്യർത്ഥം കലേരാദൗ മഹാത്മഭിഃ
നിവർത്തിതാനി കർമ്മാണി വ്യവസ്ഥാപൂർവ്വകം ബുധൈഃ.'

എന്ന് ആദിത്യപുരാണത്തിലും കാണുന്നതുകൊണ്ടു, വേദോക്തങ്ങളല്ലാതെ കേവലസ്മൃതിമൂലകങ്ങളായ ധർമ്മങ്ങൾക്ക കാലസ്ഥിതിക്കനുസരിച്ചു കൂട്ടലും കുറയ്ക്കലും ചെയ്യുന്നതിനു വിരോധമില്ലെന്നു സിദ്ധിക്കുന്നു.

സ്മൃതികളുടെ പ്രാമാണ്യാപ്രാമാണ്യവിചാരം ഇനിയും കഴിഞ്ഞിട്ടില്ല. ഒരേ കാര്യത്തിൽത്തന്നെ വേദത്തിൽ ഒരു പ്രകാരവും സ്മൃതിയിൽ മ

ഒന്ന പ്രകാരവും കാണുന്നതായാൽ ഏതിനാണ് പ്രാമാണ്യമുള്ളതു? ജ്യോതിഷ്ടോമത്തിൽ സദസ്സ് എന്ന പേരായ മണ്ഡപത്തിന്റെ മദ്ധ്യത്തിൽ ഉദുംബരവൃക്ഷത്തിന്റെ ഒരു കൊമ്പു നാട്ടേണ്ടതുണ്ട്. അതിനെ വസ്ത്രംകൊണ്ടു ചുറ്റേണമെന്ന സ്മൃതി പറയുന്നു. വേദത്തിലാകട്ടെ അതിനെ തൊട്ടുംകൊണ്ട് ഉദ്ഗാതാ മന്ത്രം ജപിക്കേണമെന്ന വിധിച്ചിരിക്കുന്നു. മുഴുവൻ ചുറ്റുന്നതായാൽ തൊടുന്നതെങ്ങിനെ? ഇവിടെ ശ്രുതിസ്മൃതികൾക്കു വിരോധമില്ലയോ? പിന്നെ മറ്റൊന്നു, പുത്രനുണ്ടായാൽ കൃഷ്ണകേശനായി പിതാവ് അഗ്ന്യാധാനം ചെയ്യേണമെന്ന വേദം; നാല്പത്തെട്ടു വയസ്സുവരെ ബ്രഹ്മചര്യം ചെയ്യേണമെന്ന സ്മൃതി; നാല്പത്തെട്ടു വയസ്സുവരെ ബ്രഹ്മചര്യം വേണമെങ്കിൽ വിവാഹവും പുത്രോൽപാദനവും കഴിഞ്ഞ് അഗ്ന്യാധാനകാലമാവുമ്പോഴേക്കു കേശം കറുത്തിരിക്കുന്നതെങ്ങിനെ എന്ന സംശയം. ഇനി ഒരു ദിക്കിൽ, 'ക്രീതരാജക'ന്റെ അന്നം ഭക്ഷിച്ചുകൂടെന്ന ശ്രുതി ശാസിക്കുന്നു. അഗ്നീഷോമീയത്തിനു മുമ്പാന്റെ ഗൃഹത്തിൽ ഭക്ഷണം കഴിക്കേണമെന്ന സ്മൃതി സിദ്ധാന്തിക്കുന്നു. ഇവയിലിതിനെ വേണമെന്നോ വേണ്ടെന്നോ വരുന്നതായാൽ ഭക്ഷിക്കേണമോ വേണ്ടയോ? ഇപ്രകാരം പരസ്പരവിരുദ്ധങ്ങളായ ശ്രുതിസ്മൃതികൾ ഇനിയും ധാരാളമുണ്ട്. ഇങ്ങിനെയുള്ള ഘട്ടങ്ങളിൽ ഏതിനെയാണ് പ്രമാണിക്കേണ്ടതെന്നുള്ള കാര്യത്തിൽ സ്മൃതി അപ്രമാണമാണെന്നാണ് സൂത്രകാരന്റെയും ഭാഷ്യകാരന്റെയും സിദ്ധാന്തം. ഭാഷ്യകാരൻ സ്മൃതികളുടെ അപ്രാമാണ്യത്തെ സ്ഥാപിക്കുന്ന സന്ദർഭത്തിൽ ഈ വക സ്മൃതികളുടെ ഉത്ഭവത്തെപ്പറ്റി ഇങ്ങിനെ പറയുന്നു:— 'ഉദുംബരവൃക്ഷത്തിന്റെ ശാഖയിൽ ചുറ്റുന്ന വസ്ത്രം എടുപ്പാനവകാശപ്പെട്ടവർ ലോഭംനിമിത്തം മുഴുവൻ ചുറ്റിപ്പോയി. അതാണ് സ്മൃതിയിൽ മുഴുവൻ ചുറ്റേണമെന്ന പറഞ്ഞിട്ടുള്ളതിന്റെ മൂലം. വിശപ്പുകൊണ്ടു ചിലർ ക്രീതരാജകന്റെ അന്നം ഭക്ഷിച്ചതിനാൽ തദ്വിഷയകമായ സ്മൃതി ഉണ്ടായിത്തീർന്നു. നപുംസകത്വമുണ്ടായിരുന്നതിനെ മറച്ചുവെച്ചുംകൊണ്ടു ചിലർ നാല്പത്തെട്ടു കൊല്ലം ബ്രഹ്മചര്യം ദീക്ഷിച്ചിരുന്നു. ഏതൊരു കാരണത്താൽ ഒരാൾക്കു നാല്പത്തെട്ടു വയസ്സുവരെ നപുംസകത്വം (പ്രജോൽപാദനാശക്തി) വന്നുപോയതിനാൽ അവൻ അത്രയുംകാലം അഗത്യാ ബ്രഹ്മചര്യം അനുഷ്ഠിച്ചു. അതിനാലാണ് നാല്പത്തെട്ടുകൊല്ലം വേദബ്രഹ്മചര്യം വേണമെന്നുള്ള സ്മൃതിയുണ്ടായത്.' ഇത്രയും പറഞ്ഞതുകൊണ്ടു വേദവചനവിരുദ്ധങ്ങളായ സ്മൃതികൾക്ക് ഒരു വിധത്തിലും പ്ര

മാണ്യമില്ലെന്നു സിദ്ധിക്കുന്നു. ഭാഷ്യകാരന്റെ പക്ഷപ്രകാരം വേദമൂലകങ്ങളല്ലാത്ത സ്മൃതികൾ ലോഭമൂലകങ്ങളാകുന്നതുകൊണ്ടും മററും അപ്രമാണങ്ങളാകുന്നപക്ഷം, പല സ്മൃതികളിലും കാണുന്ന പക്ഷപാതങ്ങൾക്ക് എത്രത്തോളം പ്രാമാണ്യമുണ്ടെന്നു പറയേണ്ടതില്ലല്ലോ.

വേദത്തിൽനിന്നോ സ്മൃതികളിൽനിന്നോ യാതൊരു മൂലവും കണ്ടുകിട്ടാത്തവിധത്തിൽ ആചാരമെന്നും ദേശമര്യാദയെന്നും മററോരോ ധർമ്മങ്ങൾ നടപ്പിലായിട്ടുണ്ട്. അവയുടെ പ്രാമാണ്യത്തിനും കീഴ്പ്പോട്ടു കീഴ്പ്പോട്ടു ശക്തി കുറയുന്നു. സ്മൃതിമൂലകമല്ലാത്ത സദാചാരത്തിന്റെ പ്രാമാണ്യം വേദമൂലകമല്ലാത്ത സ്മൃതിയുടെ പ്രാമാണ്യംപോലെ ശിഥിലമാകുന്നു. ശ്രുതി, സ്മൃതി, സദാചാരം എന്നിങ്ങിനെയാണ് ധർമ്മങ്ങളെ പരിഗണിച്ചിട്ടുള്ളത്. വേദവിരുദ്ധമായ സ്മൃതിയും, സ്മൃതിവിരുദ്ധമായ ആചാരവും പ്രാമാണ്യമില്ലാത്തവയാകുന്നു.

ഇതുകൊണ്ടു, വേദവിരുദ്ധങ്ങളല്ലാത്ത സ്മൃതിവിധികൾ അതതു കാലത്തിലെ ലോകരക്ഷയ്ക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളവയാണെന്നും, അവയുടെ പ്രാമാണ്യം ജനസമുദായത്തിന്റെയും കാലത്തിന്റെയും സ്ഥിതിഭേദത്തെ അനുസരിച്ചാണ് വ്യവസ്ഥപ്പെട്ടിരിക്കുന്നതെന്നും, ഇതു ന്യായമാണ് കാലദേശാചാരങ്ങളുടെയും മാറ്റമെന്നും പര്യവസിക്കുന്നു.

ഇത്രയും പറഞ്ഞതുകൊണ്ടു, ലോകസ്ഥിതിസാധകങ്ങളായ ധർമ്മശാസ്ത്രങ്ങളിൽ അതാതു കാലത്തെ ലോകരക്ഷോപായങ്ങളായ അനേകം മാററങ്ങൾ പ്രാചീനന്മാരാൽത്തന്നെ ചെയ്യപ്പെട്ടിട്ടുണ്ടെന്നും, അങ്ങിനെ ചെയ്യാതിരുന്നാൽ ലോകസ്ഥിതി എന്ന ധർമ്മശാസ്ത്രപ്രയോജനം സാധിക്കുന്നതല്ലെന്നും സിദ്ധിച്ചുവല്ലോ. പണ്ടുകാലങ്ങളിൽ നടപ്പുണ്ടായിരുന്ന ധർമ്മങ്ങളെ ഇടക്കാലത്തു മാറിയതായിക്കാണുന്നതിനെ വെച്ച് ഇപ്പോൾ അവയെ അനുഷ്ഠിക്കേണ്ടതാണോ, ഇപ്പോൾ ഉള്ളവയെത്തന്നെ എന്നും ഏതുവിധത്തിൽ അനുഷ്ഠിക്കേണമെന്നോ ഇല്ല. ഇപ്പോഴത്തെ ലോകസ്ഥിതിക്കു പ്രതിബന്ധകങ്ങളായവയെ വർജ്ജിക്കുന്നതിനാകട്ടെ, അനുകൂലങ്ങളായവയെ സ്വീകരിക്കുന്നതിനാകട്ടെ ധർമ്മശാസ്ത്രപ്രകാരം യാതൊരുവിധത്തിലും ശങ്കിക്കുവാനില്ല. എന്നാൽ വേദവചനത്തിനു വിരോധമായിട്ടു വല്ല പരിവർത്തനവും ചെയ്യുന്നതായാൽ അതുമാത്രം അയുക്തമാകുന്നു. വേദവചനങ്ങളോടു വിരോധമായി ധർമ്മപരിഷ്കാരം ചെയ്യേണ്ട സന്ദർഭം നേരിടുന്നതും സംശയമാണ്. വേദത്തെ ധർമ്മങ്ങളെ ഒരു വിധത്തിലും സ്പർശിക്കാത്ത ചെറുതലങ്ങൾക്കായ

ട്ടോ മററോ ചില അല്പചിന്തന്മാരാൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വാക്യങ്ങളി ലും, കഴകം മുഴുത്ത് ഇതാണെന്നാവുന്നതുപോലെ ആചാരം ചെയ്തി സ്മൃതിയായി അവതരിപ്പിച്ചിട്ടുള്ള നടപടികളിലും വാസ്തവമായ ധർമ്മശാസ്ത്രത്തിന്റെ നിഴലുപോലും വ്യാപിച്ചിട്ടില്ല. ഒരുസമയത്തു ഒരു കുടുംബക്കാർക്കോ പ്രത്യേകസൗകര്യത്തിനുവേണ്ടി ചെയ്തിരുന്ന ഒരു നടപടി കാലാന്തരത്തിൽ ഒരു നാട്ടാചാരമായി മാറുന്നു. പിന്നെയും കുറെ കാലം ചെല്ലുമ്പോൾ അതുതന്നെ സ്മൃതിയായി പരിണമിക്കുന്നു. ഇതിനെ ഉണ്ടായിട്ടുള്ള ആചാരങ്ങളിലും സ്മൃതികളിലും കാണുന്ന പക്ഷപാതങ്ങളെ വേദവിധികളെന്നു തെററിദ്ധരിച്ച് അവയിലെ സിദ്ധാന്തങ്ങളെ പ്രകാശകന്മാരുടെ സഹായംകൊണ്ടു സമ്മതിച്ചു വെച്ചിരിക്കേണ്ടുന്ന ആവശ്യമില്ല. ധർമ്മപ്രമാണങ്ങളായ ശാസ്ത്രങ്ങളെ പരിശോധിച്ചു യുക്തികങ്ങളുടെ സഹായത്തോടുകൂടിയ സിദ്ധാന്തം കണ്ടു പിടിച്ചിട്ടു വേണം ധർമ്മത്തെ മനസ്സിലാക്കുവാൻ. അല്പജ്ഞതാപക്ഷം വരുന്ന വൈപരീത്യത്തിനെപ്പററി ഭാഷ്യകാരൻതന്നെ അഭിപ്രായപ്പെടുന്നതു നോക്കുക:— 'ചിലർ ഒന്നിനെ ധർമ്മമെന്നു പറയുന്നു, മററു ചിലർ മറെറാന്നിനെ ധർമ്മമെന്നു പറയുന്നു. ആലോചിക്കാതെ ഒന്നിനെ മാത്രം സ്വീകരിച്ചു നടക്കുന്നവൻ അനർത്ഥത്തിൽപ്പെട്ടു കഷ്ടപ്പെടുന്നതാണ്.'

കെ. വി. എം.

മലയാളവും ബൗദ്ധമതവും

— ০ —

ഒരു രാജ്യത്തിന്റെ ചരിത്രത്തെപ്പററി ചിന്തിക്കുന്ന സമയത്തിൽ മതത്തിന്റെ പര്യാലോചന ഒഴിച്ചുകൂടാത്ത ഒരംഗമാകുന്നു. ജ



നങ്ങളുടെ സമുദായനടപടികളിലും വിശ്വാസങ്ങളിലും ഗാർഹികങ്ങളായ കർമ്മങ്ങളിലും അടിസ്ഥാനമായി നില്ക്കുന്നതു മതമാകയാൽ ഒരു ജനസമുദായത്തെപ്പററി അറിയേണ്ടുന്ന പ്രധാനസംഗതികളിൽ മിക്കതും അവരുടെ മതത്തെപ്പററി

ലോചിക്കുന്നതിൽനിന്നു വെളിപ്പെടുന്നതാണ്. ഒരു രാജ്യത്തിലെ ജന
ങ്ങളിൽനിന്നു കാലദേശഭേദംകൊണ്ടും ജനസമുദായഭേദംകൊണ്ടും അതാതുകാല
ത്തെ രാജാക്കന്മാരുടെയും അധികാരികളുടെയും പ്രവൃത്തികളെ അനുസരി
ച്ച് ഓരോ കാലങ്ങളിൽ ഓരോ മതങ്ങൾ പ്രചാരത്തിൽ വന്നിട്ടുണ്ടായി
രിക്കും. ഇന്നത്തെ ദൃഷ്ടിയിൽ അസംബന്ധങ്ങളായിക്കാണപ്പെടുന്ന പല
മാറ്റങ്ങളും കാലപരിവർത്തനത്തിൽ ജനസമുദായത്തിനു തട്ടീട്ടുണ്ടെങ്കിൽ
അതു പലതും മിക്ക മാറ്റങ്ങൾക്കും പ്രധാനകാരണം മതവിശ്വാസമായിരിക്കു
മെന്ന് ഏതു ചരിത്രം നോക്കിയാലും അറിയാവുന്നതാണ്.

മലയാളത്തിലെ പ്രാചീനജനങ്ങൾ ഭൂമി, ജലം, സൂര്യൻ മുത
ലായ പ്രകൃതിശക്തികളെ ഉപാസിച്ചിരുന്നതിനുപുറമെ, കാടുകളിലും മ
രങ്ങളിലും [illegible] മുതലായ ഉന്നതവൃക്ഷങ്ങളിലും, അവയിൽ സ്ഥിതി
ചെയ്യുന്നതായി വിശ്വസിക്കപ്പെട്ടിരുന്ന വനദേവതാവിശേഷങ്ങളെയും,
സർപ്പം മുതലായ ജന്തുക്കളെയും [illegible] ക്ഷേമത്തിനുവേണ്ടി ഉപാ
സിച്ചിരുന്നതിന്റെ ലക്ഷ്യങ്ങളായി ഇന്നും പരമ്പരയായി നടന്നുവരുന്ന ആൽ
പ്രദക്ഷിണം, കാവു, [illegible], [illegible], സർപ്പംതുള്ളൽ മുതലായ
വ തെളിവുകളാണല്ലോ. ഒരുകാലത്തു [illegible] ആയി മലയാ
ളത്തിൽ വന്നു കുടിയേറിയ നമ്പൂതിരി, നായർ മുതലായ [illegible]
മലയാളികളുടെ പൂർവന്മാർ മലയാളം കീഴടക്കിയതിനുശേഷം [illegible]
നിവാസികളെ തോല്പിച്ചതിനു [illegible] [illegible] ഉദ്ദേശ്യത്തി
ന്മേലാ [illegible] ആചാരങ്ങളെ സ്വീകരിച്ചതും മതത്തെ [illegible]
ത്തോടു കൂട്ടിച്ചേർത്തു പരിഷ്കരിച്ചതും [illegible] ധാരാളം ലക്ഷ്യങ്ങ
ളുണ്ട്. നമ്പൂതിരിമാരുടെ [illegible], [illegible] ഗ്രാമങ്ങളെ
[illegible] [illegible] [illegible] ജ
നസമുദായത്തെ ഭരിച്ചുപോന്നത്. കുറച്ചു കഴിഞ്ഞപ്പോൾ കാലം [illegible]
[illegible] വ്യത്യാസപ്പെട്ടു. ഇന്ത്യയിലെന്നു മാത്രമല്ല ചീന,
ജപ്പാൻ, സിലോൺ മുതലായ മറ്റുരാജ്യങ്ങളിലും കൂടി പടർന്നു പിടി
ച്ചിരുന്ന ബൗദ്ധമതം അക്കാലത്തു മലയാളത്തിലും വ്യാപിച്ചിരുന്നില്ല.
എങ്കിലും ബൗദ്ധമതത്തിന്റെ ഒരു വകഭേദമായ ജൈനമതമാണ് മലയാളിക
ളെ അധികം വശീകരിച്ചത്. ജൈനമതാചാര്യന്മാർ പലരും കടൽവ
ഴിയും കരവഴിയും മലയാളത്തിൽ വന്നു പ്രസംഗം നടത്തി സ്വമതത്തെ
സ്ഥാപിച്ചിട്ടുണ്ട്. അക്കാലത്തു തെക്കൻകൊല്ലം ജൈനമതക്കാരുടെ ഒരു
പ്രധാനസ്ഥലമായിരുന്നു. അതു നാടുവാണിരുന്ന [illegible] സ്ഥാണുരവി

ജിനമതത്തിൽ പ്രവേശിച്ചു ജയസിംഹൻ എന്ന പേരും എടുത്തു വളരെ ധർമ്മനിഷ്ഠയോടുകൂടി രാജ്യഭാരം ചെയ്തു. അദ്ദേഹത്തിന്റെ കാലശേഷമാണ് ആ നാട് ബൗദ്ധന്മാരുടേതായിത്തീർന്നത്. ആ സ്ഥലങ്ങളിൽ കാട്ടിലും മേട്ടിലും കായൽനാടുകളിലും മറ്റുമായി പല ബുദ്ധവിഗ്രഹങ്ങളും കണ്ടുകിട്ടീട്ടുണ്ട്. കരുമാടിക്കുട്ടൻ എന്ന പ്രസിദ്ധിയോടുകൂടി അമ്പലപ്പുഴയ്ക്കടുത്ത പുഴയിൽ കാണുന്ന പ്രസിദ്ധപ്പെട്ട ശിലാമൂർത്തിയും, മാവേലിക്കര സ്ഥലത്തിനടുത്തു കാണുന്ന ബുദ്ധവിഗ്രഹവും, ബുദ്ധമതാഭിമാനിയായ മഹാരാജാവിനു നാട്ടിൽ കിട്ടിയവയും തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവിൽ വെച്ചിട്ടുള്ളവയുമായ മറ്റു ചില ബുദ്ധവിഗ്രഹങ്ങളും കേരളത്തിലെ ബുദ്ധമതപ്രചാരത്തിന്റെ സൂചകങ്ങളാകുന്നു.

ദേശാന്തരങ്ങളിൽ നിന്നു കേരളത്തിൽ കടന്നു കൂടിയ ബൗദ്ധന്മാർ വിദ്യാഭ്യാസവിഷയത്തിൽ പല സഹായങ്ങളും മലയാളികൾക്കു ചെയ്തിട്ടുണ്ട്. ജിനമതക്കാരുടെ ഉത്തമഗ്രന്ഥങ്ങൾക്കു മലയാളത്തിൽ പ്രത്യേകിച്ചുള്ള പ്രചാരവും പ്രാമാണ്യവും സിദ്ധിച്ചുവരികയാണുണ്ടായത്. വാഗ്ഭടാചാര്യരുടെ അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം മുതലായ വൈദ്യഗ്രന്ഥങ്ങൾ മലയാളത്തിലെ വൈദ്യന്മാർ വേദംപോലെ പ്രമാണമാക്കി പഠിച്ചുവരുന്നു. അമരസിംഹന്റെ നാമലിംഗാനുശാസനം, സംസ്കൃതം അക്ഷരം പഠിക്കാത്ത ഒരു മലയാളിക്കുപോലും അക്കാലത്തോളം ഉള്ളവനായിത്തീർന്നിട്ടില്ല എന്നു സംശയമാണ്. ശ്രീഹർഷദേവന്റെ കൃതിയായ നാഗാനന്ദനാടകം മലയാളത്തിലെ പ്രധാന ക്ഷേത്രങ്ങളിൽ ദേവോപാസനയ്ക്കു ഒരു സാധനവും അഭ്യസിപ്പിക്കപ്പെട്ടുവി കളാൽ ... പ്രചാരപ്പെടുത്താനിടയായിത്തീർന്നിരിക്കുന്നു. 'പാഠകക്കൂത്ത്' മുതലായ അത്യുത്തമമായ ... നാഗാനന്ദത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണല്ലോ പഠിച്ചുവരുന്നുള്ളത്. ഇത്രയും പ്രചാരവും പ്രാമാണ്യവും സിദ്ധിച്ചിട്ടുള്ള ബുദ്ധമതഗ്രന്ഥങ്ങൾക്കു ഹിന്ദുമതാചാരനിഷ്ഠയുള്ള ബ്രാഹ്മണർ ഒരു ഭ്രഷ്ടു കല്പിച്ചിട്ടില്ലെന്നില്ല. പുണ്യദിവസമായ ഏകാദശിനാൾ ഈ വക ഗ്രന്ഥങ്ങളെ വായിപ്പാൻ വിധിച്ചിട്ടുണ്ട്. ആ വിധി ഇന്നും നടന്നുവരുന്നു. അച്ചടിച്ച പുസ്തകം വിൽക്കുന്ന സമ്പ്രദായം തുടങ്ങുന്നതിന് എത്രയോ മുമ്പ് ഉത്തമരായവരുടെ ഗ്രന്ഥങ്ങൾക്കു മലയാളത്തിൽ പ്രചാരം അത്യധികമായി സിദ്ധിച്ചിട്ടുള്ളത് ബൗദ്ധഗ്രന്ഥങ്ങൾക്കല്ലാതെ മറ്റൊന്നിനുമല്ല.

ഇപ്രകാരം അന്യരാജ്യങ്ങളിലെന്നപോലെ മലയാളത്തിലും പ

ഉൾപ്പെട്ടിട്ടുകൂടിയ ബുദ്ധമതത്തിനോടു പോരാടിനില്ക്കാൻ അന്നത്തെ ബ്രാഹ്മണാദികളായ മറ്റുള്ള മലയാളികൾ വളരെ ബുദ്ധിമുട്ടിയിരിക്കണം. വെൺമണിഗ്രാമം മുതലായ കേരളബ്രാഹ്മണഗ്രാമങ്ങളിലെ പണ്ഡിതന്മാരായ പല ബ്രാഹ്മണരും മീമാംസാചാര്യന്മാരായി പ്രസിദ്ധന്മാർ എന്നതോടുകൂടി ജിനമതം പ്രചരിപ്പിക്കുവാൻ പ്രയത്നിച്ചു നടന്നു. ശങ്കരാചാര്യരുടെ കാലം വരെ ഹിന്ദുമതക്കാരോടു വാദിക്കുവാൻ ബൗദ്ധർക്കു വൈദഗ്ദ്ധ്യമുണ്ടായിരുന്നു. ചോളരാജാക്കന്മാരുടെ വാഴ്ചക്കാലത്തിനിടയിൽ ഹരിപേരുപ്പെരുമാൾ (കോട്ടയത്തു രാജവംശത്തിന്റെ ആദിപുരുഷൻ) രാജ്യം ഭരിച്ചിരുന്ന കാലമാണ് മലയാളത്തിൽ ബുദ്ധമതക്കാരുടെ ക്ഷയത്തിന് ഒരു തടസ്ഥം നേരിട്ടത്. വൈദികസിദ്ധാന്തത്തിന്റെ നിദാനസംരക്ഷകന്മാരായ കുമാരിലഭട്ടാചാര്യരുടെ മതത്തെ ശിഷ്യനായിരുന്ന ഹരിപേരുപ്പെരുമാൾ. ഈ കാലമാണ് മലയാളത്തിൽ മീമാംസാശാസ്ത്രം അധികം കൊണ്ടുവന്നത്.

'ഭൂഷണം ഭവതു സന്മതി ഹരിവംശ്യാനാം നാഥേന്ദ്ര
പ്രത്യാപന്നേ ഭാരതേ! യദ്ഭവതാം കുമാരിലോ നായ'

എന്നു കോട്ടയത്തു രാജവംശത്തെപ്പറ്റി ഉദ്ദണ്ഡശാസ്ത്രികൾ പറഞ്ഞിരിക്കുന്നു. അവന്റെ ശിഷ്യൻ കേരളാധിപതിയായപ്പോൾ കുമാരിലഭട്ടാചാര്യർ കേരളത്തിൽ വന്നുവെന്നും അദ്ദേഹത്തിന്റെ ശിഷ്യരായ പ്രഭാകരാദി മാരോടുകൂടി പാക്കി തിരുവല്ലായിൽ താമസിച്ചുവെന്നും സംഗതി വന്നു. ഭട്ടമതം അഥവാ മീമാംസ മതം മുതൽക്കേ മലയാളത്തിൽ അപ്രതിഹതമായി പ്രചരിച്ചു വന്നു. അതിനോടു തുടർന്ന് പ്രാഭാകരം എന്നു ഒരു മീമാംസാസിദ്ധാന്തഭേദവും മലയാളത്തിൽത്തന്നെ ഉണ്ടായി. മീമാംസാശാസ്ത്രത്തിന്റെ പ്രചാരം വന്നപ്പോൾ അതിന്റെ നേരെ വിരോധികളായ ജൈനബൗദ്ധന്മാരുടെ ശക്തി ക്ഷയിക്കുവാൻ തുടങ്ങി—

'കുമാരിലമൃഗേന്ദ്രേണ ജിതേഷു ജിനഹസ്തിഷു
നിസ്സംസ്തൃതമഹേന്ദ്രാസ്തു ശ്രുതിമാർഗാ: സനാതനാ:'

മേലത്തോൾ അഗ്നിഹോത്രി മുതലായവർ യാഗകർമ്മാദികൾ കേരളബ്രാഹ്മണരുടെ ഇടയിൽ പ്രചരിപ്പിച്ചതും ജിനബുദ്ധമതക്കാർക്കു ക്ഷയം സംഭവിച്ചതിന്റെ കാരണമായിരുന്നു. പിന്നെ മണ്ണൂരിലകം സംബന്ധമായ മീമാംസകന്മാരും ഇവരും തമ്മിൽ കിടമത്സരത്തിലകപ്പെട്ടു നിന്നു. ഒടുവിൽ നിന്നതാണ് ശങ്കരാചാര്യസ്വാമികളുടെ അവതാരം. അവിടെ വെച്ചാണ് മലയാളികളായ ബുദ്ധമതക്കാരുടെ ഉപസംഹാരം.

ആചാര്യസ്വാമികൾ അദ്വൈതമാഹാത്മ്യം ഉണ്ടാക്കിയതിൽ പ്രധാനമായി ഉപകരിച്ചിട്ടുള്ളതു ബുദ്ധമതത്തേയും മീമാംസകമതത്തേയുമാണല്ലോ. സ്വാമികളുടെ കാലം അപ്പോഴേക്കു മീമാംസകന്മാരാൽ ബുദ്ധമതക്കാർക്കും ഉത്തരമീമാംസകന്മാർ മൂലം കേരളത്തിലെന്നു കടന്നുകൂടയെന്ന പ്രസിദ്ധവുമുണ്ടല്ലോ. അതുപോലെ തന്നെ അനേകം ബുദ്ധമതക്കാരെയും സ്വാമികൾ തോല്പിച്ച് അദ്വൈതമതം സ്വീകരിപ്പിച്ചിട്ടുണ്ട്. മുൻപറഞ്ഞ ജിനമതഗുരുക്കന്മാരെ പോലെ സ്വാമികൾ തോല്പിച്ചവരെ മതത്തിൽ പ്രവേശിപ്പിച്ചു ബൌദ്ധന്മാരെ ഹിന്ദുക്കളാക്കിയിട്ടുണ്ടു. അവരാണ് തെക്കൻ ദിക്കിൽ കരുകൾ എന്നു പറയുന്ന അമ്പലവാസികൾ. എത്രകൊടുന്നതെങ്കിലും തങ്ങൾക്കു തുല്യമായ ഉള്ള സ്വാതന്ത്ര്യം ആചാര്യസ്വാമികളെപ്പോലെ മറ്റാർക്കും ഉണ്ടായിട്ടില്ല. ബുദ്ധമതക്കാരുടെ പല സിദ്ധാന്തങ്ങളെയും അദ്വൈതികളുടേതായും എടുപ്പിച്ചിട്ടുണ്ട്. ബുദ്ധസന്യാസികളുടെ ശീലങ്ങൾ* മുഴുവൻ മലയാളത്തിലുള്ള സന്യാസിമാരുടെ ഇടയിൽ നടപ്പാക്കിയിട്ടില്ലെന്നു. ആ പ്രകാരം ഇന്നും നടന്നുവരുന്നുമുണ്ട്.

ആചാര്യസ്വാമികളുടെ കാലത്തിനു പിന്നീടും പല ബുദ്ധമതപ്രസംഗികന്മാർ മലയാളത്തിലേക്കു കടന്നുകൂടിയിട്ടില്ലെന്നില്ല. അവരിൽ ആദ്യം വന്ന വകക്കാർ കാലക്രമേണ മലയാളികളായിത്തീർന്നിട്ടുണ്ട്. പക്ഷേ അവർ ഹിന്ദുക്കളായിട്ടില്ലെങ്കിലും മലയാളികളുടെ കൂട്ടത്തിൽ ചേർന്നിട്ടുള്ളു. ഈ വകക്കാരാണു കടുപ്പട്ടന്മാർ, അല്ലെങ്കിൽ എഴുത്തച്ഛ

---

* ശീലം എന്നു പറയുന്നതു താഴെ കാണിക്കുന്ന പത്തു ധർമ്മങ്ങളെയാകുന്നു. ഈ പത്തു നിയമങ്ങളും ഭിക്ഷുക്കൾ അവശ്യം അനുഷ്ഠിക്കേണ്ടവയാകുന്നു എന്നു ബുദ്ധമതനിയമം.

(൧) യാതൊരു ജന്തുവിനെയും ഹിംസിക്കരുത്.
(൨) അന്യന്റെ മുതൽ അപഹരിക്കരുത്.
(൩) അസത്യം പറയരുത്.
(൪) മദ്യപാനം ചെയ്യരുത്.
(൫) വ്യഭിചാരം ചെയ്യരുത്.
(൬) രാത്രിയിൽ ആഹാരം കഴിക്കരുത്.
(൭) [illegible] മുതലായ സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കരുത്.
(൮) [illegible] വിരിച്ചു കിടക്കയിൽ കിടക്കണം.
(൯) നൃത്തഗീതാദികളിൽനിന്നു നിവർത്തിക്കണം.
(൧൦) സ്വർണ്ണാദികളെ വർജ്ജിക്കണം.

ന്മാർ. ഇവർ സാമൂതിരിപ്പാടന്മാരിൽനിന്ന പല സഹായങ്ങളും സിദ്ധിച്ചിട്ടുണ്ട്. ചില ദിക്കുകളിൽ ആധിപത്യസ്ഥാനവും കൂടി കൊടുത്തിട്ടുണ്ടെന്ന് അവരുടെ ഏതാനും ചില രേഖകൊണ്ടു തെളിയുന്നുണ്ടല്ലൊ.

ഒടുവിൽ കച്ചവടക്കാരായി അംബാദേവസ്സൂരി മുതലായ ചില ജിനമതക്കാർ കോഴിക്കോട്ട വരികയും, സാമൂതിരിപ്പാടന്മാരുടെ അനുമതിയോടുകൂടി അവിടെ സ്ഥിരവാസികളായിത്തീരുകയും ചെയ്തിട്ടുണ്ട്. അവർ ഇന്നും ജിനമതക്കാർ തന്നെ. അവർ കോഴിക്കോട്ട പട്ടണത്തിന്റെ മദ്ധ്യത്തിൽ ഒരു വിശാലമായ ജിനമതക്ഷേത്രം പ്രതിഷ്ഠിച്ചിട്ടുണ്ട്. അതിന് ൧൦൦ കൊല്ലത്തെ പഴക്കമുണ്ടെന്ന് അവർ സാമൂതിരിപ്പാട്ടിലേക്ക് കൊടുത്ത ഒരു തിരുവെഴുത്തുകൊണ്ടു കാണുന്നു.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

കാലാന്തരം

ജ്യോതിശ്ശാസ്ത്രസഹായംകൊണ്ടു നക്ഷത്രാദികളുടെ നിലയും ആകൃതിയും ജ്യോതിർഗോളങ്ങളുടെ സഞ്ചാരരീതിയും അറിഞ്ഞ്, ആ അറിവിൽനിന്ന് ഭിന്നകാലത്തിന്റെ പരിമാണത്തെ, അല്ലെങ്കിൽ അപാരതയെ ഊഹിച്ചുപോകുന്നപോലെ ഭൂലോകത്തിന്റെ ആകൃതിപ്രകൃതികളുടെ സൂക്ഷ്മമായ ജ്ഞാനത്തിൽനിന്ന കാലാന്തരത്തിന്റെ വലിപ്പത്തെയും നമ്മൾക്ക് ഏതാണ്ട് ആലോചിപ്പാൻ കഴിയുന്നതാണ്.



ഭൂമിയുടെ പണിപ്പാട് നമ്മൾ ശാസ്ത്രരീതിപ്രകാരം സൂക്ഷിച്ചു പരിശോധിക്കുന്നതായാൽ, ഭൂഗോളത്തിന്റെ ഉപരിഭാഗത്തെ പല കനത്തിലുള്ള അനേക പടലങ്ങളായിട്ടു വേർതിരിച്ചു കാണാവുന്നതാണ്. പല ധാതുക്കളും കൂടിച്ചേർന്നുണ്ടാകുന്ന ഭൂഗർഭത്തെ കൂടി അണുമാത്രത്തിൽ ഒരു പാട മാത്രമേ ഇപ്പോൾ നമ്മൾക്കു ഉറച്ചു കിട്ടിയിട്ടുള്ളുവെങ്കിലും ആ പാടയിൽ ചേർന്നിരിക്കുന്ന പടലങ്ങൾ കാലഗതിയെ വിശദീകരിപ്പാൻ മതിയായ ലക്ഷ്യങ്ങളാകുന്നു.

മുഖ്യമായിട്ടു വെള്ളത്തിൽനിന്നുള്ള ഊറലാകുന്നു ഭൂമിയെ ഉണ്ടാക്കുന്ന പടലങ്ങളുമായിട്ടു പണിചെയ്തിട്ടുള്ളതു്. മണ്ണും മണലും കല്ലും ചെളിയും ചരലും പാറയും നിറഞ്ഞുകിടക്കുന്ന പ്രദേശങ്ങളിൽ കൂടി കുത്തിച്ചാടിക്കലങ്ങിമറിഞ്ഞു് ഒഴുകിക്കൊണ്ടിരിക്കുന്ന നദികൾ തടാകത്തിലോ പുഴയിലോ കടലിലോ ചെന്നു ചാടുമ്പോൾ പേറിക്കൊണ്ടുവരുന്ന മണ്ണു മുതലായവ അതാതിന്റെ ഗുരുലഘുത്വത്തെ അനുസരിച്ചു മുമ്പിൽ മുമ്പിൽ ഊറി തടാകം മുതലായവയുടെ അടിത്തട്ടുകളിൽ ചെന്നു വിരിച്ചപോലെ പതനംപതനമായിട്ടു പരക്കുന്നു. ഈപ്രകാരം തന്നെ സമുദ്രത്തിന്റെ അടികൊണ്ടു കലങ്ങുന്ന കരമണലും തേഞ്ഞുചതഞ്ഞ കരിമ്പാറയും ആഴിയുടെ അടിത്തട്ടിൽ ചെന്നു ചേർന്നിരുന്നു പടലംപടലമായിട്ടു പേരുന്നു. ഈ പടലങ്ങളുടെ ഇടയിൽപ്പെടുന്ന ശംഖ്, ചൊറുക്കില്ലു്, പവിഴക്കൊടി മുതലായവ വെള്ളത്തിന്റെ പ്രവൃത്തിയെ എന്നും കാണിച്ചുതരുന്ന തെളിവുകളാകുന്നു. ഭൂഗർഭമദ്ധ്യത്തിൽ നിന്നു് ഉരുകിത്തിളച്ചൊലിച്ചു് അകപ്പുറത്തേക്കൊഴുകി കട്ട കെട്ടിയുണ്ടാവുന്ന പാറകളുടെ വകഭേദങ്ങൾ പരന്നുകിടക്കുന്ന ഇടങ്ങളൊഴികെ ഭൂമിയുടെ മറ്റു ഭാഗങ്ങളൊക്കെ ഉണ്ടാക്കുന്ന പടലങ്ങളായിട്ടു ചേർന്നിരിക്കുന്നതാണു്.

ഒരു പാറ മണലു കടലിൽ കൂടുതലുണ്ടെങ്കിൽ അത്രയും മണലു കരയിൽ കാണും കാണാതെ നശിക്കില്ലല്ലോ. ചട്ടി പഴുത്ത വെള്ളത്തിന്റെ പെരുമുള്ളി എന്നപോലെ ആദ്യത്തിൽ ഭൂമി ഒരു ദ്രവദ്രവ്യഗോളമായിരുന്നുവെന്നും, പിന്നീടു് ആ ഗോളത്തിന്റെ പുറം തണുത്തു പാടകെട്ടി പാറ മുതലായതുണ്ടായിരിക്കുന്നതാണെന്നു് സിദ്ധാന്തം. ഈ പാറപ്പുറത്താണു് വെള്ളത്തിന്റെ പണി ആദ്യം തുടങ്ങിയിട്ടുള്ളതു്. ആദ്യപ്രതലത്തിൽ വെള്ളം പിടിച്ചു കൂടിയ കാലം മുതൽ കരമാന്തു കടലാക്കുന്നതുപോലെ മാടൽ നികത്തു കരയാവുന്നില്ലെങ്കിൽ ഭൂമിയുടെ പുറം ഉണ്ടായതിന്റെ ശേഷം വളരെക്കാലം കഴിയുന്നതിനു മുമ്പു വെള്ളം ഭൂമി മുഴുവൻ പരക്കുന്നതല്ലേ എന്നാണെങ്കിൽ, ഭൂഗർഭം തിളച്ചു മറിഞ്ഞുണ്ടാകുന്ന ക്ഷോഭംകൊണ്ടുണ്ടാകുന്ന ഭൂകമ്പം, അഗ്നിപർവ്വതം പൊട്ടിത്തെറിക്കുക മുതലായ പല വികൃതികളും കരയിലും കടലിലും അക്രമമായിട്ടു ചില മാറ്റങ്ങൾ ചെയ്യുന്നുണ്ടു്. ഇങ്ങിനെയാണു് ഭൂമിയുടെ നിമ്നോന്നതഭാവം നിലനിന്നിരിക്കുന്നതു്. അറബിക്കടലിൽ ചേരുന്ന സമയം കൊച്ചിക്കായലിൽ മണലാണു് ഊറുന്നതെന്നും എന്നിരിക്കേയാണു് ഈ മാതിരി പതനവും ഒരു കാലമുണ്ടായതാണെന്നു് അറിയുന്നതെന്നുവെച്ചാൽ, അതാതു കാലത്തിനു പ്രത്യേകമായ ചില ലക്ഷണങ്ങൾ ഈ പതനങ്ങളിൽ സമ്മിശ്രമായി കാണപ്പെടുന്നതുകൊണ്ടാകുന്നു.

ഭൂമിയുടെ വ്യാസാർദ്ധത്തിൽ ആറായിരത്തിൽ ഒരു ഭാഗം, അതായതു് ഒരു ചെറിയ മുപ്പതിനായിരം അടി, അതെപ്പറ്റിയേ ഇതുവരെയും നമുക്കു കാര്യമായ ഇപ്പോൾ ക്ലിപ്തപ്പെടുത്തുക കഴിഞ്ഞിട്ടുള്ളൂ. ഇതിനെ മൂന്നു പ്രധാനപതനങ്ങളായിട്ടു വിഭാഗിച്ചിരിക്കുന്നു. ഇതിൽവെച്ചു താഴെയുള്ളതും പഴയതുമായ ഒന്നാം പതനം 'പാലിയൊ' എന്ന പേരായി മുപ്പതിനായിരം അടിയുള്ളതാകുന്നു. രണ്ടാമത്തേതായ 'മീസൊസോയിക്' പതിനൊന്നായിരം അടിയും, 'കെനസോയിക്' എന്ന മൂന്നാം പതനം ഇരുപതിനായിരം അടിയും ആകുന്നു.

സാധാരണയായി കൽക്കരി കിടക്കുന്ന പതനം കല്ലിശല്ലുകൊണ്ടുള്ള ഒരു പതനത്തിന്റെ മുകളിലായിരിക്കും. അതിന്റെ മീതെയുള്ള പതനം മണ്ണിന്റേതോ ആയിരിക്കും. നോർത്ത് വെയിൽസ്, നോവാസ്കോഷ്യാ എന്നീ രാജ്യങ്ങളിൽ ഈ മൂന്നു പതനങ്ങൾ ഏറ്റവും നല്ല നിലകളായിട്ടു കാണുന്നുണ്ടു്. ചില കൽക്കരിപ്പതനങ്ങൾക്കു മുപ്പതടിവരെ കനമുള്ളതുണ്ടു്. ചില കോൽക്കനികളിൽ കൽക്കരിപ്പതനങ്ങളുടെ ആകമാനമുള്ള കനം പതിനാലായിരം അടിവരെ കണ്ടിട്ടുണ്ടു്. ഈ കൽക്കരിപ്പതനങ്ങളിൽ വേര മുതലായതു കാണുന്നതുകൊണ്ടു കല്ലിശല്ലുള്ള പതനം ഒരു കാലത്തു സസ്യാദികൾ വളർന്നിരുന്ന സ്ഥലമായിരുന്നുവെന്നും, കരയെടുത്തുപോകുമ്പോൾ മണ്ണും പൊങ്ങിവന്നു് അതിന്റെ മീതെ കല്ലുവരെ മൂടി അമർത്തി കാലാന്തരത്തിൽ കൽക്കരിയായിത്തീർന്നവയെന്നും കണ്ടിരിക്കുന്നു. ഈ കോൽക്കരി ഇരുപത്തഞ്ചടി വെച്ചു പരിശോധിച്ചുനോക്കിയാൽ, ഇക്കാലത്തുള്ള വൃക്ഷങ്ങളെക്കാൾ എത്രയോ വലിയതായ വൃക്ഷങ്ങൾ ദ്രവിച്ചുണ്ടായവയായിരിക്കണമെന്നും പറയേണ്ടതാണു്. ഇതിന്റെ ഒരു കാട്ടുമായി പൂഴിയായി, ആ പൂഴിയായി കാടായി, ആ കാട്ടുതന്നെ പിന്നെയും പൂഴിയായിട്ടാണു് ഈ കോൽപ്പതനങ്ങൾ ഉണ്ടായിട്ടുള്ളതു്. ഡാക്ടർ ഡാസൻ എന്നൊരാൾ ഒരടി കൊണ്ടുനോക്കുന്നേടത്തിൽ ഇരുമ്പതു കാട്ട പൂഴിയായിരിക്കണമെന്നും, ഒരു വൃക്ഷം വളരുവാൻ നൂറുകൊല്ലത്തോളം വേണമെന്നു വിചാരിക്കുന്നതായാൽ പതിനായിരം അടി കനമുള്ളതിൽ എത്രയോ ലക്ഷം കൊല്ലം കഴിഞ്ഞിരിക്കുന്നതെന്നു പറയുന്നു.

ചില ജന്തുപ്രാണികളുടെ ഓട്ട ചിതറിയുണ്ടാവുന്നതാകുന്നു ചോക്കു് എന്നു പറയുന്ന സാധനം. ഈ സാധനം കടലുകളിൽ ഇപ്പോഴും ഉണ്ടായിട്ടു കാണുന്നുണ്ടു്. ചോക്കിന്റെ പാറ ഏറ്റവും കനമേറിയിട്ടുള്ളതാകുന്നു. ഒരിഞ്ചു് ചോക്കുണ്ടാകുവാൻ നൂറുകൊല്ലം വേണ്ടിവന്നുകൊണ്ടു് ഒരടി ചോക്കുണ്ടാകുവാൻ ആയിരത്തിരുനൂറുകൊല്ലം കഴി

തെളിയുന്നു. അദ്ധ്യായത്തിലെ ഒടുവിലത്തെ കണ്ണിയിൽ പോകു് ഇപ്രകാരം കണ്ടിട്ടുണ്ടു്. ഈ കണക്കപ്രകാരം മുൻപറഞ്ഞ മൂന്നു പ്രധാനപട്ടണങ്ങളുടേയും ഇടയിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണമാകയാൽ തിരുപ്പതി ലക്ഷം തീർത്ഥം ചെയ്യേണ്ടതായിരിക്കുന്നു. ഈ കണക്കിൽ ഒരു സ്ഥലത്തും യഥാർത്ഥ മാറ്റവും ഉണ്ടാകാത്ത കാലം ഉൾപ്പെടുന്നതല്ല. ശേഷം പിന്നീടു്.

—————

ആർ. വി.



യതിരാജമഹാവതാരപുണ്യ-
ക്ഷിതിയാം കാലടിനാടു കാട്ടുപോലെ
ഗതിയറ്റു കിടന്നിരുന്നതിപ്പോൾ
മതിയാം പട്ടണമായ് വിളങ്ങിടുന്നു.

കലിയതിൽ കൊല്ലവർഷകാല-
പ്പിറവിയിൽ മുന്നൂറ്റിയെഴുപതിൽ
ഗിരിശാംശജനാകുമാചാര്യൻ പിറന്നു
പെരിയാറിൻകരയീ പ്രദേശഭൂമിയിൽ.

അവിടുന്ന മഹാമഹാനുഭാവ-
ന്നിവിടത്തെ ഭിക്ഷ ഭിക്ഷുവരായും
അവിവേകികളാൽ തിരസ്കരിച്ചു
ഭുവി സാധാരണമാണ ദൌർഭാഗ്യമല്ലോ.

ശിഷ്യവരനൊടൊത്തു മഹാമനസ്സനായോ
പട്ടണമെത്തിയിടാതെ ധരാസുരന്മാർ

അറ്റുമെതരമേറ്റോം വെറുക്കും
ചിലനാപ്രായർ പദം കഴകിപോലും. ൪

നിജമാതൃപിതാദ്യുപാധികൊണ്ടോ
ദ്വിജബാലൻ വിട്ടു സന്ന്യസിച്ചുകൊണ്ടോ
സ്വജനാശ്രമം വെടിഞ്ഞു നാട്ടു വിട്ടി-
ട്ടജകല്പർ പരദേശയാത്ര ചെയ്യും. ൫

പലദിക്കിലുമായ് നടന്നു പുണ്യ-
സ്ഥലസഞ്ചാരവിദഗ്ദ്ധനീ യതീന്ദ്രൻ
വിലയേറിയ തത്ത്വബോധസമ്പ-
ന്നില കാട്ടണയാത ഭാഗ്യകാരനായി. ൬

ലിഖിതാംശം പഠിച്ചിരുന്നു കണ്ടു നാനാ-
മതസിദ്ധാന്തമുടച്ചുവാർത്തു വിദ്വ-
ച്ചിതമേറിന ശിഷ്യരൊത്തവന്മാ-
ചിതമമ്മതതം പരത്തി മന്നിൽ. ൭

ഇതി ചിന്തിതനായ്പ്പുരത്തെ സാക്ഷാൽ
യതിരാജനു വിരോധികളിയായി
എതിരേറ്റിനയിം കഴകി നാട്ടിൽ
ക്ഷിതിദേവാധമർ കൂട്ടമായമേയും. ൮

അവശസ്ഥിതിയിൽകിടപ്പിലായോ-
രവരെക്കുമൊലതൊന്നു നോക്കിടാതെ
അവമാനമിടരാത്ത പറ്റുവിച്ചു
ഭൂവന നിർമ്മയരുന്ദ്രേ പെട്ടിടുമോ? ൯

ചരമസ്ഥിതി വന്നടുത്തനേരം
ത്തരമാതമാതയ്ക്കെന്നു സ്മരിച്ചുവരുത്തെ
പരമേശനെവായാതതമാമാ
വരയോഗീന്ദ്രനെയിങ്ങു കണ്ടു മന്നിൽ. ൧൦

പരമാത്മപദത്തിലെത്തി കാണി-
ച്ചരമഞ്ഞു മകൻ വിഭൂതി നല്കി
പരമാചാര്യനിലുള്ള സംസ്കരിപ്പാൻ
ചിതകൂട്ടിക്കിലുമെന്തോ! കഴിഞ്ഞില്ലത്രേ. ൧൧

[illegible]
[illegible] കുടിയിട്ടു
[illegible] നാട്ടിൽ-
[illegible] ശൈചിച്ചു. [illegible]

[illegible] വാഴ്-
ന്നോരു നാടാകിന കാലടിപ്രദേശം
[illegible]
[illegible] മറയാത്ത [illegible] [illegible]

[illegible]
[illegible] കൂടിനിന്ന ദേശം
[illegible]
[illegible] [illegible]

[illegible]
[illegible]
[illegible] പിറന്ന പുണ്യ[illegible]
[illegible] മാഹാത്മ്യമഹോ! വെളിപ്പെടുത്തി. [illegible]

[illegible]
[illegible]
പ്രതിമാ[illegible] കാണാ-
[illegible] [illegible]

[illegible] നിന്നാ-
[illegible] പട്ടണങ്ങളെങ്ങ
[illegible] കാൺമൂ
[illegible] [illegible]

[illegible]
[illegible]
[illegible]
[illegible] കഷ്ടം!! [illegible]

[illegible]
[illegible]

ശൈവാചാരാദ്യാനുഷ്ഠാനമായ് നിയമിച്ചു യോഗി.
വിശേഷോത്തമമന്ത്രങ്ങളാണിവരിന്നതെന്നും- ന്മാർ
മതിയിലിതു നിനച്ചും ശങ്കരാചാര്യയോഗി.
പ്രതിവചനവിൽ വിശേഷാൽ കൈവാരം മേലിലും
യതിവരപാദമോകം കാലടിക്കരണിയിൽപ്പോയ്
പ്രതിഷ്ഠകളെ നമിപ്പിൻ നല്ല നമ്പൂരിമാരേ! ൮൭

ഒരു ഭക്തൻ.

അന്തഃകരണസംസ്കാരം

ലൌകികമായ ധനാദിസമ്പത്തിന്റെ അഭാവം നിമിത്തമുണ്ടാകുന്ന ദാരിദ്ര്യത്തിനെക്കാൾ വളരെ അധികം നികൃഷ്ടമായിട്ടുള്ള



വക ദാരിദ്ര്യത്തെ അനേകം ജനങ്ങൾ അനുഭവിച്ചുവരുന്നതായി നാം കാണുന്നുണ്ടു. ഉൽകൃഷ്ടവിഷയങ്ങളെ ഉദ്ദേശിച്ചുണ്ടാകുന്ന ഉൽകൃഷ്ടചിന്താവികാരങ്ങളുടെ അഭാവം മേൽപറഞ്ഞ ദാരിദ്ര്യത്തിന്റെ ഒരു ഭാഗമാകുന്നു. പിന്നെ സ്നേഹാഭാവം. സ്നേഹാഭാവം നിമിത്തം, സ്വാർത്ഥമായി യാതൊരു ഫലത്തെയും ഇച്ഛിക്കാതെ തൽക്കാലം പ്രാപ്തമല്ലാത്ത ഉൽകൃഷ്ടമനോവ്യാപാരങ്ങളെക്കൊണ്ടു യത്നം ചെയ്യാത്തതു മറ്റും ദാരിദ്ര്യത്തിന്റെ വേറൊരു വകഭേദമാകുന്നു. പിന്നെ സുന്ദരങ്ങളായ പദാർത്ഥങ്ങളെ കാണുന്നതിനും, അവയെക്കണ്ടാനന്ദിപ്പതിനും ആസ്വദിക്കുന്നതിനും അറിയുന്നതിനും ഉള്ള ശക്തിയില്ലായ്മ മനോധർമ്മത്തോടുകൂടിയ കല്പനാശക്തിയുടെ അഭാവം. ഇപ്രകാരമുള്ള ശക്തികളുടെ— നമ്മളിലുള്ള സാമർത്ഥ്യബുദ്ധിയേയും നമ്മെ ലൌകികപ്രാരബ്ധങ്ങളിലുള്ള ക്ഷുദ്രങ്ങളായ പല മാതിരി ഉപദ്രവങ്ങളേയും നശിപ്പിച്ചു നമ്മെ അത്യുൽകൃഷ്ടമായ അവസ്ഥയെ പ്രാപിപ്പിക്കുന്ന മേൽപറഞ്ഞ ശക്തികളുടെ— അഭാവം നിമിത്തമുണ്ടാകുന്ന ദാരിദ്ര്യമാണ് എല്ലാറ്റിലും അധികം ഭയങ്കരമായിട്ടുള്ളതു്; മനുഷ്യർക്ക് എല്ലാറ്റിലുമധികം ഉപ

ത്തെ ഉണ്ടാക്കിത്തീൎക്കുന്നതും അദ്ദേഹമാകുന്നു.’ ഇതിനെ ഒരു പാശ്ചാത്യപണ്ഡിതൻ പറഞ്ഞിരിക്കുന്നു. ഈ വാക്യങ്ങളാണ് ഈ ലേഖനത്തിലെ വിഷയങ്ങൾക്ക് ഒരു സൂചനയായ് തന്നത്.

മേൽപറഞ്ഞ വളരെ സാരമായ അഭിപ്രായത്തെ കുറച്ചുകൂടി വ്യക്തമായി പറയാവുന്നതാണ്. സ്നേഹാഭാവം നിമിത്തമുണ്ടാകുന്ന ദാരിദ്ര്യമാണ് എല്ലാററിലുമധികം ഭയങ്കരവും ദുഃഖകരവുമായിട്ടുള്ളത് എന്നു പറയുന്നതായാൽ, ആ അഭിപ്രായം തന്നെയാണ് കിട്ടുക. എങ്ങിനെ എന്നാൽ, മേൽകാണിച്ച പലവക ദാരിദ്ര്യങ്ങളും സ്നേഹാഭാവം എന്ന ദാരിദ്ര്യവിശേഷത്തിന്റെ അംശങ്ങളായിട്ടാണിരിക്കുന്നത്. അതിന്റെ പ്രാദുൎഭാവത്തിൽ മററുള്ളവയെല്ലാം വന്നുകൂടുന്നു; തിരോഭാവത്തിങ്കൽ ഇല്ലാതാവുകയും ചെയ്യുന്നു. അപ്പുറം മേൽപറഞ്ഞ ദാരിദ്ര്യവിശേഷങ്ങളുടെ നിശ്ശേഷനിവൃത്തി ഉൽകൃഷ്ടമായ സ്നേഹത്തെ ശീലിക്കുന്നതുകൊണ്ടു ഉണ്ടാവുകയുള്ളുവെന്നു വരണം. അല്ലെങ്കിൽ വേറെ വിധത്തിൽ പറയാം. മേൽപറഞ്ഞ ഉൽകൃഷ്ടഗുണങ്ങളുടെ അഭാവം നിമിത്തമുണ്ടാകുന്ന ദാരിദ്ര്യവിശേഷങ്ങളുടെ നിശ്ശേഷനാശം, ഏതൊന്ന് ആ വക ഗുണങ്ങളുടെ സമ്പാദനം, അന്തഃകരണശുദ്ധികൊണ്ടു ഉണ്ടാവുകയുള്ളൂ. ശുദ്ധാന്തഃകരണന്മാരായവൎക്കു മാത്രമേ മേൽപറഞ്ഞ ഉൽകൃഷ്ടഭാവനകളുണ്ടാവുകയുള്ളൂ. അവരിൽ മാത്രമേ പരമാത്മസ്നേഹം ഉദിക്കുകയുള്ളൂ. ‘ഞാൻ, എന്റെ’ എന്ന ഭാവനയും അതുസംബന്ധമായി ക്രൂരങ്ങളും നീചങ്ങളുമായ വേറെ അനേകം ഭാവനകളും ഏതൊരന്തഃകരണത്തിൽ ഉണ്ടാകുന്നുവോ, ആ അന്തഃകരണം മലിനമായിരിക്കുന്നുവെന്നു പറയാം. നേരെ മറിച്ചു ‘ഞാൻ’ എന്ന ഭാവവും സൎവ്വപ്രാണികൾ എന്ന ഭാവവും ഒന്നുതന്നെയായി എവന്റെ അന്തഃകരണത്തിൽ തോന്നുന്നുവോ, അപ്രകാരംതന്നെ ഒരു ‘എന്റെ’ എന്നതും സൎവ്വപ്രാണികളുടെ എന്നതും തുല്യമായി എവന്റെ അന്തഃകരണത്തിൽ തോന്നുന്നുവോ — തനിക്കുള്ള സുഖദുഃഖങ്ങളേയും ഇതരപ്രാണികൾക്കുള്ള സുഖദുഃഖങ്ങളേയും ഒന്നുപോലെ എവൻ കരുതുന്നുവോ, ‘തനിക്കു’ എന്ന സ്വാൎത്ഥബുദ്ധി കൂടാതെ സൎവ്വപ്രാണികൾക്ക് എന്ന നിലയിൽ എവൻ പ്രവൎത്തിക്കുന്നുവോ — അവന്റെ അന്തഃകരണം ശുദ്ധമായിരിക്കുന്നു. ശുദ്ധമായിരിക്കുന്ന അന്തഃകരണത്തിൽ കയറി താമസിക്കുവാൻ പരമാത്മസ്നേഹത്തിനല്ലാതെ വേറെ യാതൊന്നിനും അധികാരമില്ല. ഇപ്രകാരം സ്നേഹത്തിനിരിപ്പിടമായിരിക്കുന്ന അന്തഃകരണത്തോടുകൂടിയവൻ സകല പദാൎത്ഥങ്ങളും സ്വന്തമെ

ളായി തോന്നുന്നു; ഇവണ്ണം സൎവ്വം ആശ്ചൎയ്യത്തോടും ആനന്ദത്തോടുംകൂ
ടെ കാണുന്നു; അവരുടെ സകല പ്രവൃത്തികളും സ്വാൎത്ഥരഹിതമായിരിക്കു
ന്നതിനാൽ ഉൽകൃഷ്ടങ്ങളായും ഭവിക്കുന്നു. സ്നേഹമാഹാത്മ്യം അതിന്റെ
ഏറ്റവും വിസ്താരമായ അൎത്ഥത്തിലാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളത്.
സ്നേഹത്തിന്റെ ഏറ്റവും വിസ്താരമായ അൎത്ഥം ഭക്തിയാകുന്നു. ഒരു
കാൎയ്യലാഭത്തിനുവേണ്ടി ചില പ്രത്യേകപൂജാവിധികളോടുകൂടി ഒരു പ്ര
ത്യേകദേവനെ ഭജിക്കുക എന്നല്ല ഇവിടെ ഭക്തിക്കു വിവക്ഷിച്ചിട്ടുള്ള അ
ൎത്ഥം. അതു, ചില ഗുണവിശേഷങ്ങളോടുകൂടി ഗുണഭേദങ്ങൾമാത്രം അനു
ഷ്ഠിക്കുന്ന ഒരു വ്യാപാരവിശേഷവുമല്ല. ഭക്തി എല്ലാവരും അനുഷ്ഠിക്കാവു
ന്നതാണ്. ഹിന്തുവെന്നൊ ക്രിസ്ത്യൻ എന്നൊ മുസൽമാൻ എന്നൊ മ
റ്റൊ യാതൊരു മതവ്യത്യാസവും ജാതിവ്യത്യാസവും കൂടാതെ എല്ലാവ
ൎക്കും ഒരുപോലെ അനുഷ്ഠിക്കാവുന്നതാണ്. എന്നുതന്നെയല്ല, എല്ലാവ
രും അവശ്യം അനുഷ്ഠിക്കേണ്ടതാണ് എന്നുതന്നെ പറയണം. എ
ന്തെന്നാൽ ഭക്തിയെ ശീലിക്കുക എന്നതു സകല അന്തഃകരണവൃ
ത്തികളേയും സംസ്കരിക്കുക എന്നുള്ള അഭ്യാസവിശേഷമാകുന്നു. അതി
ന്റെ ഫലം അന്തഃകരണശുദ്ധിയും തദ്വാരാ പരമേശ്വരപ്രാപ്തിയുമാകു
ന്നു. എങ്ങിനെയെന്നാൽ, ഈശ്വരസൃഷ്ടിയായിരിക്കുന്ന പ്രപഞ്ചതത്വ
ങ്ങളെ നിരൂപണം ചെയ്യുന്നതും സൎവ്വജനസാധാരണമായി സ്വീകരിച്ചിട്ടുള്ള
ഈശ്വരന്റെ ഉൽകൃഷ്ടഗുണങ്ങളെ അനുസന്ധാനം ചെയ്യുന്നതും ഈ
ശ്വരഭജനങ്ങളല്ലൊ. ഇങ്ങിനെ ഈശ്വരതത്വങ്ങളെ അറിയുന്നതുകൊണ്ട്
ഈശ്വരഗുണങ്ങളെ അനുസന്ധാനം ചെയ്യുന്ന സമയത്തു നമ്മുടെ
അന്തഃകരണവൃത്തികൾ തദ്ഗുണാത്മകമായി പരിണമിക്കുന്നു. ഈ
വിധം നാം സൎവ്വദാ ശീലിക്കുന്നതായാൽ നമ്മുടെ സകല അന്തഃകര
ണവൃത്തികളും ഉൽകൃഷ്ടങ്ങളായി ഭവിക്കുന്നു. നീചവൃത്തികൾക്ക് അ
പ്പോൾ സ്ഥലമില്ലാതായി ഭവിക്കുന്നു. അപ്പോൾ അന്തഃകരണം പൂൎണ്ണ
മായി സംസ്കരിക്കപ്പെടുകയും തന്നിമിത്തം ശുദ്ധമാവുകയും ചെയ്യുന്നു.
അന്തഃകരണം ശുദ്ധമായാൽ അതു് ഉൽകൃഷ്ടഭക്തിക്കു യോഗ്യമായി ഭവി
ക്കുന്നു. ഉൽകൃഷ്ടഭക്തി എന്നു വെച്ചാൽ ഈശ്വരങ്കൽ പരമപ്രേമം എന്ന
ൎത്ഥമാകുന്നു. ഈശ്വരങ്കൽ പരമപ്രേമമെന്നു വെച്ചാൽ ഈശ്വരമയമാ
യിരിക്കുന്ന സകല പദാൎത്ഥങ്ങളേയും ഒരുപോലെ സ്നേഹിക്കുക എന്ന
ൎത്ഥമാകുന്നു. ദൈവതാരപുത്രനെന്നു ക്രിസ്ത്യാനികൾ പറയുന്ന യേ
ശുക്രിസ്തു എന്ന മഹാൻ ഇങ്ങിനെ പറയുന്നു. "അന്തഃകരണശുദ്ധി യ

ന്ദ്രിയങ്ങൾ അനുഗൃഹീതന്മാരാകുന്നു. എന്തെന്നാൽ അവർക്ക് ഈശ്വര സാക്ഷാൽകാരമുണ്ടാകുന്നു.” ഈ അവസ്ഥ സിദ്ധിക്കുന്നതാണ് ജീവിതം കൊണ്ടുള്ള പരമോദ്ദേശ്യം. ഈ ഉദ്ദേശ്യത്തെ സാധിക്കുന്നതിനുള്ള അഭ്യാസം മനുഷ്യജീവിതത്തിൽ പൂർണ്ണസൗഖ്യവും അതിനുതകുന്ന മനസ്സമാധാനവും ഉണ്ടാകുമാറ് ലോകവ്യവഹാരത്തെ നിർവ്വഹിക്കുന്നതിനുള്ള യോഗ്യത സിദ്ധിക്കുന്നതിനുള്ള അഭ്യാസവും അതോടുകൂടിത്തന്നെ കഴിയുന്നതാണെന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ. അതിനാൽ ലൗകികമായ കാര്യങ്ങളെ യഥാവിധി നിർവ്വഹിക്കുന്നതിനു മനുഷ്യനെ യോഗ്യനാക്കുന്നതിനു പുറമെ ജീവിതത്തിന്റെ പരമപ്രയോജനമായ ഈ അവസ്ഥയെയും പ്രാപിക്കുന്നതിന് അവരെ യോഗ്യരാക്കുന്നത് ഏതു വിദ്യാഭ്യാസ സമ്പ്രദായംകൊണ്ടോ, അതേ പൂർണ്ണമായിട്ടുള്ള വിദ്യാഭ്യാസമാകയുള്ളൂ എന്നും, മറ്റു മതിയെ ശീലിക്കുന്നതുകൊണ്ടു സാധിക്കുന്നതാണെന്നും വരുന്നുണ്ട്. എന്നാൽ മേൽപറഞ്ഞ അവസ്ഥ എല്ലാവർക്കും അത്ര വേഗത്തിൽ സിദ്ധിക്കുന്നതല്ല. എങ്കിലും അവരെ ഉൽകൃഷ്ടമാക്കിത്തീർക്കത്തക്ക വിധത്തിലായിരിക്കണം വിദ്യാഭ്യാസരീതി എന്നതിനു സംശയമില്ല. പരമാവധിയിൽനിന്ന് ഇപ്പോൾ നാം വളരെ ദൂരെയാണെങ്കിലും, നമ്മുടെ വഴി തെറ്റിപ്പോവാൻ പാടില്ല. അതിനായിട്ടാണ് നാം എപ്പോഴെങ്കിലും അവിടെ എത്തത്തക്ക വിധത്തിലായിരിക്കണം.

ഇവിടെ ഈശ്വരനിൽ ഭക്തി എന്നും വിദ്യാഭ്യാസം എന്നും, തലവാചകത്തിൽ അന്യോന്യം സംബന്ധിക്കുന്നതായി രണ്ടും ചേർത്തുകാണുന്നുവല്ലോ. അവയ്ക്കു തമ്മിൽ എന്തൊരു സംബന്ധമാണുള്ളത് എന്നു വായനക്കാർ വിചാരിക്കുമായിരിക്കും. എന്നാൽ കാര്യം ആലോചിച്ചു നോക്കുന്നതായാൽ എല്ലാം വളരെ സംബന്ധപ്പെട്ടതായിരിക്കുന്നുവെന്ന് കാണാവുന്നതാണ്. നമ്മെ നമ്മുടെ ചുറ്റും കാണുന്ന ലോകത്തിനും ഈശ്വരനും തമ്മിൽ നാം വിചാരിക്കുന്നപോലെ അന്തരമില്ല; നമ്മളിൽനിന്നോ അല്ലെങ്കിൽ ബാഹ്യപ്രപഞ്ചത്തിൽനിന്നോ ഈശ്വരൻ എന്ന പദാർത്ഥത്തെ വളരെ ദൂരത്തിലല്ല സ്ഥിതി ചെയ്യുന്നത് എന്നു കാര്യമാലോചിച്ചാൽ അറിയപ്പെടുന്നതാകുന്നു. ‘മയി സർവ്വമിദം പ്രോതം സൂത്രേ മണിഗണാ ഇവ’ എന്നു ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ ഉപദേശിച്ചിരിക്കുന്നു. എന്നിൽ പ്രപഞ്ചമാസകലം നൂലിൽ മണികൾ എന്നപോലെ, കോർക്കപ്പെട്ടിരിക്കുന്നു; അദ്ദേഹം സർവ്വത്ര വ്യാപിച്ചുകൊണ്ട് ചരാചരാത്മകമായ സർവ്വപ്രപഞ്ചത്തിലും— സർവ്വപദാർത്ഥങ്ങളിലും കൂടി— അനുസ്യൂതമാ

യി സ്വസ്വരൂപത്തെ സർവ്വദാ പ്രകാശിപ്പിച്ചുകൊണ്ടു സ്ഥിതി ചെയ്യുന്നവ നാകുന്നു. ഗീതയിൽ പറഞ്ഞിട്ടുള്ള വിശ്വരൂപദർശനംകൊണ്ടും ഇത് [illegible] [illegible] എന്തിനാൽ സകലശാസ്ത്രങ്ങളും [illegible] [illegible] പ്രപഞ്ചത്തെ [illegible] വെളിപ്പെടുത്തുന്ന [illegible] [illegible] [illegible] വെളിപ്പെടുത്തു[illegible] [illegible] സ്പഷ്ടമാകുന്നുണ്ട്. ഒരുവൻ ഏതെങ്കിലും ഒരു ശാസ്ത്രത്തെ പ [illegible] അതിന്റെ [illegible] [illegible] [illegible] [illegible] നിശ്ചയമായി ഒരു പരമതത്വത്തെ [illegible] ഈ [illegible] സൂക്ഷ്മമായിട്ട് [illegible] [illegible] [illegible]. ശാ സ്ത്രവിചാരം ചെയ്യുക എന്നത് ഒരു മാതിരി [illegible]. [illegible] [illegible] കാര്യമാണ് സിദ്ധിക്കുന്നത്. [illegible] [illegible] [illegible]. കേവലം ശാസ്ത്രവിചാരംകൊണ്ട് [illegible] [illegible] [illegible] [illegible] അന്തഃകരണത്തിന്റെ [illegible] ബുദ്ധിവൃത്തിയുടെ സംസ്കാരവും [illegible] ഉണ്ടാകുന്നു. അന്തഃ കരണത്തിന്റെ [illegible] [illegible] [illegible] [illegible] അന്തഃകരണത്തിലുള്ള എല്ലാ വൃത്തികളും [illegible] [illegible] [illegible] മാത്രമേ അവൻ [illegible] [illegible] [illegible]. അല്ലാത്ത പക്ഷം അവൻ [illegible] ശാസ്ത്രങ്ങളുടെ [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible], ജീവിതത്തിന്റെ [illegible] [illegible] [illegible] അവനെ സാധിക്കുന്നതല്ല. ഈ [illegible] [illegible] ട്ടാണ്, [illegible] [illegible] എല്ലാ [illegible] [illegible] [illegible] [illegible] അടിസ്ഥാനമാക്കി [illegible] [illegible], [illegible] [illegible] [illegible] [illegible], [illegible] [illegible] [illegible] [illegible] ഏർപ്പെടുത്തിട്ടുള്ളത്. [illegible] [illegible] [illegible] കാര്യങ്ങളെ നിവൃത്തിക്കുന്നതി ന്ന യോഗ്യമായി [illegible], [illegible] [illegible], [illegible] [illegible] [illegible], [illegible] [illegible] [illegible] [illegible] [illegible] [illegible] വ്യക്തമാക്കുവാനാണെങ്കിൽ, [illegible] [illegible] [illegible] [illegible] ലോകകാര്യങ്ങളെ യഥാവിധി നിവൃത്തിച്ചു [illegible] [illegible], [illegible] ധർമ്മങ്ങളും, അതിന്റെ വിപരീതം [illegible]

ന്നം പറയാം. വേദശാസ്ത്രാദികളുടെ അദ്ധ്യയനംകൊണ്ടു തത്ത്വങ്ങളുടെ സാക്ഷാൽക്കാരമുണ്ടാവുകയും, അതോടുകൂടി ബുദ്ധിസംസ്കാരമുണ്ടാവുകയും, പിന്നെ ധർമ്മങ്ങളായ അനുഷ്ഠാനങ്ങളെക്കൊണ്ട് അന്തഃകരണത്തിലുള്ള രാഗദ്വേഷാദിവൃത്തികളും സംസ്കരിക്കപ്പെടുകയും, ഇങ്ങിനെ സർവ്വപ്രകാരേണ അന്തഃകരണം സംസ്കരിക്കപ്പെട്ടു ശുദ്ധമായിത്തീരുമ്പോൾ, ആ അന്തഃകരണത്തിൽ സ്വപ്രകാശസ്വരൂപമായ ആത്മചൈതന്യം പ്രകാശിക്കുകയും, അപ്പോൾ അവർ നിവൃത്തിപ്പെട്ടവരാവുകയും ചെയ്യുമെന്നു താല്പര്യം; എന്നാൽ നമ്മുടെ ഇടയിൽ ഇപ്പോൾ പ്രവൃത്തിയെ പ്രധാനമായി സംസ്കരിക്കുന്ന ലൗകികതത്ത്വപ്രതിപാദകങ്ങളായ ശാസ്ത്രങ്ങളെ അദ്ധ്യയനം ചെയ്യുന്നതിലാണ് വിദ്യാഭ്യാസസമ്പ്രദായം ഏർപ്പെട്ടിരിക്കുന്നത്. ഇത് ശരിയാണോ എന്നതിന് ഈയിടയിലെ ഇപ്രകാരത്തെ അസമാധാനം തന്നെ തെളിവാകുന്നു. നമ്മുടെ ഭരണകർത്താക്കന്മാരും നമ്മുടെ ഇപ്രകാരത്തെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ചുമതലക്കാരുമായ ഇംഗ്ലീഷുകാർക്ക് ഈ ഭാരതഖണ്ഡത്തിലെ ആചാരങ്ങൾ വിഷയമായിത്തീർന്നിട്ടില്ലെന്നതു നാം അറിയണമല്ലോ.

എന്നിരുന്നാൽ ആത്മജ്ഞാനാർത്ഥികളായ കാര്യങ്ങളെ ശരിയായും നിവൃത്തിക്കുന്നതിനും, അതുപോലെ സദാചാരാനുവൃത്തികളെയും സംസ്കരിക്കുന്നതിനും ഈ വിദ്യാഭ്യാസരീതി യോഗ്യമായി വരുന്നില്ല, ഏതു ദിക്കിലായിരിക്കുന്നാലും വേണ്ടതുമില്ല. ഇതെങ്ങിനെയായാലാണ് സാധിക്കുക എന്നാണ് ഇനി വിചാരിക്കേണ്ടത്. മതവിഷയമായ ഉപദേശങ്ങൾ ഇപ്രകാരത്തെ വിദ്യാഭ്യാസരീതിയിലില്ലാത്തതിനാൽ ഈ സമ്പ്രദായം ദോഷമുള്ളതായിത്തീരുന്നു എന്നും, അതിനാൽ ആ വക വിഷയങ്ങളെ പാഠശാലകളിൽ ഏർപ്പെടുത്തേണ്ടതാകുന്നു എന്നു ചില മഹാന്മാർ അഭിപ്രായപ്പെടുന്നു. ആ അഭിപ്രായം എത്രയും ബഹുമാനമായിട്ടുള്ളതാണെങ്കിലും അതുകൊണ്ടു ഉദ്ദിഷ്ടകാര്യം ഉദ്ദേശൻ ഇപ്പോൾ സാധിക്കുമോ എന്ന സംശയമാകുന്നു. എന്തെന്നാൽ 'ദൈവം സർവ്വം ആകുന്നു,' 'സകല പ്രാണികളെയും സ്നേഹിക്കേണ്ടതാകുന്നു;' 'ഒരുത്തൻ ചെകിട്ടത്തടിച്ചാൽ മറ്റെ ചെകിടു കാണിച്ചുകൊടുക്കണം,' 'അഹിംസാ പരമോ ധർമ്മഃ' എന്നിങ്ങിനെ കേവലം ശബ്ദരൂപേണ മാത്രമുള്ള ഉപദേശം വിദ്യാർത്ഥികളിൽ എത്രത്തോളം ഫലിക്കുമെന്നു കാര്യം വളരെ സംശയത്തിലാണിരിക്കുന്നത്. എന്തെന്നാൽ, ഉപദേശത്തെ അനുസരിച്ച് അനുഷ്ഠിപ്പാൻ ശക്തിയില്ലാത്ത ഉപദേഷ്ടാക്കന്മാ

യുടെ ഉപദേശത്തിനൊത്താണ് വിദ്യ അതെങ്ങിനെയാണ് വിദ്യാർത്ഥി കൾക്ക് ബോദ്ധ്യപ്പെടുന്നത്? ഉപദേശിപ്പാനുള്ള സാമർത്ഥ്യംപോലെ അ നുഷ്ഠിപ്പാൻ ശക്തിയുള്ള ഉപാദ്ധ്യായന്മാർ ഇപ്പോൾ ചുരുക്കമാണ് താനും. ഉപാദ്ധ്യായന്മാരെല്ലാം സദാചാരങ്ങളെ അനുസരിച്ചിരുന്ന ഗുരു ക്കന്മാരാണ് പണ്ടു ധർമ്മോപദേശത്തെ ചെയ്തിരുന്നത്. വിദ്യാർത്ഥികൾ ആ വക ഉപദേശങ്ങളെ ശ്രദ്ധാപൂർവ്വം ഗ്രഹിച്ചുകൊണ്ടാൽ അവയിൽ അ വർ നല്ലവണ്ണം ഭക്തിയും വിശ്വാസവുമുള്ളവരായിരുന്നു. അതുപ്രകാരം അ വർ നടക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇപ്പോഴത്തെ രീതിയിൽ വിദ്യാഭ്യാസം ചെയ്തിട്ടുള്ളവ രിൽ അനേകം പേർക്ക് ഈശ്വരനിൽ വിശ്വാസമില്ല. അതിനാൽ അ ദ്ദേഹത്തിൽ ഭക്തി ചെയ്യുക എന്നതു പഠിപ്പിക്കാത്ത ഗ്രന്ഥങ്ങളുടെ പ്രചാരമായിരിക്കുന്നു. പാശ്ചാത്യരിലുള്ള ഉപദേശങ്ങളിലും വൈദികവി ധികളിലും അനുഷ്ഠാനങ്ങളിലും വിശേഷമായ ശ്രദ്ധയില്ല എന്നല്ല. വ ളരെ പുച്ഛത്തോടു കൂടിയായി കാണുന്നു. ശാസ്ത്രകർത്താക്കന്മാർ അനേകം തരക്കാരെ [illegible] ഭാഷയിൽ 'പേഗൻസ്', എഗ്നോസ്റ്റിക്സ്, ഇൻഫിഡൽസ്' എന്നിവയെയുള്ള പേരുകളെക്കൊണ്ടാണ് പറയുന്നത്. ഇതുകൊണ്ടുതന്നെ അവരുടെ സ്വരൂപം മനസ്സിലാക്കി എന്നു തോന്നുന്നു. നമ്മുടെ [illegible] നാസ്തികരെന്നപോലെയും ആവിധവും പോലെയും, നമ്മുടെ അനേകം കർണ്ണാവൃത്തികളെ [illegible] നമസ്കാരാദികൾ എന്ന [illegible] പോലെയും — ഇതിനെ സൂ ക്ഷിച്ചിട്ടുള്ള [illegible] വിവിധശക്തിവിശേഷങ്ങളെ കേവലം ഉപയുക്തമായിട്ടുള്ള ഇതുപോലെ ഉപദേശിച്ചുതരികയല്ലാതെ അ വിടവിടെ കർക്കശമായി — വിചാരിക്കുന്നുവെങ്കിൽ ആ ജ്ഞാനകോ ശം നമുക്ക് ഉൽകൃഷ്ടമായിട്ട് എന്തു ഫലമാണ് സിദ്ധിക്കുന്നത്? അതു കൊണ്ട് മനോവ്യാപാരത്തിന് എത്ര സംസ്കാരവിശേഷങ്ങളുണ്ടാകുന്ന ത്? നമ്മുടെ ജീവിതംകൊണ്ടുള്ള പരമപ്രയോജനം അതുപോലെ എ ങ്ങിനെ സാധിക്കും. 'നമ്മുടെ [illegible] തലച്ചോറുകൊണ്ട് പ്രപഞ്ച ത്തെയും ഈശ്വരൻ സൃഷ്ടിച്ചുവെന്ന വിചാരിക്കുന്നതിൽപ്പരം [illegible] ല്ലാതൊരു വിഡ്ഢിത്തമില്ല' എന്ന കാർലൈൽ എന്ന മഹാൻ പറയു ന്നു. മറ്റൊരു സ്ഥലത്തിൽ 'പ്രപഞ്ചത്തിന്റെ [illegible] ഗാംഭീര്യത്തെ ആലോചിച്ചു നോക്കുമ്പോൾ നമ്മുടെ ന്യായശാസ്ത്രം

യുക്തിഭാഗസ്സൂ്യവും കേവലം കുട്ടികളുടെ കൊഞ്ചല് എന്നല്ലാതെ വേറെ ഒന്നും പറവാൻ പാടില്ലെ് എന്നു പറയുന്നു.

അതിനാൽ ജനസമൂഹത്തിന്റെ ഏകദേശാംഗത്തെ മാത്രം സംസ്കരിപ്പിക്കുന്നതായ വിദ്യാഭ്യാസത്തിനു പകരം ഇപ്പോഴത്തെ കാലത്തെയും ഇപ്പോഴത്തെ ജനസമുദായത്തിന്റെ വാസനയേയും അനുസരിച്ച് സമഗ്രമായിട്ടുള്ള സംസ്കാരം ഏതു രീതിയിലുള്ള വിദ്യാഭ്യാസം കൊണ്ടു സിദ്ധിക്കുമെന്നാണ് ഇനി ആലോചിക്കുവാനുള്ളത്. അതു വേറൊരവസരത്തിൽ നിരൂപിക്കാം.

കെ. എം.

ഒരു യോഗം

വിശ്വവിശ്രുതനായ കൊച്ചി ശക്തൻതമ്പുരാൻ തിരുമനസ്സിലെ രാജ്യഭാരകാലത്ത് ഒരു ദിവസം രാത്രി പത്തുമണിക്കു ശേഷം എറണാകുളത്തുള്ള മുറൊമതിയിൽ പ്രമാണിയായ കൊച്ചക്കിട്ടിയപ്പുന്റെ വീട്ടിനകത്തുള്ള ഒരു നിലവറയിൽ മുറൊമതിയുടെ ഒരു യോഗം കൂടിയിരുന്നു. ഈ യോഗം ഈ സ്ഥലത്തും സമയത്തും ഇതിനു പതിവായി കൂടിയതല്ല. അതിനു മുമ്പും പലപ്പോഴും കൂടുകയും, പല കാര്യങ്ങളെപ്പറ്റി ആലോചിക്കുകയും, തീർച്ചപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. യോഗത്തിൽ ഇരുപതു വയസ്സിനു മേൽ നാല്പതു വയസ്സിനു താഴെ പ്രായമുള്ളവരായി ഉദ്ദേശം നാല്പതുപേർ സന്നിഹിതരായിരുന്നു. യോഗാംഗങ്ങളെല്ലാം സാമാന്യത്തിലധികം ക്ഷോഭിച്ചിട്ടുണ്ടെന്ന്, അവരുടെ മുഖം നോക്കിയാൽ വിശ്വസിയാത്ത ഒരുവനു കൂടി അറിയാവുന്നതാണ്. എന്നാൽ, എത്രയും സമർത്ഥനായ ഒരുവനു കൂടി ആ യോഗത്തിൽ പ്രവേശം ലഭിപ്പാൻ സാധിക്കില്ലെന്നുള്ള കാര്യംകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. എന്നാൽ, അകായിലല്ലാ കടക്കാനോ ഭിക്കിലായിരുന്നു അറിയപ്പെടാവുന്ന നാലു മാപ്പി



ളമാർ (മാപ്പിളമാർ) മുഹമ്മദിനെക്കൊണ്ടും വലിയ പാഠങ്ങൾകൊണ്ടും ഇ
രിക്കുന്നുണ്ട്. അവർ വെറുതെ ഇരിക്കുന്നവരാണെന്ന തോന്നലുണ്ടെങ്കിലും ഹൃദ
യത്തിൽ മതത്തിനായല്ലെന്നും, ദേശപാലനത്തിനായി ഇരിക്കുന്നവരാ
ണെന്നും അവരെല്ലാം കടക്കാൻ ശ്രമിക്കുന്നവരായിരിക്കുന്നതാണ്. ഒ
ന്നാമതു, വല്ല വിധേനയും അകത്തു കടന്നു കൂടിയാൽതന്നെ നിലവറ
യിലുള്ള പ്രയാസമൊക്കെ എത്രയാണെന്ന് ശില്പിശാസ്ത്രത്തിൽ വിദഗ്ദ്ധനാ
യ ഒരാൾക്കു കൂടി അറിയുവാൻ പ്രയാസമാണ്. ഈ രണ്ടു ദുഃഖങ്ങളും
നിവൃത്തിച്ച് നിലവറയിൽ ചാടി വീഴുന്നതായാൽതന്നെ പട്ടിണി കിട
ക്കേണ്ട കാലത്തിന്നു മുമ്പിൽ അകപ്പെട്ട ഒരു ആട്ടിൻകുട്ടിയുടെ
യും, ഇതു വെച്ചുനോക്കുമ്പോൾ വലിയ വ്യത്യാസമൊന്നും ഉ
ണ്ടാവുന്നതല്ല.

സാമാജികന്മാരെല്ലാം നിലവറയിൽ വിരിച്ചിട്ടുള്ള ഒരു പായ
യുടെ നടുക്കായി വെച്ചിട്ടുള്ള ഒരു നിലവിളക്കു, വെറ്റിലത്തട്ടു, കോളാ
മ്പി ഇവയുടെ ചുറ്റും [illegible] കോയക്കുട്ടി
മൂസ്സ തന്നെ ആദ്യമായി സംസാരിപ്പാൻ തുടങ്ങി.

മൂസ്സ— ഈ രാജ്യത്തിന്നു പറ്റിയ ഒരു കാലം വരുമ്പോൾ പൊറുപ്പിപ്പാൻ
വയ്യാതായി.

കണ്ടഹമ്മത്— ഈ പറഞ്ഞതു ശരിയാണ്. ആളുകളും മതിയാ
യില്ല മാപ്പിളമാരെ കണ്ടു ഭയപ്പെടുന്നത്?

മൂസ്സ— ഇതുവരെ നമ്മുടെ ഭയം പോയി. ഇന്നലത്തെ ആ ആലോച
ട്ടിനെ കൊന്നത്? ആലോചിച്ചിട്ട് ശരിയായുള്ള ഒരു അഭിപ്രായം ഈ
കൊല്ലത്തില്ല?

വീരാൻകുട്ടി— അതു ചതിയായ കാര്യം. ഈ കൊല്ലം വെറുതെ വിട്ടുകൂടാ.

അഹമ്മദ്—വെറുതെ വിട്ടുകൂടാ. വിട്ടാൽ ഞാനും ഇതെല്ലാം അറിഞ്ഞില്ല
ഈ പറയുന്നത്. വാക്കു ഒന്നും, ക്രിയ വേറെ, ഇതിനൊക്കെ
ഇപ്പോ മാപ്പിളമാരുടെ നില.

മൂസ്സ— ആ ആലോചനയ്ക്ക് പറഞ്ഞു കേട്ടതു കൈവിട്ടിരിക്കുന്നത്. നാളെ
വന്നുകൂടിയതിന്റെ ശേഷമാണ് ഇതു തോന്നിയതു വന്നത്.

കണ്ടഹമ്മത്— എന്തു പറഞ്ഞാലും അങ്ങേരുടെ വാക്കു കേട്ടാൽ അ
താണ് നേര് എന്ന തോന്നും. അത്രയ്ക്കു ശക്തിയുള്ള ആളാണ്.

ചിത്രൻകുട്ടി— ആ കണക്കയിത്രാസ്സ് ഇനിയും വന്നില്ലല്ലൊ. അവന്റെ കൂടെത്തന്നെ മത്സരത്തിന് എട്ടുകാല് ഉപ്പും കയിഞ്ഞില്ലേ? അവനല്ലേ എന്താ ഇന്ന വേണ്ടതു്? അവനല്ലേ ആദ്യം ഈ യോഗത്തിൽ എത്തേണ്ടതാൻ?

ശാസ്ത്രി— ഇപ്പം പോകയായിരിക്കും—

'ഇങ്ങും പോകണ്ട കിഴക്കും പോകണ്ട' എന്ന പറഞ്ഞുംകൊണ്ട് ആ സമയത്തു കണക്കയിത്രാസ്സ് നിലവറയിൽ പ്രവേശിച്ചു.

കണക്കയിത്രാസ്സ്—ഞങ്ങൾ മാത്രം വരേണ്ടുന്ന ഭോഗം പറഞ്ഞേയ്. ആശരിയാരെവിടെ?

ശാസ്ത്രി—ആശരിയാരെക്കാണ്ടോ? പറഞ്ഞിട്ടില്ലേ? ഒട്ടിയ കയ്യിന മെയ്യായ്ക്കു പോണം. മണ്ണിപ്പോൾ ഞങ്ങളെ കൂട്ടണോ? ഞങ്ങൾ തന്നെ ഈ പഥ്യമാണ് കഴിയണം.

ഇത്രയും പറഞ്ഞു തീരുമ്പോഴേക്കും ആശരിയാരും ശിഷ്യനും നിലവറയിൽ പ്രവേശിച്ചു കഴിഞ്ഞു. എല്ലാവരും എഴുന്നേറ്റു ആശരിയാരെ ഒരു പായപലകയിന്മേൽ ഇരുത്തി യഥാപൂർവ്വം ഇരുന്നു. ഈ ആശരിയാരെക്കുറിച്ചു രണ്ടു വാക്ക് പറഞ്ഞുകൊള്ളട്ടെ.

മഹമ്മദീയരുടെ താടി വെൺനരമേപോലെ ഇരിക്കുന്നു എന്നു പറയാമെങ്കിൽ, ആശരിയാരുടെ താടി വെൺനരമേതന്നെയെന്നു പറയാം; അത്രദീർഘവും ധവളവും നിർമ്മലവും ആണ്. താടിയുടെ സ്ഥിതി നോക്കിയാൽ അറുപതിലധികം വയസ്സായി എന്നു തോന്നുമെങ്കിലും ദേഹത്തിന്റെ മാർദ്ദവവും ആരോഗ്യവും പല്ലുകളുടെ ധാവള്യവും ഉറപ്പും നോക്കുന്നതായാൽ നാല്പതിലധികമായി എന്നു തീർച്ചയും പറയുവാൻ തോന്നുകയില്ല. ആളു നിത്യവൃത്തിയിലുള്ള നിഷ്ഠയ്ക്കുകാരനായിരിക്കണം. ആശരിയാര മദ്ധ്യശിക്കാരനാണെന്ന് ശാസ്ത്രിയുടെ വാക്കിൽനിന്ന വരുന്നുണ്ടല്ലൊ. ഈ ദേശത്തിലെ ആളുകളോടു പരിചയമായിട്ട് അധികം കാലമായിട്ടില്ല. ദേശാടനത്തിനായി പോകുന്ന മദ്ധ്യത്തിൽ ഒരു ദിവസം രാത്രി ദൈവം കൂടടെ സമ്മതമായ പഞ്ചുമേനോന്റെ വലിയ മകളുടെ ലക്ഷ്മിക്കുട്ടിയമ്മയുടെ വീട്ടിൽ വന്നു. കുറെ നേരം പരീക്ഷിച്ചതിന്റെ ശേഷം ആശരിയാരുടെ പരമാർത്ഥതയെയും, പലവിധമായ അറിവിനെയും, ഇഷ്ടം മന്ത്രത്തിനോടുള്ള പ്രത്യേകപ്രതിപത്തിയെയും പറ്റി പൂർണ്ണമായി ബോദ്ധ്യ

പ്പെട്ടതിൽപ്പിന്നെയാണ്, അദ്ദേഹത്തെയും ശിഷ്യനേയും ഈ യോഗ
ത്തിൽ അംഗങ്ങളായി സ്വീകരിച്ചത്. അദ്ദേഹം ശിഷ്യനും എല്ലാ യോ
ഗങ്ങൾക്കും ഹാജരാവാറുണ്ട്. എന്നാൽ നല്ല ലോകപരിജ്ഞാനവും പഴക
വും മുതൽ ഉദ്യമങ്ങളുംകൊണ്ട് 'ഊറ'യോടുകൂടിയ കൊച്ചുകുട്ടിപ്പിള്ള മുതൽ
പേരുടെ ആലോചനകൾക്ക പലപ്പോഴും തടസ്ഥം പറയാറുണ്ട്. അന്നേ
ദിവസം യോഗത്തിൽ തക്ക സമയത്ത് എത്താനക്കവണ്ണം പുറപ്പെട്ടുവെ
ങ്കിലും പിള്ളയുടെ വീട്ടിന്റെ സമീപത്ത് എത്തിയപ്പോൾ അന്തഃപുരത്തി
ന്റെ സ്ത്രീകൾ തമ്മിൽ നടന്ന ഒരു സംഭാഷണം ശ്രദ്ധിച്ചു കേൾ
ക്കാൻ ഇടയായതിനാൽ അതിന്റെ അവസാനം വരെ അവിടെ
നിന്നു.

ഒരാൾ—ഇതൊക്കെ പറയുന്നല്ലൊ. ഞങ്ങളെ വന്ന് ആരെങ്കിലും പിടി
ച്ചു മാപ്പിളമാരു കണ്ടു നില്ക്കുമോ?

വേറൊരാൾ—ആമിനയിന്റെ പുത്തി നാന്, നമ്പൂരിച്ചിയിന്റെ കെട്ടി
യോനാണോ തമ്പ്രാൻ?

ആമിന—പാത്തു എന്താണിപ്പെഴ്? ഇപ്പം നോക്ക എങ്കിൽ തമ്പ്രാൻ എല്ലാ
ർക്കും കെട്ടിയോനാണ്. എല്ലാരെ രച്ചിക്കണതു തമ്പ്രാൻ അല്ലേ?

പാത്തു—ആലിക്കുട്ടിയാക്കയിനെ നല്ല രച്ചിക്കലോ രച്ചിച്ചത്. വാളിരി
കയ്ത്തില് കൊണ്ടു.

ആമിന—ഇന്നലെ വരെ കൊല്ലാത്തത് എന്തേ? തോന്ന്യാസത്തിനു പു
റപ്പെട്ടു; അല്ലാ ആ പാവത്തിനെ രച്ചിക്കാൻ വേണ്ടി കൊന്നു.
അതിനി മാപ്പിളമാര് ഇതൊക്കെ കലമ്പാനോ?

പാത്തു—ഒരു പെണ്ണിനെ തൊടാമ്പോഴു കൊല്ലുന്നെങ്കിൽ ഒരാളെ
കൊന്നാപ്പകരം കൊന്നൂടേണോ?

ആമിന—വളരെ നല്ല ഇരുതി. രണ്ടിന്റേം തരംപതം അറിയാത്ത നി
ന്നോടു ഞാനെന്താ പറയണ്. തമ്പ്രാനെ കൊല്ലാൻ എഴുപ്പത്തി
നാലിലും പക്ഷേ്വാനില്ല തൊഴത്തില്. എന്റെ അള്ളാ! കൊ
ണ്ടുള്ള പൊന്നു തമ്പ്രാന് ഒരു മാപ്പുകേട് വരാതെ കാക്കണേ!

സംഭാഷണത്തിനിടയിൽ എന്തോ സഹിപ്പാൻ പാടില്ലാതെ
യായിട്ടു ശിഷ്യൻ ചില ശബ്ദങ്ങൾ പുറപ്പെടുവിപ്പാൻ ഭാവിച്ചുവെങ്കിലും
ഹാജിയാർ അതിനെ പെട്ടെന്നു നിരോധിച്ചതിനാൽ സംഭാഷണം മുഴു
വൻ കേൾക്കുവാൻ സാധിച്ചു. ഈ സംഭാഷണം കേട്ടതിനാലുള്ളൊരു

ണ് ഖാസിയാർക്ക് ശിഷ്യന്മാർ സഭയിൽ ഹാജരാകുവാൻ അല്പം താമസം നേരിട്ടു. ആ കാലങ്ങളിൽ മക്കത്തു ഹജ്ജിനു പോവുന്നതു ഇസ്ലാമ്യമായ ഒരു കാര്യമായിരുന്നതിനാൽ ഖാസിയാർമാർ വളരെ ചുരുക്കവും, അവരെയുള്ള ആദരമാനം ഇന്നത്തെ അധികവും ആയിരുന്നു. ഇതു ഗ്രഹിച്ച് ഇനി വായനക്കാരെ യോഗത്തിലേക്കു തന്നെ ക്ഷണിക്കുന്നു.

ഖാസിയാർ— അലിക്കുട്ടിയെ കാണാനില്ലല്ലോ. എവിടെ?

മൂസ്സ— അലിക്കുട്ടി അമ്മക്കൊക്ക് തലപിടിക്കുവാൻ മമ്പുട്ടി അങ്ങോട്ട് പോയിക്കഴിഞ്ഞു.

ഖാസിയാർ— ഈ പാണന്റെ അർത്ഥം എനിക്കു മനസ്സിലായില്ല.

മൂസ്സ— ആ പഹയന്റെ വാള് കഴുത്തിൽ വീഴുമ്പോ മനസ്സിലാവും. നാട്ടിൽ പാട്ടായ ഈ വർത്താനം ഖാസിയാര് കേട്ടില്ലെന്നോ?

ഖാസിയാർ— അങ്ങാടിക്ക ഇത്ര ദൂരത്ത് താമസിക്കുന്ന ഞാൻ എങ്ങനെ കേക്കാനാ?

മൂസ്സ— എന്താ കേക്കാൻ. ഒരു നമ്പൂരിന്റെ പെണ്ണിന്റെ അരുമയെ വച്ച് തമ്പ്രാൻ ഇന്നലെ രാത്രി ഹലാക്കാക്കി.

ഖാസിയാർ— ഓൻ എന്തിനാണ് നമ്പൂരിന്റെ വീട്ടിൽ പോയത്?

മൂസ്സ— അവൻ കക്കാനും കവരാനും പോയതല്ല. ഒരു പെണ്ണിന്റെ കാരിയത്തിനാ.

ഖാസിയാർ— അത് ആരാണപ്പാ? അതിനെന്തിനായാണ് പിടിച്ചത്?

അബ്ദു— പണ്ടാരം പറച്ചല് തൊടങ്ങിയല്ലോ.

കുഞ്ഞഹമ്മത്— പണ്ടാരം പറഞ്ഞത്, പട്ടാണല്ല. അവനെ കേട്ടിയോളില്ലേ?

മൂസ്സ— ഈ വക തർക്കം ആവശ്യം ഇല്ലാത്തതാണ്. ഇന്നത്തെ യോഗത്തിൽ ആലോചിക്കേണ്ട കാരിയം ഈ തമ്പ്രാനെ എങ്ങനെയാണെന്നും കൊല്ലേണ്ടതാണ്, അതിൽ വെച്ച് കഴിഞ്ഞുപോയാലും വേറി.

ഖാസിയാർ— 'ജിഹാ'ദിനെയും 'ശഹീ'ദിനെയും കഴിഞ്ഞാൽ നമ്മൾ ചെയ്യേണ്ടത് ശ്രേഷ്ഠമായ വഴിയാണ്. ഈ ബാലാപവിന് ഇസ്ലാമിനെക്കാൾ വിശേഷിച്ച് ഒരു ഉദാഹരണമായി നമുക്ക് പോരായ്മ ഇല്ല. അങ്ങിനെയിരിക്കുമ്പോൾ ആ ആളെ കൊല്ലുന്നത്

നമ്മൾ ആലോചനതന്നെ ദോഷമാണ്. അള്ള താതില്ലുന്ന കാരിയം ഒരു എളുപ്പമല്ലാ. താതില്ലാഎം പടച്ചവന് പത്ത്യമാവില്ല.

[illegible]— ആരിയാരിടെ ബാപ്പേനെയാണ് ഇന്ന മസ്ലത്തക് ഏട്ടത്ത് ഏതില് ഇത്ര്യം പുരാണവും പഞ്ചായത്തും തോന്നില്ലം. കൊപ്പിക്കാരൻ ഒരു മാപ്പളയല്ലേ ചത്തത്? ആരെപ്പോളങ്കിലുമൊരിക്കെ പോയാം.

ഉസ്സു— വയത്താതാൽ പൊറിയം കൊറാളം എന്ന പറയണതു ചരിയാണ്. ഇനിയും ഈ ഉത്തനാന്റെ വാക്ക കേട്ട് പൊണകെട്ട് ഇരിക്കില്ല. നാളെ രാത്രിക്കൊണ്ട് തപ്പ്രാന്റെ തല അറിഞ്ഞ് മണം. വയത്താ പേടിയാകണെങ്കില് കുണോ. മാപ്പിളാരോട് പകയുള്ള ഈ പശയരനെ ഏത്ര നാളാ ഇങ്ങനെ ഇരുത്തുവാ?

ഹാജിയാർ— മാപ്പിളാരോട് വിരോധമാൽ പകയുണ്ടെന്ന നിങ്ങൾ വിചാരിക്കണതു തെറ്റാണ്. ഉണ്ടാമല്ലേ ആ കുറ്റാന്തിയിനെ ബ്രാഹ്മിൻ വറക്കമാന്തി വാളുന്നത്? ആയാള് ചോകനല്ലേ? മാപ്പിളയല്ലല്ലോ. തോന്നിയാസം കാണുന്നവരെയൊക്കെ തമ്പ്രാൻ ചിട്ടിക്കും. അതാണ് കാര്യം.

അബ്ദു— തങ്ങളും കിസ്സാവും ഒന്ന് നിരുത്തി വെയ്ക്കാതോ?

ഹാജിയാർ— വയത്തന പാകാനക്കൂടി പേടിയില്ലാ. ഭൂമിയില് ഇത്രയും ഇങ്ങനല്ലാ. തൊഴുപ്പുകാരെക്കെ ദ്രോഹ ചെയ്യണതു വയത്തന്നാണം അല്ല. അതുകൊണ്ട് അമ്പാണതു നിങ്ങള് കേക്കാൻ തെക്കം ഇപ്പുയിൽ നിങ്ങള് പറയുമ്പോലെ ഞാൻ കേക്കാം. എന്നാൽ ഒന്നുകൂടി പറയാം. രാജാവിനെ നമ്മള് കൊല്ലാൻ ആയില്ലാ. ഒന്നിനെ കൊന്നാൽ മറ്റൊന്ന് ആ സ്ഥാനത്തു കേറും.

ഉസ്സു— കേറിക്കോട്ടെ. ഇതു അവസാനിപ്പ് ഇനി ആർക്കും ഉണ്ടാവില്ല.

ഹാജിയാർ— അങ്ങനെ വെക്കണ്ട. തമ്പ്രാനെ കൊന്ന വക്കാരാണെന്നവെച്ച് വിദ്ധ്വേഷാൽ ഇനാട്ടുകൂടി നമ്മളോട് വിപ്ലവം ആവും.

ഉസ്സു— 'മുത്തപ്പന് കത്തിയ പാള പുള്ളയപ്പന്' എന്ന് ഒരു ഓർമ്മയും ഉണ്ടാവുമല്ലോ.

ഹാജിയാർ— ആട്ടെ നിങ്ങടെ ആലോചന എന്താ?

ഉസ്സു— ഉത്സവമായൊപ്പാതൊട്ട് തമ്മള് കോലോത്തിലെ വഴിയു പ

ത്തിനിക്കു. രാത്രി ഒറ്റക്കാരു ഏറെക്കുണ്ട്. കണ്ടാ ചൊണ കയി
ത്തിൽ പിടിച്ച് ചെത്താം കേക്കാതെ അങ്ങു കഴിയ്യാം.

ഹാജിയാർ— പറയല് എളുപ്പത്തിലായിരുന്നു. അതിനെ സാധിച്ചാൽ
നന്ന്. ഞാനും ചിപ്പുറം നാളെ മൊന്തിയാണ്പോ പാലത്തി
ന്റെവിടെ ബറാമ്പായി നിക്കാം. നിങ്ങളും കൂട്ടുകൂടി വരണം.
വല്ലവരും പതിയ്യം.

അബ്ദു— ഇപ്പോ അങ്ങനെതന്നെപ്പോലെ പറഞ്ഞു. എന്നാ നാളെ
കാണാം.

ഈ നിശ്ചയത്തോടുകൂടി യോഗം പിരിഞ്ഞു. നിശ്ചയപ്രകാരം പിറ്റേദിവസം സന്ധ്യയായതിയതോടുകൂടി എടുത്തുകെട്ടകൊണ്ടു ദീർഘമായ താടിയെ കളിപ്പിച്ചുകൊണ്ടും, വെളുത്തകല്ലിൽ നിർമ്മിതമായ സ്ഫടികമാലയെ ധരിച്ചുകൊണ്ടും, ഇടയ്ക്കിടയ്ക്കു ശിഷ്യന്റെ മുഖത്തുനോക്കി മന്ദഹാസം ചെയ്തുകൊണ്ടും അങ്ങനെ കോട്ടിട്ട മെതിയടിയിൽ കയറി കോലഞ്ചുബോധനായ നമ്മുടെ ഹാജിയാർ ഇപ്പോഴത്തെ കോട്ടയുള്ള പാലത്തിന്റെ സമീപം ചുറ്റുമുള്ള [illegible] വന്നെത്തി. ഹാജിയാരുടെ ആഗമനാന്തരം മാപ്പിളമാർ പലരും സാധുക്കളായി വന്നുതുടങ്ങി. വന്നവരെയെല്ലാം ഹാജിയാർ എണ്ണി തിട്ടപ്പെടുത്തി പടിയെ പോകുന്ന ആളുകളെ കാണാവാൻ പാകപ്പെട്ടതായ സ്ഥലത്തിൽ വഴിയുടെ ഇരുവശത്തും ഉള്ള വെളിമ്പറമ്പുകളിൽ ഒളിച്ചിരിക്കുമാറാക്കി ഇരുത്തി. തമ്പുരാൻ എഴുന്നള്ളുന്ന സമയം താൻ ഒരു [illegible] ചെണ്ട കൊട്ടി നിലവിളിപ്പടുത്തി ഒന്ന് കൂക്കിയാൽ ആസമയം ആ സ്ഥലത്ത് എത്തിക്കൊള്ളേണ്ടതാണെന്ന് അവരോടെല്ലാം ചട്ടംകെട്ടി.

എട്ടുമണിയോടുകൂടി യോഗത്തിലുള്ള സകലരും വന്ന മേൽവിധം തിട്ടപ്രകാരം പതിയിരുന്നു. അക്കരെനിന്നും ഒരാൾ വഴിയിലെത്തുന്നവരെ മാപ്പിളമാരെല്ലാം കരുവടിയും എടുത്തു സന്നദ്ധന്മാരായിരുന്നു. ഹാജിയാരുടെ [illegible] കഴിഞ്ഞു പിരിഞ്ഞപ്പോൾ ഇപ്പോഴത്തെ കൂടി വടികൾ താഴെ വെച്ച് ഒരോന്ന് മുറുക്കി ഇതിനെ പത്തുമണി വരെ കഴിഞ്ഞു. അപ്പോൾ ഹാജിയാരുടെ ഒരു കൂക്ക് കേട്ടു. പാറ [illegible] പതുങ്ങിയിരുന്ന മാപ്പിളമാർ തൽക്ഷണം കരുവടികളുമായി ഹാജിയാരുടെ ചുറ്റും വന്നു. തമ്പുരാനെ അങ്ങുമിങ്ങും നോക്കിത്തുടങ്ങി. തമ്പുരാൻ വന്നിട്ടില്ലാ കൂക്ക് വിളിച്ചതിനാൽ ഈ അവസരത്തിൽ ഇനി തമ്പുരാൻ വരുമെന്ന് അറിഞ്ഞ്പ്പാൻ വഴിയില്ല

നാം, ശക്തന്മാരായ ഇത്രയും ആളുകളെ കൊണ്ടു കൂടിയിരിക്കുന്ന സമി തിക്കു കോട്ടകളും കടന്നു കോവിലകത്തിനകത്തു ചെന്നു വല്ലതും ഉണ്ടോ എന്നു നോക്കുന്നതു നന്നായിരിക്കുമെന്നും ഹാജിയാർ പറഞ്ഞു. യോഗക്കാർക്ക് ഇതു കേട്ടു വളരെ സന്തോഷം ജനിക്കുകയും, ഹാജിയാരെ പലവിധം പ്രശംസിക്കുകയും ചെയ്തു. അര മണിക്കൂറിനുള്ളിൽ ഹാജിയാരും ശിഷ്യന്മാരും യോഗക്കാരും കോവിലകത്തിന്റെ പടിക്കൽ എത്തിക്കഴിഞ്ഞു. അവിടെ നിന്നു നോക്കിയപ്പോൾ പള്ളിയറയിൽ ധാരാളം വെളിച്ചം കണ്ടതുകൊണ്ടു തിരുമനസ്സുകൊണ്ടു പള്ളിക്കുറുപ്പിന്നു എഴുന്നള്ളിയിരിക്കുന്നു എന്നു മനസ്സിലായി. പതിനൊന്നു മണിയായിട്ടും ഒരു ചെറിയ വിളക്കൊഴിച്ചു ബാക്കി വിളക്കുകളെല്ലാം കെടുത്തിയതിനാൽ പള്ളിക്കുറുപ്പിന്നു സമയമായി എന്നു അവർക്കു മനസ്സിലായി. നല്ലവണ്ണം ഉറങ്ങിക്കൊള്ളട്ടെ എന്നു വിചാരിച്ചു പിന്നെയും ഒരു മണിക്കൂറോളം അവർ സാവധാനമായി നിന്നു. കാവൽക്കു എത്ര പേർ നില്ക്കുന്നുണ്ടെന്നു ഒരാൾ പോയി നോക്കി വരുവാനായി യോഗക്കാരോടു ഹാജിയാർ ആവശ്യപ്പെട്ടപ്പോൾ 'ചേരണ'മുള്ള നമ്മുടെ മാപ്പിളമാരിൽ ആരും അതിന്നു ധൈര്യപ്പെട്ടില്ല. ഒടുക്കം താൻ തന്നെ ഈ കൃത്യം നിർവ്വഹിക്കാമെന്നു സമ്മതിച്ചു ഹാജിയാർ ഒരടി ശബ്ദം കൂടാതെ അകത്തേക്കു പോയി. അഞ്ചു മിനിട്ടിനുള്ളിൽ മടങ്ങിയെത്തി. ഒരു പട്ടാളക്കാരനും വില്ലുകാരനും മാത്രം അവിടെ കോണിവാതിൽക്കൽ ഇരിക്കുന്നുണ്ടെന്നും, നിദ്രയിലായി അവർ ഒരു ബോധവും ഇല്ലാതെ കൂർക്കം വലിച്ചുറങ്ങുന്നതിനാൽ ഞങ്ങളാൽ കാര്യം ഭദ്രമാക്കാമെന്നും പറഞ്ഞു. ഇവരുടെ ഉത്സാഹത്തിന്നു അതിരില്ലാതായി. ഉടനെ ഹാജിയാരും ശിഷ്യന്മാരും നാലു പേർ ശക്തന്മാരായ മാപ്പിളമാരും കൂടി കോണിവാതിൽക്കൽ എത്തി. ഉറങ്ങിക്കൊണ്ടിരുന്ന കാവൽക്കാരെ രണ്ടാളുടെയും കഴുത്ത് ഹാജിയാരും ശിഷ്യന്മാരും ഞെക്കിപ്പിടിക്കുകയും, സഹായികളായ നാലു പേരും ഉടനെ കയ്യും കാലും കെട്ടി അവർ ഒരു ബോധവും ശബ്ദവും കൂടാതെ പുറത്തുകൊണ്ടുവരികയും ചെയ്തു. അവരോടു ചോദിച്ചപ്പോൾ കോണിയിന്മേൽ ഇനി ആളില്ലെന്നും, മുകളിൽ ആരും കാവൽ നില്ക്കുന്നില്ലെന്നും, പള്ളിയറയുടെ വാതിൽ ചിലപ്പോൾ അടക്കുകയും ചിലപ്പോൾ തുറന്നു വെക്കുകയും ചെയ്യാറുണ്ടെന്നും, അടച്ചിട്ടുണ്ടെങ്കിൽ ആന കുത്തിയാൽ പോലും തുറക്കുവാൻ പ്രയാസമാണെന്നും, തമ്പുരാൻ മുകളിൽ തന്നെ ഉണ്ടെന്നും അവർ പറഞ്ഞു.

ധൈൎയ്യശാലിയായ ഹാജിയാർ മാൎഗ്ഗപരിശോധനാൎത്ഥമായി വീണ്ടും പോയി. പത്തു മിനിട്ടിനുള്ളിൽ മടങ്ങിയെത്തി. ഹാജിയാരുടെ തിളങ്ങിക്കൊണ്ടിരിക്കുന്ന പല്ലുകൾ കണ്ടപ്പോൾതന്നെ കാൎയ്യം സഫലമാണെന്ന യോഗക്കാർ മനസ്സിലാക്കി. 'പരിപ്പുവടൻ ചെയ്യുന്ന പണി പാതിയായി ചെയ്യാറില്ല. ഇവരൊക്കെ പറഞ്ഞതുപോലെ, കോട്ടിൽ ആരും ഇല്ല. അതിന്റെ വാതിൽ ഞാൻ തൊട്ടുനോക്കി. ഇന്നിവിടെ തുറന്ന വന്നാണ് മാൎഗ്ഗം. മറ്റുകാൎയ്യങ്ങളൊക്കെ വല്ലപ്പാടും തുറന്ന നോക്കാം. ഇന്നിനി ഒരു കിടക്കട്ടെ. എന്തായാലും ഇപ്പോൾ ഒന്നു നോക്കുക' എന്ന ഹാജിയാർ പറഞ്ഞപ്പോഴേക്കും കൂട്ടക്കാർ നടന്നുതുടങ്ങി. അവരെ ഹാജിയാർ വിളിച്ചു നിറുത്തി. 'കാപ്പിരികളെ ഒരുപേരെയും കൈകാൽ കൂട്ടിക്കെട്ടി കോണിച്ചോട്ടിൽ ഉള്ള അറയിൽ കൊണ്ടിട്ട വാതിൽ അടച്ചുകൊണ്ടും, പള്ളിയറയിലേക്ക് എല്ലാവരും കൂടി കടന്നുപോവുകയെന്നും, രണ്ടാമത്തെ ഒരു പേർ വാതില്ക്കൽ തന്നെ നില്ക്കണമെന്നും' ഹാജിയാർ പറഞ്ഞപ്പോൾ അവരുടെ ഹൃദയത്തിന്റെ കയ്യൂക്കിനെപ്പറ്റി കാപ്പിരികൾ സാമാന്യത്തിലധികം ബഹുമാനം തോന്നി. പറഞ്ഞതുപോലെ ഒരു പേരെയും കെട്ടി കോണിച്ചുവട്ടിലുള്ള അറയിൽ ഇട്ടു സാവധാനത്തിൽ വാതിലടച്ച് ഓടാമ്പൽ ഇട്ടു. ഹാജിയാർ മുമ്പിലും ശിഷ്യർ പിന്നാലെയും യോഗക്കാർ അതിന്റെ പിന്നാലെയുമായി ശബ്ദവും ശ്വാസവും കേൾപ്പിക്കാതെ മുകളിൽ കയറി. വാതില്ക്കൽ കാവൽ നില്ക്കാനുള്ള ഒരു പേരെ ഹാജിയാർ തന്നെ തിരഞ്ഞു പിടിച്ചു വാതിലിന്റെ ഇരുവശത്തും പ്രതിഷ്ഠിച്ചു. വാതിൽ പതുക്കെ തൊട്ടപ്പോൾ നിശ്ശബ്ദമായി തുറന്നു. 'കടന്നോളിൻ' എന്ന ഹാജിയാർ പറഞ്ഞപ്പോഴേക്കും പുഴവെള്ളത്തിൽ എറുമ്പിൻകൂട്ടം കയറുംപോലെ കാപ്പിരികൾ ഇരുട്ടിൽ തിക്കിത്തിരക്കി അകത്തു കടന്നു. എല്ലാവരും കടന്നു കഴിഞ്ഞപ്പോൾ ഹാജിയാരും ശിഷ്യരും കാവല്ക്കു നില്ക്കുന്ന ഓരോ കാപ്പിരിയുടെയും പെടലിക്കാണിട്ടു കൈ മടക്കിപ്പിടിച്ച് ഓരോ ഇടി ഇടിക്കുകയും, 'ഹള്ളാ' എന്ന പറഞ്ഞ് അവർ ഒരുപോലെ നിലത്തു പതിക്കുകയും, ഹാജിയാർ പെട്ടന്ന തിരിഞ്ഞ് വാതിലടച്ച് ഓടാമ്പൽ ഇടലും ഒരു നിമിഷാൎദ്ധത്തിൽ കഴിഞ്ഞു. ഉടനെ വീണു കിടക്കുന്ന ആ ഒരു പേരുടെയും കൈ കൂട്ടികെട്ടി. തമ്പുരാനെ കണ്ടുപിടിക്കാനുള്ള തിടുക്കംകൊണ്ട് ഈ കഴിഞ്ഞ വൎത്തമാനം ഒന്നും നമ്മുടെ യോഗക്കാർ അറിഞ്ഞില്ല. പള്ളിക്കിടക്കയിൽ ചെന്നു നോക്കിയപ്പോൾ ഒരു തലയണയെ മൂടിപ്പുതപ്പിച്ചു കിടത്തിയിരിക്കുന്നതായിക്കണ്ടു. 'ചതിച്ചു'

എന്നും പറഞ്ഞു പിന്നോക്കം വന്നു നോക്കുമ്പോഴാണ് വാതിൽ ബന്ധിച്ചിട്ടുള്ള വർത്തമാനം മനസ്സിലായതു്. പെട്ടെന്നു കുടുങ്ങിപ്പെട്ട പുലികളെപ്പോലെ കാപ്പിരിമാരെല്ലാം വാതിൽ തോറും ജനൽ തോറും ചാടിക്കയറിയും മാന്തിയും കടിച്ചുകീറിയും ഭയങ്കരമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകയും ചെയ്തുവെങ്കിലും യാതൊരു ഫലവും ഉണ്ടായില്ല. ഇതിനിടയ്ക്കു ഹാജിയാരും ശിഷ്യരും ഒരു ജനലിൽകൂടി പ്രത്യക്ഷപ്പെട്ടു. കാപ്പിരിമാർ തിക്കിത്തിരക്കി ജനലിന്റെ അടുക്കെ ഓടിക്കൂടിയപ്പോൾ, അവർക്കു കുതികാലും അറിവും മറ്റുള്ള ഉപകരണങ്ങളും എറിഞ്ഞു നീക്കി ഹാജിയാരായിരുന്ന

ശക്തൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു് പ്രശാന്തഗംഭീരമായ സ്വരത്തിൽ താഴെ പറയുംപ്രകാരം അരുളിച്ചെയ്തു.

'സർവ്വലോകനിയന്താവായി, വിവിധമതങ്ങളുടെയും ഗുരുഭൂതനായിരിക്കുന്ന ജഗദീശ്വരൻ ഒരു പ്രത്യേകമതം രാജാക്കന്മാർക്കെന്നുള്ള അവകാശം ബുദ്ധിമാന്മാരായ ആരും അനുവദിച്ചിട്ടില്ല. നമ്മുടെ പ്രജകളിൽ മുഹമ്മദീയന്മാരും പരിഷ്കൃതന്മാരും മനോഗുണംകൊണ്ടും വളരെ താനാണ് നില്ക്കുന്നത് എന്നു നമുക്ക് അറിയാം. എങ്കിലും ഇതു ഭയങ്കരമായ ഒരു രാജദ്രോഹത്തിന് അവർ തുനിയുമെന്ന മനസ്സിലാക്കിയിരുന്നില്ല. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുംപോലെ നമുക്ക് മുഹമ്മദീയസമുദായത്തോട് പ്രത്യേകമായി യാതൊരു വിരോധവും ഇല്ല. നിങ്ങളുടെ തെറ്റിദ്ധാരണയെ കളയുവാനും മനോഗതിയെ തെളിപ്പെടുത്തുവാനുമായി നാമും സാധുവായ ഈ പോരാട്ടപ്പുറത്തു നമ്പൂതിരിയും, ഹാജിയാരും ശിഷ്യനും എന്നുള്ള നിലയിൽ വായുസഞ്ചാരമില്ലാത്ത ഈ നിലവറയിൽ എത്ര ദിവസം ബുദ്ധിമുട്ടിയെന്നു നിങ്ങൾക്ക് അറിയാമല്ലോ. നാം പോരാട്ടപ്പുറത്തിലെ സാധു എന്നു പറഞ്ഞുവോ, ഓ! സജ്ജനം എന്ന അർത്ഥത്തിൽ മാത്രം ശരിയാവാം. എല്ലാത്ത പാതകങ്ങളെന്നു നിങ്ങൾ ചെയ്തുപോയതിന്. അതെന്തു നാൽ, ശക്തന്മാരാണെന്നഭിമാനമുള്ള നിങ്ങൾ അഭിമാനപൂർവ്വം ഒളിച്ചു കിടക്കുന്ന കൂട്ടത്തിൽ ഇരുട്ടറയെ വിട്ടാൽ, മൃഗക്കൂട്ടത്തിൽ കടന്ന സിംഹത്തിനെപ്പോലെ നിങ്ങൾ അഭിമാനപൂർവ്വവും മഹിമാവിനാൽ കിരീടധാരി സാമർത്ഥ്യം ഇരുട്ടറയിലേക്ക്. സഹിച്ചുകൂടാൻ പാടില്ലാത്ത വിധത്തിൽ നിങ്ങൾ രാജദ്രോഹം പ്രസംഗിച്ചുവെങ്കിലും, നിങ്ങൾ അഭിമാനപൂർവ്വം കഴിഞ്ഞതു് ഈ ലോകങ്ങളിൽ കണ്ടുപ്പോൾ കൊ

ഉള്ളാകെന്നുള്ള ബോധത്തോടുകൂടി പല പ്രാവശ്യവും ഇത്തരത്തിലുള്ള
കൈ അരവാളിനാൽ വെട്ടപ്പെട്ടിട്ടുണ്ടെങ്കിലും, അപ്പോഴെല്ലാം അത്തരത്തി
ലുള്ള മോഹവും, അതിന്റെ ഹേതുവായ കോപവും ശമിച്ചതേയില്ല. ശാന്തമാ
കുന്നതെല്ലാം നാം ഓരോ നേരം നോക്കിയിരുന്നതിനാൽമാത്രം ഇത്തരം
അടങ്ങിപ്പാർത്തതാണ്. ഇത്തരത്തിന്റെ കർത്താക്കന്മാർ പണ്ടേ തന്നെ നമ്മു
ടെ കാലത്തിൽ ആയുധവിദ്യയുള്ള ഗുണകരന്മാരാണ്. അതെന്തെന്നില്ലെങ്കിലും,
രാജദ്രോഹം എന്ന കാര്യം എല്ലാ രാജ്യങ്ങളിലും അതികഠിനമായി ശിക്ഷി
ക്കപ്പെടുന്ന ഒന്നാണ്. ഇതു പ്രത്യക്ഷമായ ഒരു രാജദ്രോഹം തന്നെയും കി
ട്ടുകിട്ടുവാൻ പ്രയാസവുമാണ്. അതിനാൽ നിങ്ങൾ ആദ്യം മുതൽക്കേ
യും നാളെ കനിച്ചു ഇരിക്കേണ്ടുന്നതാണ്.' ഇത്രയും അരുളിച്ചെയ്ത്,
ആ അരുളപ്പാടിന്റെ ഫലം അറിയാനായി ചില നിമിഷങ്ങൾ താമ
സിച്ചു. ശങ്കരൻ തമ്പുരാൻ തിരുമനസ്സിലെ ശിക്ഷയുടെ കാഠിന്യത്തെയും
വിട്ടുവീഴ്ചയില്ലായ്മയുടെ സമ്പ്രദായവും പറഞ്ഞ് നല്ലവണ്ണം നിശ്ചയമുണ്ടാ
യിരുന്ന നമ്മുടെ യോഗക്കാർ ഓരോരുത്തരും ഈ കല്പന കേട്ട ഉടനെ
'ഹരേ!' എന്നും പറഞ്ഞ് മിക്കവരും നിലത്തു വീഴുകയും, ചിലർ നിശ്ച
ലന്മാരായി തങ്ങളെത്തന്നെ അറിയാതെ നോക്കിക്കൊണ്ടു നില്ക്കുക
യും ചെയ്തു. തിരുമനസ്സിലെ പ്രസംഗം താഴെ പറയുംപ്രകാരം തുടർന്നു.

'എന്നാൽ കോയിക്കട്ടിലുള്ളവരുടെ കെട്ടിയവർ [illegible]
ങ്ങി നാം നമ്മുടെ സ്വന്തമായ നിശ്ചയത്തെ നിങ്ങളുടെ കാര്യത്തിൽ വ്യ
ത്യാസപ്പെടുത്തുവാൻ ഭാവിക്കുന്നു. ആ സ്ത്രീ കുഴിയിൽ വീണ മാതിരി
പോലെയാണിരിക്കുന്നത് എങ്കിലും പ്രകൃത്യാ വളരെ മര്യാദയുള്ളവളാ
ണ്. അവളെ [illegible] കഷ്ടമാണ്. രാജദ്രോഹികളോടു
സഹകരിച്ചതും, അതിൽ എല്ലാ പ്രകാരത്തിലും പ്രാധാന്യം വ
ഹിച്ചുപോന്ന [illegible] കൊല്ലാതെ [illegible] കൊല്ലുന്നത് അതി
ധികം കഷ്ടം. അതിനാൽ അവരുടെ ഗുണത്തിനായി ഇത്തവണ
നാം നിങ്ങളുടെ ജീവൻ തന്നിരിക്കുന്നു. മേലാലെങ്കിലും ഇപ്രകാരമുള്ള ദു
ഷ്കർമ്മങ്ങളിൽ നിങ്ങൾ പ്രവേശിക്കാതെ മനുഷ്യരായി കാലയാപനം
ചെയ്യുമെന്നു നാം പൂർണ്ണമായി വിശ്വസിക്കുന്നു.'

തിരുമനസ്സിലെ കാരുണ്യത്തോടുകൂടിയ ഈ അരുളപ്പാട് കേട്ടപ്പോ
ൾ മാപ്പിളമാർക്കുണ്ടായ സന്തോഷാശ്ചര്യാദിവികാരങ്ങളെ വർണ്ണിപ്പാൻ പ്ര
യാസമാണ്. എല്ലാവരും കുമ്പിട്ടു [illegible] താണുതൊഴുതു, തമ്പുരാൻ തി
രുമനസ്സിലെ [illegible] കൊണ്ടു നില്പായി. അവരുടെ [illegible]

ദുഷ്ടരാവണകൊണ്ടു വേഗത്തിൽ തിരിച്ചറിഞ്ഞ തമ്പുരാൻ തിരുമനസ്സുകൊണ്ടു വാതിൽ തുറന്നു കാവല്ക്കാരോടുകൂടി അവരെ എല്ലാം പുറത്താക്കി. വീണുകിടക്കുന്ന കാവല്ക്കാരെ എടുത്തുകൊണ്ടു പോയാൽ എന്താണാകുന്നതെന്നുമെല്ലാം ബോധം വീഴുന്നതാണെന്ന് അരുളിച്ചെയ്തു. അതുപ്രകാരം അവരെ ഒന്നുപോലെയും എടുത്ത്, ഒരു സ്ഥലത്തിലേക്കു കൊണ്ടുപോകുന്നവരുടെ കൂട്ടത്തോടുകൂടി മാപ്പിള്ളമാരെല്ലാവരും പോയി.

തമ്പുരാൻ തിരുമനസ്സിലെ ഇക്കൂട്ടിൽനിന്നു നല്ലതായ ഒരു പാഠം പഠിച്ച ഈ യോഗക്കാർ അവരുടെ മരണംവരെ പിന്നീടു സന്തുഷ്ടന്മാരായിത്തന്നെ കഴിഞ്ഞുകയുള്ളൂ. അമീനവിന്, അവരെ ദുഷ്ടവിചാരവഴിയിൽനിന്നു വീണ്ടെടുത്തുകൊണ്ടുവരുന്നതായുള്ള ഗുണം എന്താണെന്നു ആ സ്ത്രീയുതന്നെ പറവാൻ സാധിക്കാത്തതിനാൽ ആവശ്യം അറിവാൻ കഴിഞ്ഞില്ല. എന്നാൽ, തങ്ങളെ രക്ഷിച്ച ആ സ്ത്രീയെ യോഗക്കാർ എല്ലാവരും, പ്രത്യേകിച്ചു കൊണ്ടാടിയിരുന്നതും ഒരു ഈശ്വരിയെപ്പോലെ വിചാരിച്ചുപോന്നു. ഇവരുടെ നിലവറകളിലേക്കുള്ള പ്രവേശമോ പിന്നീട് എപ്പോഴെങ്കിലും ഉണ്ടാകയോ, അവിടെ വെച്ചോ മറ്റു വല്ല സ്ഥലത്തും വെച്ചോ അപ്രകാരമുള്ള ഒരു യോഗം കൂടുകയോ ഉണ്ടായിട്ടില്ല.

കടവിൽ കുഞ്ഞികൃഷ്ണമേനോൻ ബി. എ.

മലയാളത്തിലെ

ജാതിനിർണ്ണയം.

(തുടർച്ച)

ക്ഷത്രിയർ.

ഹിന്ദുക്കളിൽ ബ്രാഹ്മണർ കഴിഞ്ഞാൽ "പിന്നെ ജാതിശ്രേഷ്ഠത ക്ഷത്രിയർക്കാണല്ലൊ. കേരളത്തെ ഒരിപ്പാലായി ബ്രാഹ്മണർ ദ്രാവിഡഭൂമിയായ ദക്ഷിണ ഇന്ത്യയിൽ കോലപുരം എന്ന സ്ഥലത്തുനിന്നു കോയില്പ്പ തമ്പാൻ എന്ന ഒരു ക്ഷത്രിയനെ രാജാവാക്കി സ്വീകരിച്ചു കൊണ്ടുവന്നിട്ടു

ളതായി കേരളോല്പത്തിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ക്ഷത്രിയരുടെ കേരളത്തിലേക്കുള്ള ആദ്യത്തെ പ്രവേശം ഇതുതന്നെയാണെന്നാണ നിശ്ചയിച്ചിരിക്കുന്നത്. ഇതു ക്രി. അ. [illegible]ൽ ആകുന്നു.

ക്ഷത്രിയരിൽ സൂര്യവംശവും സോമവംശവും ഒരു വകയിൽ ഉ ന്നിക്ഷത്രിയരും കൂടിക്ഷത്രിയരും സാമന്തരും ഉണ്ടെന്നു കേരളോല്പത്തിയിൽ കാണുന്നു. ഏറാടിയും, നെടുങ്ങാടിയും, വെള്ളാടിയും അവരിൽ താണ പതിഷ എന്നും, അടിയോടി എന്നും അതിൽ പ്രസ്താവിച്ചിരിക്കുന്നു.

എന്നാൽ, തമ്പുരാൻ എന്നും, തമ്പാൻ എന്നും, തിരുമുല്പാട് എന്നും വിളിച്ചുവരുന്നവരെ എല്ലാം മലയാളക്ഷത്രിയരായിട്ടാണ് ഇപ്പോൾ കണക്കാക്കി വരുന്നത്. ഇവർ പരദേശങ്ങളിൽനിന്നു രാജാക്കന്മാരായികൊണ്ടു വരപ്പെട്ട ക്ഷത്രിയരാജാക്കന്മാരുടെ താവഴിയിൽ പെട്ടവരും അവരുടെ പ്രസ്ഥതിവ്യത്യാസംകൊണ്ട് ഈവിധം മൂന്നായി തിരിഞ്ഞിട്ടുള്ളവരും ആകുന്നു. ഇവരുടെ ക്രിയാദികൾക്കു മറ്റും ഭേദമില്ല.

മലയാളക്ഷത്രിയർ കൂടാതെ പരദേശക്ഷത്രിയരും മലയാളത്തിൽ ഇപ്പോൾ ഉള്ളവർ ചിലരുണ്ട്. അവർ എല്ലാം വളരെ കാലം മുമ്പല്ലാതെ ഉപജീവനത്തിനായും മറ്റും ഓരോ തൊഴിൽക്കാരായി വന്നിട്ടുള്ളവരും അവരുടെ പ്രവൃത്തിയുടെയും ആചാരങ്ങളുടെയും നാമം അനുസരിച്ച് രാവുത്ത്, മറാട്ടി, രജപുത്രൻ ഇങ്ങിനെ ഓരോ പേർ വിളിക്കപ്പെടുന്നവരും ആകുന്നു.

അന്തരാളജാതികൾ.

ബ്രാഹ്മണരും ക്ഷത്രിയരും കഴിഞ്ഞാൽ അവരിൽ താണ തരക്കാരായി മലയാളത്തിൽ അന്തരാളജാതിക്കാർ എന്ന ഒരു കൂട്ടക്കാരുണ്ട്. ഇവരെ നമ്പിടികൾ എന്നും അമ്പലവാസികൾ എന്നും സാമാന്യേന എന്നും വിഭാഗിച്ചിരിക്കുന്നു.

നമ്പിടികൾ ഇരായപാണ്ഡ്യപുത്രന്മാരാൾ എന്ന ഒരാൾ കേരളം വാണിരുന്ന കാലത്തു ബ്രാഹ്മണർക്ക് അദ്ദേഹത്തിന്റെ നേരെ വൈരം വർദ്ധിച്ച് ഒരു രാത്രിയിൽ മറ്റു ചില ബ്രാഹ്മണരും കൂടി കട്ടിലിൽ അദ്ദേഹത്തെ വധിച്ചു. പിന്നെ ഹിംസ ചെയ്ത ദോഷം ഉണ്ടല്ലോ, 'നാം പടിക്കൽ' ഇരുന്നുകൊള്ളാം എന്നു പറഞ്ഞ് അകത്തു കടക്കാതെ പടിക്കൽ ഇരിക്കയാൽ 'നമ്പിടി' എന്ന നാമധേയം ഉണ്ടായി. ഒരു ഘോരമായ കൃത്യം ചെയ്കയാൽ മറ്റു ബ്രാഹ്മണരായി കൂടിക്കഴിയാത്തവരും ആവ

ക്കുള്ള സ്വാതന്ത്ര്യങ്ങളും ക്രിയകളും ഇല്ലാത്തതും ആയതിനാൽ ബ്രാഹ്മണരിൽനിന്നു എന്നതെന്നായല്ലാ ക്ഷത്രിയരിൽനിന്നു കൂടി താണ നിലയിൽ ഇവരെ കണക്കാക്കിയിരിക്കുന്നു.

അമ്പലവാസികൾ അമ്പലങ്ങളിലെ വൃത്തികൊണ്ടു കാലക്ഷേപം ചെയ്യുന്നതുകൊണ്ടാണ് ഇവൎക്ക് ഈ പേർ സിദ്ധിച്ചിരിക്കുന്നത്. ഇവരിൽ പൂണൂൽ ഉള്ള തരക്കാരും ഇല്ലാത്ത തരക്കാരും ഉണ്ട്. ഇതിൽ ആദ്യത്തെ വൎഗ്ഗത്തിൽ മൂത്തത്, അടികൾ, ചാക്കിയാർ, നമ്പിയാർ നമ്പിടിയിൽ പുഷ്പകൻ, തിയ്യാട്ടുനമ്പിയാർ ഇവരും, രണ്ടാമത്തേതിൽ ചാക്യാർ നമ്പിയാർ, പിഷാരോടി, വാരിയർ, പൊതുവാൾ, മാരാർ ഇവരും ഉൾപ്പെടുന്നു.

മൂത്തത് അമ്പലവാസികളിൽ ഉയൎന്ന ജാതിയാണ്. 'മൂത്തത്' എന്ന പദത്തിൽനിന്നു തന്നെ ഇതു പ്രത്യക്ഷമാകുന്നുണ്ട്. ഇവർ ആദ്യം ബ്രാഹ്മണരായിരുന്നു. ശിവന്നു നിവേദിച്ച ചോറു ഭക്ഷിച്ചതുകൊണ്ടും ബ്രാഹ്മണൎക്കുള്ള നിബന്ധനകളെ ചിലർ ലംഘിച്ചതുകൊണ്ട് അവരെയാണു മൂത്തതന്മാർ എന്നു പറഞ്ഞുവരുന്നത്.

അടികൾ ആദ്യത്തിൽ ബ്രാഹ്മണർ ആയിരുന്നു. ഭദ്രകാളീക്ഷേത്രങ്ങളിൽ പൂജ ചെയ്യുകയും മാംസവും മദ്യവും പൂജാദ്രവ്യങ്ങളായി ഉപയോഗിച്ച് അവയെ കഴിക്കുകയും ചെയ്യുന്നതുകൊണ്ടു ബ്രാഹ്മണരിൽനിന്നും കുറെ താണ നിലയിൽ ഇപ്പോൾ കരുതി വരുന്നു.

ചാക്യാർ ക്ഷത്രിയൎക്കു ബ്രാഹ്മണസ്ത്രീകളിൽ സന്താനമായി ഉണ്ടാകുന്ന 'സൂതർ' എന്ന വൎഗ്ഗത്തിൽ പെട്ടവരാണ്. ആദ്യത്തിൽ ചാരമംഗലത്തുനിന്ന് ഈ ജാതിയിൽ പെട്ട ഒരു വീട്ടുകാർ ഇവിടെ വന്നു താമസിച്ചതായും അവർ അന്യവംശക്കാരായിരുന്നു ഒരു ബ്രാഹ്മണസ്ത്രീക്ക് മറുജാതിയിലുള്ള പുരുഷസംസൎഗ്ഗം കൊണ്ടുണ്ടായിട്ടുള്ള സന്താനത്തെ ചേൎക്കയാൽ ഇങ്ങിനെ ഒരു ജാതിക്കാർ ഉണ്ടായിട്ടുള്ളതായും പറഞ്ഞുവരുന്നു. ഇവരെ പ്രവൃത്തികൊണ്ടു ചാക്യാർ എന്നും, ചാക്യാർ നമ്പിയാർ എന്നും രണ്ടു കൂട്ടമായി ഇപ്പോൾ തിരിച്ചു കണക്കാക്കിവരുന്നു. എന്നാൽ രണ്ടുകൂട്ടരുടെയും ഉല്പത്തി ഒന്നുതന്നെയാണ്.

നമ്പ്യാർ ഇവരെ പുഷ്പകർ എന്നും പറയും. ഒരു ബ്രാഹ്മണന്നു തങ്കൾ പണി ഇല്ലാതായിരിക്കുന്ന സമയത്തു പ്രവേശം ഉണ്ടാകയാൽ ഇ

അവരെയും ഭ്രഷ്ടരാക്കി ജാതിയിൽ നിന്നും നീക്കം ചെയ്തു. അവരുടെയു മവരുടെ സന്താനങ്ങളെയും ഇങ്ങിനെ ഒരു പ്രത്യേക ജാതിക്കാരായി കണക്കാക്കിയിരിക്കുന്നു.

തിയ്യാട്ടുണ്ണി അല്ലെങ്കിൽ തിയ്യാട്ടുനമ്പ്യാർ ഇവരുടെയും നമ്പ്യാന്മാരുടെയും ഉല്പത്തി ഒന്നുതന്നെയാണ്. പ്രവൃത്തിമൂലം ഇപ്രകാരം രണ്ടു തരക്കാരായി വിചാരിച്ചുവരുന്നു എന്നുമാത്രമേയുള്ളു.

പിടാരോടി ഒരു ബ്രാഹ്മണൻ സന്യസിച്ചതായ സമയം സന്ന്യാസംകൊണ്ടുള്ള കട്ടുപ്പാടുകളെ ലംഘിച്ചിട്ട് ഒരു ശൂദ്രസ്ത്രീയായി സംസർഗ്ഗം ഉണ്ടാകയാൽ അതിലുണ്ടായിട്ടുള്ള സന്താനങ്ങളാണ് ഇവർ.

വാരിയർ ഒരു ബ്രാഹ്മണനു ശൂദ്രയിൽ ഉണ്ടായിട്ടുള്ള സന്താനങ്ങളാണ് വാരിയർ എന്നു വിളിക്കപ്പെടുന്നവർ.

൨. പൊതുവാൾ. ഇവരെയും ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ഉണ്ടായിട്ടുള്ള സന്താനങ്ങളായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ഇവരിൽ തന്നെ ചില വിളക്കു, തിടമ്പ് എഴുന്നള്ളിക്കുക, ദേവസ്വം, ക്ഷേത്രം, ദേവൻ ഇവരെ പരിപാലിച്ചു നടക്കുക, സോപാനം കഴുകുക ഇതുകളാണ് വൃത്തിയായിട്ടുള്ളവരെ അകപ്പൊതുവാൾ എന്നും, വഴിപാട് സാമാനങ്ങൾ, ഇല, വിറക്, പാൽ, തൈര്, നെയ്യ് ഇത്യാദി കൊടുക്ക ഈ പ്രവൃത്തികളായുള്ളവരെ പുറപ്പൊതുവാൾ എന്നും വിളിച്ചുവരുന്നു.

മാരാർ. ഇവർ വാസ്തവത്തിൽ ശൂദ്രർ തന്നെയാകുന്നു. എന്നാൽ അമ്പലമായിട്ടുള്ള സംസർഗ്ഗത്താൽ ഇവരെയും അമ്പലവാസികളായി വിചാരിച്ചുവരുന്നു എന്നേയുള്ളു. (ശൂദ്രജാതിവിവരണത്തിൽ ഇവരെ ചേർത്തിട്ടും ഉണ്ട്.)

സാമന്തന്മാർ. ഇവർ ക്ഷത്രിയർക്ക് ശൂദ്രയിൽ ഉണ്ടായിട്ടുള്ള സന്താനങ്ങളാകുന്നു. ഇവരിൽ നെടുങ്ങാടി, വെള്ളോടി, ഉണിത്തിരി, ഏറാടി ഇങ്ങിനെ പല തരക്കാരുണ്ട്.

(തുടരും)

ചിറ്റൂർ കടലായി കൃഷ്ണൻ നമ്പൂതിരിപ്പാട്.

ഗ്രന്ഥനിരൂപണം

൧. സാംഖ്യകാരിക.

ആൎയ്യന്മാരുടെ ഇടയിൽ പണ്ടുപണ്ടേ പ്രചാരത്തിലെത്തിട്ടുള്ള ആറു ദൎശനങ്ങളെപ്പററി കേട്ടിട്ടില്ലാത്തവർ വളരെ ദുൎല്ലഭമായിരിക്കും. അതുപോലെ തന്നെ, അവയിൽ പ്രതിപാദിക്കപ്പെടുന്ന വിഷയം ഏന്താണെന്നും, അത് ഏത്രത്തോളം ഉപകാരമുള്ളതാണെന്നും മറ്റുമുള്ള സംഗതികളെ സ്ഥൂലമായിട്ടെങ്കിലും മനസ്സിലാക്കീട്ടുള്ളവർ അതിലധികം ദുൎല്ലഭമായിരിക്കും. ഈ സ്ഥിതിക്ക്, ആ വക ശാസ്ത്രങ്ങളിലടങ്ങിയ സിദ്ധാന്തങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ തൎജ്ജമചെയ്തോ വ്യാഖ്യാനിച്ചോ ശാസ്ത്രജ്ഞാനോല്ക്കണ്ഠയുള്ളവരുടെ മുമ്പിലിടുവാൻ ശ്രമിക്കുന്ന വിദ്വാന്മാരെ തീൎച്ചയായും അഭിനന്ദിക്കേണ്ടതാണ്.

പ്രകൃതത്തിലിരിക്കുന്ന സാംഖ്യകാരിക ഷഡ്ദൎശനങ്ങളിൽവെച്ച് ഒട്ടും അപ്രധാനമല്ലാത്തതായ സാംഖ്യശാസ്ത്രത്തിലെ വിഷയങ്ങളെ ചുരുക്കത്തിൽ വിവരിക്കുന്നതായ ഒരു പുരാതനഗ്രന്ഥമാണ്. ഈശ്വരകൃഷ്ണസൂരിപ്രണീതമായ പ്രകൃതഗ്രന്ഥത്തിൽ എഴുപതു കാരികകളും, ഒടുവിൽ ഉപസംഹാരകാരികകളും അടങ്ങിയിരിക്കുന്നു. ബ്രഹ്മശ്രീ പള്ളത്തുകോട്ട് ഏട്ടു്. അനന്തനാരായണശാസ്ത്രികളവർകളാൽ അന്വയക്രമത്തിൽ എഴുതപ്പെട്ടതായ ഇതിന്റെ ഭാഷാവ്യാഖ്യാനം വളരെ സുഗമവും, വിശദമായ അൎത്ഥതാല്പൎയ്യത്തോടുകൂടിയതുമാകുന്നു. അസ്പഷ്ടങ്ങളായ ഭാഗങ്ങളെ മനസ്സിലാക്കുവാൻ ചോടെ ചേൎത്തിരിക്കുന്ന നോട്ട് ഉപകരിക്കുന്നതുമുണ്ട്. പരിശോധകനാൽത്തന്നെ എഴുതപ്പെട്ടതായ ഒരവതാരിക പുസ്തകത്തിന്റെ ആദ്യം ചേൎത്തിട്ടുള്ളതിൽനിന്നു, സാംഖ്യശാസ്ത്രത്തിന്റെ ഒരു സംക്ഷേപജ്ഞാനം ഉണ്ടാകുന്നതാണ്. മലയാളഭാഷാസാഹിത്യത്തിൽ പരിചയിച്ചിട്ടുള്ളവൎക്കു പുരാതനദൎശനങ്ങളുടെ സംക്ഷേപജ്ഞാനംപോലും അസാദ്ധ്യമായിരിക്കത്തക്കവിധം ദുൎല്ലഭമായിട്ടേ ദൎശനഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളുവെന്ന് ആരും സമ്മതിക്കാതിരിക്കയില്ല. ഈ സംഗതി വിചാരിക്കുമ്പോൾ സാംഖ്യകാരികയെപ്പോലെയുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങൾ മലയാളഭാഷയിലെത്തുന്നതു ഭാഷാഭിമാനികൾക്കു സന്തോഷപ്രദമാണെന്നുള്ളതിൽ സംശയമില്ല. അരയണ വിലയുള്ള പ്രസ്തുതപുസ്തകം ദേശമംഗലം പ്രസ്സ് മാനേജരോട് (ഷൊറണൂർ) എഴുതിച്ചോദിച്ചാൽ കിട്ടുന്നതാണ്.

൨ - ഈസ്റ്റ് ലിൻ

(ഒരു പുതിയ നോവൽ)

പാശ്ചാത്യന്മാരെക്കണ്ടിട്ടുള്ള ഗുണമല്ലെങ്കിലാണ് കല്പിത കഥകളുടെ അഭിവൃദ്ധി. നോവലെന്നു വ്യപദേശിക്കപ്പെടുന്ന ജാതിയിലുൾപ്പെടുന്നതായ ഗ്രന്ഥങ്ങൾ നമ്മുടെ ഇടയിലും ഇപ്പോൾ പ്രചരിച്ചു തുടങ്ങീട്ടുണ്ട്. എന്നാൽ ഇക്കൂട്ടത്തിൽ സ്വയംകൃതികളെക്കാൾ തർജ്ജമകളാണ് അധികം പുറപ്പെട്ടു കാണുന്നത്. നമ്മുടെ ജീവിതസമ്പ്രദായത്തെ അനുസരിച്ചുംകൊണ്ടു കഥയെഴുതി രസിപ്പിക്കുവാൻ പ്രയാസമാണെന്നു വിചാരിച്ചിട്ടാണ് ഗ്രന്ഥകർത്താക്കന്മാർ തർജ്ജമ ചെയ്വാൻ തുനിയുന്നതെങ്കിൽ അതു മലയാളസാഹിത്യത്തിന്റെ അധോഗതിയെ സൂചിപ്പിക്കുന്ന ലക്ഷണമാണെന്നു വ്യസനപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മഹിമാന്മാരുടെ മനോധർമ്മത്തെക്കാൾ വിദേശികളുടെ അനുകരണം നല്ലതാണെന്നാണ് അവരുടെ അഭിപ്രായം.

ഈസ്റ്റ് ലിൻ ഒരു ഇംഗ്ലീഷുനോവലിന്റെ തർജ്ജമയാണ്. വളരെ വളച്ചു വർണ്ണിക്കുന്ന രീതിയിൽ എഴുതപ്പെട്ടതാണെങ്കിലും കഥാവസ്തു രസകരമായിട്ടുള്ളതാണെന്നുള്ളതു മൂലഗ്രന്ഥത്തിനെ നല്ലവണ്ണമറിയാത്തവർക്കും തർജ്ജമ വായിച്ചാൽത്തന്നെ മനസ്സിലാകും. തന്നിമിത്തം വായനക്കാരുടെ കാര്യത്തിൽ തർജ്ജമക്കാരന്റെ പ്രയത്നം ഫലിച്ചിട്ടുണ്ടെന്നുതന്നെ പറയാം. ഇംഗ്ലീഷുവാചകങ്ങളെ തർജ്ജമ ചെയ്യുമ്പോൾ മലയാളത്തെ 'ഇംഗ്ലീഷീകരിക്കുന്ന' സമ്പ്രദായം ഈ തർജ്ജമയിൽ വളരെ കുറഞ്ഞു കാണുന്നുള്ളു എന്നു സമാധാനമുണ്ട് തന്നെ. 'മനോഭാവിനു' ഇടകലർന്നുള്ള സംസർഗ്ഗം ധാരാളമായി കാണുന്നത് അച്ചടിപ്പിശകാണെന്നു വിചാരിപ്പാൻ നിവൃത്തിയില്ല. 'അല്ലിന്റെ' മുതലായ വികൃതപ്രയോഗങ്ങളും ഏതാനുംഭാഗങ്ങളിൽ ഉണ്ട്. ഇപ്പോൾ പ്രസിദ്ധപ്പെടുത്തീട്ടുള്ള പുസ്തകത്തിൽ കഥ അവസാനിച്ചിട്ടില്ല. തർജ്ജമക്കാരനായ മി. ഗോപാലമേനവൻ അവർകൾ തന്നെ ഉത്തരഭാഗത്തെ തർജ്ജമ ചെയ്തു ക്രമമായി പ്രസിദ്ധപ്പെടുത്തുന്നതാണ്. ഭംഗിയായി അച്ചടിച്ചിട്ടുള്ള ഈ പുസ്തകത്തിന്റെ വില ൧ ചക്രമാണ്. മലയാളഭാഷയിൽ നൈപുണ്യം സമ്പാദിപ്പാനായി പാടുള്ള വിധത്തിലെല്ലാം പ്രയത്നം ചെയ്യുന്ന സർവ്വകലാശാലാവിദ്യാർത്ഥികളുടെ ശ്രദ്ധയെ ആകർഷിപ്പാൻ ഈ പുസ്തകംകൂടി പുറപ്പെട്ടിരിക്കുന്നുവെന്നുംകൂടി അറിയിച്ചുകൊള്ളുന്നു.

൩൭. മാർക്കണ്ഡേയചരിതം

സാമൂതിരികോളേജ് സംസ്കൃതപണ്ഡിതരായ ബ്രഹ്മശ്രീ ഏ. നാരായണശാസ്ത്രികളവർകളാൽ സംസ്കൃതത്തിൽ ഗദ്യപദ്യമയമായി എഴുതപ്പെട്ടതും ഇംഗ്ലീഷു ഭക്തിപ്രധാനങ്ങളായ ചിത്രങ്ങളോടുകൂടിയതും, മലയാളത്തിൽ അർത്ഥതാല്പര്യത്തോടുകൂടി അച്ചടിപ്പിയ്ക്കപ്പെട്ടതും ആയ പ്രസ്തുതഗ്രന്ഥത്തെ ഞങ്ങൾ മനസ്സിരുത്തി വായിച്ചുനോക്കി. കഥ പുരാണപ്രസിദ്ധമായ മാർക്കണ്ഡേയചരിതംതന്നെയാണ്. ആദ്യത്തിൽ ഒരു സൂചനാദേശവും നാടകസിദ്ധാന്തവും പല പുരാതനഗ്രന്ഥങ്ങളിൽനിന്നു തിരഞ്ഞെടുത്തു ചേർത്തിട്ടുള്ളതു ഗ്രന്ഥത്തിലെ പ്രമേയത്തിനൊരു അവസാനം ചാർത്തിയിരിക്കുന്നു.

'സ ദിശതു ഗന്ധാനന്ദം മമ ദിവ്യചരിത്രസ്യ വസ്തുനോ മേധാം
യസ്യ പ്രസാദലേശാന്മതിർജ്ജ്യോതിഷ്മതീ ഭവതി.'

എന്നു മുതലായ ചില പദ്യങ്ങൾ വായിച്ചപ്പോൾ വ്യാഖ്യാനം കൂടിയുള്ളത് അത്യാവശ്യമായിത്തോന്നാതിരുന്നില്ല. വ്യാഖ്യാനം ഗ്രന്ഥകാരൻതന്നെ എഴുതിയതാകകൊണ്ടു കവി വിചാരിച്ച അർത്ഥം മനസ്സിലാവാനോ, കവിയുടെ മനോധർമ്മങ്ങൾ വിട്ടുപോവാനോ ഇടയില്ലല്ലോ. ശാസ്ത്രികളവർകളുടെ ഈ ഉദ്യമം കേരളത്തിലെ ജനങ്ങൾക്കു ഉപകാരപ്രദമാകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. പുസ്തകത്തിനു വില എട്ടണയാണ്.

നമ്പൂതിരിമാരുടെ

ജനവിവരം

സമുദായസംബന്ധമായ കാര്യങ്ങളിൽ പരിശ്രമിക്കുന്ന പല മഹാന്മാരുള്ള ഏതെങ്കിലും ഒരു സമുദായം ക്രമേണ അഭിവൃദ്ധിയെ പ്രാപിയ്ക്കാതിരിക്കയില്ലെന്നു കാണിപ്പാൻ പല സാമുദായികചരിത്രങ്ങളും ലഭ്യങ്ങളാകുന്നു. നമ്പൂതിരിമാരുടെ ഇടയിൽ [illegible], സഭ, സംഘം, ക്ലബ്ബ് മുതലായ പലവക സമുദായ[illegible]ങ്ങൾക്കു വേണ്ടുന്ന സംഘങ്ങളെയും സമ്പാദിച്ചു പരിശ്രമിച്ചു [illegible]

ട്ടുകൾ നടത്തിപ്പോന്നിരുന്ന കാലങ്ങളെക്കാളധികം അഭിവൃദ്ധി അവയിൽ [illegible] സൂക്ഷ്മമാണ്.

ഇങ്ങനെ കാലാവസ്ഥാനുസരിച്ച് പ്രാചീനനടപടികളെ പരിഷ്കരിച്ച് നമ്പൂതിരിസമുദായത്തിന്റെ യോഗക്ഷേമത്തെ രക്ഷിപ്പാനുള്ളതാണല്ലോ യോഗക്ഷേമസഭ. ഈ സഭ മുഖാന്തരം ചെയ്യേണ്ടുന്ന കൃത്യങ്ങൾ പലതും നമുക്കിനി കാണേണ്ടതുണ്ട്. ഇനി ആലോചിച്ച് കണ്ടുപിടിക്കേണ്ടതായ കൃത്യങ്ങളും കാണ്മാനുണ്ടല്ലോ. എന്നാൽ അവയെല്ലാറ്റിനും അടിസ്ഥാനമായിട്ട് നമ്പൂതിരിസമുദായത്തിന്റെ ഇപ്പോഴത്തെ നിലയിലുള്ള യഥാർത്ഥമായ സ്വരൂപജ്ഞാനം ഉണ്ടാക്കുകയാണ് ആദ്യം വേണ്ടത്. യോഗക്ഷേമസഭയുടെ അംഗങ്ങളായി നില്ക്കുന്ന നമ്പൂതിരിവർഗ്ഗത്തിൽ പെട്ടവർക്കെല്ലാവർക്കും, പ്രത്യേകിച്ച് സഭയ്ക്കും ഇപ്രകാരം യഥാർത്ഥമായ സാമുദായികസ്വരൂപജ്ഞാനം തന്നെ ഉണ്ടെന്ന തോന്നുന്നില്ല. അതുണ്ടാവണമെങ്കിൽ നല്ല പകതിരിവു വേണം. പക തിരിയുന്നതു വിഷയവിഭാഗംകൊണ്ടല്ലാതെ മറ്റൊന്നുകൊണ്ടുമാവാൻ തരമില്ല. നമ്പൂതിരിസമുദായത്തെ കുറിച്ച് നമുക്ക് പ്രത്യേകിച്ചറിയേണ്ടതായ വിഷയങ്ങളെ വേർതിരിച്ച് കാണിക്കുന്നതായ നമ്പൂതിരിമാരുടെ ജനവിവരം എന്ന ഒരു റിക്കാർഡ് സമ്പാദിക്കുന്നതു യോഗക്ഷേമസഭയുടെ പ്രധാനമാർഗ്ഗങ്ങളിൽ ഒന്നാകുന്നു. ഇതിനൊരു ലക്ഷ്യം ഉണ്ടെങ്കിൽ ഈ സമുദായത്തിന് ഉള്ള ദോഷങ്ങളെ വെളിവായി കാണുവാനും, അവയെ പരിഹരിപ്പാനുള്ള ഉപായങ്ങളെ കണ്ടെത്തുവാനും, ഇനിയും സമ്പാദിക്കേണ്ടതായ ഗുണങ്ങളെ അറിയുവാനും വളരെ സൗകര്യമുണ്ടാവാനിടയുണ്ട്.

നമ്പൂതിരിമാരുടെ ഇല്ലങ്ങൾ എത്രയുണ്ട്? അവ എവിടെയൊക്കെയാണ്? ഓരോ ഇല്ലങ്ങളിൽ എത്ര എത്ര ആളുകളുണ്ട്? പുരുഷനെത്ര? സ്ത്രീ എത്ര? പേരെന്ത്? വയസ്സ് എത്രയായി? വിവാഹം കഴിഞ്ഞുവോ ഇല്ലയോ? വല്ല വിദ്യയും അഭ്യസിച്ചിട്ടുണ്ടോ? എന്തെല്ലാം ഭാഷകൾ അറിയാം? പ്രവൃത്തിയെന്ത്? സ്വകാര്യസ്വത്തുണ്ടോ? ഇല്ലത്തെ മുതലെത്ര? കടം എത്ര? എന്നീവക പല നിലകളും ഒരു നോട്ടത്തിൽ വെളിവായി കാണത്തക്കവിധം വിഭാഗമായിരിക്കുന്ന രേഖപ്പെടുത്തിയ ജനവിവരമാണ് നമുക്ക് കിട്ടേണ്ടത്.

സഭയിൽനിന്ന് ശ്രമിച്ചാലല്ലാതെ ഇത് അത്ര എളുപ്പത്തിൽ സാധിക്കുന്നതല്ല. സഭ കാര്യം മനസ്സുവെച്ചാൽ ക്ഷിപ്രസാദ്ധ്യമാണതാ

ണം. കേരളഭൂമിയെ ഏതായി വിഭജിച്ചിട്ടുള്ളതിൽ ഓരോ ഖണ്ഡത്തി ലെ ഓരോ ജനസമുദായങ്ങൾ ഓരോ ആവശ്യങ്ങൾ പ്രത്യേകിച്ചും വഹിയ്ക്കു ന്നതാണ്. ആവകയുടെ ഖണ്ഡങ്ങളിലുള്ള വിദ്യാഭ്യാസപരീക്ഷകളെക്കൊണ്ട് അതാതാളുകൾക്ക് ഈ കൃത്യം നടത്തിപ്പാൻ വഴിയുണ്ടാവുന്നതാണ്. വിദ്യാഭ്യാസ ക്കാർ മേലാണ്ടും ഓരോ അധികാരികളെ നിയമിയ്ക്കുന്നതായാൽ അവ ർക്ക് ഇപ്പോഴത്തെക്കാൾ കണക്കെടുക്കുവാൻ സാധിയ്ക്കും. ഈ കണക്ക് വിദ്യാ ഭ്യാസ ഡയറക്ടർ മേലാസകലം അതാതു ഖണ്ഡാധികാരികളുടെ റിപ്പോർട്ടുകളിൽ നിന്നും എടുക്കേണ്ടതു. ഇത് ചുരുങ്ങിയ ചിലവിൽ ഒരോ നാ ലൊ മാസത്തിനുള്ളിൽ സാധിയ്ക്കാവുന്നതാണ്.

സിൽബൂരിലുള്ള റിപ്പോർട്ടുകളെല്ലാം പരിശോധിച്ച് നമ്പൂതി രിമാർക്ക് ഏതെല്ലാം വിഷയങ്ങളിലാണ് കൊടുക്കേണ്ടതെന്നും, ഏതെല്ലാം ഭാഗ ങ്ങളിലാണ് ഏറ്റം കൂടിയിരിയ്ക്കുന്നതെന്നും നന്നായി വിവരിച്ചുകൊണ്ട് ക ണ റിപ്പോർട്ട് തയ്യാറാക്കി മഹാസഭയിൽ കൊണ്ടുവരേണ്ടതാകുന്നു. എന്നാൽ പിന്നീട് ദോഷങ്ങളെയെല്ലാം പരിഹരിപ്പാനും അഭിവൃദ്ധി മാർഗ്ഗങ്ങളെ ചേർത്തിരിപ്പാനും വളരെ പ്രയാസം കിടയ്ക്കുന്നതല്ല.

ഗവർമ്മെണ്ടിൽനിന്ന് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കാനേഷുമാരി ക ണക്കുകളിൽനിന്ന് നമുക്കറിയേണ്ടതായ ആവശ്യമുള്ള ഭാഗങ്ങളിൽ അധികം അറി വൊന്നും കിട്ടുന്നതല്ല. അതുകൊണ്ടാണ് സമുദായത്തെ പ്രത്യേകി ച്ചൊരു കണക്കെടുക്കണമെന്ന് പറയുന്നത്.

കെ. രാമവർമ്മരാജാ.

പലവക

കഴിഞ്ഞ ഇടവം ൧൦-ാം- തൃശ്ശിവപേരൂർ വെച്ച് 'മംഗളോദ യം കമ്പനി' രജിസ്റ്റർ കഴിഞ്ഞിരിയ്ക്കുന്നു.

മൂന്നു മഹാകാവ്യങ്ങളും, പ്രസംഗമഞ്ജരി, കഥാമാലിക, ശ്രീമതി, കേരളചരിത്രം എന്നീ പുസ്തകങ്ങളും അഭിപ്രായത്തിനായി അ യച്ചിട്ടുള്ള സന്തോഷപൂർവ്വം കൈപ്പറ്റിയിരിയ്ക്കുന്നു. അഭിപ്രായം വഴിയേ.

ഒന്നാം മിഥുനം ൨൮-ാം- മാവേലിക്കര ബ്രഹ്മശ്രീ കെ. വാസു ദേവൻ നമ്പൂതിരി അവർകളുടെ കെട്ടിടത്തിൽ വെച്ച് നമ്പൂതിരിയോ ഗക്ഷേമസഭയുടെ ഒരു യോഗം നടന്നിരിയ്ക്കുന്നു. അതിൽ വെച്ച് സമുദായി കങ്ങളായ പല കാര്യങ്ങളും ആലോചിയ്ക്കപ്പെട്ടതായി അറിയുന്നു.

നമ്പൂതിരിമാർ വസൂരി കീറിവെയ്ക്കുന്നതിനെപ്പററി കഴിഞ്ഞ യോഗക്ഷേമസഭായോഗത്തിൽ ആലോചന നടത്തിയിരുന്നല്ലോ. ഇപ്പോൾ പല ദിക്കിലും വസൂരി കീറിവെയ്ക്കുന്നതിനെ നിർബ്ബന്ധമാക്കിയതായി അറിയുന്നു. ഈ വിഷയത്തിൽ ശ്രീമൽ തിരുനാവായ വാദ്ധ്യാൻ നമ്പൂതിരി അവർകൾ കീറി വെയ്ക്കുന്നതുകൊണ്ടു ഗുണമല്ലാതെ ദോഷമില്ലെന്നും, മേലിൽ ചെയ്യുന്നതിനു തനിക്കു യാതൊരു വിരോധവുമില്ലെന്നും പ്രസ്താവിച്ചതായി കാണുന്നു.

ഹിന്തുക്കൾക്ക് രാജ്യവിദ്യാഭ്യാസം വർദ്ധിപ്പിക്കുവാനും, അവരുടെ എല്ലാ വിഷയത്തിലുമുള്ള ന്യൂനതകളെപ്പരിഹരിച്ചു [illegible] നിശ്ചയമായി എല്ലാ ഹിന്തുക്കളേയും സംബന്ധിക്കുന്നതായ ഒരു ഹിന്തുസഭ [illegible] മഹാരാജാവവർകളുടെ അദ്ധ്യക്ഷതയിൽ കീഴിൽ ഉടനെ കൽക്കത്തയിൽ സ്ഥാപിപ്പാൻ പോകുന്നതായി അറിയുന്നു.

---

൧. പഞ്ചാംഗഗണിതം*

സാമ്പ്രതം തത്ര തത്ര പ്രചരന്തി പഞ്ചാംഗാനി പ്രായഃ സർവ്വാണി ഭിന്നഭിന്നസമ്പ്രദായാനി । [illegible] തിഥിനക്ഷത്രാദീനാമേവം [illegible] ഭിന്നാമേവ പ്രതിപാദയന്തി । [illegible] ന പ്രതിപാദയന്തി പഞ്ചാംഗാനി ന [illegible] । അഥവാ [illegible] । [illegible] പ്രായസ്സാനി [illegible] പ്രതിപാദയിതും । [illegible] ഗണനാകാലീനപ്രമാദാദിനാ [illegible] വിശേഷോ യതോ ദൃശ്യതേ । [illegible] വിധാതവ്യാ [illegible].

ക. [illegible] പഞ്ചാംഗം [illegible] ലഘുപ്രതിജ്ഞം । [illegible] സിദ്ധാന്ത [illegible] । [illegible] പ്രണീതാ [illegible] । തമേവ സിദ്ധാന്തമാർഗ്ഗമേവ [illegible] പ്രകാശയാ

---

* ഇതു [illegible]

[illegible]

ഭവ । തത്പ്രകാശക ഏവ ഗ്രന്ഥഃ ദൃഗ്ഗണിതം । യദേവോച്യതേ 'ദൃഗ്ഗണിതം നാമ്നാ പൂർവ്വം സമാഖ്യാതം സദാ സത്യം । സ്പഷ്ടതാര്യ കരഃ പ്രണീതഃ ശകാബ്ദേ പ്രഥിതമുകം മഹാന്ത്യ' ഇതി ।

൪. സിദ്ധാന്തദർപ്പണം — ഏതത് പുനഃ സ്ഫുടസിദ്ധാന്തമാത്ര മേവ ഗണ്യതേ । അം ബഹു സ്പഷ്ടതര ഇതി പ്രതിപാദ്യതേ 'ഭാസ്വത സ്പഷ്ടതര' ഇത്യാദിഭിഃ ... । ഏതദുത്പത്തിവിധായ ബഹുപ്രതി സ്പഷ്ടമേവ । തദേവോപക്രമ്യതേ 'ഗ്രന്ഥകാര്യം ... യത് പൂർവ്വം പ്രാ ... । യുഗാനാം പരിവർത്തന കാലമാത്രം കേവലം' ഇതി വ ചനം ... ഗ്രന്ഥസ്യ ।

൫. ദൃക്കരണം — ഏതത്തു പ്രാകൃതഭാഷാമയം ഗണിത ഗ്രന്ഥാനാം ... സൂര്യചന്ദ്രഗ്രഹണാദി ... പ്രത്യക്ഷസാമ്യം ... പ്രണീതം ഗണ്യതേ പ്രകാരേണ । ... കേരളീയ ... പൂർവ്വം ...

തദേതേ കേരളീയജ്യോതിഷഗ്രന്ഥാഃ സംക്ഷേപതഃ ... ഗണിതം കേവലം ഗ്രഹണാദിപരീക്ഷായാം ... ച ഗ്രാഹ്യം । ... ഇതി വ്യവസ്ഥാകാരി.

കർമ്മാനുഷ്ഠാനവിഷയേ പ്രാചീനാഭിതിഥേ ... സ്വീക്രിയതേ । ന ഹി കാലവശേന ... സാധനാദീനാം ... പരികല്പ്യതേ । ... പ്രാചീനഗണിതമേവാനുസരണീയമിതി തദേതേ ... വൈദികാഃ ... .

അപി ച പ്രതിദിവസം ഗണിതേ കാലഗത്യാ ... സ്വീകരണം തു ... । ... പ്രത്യക്ഷമേവ പ്രകടം ... । ... ദൃഗ്ഗണിതാനുസാരി ... കർമ്മാനുഷ്ഠാനകാലനിർണ്ണയഃ ... .

പ്രത്യക്ഷാനുസാരേണൈവ ... പ്രത്യവായാനേക ... കർമ്മണാം ...

വം । അഥാ വ്യവസ്ഥാനാം പുനരർത്ഥസ്യ കാലാന്തരശുദ്ധ്യവിചാരസ്യ പ്ര തിഷ്ഠാസ്യ ഏവ । അപി ച പ്രാചീനാചാര്യപ്രണീതഗ്രന്ഥാനാമപി പുനരസ്ത്യേവ്യാപകത്വം । ഇത്യാദികം നിപുണം നിരൂപ്യ തൈരേവ ക്രിയാപ്രവൃത്തൈഃ ദൃഗ്ഗണിതം നാമ ഗണിതമിതി താദാത്വി കാ ദിശൈവ പ്രദർശനീയ ഇതി ജ്ഞായതേ.

കേരളേതരേഷു ഭാരതഖണ്ഡേഷു പ്രായഃ പഞ്ചാംഗനിർമ്മാണേഷു പൂ ർവ്വമേവ ദൃഗ്ഗണിതസ്യോപയോഗ ഇതി പ്രതീയതേ । പരം ച അത്ര കേചന കർമ്മാനുഷ്ഠാനേഷ്വപി തഥൈവാസ്ഥാം ഇതി മന്യമാനാഃ പ്രവർത്ത ന്ത ഇതി ശ്രൂയതേ.

ദൃഗ്ഗണിതപഞ്ചാംഗമപ്യൗപചാരികത്വേന ഗണിതാനുസാരിഗ്രഹണയോഗാ ദിപഞ്ചാംഗസ്ഥിതാനാം സാമ്പ്രതം ന തഥാ വൃദ്ധിർഭവതി । യഥാ ഭൗമാ ദിഗണിതശുദ്ധ്യേ । താദൃശസംസ്കാരദ്വാരാ കേതകപ്രഭൃതയോഽപി പ്രവർത്തന്ത്യേവ । തേഷു ലോകസ്യാസ്യ വിശേഷതോ ദൈവ ജ്ഞസമാജസ്യ ശ്രദ്ധാപ്രകൃതമിതി ന ശക്യതേ വക്തുമാഗമനിശ്ചയേന ।

തഥാപി കർമ്മകാണ്ഡപ്രവൃത്താനാം പ്രാചീനരീതിശ്രദ്ധാലൂനാം മ തം ന ശക്യതേ നിഷേദ്ധും । അസ്മാകം സൂര്യസംക്രമസ്യാധുനാതനാനാം ശങ്കയാ പൂർവ്വമേവ പ്രത്യക്ഷസിദ്ധസംക്രമപുണ്യാദികമപി ദൃഗ്ഗ ണിതാനുസാരേണ ഭവേദ്യഥാർത്ഥം । 'അത്ര ന ക്രിയതേ' ന ചികിത്സ്യതേ ച കേനാപി । അത്ര പ്രത്യക്ഷസിദ്ധമേവ പ്രാചീനരീതിഃ ശ്രദ്ധയാ ദൃ ഗ്ഗണിതമിതി കർമ്മണാം വിശേഷഃ സ്വീക്രിയതേ പുനരേതദിതി ന ശക്യതേ നിശ്ചയേനാഭ്യുപഗന്തും ।

ബീജസംസ്കാരേണ യഥോക്തഗണിതരീത്യൈവ പഞ്ചാംഗ ഗണിതസ്യ കർമ്മകാലം കാര്യ ഇത്യത്ര പ്രാഗുക്തി കഥ് ന്യൂനാ വചനാനി 'ഭഗോളേ തത്ര സിദ്ധാന്തവാക്യാദ്യ സാധിതഗ്രഹൈഃ । പഞ്ചാംഗം ഗണി തം ഗ്രാഹ്യം സ്വസ്വദേശേ വിജാനതി' ഇതി നാരദഃ । 'യത്രൈവയോ ഗിനാ ഭാനാം യദ് ദൃഗ്ഗണൈക്യം ഭവേത് । ഗ്രഹണാദി പരീക്ഷണേ ന തിഥ്യാദി കാര്യമ്' ഇതി വിഷ്ണുധർമ്മോത്തരേ । 'സംക്രാന്തൗ ചാന്ദ്രമാസേ ച ഗ്രഹേ പഞ്ചാംഗസാധനം । സംഹിതാഗ്രഹണാദീനാം' ഇതി തിഥി കാഗ്രേ । ഏവമേതത്പ്രമാണാനാം വചനാനാം അസ്മാകം സമ്മതമപി ഗ്രഹാണാം ദൃക്സിദ്ധതാവശ്യകത്വം ശ്രൂയതേ ।

പ്രത്യക്ഷസിദ്ധമേവ തിഥ്യാദീനാം ശുദ്ധാദികമഭ്യുപഗന്തവ്യ മിതി യുക്തിസിദ്ധമപി തത്രാപി ന പരിഹ്രിയതേ । തഥാപി അസ്മാ കം നാതിദൂരകാലേ പ്രാചീനാദൃഗ്ഗണിതസ്വീകരണമേവ കർമ്മ സ്വ യുക്തമിതി സമഞ്ജസമിതി പ്രതീയതേ.

അത്ര കേചന സജ്ജനാഃ പ്രത്യുക്തവാദാഃ പ്രാചീനരീതിപ്രാചാ ര്യമതാം പദ്ധതിം പരിത്യജ്യ കേവലം ദൃക്സിദ്ധമവലംബ്യ പ്രാ

ണാദി നിരാകൃത്യാസ്തികജനവിമനീഭാവജനനാക്ഷമഃ [illegible] [illegible] [illegible] ചികീർഷതി । [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] പ്രതീകഃ ।

സർവ്വത്രാപി [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] വിചാരിതത്വാ [illegible] കാര്യം । [illegible] പുനഃ സർവ്വമപി [illegible] [illegible] [illegible] [illegible] । [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] മന്ത്രാഃ [illegible] । [illegible] [illegible] [illegible] ഇത്യാദികമപി [illegible] । [illegible] [illegible] [illegible] । [illegible] [illegible] പ്രായോ [illegible] സ്വീകരണീയഃ । ഇത്യാദികാനി വിചാരിതത്വാന്നാ [illegible] [illegible] [illegible] [illegible] [illegible] ഇതി [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ।

വാക്യ[illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഇതി വികല്പ ഏവ അത്ര [illegible] ഇത്യസ്തീയമഭിപ്രായഃ ।

[illegible] [illegible] [illegible] [illegible] അത്ര [illegible] [illegible] അത്ര [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] നിരവദ്യ ഏവേത്യസ്മാകം പ്രതിഭാതി ।

ഇതോപി [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] പ്രതിപാദയിഷ്യമാ[illegible] [illegible] [illegible] [illegible] । [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഇതി ।

[illegible] [illegible] [illegible]
[illegible]

[illegible] [illegible] നീലകണ്ഠശർമ്മാ

സ്വദേശി

ശരിയായ സ്വദേശി!! മിനക്കെടുവിൻ!!

(വിശേഷമായ ശീമയോടുകളും ഇഷ്ടികകളും മുതലായ സാമാനങ്ങളും)

ഫെറോക്കുർ ടൈൽ ഫാക്ടറിയിൽ ആവശ്യംപോലെ

തയ്യാറുണ്ട്

പതിനൊന്നുകൊല്ലമായി നടന്നുവരുന്ന ഈ ഫാക്ടറി പ്രകാരത്തിൽ പുതിയ യന്ത്രങ്ങളും വരുത്തി പരിഷ്കരിക്കപ്പെട്ടിട്ടുണ്ട്. സാമാനങ്ങളുടെ ഗുണം കണ്ടു നോക്കിയാൽ പ്രത്യക്ഷപ്പെടും. ദേശാഭിമാനികളായുള്ളവർ തങ്ങളുടെ നാട്ടിലും ഉണ്ടായ ഈ സൌകര്യമായ ഫാക്ടറിയുടെ ഗുണങ്ങളെ കണ്ടു പരീക്ഷിക്കേണ്ടതാണ്. ഫറോക്കു തീവണ്ടിസ്റ്റേഷനടുത്താണ്. [illegible]. കല്ലുകൊണ്ടു എല്ലാതരം സാമാനങ്ങളും ഉണ്ടാക്കിക്കൊടുക്കും. ഓടുകളും, ഇഷ്ടികകളും മുതലായവ ലക്ഷക്കണക്കായി തയ്യാറാക്കിക്കൊടുപ്പാനൊരുക്കമുണ്ട്. [illegible] ആവശ്യമുള്ളവർ മുൻകൂട്ടി അറിയിച്ചാൽ മതി.

ഇപ്പോഴും തയ്യാറുള്ള സാമാനങ്ങളുടെ

വിലവിവരം	ക	ണ
(1) 1-ാം തരം ഓട് 1000 ത്തിന്	30	0
2-ാം തരം ടി ടി	25	0
3-ാം തരം ടി ടി	20	0
(2) മൂലോട് ഒന്നാന്തരം 1000 ത്തിന്	100	0
ടി രണ്ടാന്തരം ടി	80	0
(3) സീലിങ്ങ് ടൈൽ (ഉള്ളിൽ മേയുന്നതു) ഒന്നാന്തരം 1000 ത്തിന്	35	0
ടി രണ്ടാന്തരം ടി	30	0
(4) കാറോട് ഒന്നാന്തരം നൂറെണ്ണത്തിന്	75	0
(5) കണ്ണാടിഓട് ഒന്നാന്തരം നൂറെണ്ണത്തിന്	100	0
(6) ഒമ്പത് ഇഞ്ച് ചതുരക്കട്ട (ഇഷ്ടിക) നിലത്തു വിരിപ്പാനുള്ളത് ഒന്നാന്തരം 1000 ത്തിന്	30	0
ടി രണ്ടാന്തരം ടി	25	0
(7) ആറ് ഇഞ്ച് ചതുരക്കട്ട ഒന്നാന്തരം ടി	25	0
ടി രണ്ടാന്തരം ടി	22	8

പ്രത്യേക അറിയിപ്പ്.

എല്ലാ പ്രധാനസ്ഥലങ്ങളിലും ഉത്സാഹികളായ ഏജണ്ടന്മാരെ ആവശ്യമുണ്ട്. ഉചിതമായ കമിഷൻ കൊടുക്കും. കൂടുതൽ വിവരം അറിയേണ്ടവർ താഴെ കാണിക്കുന്ന മേൽവിലാസത്തിൽ എഴുതിച്ചോദിക്കേണ്ടതാണ്.

എന്ന് എ. കെ. ടി. കെ. എം. [illegible]

ഫെറോക്കു (മലബാർ)

Registered No. M. 809

മംഗളോദയം

വരിസംഖ്യ

തപാൽക്കൂലിയടക്കം ഒരു കൊല്ലത്തേക്ക്

മുൻകൂർ	ക. [illegible]
ടി ആറുമാസത്തേക്ക്	ക. [illegible]
ഒററപ്രതിക്ക്	ക. [illegible]

പരസ്യക്കൂലി

വരി ഒന്നുക്ക്	ക. [illegible]

സ്ഥിരപരസ്യങ്ങൾക്ക പ്രത്യേകം നിശ്ചയിക്കാവുന്നതാണ്.

വരിസംഖ്യ ബാക്കി വെച്ചിട്ടുള്ളവർ ഒട്ടും താമസിക്കാതെ സംഖ്യ അടച്ചു തീർക്കേണ്ടതാണെന്ന് ഓർമ്മകൂടി ബോധിപ്പിക്കുന്നു.

എന്ന് മാനേജർ,
മംഗളോദയം, [illegible].

[illegible]കൊല്ലത്തെ

നമ്പൂതിരിയോഗക്ഷേമ

പഞ്ചാംഗം.

[illegible]

(൧) കാണിപ്പയ്യൂർ [illegible] നമ്പൂതിരിപ്പാട് — കുന്നംകുളം

(൨) [illegible] നമ്പൂതിരി — [illegible]

(൩) [illegible] — [illegible]

മംഗളോദയം

പുസ്തകം ൨. | [illegible] മാസം | ലക്കം [illegible]

വിഷയങ്ങൾ

മംഗളോദയം അച്ചുക്കൂടത്തിൽ

അച്ചടിച്ചത്.

1085

സാംഖ്യകാരിക

(ഭാഷാവ്യാഖ്യാനസഹിതം)

ആസ്തികന്മാരുടെ ഇടയിൽ പണ്ടുപണ്ടേ പ്രചാരത്തിലിരുന്നിട്ടുള്ള ആറു ദർശനങ്ങളെപ്പറ്റി കേട്ടിട്ടില്ലാത്തവർ വളരെ ചുരുക്കമായിരിക്കും. എങ്കിലും അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയം എന്താണെന്നും, അത് എന്തുമാതിരി ഉപകാരമുള്ളതാണെന്നും മറ്റുമുള്ള സംഗതികളെ സ്പഷ്ടമായിട്ടെങ്കിലും മനസ്സിലാക്കിയിട്ടുള്ളവർ അതിലും ചുരുക്കമായിരിക്കും. അതിനാൽ മലയാളഭാഷയിൽ [illegible] ഗ്രന്ഥങ്ങളെ [illegible] അതിക്രമിച്ചിരിക്കുന്നു. ഇങ്ങനെ സംഗതികളെ ആലോചിച്ചിട്ടാണ് [illegible] സാംഖ്യശാസ്ത്രത്തിലെ വിഷയങ്ങളെ പ്രതിപാദിക്കുന്ന സാംഖ്യകാരിക എന്ന പ്രാചീനഗ്രന്ഥത്തെ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ഈശ്വരകൃഷ്ണപ്രണീതമായ ഈ ഗ്രന്ഥത്തിൽ എഴുപതു കാരികകളും [illegible] അടങ്ങിയിരിക്കുന്നു. [illegible] അവർകൾ [illegible] ഭാഷാവ്യാഖ്യാനവും ചേർത്തിട്ടുണ്ട്. [illegible] വില [illegible] വി. പി. [illegible] കോപ്പികൾ [illegible] കിട്ടുന്നതാണ്. ഉടനെ ആവശ്യപ്പെടുവിൻ!

ഉടമസ്ഥർ,

മംഗളോദയം പ്രസ്സ്

തൃശ്ശൂർ

ഈ ലക്കത്തിൽ [illegible] ചേർത്തിട്ടുണ്ട്.


മംഗളോദയം

[illegible]

[illegible]

[illegible]

പത്മപാദാചാര്യർ



[illegible]

[illegible]

പത്മപാദാചാര്യർക്ക് ഈ പേർ സിദ്ധിച്ചത് അദ്ദേഹത്തിന്റെ ഒരു പ്രവൃത്തിനിമിത്തമാണ്. [illegible] സന്ന്യാസം [illegible] സനന്ദനൻ എന്നായിരുന്നു നാമധേയം. ഒരു [illegible] ശിഷ്യന്മാരോടൊന്നിച്ചു [illegible] ചെയ്യുന്ന സമയം [illegible] ഗംഗാനദിയിൽ [illegible] വെള്ളത്തിൽ [illegible] സനന്ദനൻ [illegible] അപ്പോൾ അദ്ദേഹത്തിന്റെ കാൽവെക്കുന്നിടത്തെല്ലാം ഓരോ പത്മങ്ങൾ പൊങ്ങിവന്നു. ഈ അത്ഭുതസംഗതി കണ്ടപ്പോൾ ആചാര്യർ അദ്ദേഹത്തിന് [illegible] സൂചകമായി പത്മപാദൻ എന്ന സന്ന്യാസനാമം കൊടുത്തു. പിന്നീട് ആ നാമമാണ് ലോകത്തിൽ പ്രസിദ്ധമായിത്തീർന്നത്.

പത്മപാദന്റെ പൂർവ്വാശ്രമത്തിലെ [illegible] പൂർവ്വാശ്രമത്തിൽ അദ്ദേഹം ഒരു കേരളബ്രാഹ്മണനായിരുന്നുവെന്ന് [illegible] വെള്ളനാട്ട് [illegible] എന്ന ഉപഗ്രാമക്ഷേത്രത്തിനടുത്ത് ഒരു ഉപഗ്രാമത്തിൽപ്പെട്ട [illegible] ഇല്ലത്താണ് അദ്ദേഹത്തിന്റെ ജനനം. [illegible] ഉദ്ദേശം [illegible] [illegible] [illegible] നരസിംഹമൂർത്തിയായ [illegible] വിഷ്ണുവിനെ [illegible] അദ്ദേഹം [illegible] നരസിംഹമൂർത്തിയായ വിഷ്ണുവിനെ പ്രീതിപ്പെടുത്തി [illegible] [illegible] [illegible] അദ്ദേഹത്തിന്റെ വിഷ്ണുശർമ്മ എന്നായിരുന്നു [illegible] [illegible] അച്ഛൻ വിഷ്ണുശർമ്മാവിനെ [illegible] [illegible] [illegible] [illegible] പ്രതിഫലിച്ചിട്ടുണ്ടെന്നാണ്

വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. ആ ശക്തിയെ അദ്ദേഹം മിത്രാവരുണ ത്തിൽ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിഷ്ണുശർമ്മാവിന്റെ ഇല്ലത്തു നിത്യവൃത്തിക്കു വളരെ പ്രയാസമായിരുന്നു. ഗുരുകുലത്തിൽനിന്നു വന്ന് ഇല്ലത്തു പാർപ്പായതിനുശേഷമാണ് അദ്ദേഹത്തിന്ന് ഈ കടം അറിയാറായത്. അച്ഛനമ്മമാരുടെ കഷ്ടപ്പാടു കണ്ടു വളരെ വ്യസനമായി. ഏതുവിധത്തിലെങ്കിലും കുറെ പണം സമ്പാദിപ്പാനായി നിശ്ചയിച്ച് അനന്തരം ആലോചിച്ചുറപ്പിച്ചു. "ബ്രാഹ്മണവൃത്തിമാത്രം അനുഷ്ഠിച്ചുകൊണ്ടിരുന്നാൽ ധനം സമ്പാദിപ്പാൻ വളരെ പ്രയാസം. പിന്നെ ക്ഷത്രിയധർമ്മംകൂടി എടുത്തുനോക്കി എന്നുവെച്ചാലും ധനസമ്പാദനം അത്ര എളുപ്പമല്ല. അച്ഛനമ്മമാരുടെ പട്ടിണിയും പാർപ്പും തീർക്കേണ്ടു ഒരു വലിയ കഷ്ടപ്പാടാണ്. അതിനെ സഹിപ്പാനും നിവൃത്തിയില്ല. അതുകൊണ്ടു തൽക്കാലം വൈശ്യവൃത്തി എടുക്കുകതന്നെ" എന്നാണ് അദ്ദേഹം നിശ്ചയിച്ചത്.

നാട്ടിലെക്കു സംബന്ധിച്ച് ഓണങ്ങളും മറ്റും വാങ്ങി കച്ചവടം ഉണ്ടാക്കി അതുകൊണ്ടു ചില സാധനങ്ങൾ വാങ്ങി കെട്ടിപ്പൊതിഞ്ഞ് ആ ഭാഗത്തിലെ ചിലേടത്തു കൊണ്ടുപോയി വിറ്റു. അല്പകാലത്തിനുള്ളിൽ കുറെ ലാഭമുണ്ടായി. എന്നിരുന്നാലും ഇത്ര വ്യാപാരം ചെയ്തിട്ടും സമ്പന്നനായില്ല. ഇല്ലത്തുള്ളവർക്ക് ആവശ്യത്തിന്. ചില ചിലവുകൾക്ക് വസ്തുവകകൾ വിറ്റുവെക്കേണ്ടിയും വന്നു.

പിന്നീടും വിഷ്ണുശർമ്മാവിന്റെ കച്ചവടത്തിലുള്ള താല്പര്യവും വിശ്വാസവും ധനാർത്ഥിയും കെട്ടില്ല. കച്ചവടസാമാനങ്ങൾ കെട്ടിയെടുത്തു ദേശദേശാന്തരങ്ങളിലും കാട്ടിലും നാട്ടിലും കയറിയിറങ്ങി ദേശസഞ്ചാരം ചെയ്ത് അതിന്റെ ഫലമായി പലയിടത്തും സഞ്ചരിച്ചു കച്ചവടം ചെയ്തു വളരെ സമ്പത്തു സമ്പാദിച്ചു. ഈ ദേശസഞ്ചാരത്തിനിടയിലാണ് പല ദേശങ്ങളിലെ പണ്ഡിതന്മാരുമായി കച്ചവടക്കാരുമായും പരിചയം ഉണ്ടായത്. ചിലപ്പോൾ പണ്ഡിതന്മാരുമായി വാദപ്രതിവാദങ്ങൾ നടത്തിയിരുന്നു.

മഹിളാരോപ്യവൃത്തിക്കാർ സാധാരണയായി നെല്ലുകച്ചവടവും മറ്റും ചെയ്യുക പതിവാണല്ലോ. ഇദ്ദേഹം വൃത്തിയിൽ ചിലതെല്ലാത്ത മറ്റുചില സാമാനങ്ങളും വിറ്റുവാങ്ങി കച്ചവടം ചെയ്തു എന്നുമാത്രമേ അറിവുള്ളു. ഇങ്ങിനെ കുറെക്കാലം സമ്പാദന

ങ്ങളും കപ്പവും കൊണ്ടു സമ്പാദിച്ചു വളരെ ദ്രവ്യവുമായിട്ട് ഒരു കാട്ടുവഴി യെക്കൂടി പോകുമ്പോൾ നേരം അസ്തമിച്ചുപോയി. അവിടെ ഒരു വൃക്ഷത്തിന്മേൽ ഇരുവരും വിശ്രമിച്ചു. ആളുകൾ മിക്കപേരും ഉറങ്ങിക്കിടക്കുന്ന സമയം ചില കാട്ടുകള്ളന്മാർ കടന്നുകൂടി പ്രധാനമായവും വിലപിടിച്ച സാമാനങ്ങളും അപഹരിച്ചു. [illegible] [illegible] ആരു [illegible] [illegible] ഉടനെ [illegible] ചെയ്തു.

ഇതെല്ലാം കണ്ടുകൊണ്ടു വിഷ്ണുശർമ്മാവ് ഒരു ഭാഗത്തുമാറിനിന്നിരുന്നു. അദ്ദേഹം ധനം, സങ്കടം, വ്യസനം മുതലായ മനോവികാരങ്ങളെക്കുറിച്ച് ഓരോന്നു വിചാരിച്ചു വിചാരിച്ച് [illegible] [illegible] കണ്ടിരുന്നു. [illegible] [illegible]. ഇതൊക്കെ "ആരുടെ കുറ്റമാണ്?" എന്ന് [illegible] [illegible] ചിരിച്ചിരുന്നു. എന്റേതല്ല. ഇതു [illegible] കള്ളന്മാർ [illegible] [illegible]. ഇനിയുള്ളതിനെപ്പറ്റി [illegible]. എന്റെ ശരീരവുംകൂടി—അല്ല ഒന്നും എന്റേതല്ല. [illegible] [illegible] ആരാണ് [illegible]. അതിനാൽ [illegible] [illegible]. [illegible] [illegible] എന്നറിയേണ്ടിയിരിക്കുന്നു [illegible] [illegible] [illegible]. ഇങ്ങിനെയാണ് അദ്ദേഹം [illegible] [illegible] [illegible] പ്രവേശിച്ചത്.

അദ്ദേഹം [illegible] സമ്പാദിപ്പാൻ [illegible] [illegible] [illegible]. ഒടുവിൽ [illegible] [illegible] [illegible]. [illegible] [illegible] സ്വീകരിക്കേണമെന്നു [illegible] [illegible]. അദ്ദേഹം സ്വീകരിച്ച് ഈ ശിഷ്യന്റെ [illegible] [illegible] സന്ന്യസിപ്പിക്കുകയും ചെയ്തു. സന്ന്യാസത്തിന്ന് ശേഷം വിഷ്ണുശർമ്മാവിന്നപേർ [illegible] എന്നായിരുന്നു.

[illegible] [illegible] [illegible] പഠിപ്പിച്ചു. [illegible] [illegible] [illegible] [illegible] പഠിച്ചുറിയുമ്പോൾ [illegible] സംശയിക്കുന്നു. അതിനു [illegible] ഒരു [illegible] [illegible] [illegible]. ശിഷ്യന്റെ [illegible] പഠിപ്പിച്ചതും [illegible] [illegible] [illegible] ഈ [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible] ഇ [illegible] [illegible].

[illegible] [illegible] [illegible] ഉണ്ടാകുന്ന [illegible]

രാജ്ഞന്മാരെ സ്വാമികളുടെ [illegible] അദ്ദേഹത്തി
ന്റെ യശസ്സിന് പ്രധാനകാരണമായിതീർന്നു.

പിന്നീട് അധികം താമസിക്കാതെ സ്വാമികളും ശിഷ്യന്മാരും [illegible]
[illegible] പുറപ്പെട്ടു. അവിടെ അവർ കേവലമായ [illegible]
[illegible] പന്ത്രണ്ടുകൊല്ലം തപസ്സുചെയ്തു താമസിച്ചു. [illegible]
[illegible] ഒരു [illegible]
[illegible].

[illegible] തപസ്സുചെയ്തിരിക്കുന്ന കാലത്താണ [illegible]
[illegible] ഒരു പ്രധാനകൃത്യം നിർവഹിച്ചത്. [illegible]
[illegible] എന്ന [illegible] വസിച്ചിരുന്ന [illegible]
താമസിച്ചിരുന്നു. [illegible] അദ്ദേഹത്തിന്റെ [illegible]
[illegible] തപസ്സുചെയ്തിരുന്നു. [illegible]
[illegible]
[illegible] സഹായത്തിനെത്തുകൂട്ടിപ്പുറപ്പെട്ടു. [illegible]
[illegible]
[illegible] ചെയ്തു. [illegible]
[illegible]
[illegible], അപ്പോൾ [illegible]
[illegible] ചെയ്തു. [illegible]
[illegible] കല്പിച്ചിരുന്നു. അധികം താ
മസിക്കാതെ ഒരു [illegible], അതിന്റെ [illegible]
[illegible] ചെയ്തു. [illegible]
[illegible]
[illegible] ഇതാണ് [illegible]
[illegible]. അവിടെ [illegible]
[illegible], [illegible]
[illegible] ഈ കാര്യം [illegible]
[illegible]. [illegible]
[illegible].

[illegible] തപസ്സുചെയ്യുന്ന [illegible]
[illegible]
[illegible]. [illegible]



ഈ ഉപന്യാസത്തിലെ വിഷയം ഉപപാദിക്കപ്പെടുന്നത്.

രസതന്ത്രം എന്നുപറയുന്നത് എല്ലാ ദ്രവ്യങ്ങളുടേയും നിർമ്മാണത്തെ നിരൂപിക്കുന്ന ഒരു ശാസ്ത്രമാകുന്നു. ആ ശാസ്ത്രപ്രകാരം [illegible] [illegible] എന്നിപ്രകാരമുള്ള ദ്രവ്യങ്ങളാകുന്നു. ഇവയെ [illegible] ലോഹങ്ങളെന്നും അലോഹങ്ങളെന്നും തരംതിരിച്ചിരിക്കുന്നു. അതിൽ [illegible] അധികമുള്ളത് ലോഹങ്ങളാകുന്നു. ദ്രവ്യത്തിന് ഘനം, ദ്രവം, വാതം എന്നിങ്ങനെ മൂന്നവസ്ഥകൾ ഉണ്ട്. നിയതമായ ആകൃതികളോടുകൂടിയ ശിലാദികൾ ഘനവും, അങ്ങിനെയല്ലാത്ത ജലാദികൾ ദ്രവവും, [illegible] കാററു മുതലായവ വാതവും ആകുന്നു. ഇതിൽ ഓരോ ദ്രവ്യത്തിനും വേണ്ടുന്ന ഈ മൂന്നവസ്ഥകളും വരുത്തുവാൻ സാധിക്കുന്നതാണ്. അതിശീതമായ ജലം ഘനമായിട്ടും, [illegible] ദ്രവമായിട്ടും, അധികം ചൂടുപിടിച്ചാൽ വാതമായിട്ടും തീരുന്നു. ദ്രവപ്രകാരമുള്ള ജലത്തെയാണ് നാം സാധാരണയായിട്ടു കാണുന്നത്. അതുതന്നെ ചൂടുപിടിച്ച് ആവിയായാൽ വാതമായിട്ടും, അധികം തണുത്താൽ ഘനമായിട്ടും പരിണമിക്കുന്നു (*).

ജലജനകം (ഹൈഡ്രജൻ), അമ്ലജനകം (ഓക്സിജൻ) എന്നീ രണ്ടു വാതങ്ങളുടെ [illegible] കൊണ്ടാണ് ജലം ഉണ്ടാകുന്നത്. [illegible] [illegible] തമ്മിൽ കൂട്ടിച്ചേർത്താൽ അവയുടെ സ്വാഭാവികമായ നിറം മാറി [illegible] ഉൽഭവിക്കുന്നതുപോലെയാണ് ഭിന്നപ്രകൃതികളായ ജലവായുവിന്റേയും ജീവവായുവിന്റേയും സങ്കലനത്തിൽനിന്ന് ജലം ഉണ്ടാവുന്നത്. ജീവവായു ഭൂകാശത്തിൽ എന്നും നിറഞ്ഞിരിക്കുന്നതും ജീവികളെ ശ്വാസോച്ഛ്വാസമുഖേന സംരക്ഷിച്ചുവരുന്നതുമായ ഒന്നാകുന്നു. ജലവായു ഭൂകാശത്തിൽ [illegible] [illegible] [illegible] ഉണ്ടാക്കാവുന്നതാണ്. ഇവയിൽനിന്ന് ജലം [illegible] നിരൂപിച്ചുനോക്കുക. [illegible] ജീവവായുവിനേയും [illegible] ജലവായുവിനേയും നിറച്ച്, [illegible] സൂക്ഷിക്കുക. [illegible]

(*) [illegible] നിരൂപിക്കേണ്ടതു [illegible] [illegible] [illegible] ഈ ഉപന്യാസത്തിൽ നിരൂപിക്കുന്നുള്ളൂ.

അവയിൽകൂടി കാണുന്ന പുറമെക്ക പുറപ്പെട്ടുനില്ക്കുന്നവയുമായ ഒരു വാലുരോമങ്ങളും ഉണ്ടായിരിക്കണം, അതിനാലത്രെ വിദ്യുച്ഛക്തിയുള്ള ഒരു രോമത്തെ ഒരു ദ്വാരത്തിലേക്കണച്ചുവെച്ച് വിദ്യുച്ഛക്തിയെ വ്യാപിപ്പിക്കുക. എന്നാൽ അപ്പോൾ അകത്തുനിന്നു ഒരു രോമ[illegible] [illegible] എന്നൊരു ശബ്ദം കേൾക്കാം. ഉടനെ കുപ്പിക്കകത്തു നോക്കിയാൽ [illegible] വായു ദ്രവമായിരിക്കുന്നതു കാണാം. വിദ്യുച്ഛക്തിയുടെ സഹായംകൂടാതെയും ഇതിനെ ഉണ്ടാക്കാനാവും. [illegible] [illegible] നിർമ്മലമായ ഒരു കണ്ണാടിപിടിച്ച് അതിന്മേൽ അല്പം ശക്തിയോടുകൂടി ശ്വാസം വിട്ടുനോക്കിയാൽ അതിന്റെ ഉള്ള ദ്രവം ഒന്നു മങ്ങിയതായും, അതിനെ സൂക്ഷിച്ചു നോക്കിയാൽ സ്ഫടികപ്രദേശങ്ങളിൽ ചില ഇലകളിലെന്നപോലെ ഒരു നേരിയ ജലാംശമുള്ളതായും അറിയാം. ഇതിന്റെ കാരണം ശരീരത്തിനകത്തുള്ള ജലവായു കൂടിയുടെ അന്തസ്സ്ഥിതമായ ജീവവായുവിനോടു ചേരുന്നതുതന്നെയാകുന്നു. ഇനി മറ്റൊരു പ്രകാരത്തിൽ നോക്കുക. ഒരു മെഴുകുതിരികത്തിച്ചു [illegible] വെച്ച് അതിന്റെ മുകളിൽ നനവില്ലാത്തതും നിർമ്മലവുമായ ഒരു സ്ഫടികപ്പാത്രത്തെ [illegible] പിടിച്ചാൽ അതിന്നകത്ത് അല്പനേരത്തിന്നുള്ളിൽ ഒരു നിറമേറും, അതിനെ സൂക്ഷിച്ചുനോക്കിയാൽ ജലാംശവും ഉള്ളതായിക്കാണാം. ഇതിന്റെ കാരണം മെഴുകുതിരിയിലുള്ള ജലവായു ഉൽഗ്ഗമിച്ച് ആകാശത്തിലുള്ള ജീവവായുവിനോടു ചേരുന്നതാകുന്നു. ഇതിനെ ജലോൽപ്പത്തിക്ക കാരണമെന്നും ഇനിയും പറയുന്നുണ്ട്.

ഇനി പഞ്ചഭൂതങ്ങളിൽ മൂന്നാമത്തേതായ അഗ്നിയെപ്പറ്റി നിരൂപിക്കാം. [illegible]ഗ്നി, ദിവ്യാഗ്നി, ജഠരാഗ്നി എന്നിവകൾ ചേർത്തുകൂടി പഞ്ചഭൂതങ്ങളുടെ കൂട്ടത്തിൽ ഒന്നാക്കി വേദാന്തികളും വൈശേഷികന്മാരും [illegible] [illegible] അഗ്നി സ്വതന്ത്രപ്രകാരം ദ്രവ്യങ്ങളുടെ കൂട്ടത്തിൽപെടുന്ന ഒന്ന[illegible] അല്ലാത്ത ക്രിയാമാത്രമാകുന്നു. ഈ സിദ്ധാന്തത്തെ സ്ഥാപിക്കുവാൻ [illegible]. വിളക്കിൽകാണുന്ന അഗ്നിയെ എടുത്തു [illegible] പരീക്ഷിക്കുക. വിളക്കിൽ [illegible] തിരിയുടെ ഒരറ്റത്ത് അഗ്നി [illegible] നാം വിളക്ക കത്തുന്നു എന്നു പറയുന്നത്. വിളക്കിലുള്ള എണ്ണ തിരിയുടെ ഉള്ളിലുള്ള സുഷിരങ്ങളിൽകൂടെ തിരിത്തലക്കൽ എത്തുന്നു. തിരിയുടെ ഒരറ്റത്തു ചൂടുതട്ടുമ്പോൾ അതിനൊത്ത ആകാശത്തിലുള്ള ജീവവായുവിനോടുകൂടി [illegible] [illegible]

യുവും അംഗാര(കാർബൺ)വും ചേരുന്നു. അതിപ്പോൾ ജലവായുവിനോ-
ടോ, അംഗാരത്തോടോ, അവരണ്ടിനോടുംകൂടിയോ, കാററിലെ ഘടക-
ങ്ങളോടുകൂടിയോ അമ്ലവായുവിന്നുണ്ടാവുന്ന സംശ്ലേഷമാണ് ജ്വലനം എ-
ന്നുപറയുന്നതു. ജ്വലനക്രിയയോടുകൂടിയ പ്രകാശത്തെയാണ് നാം അഗ്നി-
യെന്നു പറയുന്നത്. ഇവിടെ വ്യവഹാരസൗകര്യത്തിന്നായി അല്പമൊ-
ക്കാതെ മാററത്തോടുംകൂടി സംഘടിക്കുന്നതിനെ ദഹനം എന്നു വ്യവഹ-
രിച്ചുവരുന്നു. ചൂടിന്റെ അപേക്ഷകൂടാതെ ദഹനം ഉണ്ടാവുന്നതല്ല.
ദഹനം ഗാഢമായി വരുന്നതാകിൽ പ്രകാശം ദൃശ്യമായിത്തീരുന്നു.
ആകാശത്തിലുള്ള പരമാണുക്കൾ ക്ഷോഭിക്കുന്നതാണ് പ്രകാശം എന്നുപ-
റയുന്നത്. അതുകൊണ്ട് പ്രകാശത്തോടുകൂടിയ ദഹനം—അതുതന്നെ
ഒരു ക്രിയാവിശേഷം—ആണ് അഗ്നി എന്നു സിദ്ധിക്കുന്നു. ദീപജ്വാല-
ത്തിൽ ജലവായുവും അംഗാരവും ദഹിക്കപ്പെടുന്നതിൽ ജലവായുവി-
ന്റെ ദഹനത്തിൽനിന്നുണ്ടാവുന്ന ജലം ബാഷ്പാകാരമായി ആകാശ-
ത്തിൽ വ്യാപിക്കുന്നു. അംഗാരം ദഹിച്ചിട്ട് അംഗാരാമ്ലം എന്നു പ്രസിദ്ധ-
മായ വായുവിനെ ഉണ്ടാക്കുന്നു. അതും ആകാശത്തിൽതന്നെ വ്യാപി-
ക്കുന്നു. ഈ ദീപജ്വാലയിൽ കാണപ്പെടുന്ന ക്രമംതന്നെയാണ് എ-
ല്ലാ ദാഹക്രിയകളിലും അഗ്നി കത്തുന്നതിന്റെ പ്രമാണം. വിദ്യു-
ദഗ്നി എന്നുപറയുന്ന മിന്നൽ മുതലായവ വിദ്യുച്ഛക്തിയുടെ ഭേദമാകുന്നു.

ഇനി വായുവിനെപ്പററി ചിന്തിക്കുക. എല്ലാപ്രാണികളുടേയും
ജീവനത്തിന്നു കാരണമായി ബാഷ്പാകാരമായ ഒരു വസ്തു ഭൂമിയുടെ മു-
ഴുവൻ വ്യാപിച്ചിരിക്കുന്നു. അത് അമ്ലവായു, അംഗാരാമ്ലം (നൈട്രജൻ)
എന്നീ വായുക്കൾകൂടിച്ചേർന്നിട്ടുള്ള ഒരു ദ്രവ്യമാണ്. വ്യവഹാരസൗക-
ര്യത്തിന്നുവേണ്ടി അവയെ ഒന്നായി വായുവെന്നു വ്യവഹരിക്കുന്നുവെന്നേ
ഉള്ളൂ. ഇതു ഭൂമിയോടടുത്തുള്ള ആകാശത്തിന്റെ അധോഭാഗത്തിൽ വ്യാ-
പിച്ചിരിക്കുന്നു. ഭൂമിയുടെ ആവരണമായ വായുമണ്ഡലത്തെ വേദത്തിൽ
അന്തരിക്ഷമെന്നും, ജ്യോതിശ്ശാസ്ത്രത്തിൽ ആവഹപ്രവഹാദിയെന്നും പറയുന്നു.
ഈ വായു മൂന്നു വസ്തുക്കൾ കൂടിച്ചേർന്നിട്ടുള്ളതാണെന്നു പറഞ്ഞിട്ടുള്ള-
തിൽ നൂറിൽ ഇരുപത്തൊന്നുഭാഗം അമ്ലവായുവും, ബാക്കി എഴുപ-
ത്തൊമ്പതു ഭാഗം നൈട്രജനും ആകുന്നു. [illegible] എന്നു പറയപ്പെടുന്ന-
വിധം ബാഷ്പാകാരമായി പരിണമിച്ച ജലമായ അംഗാരാമ്ലത്തിന്റെയും
ഒരു ചെറിയ അംശം ഇതിൽ ചേർന്നിരിക്കുന്നു. പ്രാണികൾ ഉച്ഛ്വാസ-
ങ്ങളായി വായിൽക്കൂടി വായുമണ്ഡലത്തിൽനിന്ന് അല്പം വായു അക-

ന്നതുകളെ കടക്കുന്നു. അത് ഒരുകൂട്ടു മാറിനപുറത്തിലായി പ്രവേശിച്ച് അവിടെപ്പരന്നുകിടക്കുന്ന രക്തനാഡികളോടുകൂടിച്ചേരുന്നു. അപ്പോൾ രക്തത്തിലുള്ള അംഗാരം മുതലായ ത്യാജ്യപദാർത്ഥത്തിന്നു വായുവിന്റെ അമ്ലജനകാംശത്തിന്നു സംയുക്തമാവുകയും, അതിൽനിന്നുണ്ടാവുന്ന അംഗാരാമ്ലവായു ഉച്ഛ്വാസങ്ങളിൽ പുറത്തേക്കു പോകയും ചെയ്യുന്നു. അംഗാരാമ്ലത്തിൽനിന്ന് അംഗാരത്തിന്റെ അംശം പോകുമ്പോൾ അതു വായു ശുദ്ധമായി ശേഷിക്കുന്നു. അതു പ്രാണികളുടെ ജീവനത്തിന്നുപകരിക്കുന്നു. സസ്യാദികൾ അവയിൽ പ്രവേശിക്കുന്ന ഭക്ഷണപദാർത്ഥമായ അംഗാരാമ്ലത്തെ വിട്ട് അമ്ലവായുവിനെ ആകർഷിക്കുന്നു. ഇതാണ് അവ വളരുന്നതിന്നും, പൂക്കുന്നതിന്നും, കായ്ക്കുന്നതിന്നും കാരണമാവുന്നത്. ജലവായുമുതലായ വായുഭേദങ്ങളെപ്പററി വിസ്തരിക്കുവാൻ ഇവിടെ ആരംഭിക്കുന്നില്ല.

ഇനി ആകാശത്തെപ്പറ്റിയാണല്ലോ നിരൂപിക്കേണ്ടത്. ആകാശത്തിന്റെ സ്വഭാവം ഇതുവരെയായിട്ടും നിശ്ചയിക്കപ്പെട്ടിട്ടില്ല. ഏററവും ലഘുവും സൂക്ഷ്മവുമായ ഒരു ദ്രവ്യമാണിതെന്നു വിചാരിച്ചുവരുന്നു. അതു ശബ്ദഗുണകമാണെന്നു താർക്കികന്മാർ സമ്മതിക്കുന്നു. പ്രകൃതിശാസ്ത്രപ്രകാരം ശബ്ദം ആകാശത്തിന്റെ ഗുണമല്ല; അതു വായുവിന്റേതാകുന്നു. ശബ്ദോൽപത്തി ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം താഴെ പറയുന്ന പ്രകാരമാകുന്നു:— കണ്ഠാദിസ്ഥാനങ്ങളിൽ ജിഹ്വാവ്യാപാരമുണ്ടാവുമ്പോൾ അതിന്റെ ചലനത്തിന്നനുസരിച്ചുള്ള വായുവിന്റെ പരമാണുക്കളിൽ ഇളകിത്തുടങ്ങുന്നു. അപ്പോൾ അവ അവയുടെ അടുത്തുള്ള അണുക്കളെയും ആകർഷിക്കുന്നു. ഇങ്ങിനെ വക്താവിന്റെ വായിൽകൂടിയ വായുപരമാണുക്കൾ ഓരോന്നായോന്നായിക്കൂട്ടിമുട്ടി അടുത്ത് കേൾക്കുന്നവന്റെ ശ്രോത്രപ്രദേശത്തിലേയോളം ഉള്ള വായുപരമാണുക്കളെ ശ്രോത്രപ്രദേശത്തുള്ള വായുവിലേക്കയക്കുന്നു. അതിന്നു ശ്രോത്രേന്ദ്രിയത്തിനോട് സംസർഗ്ഗം വരുമ്പോൾ അതു ജ്ഞാനഗോചരമായിത്തീരുകയും ചെയ്യുന്നു. അപ്പോഴാണ് ഒരാൾ പറഞ്ഞതു മറെറാരാൾ കേട്ടു എന്നു പറയാറുള്ളത്.

പൌരുഷം

നമുക്ക മനസ്സിലുള്ളതായ പല സ്വഭാവഭേദങ്ങളുമുണ്ട്. നമ്മുടെ സുഖജീവിതത്തിന്നാവശ്യകങ്ങളായ വിഷയങ്ങളെ തിരിച്ചറിയുന്നതാ



കാരമ്പാറ കുട്ടൻനമ്പൂതിരിപ്പാട് — ഫ—ന്ത—൦

വലിയമാടത്തിൽ അനുജൻനമ്പൂതിരിപ്പാട് — ഖ—വൃ—൦

കണ്ണൂർ അനുജൻഭട്ടതിരിപ്പാട് — ഖ—വൃ—൦

തെവരികൻ കപ്പിളിങ്ങാട്ട് നീലകണ്ഠൻനമ്പൂതിരി — ഖ—വൃ—൦

ഇടമന പരമേശ്വരൻനമ്പൂതിരി — ഖ—വൃ—൦

കല്ലൂർ അനുജൻനമ്പൂതിരിപ്പാട് — ഠ—ര്—൦

തെക്കേടത്തു പെരുമ്പടപ്പിൽ ശങ്കരൻനമ്പൂതിരി — ഖ—വൃ—൦

കിഴക്കേടത്ത് കുഞ്ഞിക്കുട്ടൻനമ്പൂതിരിപ്പാട് — ഖ—വൃ—൦

കണ്ണമ്പറ ശങ്കരനാരായണൻനമ്പൂതിരി — ഠ—വൃ—൦

പന്നിയൂർ വാസുദേവൻനമ്പൂതിരി — ഖ—വൃ—൦

മിത്തനാട്ട് ശങ്കരനാരായണൻനമ്പൂതിരി — ഖ...വൃ...൦

കരുതടത്ത് കുഞ്ഞുണ്ണിനമ്പൂതിരിപ്പാട് — ഠ...ര്...൦

തെക്കമ്പറ്റൂർ നാരായണൻനമ്പൂതിരിപ്പാട് — ഖ...വൃ...൦

ആറങ്ങോട്ട് സുബ്രഹ്മണ്യൻ ഭട്ടതിരിപ്പാട് — ഠ...ര്...൦

കൊടമാനപ്പുറത്തു പുരുഷോത്തമൻനമ്പൂതിരി — ഖ...വൃ...൦

നല്ലേടത്തു ചിത്രൻനമ്പൂതിരി — ഖ...വൃ...൦

കോതമംഗലത്ത് വാസുദേവൻനമ്പൂതിരി — ഖ...വൃ...൦

ആലപ്പാടിക്കാട്ട് വലിയ പരമേശ്വരൻഭട്ടതിരിപ്പാട് — ഖ...വൃ...൦

ഇരിപ്പുഴ കൈലാസപ്പൂർ — ഫ...ന്ത...൦

കരിമ്പുലാക്കൽ നാരായണൻനമ്പൂതിരി — ഫ...ല...൦

പി. കെ. ടി. കെ. എം. ശങ്കരൻനമ്പൂതിരിപ്പാട് — ഖ...വൃ...൦

അഴകത്ത് പരമേശ്വരൻനമ്പൂതിരി — ഠ...വൃ...൦

ഇടക്കാട്ട് രാമൻനമ്പൂതിരി — ഖ...വൃ...൦

പഴയത്ത് നമ്പിടിസ്വാമികളിപ്പാട് — ഖ...വൃ...൦

പൂമുള്ളി വലിയ നമ്പൂതിരിപ്പാട് — ഖ...വൃ...൦

ബ്രഹ്മശ്രീ	അവർകൾ
ചെങ്ങാളൂർ വലിയനാരായണൻനമ്പൂതിരിപ്പാട്	൨...൮..൦
എം. കെ. ടി. കെ. എം. ഉണ്ണിൻനമ്പൂതിരിപ്പാട്	൨...൮..൦
എം. കെ. ടി. കെ. എം. വലിയ നാരായണൻനമ്പൂതിരിപ്പാട്	൨...൮..൦
പരിയാനമ്പറ്റ ദിവാകരൻനമ്പൂതിരിപ്പാട്	൨...൮..൦
കെ. പു. ശ്രീവല്ലഭൻനമ്പൂതിരി	൨...൮...൦
കിരാങ്ങാട്ട് അനുജൻനമ്പൂതിരിപ്പാട്	൨...൮..൦
കിടങ്ങശ്ശേരി പത്മനാഭൻസോമയാജിപ്പാട്	൨...൮..൦
മനാട്ട് ഉണ്ണിൻനമ്പൂതിരിപ്പാട്	൨...൮..൦
ടി വാസുദേവൻനമ്പൂതിരിപ്പാട്	൨...൮..൦
കിടങ്ങഴി ദാമോദരൻനമ്പൂതിരിപ്പാട്	൨...൮..൦
വെള്ളമങ്ങ് ദാമോദരൻഭട്ടതിരിപ്പാട്	൨...൮..൦
ഉപ്പിലഞ്ഞാറ ശങ്കരൻനമ്പൂതിരി	൨...൮..൦
കക്കാപ്പറ്റ വാസുദേവൻനമ്പൂതിരിപ്പാട്	൨...൮..൦
പഴൂർപട്ടത്തെ വാസുദേവൻനമ്പൂതിരിപ്പാട്	൨...൮..൦
ടി. ആർ. പരമേശ്വരയ്യർ	൨...൮..൦
കിടങ്ങൂർ പശുപതിനമ്പൂതിരി	൨...൮..൦
ഒടുക്കമ്പുഴ നാരായണൻ നമ്പൂതിരിപ്പാട്	൨...൮..൦

മ. റ. രാ.	അവർകൾ
കെ. സി. കൃഷ്ണനുണ്ണിനായർ	൨...൮..൦
മണ്ണൂർക്കാട്ട് കുട്ടിനായർ	൫..൧൪...൦
കെ. പു. നാരായണമേനോൻ	൫..൯..൦
കെ. പി. മാധവമേനോൻ, ബാരിസ്റ്റർ	൫..൯..൦
സി. മാധവൻനായർ, ബാരിസ്റ്റർ	൫..൯..൦
മാലിൽ നാരായണമേനോൻ	൫...൧൦...൦
ടി. കെ. കൃഷ്ണമേനോൻ ബി. എ., എം. ആർ. എ. എസ്സ്.	൨...൮..൦
കൊച്ചി [illegible]	൨...൮..൦
മേലാങ്ങത്ത് ഗോവിന്ദനുണ്ണിനാടിയാർ	൨...൮..൦
ടി. ജെ. [illegible]	൫...൯..൦

ഇ. രാ. ഢ.	അവർകൾ
കാളൂമ്പിള്ളി നാരായണപ്പണിക്കർ	ഖ...വ്യ..ം
കെ. ഉണ്ണികൃഷ്ണൻനായർ	ഖ...വ്യ..ം
സി. പി. അച്യുതമേനോൻ ബി. എ.	ഖ...വ്യ..ം
പുതിയകോവിലകത്ത് കൊച്ചുകുട്ടൻതിരുമുൽപ്പാട്	ക...ഫ..ം
ടി. ശങ്കുൺമേനോൻ	ഖ...വ്യ..ം

ശ്രീമതി..അവർകൾ.

പുതിയ കോവിലകത്ത് തെക്കേക്കെട്ടിൽ ചെറിയ കുഞ്ഞിത്തമ്പുരാട്ടി	ഖ...വ്യ..ം

☞ ഇതുവരെ കിട്ടീട്ടുള്ള സംഖ്യകളും, അടച്ചവരുടെ പേരുകളും ഇതോടുകൂടി പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇതിൽ പേരിലോ സംഖ്യയിലോ വല്ല വ്യത്യാസവും ഉള്ളതായിക്കാണുന്നുണ്ടെങ്കിൽ ആ വിവരം ഈ കർക്കടകം ൧൫-ാം൹-ക്കുള്ളിൽ ഞങ്ങളെ അറിയിക്കേണ്ടതാണെന്ന് എല്ലാ വരിക്കാരേയും പ്രത്യേകം ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

"മംഗളോദയം" മാനേജർ

മംഗളാലയം

തൃശ്ശൂർ

———

ബഹുമാനം

6-ക വിലയുള്ളതായ ഒരു വാച്ച് വാങ്ങുന്നവർക്ക് 56 സാമാനങ്ങൾ ഇനാമായി കൊടുക്കപ്പെടും. ഉള്ളിൽ [illegible] ള്ളതായ നിക്കൽസിൽവർലിവർവാച്ചാണ്.



ഈ വാച്ച് നല്ല ഭംഗിയുള്ളതായും വളരെ [illegible] ശിയുള്ളതായും പ്രകാശമുള്ളതായും [illegible] ലെ നില്ക്കുന്നതായും കണ്ണാടികൾക്കു മേൽ മൂടിയുള്ളതായും [illegible] താകാലവുള്ളതായും ഇരിക്കും. ഇത്ര വിശേഷപ്പെട്ടതായും കല്ലുള്ളതായും ഇരിക്കുന്ന വാച്ചിന് വില 6 ക മാത്രമാണ്. ഈ വാച്ചോടുകൂടി പറഞ്ഞുകൊള്ളുന്നവർക്ക് [illegible] 56 സാമാനങ്ങൾ ഇനാമായും കൊടുക്കപ്പെടുന്നതാണ്.

സാമാനങ്ങൾ

ബെൽട്ട്, പവിഴമാല, വാച്ചുചങ്ങല, [illegible], [illegible] കുപ്പായ്, കണ്ണാടി, വാച്ചുനാട, വാച്ചുചാവ്, സാമാനങ്ങൾ വെച്ചുള്ള [illegible] 8, കത്തിരി, [illegible], പൂട്ട്, [illegible], കണ്ണട, [illegible], [illegible], [illegible], [illegible], [illegible] വിളക്ക്, വാച്ചുകണ്ണാടിപ്പെട്ടി, പെൻസിൽ, [illegible], [illegible] 1 ചിത്രക്കാഴ്ച 27, സ്റ്റീൽപേന, [illegible] കൂടി ആകെ 56.

ഫോട്ടോഗ്രാഫ് മോതിരം

ഈ മോതിരം എത്രയോ [illegible] [illegible] ആകുന്നതാണ്. മേൽ ഭാഗത്തിൽ ചുകപ്പ്, പച്ച, വെള്ള, [illegible] പതിച്ചിരിക്കും.



ഇതിന്റെ മേൽഭാഗത്ത് [illegible] ഒരു [illegible] ഫോട്ടോഗ്രാഫ് പടം വെച്ച് [illegible] അടക്കിയിരിക്കുന്നു. ഇതിൽ നോക്കിയാൽ വലിയ [illegible] [illegible] [illegible] വളരെ അതിശയമായിട്ട് കാണിക്കപ്പെടും. ഇതു വളരെ [illegible], ഇത്ര [illegible] മോതിരം 1-ക്കു വില 10-ണ മാത്രം. [illegible] സാമാനങ്ങൾക്കും [illegible] ഇംഗ്ലീഷിലോ [illegible] മേൽവിലാസത്തിൽ [illegible] ണ്ട്.

മേൽവിലാസം—മാനേജർ—[illegible]

പാക്ക് [illegible].

Registered No. M. 609

മംഗളോദയം

വരിസംഖ്യ

അഡ്വാൻസായി അടക്കേണ്ടത്

ഒരുകൊല്ലത്തേക്ക മുൻകൂർ ക 2—8—0

ആറു മാസത്തേക്ക ക 1—6—0

ഒറ്റപ്രതിക്ക ക 0—4—0

വി. പി. കമീഷൻ പുറമെ.

പരസ്യക്കൂലി,

വരി ഒന്നിന്ന ക 0—2—0

സ്ഥിരപരസ്യങ്ങൾക്ക പ്രത്യേകനിരക്ക നിശ്ചയിക്കപ്പെടും.

☞ വരിസംഖ്യ മുൻകൂറായി അടച്ചിട്ടുള്ളവർ, അവരവർ [illegible] സംഖ്യ [illegible] മാനേജരെ [illegible].

മാ. മാനേജർ.

ഗുരുവായൂരപ്പന്റെ

കഥ

ഭക്തന്മാർക്ക ഭാഗ്യം! കവികൾക്ക പ്രത്യേകം!!

പ്രസിദ്ധകവിയായ ബ്രഹ്മശ്രീ നടുവത്തു മഹൻനമ്പൂതിരി അവർകളുടെ കൃതി. വില ഒരണ. [illegible] ഒന്നാംതരം [illegible] അച്ചടിച്ചു കിട്ടുന്നതാണ്.

മാനേജർ,

മംഗളോദയം പ്രസ്സ്

[illegible].

മംഗളോദയം

പുസ്തകം ൨ | [illegible] മാസം | ലക്കം ൫

വിഷയങ്ങൾ

[illegible]

അച്ചടിച്ചതു്.

1085

സാംഖ്യകാരിക

(ഭാഷാവ്യാഖ്യാനസഹിതം)

ആസ്തികന്മാരുടെ ഇടയിൽ പണ്ടുപണ്ടേ പ്രചാരത്തിലെത്തീട്ടുള്ള ആറു തത്വദർശനങ്ങളെപ്പറ്റി കേട്ടിട്ടില്ലാത്തവർ വളരെ ദുർല്ലഭമായിരിക്കും. അതുപോലെതന്നെ, അവയിൽ പ്രതിപാദിക്കപ്പെടുന്ന വിഷയം എന്താണെന്നും, അത് എത്രത്തോളം ഉപകാരമുള്ളതാണെന്നുംമറ്റുമുള്ള സംഗതികളെ സ്ഥൂലമായിട്ടെങ്കിലും മനസ്സിലാക്കീട്ടുള്ളവർ അതിലധികം ദുർല്ലഭമായിരിക്കും. അതിനാൽ മലയാളസാഹിത്യത്തിലേക്ക് ദർശനഗ്രന്ഥങ്ങളെ ആകർഷിക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. ഈ വക സംഗതികളെ ആലോചിച്ചിട്ടാണ് ഷഡ്ദർശനങ്ങളിലൊന്നായ സാംഖ്യശാസ്ത്രത്തിലെ വിഷയങ്ങളെ പ്രതിപാദിക്കുന്ന സാംഖ്യകാരിക എന്ന പ്രാചീനഗ്രന്ഥത്തെ ഞങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുള്ളത്. ഈശ്വരകൃഷ്ണപ്രണീതമായ ഈഗ്രന്ഥത്തിൽ എഴുപതു കാരികകളും ഉപസംഹാരകാരികകളും അടങ്ങിയിരിക്കുന്നു. [illegible] എസ്സ്. അനന്തനാരായണശാസ്ത്രികളവർകൾ അനുക്രമത്തിൽ എഴുതിയതും സുഗമവുമായ ഭാഷാവ്യാഖ്യാനവും ചേർത്തിട്ടുണ്ട്. അസ്പഷ്ടങ്ങളായ ഭാഗങ്ങളെ മനസ്സിലാക്കുവാൻ ചോടെ ഫുട്നോട്ടും കൊടുത്തിട്ടുണ്ട്. സാംഖ്യശാസ്ത്രത്തിന്റെ സംക്ഷിപ്തചരിത്രം സവിസ്തരമായ ഒരു അവതാരികയുമുണ്ട്. വില ഒരണമാത്രം. തപാൽക്കൂലിയും വി. പി. ചിലവും പുറമെ. അധികം കോപ്പികൾ ഒന്നായി എടുക്കുന്നവർക്കു പതിനഞ്ചുവീതം കിഴിവുകൊടുക്കുന്നതാണ്. ഉടനെ അപേക്ഷിക്കുവിൻ !

മാനേജർ,
മംഗളോദയം പ്രസ്സ്
തൃശ്ശൂർ.

മംഗളോദയം
[illegible]

പുസ്തകം ൨. { മിഥുനമാസം } ൧൧ ലക്കം

മംഗളം

[illegible]

[illegible]

[illegible]

[illegible]

വെള്ളാനശ്ശേരി വാസുദേവൻ മൂസ്സത്.

ഒരു മഹാരാഷ്ട്രന്യായാധീശൻ

മഹാരാഷ്ട്രമഹാരാജധാനിയിലെ ഒന്നാം ജഡ്ജിയായിരുന്ന രാമശാസ്ത്രി പതിനെട്ടാംശതവർഷത്തിന്റെ ആദിയിലാണ ജനിച്ചത്. കല്യാണി എന്ന ഡിസ്ത്രിക്ടിൽപെട്ട മാഹുലി എന്ന ഗ്രാമമായിരുന്നു ഇദ്ദേഹത്തിന്റെ ജന്മഭൂമി.



ഗ്രാന്റ് ഡഫ് എന്ന ചരിത്രകാരൻ രാമശാസ്ത്രിയെപ്പറ്റി താഴെപറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—"സന്യാസിശ്രേഷ്ഠന്മാരിൽ നിഷ്കളങ്കതയോടുകൂടി മഹാരാഷ്ട്രന്മാരുടെ കീഴിൽ ജഡ്ജിയായിരിപ്പാൻ രാമശാസ്ത്രിക്കുമാത്രമേ സാധിച്ചിട്ടുള്ളൂ. [illegible] ഇദ്ദേഹത്തിന്റെ ശീലഗുണം, [illegible] ഗുണങ്ങളും സാധാരണയായിരുന്ന ഒരു കാലത്ത പ്രത്യേകിച്ചും വിസ്മയനീയവുമായിരുന്നു."

ദരിദ്രന്മാരായ അദ്ദേഹത്തിന്റെ അച്ഛനമ്മമാർ രാമശാസ്ത്രിയുടെ ചെറു
പ്പകാലത്തുതന്നെ മരിച്ചുപോയതിനാൽ അദ്ദേഹം തന്റെ അമ്മാമന്റെ
രക്ഷയിൻകീഴിലാണ വളൎന്നുവന്നത്. പതിനഞ്ചോ പതിനാറോ വയ
സ്സാവുന്നതുവരെ അദ്ദേഹത്തിന്ന യാതൊരു വിദ്യാഭ്യാസവും ഉണ്ടായില്ല.
കുട്ടിക്കാലത്തിൽ നിന്നിട്ടു മററു കളികളിൽ ഏൎപ്പെട്ട [illegible] പ്രായം
പാഴാക്കി. അദ്ദേഹത്തിന്ന് പതിനാറു വയസ്സു [illegible] ആയ
പ്പോൾ അമ്മാമൻ അദ്ദേഹത്തിനെ തന്റെ [illegible] ആക്കി.

ഈ ചെറുപ്പത്തിൽതന്നെ വിവാഹിതനായിത്തീൎന്ന രാമശാസ്ത്രി,
സമീപത്തിലെ പ്രസിദ്ധപ്പെട്ട ഉണ്ടികച്ചവടക്കാരനായ അനന്തൻ എ
ന്നാളുടെ വീട്ടിൽപോയി ശമ്പളംപറ്റിച്ച്, അനന്തന്റെ ഒരു ഭൃത്യ
നായിത്താമസിച്ചു. അദ്ദേഹം തന്റെ ജോലികളെല്ലാം വളരെ നിഷ്ഠ
യോടും കപടംകൂടാതെയും ചെയ്തുവന്നു. ഒരുദിവസം അദ്ദേഹം തന്റെ
യജമാനന്ന് കാലും കയ്യും കഴുകാനായി വെള്ളം ഒഴിച്ചുകൊടുക്കുമ്പോൾ,
ഒരു കച്ചവടക്കാരൻ ചില ഹുണ്ടികകളെ യജമാനനെ കാണിച്ചുകൊടുക്കുന്നതു
കണ്ട് അദ്ദേഹത്തിന്റെ ശ്രദ്ധമുഴുവനും അവയിലായിത്തീൎന്നു. വെള്ളം
ഒഴിച്ചുകൊടുക്കുന്നതിൽ തന്റെ ദൃഷ്ടികാണിച്ച അശ്രദ്ധയുടെ കാരണ
മെന്തെന്ന് യജമാനൻ ചോദിച്ചപ്പോൾ താൻ അതിലെ മുദ്രകൾ ധരി
പ്പാൻ മോഹമുണ്ടെന്ന ധൈൎയ്യത്തോടുകൂടിപ്പറഞ്ഞു. ഉണ്ടികക്കാരൻ ചി
രിച്ചുംകൊണ്ട്, വിദ്വാന്മാൎക്കും ധീരന്മാരായ മന്ത്രിമാൎക്കും മാത്രമേ മുദ്രകൾ
ധരിപ്പാൻ അൎഹതയുള്ളു എന്നു പറഞ്ഞു. ഇതു രാമന്റെ ഹൃദയത്തിൽ
തട്ടി. അദ്ദേഹം എന്തുവിധത്തിലെങ്കിലും അറിവുസമ്പാദിക്കേണമെന്ന
തീൎച്ചപ്പെടുത്തി, വിദ്യാഭ്യാസംചെയ്യാൻവേണ്ടി കാശിയിലേക്കുപോവാൻ
മോഹമുണ്ടെന്ന് അദ്ദേഹം യജമാനനോട്ട വെളിവായിപ്പറഞ്ഞു. അദ്ദേ
ഹത്തിന്റെ ആത്മവിശ്വാസവും നിശ്ചയവും കണ്ട് സന്തോഷിച്ച് അന
ന്തൻ ആ കാലത്ത് ഒട്ടും സുഗമമല്ലാത്തതായ കാശിയാത്രക്ക വേണ്ട സഹാ
യങ്ങളെല്ലാം അദ്ദേഹത്തിന്ന ചെയ്തുകൊടുത്തു.

രാമൻ കാശിയിലെത്തിയകാലത്ത് അദ്ദേഹത്തിന്ന പതിനെട്ടോ
ഇരുപതോ വയസ്സു പ്രായമായിരുന്നു. കാശിയിലെത്തിയതിന്നശേഷം
രാമൻ പ്രസിദ്ധവൈയാകരണനായ 'ബാലശാസ്ത്രികളുടെ' എന്നാ
ളുടെ അടുത്തുചെന്ന്, വളരെ ആഗ്രഹത്തോടുകൂടി അദ്ദേഹത്തിനെ അഭി
വാദ്യംചെയ്ത്, ആ വലിയ പണ്ഡിതന്റെ മുമ്പിൽ കയ്യുംകെട്ടിനിന്ന
രാമന്റെ കണ്ണുകളിൽനിന്ന കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു. തന്റെ പേരിൽ

ഉപേക്ഷിക്കരുതെന്നു രാമൻ പണ്ഡിതരോടു പ്രാർത്ഥിച്ചു. ഇതുവരെ പഠിച്ചിട്ടുണ്ടെന്നു ബാലഭട്ടൻ ചോദിച്ചതിനു താൻ ഒന്നും പഠിച്ചിട്ടില്ലെന്നു രാമൻ ഉത്തരംപറഞ്ഞപ്പോൾ ആ പാഠശാലയിലുള്ള കുട്ടികളുടെ ചിരികൊണ്ടുമുഴങ്ങി. എങ്കിലും ബാലഭട്ടൻ രാമനെ ഒരു വിദ്യാർത്ഥിയായി സ്വീകരിച്ചു.

ആ കാലത്തു ബാലഭട്ടന്റെ സ്വന്തംവകയായി കാശിയിൽ ഒരു വലിയ പാഠശാലയുണ്ടായിരുന്നു. ഈ പാഠശാല നിലനിർത്തിപ്പോരുന്നതിന് കൊല്ലത്തിൽ ഒരുലക്ഷം ഉറുപ്പിക ചിലവുണ്ടായിരുന്നു. ഈ പ്രസിദ്ധപാഠശാലയിലെ ചിലവുകളെല്ലാം ജയപുരമഹാരാജാവായ സവായിജയസിംഹനാണ് ചെയ്തിരുന്നത്. ഈ പാഠശാലക്ക് പൊതുജനങ്ങൾ വളരെ പണം സൌജന്യമായി കൊടുത്തിരുന്നു. ബാലഭട്ടന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിന്റെ മരുമകനും മകളുടെ ഭർത്താവും ആയ അനന്തഭട്ടനും ഉണ്ടായിരുന്നു. ബാല്യകാലത്തിൽ അനന്തനും പഠിപ്പിൽ വളരെ ഉദാസീനതകാണിച്ചിരുന്നു. എങ്കിലും പിന്നീട് ഒരു നിസ്സാരമായകാരണംകൊണ്ട് അദ്ദേഹവും രാമനെപ്പോലെതന്നെ നല്ലവണ്ണം പഠിക്കാൻതീർച്ചയാക്കിയിട്ടുണ്ടായിരുന്നു. ഇവർ രണ്ടുപേരും അന്യോന്യം വേർപെടാത്ത പ്രാണസ്നേഹിതന്മാരായിത്തീർന്നു. ഈ സ്നേഹം അവരുടെ മരണംവരെ നിലനിന്നുപോരികയും ചെയ്തു.

കുറേക്കാലംകഴിഞ്ഞപ്പോൾ മൂഢനായിരുന്ന രാമൻ പ്രസിദ്ധനായ രാമശാസ്ത്രിയായിത്തീർന്നു. കാശിയിൽനിന്നു് അദ്ദേഹം തന്റെ ജന്മഭൂമിയായ മഹുലിയിലേക്കു മടങ്ങിവന്നു. അല്പകാലത്തിനുള്ളിൽ അദ്ദേഹത്തിന്റെ വിനീതവൃത്തി, അപാരമായ പാണ്ഡിത്യം, ധർമ്മനിഷ്ഠ, ഈശ്വരഭക്തി, സ്വാതന്ത്ര്യം, നീതിതല്പരത മുതലായ സൽഗുണസമ്പത്തുകൊണ്ട് അദ്ദേഹം പ്രസിദ്ധനായിത്തീർന്നു. ഒടുവിൽ ഇദ്ദേഹത്തിന്റെ പ്രസിദ്ധി അക്കാലത്തെ പേഷ്വാ ആയിരുന്ന നാനാസാഹേബിന്റെ (ബാലാജിബാജിറാവു) ചെവിയിൽ എത്തി. രാമശാസ്ത്രിയുടെ സൽഗുണങ്ങളാൽ ഏറ്റവും ആകർഷിക്കപ്പെട്ട നാനാസാഹേബ്, ബാലകൃഷ്ണശാസ്ത്രി മരിച്ചതിനുശേഷം [illegible] അദ്ദേഹത്തെ മഹാരാഷ്ട്രഹൈക്കോടതിയിലെ ഒന്നാംജഡ്ജിയായി നിയമിച്ചു.

രാമശാസ്ത്രി അക്കാലത്തെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ഒരുവനായിരുന്നു. എങ്കിലും അദ്ദേഹത്തിനു ലേശം അഹംഭാവമുണ്ടായിരുന്നില്ല. അദ്ദേഹം എപ്പോഴും പൂനായിൽതന്നെ താമസിച്ചു. വളരെ ശുചിയുള്ള

ള്ളതായിരുന്ന തന്റെ ജോലിയിൽ അദ്ദേഹത്തിനെ സഹായിപ്പാൻ നല്ല വിദ്വാന്മാരും ധർമ്മനിരതന്മാരും ആയ അനേകം കീഴുദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു. മുഖ്യമായും ഗൌരവമേറിയതും ആയ കേസ്സുകളിൽ രാമശാസ്ത്രി നഗരത്തിലുള്ള പ്രമാണികളുമായി ആലോചന ചെയ്തിരുന്നു. സത്യവാദിയായ രാമശാസ്ത്രിയെ പേഷ്വാകൂടി ഭയപ്പെട്ടിരുന്നു. കുറ്റം ചെയ്തവൻ എത്ര പ്രമാണിയായാലും രാമശാസ്ത്രി അവനെ ശിക്ഷിക്കാതെ വിട്ടിരുന്നില്ല. ഒരിക്കൽ അദ്ദേഹം പേഷ്വായായിരുന്ന രഘുനാഥറാവുവിനെ തൂക്കിക്കൊല്ലുവാൻ വിധിച്ചു.

രാമശാസ്ത്രി ഹൈക്കോടതിയിലെ ഒന്നാംജഡ്ജിയായി വന്നപ്പോൾ മാധവറാവുവിന്ന് പതിനെട്ടു വയസ്സു പ്രായമായിരുന്നു. ക്രിസ്തുവർഷം ൧൭൬൧-മാണ്ടിൽ നാനാസാഹേബ് മരിക്കുകയും മാധവറാവു പേഷ്വായായിരിക്കുകയും ചെയ്തു. മാധവറാവുവിന്ന തന്റെ രാജ്യത്തിലെ നീതിന്യായപരിപാലനസമ്പ്രദായത്തെ പരിഷ്കരിക്കണമെന്ന് വളരെ ആഗ്രഹമുണ്ടായിരുന്നു. രാമശാസ്ത്രി പേഷ്വായുടെ ഈ മുഖ്യമായ ഉദ്ദേശത്തെ സഫലമാക്കുന്നതിന്ന കഴിയുന്ന സഹായമെല്ലാം ചെയ്തുകൊടുക്കുകയും, നീതിന്യായപ്രവൃത്തിയുടെ എല്ലാശാഖകളേയും പേഷ്വാക്ക മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. മാധവറാവു ബുദ്ധിമാനായ ഒരു വിദ്യാർത്ഥിയായിരുന്നു. എങ്കിലും ഇവർ [illegible] കേട്ടെഴുതപ്പെട്ടിട്ടുള്ള ഒരു വൃത്താന്തം രാമശാസ്ത്രിയുടേയും അദ്ദേഹത്തിന്റെ ശിഷ്യനായ മാധവറാവുവിന്റേയും സ്തുത്യർഹമായ സൌജന്യവിശേഷത്തെ ദ്യോതിപ്പിക്കുന്നു. പല ബ്രാഹ്മണരുമായിട്ടുള്ള സംഭാഷണംനിമിത്തം കാര്യക്കാരനായി മാധവറാവു യോഗശാസ്ത്രനിരൂപണം ചെയ്യുന്നതിലും യോഗാഭ്യാസം ശീലിക്കുന്നതിലും വളരെ പരിശ്രമം ചെയ്തുവന്നിരുന്നു. ഈ പരിശ്രമത്തെ [illegible] കൊണ്ടു എതിരഭിപ്രായം ചെയ്യാൻ ശ്രമിക്കുന്നതായാൽ മാധവറാവു അല്ലെങ്കിൽ അദ്ദേഹത്തിന്റെ സഹവാസികളുമായി അവസാനമില്ലാത്ത തർക്കത്തിന്ന് എടവരുന്നതാണെന്നുകണ്ട് രാമശാസ്ത്രി അതിന്ന തുനിഞ്ഞില്ല. ഒരുദിവസം കാലത്തു പേഷ്വായുടെ സന്നിധിയിൽ ചെന്നപ്പോൾ മാധവറാവു സകലേന്ദ്രിയങ്ങളേയും അടക്കി സമാധിയിലിരിക്കുന്നതുകണ്ടു രാമശാസ്ത്രി മടങ്ങിപ്പോന്നു. പിന്നെ [illegible] തായ ചില എഴുത്തുകുത്തുകൾ ചെയ്യുന്നതിനായിട്ടും അദ്ദേഹം പേഷ്വായുടെ [illegible] [illegible] [illegible] താമസിച്ചുകൊള്ളാമെന്ന് ആഗ്രഹമുള്ളതുകൊണ്ട് തന്റെ രാജി സ്വീകരിക്കണമെന്ന് പ്രാർത്ഥിച്ചു

കൊണ്ട് രാമശാസ്ത്രി തന്റെ പണി രാജിവെച്ചു. തലേദിവസം അ
ദ്ദേഹത്തിന്റെ നേരെയുള്ള തന്റെ അവമതിയെപ്പറ്റി മാധവറാവു
ഉടനെ മാപ്പുചോദിച്ചു. ഉദ്യോഗത്യാഗത്തിൽ മനസ്സായതുകൊണ്ട് അ
ങ്ങിനെ വന്നതാണെന്നും, തന്റെ ആ പ്രവൃത്തി ന്യായവും ശ്ലാഘ്യ
മായിട്ടുള്ളതാണെന്നും മാധവറാവു പറഞ്ഞു. "ഇഹലോകത്തിലുള്ള സക
ലസുഖങ്ങളും നിങ്ങൾ ഉപേക്ഷിക്കുന്നതായാൽമാത്രമേ നിങ്ങളുടെ ഈ
പ്രവൃത്തി ശ്ലാഘ്യമാവുകയുള്ളൂ. ബ്രാഹ്മണർക്ക് ശാസ്ത്രവിധികൾപ്രകാ
രം നിശ്ചയിച്ചിട്ടുള്ള കൃത്യങ്ങളെ ചെയ്യാതെ അവർ രാജ്യഭാരം ചെയ്യാനിരു
ങ്ങിയിരിക്കുന്നു. സ്വധർമ്മം ഉപേക്ഷിച്ച് അന്യധർമ്മത്തെ സ്വീകരിച്ചതി
ന്നുള്ള ദോഷപരിഹാരം വേണമെങ്കിൽ തങ്ങൾക്ക സിദ്ധിച്ചിട്ടുള്ള അ
ധികാരത്തെ അവർ പ്രജകളുടെ ക്ഷേമത്തിന്നായി വിനിയോഗിക്കണം.
ഗവർമ്മെണ്ടുകാര്യങ്ങളിലും പ്രജകളുടെ ക്ഷേമത്തിലും നിങ്ങൾ ജാഗരൂക
രായിരിക്കണം. അപ്രകാരം ചെയ്യുവാൻ നിങ്ങൾക്ക സമാധാനംവരുന്നി
ല്ലെങ്കിൽ നിങ്ങൾ രാജ്യം ഉപേക്ഷിച്ച് എന്റെകൂടെവന്ന് നമ്മുടെ മത
പ്രകാരം നാം അനുഷ്ഠിക്കേണ്ടതാണെന്ന ഞാനും പൂർണ്ണമായി സമ്മതിക്കു
ന്ന നിഷ്ഠകളെയും മറ്റും അനുഷ്ഠിച്ച് കാലയാപനം ചെയ്യുകയും" എന്ന
രാമശാസ്ത്രി മറുപടിപറഞ്ഞു. രാമശാസ്ത്രിയുടെ ആക്ഷേപം വളരെ ന്യാ
യമായിട്ടുള്ളതാണെന്ന മാധവറാവു സമ്മതിച്ച് ഉദ്യോഗത്യാഗം മുതലായ
പരിശ്രമങ്ങളിൽനിന്ന വിരമിക്കുകയും ചെയ്തു.

ഒന്നാംമാധവറാവുവിന്റെ കാലംമുതൽക്ക് കൊല്ലന്തോറും ശ്രാവണ
മാസത്തിൽ [illegible] വിദ്വാന്മാർക്ക ദക്ഷിണകൊടുക്കുന്നതു പതിവാ
യിരുന്നു. ശാസ്ത്രവിദ്വാന്മാരുടെ യോഗ്യത അനുസരിച്ച് അവർക്ക് [illegible]
തൽ ൨൦൦ ക വരെ ദക്ഷിണകൊടുത്തിരുന്നു. മറ്റുള്ള ബ്രാഹ്മണർക്ക്
ഇരുപതുറുപ്പിക കിട്ടിയിരുന്നു. ഈ ദക്ഷിണക്കുവേണ്ടി കാശി, രാമ
ശ്വരം, മിഥില മുതലായ ദൂരദിക്കുകളിൽനിന്നുകൂടി വലിയ പണ്ഡിതന്മാർ
പൂനയിലേക്ക വന്നിരുന്നു. ഈ ആവശ്യത്തിന്നായി കൊല്ലംതോറും
അഞ്ചുലക്ഷം ഉറുപ്പികയോളം ചിലവിട്ടിരുന്നു. ക്ഷാമകാലത്തിൽ ബാലാ
ജിബാജിറാവു [illegible] ഉറുപ്പിക ഈ വിഷയത്തിലേക്ക ചില
വിട്ടു. ഈ ദക്ഷിണകൊടുക്കേണ്ട ചുമതല രാമശാസ്ത്രിയെയായിരുന്നു
ഏല്പിച്ചിരുന്നത്. ദക്ഷിണകൊടുക്കുന്ന സമയത്ത് രാമശാസ്ത്രിയുടെ
അടുക്കെ നാനാഫഡ്നവീസ് ഒരു സഞ്ചിയിൽ പണവുംനിറച്ച് ഇരി
ക്കുക പതിവായിരുന്നു. ഒരിക്കൽ രാമശാസ്ത്രിയുടെ ബന്ധുവായ [illegible]

ങ്ങൾ വന്നു. അദ്ദേഹം ഒരു വിദ്വാൻ അല്ലായിരുന്നു. രാമശാസ്ത്രിയുടെ ജ്യേഷ്ഠനാണെന്നു നാനാഫഡ്നവിസ്സിന്നു മനസ്സിലായതുകൊണ്ട് അദ്ദേഹത്തിന്നു കൊടുക്കാനായി ആയിരം [illegible] രാമശാസ്ത്രിയുടെ കയ്യിൽ [illegible] എടുത്തുകൊടുത്തു. അപ്പോൾ ശാസ്ത്രികൾ ഇപ്രകാരം പറഞ്ഞു—"വിദ്വാനല്ലാത്ത യാതൊരാൾക്കും [illegible] ഉറുപ്പിക കിട്ടാൻ അവകാശമില്ല. എന്റെ ജ്യേഷ്ഠനായതുകൊണ്ട് എന്റെ [illegible] ഞാൻ അദ്ദേഹത്തെ രക്ഷിക്കേണ്ടതാണ്. എന്നാൽ അതു [illegible] വേണ്ടതുപോലെ ഞാൻ ചെയ്തുകൊള്ളാം. എന്റെ ജ്യേഷ്ഠനെപ്പോലെ പഠിപ്പില്ലാത്തവർക്ക് ഈ പണത്തിൽനിന്ന് എന്തെങ്കിലും കൊടുത്താൽ പൊതുവിലുള്ള പണത്തെ ദുർവ്യയം ചെയ്തു എന്നും 'പക്ഷപാതം' [illegible] എന്നിൽ ഇരിക്കുന്നതാണ്. അതുകൊണ്ട് ജ്യേഷ്ഠന് സാധാരണ ബ്രാഹ്മണർക്കു കിട്ടുന്ന ദക്ഷിണ മാത്രമല്ലാതെ അധികം ഒന്നും കിട്ടാൻ പാടുള്ളതല്ല." രാമശാസ്ത്രിയുടെ വാക്കുകേട്ട് നാനാഫഡ്നവിസ്സും മറ്റുള്ളവരും അത്ഭുതപ്പെട്ടു. രാമശാസ്ത്രിയുടെ ജ്യേഷ്ഠന് ഒരു ഉറുപ്പിക [illegible] തൃപ്തിപ്പെടേണ്ടിവന്നു.

രാമശാസ്ത്രിക്ക് ഗോപാലൻ എന്നൊരു മകനുണ്ടായിരുന്നു. തന്റെ [illegible] ഗോപാലനെ [illegible] മകനെപ്പറ്റി [illegible] രാമശാസ്ത്രിയുടെ [illegible] എല്ലാം നിഷ്ഫലമായതേ ഉള്ളൂ. ഒരിക്കൽ മാധവറാവുപേഷ്വാ ഗോപാലന്റെ ചില [illegible] ആളുകളുടെ പേരിൽ [illegible] കൊടുക്കാൻവിചാരിക്കുന്നതായി രാമശാസ്ത്രിക്ക് അറിവുകിട്ടി. ഒരുദിവസം അദ്ദേഹം പേഷ്വായോട് പറഞ്ഞു—"മഹാരാജാവേ! എന്റെ മകനെപ്പോലെയുള്ള മൂഢന്മാർക്ക് [illegible] എന്തു പ്രയോജനമാണുള്ളത്? ഒരു സമ്മാനം അവനെക്കാൾ യോഗ്യനായ ഒരുവന്നു കൊടുത്താൽ അതു സഫലമായി ഭവിക്കുന്നതാണല്ലോ. നമ്മുടെ ഗോപാലനു അവിടുത്തെ ഭൃത്യനായി നിന്ന് [illegible] കഴിക്കാൻമാത്രമേ യോഗ്യതയുള്ളൂ. അതിൽ അധികമൊന്നും കിട്ടാൻ അവനു യോഗ്യതയുണ്ടെന്ന് എനിക്കു തോന്നുന്നില്ല." [illegible] മാധവറാവുവിനു തന്റെ ഉദ്ദേശത്തിൽനിന്നു വിരമിക്കേണ്ടിവന്നു. എങ്കിലും രാമശാസ്ത്രിയുടെ മരണാനന്തരം അദ്ദേഹത്തിന്റെ കുടുംബങ്ങളുടെ നിത്യവൃത്തിക്കായി കല്പിച്ചുകൊടുത്ത [illegible] ഉറുപ്പിക ഗോപാലൻ (ഇപ്പോൾ ഗോപാലശാസ്ത്രിയായി) രാജഭണ്ഡാരത്തിൽനിന്നു [illegible] വാങ്ങിപ്പോന്നിരുന്നു.

ഒരിക്കൽ നാനാഫഡ്നവീസ് അദ്ദേഹത്തിന് ഒരു പല്ലക്കു കൊടുത്തയച്ചു. അതിനെ ഏറ്റുകൊണ്ടുവന്നവർ അത് നാനാസാഹേബ് അയച്ചതാണ് എന്നു പറഞ്ഞതുകൊണ്ടുമാത്രം അദ്ദേഹം പല്ലക്കിനെ സ്വീകരിച്ചില്ല. ആ കാലത്ത് സാഹേബ് എന്ന പദം പെഷ്വാവംശത്തിൽ ജനിച്ചവരുടെ നാമധേയങ്ങളോടുകൂടിയല്ലാതെ വേറെ ആരുടെയും പേരിനോടുകൂടി ചേർത്തു പറയുക പതിവുണ്ടായിരുന്നില്ല. അതുകൊണ്ടു വേറെ ഒരുവനെ സാഹേബ് എന്നു വിളിച്ചുകേട്ടപ്പോൾ ശാസ്ത്രിക്കു രസമായില്ല. പല്ലക്കു കൊണ്ടുവന്ന ആളുകളോട് അദ്ദേഹം ഇങ്ങിനെ പറഞ്ഞു. "ഇതു അയച്ചതു നാനാസാഹേബാണെങ്കിൽ ഞാൻ അങ്ങിനെ ഒരാളെ അറിയില്ല. നാനാസാഹേബ് (ബാലാജിബാജിറാവിനെ ഉദ്ദേശിച്ചുകൊണ്ട്) മരിച്ചിട്ടു വളരെക്കാലമായല്ലോ. അതിനാൽ എനിക്ക് ഇതു സ്വീകരിക്കാൻ പാടില്ല." ഇപ്രകാരം പറഞ്ഞ് അദ്ദേഹം പല്ലക്കിനെ മടക്കി അയച്ചുകളഞ്ഞു.

ഒരിക്കൽ ഒരു വൈഷ്ണവൻ രാജധാനിയിൽ വന്നു മാധവറാവുവിന്റെയും പ്രധാനന്മാരുടെയും മുമ്പിൽ വെച്ച് രാമശാസ്ത്രിയോട് താഴെ പറയുംപ്രകാരം ചോദിച്ചു. "ഈ കലിയുഗത്തിൽ സ്ത്രീകൾ അതിലജ്ജാശീലികളും വ്യഭിചാരിണികളുമാണെന്നും മറ്റും പല ദൂഷ്യങ്ങളും സ്ത്രീകളെപ്പറ്റി ശാസ്ത്രകർത്താക്കന്മാർ പറഞ്ഞിട്ടുണ്ടല്ലോ. എന്നിട്ടും അവർ ഈ യുഗത്തിൽ വിധവമാർക്ക് പുനർവ്വിവാഹം പാടില്ലെന്നു വിധിച്ചിരിക്കുന്നു. അത് എങ്ങിനെ ശരിയാവും?" ശാസ്ത്രിയുടെ ഉത്തരം കേൾക്കാൻ എല്ലാവരും ബദ്ധശ്രദ്ധന്മാരായിരുന്നു. ശാസ്ത്രി ശാന്തതയോടുകൂടി ഇപ്രകാരം പറഞ്ഞു. "അതെ! നിങ്ങൾ പറയുന്നതു വളരെ ശരിയാണ്. നിങ്ങളുടെ ഈ ചോദ്യത്തിന് ശരിയായ ഉത്തരം ഉണ്ടെന്നു തോന്നുന്നില്ല. ശാസ്ത്രകർത്താക്കന്മാർ എല്ലാവരും പുരുഷന്മാരായിരുന്നതുകൊണ്ടാണ് സ്മൃതികളിലും മറ്റും അവിടവിടെ സ്ത്രീകളെപ്പറ്റി ദൂഷ്യങ്ങൾ പറയപ്പെട്ടുകാണുന്നത് എന്നാണ് എന്റെ അഭിപ്രായം. ശാസ്ത്രകർത്താക്കന്മാരുടെ കൂട്ടത്തിൽ ഒരു സ്ത്രീയെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ തീർച്ചയായും ശാസ്ത്രങ്ങളിൽ സ്ത്രീകളെപ്പറ്റി ചില നല്ല അഭിപ്രായങ്ങളും പറഞ്ഞുകാണുമായിരുന്നു." രാമശാസ്ത്രിയല്ലാതെ വേറെ ആരെങ്കിലും ഇങ്ങിനെ പറഞ്ഞിരുന്നുവെങ്കിൽ അവന്റെ തല പോകുമായിരുന്നു. എന്നാൽ സ്വാർത്ഥരാഹിത്യം, നിഷ്പക്ഷപാതിത്വം, സത്യനിഷ്ഠ മുതലായ സദ്ഗുണങ്ങളുടെ വിളനിലമാ

യിരുന്ന രാമശാസ്ത്രിയെ തോല്പിപ്പാനും ആർക്കും ധൈര്യമുണ്ടായില്ല.

ബ്രാഹ്മണനായ സർവ്വാധികാര്യക്കാരൻ മാധവരാവുവിന്റെ സേനാപതിയായിരുന്നു. ഏതു വയസ്സു പ്രായമായിരുന്ന അദ്ദേഹത്തിന്റെ മകളുടെ ഭർത്താവ് വിവാഹം കഴിഞ്ഞതിന്റെ നാലാം ദിവസം മരിച്ചുപോയി. സർവ്വാധികാര്യക്കാരൻ ശാസ്ത്രിയോട് ഒരു ചോദിച്ചു. "നിങ്ങളെന്തു പറയുന്നു. എന്റെ മകൾ അവളുടെ ഭർത്താവിന്റെ ശവദഹനത്തിന്നു കൂട്ടിയുള്ള ചിതയിൽ ചാടിമരിക്കുകയോ, അല്ലാത്തപക്ഷം പുനർവിവാഹം ചെയ്യുകയോ വേണം. ഇതിനെക്കുറിച്ച് ശാസ്ത്രി എന്താണ് പറയുന്നത്?" "ശാസ്ത്രവിധിപ്രകാരം അവളെ പുനർവിവാഹം ചെയ്യിക്കേണ്ടതാണെന്നാണ് എനിക്കു തോന്നുന്നത്" എന്നു ശാസ്ത്രി ഉത്തരം പറഞ്ഞു. മുമ്പു കേട്ടിട്ടില്ലാത്തതായ ഈ അഭിപ്രായത്തെ ചർച്ചചെയ്യുന്നതിനായി പേഷ്വായുടെ രാജധാനിയിൽവെച്ച് പണ്ഡിതന്മാരുടെ വലുതായ ഒരു സദസ്സ് കൂടുവാൻ നിശ്ചയിച്ചു. ശാസ്ത്രപ്രകാരം നോക്കുന്നതായാൽ രാമശാസ്ത്രിയുടെ അഭിപ്രായം ശരിയാണെന്ന് എല്ലാ പണ്ഡിതന്മാരും അഭിപ്രായപ്പെട്ടു. നാസിക്ക്, വായിസ്സ് ദേശങ്ങളിലും കാശിയിലും ഉള്ള ബ്രാഹ്മണരുടെ അഭിപ്രായങ്ങൾ ശേഖരിച്ചുവെച്ചു. അവർക്കെല്ലാം രാമശാസ്ത്രിയുടെ അഭിപ്രായത്തിന്ന് എതിരായിപ്പറവാൻ ധൈര്യമുണ്ടായില്ല. എങ്കിലും സമുദായത്തിലെ ആചാരത്തിന്നു വിരോധമായി പ്രവർത്തിക്കുന്നത് ആചാര്യന്മാരായിട്ടുള്ളവരാകയാൽ മകളെ പുനർവിവാഹം ചെയ്യിക്കുവാൻ ഒരാൾ ശ്രമിച്ചില്ല.


ദുഷ്ടയായ ആനന്ദീബായിയുടെ ദുഷ്പ്രയോഗങ്ങൾകൊണ്ടും അവളുടെ ഭർത്താവായ രഘുനാഥരാവുവിന്റെ ചാപല്യംകൊണ്ടും അനന്തരവനായ പേഷ്വായായ നാരായണരാവു കൊലചെയ്യപ്പെടുകയും, അനന്തരം രഘുനാഥരാവു പേഷ്വായാകയും ചെയ്തു. കാര്യക്കാരന്മാർക്ക് ഈ കൊലയിൽ ഇഷ്ടമുണ്ടായില്ല. എങ്കിലും പുതിയതായ ഒന്നാമത്തെ കാരണമൊന്നും കണ്ടുപിടിക്കാനായി സഭാകാര്യമായി അന്വേഷണങ്ങൾ നടത്തിവന്നിരുന്നു. ഒടുവിൽ തെളിവുകളാൽ രഘുനാഥരാവുവും ഈ കൊലയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു നിസ്സംശയം തെളിയിക്കുന്നതായ ചില രേഖകൾ രാമശാസ്ത്രിയുടെ കയ്യിൽ കിട്ടി. കൊലയിന്റെ ഉദ്യമമായി എന്ന രഘുനാഥരാവുവിന്നു മനസ്സിലായി. താൻ മരുമകനെ കൊല്ലിക്കുന്നതിൽ ഉള്ളതിനാൽ രഘുനാഥരാവു രാമശാസ്ത്രിയോടു സമ്മതിച്ചു. ഇതിനുള്ള പ്രായശ്ചിത്തം എന്താണെന്ന് അവിടെ ശാസ്ത്രിയോടു ചോദിച്ചു. "നിങ്ങ

ളുടെ പ്രാണത്യാഗമല്ലാതെ ഇതിനു വേറെ പ്രായശ്ചിത്തമില്ല. നിങ്ങളോ ജീവിച്ചിരിക്കുന്നകാലത്തോളം നിങ്ങളുടെ രാജ്യകാര്യങ്ങളെ നോക്കുന്നതല്ല. എന്നെസ്സംബന്ധിച്ചേടത്തോളം ഞാൻ നിങ്ങളുടെ കീഴിൽ ഉദ്യോഗസ്ഥനായിരിക്കയോ, നിങ്ങളുടെ രാജ്യഭരണകാലത്ത് പൂനാവിൽ കടക്കുകയോ ചെയ്യുന്നതല്ല" എന്നു സത്യവാനായ രാമശാസ്ത്രി ശങ്കകൂടാതെ ഉറപ്പിച്ചുപറഞ്ഞു. തന്റെ വാക്കുപ്രകാരംതന്നെ ശാസ്ത്രി തന്റെ കുടുംബത്തോടുകൂടി പൂനാ വിട്ട് 'വൈസ്' എന്നദിക്കിൽ പോയ്ത്താമസിച്ചു. പൂജ്യനായ ശാസ്ത്രിയുടെ ഉദ്യോഗനിലയിലുള്ള ജീവയാത്ര ഇപ്രകാരം അവസാനിച്ചു. ശാസ്ത്രിയുടെ സ്വഭാവത്തെപ്പററി ഗ്രാൻറ് ഡഫ് പറഞ്ഞിട്ടുള്ളതിനെ താഴെ ചേർക്കുന്നു:—"തന്റെ രാജ്യക്കാർക്ക് രാമശാസ്ത്രി ചെയ്തിട്ടുള്ള ഗുണങ്ങളെ മുൻപ്രമാണിച്ച് ഉദാഹരണരൂപമാണ്; എങ്കിലും അദ്ദേഹം ജീവിച്ചിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ വിലമതിയാത്തവയും സാരഗർഭമായവയുമാണെന്ന് സർവ്വസമ്മതമായിരുന്നു. അദ്ദേഹത്തിന്റെ കാലത്തിലുണ്ടായിരുന്ന പഞ്ചായത്തുകളുടെ വിധിന്യായങ്ങളെ ഇപ്പോഴും മാതൃകകളായി വിചാരിക്കപ്പെട്ടുവരുന്നു. അദ്ദേഹത്തിന്റെ അന്യാദൃശമായ നടവടിയുടെയും അക്ഷീണോത്സാഹത്തിന്റെയും ഫലമായി നാനാജാതിയിലുള്ള ജനങ്ങളുടെ സ്വഭാവത്തിനും ഗുണകരമായ മാററം സംഭവിച്ചു. സത്സ്വഭാവികളായവരുടെ നേരെ അദ്ദേഹം വളരെ സൌമ്യനായിരുന്നു. ദുരാചാരവാൻ എത്ര പ്രമാണിയായിരുന്നാലും ശാസ്ത്രിയെ ഭയപ്പെടാതിരുന്നില്ല. വളരെ ധനികന്മാരും ഉന്നതപദവിയിലുള്ളവരും ആയവർ പലസംഗതികളിലും ശാസ്ത്രിക്കു കൈക്കൂലികൊടുക്കാൻ ശ്രമിച്ചു. എങ്കിലും ഒരുത്തന് അങ്ങിനെചെയ്യുവാനോ, അദ്ദേഹത്തിന്റെ സത്യത്തെപ്പററി ആക്ഷേപിക്കുവാനോ ആർക്കും ധൈര്യമുണ്ടായില്ല. അദ്ദേഹത്തിന്റെ വൃത്തി എററവും വിനീതമായിരുന്നു. അന്നന്നക്ക് ആവശ്യമുള്ള സാധനങ്ങളല്ലാതെ വേറെ ഒന്നും മുറിയിൽ കരുതിവെക്കാൻപാടില്ലെന്നായിരുന്നു ശാസ്ത്രിയുടെ നിയമം."

കെ. കുഞ്ഞുണ്ണിനായർ ബി. ഏ, ബി. എൽ.

മരണം

ലോകത്തിൽ ഋഷിതുല്യന്മാരായ മഹാന്മാരുടെ വിഷയമായി അനേക തത്വാന്വേഷികളെപ്പോലെ മരണത്തെസ്സംബന്ധിച്ചും വലുതായ



ഒരു വിചാരിക്കാനോ ജനങ്ങളുടെ ഇടയിൽ നിയമിതമായിരുന്നില്ലെന്ന് അവർ അതിനെപ്പറ്റി തരുന്ന പ്രസ്താവങ്ങളിൽനിന്ന ഗ്രഹിക്കാൻ കഴിയുന്നതാണ്. ഇപ്രകാരം കാണുന്ന സകലപ്രാണികളുടെയും പ്രവാഹം മരണമാകുന്ന ഉദധിയിലേക്കാണെന്നുള്ളതു സംശയമില്ലാത്ത വാസ്തവമാകുന്നു. ഈ സംഗതി അങ്ങിനെയാണെങ്കിലും ഇതിന്റെ രഹസ്യത്തെപ്പറ്റി തങ്ങളുടെ ബുദ്ധിയെക്കൊണ്ടു മനസ്സിലാക്കുവാൻ ഒരുവനും സാധിച്ചിട്ടില്ല. ഇതു കൊണ്ടു ജീവിതത്തിൽ പ്രാണികൾക്കുള്ള കൊതിയും മരണത്തിലുള്ള ഭയവും നല്ലവണ്ണം പ്രകാശിക്കുന്നുണ്ട്. ഭൂമണ്ഡലത്തിൽ മനുഷ്യർ തങ്ങളുടെ മരണം അടുത്തിരിക്കുന്നുവെന്നു, ഉറച്ച ഗതിയായവർ ഓരോരുത്തരും പറയുന്നതു കേൾക്കുമ്പോൾ എത്രതന്നെ സ്നേഹമുള്ളവരായിരുന്നാലും ഉടനെ ഒരു ഭയം ഉണ്ടായിത്തീരുന്നു സ്വഭാവമായിക്കാണുന്നു. പ്രായേണ മരണത്തെ ഗണിക്കാത്ത വളരെ സംഭവങ്ങൾ ലോകത്തിൽ കാണാവുന്നതാണ്. വ്യാപിച്ചുള്ള വൃദ്ധന്മാരായിരിക്കുന്ന ധനികന്മാർ അധികസംഖ്യകൾകൊണ്ടു ഫലപ്രാപ്തിയുണ്ടാകുന്ന വലിയ കാര്യങ്ങളിലും സംബന്ധിച്ച് അതുമൂലം സമ്പത്തുണ്ടാക്കുവാൻ അതിന്റെ ഫലമനുഭവിക്കാൻ കഴിവായി വരുമെന്നു നിശ്ചയിച്ച് ആ വക കാര്യങ്ങളിൽ ഇറങ്ങുന്നതിന് ഒട്ടും സങ്കോചമുണ്ടാകുന്നില്ല. എന്നുമാത്രമല്ല; മരണശേഷം ഇന്നിന്ന വിധം നടക്കേണമെന്നുള്ള സങ്കല്പങ്ങളും ഇവരുടെ മനസ്സിൽ അപ്പോൾ തന്നെ ഉദിക്കുന്നു. ഏതുപ്രകാരം ബുദ്ധിമാനായ മനുഷ്യനെസ്സംബന്ധിച്ചു ചിലർ ഈ മനുഷ്യനായിരിക്കുന്നുവെങ്കിൽ ഇതുതന്നെ വിചാര

കൂടാതെ ഈവിധം ദീൎഘകാൎയ്യങ്ങളിൽ പ്രവേശിക്കുന്നതല്ല. എന്നിരുന്നാ
ക്കപാറുണ്ട് തന്റെയും അന്യന്റെയും സംബന്ധിച്ചതിനെയും അതൊന്നും എ
പ്പോഴും ഒരുപോലെ തന്നെ പ്രധാനമായിരിക്കുന്നില്ല.

മരണത്തിനെപ്പറ്റി ഈവിധം മനുഷ്യജീവികളുടെ ഇടയിൽ കാ
ണപ്പെടുന്ന കാരണം പ്രധാനമായി ഇപ്പോഴുള്ള പുത്രമിത്രാദികളുടെ
വിരഹമാകുന്നു എന്നു സാമാന്യമായി ഊഹിക്കാമെങ്കിലും, മരണാവസ്ഥയുടെ
ദുഷ്കരതാധാരണയും ഈ അരുചിക്ക് മറ്റും അപ്രധാനമല്ലാത്ത ഒരു
കാരണമാകുന്നു. പുത്രാദികളില്ലാത്ത ഒരുവനും മരണം സന്തോഷാവ
ഹമായിരിക്കുന്നില്ല. കഠിനദുഃഖങ്ങൾ നേരിടുന്ന അവസരങ്ങളിൽ പ്രാ
ണത്യാഗത്തിന്നായി മനുഷ്യർ ഒരുങ്ങുന്നതായി കാണുന്നുണ്ടെങ്കിലും, അ
ഉദ്വേഗത്തിന്റെ അസഹ്യതകൊണ്ടുമാത്രമല്ലാതെ മരണത്തിലെ പ്രിയം
കൊണ്ടായിരിക്കയില്ല. ജനനംമുതൽ കഴിഞ്ഞുകൂടുന്ന ഓരോ നാഴിക,
എന്നുവേണ്ട ഓരോ ക്ഷണങ്ങളും മരണത്തിലേക്കു നമ്മെ അടുപ്പിക്കുക
യാണ ചെയ്യുന്നത്. ബാല്യം കഴിയുമ്പോഴേക്ക് ഒരുവന്റെ യൌവനത്തിൽ
അനുഭവിക്കപ്പെടാവുന്ന സുഖവിശേഷങ്ങളെ സ്മരിച്ചു സന്തോഷിക്കുന്നു
ണ്ടെങ്കിലും, മരണപൎയ്യന്തത്തിൽ എന്തെല്ലാം വഴിയിൽ ദുഃഖങ്ങളെ ഭയാക്രാന്ത
തീൎത്തുപായിരിക്കുന്നു എന്ന വിചാരിക്കുമ്പോൾ അവൻ വിഷാദമാക്കും
ഉള്ളവനാ. ഈ ദീൎഘം മരണസ്വഭാവത്തെ ശരിയായി അറിഞ്ഞിട്ടുള്ള
വരെക്കൊണ്ടു കഴിയുന്ന ഒന്നിൽ പെടുന്നതാണ്. നാം ഓരോരുത്ത
രോടൊപ്പിച്ച ജ്ഞാനിപ്രവൃത്തിയിൽ ഇത്തരം സംഗതികളിൽ ബുദ്ധിമുട്ടു
മേൽചാടി ചൂതായി കാണുന്നുണ്ട്. എന്നാൽ ഈ ദേഹംപിടിച്ചു നാം
ഓരോരുത്തരും എത്തുന്നതിന്റെ അല്പകാലമാത്രമായിരിക്കേണമെന്ന് ആലോ
ചിക്കുന്നതു വളരെ ആവശ്യമായിരിക്കും. പ്രത്യുത, ഓരോ ദേഹവി
ട്ടിനുമുമ്പുള്ള ഓരോരോ ക്ഷണങ്ങളും അല്പാല്പമായി ദേഹം പിരിച്ചു
ഈവിധമായിത്തീരുന്നതാകുന്നു എന്ന് ആലോചിക്കുന്നതു ശരിയായ വിചാ
രമായിരിക്കും. ഇതുപോലെ മരണത്തിന്റെ അന്തസ്സമയത്തിലോ,
അന്ത്യദിവസത്തിലോ ദേഹേന്ദ്രിയാദിസംഘാതത്തിന്നു കേടുപാടു
എന്ന വിചാരിക്കാതെ ജനനംമുതൽ അല്പാല്പമായി കേടുപാടുകളായി
ക്കുന്നു എന്നുതന്നെ വിചാരിക്കണം. ശരിയായി വിചാരിക്കുകയാ
ണെങ്കിൽ ജനനംമുതൽക്കുള്ള ഭാവവികാരങ്ങളൊക്കെയും മരണത്തിന്റെ
തന്നെ ഓരോ അവസ്ഥാഭേദങ്ങളായിട്ടാണിരിക്കുന്നത്. ഇതിനെ ക്രമ
പ്രവൃത്തമായിട്ടാണ് മരണത്തിന്റെ സ്വഭാവമെന്നു നിശ്ചയിക്കേണ്ടത് നാം വിശ്വ

യിക്കുന്നവെങ്കിൽ മരണത്തിന്റെ ശേഷം ഉണ്ടാകുന്ന സ്ഥിതികൾക്കും, മരണത്തിനപ്പുറം മരിച്ചാൽ പോകുന്നവനും ഉണ്ടാകുന്ന ദുഃഖത്തെ ജനനത്തിനുശേഷമുണ്ടാകുന്ന ഓരോരോ കർമ്മങ്ങൾക്കും വിചിത്രകാര്യങ്ങളെ താഴ്ത്തിക്കുന്നു. ഇങ്ങിനെ വിചിത്രകാര്യങ്ങളെപ്പറ്റി എപ്പോഴും ആലോചിക്കാതെ കാര്യമായി ദുഃഖിക്കേണ്ടതില്ല. ഇപ്രകാരം അവശ്യംഭാവിയായും ശുഷ്കപ്രായമായുമിരിക്കുന്ന മരണത്തെപ്പറ്റി ദുഃഖിക്കേണ്ടതായ കാര്യമില്ലെന്ന് തത്വവിചാരം സാധിച്ചു. ഇനി മരണത്തിലുള്ള അവസ്ഥയെ ആലോചിക്കുന്നതായാലും വ്യസനിക്കേണ്ടതായ കാരണമില്ലെന്ന തെളിയിക്കാം.

എന്നാൽ ഓരോരോ കാര്യങ്ങളെയും അനുഭവിച്ചു ഗുണദോഷംപോലുവാൻ സാധിക്കുന്നതുപോലെ മരണത്തെ അനുഭവിച്ച് ആ അവസ്ഥയിലുള്ള ഗുണദോഷങ്ങളെപ്പറവാൻ സാധിക്കുന്നതല്ല. ഇങ്ങിനെയുള്ള കാര്യങ്ങളിൽ അഭിജ്ഞന്മാരാൽ സ്വീകരിക്കപ്പെട്ടിട്ടുള്ള ന്യായാനുസൃതമായ അനുമാനം ഒന്നു മാത്രമേ ശരണമായുള്ളു. ആ സ്ഥിതിക്ക്, സുഷുപ്തിയുടെ അവസ്ഥകളെ വിചാരിച്ചിട്ട്, ആ ദൃഷ്ടാന്തത്തോടുകൂടി മരണത്തെ അനുമിക്കുമ്പോൾ മരണസ്ഥിതി വിശദമായി പ്രകാശിക്കും. സുഷുപ്ത്യവസ്ഥ എല്ലാവരാലും നിത്യവും അനുഭവിക്കപ്പെടുന്ന ഒന്നാകുന്നു. മരണത്തിലെന്നപോലെ ഇതിൽ ജനങ്ങൾക്കു വെറുപ്പില്ലെന്നുമാത്രമല്ല, ഇതിനെ അനുഭവിക്കുവാൻ സർവ്വപ്രാണികളും സന്തോഷമുള്ളവരായിക്കാണുന്നുണ്ട്. എത്ര മഹാരാജാവിന്റെ അടുക്കലും സകലജനങ്ങളെയും പോലെ തന്റെ അധികാരം നടത്തുവാൻ സുഷുപ്തിക്കു സ്വാതന്ത്ര്യമുണ്ട്. നിർവ്വികല്പസമാധിയെ അനുഷ്ഠിക്കുന്ന യോഗിശ്രേഷ്ഠന്റെ അടുക്കലേ സുഷുപ്തിയുടെ ശക്തിക്കു സ്വാധീനമില്ലെന്നു വരുന്നുള്ളു. പിന്നെ അതിന്റെ ശക്തി എവിടെയാണു പ്രതിബന്ധിക്കപ്പെടുക? സമാധ്യവസ്ഥയിലുള്ള അതിന്റെ അധികാരനിർവ്വഹണത്തിനെ യോഗ്യന്മാർ ലയമെന്ന പേർ പറയുന്നു. ഈ ലയത്തെ ജയിക്കുന്നതു യോഗികൾക്ക് ഏറ്റവും പ്രയാസമുള്ള ഒരു കൃത്യമാകുന്നു. ഈ സുഷുപ്തി ഇപ്രകാരം ജനങ്ങളുടെ മതിരി ചലിക്കുന്നവരുടെ കൂട്ടത്തിൽമാത്രം മതിയാകുന്ന വിചാരിക്കേണ്ടതില്ല. എത്രയും താണതരക്കാരിലും എത്രയും ഉയർന്നവരിലും നിർവ്വിശേഷം അതിന്റെ സ്വാതന്ത്ര്യത്തെ പ്രകടിപ്പിക്കുന്നു. എന്നാൽ സുഷുപ്തി ഓരോരുത്തരിലും അവരവരുടെ അവസ്ഥകൾക്കനുസരിച്ചു കടന്നുകൂടി അവർക്കു ഭേദപ്പെട്ടതായിരിക്കുന്ന എന്ന വിചാരിക്കുവാൻ പാടില്ല. ഓരോരുത്തരുടെ തന്റെ അവസ്ഥകളെ അനുസരിച്ചും കയറിയും ഉള്ള വിശേ

സുഖങ്ങളെ അനുഭവിച്ചുകഴിഞ്ഞുകൂടുന്ന അവസ്ഥയിലും, നിദ്രാഗമനത്തിന്റെ വർത്തമാനം വിളംബരം. (കോട്ടുവായ) മുതലായ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയുണ്ടായാലും വിഷയസുഖങ്ങളെ അത്രയും വെടിഞ്ഞ് ഈ പുതിയ അതിഥിയെ വേണ്ടപോലെ സ്വീകരിച്ചു സൽക്കരിക്കാനൊരുങ്ങുന്നു. ഇതിക്ക് മനസ്സാക്ഷിയായിരിക്കുന്ന ഒരുവനേയും ആ സുഖകരങ്ങളായ മറ്റുവിഷയങ്ങളെ ഉപേക്ഷിക്കുകയും ആയതിനെ സൽക്കരിക്കുവാനൊരുങ്ങുകയും ചെയ്യുന്നതല്ല. ഇതുകൊണ്ടു സുഷുപ്തിയിൽ സർവ്വപ്രാണികളും ഏറ്റവും ഒരു അപൂർവ്വസുഖം അനുഭവിക്കുന്നുണ്ടെന്നു സ്പഷ്ടംപോലെ തെളിയുന്നുണ്ട്. ഒരുവനിൽ സുഷുപ്തിയുടെ മരണം നടന്നുകൊണ്ടിരിക്കുമ്പോൾ അവന്റെ പ്രേമസർവ്വസ്വമായ ഭാര്യയും വാത്സല്യഭാജനമായ പുത്രനും കൂടി അധികാരമില്ലാത്തവരായിത്തീരുന്നു. ഇങ്ങിനെ എല്ലാവരാലും സ്വാഗതമായ സമ്മാനം സ്വീകരിക്കപ്പെട്ടുവരുന്ന നിദ്ര ഒരുവന്നു കാലക്രമത്തിൽ വരാതിരുന്നപക്ഷം ആയതിന്റെ ജീവിതം ഏറ്റവും ക്ലിഷ്ടമായ ഒന്നായിത്തീരുന്നതാണ് സംശയമില്ല. ഈ സുഷുപ്തിയാകുന്ന സോപാനത്തിൽ കയറിനിന്നിട്ടുവേണം നമുക്ക് മരണപ്രാസാദത്തിന്റെ നേരെ നോക്കുവാൻ. അതിനു നിദ്രയിൽ ഒരുവന്റെ സ്ഥിതിയെന്തായിരിക്കുമെന്നു ഒന്നു വിചാരിക്കണം. നിദ്രയിലുള്ള അവസ്ഥകളെ സ്വപ്നമെന്നും സുഷുപ്തിയെന്നും വ്യവഹരിച്ചുവരുന്നു. എന്നാൽ നിദ്രാശബ്ദത്തിന്റെ ശരിയായ അർത്ഥം സുഷുപ്തിയാകുന്നതിനാൽ ഇവിടെ സുഷുപ്തിനിദ്രകളെ അഭിന്നമായിപ്പറഞ്ഞതാണ്.

ബാഹ്യങ്ങളായ സ്ഥൂലങ്ങളായ ഇന്ദ്രിയങ്ങളുടെ വഴിക്കു സ്ഥൂലവിഷയാനുഭവം ചെയ്യുന്ന ഒരു അവസ്ഥയെ ജാഗ്രത്തെന്നു പറയുന്നു. സുഷുപ്തിയല്ലാതെ, അതായത് അന്തഃകരണത്തിൽ ലയിച്ചുകിടക്കുന്ന ഇന്ദ്രിയവാസനകൾ വഴിക്കു സൂക്ഷ്മവിഷയങ്ങളുടെ അനുഭവമുണ്ടാകുമ്പോൾ ഈ അവസ്ഥയെ സ്വപ്നമെന്നു പറയുന്നു. ഒരേ അവസ്ഥയിൽ ജാഗ്രത്സ്വപ്നാവസ്ഥകൾ രണ്ടും ചേർന്നുവരുന്നില്ല. അതുകൊണ്ടു സ്വപ്നാവസ്ഥയുണ്ടാകുമ്പോൾ ജാഗ്രദവസ്ഥ ഉണ്ടാവാൻ ഒരുവന്നു ചെയ്യുന്നവന്റെ അനുഭവത്തിലുള്ള ഒരു മനോഹരമായ നാടകം ഒന്നു കണ്ടിരിക്കണം. പിന്നെ സ്വപ്നനാടകത്തിന്റെ സ്വരൂപമായി. സാധാരണ നാടകത്തിനും സ്വപ്നനാടകത്തിനും തമ്മിൽ പ്രധാനമായ ഒരു വ്യത്യാസമുണ്ട്. സാധാരണ നാടകത്തിൽ നടന്മാരും കാണികളും വേറെ വേറെയാണല്ലോ. സ്വപ്നനാടകത്തിൽ വേഷംകെട്ടുന്ന പാത്രങ്ങളും കാണി

കാര്യം, ആത്മാവിൽതന്നെ അതിനെ മുഴുവൻ കാണുകയും ചെയ്യുന്നു. ഇതാ ണു [illegible] ഒരു അത്ഭുതമായ [illegible]. ഇങ്ങിനെ സ്വപ്നത്തോ [illegible] വാസനകൾ മുഴുവൻ [illegible] സുഷുപ്ത്യവസ്ഥ യുടെ [illegible]. ഇപ്രകാരം അനന്തവാസനകളായിരിക്കുന്ന വിദ്യ യുടെ [illegible] സുഷുപ്തിയെന്ന സുഷുപ്തിയെപ്പറ്റി [illegible] [illegible]. [illegible] സ്വപ്നത്തിനുള്ള ഉപ കരണങ്ങളായ വാസനകൾ [illegible] [illegible] [illegible] സുഷുപ്തി [illegible]. എന്നാൽ [illegible]. സ്വപ്നം സ്ഥൂലങ്ങളായ ഉപകരണങ്ങളൊന്നുമില്ലാത്ത താണെങ്കിലും അതിന്റെ ചില [illegible] സ്ഥൂല [illegible] പ്രകാശിക്കാറുണ്ട്. അഥവാ ഈ സൂക്ഷ്മങ്ങൾതന്നെയാണല്ലൊ സ്ഥൂലങ്ങളായുമിരിക്കുന്നത്. ജാഗ്രദവസ്ഥയിൽ [illegible] [illegible] [illegible] കാരണമായിരിക്കുന്നുവോ അ തുപോലെതന്നെ സ്വപ്നത്തിലും [illegible]. [illegible] സ്വപ്ന [illegible] [illegible] [illegible]. ജാഗ്രത്തിൽ സ്ഥൂലേന്ദ്രിയങ്ങളും സ്ഥൂലവിഷയങ്ങളു മുണ്ട്. സ്വപ്നത്തിൽ സൂക്ഷ്മവാസനാവിശിഷ്ടങ്ങളായ [illegible]. സുഷുപ്തിയിൽ [illegible] [illegible] [illegible] [illegible] സ്വപ്നാവസ്ഥയെ [illegible] [illegible]. ഈ ആവ രണത്തിന്റെ [illegible] സ്വപ്നത്തിൽ [illegible] സുഷുപ്തി [illegible] [illegible]. ജാഗ്രത്തിൽനിന്ന് സുഷുപ്തി [illegible] [illegible]. ഈ ആവരണത്തിന്റെ [illegible] സ്വപ്നവാസനകളുണ്ടാകുന്നു. ഈ സ്വപ്നാദികൾ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] സ്ഥൂലങ്ങളായ വാസനകൾ [illegible]. [illegible] [illegible] സൂക്ഷ്മമായ [illegible] കാരണ [illegible] [illegible] ലയിക്കുന്നു. [illegible] [illegible] [illegible] [illegible] കാര്യാപേക്ഷ യാ സൂക്ഷ്മങ്ങളായ അതതു കാരണങ്ങളിൽ ലയിക്കുന്നു. ഇവിടെ ഇതാ ദി കാര്യകാരണമായ [illegible] വാസനകളും [illegible] കല്പിതമായിട്ടെങ്കിലും ഉള്ളത് ഇവിടെ [illegible]. എന്തായാലും വാസനകൾ [illegible] കാരണ [illegible] [illegible] [illegible]

പറയുവാൻ തരമില്ല. ഇങ്ങിനെ വാസനാകർമ്മ കാര്യകാരണചക്രത്തെ
പ്രാപിക്കാതെ അടങ്ങിയിരിക്കുന്ന സ്ഥിതിയാകുന്നു സുഷുപ്തിയെന്നുപറയ
പ്പെടുന്നത്. ഈ അവസ്ഥയെ നിത്യപ്രളയമെന്നു പുരാണങ്ങളിൽ പറ
ഞ്ഞുവരുന്നു. ഈ അവസ്ഥയുടെ സമഷ്ടിയായതത്രെ പ്രളയമെന്നു പറയും.
ഏതായാലും ഇപ്പോൾ കാര്യങ്ങളായി കാണപ്പെടുന്ന സകലപദാർത്ഥ
ങ്ങളും ഏതോ ഒരു സൂക്ഷ്മകാരണത്തിൽനിന്നു പുറപ്പെട്ടവയാകുന്നുവെന്നും
ഇനിയും ആ കാരണാവസ്ഥതന്നെ പ്രതിലയമായി പ്രാപിക്കേണ്ടവയാണെന്നു
ള്ളതും വന്നു തീർച്ചപ്പെടുത്തുന്നതിൽ വിരോധമില്ല. ആ കാരണാവസ്ഥ
സ്ഥിതി ഈ സുഷുപ്ത്യവസ്ഥപോലുള്ള ഒന്നായിരിക്കയാണോ [illegible]
തെന്നും അനുമാനിക്കുന്നതിൽ ഒരു വിപ്രതിപത്തിക്കും അവകാശം കാണു
ന്നില്ല. നാം ഈ സ്ഥിതിയിൽനിന്നു മരണത്തെപ്പറ്റി പ്രബലമായി ഒന്നാ
ലോചിക്കണം. ഏതൊരു കാരണംനിമിത്തം ഇന്ദ്രിയങ്ങൾക്കു വിഷയ
ങ്ങളോടുള്ള സംബന്ധം അവസാനിച്ച് ഇന്ദ്രിയങ്ങളുടെ ശക്തി ക്ഷയിക്കു
ന്നു എന്ന് നിദ്രയുടെ [illegible] നമുക്കു ഗ്രഹിക്കു
വാൻ കഴിയുന്നുണ്ട്. ഒരു [illegible] മുഴുവൻ ക്ഷ
ണത്തിനാവശ്യമുള്ള നെല്ലു മുതലായ പദാർത്ഥങ്ങൾ സൂക്ഷിച്ചുവെച്ച്
അതിൽനിന്നു ക്രമേണ [illegible] ദിവസ
ങ്ങളോളം ഈ പദാർത്ഥങ്ങളെ വിനിയോഗിച്ചുകൊണ്ടിരിക്കുന്നതുപോലെ ഈ ശരീര
ഗ്രഹണത്തിനുശേഷം ഇന്നിന്നവിധം [illegible] ഇന്നിന്നവിധം ഇത്ര അ
വസരത്തോളം വ്യാപരിക്കേണമെന്ന ഏതോ ഒരു ശക്തി ജന്തുക്കളെ പ്രേ
രിപ്പിക്കുന്നതായിരിക്കണം. അതിന്നു ഹേതുഭൂതങ്ങളായ പ്രാരബ്ധ
കർമ്മമെന്നു ശാസ്ത്രങ്ങളിൽ പേർ പറഞ്ഞിരിക്കുന്നു. ഒരു [illegible]
[illegible] പ്രാരബ്ധകർമ്മസാമഗ്ര്യത്തിന്റെ [illegible]
ഭാഗങ്ങളായുള്ള പ്രാണികളുടെ പ്രതിദിനം അനുഭവിക്കപ്പെടുന്നത്.
ഇങ്ങിനെ അനുഭവിക്കുന്നതിലും ഒരു നിയമമുള്ളതുകൊണ്ടായിരിക്കണം
ഇന്ദ്രിയങ്ങൾക്കു ചിലപ്പോൾ വ്യാപാരോപരമം വരുന്നത്. ഉപഭോഗ
ത്തിനായി വ്യാപരിക്കുന്ന ഇന്ദ്രിയങ്ങൾക്കു തളർച്ചയുണ്ടാകുന്നതും [illegible]
[illegible]. മേൽക്കാണിച്ച പ്രാരബ്ധകർമ്മത്തിന്റെ അവസാനത്തിൽ ജീവ
ന് ശരീരത്തോടു വേർപെടേണ്ടിവരുന്നു. ഈ വേർപാടിനെയാകുന്നു
മരണമെന്നു പറഞ്ഞു വ്യവഹരിച്ചുവരുന്നത്. ഇപ്പോൾ മരണ
ത്തിന്നും സുഷുപ്തിക്കും തമ്മിൽ എത്ര അന്തരമുണ്ടാവാൻ അവകാശമുണ്ടെ
ന്നു നാം ആലോചിക്കുക. സുഷുപ്തിയിൽ സകലവാസനകളേയും ഉള്ളിൽ

വഹിച്ചുകൊണ്ട് പ്രാണൻ ശരീരത്തിൽ ചേർന്നിരിക്കുന്നു. മരണത്തി
ലാകട്ടെ ആത്മാവിന്റെ പ്രാണൻ ഈ ശരീരത്തിൽനിന്നു പുറത്തുപോകു
ന്നു. ഇങ്ങിനെ വാസനാവിശിഷ്ടനായിരിക്കുന്ന ആത്മാവിന്നു ജന്മാന്തര
ങ്ങളുണ്ടാകുന്നതിൽ യുക്തിക്ക് ഒരു വിരോധവും കാണുന്നില്ല. വാസനാ
സഹിതനായ ആത്മാവിന്ന് പ്രപഞ്ചസൃഷ്ടിക്കു സാമർത്ഥ്യമുണ്ടെന്നു നമു
ക്കു സ്വപ്നത്തിലുള്ള അനുഭവത്താൽ ഊഹിക്കാമല്ലോ. വാസനകളെ
ഉപേക്ഷിച്ചു കേവലം പ്രാണൻമാത്രമായി ഒരുവന്റെ ശരീരത്തിൽനിന്ന്
ഒഴിഞ്ഞുപോകുവാനിടവരുന്നപക്ഷം ആ ജീവന്ന് ജന്മാന്തരപ്രാപ്തിക്ക്
അവകാശമില്ലെന്ന് ഉപദേശിക്കുന്ന ശാസ്ത്രവും യുക്തിവിരുദ്ധമാകുന്നില്ല.
ബാഹ്യമായ ഇന്ദ്രിയശക്തികളുടെയും ലയം സുഷുപ്തിയിലും മരണത്തിലും
സമമായിരിപ്പാൻ അവകാശമുള്ളൂ. അതുകൊണ്ട് സൂക്ഷിച്ചുനോക്കുമ്പോൾ
ബാഹ്യവ്യാപാരങ്ങളെ നിർത്തിവെക്കുന്നതും, യാത്രയ്ക്കായി ഒരുങ്ങുന്ന
തയ്യാറാകുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു പറവാനില്ല. സുഷുപ്തി
യിൽ വാസനകളെല്ലാംകൂടി ഒന്നിച്ചു പ്രാണൻ ശരീരാന്തർഭാഗത്തിൽ
ഹൃദയത്തിലുള്ള ഒരു നാഡിയിൽ സ്ഥിതിചെയ്യുന്നു എന്നാണ് ശാസ്ത്രം
പറയുന്നത്. മരണത്തിൽ എല്ലാ വാസനകളെയും വഹിച്ചുംകൊണ്ട് പു
റത്തുപോകയും ചെയ്യുന്നു. ഇതിൽ പ്രാണവ്യാപാരങ്ങളുടെ ഭേദപ്രകാരം മരണം
പ്രാണികൾക്ക് ശരീരവ്യസനം ഉണ്ടാക്കുന്നതാണ് എന്നുള്ള ഒരംശം പ്ര
ത്യേകം വിമർശിക്കേണ്ടതാണ്. ആ വിഷയത്തിൽ മരണാവസരത്തിൽ
പ്രാണികൾക്ക് ശാരീരമായ ദുഃഖമുണ്ടെന്നു ഊഹിപ്പാൻ വഴികാണുന്നില്ല.
സൂക്ഷ്മവാസനകളെ ഉള്ളിൽ ലയിപ്പിക്ക എന്ന കൃത്യം വ്യാപാരമല്ലാത്ത
നിദ്രാപൂർവ്വക്ഷണങ്ങളിൽ ഇന്ദ്രിയങ്ങളുടെ വിഷയവ്യാപാരം ക്രമേണ കാ
ണാതെ അനുഭവിക്കുമ്പോഴും അറിയുവാൻ കഴിയുന്നതാണ്. അ
പ്പോൾ ശരീരമായ പീഡയില്ലെന്നുമാത്രമല്ല ഉപരമത്തിൽ ഒരു ശാന്തി
സുഖം എല്ലാവരും അനുഭവിക്കുന്ന വിഷയമായിരിക്കയും ചെയ്യു
ന്നു. ഇതുകൊണ്ട് ഇന്ദ്രിയലയം സുഖകരമാണെന്ന് ഊഹിക്കുന്നതിന്ന
വഴി കാണുന്നുണ്ട്. ഇങ്ങിനെയെങ്കിൽ പ്രാണന്ന് ശരീരത്തോടുള്ള വിയോ
ഗമാണ്. ഈ വിയോഗവും ദുഃഖകരമാകുന്നതല്ല. എന്തുകൊണ്ടെ
ന്നാൽ ഇന്ദ്രിയങ്ങൾ വിഷയങ്ങളിൽ പ്രവേശിച്ച് പുറമേക്ക് വിഷയ
ങ്ങളെ തന്നിലേക്കു പ്രതികൂലങ്ങളോ എന്നു മനസ്സിലാക്കിയതിന്നാൽ
ബാഹ്യമായ സുഖദുഃഖങ്ങളുടെ ആവിർഭാവം പ്രത്യക്ഷത്തിൽ ഇ
ന്ദ്രിയങ്ങളിലെ വ്യാപരിക്കുവാനുള്ള ശക്തി കഴിച്ചിരിക്കുന്നു. ആകയാൽ

ന്ദ്രിയമായ മനസ്സിന്നു വ്യാപാരം നിന്നുപോകുന്നു. വിരതവ്യാപാരമായ
മനസ്സിന്ന് അനുകൂലപ്രതികൂലജ്ഞാനാഭാവത്തെ [illegible] പോകുന്നു. അങ്ങി
നെയുള്ള അവസരത്തിൽ ആകപ്പാടെ ഒരു മോഹമില്ലാത്ത ശാന്തിമായോ
മാനസമായോ ഉണ്ടാകുന്ന വ്യഥയുമില്ല [illegible] അവകാശമില്ല.
മനസ്സിന്റെ [illegible] സുഖദുഃഖങ്ങളുണ്ടാകുന്നതുമില്ലല്ലോ. പി
ന്നെ പ്രാണൻ ശരീരത്തിൽനിന്നു പിരിയുമ്പോൾ ഉണ്ടാവുന്ന ദുഃഖത്തെ
ഉള്ളതുകൊണ്ട് ആസന്നമൃത്യുവായ പുരുഷൻ വളരെ [illegible] അനുഭവിക്കുന്നു
വെന്നു ചിലർ ഊഹിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഈ ഊഹം
തീരെ തെറ്റായിട്ടുള്ളതാകുന്നു. ഒരാള് വഹിച്ചുകൊണ്ട് ഒരു പുരുഷൻ
ഒരു ഭവനത്തിൽനിന്നു പുറത്തു പോകുമ്പോൾ പുരുഷനിലോ ഭവനത്തിലോ
ഉണ്ടാവുന്ന ഭാവഭേദങ്ങളെ കണ്ടു് വഹിക്കപ്പെട്ടതുപോലെ [illegible]
[illegible] ശരിയല്ലാത്തതുപോലെ സൂക്ഷ്മശരീരമാകുന്ന [illegible]
വഹിച്ചുകൊണ്ടു പ്രാണൻ ശരീരത്തിൽനിന്നു നിർഗ്ഗമിക്കുന്ന അവസര
ത്തിൽ പ്രാണനിലും ശരീരത്തിലും കണ്ടുവരുന്ന ചലനഭേദങ്ങളെ [illegible]
ആ പ്രാണനാൽ വഹിക്കപ്പെട്ട ആത്മാവിൽ കല്പിച്ചു ഊഹിക്കുന്നതും
ശരിയല്ല. അല്ലെങ്കിൽ സ്ഥൂലപിണ്ഡത്തിൽനിന്ന് അന്യനായ ആത്മാ
വിനു അറിയാനാവാത്ത [illegible] ഈ വിധത്തിലുള്ള സംശയങ്ങൾ
[illegible] സ്ഥിതിക്ക് ഈ വിഷയത്തിൽ അവർ
അന്വേഷിച്ചുകൊള്ളട്ടെ. ഭൗതികങ്ങളായ ഇന്ദ്രിയങ്ങളിൽ ചിച്ഛക്തിയുടെ
സന്നിധാനമാകുന്നു ഇന്ദ്രിയവ്യാപാരത്തിന്നു കാരണമായിരിക്കുന്നതെന്നു
മുമ്പു പറഞ്ഞു. ഭൗതികങ്ങളായ വസ്തുക്കൾ [illegible] കാരണരൂപ
ത്തിന്റെ [illegible] വിചാരിക്കണം. പിന്നെ
ഇന്ദ്രിയങ്ങൾക്കു തങ്ങൾക്കുള്ള [illegible] വഴിയില്ലാതെ പ്രവർത്തിക്കുവാൻ
സാധിക്കാത്തതല്ലാത്തതിനാൽ എല്ലാ ഗോളങ്ങളോടും ആധാരമായിരി
ക്കുന്ന സ്ഥൂലദേഹം [illegible] സ്ഥൂലഭൗതികപിണ്ഡമാക
കൊണ്ട് ആത്മാവിന്റെ ഇന്ദ്രിയവ്യാപാരശേഷി [illegible] സിദ്ധിക്കുന്നു.
ഈ വിധത്തിലും ആധാരത്തിന്റെ ന്യൂനത ആത്മാവിൽ സംബന്ധി
ക്കുന്നതല്ല. എന്നാൽ ആധാരഭേദങ്ങളെക്കൊണ്ടു [illegible] ക
ളെക്കൊണ്ടു [illegible] അനുഭവിക്കുവാനുണ്ടാകുന്നു. ഇങ്ങിനെ വാസനാ
ബദ്ധനായിരുന്ന സൂക്ഷ്മശരീരത്തോടുകൂടി [illegible] വളരെ അ
[illegible] കരുതേണ്ടതല്ലോ. ഇനി അതിതീവ്രവാസനമായ [illegible],
[illegible] എന്ന അവസ്ഥയെ ആലോചിച്ച് ഈ സ്ഥാനത്തിൽ

നിന്നുകൂടി മരണത്തെ ഒന്നു വേർതിരിക്കേണ്ടതിനുശേഷം പ്രകൃതത്തെ അവ സാനിപ്പിക്കാം.

ഇന്ദ്രിയങ്ങൾ വിഷയങ്ങളെ ഗ്രഹിക്കാതിരിക്കുന്നതിന്നു ഏതെങ്കിലും കഠിനമായ ദുഃഖമോ, അല്ലെങ്കിൽ സ്ഥൂലശരീരത്തിൽ വല്ല വിഘാതമോ മറ്റോ ഉണ്ടാകുന്ന അവസരത്തിൽ വാസനകളുണ്ടാകാതെ പെട്ടന്നു വ്യാപാരശൂന്യമായിട്ടും, ജാഗ്രദവസ്ഥക്ക് ആവരണവും നേരിടുന്നു. ഈ അവസ്ഥ മൂർച്ഛയെന്നു പറയപ്പെടുന്നു. ഈ മൂർച്ഛയിൽ ചിലപ്പോൾ ചില ജന്തുക്കൾക്കു പരലോകത്തിന്റെ അനുഭവമുണ്ടാകുമെന്ന ശാസ്ത്രങ്ങളിൽ പറയുന്നതിനെ അനുസരിച്ച് മൂർച്ഛയെ അനുഭവിച്ച ചിലർ പറഞ്ഞു കേൾക്കുന്നുണ്ട്. അതുകൊണ്ട് നാമാലോചിക്കേണ്ടതെന്തെന്നാൽ, ഈ വിധത്തിലുള്ള വാസനകൾക്ക് ആവരണം നേരിട്ടപ്പോൾ മറ്റുചില വാസനകൾ പ്രകാശമുണ്ടാകുന്നവയും, അതുകൾ അനുഭവയോഗ്യങ്ങളായിത്തീരുന്നവയുമാകുന്നു. ഈ അനുഭവത്തെ ഉണ്ടാക്കിത്തീർക്കുന്ന മൂർച്ഛയും മരണമൂർച്ഛയും തമ്മിൽ ഒട്ടും വ്യത്യാസമുണ്ടാകുവാൻ തരമില്ല. ഇതുപോലെ മൂർച്ഛയോടുകൂടിയ മരണത്തെ നാം കേൾക്കാറുണ്ട്. വല്ല അവയവഭംഗത്തോടുകൂടിയും ചിലപ്പോൾ മൂർച്ഛയുണ്ടാവും. അങ്ങിനെ വരുമ്പോഴും അവയവഭംഗമുണ്ടായ വ്യക്തിക്ക് മൂർച്ഛയിൽ പ്രതിഭവിക്കുന്നില്ല. സ്ഥൂലേന്ദ്രിയത്തിന്ന് അവനിൽ അധികാരമില്ലാത്തതിനാൽ സ്വശരീരസ്ഥമായ അവസ്ഥയെയും അവൻ അറിയുന്നില്ല. അതുപോലെ മറ്റു ഇന്ദ്രിയങ്ങളുടെയും എല്ലാ ബോധേന്ദ്രിയങ്ങളുടെയും വ്യാപാരത്തോടു മനസ്സിന്റെയും സ്വാതന്ത്ര്യം ഇവനിൽ അസ്തമിച്ചിരിക്കുന്നു. ഉറങ്ങിക്കിടക്കുന്ന മൂർച്ഛയിൽ വന്നതുപോലെ ഔദ്ധത്യമായ മരണമൂർച്ഛയിലും പ്രാണികൾക്കു ദുഃഖമുണ്ടാകുന്നില്ല. ഒന്നുകൂടി വ്യക്തമായി ആലോചിക്കയാണെങ്കിൽ പ്രാപ്തകാലമായ മരണം സുഷുപ്തിയെപ്പോലെയും ആകസ്മികമായ മരണം മൂർച്ഛയെപ്പോലെയുമാകുന്നു എന്നു കാണാം. സുഷുപ്തിമൂർച്ഛകൾ ദുഃഖങ്ങളല്ലാതെയിരിക്കുന്നതുപോലെ മരണവും ദുഃഖഹേതുവായിരിക്കുന്നില്ല. ഇങ്ങിനെ വിചാരിച്ച് മരണത്തെ നാം ദുഃഖഹേതുവല്ലെന്ന അറിവാണ് നമുക്ക വലുതായ ഒരു പ്രതിബന്ധം തീർന്നായിരിക്കുന്നു. അതു ഭയത്തിനുവേണ്ടി അത്രമാത്രം പ്രയത്നിക്കേണ്ടതിന്ന് ഒരു ന്യായവും ആവശ്യമില്ല. രോഗാദ്യുപദ്രവങ്ങൾകൊണ്ടുള്ള ദുഃഖങ്ങൾ ഇന്ദ്രിയശക്തിക്ക് ക്ഷീണമുളവാക്കുന്നവയായിരിക്കും. അതിനാലുള്ള വിഷാദങ്ങളിൽനിന്നകന്നുമാറിക്കൂടിയിരിക്കണം. ഇവ അധികമാകുമ്പോൾ അതുപോലെ

ന്നതിന്നു മടിയില്ലാത്തവരുണ്ടെങ്കിൽ അതിനെ നിഗ്രഹിക്കണം. പി
ന്നെ ജീവിതത്തിലുള്ള സുഖസൌകൎയ്യങ്ങൾക്കുപയുക്തമാകുന്നതൊക്കുന്ന
ഗുണങ്ങളെല്ലാം സ്വീകരിക്കുന്നതിന്നു പൂൎണ്ണ സ്വാതന്ത്ര്യമുണ്ട്; അന്യൎക്കു
കഴിയുന്ന ഉപകാരങ്ങൾ ചെയ്യാൻ എപ്പോഴും ഒരുക്കമുള്ളവരായിരിക്കണം.
തന്റെ മരണത്തിന്റെ സ്ഥിതിയെപ്പററി നല്ലവണ്ണമോൎപ്പവരായാൽ
തന്റെ സംബന്ധികൾക്കു വരുന്നതുപോലെയുള്ള ആപത്തുകളെന്നുവെ
ച്ചിരിക്കുന്ന ഉത്സവങ്ങളിൽ ക്ലേശത്തിന്നവകാശമില്ലാതാകുന്നു. സുഖ
ത്തിന്റെ മുഖ്യമായ രൂപം സന്തോഷവും സന്തോഷത്തിന്നു പിതാവി
സമാധാനവും, ഇവരണ്ടും സന്തോഷങ്ങൾക്കു കാരണം പ്രതികൂലങ്ങളാണും,
പ്രതികൂലങ്ങളിൽവെച്ചു മുഖ്യമായതു മരണഭയവുമാകുന്നു.

ഈ തരത്തിലായ വിചാരംനിമിത്തം വല്ലവൎക്കും വലുതായ മരണഭയ
ത്തിൽനിന്നു വേർപെടുവാനിടവരുന്നപക്ഷം അതിൽ കവിഞ്ഞ് അനുഗ്രഹി
ക്കേണ്ട കൃതാൎത്ഥത വേറെയില്ല.

കോരാത്ത് നാരായണമേനോൻ.

മഴക്കാറിലെ ആദിത്യൻ

---

൧. പുഷ്കരസൌരഭ്യാനിലകലികളിലുള്ള നേ-
രാവിൎഭാവത്തിൽ
സംഗീതം പാടി, മന്ദസ്മിതമൊടു പനിനീർ-
പ്പൂമൊട്ടുകളൊത്തുകളിയാടി,
തങ്കച്ചാറിൽക്കുളിച്ചു ഉഷസ്സ്, ഇളയ കാ-
റ്റാകവേ വീശി, താഴെ
ത്തിങ്ങി പ്രാചീമുഖത്തിൽ, ദിനകര! ഭവദീ-
യോദയം ഭംഗിയായി.

൨. അപ്പോഴാരാന്തികത്തു തവ മഹിമ കാ-
ട്ടീടുമാറുഗ്രനായി
ഇപ്പാരം പൂണ്ടു "പേ പേ" എന്നതിനൊരു മഹാ-
മാരി വരുന്നുണ്ടെന്നും,

ഇപ്പാരെല്ലാം ഗ്രസിക്കുന്നതിനു കൈനീട്ടിപ്പിടി-
ച്ചുച്ചലിക്കുന്ന വിദ്യു-
ജ്ജിഹ്വാഗ്രം [illegible] പ്രകൃതിശരി [illegible]
ട്ടിന്നു മാറുന്ന കണ്ടു!

[illegible] കല്പാന്തത്തിൻ [illegible]
[illegible] ചിരിച്ചുകൊണ്ടും
തൻകണ്ണാൽത്തന്നെ [illegible] വാടി-
ച്ചുണ്ടു [illegible]
പിൻകാലത്തിൽ [illegible]
[illegible]
പ്പുതം പാരിൽപ്പരത്തി [illegible]
ക്കാട്ടുവാൻ [illegible]

[illegible] [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible] [illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible] [illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

൫. [illegible]
[illegible]
[illegible]
[illegible]
ഇവരൊന്നും [illegible]
[illegible]
ശോഭിക്കുന്നില്ല, [illegible]
[illegible] നോക്കില്ലാരാളും.

൬. എല്ലാവർക്കും പ്രമാണം പ്രകൃതി പരിണമി-
ച്ചീടുമൊന്നാണെന്നും-
എല്ലാം [illegible]
[illegible]
ഇല്ലാതാകും പ്രപഞ്ചത്തിൽ മുഴുക്കെ-
[illegible]
[illegible]
[illegible]

കി. സി. വേലുക്കുട്ടിപ്പണിക്കർ.

പൌരുഷം

(തുടർച്ച)

ബാല്യം പൌരുഷത്തിന്റെ ബീജാവസ്ഥയാകുന്നു, ആ കാലത്തിൽ പൌരുഷത്തിന്റെ രൂപം അവ്യക്തമായിട്ടാണിരിക്കുന്നതെന്നു പറഞ്ഞുവല്ലോ. ഈ സംഗതി ഒരു വ്യക്തിയിൽ മാത്രമല്ല, ഒരു സമുദായത്തിന്റെ സമഷ്ടിസ്വരൂപത്തിലും ശോഭിച്ചിരിക്കുന്നതാകയാൽ

ന്നെവ സൂചിപ്പിച്ചിട്ടുണ്ട്. ബാല്യം മുതലായ അവസ്ഥാഭേദങ്ങൾ ശരീരത്തിന്നുമാത്രമല്ല ഉള്ളൂ. മാനസസംസ്കാരത്തിന്നും ആ അവസ്ഥകളുണ്ട്. ഒരു മനുഷ്യന്റെ ശരീരത്തിന്നു യൗവനമുണ്ടായിരുന്നാലും, മനസ്സിന്നു ബാല്യം തന്നെയാണുള്ളതെന്നുവരാം. ഏതൊരു മനോവൃത്തിക്കു ഒരേ കാലസംസ്കാരവ്യുൽപത്തി കാണുന്നില്ലയോ അതു ബാല്യാവസ്ഥയെ അതിക്രമിച്ചിട്ടില്ലെന്നുവേണം പറവാൻ. മരണംവരെ ഈ അവസ്ഥയിൽനിന്നു തെറ്റാതെ ജീവിച്ചിരിക്കുന്ന എത്രയോ ബാലന്മാർ ലോകത്തിലുണ്ട്. ഇവരുടെ ജീവിതയാത്ര പൌരുഷത്തിന്റെ ഗന്ധംപോലുമില്ലാത്ത ഒന്നാകുന്നു. നേരെമറിച്ച്, ശരീരത്തിന്നു ബാല്യമാണെങ്കിലും മനസ്സംസ്കാരത്തിന്നു യൗവനംവന്നിട്ടുള്ള മഹാന്മാരും ലോകത്തെ അലങ്കരിക്കുന്നുണ്ട്. ഇങ്ങിനെയുള്ള പൌരുഷത്തിന്റെ ഉദാഹരണമായിട്ടാണ് അവരുടെ ജീവകാലത്തെ വിചാരിക്കേണ്ടതു. ഒരു വ്യക്തിയുടെമാത്രം ബാല്യം എന്നാലും പരിച്ഛിന്നമായ ഒന്നാണ്. അതിന്നു ദീർഘകാലസ്ഥിതിയുമില്ല. അതുകൊണ്ട്, അതിന്നു അനിത്യമെന്നും പറയാം. യൗവനം, വാർദ്ധക്യം, എന്നീ അവസ്ഥകളും ബാല്യംപോലെതന്നെ ഒരു വ്യക്തിയിൽ പരിച്ഛിന്നവും അനിത്യവുമായിരിക്കുന്നതത്രേ. അപ്പുറം ആ ബാല്യാദ്യവസ്ഥകളെ ആശ്രയിച്ചു നില്ക്കുന്ന പൌരുഷത്തെയും പരിച്ഛിന്നമാണെന്നും അനിത്യമാണെന്നും പറയുന്നതിന്നു വിരോധമില്ല. ഒരു സമുദായത്തിന്റെ കാര്യം ഇങ്ങിനെയല്ല. വ്യക്തിയെപ്പോലെതന്നെ ശരീരം, അല്ലെങ്കിൽ സ്വരൂപം ആയ ബാല്യാദിസംജ്ഞകളെല്ലാം സമുദായത്തിന്നുണ്ടെന്നു പറഞ്ഞിട്ടുണ്ടല്ലോ. മാനസസംസ്കാരത്തെ ആശ്രയിച്ചുനില്ക്കുന്നതും, അതേ വിധം സൂക്ഷ്മവുമായ ബാല്യാദിയും സമുദായത്തിന്നുണ്ട്. ഒരു സമുദായത്തിന്റെ ബാല്യാദിസ്ഥിതികളെയും അതിനെ ആശ്രയിച്ചിരിക്കുന്ന പൌരുഷവും പരിച്ഛിന്നമല്ല. അതുകൊണ്ടുതന്നെ അതു നിത്യവുമായിരിക്കുന്നു. സമഷ്ടിസ്വരൂപമായ സമുദായത്തിന്റെ ബാല്യാദിയും പൌരുഷവും മേൽപ്പറഞ്ഞപ്രകാരം അപരിച്ഛിന്നവും നിത്യവുമായിരിക്കുന്നതിന്നുള്ള കാരണം കേവലം നമുക്കെളുപ്പത്തിൽ മനസ്സിലാക്കാം. അനേകം വ്യക്തികളുടെ ഒരു കൂട്ടത്തിന്നാണല്ലോ നാം സമുദായം എന്ന പേർ പറയുന്നത്. ആ വ്യക്തികളിൽ അധികംപേരും ബാല്യാവസ്ഥയിലിരിക്കുന്നവരാണെങ്കിൽ സമുദായം ബാലനാണെന്നും, അല്ലെങ്കിൽ സമുദായം തരുണനാണെന്നും നിരൂപിക്കാം. ഒരുകാലത്തും ഒരു ദിക്കിലും സമുദായത്തിന്ന് ഈ അവസ്ഥയിലൊന്നിലും ഒന്നുമില്ലാതെയി

ടിക്കൊണ്ടുള്ള സ്ഥിതിയുണ്ടാകുന്നതല്ല. വ്യക്തികളുടെ സ്വഭാവത്തിന്നു യോജിച്ചവിധത്തിൽ ഒരിക്കൽ പരിപൂർണ്ണമായ യൌവനത്തെ പ്രാപിച്ചിട്ടുള്ള സമുദായംതന്നെ പിന്നെയൊരിക്കൽ ബാല്യത്തിനെ പ്രാപിച്ചു എന്നു വരാവുന്നതാണ്. വ്യക്തികളിലുള്ള പരിച്ഛിന്നസ്വഭാവവിശേഷങ്ങളെ സമുദായത്തിൽ നാം ആരോപിക്കുന്നു എന്നല്ലാതെ സമുദായം യഥാർത്ഥത്തിൽ വ്യക്തിഗതമായ ഭേദത്തിന്നു കീഴടങ്ങുന്ന ഒന്നല്ല. ഈ ആശയഭേദങ്ങളെപ്പോലെതന്നെ പൌരത്വത്തെപ്പററിയും വിചാരിക്കാവുന്നതാണ്. പൌരത്വം വ്യക്തികൾക്കു മാത്രമാണ്. സമുദായത്തിങ്കൽ പൌരത്വം ആരോപിക്കപ്പെടുകയല്ലാതെ സ്വതസ്സിദ്ധമായിരിക്കുകയല്ല. ഒരു സമുദായം പൌരത്വമില്ലാത്ത ശൈശവാവസ്ഥയിലിരിക്കുന്നു എന്നുള്ളതിന്നർത്ഥം അതിലെ വ്യക്തികളിൽ അധികപക്ഷം പൌരത്വമില്ലാതെയിരിക്കുന്നു എന്നാണ്. സാമുദായികമായ ബാല്യരൂപവും ആത്യന്തസംസ്കാരരൂപവും ഒരുകാലംപോലെ നിർവ്വചനമായും അസംഗതമായും നിത്യമായും ഇരിക്കുന്നു എന്നാണ്. ഒരു കാലത്തു ഹിന്തുസമുദായം പരിപൂർണ്ണമായ യൌവനത്തെ പ്രാപിച്ചിരുന്നു എന്നു ചരിത്രങ്ങളെക്കൊണ്ടു നാം ഊഹിക്കുന്നുണ്ട്. അതു പിന്നെ വളരെക്കാലത്തേക്കു താണതരത്തിൽ, അതായതു ബാല്യത്തിൽ പ്രവേശിച്ചിരുന്നു. ഇപ്പോൾ പിന്നെയും യൌവനത്തിലേക്കു പ്രവേശിപ്പാൻ തുടങ്ങുന്നു. ഇതിന്നു എത്ര പ്രാവശ്യം ഉണ്ടായിട്ടുണ്ടെന്നും ഉണ്ടാകുമെന്നും നിശ്ചയിപ്പാൻ അസാധ്യം. ഇതിന്നു ചക്രംപോലെ ചുററിക്കൊണ്ടിരിക്കുന്ന സാമുദായികാവസ്ഥകളിൽ ഒരു നിത്യമായ പൌരത്വം ബീജരൂപമായും അങ്കുരരൂപമായും മററും വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഏതുസ്ഥിതിയിലും ആ പൌരത്വത്തിന്റെ നിലക്കു വ്യത്യാസമുണ്ടാകുന്നില്ല. അതു നിലീനമായോ വികസിതമായോ സമുദായത്തിൽതന്നെ നിലനിൽക്കുന്നു. ഇതിന്നു നിത്യമായ ആ പൌരത്വത്തിന്നു പല അവസ്ഥാഭേദങ്ങളെയും വ്യക്തികളുടെ സ്ഥിതിയെ നോക്കി നാം കല്പിക്കുന്നു.

സമുദായാംശങ്ങളായ വ്യക്തികൾക്കുള്ള പൌരത്വത്തിന്നു വികാസമുണ്ടാകുന്നതു് എന്തുകൊണ്ടാണെന്നുള്ള ചോദ്യത്തിന്നു ഉത്തരംതന്നെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സമാധാനമായിരിക്കുന്നു. ശൈശവകാലസംസ്കാരങ്ങളെ നല്ലവണ്ണം അറിയുമ്പോൾ ഓരോ പൂരുഷന്മാർക്കും അവരവരുടെ പൌരത്വത്തെ നശിപ്പിക്കുന്ന മാർഗ്ഗത്തെപ്പററിയും മററും നല്ല ബോധമുണ്ടാകുമെന്നും, അതു നിർബ്ബന്ധമായ ഒരു നിയമമാണെന്നും ആദ്യന്ത

ന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഒരു ബാലൻ തന്നെക്കാൾ യൌവനമുള്ള മറ്റൊരുവന്റെ നടവടികളെക്കണ്ടുപഠിക്കുന്നതുപോലെ ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ ആചാരങ്ങളെ അനുകരിക്കുന്നു. ഇങ്ങിനെ ഈ പ്രപഞ്ചത്തിലുള്ള ഓരോ വ്യക്തികളും ഓരോ സമുദായങ്ങളും മററുള്ളവരുടെ സദ്ഗുണസമ്പന്നങ്ങളായ വൃത്തിഭേദങ്ങളെ അനുകരിക്കയാണു ചെയ്യുന്നത്. ഈ അനുകരണം എന്ന സ്വഭാവമില്ലാതെ ജീവിച്ചിരിക്കുന്ന വ്യക്തിയും സമുദായവും ജഗത്തിൽ ദുർല്ലഭമാകുന്നു. അനുകരണം ചിലപ്പോൾ തെററിദ്ധാരണയോടുകൂടിയിരിക്കും. ഒരു സമുദായം മററൊന്നിനെ അനുകരിക്കാൻ പുറപ്പെടുന്ന സമയത്ത് ആ മററേ സമുദായം അനുകരണീയംതന്നെയോ എന്നാലോചിച്ചിട്ടാവണം. ഈ ആലോചന ചിലപ്പോൾ അസാധ്യമായ വഴിക്കായിവരും. [illegible] അനുകരണംകൊണ്ടു സിദ്ധിക്കേണ്ടുന്നതായ ഫലം വിപരീതത്തിലായിപ്പോയേക്കും. അന്യസമുദായം തന്നെ അപേക്ഷിച്ചു പുഷ്ടിമായ യൌവനമുള്ളതും പൌരുഷമുള്ളതുമാണെന്നു ബോദ്ധ്യമായാൽമാത്രമേ അതിനെ അനുകരിക്കുന്നതിൽ ഗുണദോഷങ്ങളുള്ളൂ. ഇതറിയാതെ, മററൊന്നിനെ പ്രവർത്തിപ്പാനാണു വിഷമം. ഇതിൽ ദേശകാലപ്രകൃതികളെ നന്നായി വിചാരിക്കണം. ജീവിതസൌകര്യം, അല്ലെങ്കിൽ സുഖം ലഭിക്കാനുള്ള വഴി ആ അനുകരണത്തിലുണ്ടാകുന്നതെങ്കിൽ ആ അനുകരണം വിവേകപൂർവ്വം ചെയ്യുന്നതായിരിക്കണം. ഇങ്ങിനെ വിവേകപൂർവ്വമായ അനുകരണത്തെയാണ് ഒരു സമുദായത്തിന്റെ പൌരുഷമെന്നു പറയുന്നത്. വിവേകരഹിതമായ അനുകരണവും ചിലപ്പോൾ സുഖഹേതുവായി വരാം. ഇങ്ങിനെ സുഖഹേതുവായിവരുന്ന അനുകരണം ഫലംകൊണ്ടുമാത്രം പൌരുഷത്തെ അനുമിപ്പിക്കുന്ന ഒരു പ്രവൃത്തിയാണെന്നേ ഉള്ളൂ. അതിനെ തപ്രത്യക്ഷമായ പുരുഷപ്രയത്നമെന്നോ, പൌരുഷാഭാസമെന്നോ പറയണം. ഈ പൌരുഷാഭാസത്തെയാകുന്നു ചിലർ യദൃച്ഛ (ചാൻസ്) എന്നും, ചിലർ കർമ്മമെന്നും, ഭാഗ്യമെന്നും പറയുന്നത്. ബാലന്മാരുടെയും മററു വ്യാപാരം സുഖഹേതുവായിപ്പരിണമിക്കുന്നതെങ്കിൽ അതിനെയും ഈ പൌരുഷാഭാസവർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നതിനു വിരോധമില്ല. ചില മനുഷ്യർ അബുദ്ധിപൂർവ്വമായിനടത്തുന്ന ക്രിയകൾക്കു ഫലമുണ്ടായിക്കാണുമ്പോൾ ചിലർ അവരെ പൌരുഷശാലികളാണെന്ന് ആലോചനകൂടാതെ പറഞ്ഞുപോകുന്നതാണ്. അവരുടെ ഭാഗ്യമാണതെന്നും ചിലർ പറയാറുണ്ട്, അതു പറഞ്ഞ കാരണങ്ങൾ നല്ല അഭിപ്രായമാണെന്നിവിടെ സമ

കിടച്ചതാം. ഈ സംഗതിയെപ്പറ്റി മേലിൽ പ്രസ്താവിക്കുന്നതാകയാൽ ഇപ്പോൾ വിവരിക്കുന്നില്ല.

ഇപ്പോൾ കേരളബ്രാഹ്മണസമുദായത്തിന്റെ അവസ്ഥയെ പൊതുവായതിന്റെ ഉദാഹരണത്തിന്നായിട്ടെടുത്തു നിരൂപണംചെയ്യുക. ഈ സമുദായത്തിലുള്ള വ്യക്തികൾക്ക് അവരുടെ പൂർവ്വപുരുഷന്മാരുടെ പൌരുഷത്തിന്റെ ഫലമായി ധാരാളം സമ്പത്തു ലഭിച്ചിട്ടുണ്ട്. ഇവർ കേരളത്തിൽമാത്രമല്ല ഇന്ത്യയിലൊട്ടും മാന്യന്മാരാണെന്നുള്ള കാര്യം നിസ്സംശയമാണ്. ഈ സമുദായത്തിന്റെ ആചാരങ്ങളിൽനിന്ന് ഇവർക്ക് സിദ്ധിച്ചിട്ടുണ്ട്. ഇവരെപ്പറ്റി ഇവരുടെ പുറമേയുള്ളവർ ബഹുമാനവും അസൂയയുള്ളവരായിട്ടുണ്ട്. എന്നുമാത്രമല്ല, മേലിൽ ലോകത്തിൽ ഒരു പ്രധാനസ്ഥാനത്തെ പ്രാപിക്കുമാറാകുന്ന പൌരുഷത്തെ പ്രകടനംചെയ്യുന്നതിന്നാവശ്യമായ സകല സൌകര്യങ്ങളും ഇവർക്കുണ്ട്. എങ്കിലും ഈ സമുദായത്തിന്റെ പൌരുഷം ശൈശവാവസ്ഥയിൽനിന്ന് അംകുരാവസ്ഥയെ പ്രാപിക്കാൻ തുടങ്ങിയിട്ടേ ഉള്ളൂ. ഇതിലുള്ള വ്യക്തികളിൽ അധികം പേരും ഇപ്പോഴും ബാല്യാവസ്ഥയിൽനിന്ന് തെറ്റിക്കഴിഞ്ഞിട്ടില്ല. അനേകന്മാർ യൌവനത്തിലേക്കുള്ള വഴിയിലായിട്ടേ ഉള്ളൂ. പുറമേയുള്ള മഹാന്മാരായവരുടെ ഉത്സാഹത്തോടുകൂടി അവരിലൊരു ഉൽകർഷപ്രാപ്തിക്കുള്ള ഉപായങ്ങളെ അന്വേഷിക്കുവാൻ തുടങ്ങിയിട്ടേ ഉള്ളൂ. ഇവരുടെ സത്യാന്വേഷണത്തെ ദേശകാലപ്രകൃതിയുടെ മാറ്റത്തെ അറിയുവാനായിട്ടുണ്ട്. ഇവരുടെയിടയിൽ ആചരിച്ചുവരുന്ന പൌരുഷവൃത്തം വിശ്വാസങ്ങളോടെ വളർന്നുവരികയാണെന്നതിന്നു പ്രയാസവുമില്ല. എങ്കിലും ഈ സമുദായത്തിന്റെ ബാല്യശക്തികളുടെ ഉണർവ്വുകൊണ്ടിരിക്കുന്നതാകയാൽ പൌരുഷവൃക്ഷത്തിന്റെ വേരുകളോടൊപ്പം പൊടിക്കുമാറാകുന്നത് പരിക്കുകയെന്നു ഉണ്ടാകുമായ ഒരു സംഗതിയല്ല. ഈ അവസ്ഥയെ ഇവരിപ്പോൾ ശരിയായി മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടെന്നുള്ളതു സന്തോഷകരം തന്നെ.

ഇതിന്നു മാതൃ സമുദായം മിന്നായ സമുദായത്തെ അനുകരിച്ചുകൊണ്ട ഉയർത്തുമെന്നുള്ളത് സൃഷ്ടിയുടെ നിശ്ചിതമായ കാര്യമാണ്. ഇന്ത്യക്കാർ പല സംഗതികളിലും ഇംഗ്ലീഷുകാരെ അനുകരിക്കുന്നു. അവർ ചില സംഗതികളിൽ ഇന്ത്യക്കാരെയും അനുകരിക്കുന്നു. ഇതിന്നു ലോകത്തിലുള്ള എല്ലാ വ്യക്തികളും എല്ലാ സമുദായങ്ങളും മറ്റൊ സംഗതികളിൽ മറ്റൊരു സമുദായത്തെ പ്രത്യേകം അനുകരണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ ആപേക്ഷികമായ വ്യത്യാസം പല

ആനന്ദങ്ങളില്ലാതെയാകാം. ഒരേസമയം ചിലപ്പോൾ അതിന്നു മറ്റൊരു ഷിയന്നവരും. പക്ഷെ അത് അനാഗരിതമാകയാൽ പൌരുഷമാണോ യമെന്നാണ് അതിന്നു പേർ പറയേണ്ടതെന്നു ഇതേവരെ കാണിച്ചിട്ടുണ്ടല്ലൊ. ചില വിദ്വാന്മാർ ലോകത്തിൽ സൃഷ്ടിയുടെ ആരംഭത്തിന്റെ വകയായി അപ്രതിക്ഷിതമായി വന്നുകൂടുന്ന ഈ വക പൌരുഷഫലങ്ങളെപ്പോലെതന്നെ മനുഷ്യന്നനുഭവിപ്പാനധികാരമുള്ള എന്നും പൂർവജന്മത്തോടുകൂടി ലയിക്കുന്നതിന്നുള്ള ശക്തി പൌരുഷമാകുന്നതിനാൽ കൊപ്പാനാണ് ഈ കാര്യത്തിന്നാണെന്നും വാദിക്കുന്നുണ്ട്. ഈ സംഗതിയെപ്പറ്റി ഇനിയത്തെ പ്രാവശ്യം സവിസ്തരമായി പ്രസ്താവിച്ചുകൊള്ളാം.

(തുടരും)

വടക്കേപ്പാട്ടു നാരായണൻ നായർ.

മണിദീപിക.*

പണ്ഡിതസാർവ്വഭൌമനായ മഹാമഹിമശ്രീ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ എം. ഏ; എം. ആർ. ഏ. എസ്സ്. തിരുമനസ്സിലെ



കൃതിയായ ഈ ദീപിക പ്രകാശിച്ചുതുടങ്ങിയിട്ട് ഇപ്പോൾ ഒരുമാസത്തോളം കാലമായിരിക്കുന്നു. സർവ്വപ്രാസസ്ഥാനസാഹിത്യമണ്ഡലത്തിൽ ശ്രദ്ധേയം ഇരിക്കുന്ന മലയാളികൾക്ക് ഈ ദീപികയുടെ വിളക്കം വിശേഷപ്പെട്ടതും കഴിച്ചുകൂടാത്തതു

* ഈ ലേഖനം ഞങ്ങൾക്കു കിട്ടീട്ട് ഇപ്പോൾ ഏതു മാസമായിരിക്കുന്നു. ഞങ്ങൾക്കു കിട്ടിട്ടുള്ള ഏതൊ ഗ്രന്ഥത്തെപ്പറ്റി ഞങ്ങൾ നിരൂപണമെഴുതിയാൽ ഇപ്പോൾ [illegible] ഈ ഗ്രന്ഥത്തെപ്പറ്റി [illegible] നിരൂപണം [illegible] വളരെ സന്തോഷിച്ചു. എങ്കിലും [illegible] ഈ ലേഖനം [illegible]

ആയ ഒരു ഉത്തമസാധനമാണെന്നുള്ളതിൽ രണ്ടുപക്ഷമില്ലാതിരിക്കില്ല തന്നെ. അന്യഥാ സിദ്ധാന്തങ്ങളെ (മതശാസ്ത്രങ്ങളെ)ത്തന്നെ കെട്ടിച്ചു വെച്ച് രൂപഭേദംചെയ്തു് ഇറക്കിയിരിക്കുന്ന സിദ്ധാന്തകൗമുദി മുതലായ ഗ്രന്ഥങ്ങളും യഥാർത്ഥഗ്രാഹികളായി വ്യുല്പത്തികാംക്ഷികളായുള്ള ബാലന്മാരുടെ ബുദ്ധികളും എങ്ങിനെയാണ് അതിൽ കുടിവാഴുക. ഇക്കാലത്തെല്ലാ ഉപയോഗംചെയ്യുന്ന ഈ ഗ്രന്ഥത്തെ സംബന്ധിച്ചു് മലയാളികളുടെ വിജ്ഞാനാഭിവൃദ്ധിക്കു കാപ്പുകെട്ടിയിരിക്കുന്ന അനേകം മാസികകളിലും ഇല്ലാതെ യാതൊരു അഭിപ്രായവും പ്രസ്താവിക്കാത്തതിൽ വളരെവളരെ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. എന്നാൽ ഈ മാസികയിൽ കഴിയുന്നതു പൂർവ്വാപരങ്ങൾ ആലോചിച്ചു വിഷയങ്ങൾ ആലോചനാപൂർവ്വം സ്വതന്ത്രമായ വിധത്തിൽ ഒരു നിരൂപണം ചെയ്തിട്ടുണ്ട്. പലകൂട്ടം അസംഖ്യം മാത്രതന്ത്രപക്ഷങ്ങൾ ഉള്ളതായ ഒരു മഹാശാസ്ത്രത്തെ പെരുമാറുന്നവിധത്തിൽ ഉടച്ചുവാർത്തിരിക്കുന്ന ഈ ദീപികയുടെ നിരൂപണത്തിന്, ഇതിനുമുമ്പിലുള്ള ഗ്രന്ഥനിരൂപണത്തിന് അനുവദിച്ചിരിക്കുന്ന സ്ഥലത്തിൽനിന്ന് പത്തിരട്ടിയിലധികം സ്ഥലം അനുവദിച്ചുവോ ഉപയോഗിച്ചുവോ ചെയ്യാതെ ഇത്രമാത്രം എഴുതിയതോ എന്നൊരു സംശയം ഉണ്ട് (1). ആകയാൽ ആ നിരൂപണത്തെത്തന്നെ ഒന്നു പുതുതായെന്ന വിചാരിച്ച് അല്പം എഴുതിക്കൊള്ളുന്നു.

മഹാത്മാവായ പാണിനിമഹർഷി അനേകായിരം അസിദ്ധം എന്നിങ്ങിനെ അനേകം തന്ത്രങ്ങളെ അവലംബിച്ചു് സൂത്രത്തിൽ എട്ട് അദ്ധ്യായംകൊണ്ടു കഴിച്ചിരിക്കുന്ന വ്യാകരണമഹാശാസ്ത്രത്തെ മലയാളഭാഷയിൽ പഠിപ്പിക്കാൻ പുറപ്പെട്ടതു മഹാസാഹസമെന്നു ഗ്രന്ഥകർത്താവുതന്നെ മുഖവുരയിൽ സമ്മതിച്ചിരിക്കുന്നു. വിശേഷിച്ചും ആ മഹാന്റെ അനേകായിരംതന്ത്രങ്ങൾ കൂടാതെ പാണിനിക്ക് എന്നതു വളരെ വളരെ സാഹസംതന്നെയാണ്. അതിനാൽ വ്യാകരണസാഹസവാനായ മഹാപണ്ഡിതന്മാരുടെ ബുദ്ധിയിൽ ഉണ്ടാകാത്തതായ ഉപായം ഒന്നുംതന്നെയില്ലല്ലോ.

ആദ്യമേ ഒരു ഗ്രന്ഥത്തെപ്പറ്റി നിരൂപണംചെയ്യുമ്പോൾ

(1) ഗ്രന്ഥനിരൂപണം മുതലായതുകൾക്ക് ഇത്രയധികം സ്ഥലം കൊടുക്കാറില്ല. പലവിധം പരിഷ്കരിക്കേണ്ടതും ഇതു വലുപ്പമേ ഉണ്ടായുള്ളൂ.

ചോദ്യത്തിന്റെ ഉത്തരം എന്താണെന്നു നിശ്ചയിക്കണം. ഞാൻ ഈ ദീപിക ഒരുപ്രാവശ്യം ഒന്നോടെ പരിഷ്കരിച്ചു വായിച്ചുനോക്കിയതിൽ ഇതിന്റെ ഉത്തരം 'നാടകാന്തം കവിത്വം' എന്ന രീതിയിൽ കാവ്യനാടകാലങ്കാരങ്ങളിലെന്നല്ല സർവ്വപ്രസിദ്ധവ്യവഹാരങ്ങളിലും ഭാഷയെ ഒതുക്കിച്ചുനോക്കുക എന്നാണ് നിശ്ചയിച്ചത് (2). ഈ ഉദ്ദേശത്തെ അനുസരിച്ചു നോക്കുന്നതായാൽ വൈദികശബ്ദങ്ങളുടെയോ, ലൌകികങ്ങളിൽത്തന്നെ അപ്രസിദ്ധങ്ങളും ശാസ്ത്രമാത്രോപയോഗികളും ആയ ശബ്ദങ്ങളുടെയോ വ്യാകരിപ്പാനുള്ളത് ഇതിന് ഒരു ഭാരമായിവരുന്നതല്ല.

അനേകം ഭാൎയ്യമാരെ ജപ്പാനിൽ ഒരാൾക്ക് കിട്ടില്ല. നിയമപ്രകാരം ഒരു ഭാൎയ്യ മാത്രമെ പാടുള്ളൂ എന്നാണ നിൎണ്ണയം. എന്നാൽ റിപ്പോൎട്ടുകളിൽ പറയുന്ന പ്രകാരം ദാസിസ്ത്രീകൾ വളരെ ധനികകുടുംബങ്ങളിൽ കാണാം. എന്നാലും ഇപ്പോൾ നമ്മുടെ രാജ്യത്ത് ഇതെങ്ങിനെ കണ്ടുവരുന്നുവോ അതുപ്രകാരം ജപ്പാനിലും പ്രധാനികളുടെ ഇടയിൽ ഈ ദുൎല്ലക്ഷണം കണ്ടുവരുന്നുണ്ട്.

ഇങ്ങിനെ എല്ലാമായാലും, ജപ്പാൻസ്ത്രീകൾക്ക് ഭൎത്താവിനോട് ഒരു കുറവും ഇല്ല. അവരെപ്പറ്റി പറയുന്നവരെല്ലാം 'പതിവ്രതമാർ' എന്ന വൎണ്ണിക്കും. അവൎക്ക് എല്ലാവിധ ശുശ്രൂഷയും ചെയ്യും. അവരും തന്റെ ഭൎത്താവിനെ കണ്ടുകൊണ്ട്, സദാ പതിവ്രതയായി ജീവിച്ചു വന്നിരിക്കും. ഇപ്രകാരത്തെ രീതിയ്ക്കു വ്യത്യാസം എന്നത്, പ്രധാനമന്ത്രി മുതലായ വലിയ പ്രധാനികളുടെ ഇടയിൽ മാത്രമേ കാണുന്നുള്ളൂ. എന്നാൽ നാഗരികത്വം വളരെ വേഗത്തിൽ പരക്കുന്നതുകൊണ്ട്, ഇപ്രകാരം കുട്ടികളായിരുന്നവർ പ്രായമാകുമ്പോൾ അന്യരാജ്യമായും അധികമായി പ്രബലപ്പെടും. ആ കാലത്ത് അവരിൽ മറ്റുരാജ്യങ്ങളിലെ ആചാരപ്രകാരമുള്ള ഉത്തമലക്ഷണങ്ങളും പ്രബലപ്പെടും.

ജപ്പാൻസ്ത്രീകളുടെ ഇടയിൽ ഇപ്രകാരം നടന്നുവരുന്ന ആലോചന ഉടുപ്പുവിഷയമായിട്ടാണ്. പഴയ സമ്പ്രദായപ്രകാരം ദേഹത്തിന്ന് ഉപദ്രവമില്ലാത്ത പാവാട, റവുക്ക, ധാവണി മുതലായതു മതിയോ അല്ലെങ്കിൽ അന്യനാട്ടുകാരെപ്പോലെ തിരിഗ്ലൌസ്ഥ് മുതലായതു വെച്ച് ഇറുകി ദേഹത്തിന്ന് ഉപദ്രവമുണ്ടാക്കി ചിലവിനേയും അധികരിപ്പിയ്ക്കു

കയോ വേണ്ടത് എന്ന് അവരുടെ ഇടയിൽ വളരെ തർക്കവും നടന്നു വരുന്നുണ്ട്. മഹാറാണി അന്യരാജ്യവേഷം ധരിക്കുന്നതിന്റെ പുറമെ തന്റെ കീഴിൽ വരുന്ന എല്ലാ സ്ത്രീകളും ആ മാതിരി ഉടുപ്പു ധരിച്ചുകൊള്ളണമെന്ന് ഉത്തരവു കൊടുത്തിട്ടുണ്ട്. പുരുഷന്മാരിൽ പലരും തങ്ങളുടെ സ്ത്രീകൾ അന്യരാജ്യനടപടിയെ ശീലിക്കണമെന്നാഗ്രഹിക്കുന്നു. എന്നാൽ ചിലർ, ജപ്പാൻസ്ത്രീകൾക്ക് തങ്ങളുടെ പഴയ ആചാരമാണ് കശ്രീയും ആരോഗ്യവുമുള്ളത് എന്ന് അഭിപ്രായപ്പെടുന്നതിന്റെ പുറമെ രാജ്ഞിക്കൻസ്ത്രീകൾ മുതലായ മറ്റു പലരും അന്യരാജ്യനടപടിയിലുള്ള ദോഷങ്ങളെ ചൂണ്ടിക്കാണിച്ച് ആ വക വേഷത്തെ വെടിയുവാൻ ഉപദേശിച്ചുവരുന്നുമുണ്ട്.

'ജപ്പാൻകാർ നമ്മളെപ്പോലെ കാത്, മൂക്ക്, മുതലായതു തുളച്ചു കണ്ണതെല്ലാം ആഭരണങ്ങൾ ഇട്ടിട്ട് ഉപദ്രവപ്പെടുന്നില്ല. കയ്യിന്മേൽ പലമാതിരി വളകളും വിരലുകളിൽ മോതിരങ്ങളും ഇട്ടുകൊണ്ടു വേദനപ്പെടുകയുമില്ല. അന്യനാട്ടുകാരെപ്പോലെ മാറിൽ ഇരുമ്പുതകിടുകൊണ്ടുണ്ടാക്കിയ കവചം ധരിച്ചും കാലിനെ ചാരക്കുപ്പായത്തിൽ ബൂട്ട്സിട്ടും ശരീരം ചെറുക്കുകയും വക്കുകയും ചെയ്യുന്നില്ല. തലയിൽ വലിയ കൂട കമിഴ്ത്തി വെച്ച് മേതിന്മേൽ നാട്ടിലും കാട്ടിലുമുള്ള പക്ഷികളുടെ തൂവലുകളും വെക്കുന്നതുമില്ല.' ഇങ്ങിനെ ഒരു സ്ത്രീ എഴുതിയിരിക്കുന്നു. ഇതുവാസ്തവം, ജപ്പാൻസ്ത്രീകളുടെ ഉടുപ്പും ആഭരണങ്ങളും വളരെ വിശേഷമായിട്ടുള്ളവയാണ്. മാറു ധരിക്കുന്നവർക്ക് ഒരുപദ്രവവുമില്ല. എന്നാൽ ഇപ്പോൾ അന്യരാജ്യക്കാരോട് രാജ്യകാര്യവിഷയമായി പരിചയിക്കേണ്ടിവരുന്നതിനാൽ മഹാറാണി മുതൽ പലരും അന്യരാജ്യവേഷം ധരിക്കേണ്ടിയിരിക്കുന്നു.

ജപ്പാൻസ്ത്രീകളുടെ ഇടയിൽ മറ്റുരാജ്യങ്ങളിൽ കാണാത്തതായ ഒരു സമ്പ്രദായം കാണുന്നു. മാതാപിതാക്കന്മാർ തങ്ങളുടെ പെൺകുട്ടികളെ വില്ക്കുന്നത് എല്ലാ നാട്ടിലും കാണ്മാൻ കഴിയുന്നതല്ലല്ലോ. നമ്മുടെ രാജ്യത്തെല്ലാ കാലത്തും അച്ഛനമ്മമാർ പണത്തിനുവേണ്ടി കുട്ടികളെ വില്ക്കുന്നു. ജപ്പാൻരാജ്യത്തിലും മാതാപിതാക്കന്മാർ തങ്ങളുടെ പെൺകുട്ടികളെ വിദ്യ പഠിപ്പിക്കേണമെന്നുണ്ടെങ്കിൽ അവരെ 'ഗെയ്ഷകൾ' ആക്കും. ഇതിന്നു ഒപ്പുന്നവർ തങ്ങടെ കുട്ടികളെ പതിനഞ്ചുപതിനാറു വയസ്സുവരെയോ സ ലാർ ആവശ്യമുള്ളതൽ ഇതിനുവേണ്ട ഉടുപ്പുകളും ആഭരണങ്ങളും കൊടുക്കുന്നുണ്ട്. ഇവിടെ അവരെ പാട്ട്, കളി മുതലായ വിദ്യ

കൾ പഠിപ്പിച്ച് നല്ല ഉടുപ്പുകളും ആഭരണങ്ങളും ധരിപ്പിച്ച് ആദരിച്ചു വരുന്നു. നാട്യം അഭ്യസിപ്പാൻ ഇവൾ പുതുതായി 'വസന്തമല്ലിക' 'ചന്ദ്രവദന' മുതലായ പേരുകൾ കൊടുക്കുന്നു. ഇവർ കാപ്പിരിക്കുന്ന്, കച്ചേരി മുതലായ സ്ഥലങ്ങളിൽ പോയി അവിടെയുള്ള ആളുകളെ പാട്ടു മുതലായതുകൊണ്ടുപാസിച്ച് മണിക്കുറ കണക്കാക്കി ധനവും വാങ്ങി ഉപജീവിച്ചു പോരുന്നു. കിട്ടുന്നസംഖ്യയിൽ മുക്കാൽഭാഗവും ഇവരെ വളർത്തിയവർ എടുക്കുക പതിവാകുന്നു. നല്ല സൌന്ദര്യവും പാണ്ഡിത്യവും വിദ്യയുമുള്ളവരുടെ പേര് എവിടെയും പ്രസിദ്ധമാവുകയും വരവ് വർദ്ധിക്കയും ചെയ്യും. ഇങ്ങിനെ കാപ്പുകാലം കഴിയുമ്പോൾ അവരിൽ ഒന്നോ രണ്ടോ പേരെ കാണൂ, എവരെ അന്വേഷിച്ചാലും സംഗതി അറികയുമില്ല. എത്ര ഒരു പ്രഭു ഇവരെ സ്നേഹിച്ച് അവരെ വളർത്തുന്നവന്ന ധാരാളം പണം കൊടുത്ത് അവരെ ഭാര്യമാരായി സ്വീകരിക്കുന്നു. എന്നാൽ ഇപ്രകാരം ഭോഗമായി കാലം കഴിപ്പവർ കുലസ്ത്രീധർമ്മം രചിക്കുന്നതു വളരെ അപൂർവ്വം.

ജപ്പാൻകാരുടെ നാഗരികത്വം അധികരിക്കുന്തോറും ഈ വേശ്യാസമ്പ്രദായവും മാറും മാറുമെന്ന് അറിഞ്ഞവരെല്ലാം എഴുതിവരുന്നു. നമ്മുടെ രാജ്യത്തും പഴയ സമ്പ്രദായപ്രകാരമുള്ള മോഹിനിയാട്ടം, പാട്ടു മുതലായതും കുറെശ്ശ കാണുന്നു. തൽക്കാലം ഇതു നല്ലതാണെന്നു തന്നെ പറയാം.

വി. എം. എൻ.

മംഗലം വന്നു



കർക്കടകമാസത്തിൽ കറുത്ത വാവ്, ധാര മുറിയാത്ത മഴ, കലശലായ വെള്ളപ്പൊക്കം. തോടും പുഴയും കവിഞ്ഞ് പാടവും മാടും മുങ്ങി ചില പുരകളിലും വെള്ളം പ്രവേശിച്ചു തുടങ്ങി. കേവുവഞ്ചികളോ കെട്ടുവള്ളമോ എന്നല്ല ജലജന്തുക്കളെപ്പോലെ വെള്ളത്തിൽ പെരുമാറുന്ന വാലന്മാരുടെ ചെറുതോണികൾകൂടി അധികവും പുഴയിൽ കണ്ടിരുന്നില്ല. ഉച്ചതിരിഞ്ഞപ്പോഴേക്കുകൂടി ഇരുണ്ടാകതി മുകത്തിന്റെ തെക്കേഭാഗത്തുനിന്നു രണ്ടു ചെറുതോണികൾ പുറപ്പെട്ടു. രണ്ടിലും രണ്ടു ചെറുപ്പക്കാർ മാത്രമേയുള്ളു. അവർ

പൊളുമ്പു പോലെയുള്ള തോണിയിൽനിന്നു വീതി കൂടാതെ നീണ്ട നായമ്പുകൊണ്ടു വെള്ളം കോരി എറിഞ്ഞും ഇടയ്ക്കിടെ മുഖത്തോടുമുഖം നോക്കിയും ശൃംഗാരരസംകൊണ്ടു പുഴയിൽവന്നു ചേർന്നു. തോണിക്കാർ രണ്ടു പേരും കണ്ടാൽ തരക്കേടില്ലെങ്കിലും വസ്ത്രാലങ്കാരത്തിൽ വിരൂപന്മാരാണ്. കറുപ്പാവൃതത്തിലുള്ള ഓരോ തോർത്തു നാലാക്കി മടക്കി തലയിലിട്ടു ചെവികൾക്കിടയിൽ തിരുകിയിരിക്കുന്നു. ഒരിക്കലും തലക്കെട്ടിയുള്ള കൌപീനമാണുടുത്തിട്ടുള്ളത്. അതിന്റെ പുച്ഛത്തിന് അസാധാരണമായ നീളം കാണുന്നതു കയ്യിൽനിന്നു മറിച്ചപ്പെടുത്തപ്പോൾ തോർത്തുപ്പാത്തുകൊണ്ടായിരിക്കും. വിളറിയുടെ ത്രിതയ മഃ തട്ടി കഴിഞ്ഞു കിട്ടുമെങ്കിലും എത്രകാലമിരുന്നു അതിശയിപ്പിക്കുന്ന ചന്ദനപ്പൊട്ടിന്റെ കോട്ടമൊന്നും പറ്റീട്ടില്ല. നാം കണ്ട പൂണനൂൽ തോളിൽ കെട്ടിയിണഞ്ഞു കിടക്കുന്നു. തോണി പുഴയിൽ എത്തിയപ്പോൾ ഇരുവരുടേയും ദൃഷ്ടിഗതി ഭേദിച്ചു. ഉല്ലാസസൂചകംപോലെ ഒരുകായ ജലപ്രവാഹത്തെ അഗണ്യമാക്കിക്കൊണ്ടു രണ്ടുപേരും സംഭാഷണത്തിനാരംഭിച്ചു.

ഒന്നാമൻ—ആകട്ടെ ഇനി ശ്രദ്ധിപ്പൂടനെ. നാം അധികം ദൂരത്തായാൽ മംഗലം വല്ലാതെ പരിഭ്രമിക്കും.

ശങ്കരൻ നമ്പൂതിരി— ചേപ്രം മഹാ ഭീരുവാണ്. ഒന്നാമത് പരിഭ്രമിപ്പാൻതന്നെ പോരാ. ആ പെണ്ണിനെ കണ്ടാൽ പിന്നെ മംഗലത്തിനന്യചിന്തയില്ല. നമ്മെ കബളിച്ചു ചാടുവാൻ തരം നോക്കിയിരുന്നു. അവളുടെ ഇന്നത്തെ മടിക്കട്ടാണത്രെ തന്റെ മോഹം വർദ്ധിപ്പിച്ചത്.

ചേപ്രത്തു നമ്പൂതിരി—ഏടോ! എന്നാൽ മംഗലം കുടുങ്ങി. ഇങ്ങനത്തെ മുഖം കണ്ടാൽ മോഹാലസ്യപ്പെടും നിശ്ചയം. സ്വല്പം ചില്ലറയല്ല.

ശങ്കരൻ— അതാ മുറിഞ്ഞ കമ്പം പൊട്ടിത്തുടങ്ങി. സ്വല്പം ചില്ലറയല്ലെങ്കിൽ ഇരിമ്പാണായാലെന്ത്, എന്നാലെന്താ. മംഗലം ശുദ്ധിക്കധികാരിയല്ലേ. വിടനോ വിരോധിക്കപ്പെട്ടിട്ടില്ലേ. മന്ത്രിലത്തെ രാജ്യത്തിന്റെ അമ്മയല്ലോ അവന്റെ സ്വല്പമല്ലോ മാഹാത്മ്യത്തെ മംഗലത്തിനറിയാമോ.

ചേപ്രം—ഏ! എന്റെ സ്വല്പമായോ? എന്നാൽ തോറ്റല്ലോ ഒള്ളതു കൊണ്ടു പ്രതിക്രിയ ചെയ്യിക്കുന്നതെന്ത്?

അഴകം—ആയതാവോ. ഞാൻ ഓടുമെന്ന് തീർച്ച.

ചെപ്രം—അതൊന്നും ചോദിക്കേണ്ട. താൻ ഇറങ്ങി എടുക്കരുത്. തനിക്കു സ്വബോധമുണ്ടായിരുന്നില്ലെങ്കിൽ ഞങ്ങളെയൊന്നിച്ച് ഊന്ന താനെന്തിനാ പോന്നത്?

അഴകം— ഭ്രാന്തു പിടിച്ചവരെ അവിടെ ചെന്ന കൂട്ടരെന്നോ നിങ്ങളും ഭ്രാന്തന്മാരാണെന്നോ ഞാൻ ധരിച്ചിരുന്നില്ല. ഞാനിങ്ങു പോന്നതിനുള്ള കാരണം ഒന്നാം തരത്തിലുള്ള കൂട്ടുകെട്ടു മാത്രമാണ്. സ്വബോധമറ്റ സർവ്വാംഗം സമ്പൂർണ്ണമായാലും പരമാർത്ഥത്തിൽ എനിക്കാകാംക്ഷയില്ല.

ചെപ്രം— വിഡ്ഢി! അരസിക! താൻ പിന്നെ പരപരിഗ്രഹം ചെയ്തു ആ കാലക്ഷേപം കഴിപ്പാനാണോ ഭാവം? തനിക്കു കാര്യം പോരാത്തതു കൊണ്ട് ഇന്ദുലേഖയെ അനാർജ്ജവമാക്കി സങ്കല്പിച്ചുള്ള കേമം തന്നെ.

അഴകം— സമർത്ഥ! ചതുരസിക! കൊച്ചുരാമന്റെ എഴുത്തിൽ തീർന്നു! കലിയിൽ സ്ത്രീകളുടെ പാതിവ്രത്യം നിർബ്ബന്ധമാണെന്നല്ലാതെ പരസ്ത്രീകളുടെ പാതിവ്രത്യം നിർബ്ബന്ധമല്ല. 'ഭാര്യമാരെ പുരസ്കരിച്ച് ആലോചനകളിൽ അധികാരബലം പ്രയോഗിക്കുന്നതു ധിക്കാരമാണ്. ഇവൾ മനുഷ്യധർമ്മം വിരോധിച്ചിട്ടില്ലെങ്കിലും അതിനെ തടുവാൻ നമുക്കധികാരമില്ല' എന്നു തുടങ്ങി യോഗക്ഷേമത്തിൽ നിന്ന ചെറു ഉപദേശം. താൻ മാതാവിനെ തൊഴാറുള്ള പിഴച്ചു? താൻ വരുന്നെങ്കിൽ വരു. അല്ലെങ്കിൽ മംഗലത്തിന്റെ കൂടെ ഈ വെള്ളത്തിൽ കിടന്നോളു.

ഇത്രയും പറഞ്ഞ് അഴകത്തു നമ്പൂതിരി വീണ്ടും ധൃതിപ്പെട്ട് തുഴഞ്ഞു തുടങ്ങി. 'താനൊരു മർക്കടനാണ് തന്നെ. ഇന്ദുലേഖയാണെങ്കിൽ ഭ്രമിക്കും'. എന്ന് ചെപ്രത്തു നമ്പൂതിരി പറഞ്ഞതു തോണി അകപ്പെട്ടുകൊണ്ടു അഴകത്തു നമ്പൂതിരി കേട്ടില്ല. അദ്ദേഹത്തിന്റെ തോണി വേഗത്തിലേക്കു തിരിച്ചു. ഒഴുക്കിന്റെ ശക്തികൊണ്ടു മാത്രം പോകുന്ന തോണിയുടെ തല തെറ്റാതെ ഇരുന്നിട്ടു തിരിച്ചുകൊണ്ടു മംഗലത്തു നമ്പൂതിരിയുടെ വരവു കാത്തു ചെപ്രത്തു നമ്പൂതിരി തോണിയിൽനിന്ന മനോരാജ്യം തുടങ്ങി. 'അഴകത്തിന്റെ സംബോധന കേമംതന്നെ. ഞാൻ കൊച്ചുരാമന്റെ എഴുത്തിൽതീർന്നിരിക്കുന്നത്രെ. ആ ചെക്കന് ഇതുവരെ സാധിച്ചിട്ടില്ലെന്നാണ് എന്റെ അറിവ്. കൊച്ചുരാമൻ സ്വാതന്ത്ര്യമായി

വേണ്ടും വണ്ണമാണ്. അത് അദ്ദേഹത്തിൻ്റെ ശത്രുക്കളാണെന്നുള്ള നിലയിൽ മാത്രമേയുള്ളൂ. യോഗമാത്തിലെ അരോപാദം കൂടാതെ കിടന്നപ്പിന്നെ വിരോധമായി മൂത്ത നായര കൊച്ചുരാമനെക്കൊണ്ടു സ്വഭാവശുദ്ധിയുള്ളും വാദം ഇടങ്ങിയിട്ടില്ല. അവരുടെ പെരുമാറ്റം കണ്ടാൽ ഇല്ലത്തിലെ ഉണ്ണിനമ്പൂതിരിമാരെന്നേ തോന്നിയിരുന്നുള്ളൂ. ശുദ്ധമാപ്പിനെ വിശ്വസിച്ചാണ് തിരുമേനി ഈ സംബോധന ചെയ്തത്. അഥവാ അവരുടെ ഏതുപ്രകാരമെന്നുതന്നെ വരട്ടെ. അതിനെച്ചൊല്ലാനിനില്ല സംഗതി വരുന്ന പക്ഷം ഏതിന്ന ഉപ്പു നശിക്കും? വേദം പഠിപ്പിക്കുന്ന കാര്യമല്ല. വേദം നിർമിച്ച വിധാതാവിനുകൂടി സാധിക്കുന്ന കാര്യവുമല്ല. സ്വഭാവ വൈരൂപ്യം ഉണ്ടാവില്ല. മനോദോഷം തന്നെയായി! എന്നല്ല അവരാ പറയുന്നത്. കൊച്ചുരാമൻ ഇല്ലേ? അവനെ മാനം വരെ നായകാതില്ല. അവൻ തന്നെ ബ്രാഹ്മണനായിരുന്നെങ്കിൽ വരുന്നു. അതാരായിരിക്കും? എന്നു തിരിച്ചു. എന്നാൽപ്പിന്നെ പറയൂ എന്നായി. എന്തിനുമിവിടം ഇനി മംഗലത്തിനായാണ് ശേഷം. അവരുടെ പുറപ്പാട് ഇല്ലിട കൂട്ടത്തിൽ കോത്തിയായിരുന്നു. തല്ലു നല്ല മാതിരി കിട്ടട്ടെ. പറഞ്ഞു പറ്റാ ചോറുകൊണ്ട് സമർത്ഥനാകണം. കാര്യം പറഞ്ഞുവോ? അയാളുടെ താമസം കണ്ടപ്പോൾ ശരിയല്ല. തിരിച്ചുപോന്നു. തിരുമേനി എന്താ? എന്നാൽ കണ്ടോ? ഇനി മനത്തിൽ വന്നാൽ തല പുറത്ത് നോക്കിക്കോ. ഈ വൃത്തത്തിൽ മംഗലത്തു നമ്പൂതിരിയുടെ അപരാധമായി പ്രായശ്ചിത്തം വിധിച്ചു. ചേപ്പുത്തു നമ്പൂതിരി നാലഞ്ചുമാസം വെള്ളത്തിൽ തള്ളിക്കൊണ്ടു തോണിയുടെ തല ചെറുതായി തെന്നിനോക്കി. വെള്ളത്തിൽനിന്ന ചേപ്പുത്തു നമ്പൂതിരി വെള്ളത്തിൽ കഴുകിയതിൻ്റെ ശേഷംകൊണ്ടു നായരും തോണിയും കൈവിട്ടുപോയി. തല മുങ്ങിയപ്പോൾ സ്വഭാവമുള്ള കണ്ടി നമ്പൂതിരി അതിൽ പിടിക്കുവാൻ കിടന്നു തുഴഞ്ഞു തുടങ്ങി. അങ്ങനെ വരെ അനുഭവിച്ചു വെള്ളത്തിലാവാനായ പൂർവ്വ നിരപരാധികളായ സജ്ജനങ്ങളെ വൃഥാ ദോഷമാരോപം ചെയ്തതിന്ന് ഭഗവാൻ സന്തോഷം നൽകിയ പ്രതിക്രിയയാണിതെന്ന മനസ്സിൽ തന്നെ തലയിട്ടുലയ്ക്കുന്നു. കഴുകിനാതിരായി തുഴഞ്ഞു കേറുവാൻ അവകാശം പ്രാപ്തിയുണ്ടെന്നുള്ള അവൻ്റെ വിചാരം തെറ്റാണെന്ന് അന്നത്തെ വെള്ളപ്പൊക്കം അദ്ദേഹത്തെ ബോധ്യപ്പെടുത്തി. കഴുകിനാ അനങ്ങുലിച്ചു ചെന്ന് അവ നോക്കി കര പറ്റാമെന്ന് നമ്പൂതിരി കരുതി. അടുത്തു പിന്നിലുള്ള ഒരു പെരുമ്പുഴികൾ കണ്ടപ്പോൾ അതിനുള്ള ധൈര്യം വന്നില്ല. കരചേരണ

ങ്ങാം കഴിഞ്ഞു തുടങ്ങി. ആത്മഹത്യ ചെയ്തിട്ടും മടിപ്പോകും ഭൂതനാട്ടു കോരത്തായയപ്പോഴത്തെ പാരവശ്യം അദ്ദേഹത്തെ ബാധിച്ചു. നിർമ്മലാ പംകൊണ്ടു വഴിപ്പെടാത്ത നിർമ്മലാംഗികളെ അധികാരബലത്താല ധീനത്തിലാക്കുന്ന ചില വിടകേസരികൾ വിവേകശൂന്യന്മാരായി അ ട്ടഹസിക്കുമ്പോൾ ഭയചകിതകളായ പാവങ്ങൾ കൃത്യാന്തരമില്ലാതെ ചെയ്യുന്ന ആത്മഘാതകർമ്മത്തിങ്കൽ പ്രേരിതന്മാരായ അപരാധികൾക്കുണ്ടാ കുന്ന ആലസ്യവും മനസ്സിന്റെ പാരവശ്യവും സഹതാപമായ ഗംഗാദേ വി നമ്പൂതിരിയെ അവശപ്പെടുത്തുകയായിരിക്കും. നീന്തിക്കേറുവാൻ ശ്ര മിക്കുന്ന നമ്പൂതിരി കീഴ്പ്പോട്ടുകിടിഞ്ഞുതുടങ്ങി. കൈകാലുകൾ ത ളർന്നുതട്ടി മരവിച്ചു. തന്റെ കഥ കഴിഞ്ഞുവെന്നു കരുതി. 'ശരണാ ഗതവത്സലേ എന്നെ രക്ഷിക്കണേ' എന്ന് ആ ബ്രാഹ്മണകുമാരൻ ഉള്ളുരുകി പ്രാർത്ഥിച്ചു. സുകൃതികളുടെ ദയാധനം എത്ര നാളത്തെ അനാശരി ച്ചും ആർത്തത്രാണപരായണമായിരുന്നു. ഗംഗാദേവിയാൽ പ്രേരിതമായ കല്പവൃക്ഷം കടപുഴങ്ങി ചാഞ്ഞു തന്റെ ശാഖകളെ നമ്പൂതിരിക്കു ഗമ്യ പ്രാപ്യമാക്കി. അദ്ദേഹം മുറുകെപ്പിടിച്ചു കേറി തെങ്ങിന്മേൽ ആശ്രയം പ്രാ പിക്കുകയും ചെയ്തു.

വഴിയാത്രക്കാരുടെ പ്രധാനസങ്കേതമായിരുന്ന കല്ലൂപ്പാറനാട്ടു ഇള്ള ഇന്നത്തെ മതിലകം തൃക്കണാമതിലകത്തു ചേർന്നതാണ്. മല യാളബ്രാഹ്മണരുടെ യോഗസങ്കേതവും പ്രസിദ്ധപ്പെട്ട ശിവാലയവും ഉ ണ്ടായിരുന്ന അന്നത്തെ തൃക്കണാമതിലകം വാണിരുന്നത് തെക്കേടത്തു, വടക്കേടത്തു എന്ന രണ്ടു നായർവീട്ടുകാരാണ്. ഈ നാടുവാഴികൾ തമ്മിൽ പൂർവസംബന്ധമില്ല; സ്ത്രീകുലമുള്ള ബന്ധുകൃത്യവും ഇരുവഴികൾക്കും ആ ചരിച്ചിരുന്നില്ല. 'ഇരുവഴയിൽ പെരിയവൻ സ്ഥാനത്തിന്നധികാരി' എന്ന പാരമ്പര്യം അനുസരിച്ചു നമ്മുടെ കഥ നടന്നകാലത്തു സ്ഥാനാ രോഹണം ചെയ്തിരുന്നതു തെക്കേടത്തെ ഇട്ടിരവി രാമൻ മൂത്തനായരായി രുന്നു. ഈ മൂപ്പിന്നു രാജാധികാരം കാര്യപ്രാപ്തി കാരണവന്മാരും പാരമ്പ ര്യമാകുന്ന പരദേവതയെ മനസ്സിൽ കുടിയിരുത്തി പൂജിച്ചുവന്നിരുന്ന ഒരു ശാന്തശീലനായിരുന്നു. സന്താനഭാഗ്യവാനായിട്ടായിരുന്നില്ല. സ്ഥാനത്തെ ക രേറ്റ പ്രജ എന്നു പറവാൻ മൂപ്പിലെ മരുമക്കളുടെ മകൾ 'സീതക്കുട്ടി' എന്നു പേരായ ഒരു യുവതി മാത്രമേയുള്ളു. സീതക്കുട്ടി എന്ന പേർ ജാതക ത്തിലും അപൂർവ്വം ചില എഴുത്തുകളിലും കാണാമെന്നല്ലാതെ ആരും വിളി

രൂപമായി സ്വീകരിച്ചിരുന്നില്ല. സ്വന്തനിലയൊക്കെ തനിക്കു താനാവശ്യം താൻ ബ്രാഹ്മണസ്ത്രീയാണ് ഭൂതനായർക്ക് പച്ചസംസ്കൃതമായ 'സീത' എന്ന വാക്ക് ഉച്ചരിക്കുന്നതിനു പഴയ ശീലം അനുവദിക്കാത്തതുകൊണ്ടോ നമ്പൂതിരിമാരിൽ ചിലരുടെ നിർബന്ധത്തെ അനുസരിച്ചോ അത്യുച്ചരിതമായ നാമം മാറി 'കുട്ടി' മാത്രമായി പരിണമിച്ചു. സീതക്കുട്ടിയുടെ സൌന്ദര്യത്തെ ആശ്രയിച്ചു നില്ക്കുന്ന ഗുണം സൌന്ദര്യം ഒന്നു മാത്രമേയുള്ളൂ. മറ്റെല്ലാ ഗുണങ്ങളും ഒരു യുവതിയുടെ വയസ്സെത്രയെന്ന അതിക്രമിച്ചാണ് കഴിയുന്നത്. രൂപലാവണ്യം യുവാക്കന്മാരെയും ബുദ്ധിചാതുര്യം പണ്ഡിതന്മാരെയും കവിവിനോദികളെ വയോധികന്മാരെയും വശീകരിക്കുന്നതു കണ്ടു സന്തോഷിച്ച് ബ്രാഹ്മണാവിവാഹസഭയിൽനിന്നു വിളിപ്പിച്ച സീതക്കുട്ടിക്കു ലഭിച്ച പേരാണ് സുലേഖ. ഈ പേരിന്നർഹയായിത്തീർന്ന നമ്മുടെ നായികയുടെ വാക്ചാതുര്യത്തെ വേർതിരിച്ചു വർണ്ണിക്കുന്ന ചുമതലയിൽ നിന്നു പിൻവലിപ്പാൻ എനിക്കു ശക്തിയുണ്ടെങ്കിൽ ഞാൻ ഈ അവസരത്തിൽ അതിനെ ഉപേക്ഷിക്കുന്നില്ല. സുലേഖ ബാല്യം വിട്ടുതുടങ്ങുടി കാര്യത്തിൽ പ്രവേശിച്ചതുകൊണ്ടു അവൾ ബാല്യത്തിലെ ചൊടി കാര്യത്തിലും കടന്നുകൂടി. കാര്യസംബന്ധമായി ആരെന്തു ചോദിക്കുന്നതിലും സുലേഖ വിമുഖത കാണിച്ചിരുന്നില്ല. ആരും തന്നെയും നോക്കാതെ സംസാരിക്കുന്നതു ലജ്ജയുടെ അഭാവമാണെന്നും ഈ സമ്പ്രദായം യുവതാത്പര്യമായ ഒരു ന്യൂനതയാണെന്നും സുലേഖയെപ്പറ്റി ചില വിമർശകന്മാർ ആക്ഷേപിക്കാതിരുന്നില്ല. സുലേഖയെ ഏറ്റവും ലാക്കിയതായി പറയുന്ന കൊച്ചുരാമൻ ഭൂതനായരുടെ മകനാണ്. ബാല്യം മുതല്ക്കു അമ്മയെ പിരിഞ്ഞ് ഭൂതനായരുടെ ഒന്നിച്ചാണ് താമസം. സുലേഖയും കൊച്ചുരാമനും ഒന്നിച്ചു വളർന്നവരും പ്രായംകൊണ്ടു വലിയ ഭേദമില്ലാത്തവരുമാണ്. സുലേഖയുടെ സൌന്ദര്യലഹരിയായ പല ഗുണങ്ങളും കൊച്ചുരാമനിൽ പ്രതിബിംബിച്ചുവെങ്കിലും മനോധൈര്യം പിൻവലിച്ചാണ് നിന്നിരുന്നത്. നായർവീട്ടിലെ പഴയ നടപടികളിൽ, സുലേഖയെ സംബന്ധിച്ചേടത്തോളം, ചിലതു പരിഷ്കരിപ്പാൻ കൊള്ളാമെന്ന കൊച്ചുരാമന്റെ മനസ്സിൽ അങ്കുരിച്ച മോഹം ഒരു യുവതിയുടെ യൌവനാരംഭത്തിങ്കൽ പടർന്നുപിടിച്ച് അനവധിയാകുന്ന പാലപ്പൂവിനെ ഉപഹസിച്ചു നില്ക്കുന്നു. 'ബ്രാഹ്മണവാക്യം വേദവാക്യം', കാരണപ്പുരുഷൻ വട ബ്രാഹ്മണൻ' എന്നു ഭൂതനായർ സുലേഖയോടു പലപ്പോഴും ഉപ

ദേശിച്ചിരുന്നതുകൊണ്ട് തന്റെ വിചാരം പുറത്തു വെളിപ്പെടുത്താതെ കഴിച്ചു കൂട്ടുവാൻ സുലേഖയ്ക്കും മനസ്സില്ലാതെതന്നെ ദിക്കായി. മകൻ മരുമകളുടെ അഭിപ്രായത്തിന്നു മൂത്ത നായരവർകൾക്കില്ലാതിരുന്നില്ല. പക്ഷെ നമ്പൂതിരിമാർ സുലേഖയെ ഉണ്ണാൻ വന്നാവശ്യപ്പെടുന്ന സ്ഥിതിയ്ക്കും ബ്രാഹ്മണർക്ക് ഹിതമല്ലാത്തതുകൊണ്ടും ദോഷകരമാകുന്നതല്ലെന്നു വിശ്വസിച്ചു സുലേഖയെ യോഗ്യനായ ഒരു ബ്രാഹ്മണന്നു കൊടുക്കേണമെന്നാണ് നായർ സങ്കല്പിച്ചുവെച്ചിരുന്നത്. കാര്യനടപ്പിന്നുവേണ്ടി കൊച്ചുരാമനെ ഒരു കാര്യകാരനായി ഗണിച്ചിരുന്നെങ്കിലും ഉള്ള ഭാവത്തെ അതിക്രമിച്ച് സുലേഖ ആ യുവാവിനോട് ഒന്നും പറകയും പ്രവർത്തിക്കുകയും ചെയ്തിരുന്നില്ല. കണോരശ്രേഷ്ഠന്മാരും പണ്ഡിതരസികന്മാരുമായ മഹീസുരന്മാരുടെ അധീനത്തിൽപ്പെട്ട ഒരു വനിതാരത്നത്തെ വിലമതിച്ചു സ്വാധീനപ്പെടുത്തുവാൻ തക്ക കോപ്പ് തനിക്കില്ലെന്നു വെച്ച് തന്റെ മനോരഥത്തെ പുറത്തുവരുത്താതെ കഴിച്ചുകൂട്ടുവാൻ കൊച്ചുരാമൻ നിശ്ചയിച്ചുതുടങ്ങി.

നമ്പൂതിരിമാരുടെ താല്പര്യം സുലേഖയ്ക്കും മൂത്തനായർക്കും ദിവസംപ്രതി വർദ്ധിച്ചുവന്നു. ബ്രാഹ്മണരോടും ഭേദമില്ലാത്ത നിലക്കാരനായ മൂത്തനായർ ഒരിക്കൽ തിരിച്ചുപ്പെട്ടതിനാൽ അവരുടെ മനസ്താപം തന്നെ ബാധിയ്ക്കുമെന്നു ഭയന്ന് ആ കാര്യം സുലേഖയ്ക്കു വിട്ടുകൊടുക്കുവാനായി മരുമകളെ പൂമുഖത്തേയ്ക്കു വിളിച്ചു.

മൂത്തനായര് — കുട്ടീ! നിന്റെ ജന്മംമുതൽ ഈ സ്ഥാനത്തു ശ്രേയസ്സുകൂടി വന്നതു കണ്ട് എനിയ്ക്കു വളരെ സന്തോഷമുണ്ട്. മഹാബ്രാഹ്മണരിൽ പലരും നിനക്കുവേണ്ടി എന്തുചെയ്യാനും ഒരുങ്ങിയിരിക്കുന്നു. ഹാ! കാലബലം ബ്രാഹ്മണരിലുയരത്തേയും അതിക്രമിച്ചുതുടങ്ങി. പണ്ട് ഒരു നമ്പൂതിരിയെ സംബന്ധക്കാരനാക്കുവാൻ എന്തെല്ലാം പാടുപെടണം! ആദ്യം മാസത്തിൽ ചെന്ന് യോഗത്തിൽ അടിയറവെച്ചു കാണിക്കണം. പെണ്ണിന്റെ തറവാടിന്റെ ആളുകളെ തൊഴില്ലുന്നവിടെ ബോദ്ധ്യപ്പെടുത്തണം. പിന്നെ യോഗത്തിൽനിന്ന് ഒരു നമ്പൂതിരിയെ നിശ്ചയിക്കും. അതുതന്നെ പോരെന്നൊന്നും ചെന്നിട്ടില്ല. അങ്ങിനെ വല്ല ത്രോപകരവും പറഞ്ഞാൽ കഴിഞ്ഞു. ആ പെണ്ണ് ജന്മംമുഴുവനായിട്ടു നശിക്കുക തന്നെ. കഴ ഉണ്ണിനമ്പൂതിരിപ്പാടു പിന്നെ പരിഗ്രഹിക്കുകയും ചെയ്തിരുന്നില്ലെന്നു വരില്ല. നിന്റെ ഭാഗ്യത്തെ ഓർത്തിട്ട്. ഇങ്ങിനെയുള്ള ഒരു ബ്രാ

ങ്ങളെ കിട്ടുവാൻ യോഗം വരാത്ത നമ്മുടെ ഭാഗ്യഹീനതയോ. കൊണ്ടായോഗ്യന്മാരായ പല നമ്പൂതിരിമാരും ഇവിടെ വന്നു പോകു ന്നത് നിനക്കറിയാമല്ലോ. നിനക്കു ബോധിച്ച ഒരാളെ തെരിച്ചിരി ക്കുന്നതിന് ഇനി കാലതാമസം പാടില്ല.

സുലേഖ— ഞാനായിട്ട് കീഴ്നടപ്പിനെ ഭേദപ്പെടുത്തുന്നതു സങ്കടമാണ്. പഴയ സമ്പ്രദായമാണ് നമുക്കു നല്ലത്.

ഈ അവസരത്തിൽ പൂർവ്വബന്ധത്തിന്റെ കിളിവാതുക്കൽ ഒരാൾ മാ റിയതുപോലെ സുലേഖയ്ക്കു തോന്നി. കണ്ണുകൂടി സൂക്ഷിച്ചുനോക്കി. ആ രെയും കാണുന്നില്ല. ശ്രീനായർ ഈ കാര്യംതന്നെ മറന്നതില്ല.

'നമ്പൂതിരിമാരുടെ യോഗ്യതയും അയോഗ്യതയും തീർച്ചപ്പെടു ത്തുവാൻ നമുക്കധികാരമില്ല. ഇതിൽ ഒരു വൈഷമ്യം വന്നു ചേരുവാനും എളുപ്പമുണ്ട്. എന്റെ ഇഷ്ടംപോലെ ഒരാളെ തിരഞ്ഞെടുക്കുന്നു എന്നു വി ചാരിക്കുക. അദ്ദേഹത്തിനെക്കാൾ ആഭിജാത്യവും അറിവും ഉള്ളവരായ ന മ്പൂതിരിമാരുണ്ടെന്നുവന്നാൽ നമ്മുടെ നിശ്ചയം ശരിയായില്ലെന്നു വരും. അവർ തമ്മിൽ വിരോധത്തിനും ഇല്ലാത്ത് അപഖ്യാതിക്കും കാരണ മാകും. നാം ബ്രാഹ്മണരുടെയിടയിൽ നിന്ദിപ്പെടേണ്ടിവന്നാൽ യോഗ മാത്തിൽ അറിവുകിട്ടിയാൽ പിന്നെ നമ്മുടെ കഥ എന്തായിനാ കഷ്ടമി ല്ലന്നെനിക്കുറപ്പാൻ വയ്യ. അതുകൊണ്ട് ഇതിൽനിന്നു നാം പിൻ വലിക്കുന്നതാണ് നല്ലത്.

ശ്രീ. നാ— 'എന്റെ കുട്ടീ! ഞാൻ അത്ര വിചാരിച്ചില്ല. ബ്രാഹ്മണ രുടെയിടയിൽ നിന്ദിപ്പാൻ ഒന്നുമില്ല വയ്യ. ഞാൻ അമ്പലവാസി വല്ല കുറവുകളും പറഞ്ഞിട്ടുണ്ടോ ഇതുവരെ?' എന്നു പറഞ്ഞ് ആ വൃദ്ധൻ വായും പൊളിച്ച് മേല്പോട്ടു നോക്കി കുറെ നേരം ഇരു ന്നു. 'ഇല്ല, ബ്രാഹ്മണരാരും എനിക്കു ഇതുവരെ കുട്ടിയുടെ ഇഷ്ടം എന്തിനു സമ്മതമെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ.'

സുലേഖ— എന്നാൽ അങ്ങനെയൊന്നുമില്ല. പണ്ടത്തെ അമ്മമാരുടെ ഹിതം പോലെ ചെയ്യുന്നതാണ് എനിക്കു മോഹം.

ശ്രീ. നാ— മതം അപ്പോഴുണ്ടുതന്നെ. ഞാനൊന്നിനും ഇല്ല. എന്റെ പര ദേവതേ! ഞാൻ നന്നേ പരിഭ്രമിച്ചു. ഇനി ദുർഘടങ്ങളൊന്നും കൂടാ തെ വേണ്ടതൊക്കെ ആലോചിച്ചു കുട്ടിയുടെ ഇഷ്ടം എന്തോ പറ

ഞ്ഞാൽ ഞാനതു സമ്മതിച്ചേയ്ക്കാം. അതുവരെ ഞാനാരോടും ഈ സംഗതി ഇനി മിണ്ടിപ്പോയിയെന്നുവരില്ല. കുട്ടി പൊയ്ക്കോളൂ.

സുലേഖ വിചാരിച്ചതിലധികം എളുപ്പത്തിൽ താൻ ഉദ്ദേശിച്ച വഴിയ്ക്കു നായർ തിരിഞ്ഞതു കണ്ടു കൃതാർത്ഥയായി മുറ്റത്തിറങ്ങി. മംഗലത്തു നമ്പൂതിരി പടി കടന്നു വരുന്നതു കണ്ടു. ഉപചാരത്തിന് ഉമ്മറത്ത് അമ്മമാർ ഉണ്ടല്ലോ എന്നു കരുതി വളപ്പിലേയ്ക്കു തിരിച്ചു.

'ഇല്ല- സുലേഖ എന്നെ കണ്ടിരിയ്ക്കില്ല. എന്താണ് പോയത്, എന്തോ മുഷിഞ്ഞിരിയ്ക്കും? അതല്ല. പല കുറിയും ഞാൻ പലതും അവളോടു പറഞ്ഞിട്ടുണ്ട്. അതിനൊന്നും മറുപടി കേൾപ്പിച്ചിട്ടില്ല. മൂത്തനായരുടെ സമ്മതം വാങ്ങാൻ ലജ്ജിച്ചു താമസിപ്പാൻ എന്റെ കാര്യമല്ലെന്നും അതിന് ഇപ്പോഴത്തെ തരമാണെന്നും അവൾ എന്നെ മനസ്സിലാക്കിയ പോലെയാണ് ഇപ്പോൾ പോയത്.' ഇതിനെ മനോരാജ്യം വിചാരിച്ചുകൊണ്ടു മംഗലത്തു നമ്പൂതിരി പൂമുഖത്തു ചെന്നു കേറി. അടുത്തു കണ്ടപ്പോഴേ നായർക്ക് ആളെ മനസ്സിലായുള്ളൂ. നായർ പടിഞ്ഞാറ്റിനിന്നു ചാക്കി! കോലി! എന്നു ഭൃത്യപ്പെട്ടവരെ വിളിച്ചു. പുൽപ്പായ ചാരുപടിയിൽ നീർത്തി വിരിച്ചു. 'വേണ്ട. എനിയ്ക്ക് വെള്ളം വേണ്ട. സന്ധ്യ കഴിഞ്ഞുവല്ലോ? ഇത് ഒരു നികന്ന സ്ഥലമാകകൊണ്ട് വെള്ളത്തിന്റെ ദാഹം അത്ര ബാധിച്ചിട്ടില്ല.' എന്നു പറഞ്ഞ് നമ്പൂതിരി പുൽപ്പായിൽ ഇരുന്നു.

മൂത്തനായർ— ഇവിടുന്ന് പുരക്കുളങ്ങര ഇടയ്ക്കിടെ എഴുന്നള്ളുന്നതു കണ്ട് അടിയന്ന് വളരെ സന്തോഷമുണ്ട്.

മം. ന— ഞാൻ മാത്രമല്ല, പല നമ്പൂതിരിമാരും ഇയ്യിടെ ഇവിടെ വരാറില്ലേ?

മൂ. നാ— ഉവ്വ്. ബ്രാഹ്മണരോടും അടിയന്ന് ഭേദമില്ല. എങ്കിലും ഈ ചെറുപ്പത്തിലിട്ട് ഇത്ര യോഗ്യത സമ്പാദിച്ചിട്ടു മറ്റത്തിൽ ആരുമില്ലെന്ന് ഇവിടത്തെപ്പറ്റി ആ നമ്പൂതിരിമാർ തന്നെ പറയാറുണ്ട്.

മം. ന— ഓ. ചിലതൊക്കെ പഠിച്ചിട്ടില്ലെന്നില്ല. ക്ലേശമോട് ഉത്സാഹ പറയാമോ. പഠിപ്പാനുള്ള എന്റെ ഉത്സാഹമൊക്കെ ക്ഷയിച്ചു.

മൂ. നാ— അയ്യോ! വിശേഷിച്ചു ശീലായ്മ ഒന്നും ഇല്ലല്ലോ.

മം. ന— വിശേഷിച്ചൊന്നുമില്ല. ഔദാസീന്യം തന്നെ. എന്നാൽ ക്ലേശം ഇതിൽ കാര്യമായ ചലിപ്പുന്നില്ല.

ശ്രീ. നാ— എന്റെ പരമേശ്വരാ! അടിയനോ? ഇവിടത്തെ ഇക്കാലാണ് സത്യം, അടിയൻ ഒന്നും അറിഞ്ഞിട്ടില്ല.

ക. നാ— എന്തേ! കലശലു കൂട്ടുന്നത്. ശ്രീപ്പിന്ന വിചാരിച്ചാൽ എന്റെ മനസ്സിന്റെ ശല്യം തീർക്കുവാൻ കാര്യമെന്നു മാത്രമാണ് ഞാൻ പറഞ്ഞതിന്നു താല്പര്യം.

ശ്രീ. നാ— അയ്യോ! അടിയൻ വല്ലാതെ അമ്പരന്നു. അറിയാതെ വല്ലതും പറഞ്ഞുപോയതോ എന്നു വ്യസനിച്ചു. ഇനി അടിയനോടു ഒരു വേണ്ടതു കല്പിച്ചു കേൾക്കണം.

ക. നാ— ഒരു സാധുവിന്റെ നിലയിൽ ഇവിടെ വന്നു പോകുന്നതിന്നു ശ്രീപ്പിന്ന് എന്തോ ആലോചിക്കണം.

സംഭാഷണം ഈ നിലയിൽ എത്തിയപ്പോൾ മാത്രമേ അവൻ തങ്ങളെ സംബന്ധിച്ച കാര്യമാണെന്നു ശ്രീധര നായർക്കു മനസ്സിലായുള്ളു. സുലോചനയുമായി കഴിഞ്ഞ സംഭാഷണവും ഉടനെ ഓർമ്മ വന്നു. സുലോചന ചൂണ്ടിക്കാണിച്ച ദുശ്ശകുനങ്ങളൊക്കെ ഇതിന്റെ ആയിരിക്കുമോ എന്നു വിചാരിച്ചുപോയി. മക്കളുടെ മഹത്വത്തെ കരുതി പോകുന്ന ശ്രേയസ്സിനോടും ഒട്ടും സന്തോഷത്തോടുകൂടി 'അടിയങ്ങളുടെ ഭാഗത്തിൽ തിരുമനസ്സുണ്ടായതാണെ ഭാഗ്യം. അടിയന്റെ പൂർണ്ണസമ്മതം. അടിയൻ ഈ സംഗതി ഇപ്പോൾ തന്നെ അവളെ അറിയിക്കാം. എന്നിട്ട് എഴുന്നള്ളിയാൽ പോരെ?

ക. നാ— പോകാൻ തിരക്കില്ല. സുലോചനയെ ഞാൻ തന്നെ അറിയിച്ചു നന്നായിരിക്കും അധികം ശരി.

ശ്രീ. നാ— ഈ കാര്യത്തിൽ അടിയനു വിശ്വാസമുണ്ടെന്നു കൂടി അവളെ അറിയിക്കണം.

ശ്രീധര നായരുടെ അനുമതി കിട്ടി സന്തോഷിച്ചു നമ്പൂതിരി സുലോചനയുടെ മുറിയ്ക്കകത്തു പ്രവേശിച്ചു. സുലോചന മടങ്ങി വന്നിട്ടില്ലെന്നുകണ്ട് വരവും കാത്തിരിപ്പായി.

ഇനി മഠത്തിലേക്കു തിരിച്ചു സുലോചനയെപ്പറ്റി അന്വേഷിക്കാം. ശാലയത്തു നമ്പൂതിരിയുടെ വരവു കണ്ടപ്പോൾ സുലോചനയുടെ മനസ്സ് ഉഴിഞ്ഞാലുപോലെ ആടുവാൻ തുടങ്ങി. മനോരാജ്യത്തിൽ മുഴുകി. ഇങ്ങ് നന്നത്തിന്റെ ആകൃതിയിലും പ്രകൃതിയിലും അത്രമാത്രം കുറവ് പറയുകയില്ല. അ തിരുമേനിമാർ. വിശിഷ്ടനായ ഒരു ബ്രാഹ്മണൻ. ഈ അല്പപ്രാണിയെ

മോഹിച്ച് ഏറ്റവും കഠിനമായി നടക്കുന്നു. മുഖം കുനിച്ച പറയുവാൻ ഇദ്ദേഹ
ത്തോട് മാത്രം എനിക്കു ധൈര്യം വരുന്നില്ല. തൽക്കാലത്തെ നിക്ക
ളിപ്പോഴെങ്കിലും ഞാൻ പറഞ്ഞതെല്ലാം പരമാർത്ഥമാണെന്നാണ് ഇദ്ദേ
ഹം കരുതുന്നത്. ഇതിനൊക്കെ യോഗ്യന്മാരെ കണ്ടുപിടിക്കുന്നതിൽ
കുറിതം തോന്നുന്നു. പക്ഷെ എന്റെ മനസ്സ് എനിക്കു സ്വാധീന
പ്പെടാത്തതിന്ന ഞാനെന്തു ചെയ്യും! ഇന്ന് ഞാനെന്തു പറഞ്ഞ് ഇ
ദ്ദേഹത്തെ മടക്കി അയയ്ക്കുന്നു! എന്നാൽ സമ്മതിക്കുന്നതോ എന്നാണെ
ങ്കിൽ ആ സാധുവിനെ ഞാനെന്തിന്നു ചതിക്കണം? അമ്മാമൻ അവിടെ
ല്ലായിരുന്നുവെങ്കിൽ ഇവരുടെ സംസ്ഥാനകാര്യത്തിനൊന്നും ഇടവരില്ലായിരുന്നു.
അതൊക്കെ പറഞ്ഞതെല്ലാം ശരി. എന്റെ കൊച്ചുരാമനൊഴിച്ച മറ്റൊരാളെ
മനസ്സിലിരുത്തുക എന്നുള്ളത് ഈ ജന്മത്തിൽ ഉണ്ടാകാത്ത കാര്യമാണ്.
അമ്മാമനും ഞാനും തമ്മിൽ പറഞ്ഞതെല്ലാം കിളിവാതിലുകൾ വഴിക്കു
നിന്ന കേട്ടിരുന്നുവെന്ന് അദ്ദേഹം ഓർത്തിരുന്നില്ല. കീഴടക്കിയാലും ഒരു
പ്പെടുത്താവുന്നതും ഞാൻ പറഞ്ഞതു കേട്ട പരിഭവിച്ചിട്ടാണ് അദ്ദേഹം മാ
റിയത് എന്ന തോന്നുന്നു. കഷ്ടമില്ലാത്ത വല്ല സമാധാനവും കൊച്ചുരാ
മൻ— ദേവി! അതിന്ന സംഗതി വരുത്തണേ! എന്ന പ്രാർത്ഥിച്ച സമ
യം സുലേഖ ഉദ്യാനത്തിന്റെ പൂമുഖമാളികയിൽ, കയറു കയ്യിൽ
പിടിച്ച നാലമ്പലത്തിൽ മേൽപ്പോട്ടു നോക്കി ഒരാൾ നില്ക്കുന്നതു കണ്ടു.
സുലേഖയുടെ ഉള്ളിലൊന്ന കത്തി. ഒന്നും ചെയ്യാനൊക്കാതെ അവി
ടെ മാറി നിന്നു. അല്പസമയത്തിന്നുള്ളിൽ കൊച്ചുരാമന്റെ കയ്യിൽ
നിന്ന കയറു താഴത്തു വീഴുന്നതും ആ കൈകൊണ്ടു കണ്ണു തുടയ്ക്കുന്നതും
സുലേഖ കണ്ടു. 'പക്ഷെ സുലേഖ മറ്റൊരു പുരുഷനൊന്നിച്ചിരിക്കുന്ന
തു കാണുവാൻ എനിക്കു ധൈര്യമില്ല. ആത്മഹത്യ ചെയ്ത പാപം സ
മ്പാദിക്കുന്നതിൽ ഭേദം തീർത്ഥയാത്രകൊണ്ടു പുണ്യം നേടുകയാണ്' എ
ന്ന തന്നെത്താൻ പറഞ്ഞ് നാലമ്പലത്തിന്റെ മുകളിൽനിന്ന് ഒരു ഭാണ്ഡ
വും എടുത്ത് കൊച്ചുരാമൻ സുലേഖ നില്ക്കുന്ന വഴിക്കൽ കൂടി പുറത്തേ
ക്കു കടന്നു. 'ഞാൻ ഒന്നിച്ച പോകാം ഭാണ്ഡം ഇപ്പോൾ ഇങ്ങോട്ട് ത
രു' എന്ന സുലേഖ പറയുകയും ഭാണ്ഡത്തിന്മേൽ പിടികൂടുകയും ചെയ്ത
പ്പോഴാണ് വിചാരസാഗരത്തിൽ മുങ്ങിയ കൊച്ചുരാമൻ തലപൊക്കിയത്.

സുലേഖ— കാശിക്കും രാമേശ്വരത്തേക്കും എന്നുകൂടി പറഞ്ഞിരുന്നുവെ
ങ്കിൽ കാര്യം ഞാൻ വിചാരിച്ച മാതിരി കലാശിച്ചാൽ അങ്ങ്

ന്റെമേൽ അനുരാഗമുണ്ടെങ്കിലും കൂട്ടിക്കൊണ്ടുവരാനായിരുന്നു. അതു മന സ്സിലാക്കാത്തതുകൊണ്ട് ഇപ്രകാരം ചോദിച്ചു.

കൊച്ചു— ഞാൻ ഗംഗാസ്നാനത്തിനു പുറപ്പെട്ടിരിക്കുന്നു. എന്താ ക ഷ്ടമത്.

സുലേഖ— കാശിക്കു പോകാൻ തീർച്ചപ്പെടുത്തി കാലടി മുന്നോട്ടു വെ ച്ചാൽ പാതി പുണ്യം കിട്ടി. തൽക്കാലം അതു മതി. വേണമെങ്കിൽ നമുക്കൊന്നിച്ചു പോകാം.

കൊച്ചു— ഞാനൊരു ഭിക്ഷുവിനെപ്പോലെ ഇവിടെ ഇരുന്നിട്ട് സുലേഖയ്ക്ക് എന്തൊരു കാര്യമാണുള്ളത്?

സുലേഖ— അങ്ങിനെ ഇരിക്കുന്നതെന്തിനാണ് ചോദ്യം? ഇന്നാളും ഇരുന്ന തുപോലെ ഇരുന്നാൽ മതി.

കൊച്ചു— അതിന് എന്റെ മനസ്സു സമ്മതിക്കുന്നില്ല.

സുലേഖ— മനസ്സുപോലെ മാത്രം പ്രവർത്തിക്കുകയാണെങ്കിൽ നമ്മുടെ നിലയിപ്പോളിതായിരിക്കുന്നത് അപ്പോഴേ തന്നെ മാറിപ്പോകുമല്ലോ?

കൊച്ചു— ഈ നിലയിൽ ഞാനിവിടെ താമസിച്ചാൽ സുലേഖയ്ക്കു വല്ല ദോഷവും വന്നു പോകും.

സുലേഖ— ഓ! ക്ഷേത്രമാണെന്നുള്ള കാര്യം മറന്നുപോയി. നമുക്ക് അക ത്തേക്കു പോകാം.

മംഗലത്തു നമ്പൂതിരിയുടെ പ്രവേശം മുതൽക്കേ കൊച്ചുരാമ ന്റെ മനസ്സിന് അസ്വാസ്ഥ്യം അധികമായിട്ടുണ്ടായിരുന്നത് എന്നു സു ലേഖ ധരിച്ചിട്ടുണ്ട്. നമ്പൂതിരി തൽസമയം അവിടെ ഉണ്ടെന്നറി ഞ്ഞാൽ കൊച്ചുരാമൻ രണ്ടാമതും വല്ല സാഹസവും പ്രവർത്തിക്കുമെന്നു ഭയപ്പെട്ട് സുലേഖ കൊച്ചുരാമന്റെ കൂടിയിലേക്കാണ് പോയത്. അ പ്പോഴേക്കും കുഞ്ഞനായർ 'കൊച്ചുരാമ' എന്നു വിളിക്കുന്നതു കേട്ടു. സുലേഖ കൊച്ചുരാമന്റെ അടുത്തു ചെന്നു. ഗീതാവലിയിലെന്നപോലെ കേട്ട വീരപുരുഷന്മാരുടെ ചിത്രകാരിത്വത്തെ കണ്ടിരിക്കുന്നവൻ പുസ്തകമു ണ്ടു പുറപ്പെടുന്ന കാണാക്കള്ളന്റെ ഭാവിപ്പിൽപ്പെട്ട കണ്ടുനായരെ തൽക്കാലംകൊണ്ടാണിനായി സൂക്ഷിച്ചുവെച്ചിരിക്കുന്ന തന്റെ സിംഹാസ ധ്വനന്യുടത്ത സാകാര്യമെന്നുള്ള ധ്യാനത്തിൽ കൊച്ചുരാമന്റെ മുഖത്ത് ചില പ്രത്യേകസ്ഥാനങ്ങളിലങ്ങിനെ നോക്കി 'എന്നെ തെറിയടിക്കു ന്നതു കഷ്ടമാണ്. സാഹസമൊന്നും ചെയ്യരുതേ' എന്നു പറഞ്ഞു കണ്ണ്

വരണം ചെയ്തിരുന്ന തന്റെ [illegible]കളെ വിട്ടത്തി സ്വലേഖ തൽ
കാലമോരോന്നു പോക്കി.

ഭർത്താവായ അമാവാസിയോടും മാത്രിൽ വെച്ചു കഴിച്ചുവരുന്ന
സ്ത്രീയുടെ പകപ്പു അതുവരെ എന്താണെന്നതിന്റെ കാരണം അന്വേഷി
പ്പാനും മറ്റു കാര്യങ്ങൾക്കും എത്തിച്ചു കൊണ്ടുവരുന്നതിനും വേണ്ടി
കൊച്ചുരാമനാരായണപ്പിള്ള [illegible] കൂടി സ്വലേ
ഖ തന്റെ പടിപ്പുകയ്യിൽ പ്രവേശിച്ചു. [illegible]
മംഗലത്തു നമ്പൂതിരിയുടെ ഉള്ളു തണുത്തു. 'എന്താണിട്ട് അധികം നേരമായി
ല്ലല്ലോ' എന്നു സ്വലേഖ ചോദിച്ചു.

മംഗലത്തു നമ്പൂതിരി—അത്ര അധികമൊന്നും ചെലവായില്ല. ഒരു യുഗം
പോലെ തോന്നി ഉള്ളു.

സ്വലേഖ—ഇവിടെനിന്നു അസംബന്ധം പറയുന്നത്. മനോരാജ്യം വി
ചാരിക്കയാണോ?

മ. നമ്പൂതിരി—ഞാൻ പറഞ്ഞാൽ സന്തോഷമാവില്ലെന്ന് സ്വലേഖ
യ്ക്കു [illegible] പക്ഷം പലതും മനോരാജ്യം വിചാരിപ്പാനല്ലേ
നമുക്കുള്ളൂ?

സ്വലേഖ—(പൊട്ടിച്ചിരിച്ചു [illegible] അടക്കീട്ട്) ഫലിതം പറ
ഞ്ഞുകൊണ്ടു നമ്പൂതിരിമാർക്ക് ഇത് സാധാരണമാണെങ്കിലും ഇവിടെ
ക്ക് വിശേഷവിധിയുംകൂടി ഉണ്ട്.

മ. നമ്പൂതിരി—സ്വലേഖ എന്നെ പരിഹസിക്കയാണെങ്കിൽ എനിക്ക്
പരിഭവമില്ല. പൊളിപറയുന്നതു കഷ്ടമാണ്.

സ്വലേഖ—പരിഹാസമോ? അടിയനതു പതിവില്ല. വിശേഷിച്ച് ബ്രാ
ഹ്മണരോടൊട്ടുമില്ല. വാസ്തവത്തെ മറച്ചുവെച്ചു മറ്റൊന്നു പറയുന്ന
താണ് 'പൊളി' എന്നിൽ [illegible]
ല്ലോ.

മ. നമ്പൂതിരി—അങ്ങിനെയല്ല. അക്ഷരലക്ഷം ഉതകഴിച്ചാൽ ഫലിക്കാ
ത്ത മന്ത്രമില്ല. ബ്രാഹ്മണരായാൽ മന്ത്രം വേണ്ടതാണ്. ഒരാ
ന്നായ മന്ത്രം ലക്ഷോപലക്ഷം പ്രാവശ്യം ജപിച്ചിട്ട് ഫലിതമുണ്ടാ
യിട്ടില്ലെന്ന് സ്വലേഖക്കറിയാമോ [illegible].

സ്വലേഖ—അടിയനൊഴികെ അറിയും. ഉണ്ടെന്ന് ഇവിടുന്നു സിദ്ധാ
ന്തിക്കുന്ന പക്ഷം, ഫലിതം കാണാത്തതു മന്ത്രം പിഴച്ചിട്ടോ മന
സ്സിന്റെ [illegible] അയയ്ക്കുന്നു.

മ. നമ്പൂതിരി— അന്യായം പറയരുത്. അനുമതി കൂടാതെയാണ് ഞാൻ മന്ത്രിക്കുന്നത്.

സുലേഖ— എന്നാൽ ഫലിതം കാണണം.

മ. നമ്പൂതിരി— എപ്പോഴാണ്?

സുലേഖ— അതടിയനറിഞ്ഞു കൂടാ.

മ. നമ്പൂതിരി— അങ്ങിനെ പറയരുത്. സുലേഖയുടെ തിരുവായ്ക്ക് ഒരു മറുപടി കിട്ടുവാനാണ് ഞാനിന്നു വന്നത്.

സുലേഖ— ഇവിടുന്നു നേരമ്പോക്കുകളിലല്ലാതെ ഇടത്തോട്ടാലോചനയില്ല. നേരം പോയിരിയ്ക്കുന്നു; അടിയനു നിൽക്കാനും തരമില്ല.

മ. നമ്പൂതിരി— ഞാൻ പറയുന്നതൊന്നും നേരമ്പോക്കല്ല, പരമാർത്ഥമാണ്. എന്റെ ഉള്ളു പറയുകയാണെങ്കിൽ ഒരു സന്താപത്തിനുള്ളതാണ്. വല്ലതും വരുത്തിവെയ്ക്കുമെന്നു ഭയമുണ്ട്. പതിവുപടിയുള്ള രസികത്വം കേട്ടാസ്വദിക്കുന്നതിനു ഞാൻ തീരെ ശക്തനല്ലാതായി. സുലേഖ കണ്ടാലോചിക്കു. അനേകം ബ്രാഹ്മണർ വേദവാക്യം പിന്തുടരുന്നവർ; ഒരു ചെറുപ്പക്കാരൻ നമ്പൂതിരി. സുലേഖ ഒരു ശൂദ്രസ്ത്രീ; പണ്ടുള്ളവരുടെ ബ്രാഹ്മണാധിപത്യവും കയ്യേറ്റവും ഒരു വലിയ അംശത്തിൽ ചേർന്നിരിക്കുന്നു. മാതാപിതാക്കന്മാരുടെ കീഴ്നടപ്പിനെ വിരോധിച്ചുകൊണ്ട് ഈ ശുദ്ധകാര്യത്തിനുവേണ്ടി മുത്തച്ഛന്റെ സമ്മതവും വാങ്ങി (ഇതു കേട്ടപ്പോൾ സുലേഖ ഒന്നു നടുങ്ങി.) ഇനി സുലേഖ സമ്മതിച്ചാൽ ഞാൻ ജീവിക്കും. പല കുറി എന്നാൽ കഴിയുന്നവിധം പലതും പറഞ്ഞു നോക്കി. ഇനിയും എന്നെ ഉപേക്ഷിക്കുവാനാണു ഭാവമെങ്കിൽ എന്റെ സുലേഖേ ഞാനില്ല കുടിച്ചു ചാവട്ടെ! എന്നു പറഞ്ഞു നമ്പൂതിരി കൈകൂപ്പി. സുലേഖയുടെ കാഴ്ചെലക്കണ്ണു ചാരന്നു. 'അരുതരുതങ്ങനെ! സാഹസം പ്രവൃത്തിക്കരുത്. അടിയന്റെ ചാപല്യംകൊണ്ടു വല്ലതും പറഞ്ഞുപോയിട്ടുണ്ടെങ്കിൽ അത് അവിടുന്നു ക്ഷമിക്കണം. അടിയൻ ഇന്നുമുതൽ അവിടെക്കധീനയാണ്. അടിയന്റെ കാര്യത്തിന് അടിയനെ അധോഗതിയാക്കരുത്.' എന്ന് സുലേഖ സന്തോഷത്തോടുകൂടി ഇങ്ങനെ അപേക്ഷിച്ചപ്പോൾ ആ ബ്രാഹ്മണകുമാരൻ ഉദ്ദേശിച്ചതിൽനിന്നു പിൻവലിച്ചു.

വാസ്തവചിന്തയ്ക്കതിനെ സ്വീകരിക്കുന്ന ബ്രാഹ്മണകുമാരന്റെ ദേഹത്തു പ്രസാദവും തൽക്കാലത്തിനുതകിയതായി അവരവർ നൽകിയ

സുലേഖയുടെ മുഖത്തു മാലിന്യവും വന്ന കൂട്ടനാതിനെ അന്വേഷിപ്പാനും ശ്ര ദ്ധിക്കാതെ ഇതുവരെ ഒന്നും [illegible] കഴിഞ്ഞു. ഈ അവസരത്തിൽ ഒരു ദാസി മുറിയുടെ വാതുക്കൽ വന്ന [illegible] കൊണ്ടുവന്നിട്ടുണ്ടെന്നു പറഞ്ഞു. ഇതുകേട്ട് സുലേഖ നമ്പൂതിരിയെ [illegible] പോകുന്നു [illegible] ഭാവത്തിൽ നിന്നു. 'എന്നാൽ നമുക്ക പിരിയുക. രാത്രി കാണാം' എന്നു പറഞ്ഞു നമ്പൂതിരി പുറത്തേക്ക കടന്നു. സുലേഖ [illegible] പുറത്തുവരെ നമ്പൂതിരിയെ അനുഗമിച്ചു. സുലേഖ പോയത് അടുക്കളയിലേക്കു. കൊച്ചുരാമർ അവിടെ [illegible]. ഈ സംഭവങ്ങളൊന്നും കൊച്ചുരാമനറിഞ്ഞിട്ടില്ലെന്ന ഭാവം കണ്ടു മനസ്സിലാക്കി 'ഊണുകഴിഞ്ഞുവോ?' എന്ന് ചോദിച്ചു.

കൊച്ചുരാമർ— ഇല്ല. ഞാൻ ഇതാ വന്നു. അതേ ഉള്ളു.

സുലേഖ— ഇതു താമസം കണ്ടപ്പോൾ അന്വേഷിപ്പാൻ [illegible] ഒരു [illegible] എന്നു സംശയിച്ചു എന്താ പുളിച്ചതോ മറ്റോ? വിളിച്ചുവെച്ചം കേട്ടപ്പോൾ [illegible].

കൊ. രാ— ഉണ്ടതോ ഇപ്പോഴത്തെ, എന്നൊക്കെയാണപ്പോൾ സുലേഖയുടെ പുളിപ്പും കണ്ണും ചുവപ്പും തോന്നുന്നതിനിടയ്ക്ക് [illegible] മധുരം തോന്നാത്തതാണ കഷ്ടം!

'അതെ നമുക്ക് ഊണു കഴിയ്ക്കാം' എന്നു സുലേഖ മറുപടി പറഞ്ഞു രണ്ടുപേരും അടുക്കളയിലേയ്ക്കു കടന്നു

കാലപരിണാമംകൊണ്ട് നിത്യകർമ്മാദികൾക്ക് വൈകല്യം വരുവാനിടയുണ്ടെന്നുകണ്ട് യോഗമാത്രിലെ ബ്രാഹ്മണശ്രേഷ്ഠന്മാർ നിത്യകർമ്മങ്ങൾക്ക് പ്രത്യേകം നിഷ്കർഷ ചെയ്തിട്ടുള്ള കാലമായിരുന്നു. നമ്പൂതിരിമാരിലാരെങ്കിലും തക്കസമയത്ത് സന്ധ്യാവന്ദനം ചെയ്തിട്ടില്ലെന്നറിവു കിട്ടിയാൽ അവരെ സഭയിൽവിളിച്ചു ചോദ്ദി പ്രായശ്ചിത്തം കഴിക്കേണ്ടതിൽ [illegible]. ശിഷ്യൻ ഉണർന്നു നിത്യകർമ്മം ചെയ്യേണമെന്നാണ് നിശ്ചയം. സ്വധർമ്മപരിപാലനംകൊണ്ട് ഇതരവർണ്ണങ്ങളുടെ ആചാരനടപടികളെ നിലനിർത്തേണ്ടതാണെന്നും ജാത്യാഭിമാനം [illegible] മറ്റു വർഗ്ഗക്കാരുടെ സ്വാതന്ത്ര്യത്തെ അനുവദിക്കപ്പെടുത്തുന്നത് [illegible] വിചാരിക്കേണ്ടതാണെന്നും സിദ്ധാന്തിച്ചിട്ടുള്ള ബ്രാഹ്മണസമുദായത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരംശമാണ് മംഗല

ത്ത് നമ്പൂതിരി. അദ്ദേഹം സുലോചനയോടു യാത്രപറഞ്ഞ് പുറത്തു വന്ന പ്പോഴും തന്റെ ഇതുവരെ പുറത്തുകാണാത്ത സൂര്യദേവൻ ചരമഗിരിനി തംബത്തിങ്കൽ പ്രത്യക്ഷനായി വേശ്യാവൃത്തിയെ സ്മരിച്ച് വൈദികവൃത്തി യെ വിസ്മരിച്ചതിനെ ബോധിപ്പിപ്പാൻ താൻ സാക്ഷിയാണെന്നു നമ്പൂതിരി യോടു പറവാനാണോ എന്നു തോന്നും. കാന്തിൽ ചെന്നു സന്ധ്യാവന്ദ നം കഴിപ്പാൻ തന്റെ സമയം പോയതിനെ കണ്ട് പശ്ചാത്തപിച്ചും കർമ്മ ത്തിനെ നേരിട്ടും വരുവാനുള്ള കാരണം സഭയിൽ പരസ്യമായിപ്പ റവാൻ ലജ്ജിച്ചും മംഗലത്തു നമ്പൂതിരി കടത്തുകടന്നു പൂത്തേടത്തില്ലേ ള്ള തന്റെ ഇല്ലത്തേയ്ക്കു പോയി.

സുലോചന ഭക്ഷണം കഴിച്ചുംകൊണ്ട് പൂമുഖത്തു ചെന്നപ്പോൾ കട ത്തുകാരൻ കണ്ണൻ മൂത്തനായരുടെ മുമ്പിൽ തൊഴുതുംകൊണ്ടു നില്ക്കുന്ന തു കണ്ടു.

സുലോചന— കണ്ണ! വെള്ളപ്പൊക്കം കുറെ അധികമായെന്നുണ്ടോ?

കണ്ണൻ— പൊന്നുതമ്പുരാട്ടീ! ആ കാര്യം പറയേണ്ട. മിക്കതുംപോലെ വെള്ളത്തിൽ കളിക്കുന്ന നമ്പൂതിരിക്കുട്ടികളുമായിട്ടാണ് ഈ വെള്ളപ്പൊക്കത്തിൽ അകപ്പെട്ടുപോയത്. വള്ളം മറിഞ്ഞു തോണിയിൽ പിടിച്ചുകൂടിയ ഒരു കൊച്ചുതമ്പുരാനെ കരയ്ക്കിറക്കീട്ട് അടിയൻ ഇപ്പോൾ വിടകൊണ്ടതു മുതൽ വല്ലതും കഴിച്ചിട്ടില്ല.

സുലോചന— അങ്ങിനെ വരുന്നതു ശരി. കടത്തു കടത്തുന്നതിൽ ക ണ്ണൻ പ്രത്യേകം മനസ്സിരുത്തണം.

കണ്ണൻ— താമസമെന്യേ തോണികൊണ്ടുവന്നിട്ടാണ് ഇപ്പോൾ എഴുന്നള്ളിയ തമ്പു രാനെ പുത്തേടത്തില്ലേക്കാൻ പോയിട്ടുള്ളത്.

തൽസമയത്തു കണ്ണൻ വഴി കഴിഞ്ഞു നില്ക്കുന്നതും കൊച്ചി ന്ത്യയാമിയായ ചെപ്രത്തു നമ്പൂതിരി തന്നെത്തെളിച്ചു നേരിട്ടു വരുന്ന തും കണ്ടു. സുലോചന അകത്തേയ്ക്കുപോയി ഒരു കോടിമുണ്ട് എടുത്തു പു തെച്ചു വച്ചുകൊടുത്ത് അവിടെത്തന്നെ മറഞ്ഞുനിന്നു.

ചെപ്രം— ശ്ശിപ്പിന്നീ കൊറച്ചൂന്ന വിളിച്ചിട്ടും പിന്നത്തെ മനോമാദ്യ ത്തിൽ വഴി മറിഞ്ഞുപോയതെന്നായി സംശയം. കുളിച്ചുണ്ണായി ന്ന തോന്നിക്കം കരയായി.

മൂത്തനായർ— ഈ വർഷമാനത്തന്നെയാണ് ഇവിടെ വിടകൊണ്ട

ഇതാണത്" എന്നു പറഞ്ഞ് മുണ്ടെടുത്തു മുമ്പിലുവെച്ചു. നമ്പൂതിരി
മുണ്ടെടുത്തിട്ട് "മംഗലം പോരായോ", എന്നു ചോദിച്ചു.

മൂത്തനായർ—അവിടുന്ന് ഇപ്പോഴത്തന്നെ എഴുന്നള്ളിയേ ഉള്ളു. അ
ത്താഴം അമൃതേത്തു കഴിഞ്ഞ് ഇങ്ങോട്ട് എഴുന്നള്ളാറാം മതി.

ചേപ്ര:—മംഗലത്തിന്റെ കാര്യത്തിൽ എനിക്കു മനസ്സില്ലതന്നെ. കാച്ചു
ലിവസംരായിട്ട മംഗലത്തിനെപ്പററി മനസ്സിൽ ചില ആക്ഷേപ
ങ്ങൾ നടക്കുന്നുണ്ട്. അതുകൊണ്ട് യോഗത്തിലെ അനേകംകൂടാ
തെ സാഹസമൊന്നും പ്രവർത്തിക്കരുത്. സന്ധ്യാവന്ദനത്തിന
നേരമായി. ഞാൻ ക്ഷേത്രത്തിലേക്കു പോകട്ടെ. പകലേ രാത്രി ഇവ
ടിയത്തു തന്നെ കൂടാറാം മതി.

നമ്പൂതിരി ക്ഷേത്രത്തിലേക്കു പോയതിന്റെ ശേഷം കണ്ടനെ വിളി
ച്ച് ഈ തിരുമനസ്സിലേക്ക് അപകടം വരാതെയുള്ള ശ്രദ്ധ. ഇന്നു
രാത്രി കടന്നുവരണം. വെളിച്ചത്തിന്റെ വരവും കണ്ടു നിലച്ചിട്ടില്ല.

കണ്ടൻ—നേരംവീണാൽ അടിയൻ പറയാൻ തുടങ്ങില. ഇപ്പോഴത്തന്നെ
നന്നാക്കണ്ടി.

ഇതുകേട്ടു സുലേഖ പുറത്തേക്കുവന്നു കണ്ടനോടു പറഞ്ഞു.

സുലേഖ—വഞ്ചി കടവിൽനിന്നു മാററി പൂട്ടിക്കുളയു. എന്നാൽപ്പിന്നെ
ഒന്നും വൈഷമ്യമില്ലല്ലോ. കടത്തുകടവിൽ കാവലും വേണം. ക
ണ്ടൻ കടിയിലേക്കു പൊയ്ക്കോളൂ. രാത്രി ആര് വന്നാലും കടത്തി
വിടണ്ട. കല്പന ലംഘിച്ചാലുള്ള വൈഷമ്യം കണ്ടനറിയാമ
ല്ലോ.

കണ്ടൻ—പൊന്നുതമ്പുരാട്ടീ! അടിയൻ കളയുല. കൂട്ടിൽ ജീവനുണ്ടെ
ങ്കിൽ അടിയൻ തമ്പുരാന്റെ കല്പനപോലെ നടക്കാതെ.

'ഒരു ബ്രാഹ്മണനെ രക്ഷിച്ചതിനായിക്കൊട്ടെ' എന്നു പറഞ്ഞ് ഒരു മു
ണ്ടും കുറെ അരിയും കൊടുത്ത് കണ്ടനെ അയച്ച് സുലേഖ കൊച്ചുതാമ
രയാനിച്ചു ഇറ്റയെ വരിപ്പാൻ പോയി.

നേരം പാതിരയ്ക്കടുത്തു. കരിങ്കാർ പൊതിഞ്ഞുനിന്ന സ്വഛമായ ആ
നകാരത്തെ വർദ്ധിപ്പിക്കുന്നു. ഇടയ്ക്കിടെ മുഴങ്ങുന്ന ഇടിയുടെ ശക്തിയെക്കാ
ണ്ടു വീടുകൾപോലും കിടുകിടെ വിറയ്ക്കുന്നു. രാത്രിയാകുന്ന രാക്ഷസി തന്റെ
വസ്ത്രസമയത്ത് ചിലരുടെ പ്രവൃത്തിദോഷംകണ്ടു കോപിച്ച് കണ്ണിൽനി
ന്നു തീപ്പൊരി ചിതറുന്നതുപോലെ മിന്നാമിനുങ്ങുകൾ അങ്ങുമിങ്ങും പാ
റുന്നു. പരിഭ്രാന്തകളായി മേഘത്തോടുള്ള തന്റെ അരിശനാം വിട്ട്

സുലോചന സുഖമായി കിടന്നുറങ്ങുന്നു. ഉറങ്ങിക്കിടക്കുന്ന സുലോചനയെ ഉണർത്തുവാൻ ഒരാൾ വാതുക്കൽവന്നു മുട്ടിത്തുടങ്ങി. ക്രോധിച്ചു കതകു മുട്ടപ്പെടുമ്പോൾ സുലോചന വാതിൽ തുറക്കുവാൻ ശ്രമിക്കയാണെന്നു വിചാരിച്ചുനാഥനെ നില്ക്കും. വിചാരം തെറ്റാണെന്നുകണ്ടാൽ വീണ്ടും മുട്ടിത്തുടങ്ങും. കതകു തുറക്കാത്തതിനു പല കാരണങ്ങളുമാലോചിച്ചും, അടുത്തുള്ള ക്ഷേത്രാലയത്തിൽ ശോഭിക്കുന്ന ദീപംകണ്ട് നേരം അധികമായിട്ടില്ലെന്നു സമാധാനിച്ചും, ഇങ്ങിനെ കുറെ നേരം കഴിഞ്ഞപ്പോൾ ആളുടെ ക്ഷമയില്ലാതായി ഉറക്കെ ഒച്ചയെടുത്തു 'വാതിൽ തുറക്ക' എന്നു ഉച്ചത്തിൽ പറഞ്ഞു. സുലോചന ഞെട്ടി ഉണർന്നു. 'അസമയത്ത് വാതുക്കൽ വന്നു വിളിക്കുന്നതാരാണ്' എന്നു ഗൗരവത്തോടുകൂടി ചോദിച്ചതിന് 'ഞാൻ മംഗലം' എന്ന മറുപടിയാണ് കിട്ടിയത്. മറുപടി കേട്ടതോടുകൂടി സുലോചനയുടെ സന്ധിബന്ധങ്ങൾ ആസകലം ഒന്നു തളർന്നു. അപ്രതീക്ഷിതമായ ആഗമനംകൊണ്ടുണ്ടായ ആശ്ചര്യത്തോടെ നിന്നിരുന്ന സമയം "ദീനദയാലോ! ജഗന്മാതാവേ! എന്നെ രക്ഷിക്കേണമേ!" എന്നു പ്രാർത്ഥിച്ചുകൊണ്ട് സുലോചന വാതിൽ തുറന്നു. മങ്ങിക്കത്തുന്ന വെളിച്ചത്തിൽ തന്നെ ഇളകിനില്ക്കുന്ന മംഗലത്തു നമ്പൂതിരിയുടെ നനഞ്ഞ വേഷം പ്രകാശിച്ചു. "എന്താ നേരിയതിപ്പോഴാണല്ലോ? മംഗലത്തു തിരുമനസ്സിലേക്കതന്നെയല്ലേ?" എന്നു സുലോചന ചോദിച്ചതിന് 'എന്താ ഉറക്കം തെളിഞ്ഞില്ലേ?' എന്നുള്ള മറുപടിയോടുകൂടി നമ്പൂതിരി അകത്തേയ്ക്കു കടന്നു.

സുലോചന—അതാ മുണ്ട്. ഇറയത്തുവെച്ചിട്ടുണ്ട് അടിയൻ കാൽകഴുകുവാൻ വെള്ളവും കൊണ്ടുവരാം.

മം.ന—ചായ്പ്പിൽ കാൽകഴുകിക്കൊള്ളാം ആ വെള്ളം മതി. കുളിച്ചിട്ടുണ്ട്.

സുലോചന—വിളക്കും കൊണ്ടു. അടിയൻ ഇതാ വന്നു. എന്നു പറഞ്ഞ് അകത്തേക്കു കടന്നു. നമ്പൂതിരി ചായ്പ്പിൽചെന്ന് മുണ്ടു മാറി തിരിയെ ചെന്ന സമയം വെളിച്ചത്തിൽ മിന്നുന്ന വിവിധ മോടികളും കൂട്ടി ഒരു സ്ത്രീവേഷം വാതിൽ കൊണ്ടല്പം മറഞ്ഞ് ഒളി നില്ക്കുന്നതു കണ്ടു.

മം.ന—സുലോചന വേഷം മാറിയോ? നില്ക്കുന്ന സ്ത്രീ മിണ്ടുന്നില്ല.

മം.ന—സുലോചന ഉറക്കം തൂങ്ങുകയാണോ? നില്ക്കുന്ന വേഷം ഉത്തരം കൊടുക്കുന്നില്ല.

മം.ന—മുഖം കഴുകി മുണ്ടുമാറിയതിനും വിശ്വാസം തീർന്നില്ലേ? [illegible]

ശ്ശു ഒരുത്തരം കിട്ടുന്നില്ല. "സുലേഖയല്ലേ നിങ്ങളൊ? എന്നു ചോദി ച്ച് ആ രൂപത്തെ ഒന്നു സൂക്ഷിച്ചു നോക്കി. നമ്പൂതിരിയ്ക്കു സംശ യം തോന്നി. "എന്താ ചെയ്യേണ്ടത്. ആരാണെന്നു പറയൂ" എന്ന് നമ്പൂതിരി ചോദിയ്ക്കുന്നതു വെളിച്ചംകൊണ്ടുവരുന്ന സുലേഖ കേട്ടു. "അകത്ത് ആരാനും ഇല്ലല്ലൊ. അവിടുന്ന തന്നത്താൻ സം സാരിക്കയൊ? എന്ന് സുലേഖ ശങ്കിച്ചു. "സുലേഖ എന്താ ചതി ച്ചുവോ? ആരാത്" എന്ന് വീണ്ടും ചോദിച്ചതു കേട്ടപ്പോൾ കൊ ച്ചുതമ്പുരാൻ അകത്തുവെച്ച് വല്ല സാഹസവും പ്രവൃത്തിയ്ക്കയാണെ ന്നു ഭയപ്പെട്ട് സുലേഖ വേഗപ്പെട്ടു നടന്നു. അകത്തുചെന്നു നോ ക്കിയപ്പോൾ കണ്ടത് മംഗലത്തു നമ്പൂതിരിയെ മാത്രം. സുലേ ഖയുടെ പ്രവേശത്തിങ്കൽ നിന്നിരുന്ന വേഷം അപ്രത്യക്ഷമായതു കണ്ടു നമ്പൂതിരിയ്ക്ക് അത്ഭുതവും ഭയവും തോന്നി. സുലേഖയോടു ചോദിച്ചു. "അകത്തുണ്ടായിരുന്നവരാരെന്നു പരമാർത്ഥം പറ യണം."

സുലേഖ—അടിയനല്ലാതെ ഉണ്ടായിരുന്നില്ല. ഇവിടുന്നാരോടാ സംസാ രിച്ചിരുന്നത്?

മ.ന—സുലേഖ വന്നപ്പോൾ ഒരുത്തി ഇവിടെ നിന്നിരുന്നില്ലേ? അവ ളോട്. അതാരാ പറയൂ.

സുലേഖ—അടിയൻ വരുമ്പോൾ ഇപ്പോൾ ഇവിടെ ആരുമില്ല. ഇടയ്ക്കൂടത്തി വരുവാൻ സംഗതിയുമില്ല. ഇവിടുന്നു വല്ലാതെ പരിഭ്രമിച്ചിരിയ്ക്കുന്നു. വഴിയ്ക്കു ഭയപ്പെട്ടില്ലല്ലൊ.

മ.ന—പരിഭ്രമവുമില്ല. ഭയവുമില്ല. ഈ അകത്ത് ഒരു സ്ത്രീ നിന്നിരുന്നു എന്ന് തോന്നി ഭ്രമംപിടിച്ച് സത്യം ചെയ്യാം എന്നു പറഞ്ഞ് പൂണ്ടുപിടിയ്ക്കുവാൻ നോക്കിയപ്പോൾ അതു കാണുന്നില്ല. തോ ളിലും മാറിലും തപ്പി. പടിയ്ക്കപ്പുറത്തുചെന്നു നോക്കി. ആ കന്യക വും അപ്രത്യക്ഷമായി. നിന്നിരുന്ന പെണ്ണും ധരിച്ചിരുന്ന ഭൂഷണവും മറഞ്ഞപ്പോൾ നമ്പൂതിരി വിഷണ്ണനായി.

സുലേഖ—തിരുമേനി വല്ലാതെ പകച്ചിട്ടുണ്ട്. എന്തുവഴിയ്ക്കാണെഴുന്നള്ളി യത്. തനിച്ചല്ല കൂടെ വല്ലവരും ഉണ്ടൊ?

മ.ന—ആരും കൂടെപ്പോന്നിട്ടില്ല. വടക്കോട്ടു പടിഞ്ഞാറോട്ട്. എ ന്റെ പുറത്ത് ആ മതിലിന്നരികെ വീണിട്ടുണ്ടായിരിയ്ക്കും. അതാ പോകുന്നതിന് ധൈര്യവുമില്ല.

സുലേഖ—അതെയെന്നുതോന്നുന്നു. അടിയൻ ഇന്നുവരാം. പക്ഷേ മതി
ലോടെത്തു പൂന്തോട്ടത്തിലേക്കുള്ള കാരണം മനസ്സിലായില്ല.

മനോ—പടിക്കൽ വന്നപ്പോൾ വാതിൽ സാക്ഷ നീക്കിട്ടതായിരുന്നു. അ
കത്തുള്ള കാവൽക്കാരുള്ള ധൃതികൊണ്ട് നടക്കുമ്പോൾ അടുത്ത പ്ലാ
വിൻകൊമ്പിൽനിന്നു ഒരു വള്ളി തൂങ്ങിക്കിടക്കുന്നതുകണ്ടു. അതു
പിടിച്ചു മതിൽ കേറിച്ചാടീട്ടാണ് ഞാൻ വന്നത്.

സുലേഖ—ആ പ്ലാവിന്മേൽ വള്ളിയില്ല. ഇവിടുത്തെ ഈ വാക്കിനെ
വിശ്വസിപ്പാൻ വയ്യ.

മനോ—എന്റെ കണ്ണുകൊണ്ടു കണ്ടതും കൈകൊണ്ടു പിടിച്ചതുമായ ഒ
രു കാര്യമാണ് ഞാൻ പറഞ്ഞത്. അതിൽ കണ്ട കാര്യം പോ
ട്ടെ. പിടിച്ച വള്ളി ഇതുപ്രകാരം കൊണ്ടുപോകയില്ല. സുലേഖ
ഒന്നിച്ചു വന്നാൽ ഞാൻ കാട്ടിത്തരാം. എന്റെ സത്യവും ഏറ്റുകാണാം.

സുലേഖ വിളക്കെടുത്തു നമ്പൂതിരി ഒന്നിച്ചു പുറപ്പെട്ടു. പറഞ്ഞ
പ്ലാവിന്നരികിലെത്തി. 'അതാ വള്ളി' എന്നു പറഞ്ഞ് നമ്പൂതിരി പ്ര
ത്യേകം തിരിയുന്നതിന്നിടയ്ക്ക് കവളത്തു അടിച്ചു് നെഞ്ഞൂക്കനെ തൂങ്ങുന്ന ആ
സാധനത്തെ സുലേഖ സൂക്ഷിച്ചുനോക്കി. "അയ്യയ്യോ ഇതു മലമ്പാ
മ്പാണ്" എന്നു പറഞ്ഞു പിന്മാക്കം മാറി. നമ്പൂതിരി നിന്നനില്പിൽ
തന്നെ പാട്ടം. ഒരു കൂറ്റൻപാമ്പ് കൊമ്പിൽചുറ്റിപ്പിണഞ്ഞുകിടന്നു പ
ുളയുന്നു. പാമ്പിനെക്കണ്ടു പേടിച്ചു ഞെട്ടലോടെ പതിവിച്ചുപോന്ന പു
രപ്പെട്ടുവന്നുകേറി. "ഭാഗ്യത്തിന്നുകോലാഹലമൊന്നും ഇണങ്ങാത്ത ഈ കുടി
ലിൽ തനിച്ചുപോന്നത് വലിയ അവിവേകമായിപ്പോയി" എന്നു സു
ലേഖ പറഞ്ഞു.

മനോ—കടവിൽ ആരും തോണിയുണ്ടായിരുന്നില്ല. വൃത്തം കെട്ടു. തോ
ണി അന്വേഷിച്ചു ചുററിത്തിരിയുമ്പോൾ മിന്നലിന്റെ വെളിച്ച
ത്തിൽ ഒരു വാഴപ്പിണ്ടി കണ്ടെത്തി. അതിന്മേൽകേറീട്ടാണ്
ഞാൻ കടവു കടന്നത്.

സുലേഖ—പാമ്പിനെ വള്ളിയാക്കിക്കളിച്ചതുപോലെ കണ്ടതിന്റെ സ്വഭാ
വം കൂടാതെ പിണമോ പ്രാണനോ അടിയന്ന ബോദ്ധ്യം വരു
ന്നില്ല.

മനോ—പക്ഷേ തിരിച്ചുപോകുമ്പോൾ ഉപകരിക്കാമെന്നു കരുതി ആ പി
ണം ഞാൻ കരയ്ക്കു കേറ്റി ഇട്ടിട്ടുണ്ട്. ഇങ്ങനെ പറഞ്ഞു മുറുക്കുക ക
ഴിച്ചു. ചെവികൾനിന്നു പൂങ്കുല താഴെ വീണിരിക്കുന്നു. ഒ
പ്പം പിടിച്ചു നടത്താനെന്നും. പൂങ്കുലയില്ലാത്ത ഇവനെന്റെ സ്ഥിതി
സുലേഖ ആലോചിച്ചുനോക്കു.

സ്വലേ.— [illegible] നാം വളപ്പിൽ കടന്നു നടക്കാനല്ല ഭാവിച്ചതു.
ബ്രഹ്മം കാണ്മാൻ സഹായിക്കാതെയും [illegible]. പൂണൂലിന്റെ
കാര്യം [illegible] പോരാത്തതാണ്.

[illegible] കിഴക്കേപ്പുറ്റി ഇന്നു പുറത്തേയ്ക്കു കടന്നു. പൂണൂലു നോക്കിക്കൊണ്ടു പിണയിയുടെ [illegible]. പിണയിയുടെ സ്ഥാനത്തു കണ്ടത് ഒരു പിണമാണ്. ശവം കണ്ടപ്പോൾ സ്വലേഖ ഭയപ്പെട്ടു. നമ്പൂതിരി നിശ്ചിന്തനായി നിന്നു. "മതി, [illegible] പൂണൂലുകൊണ്ടു കാര്യമില്ല. ഇവിടെ നിൽക്കാനും ശരിയല്ല. തിരിച്ചുപോകാം" എന്നു പറഞ്ഞ് സ്വലേഖ നടന്നു. പശ്ചാത്താപിയായി പിന്നാലെ വരുന്ന [illegible] നമ്പൂതിരി [illegible] [illegible]. ഇതാവും പൂ[illegible] [illegible] [illegible] 'ഇനി എന്താ [illegible] കഴിഞ്ഞാൽ പോരല്ലോ. [illegible]. പുണ്യാഹവും വേണ്ടേ?

ക. ന.— എന്താകൊണ്ടിനി വേണ്ടതെന്നൊന്നുമുണ്ടായില്ല. [illegible] [illegible] [illegible] അറിയാതെ കഴിയുമെന്നായിരുന്നു [illegible].

സ്വലേ.— വിശ്വാസക്കേടു [illegible] ഏകാഗ്രമായിത്തീർന്ന ഇവിടത്തെ മനസ്സിൽ [illegible] [illegible] ഇവിടുന്ന പാലത്തെപ്പി[illegible] വന്നു. എന്നാൽ ഏകാഗ്രമാകി [illegible] ഈ മനസ്സിനെ ഈശ്വരധ്യാനത്തിങ്കൽ [illegible] [illegible] ഈ സമയംകൊണ്ട് ഇവിടുന്ന് ആ പരമപദത്തെ പ്രാപിക്കുമായിരുന്നു.

'[illegible]' എന്നു പറഞ്ഞുകൊണ്ടു നമ്പൂതിരി സ്വലേഖയുടെ കാക്കൽ സാഷ്ടാംഗം വീണു നമസ്കരിച്ചു. [illegible] ഒരു [illegible] [illegible] സിദ്ധിച്ചുവാൻ [illegible] സിദ്ധിച്ചു. സ്വലേഖ ഈ [illegible] നമ്പൂതിരിയെ വിലക്കാനും [illegible] ഇതുകൊണ്ടു സ്വലേഖതന്നെ [illegible] വന്നു. [illegible] കഴിഞ്ഞപ്പോൾ നമ്പൂതിരി [illegible] സമാധിയിൽ [illegible] മനസ്സു [illegible] [illegible] [illegible] പോകയും ചെയ്തു.

വിശ്വാസത്തിലും വിഷയവിരക്തിയിലും വിശ്വമായിത്തീർന്ന [illegible] നമ്മുടെ നായികയുടെ വിലപിടിച്ച വാക്കുകളാകുന്നവാക്യം കൊണ്ടു വിവേകത്തോടുകൂടിയായി [illegible] [illegible] വഴിതാക്കിപ്പോന്ന [illegible] നമ്പൂതിരി തന്നെയാണ് പിന്നീടു [illegible] [illegible] [illegible] വിലക്കങ്ങളും സഹിയാർ.

എ. നാരായണപ്പിള്ളവാറു.

ഒററശ്ലോകങ്ങൾ

പ്രേമപ്രേരണമന്ത്രവാദിയിലിവ-
ന്നാലാപമന്ത്രം ജപി-
ച്ചോമൽപ്പുഞ്ചിരിയാം വെളുത്ത നറുനീ-
റിട്ടാശുകടാക്ഷണേ!
ശ്രീമൽഭ്രൂലതകൊണ്ടു തല്ലിയിളകി-
ത്തുള്ളിച്ചു വല്ലാത്തൊരി-
ക്കാമപ്രേതമൊഴിപ്പതിന്നിനിയെനി-
യ്ക്കാരുള്ളൂ നിനയ്ക്കുന്നിതോ?

വെൺമണി അച്ഛൻ നമ്പൂതിരിപ്പാട്.

കരുണക്കടലാകും ഭഗവാനിലോ
പെണ്ണുള്ള ശല്യത്തിനാ-
ലക്ഷ്മീ സേവകനായിരുപോലെ ഞാനീയാ-
യെന്നുള്ളമെന്നാകിലും
പീയൂഷാധരി! നിങ്കലേറിമറിയും
രാഗാത്മകം വാർകണൽ-
അയ്യോ! ചോരനായിസ്ഥിതനിപ്പുമിനസും
ചൂഴ്ന്നോ കരാതം പാടം.

ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജാ)

കണ്ഠേ വിഷം ഭഗവതാ കില ധാരി! ചിത്തേ
ചിന്താവിഷം നിയതമെങ്ങിനെയാർക്കു തീരും
ഹാ കാമനോട്ട പകരാം കരുത്തിങ്കലാം ചൂടാ.
ഇപ്പൊഴ്ച്ചിരിച്ചിരിക്കിൽ ഞാൻ പരമേശതുല്യം.

ലീലാ ഷിബുക്കർ

കേരളത്തിന്റെ പഴക്കം

കേരളരാജ്യം പരശുരാമൻ നിർമ്മിച്ചതാകട്ടെ സമുദ്രം പൂത്തായി വെപ്പുണ്ടാക്കിയതാകട്ടെ, ഭൂകമ്പാഘാതത്തിൽ ഉയർന്നുണ്ടായതാകട്ടെ എന്തിനെയായാലും വേണ്ടതില്ല. കേരളത്തിന്റെ പഴക്കം പല പ്രമാണങ്ങളെക്കൊണ്ടും ലക്ഷ്യങ്ങളെക്കൊണ്ടും വെളിവായിക്കാണാവുന്ന ഒരു സംഗതിയാണ്.

ഹരിവംശത്തിൽ—

'നിസ്വാദ്ധ്യായവഷട്കാരാഃ കൃതാസ്തേന മഹാത്മനാ
ശകാ യവനകാംബോജാഃ പാരദാഃ പഹ്ലവാസ്തഥാ.
കോലിസർപ്പാ മാഹിഷകാ ദർവ്വാശ്ചോളാസ്സകേരളാഃ
സർവ്വേ തേ ക്ഷത്രിയാസ്താത ധർമ്മസ്തേഷാം നിരാകൃതഃ.'

എന്നു കാണുന്നതുകൊണ്ടു കേരളം സഗരരാജാവിന്റെ അറിവിൽത്തന്നെ പെട്ടുകാണുന്നു.

രാമായണത്തിൽ സീതാന്വേഷണത്തിനായി സുഗ്രീവൻ വാനരന്മാരെ അയയ്ക്കുന്ന ഘട്ടത്തിൽ—

'നദീം ഗോദാവരീഞ്ചൈവ സർവ്വമേവാനുപശ്യത
തഥൈവാന്ധ്രാംശ്ച പുണ്ഡ്രാംശ്ച ചോളാൻ പാണ്ഡ്യാംശ്ച കേരളാൻ.'

എന്നു പറഞ്ഞുകാണുന്നതിൽനിന്നു കേരളത്തിനു ശ്രീരാമഭഗവാന്റെ അയോദ്ധ്യയോളം പഴക്കമുണ്ടെന്നുള്ളതു തീർച്ചതന്നെ. സഹ്യപർവ്വതത്തിന്റെ തെക്കേ അറ്റത്തു തിരുവിതാംകൂർ രാജ്യത്തിന്റെ തെക്കേ അതിർത്തിക്കുള്ള മഹേന്ദ്രപർവ്വതത്തിൽ നിന്നാണല്ലോ ഹനുമാൻ ലങ്കയിലേക്കു ചാടീട്ടുള്ളതു. ചരിത്രകാരന്മാർ വാല്മീകിരാമായണത്തിനു മൂവായിരം കൊല്ലത്തോളം പഴക്കം തീരുമാനപ്പെടുത്തീട്ടുണ്ട്. ശ്രീരാമന്റെ വനവാസത്തിന് എത്രയോ മുമ്പായിരിക്കുവാനേ തരമുള്ളൂ.

മഹാഭാരതത്തിൽ ബലഭദ്രർ കന്യാകുമാരിയിലും ഗോകർണ്ണത്തിലും (പക്ഷേ) തീർത്ഥയാത്ര ചെയ്തതായി വർണ്ണിച്ചിട്ടുണ്ട്. രാജസൂയയാഗത്തിനായി ദിഗ്‌ജയം ചെയ്ത കൂട്ടത്തിൽ കേരളരാജാവിനെയും സഹദേവൻ ജയിച്ചിട്ടുണ്ട്.

രഘുവംശം നാലാം സർഗ്ഗത്തിൽ—

'ഭയോത്സൃഷ്ടവിഭൂഷാണാം തേന കേരളയോഷിതാം
അളകേഷു ചമൂരേണുശ്ചൂർണ്ണപ്രതിനിധീകൃതഃ.'

എന്നു രഘുവിന്റെ ദിഗ്വിജയാവസരത്തിൽ കാളിദാസൻ വർണ്ണിച്ചിട്ടുണ്ട്.

'ചോളീപൂഗധ്വാനമനോഹരാണി കിർണ്ണകർണ്ണാവതംസഃ
കർണ്ണാടീനാം മുഷിതമുരളീ കേരളീഹാരലക്ഷ്മീഃ'

എന്നു 'രാജേന്ദ്രകർണ്ണപൂരം' എന്ന കാവ്യത്തിലും കേരളത്തിന്റെ പേർ കാണുന്നുണ്ട്. വായുപുരാണം, മത്സ്യപുരാണം, മാർക്കണ്ഡേയപുരാണം, ഭാഗവതം, ഭാരതം, സ്കാന്ദം എന്നീ പുരാണങ്ങളും കേരളത്തെ ഓർത്തു നോക്കീട്ടുണ്ട്.

ക്രിസ്ത്വബ്ദം ആയിരം വർഷങ്ങൾക്കു മുമ്പു തന്നെ കേരളത്തിലുള്ള പ്രധാനപ്പെട്ട സമുദ്രതീരങ്ങളെ പാശ്ചാത്യന്മാർ അറിഞ്ഞിരിക്കുന്നു. 'ഹെറഡോട്ടസ്സ്' എന്ന യവനപണ്ഡിതൻ ഏലം, ഏലവങ്ഗം, കറുവക് മുതലായ വ്യാപാരദ്രവ്യങ്ങൾ ഇസ്രായേല്യന്മാർ മുതലായ കച്ചവടക്കാർ കേരളത്തിൽനിന്നു വാങ്ങി കച്ചവടം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ക്രി. മു. നാലാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ജീവിച്ചിരുന്നിരുന്ന കാത്യായനനും, രണ്ടായിരത്തറുപതു കൊല്ലം മുമ്പു ജീവിച്ചിരുന്നിരുന്ന പതഞ്ജലിയും കേരളം കണ്ടിട്ടുള്ളവരാണ്. എന്നാൽ ക്രിസ്ത്വബ്ദത്തിനു മുമ്പ് ഏഴാം നൂറ്റാണ്ടിലാണ് പാണിനിയുടെ കാലമെങ്കിലും പാണിനി കേരളത്തെക്കുറിച്ചു പറഞ്ഞുകാണുന്നില്ലെന്നാണ് തിരുവിതാംകൂർ ചരിത്രത്തിൽ പറഞ്ഞിട്ടുള്ളത്. പാണിനി കാണാത്തപക്ഷം കേരളശബ്ദത്തിനു ഗോത്രാദിപാഠംകൊണ്ടു സിദ്ധിക്കുന്നതായ ഛിഷ് പ്രത്യയം വിധിച്ചിരിക്കുന്നത് ആ അഭിപ്രായത്തോട് അത്ര യോജിച്ചതായി തോന്നുന്നില്ല. അശോകന്റെ രണ്ടും പതിമൂന്നും ശിലാശാസനങ്ങൾകൊണ്ടു കേരളത്തിനു ക്രിസ്ത്വബ്ദത്തിനു മുമ്പു മൂന്നാം നൂറ്റാണ്ടുവരെ പഴക്കം കൊടുത്തിട്ടുണ്ട്. പാണ്ഡ്യരാജാവ് റോമൻചക്രവർത്തിക്ക് അയച്ച

ളുതിനുപ്പുറമ് 'സ്ട്രാബൊ' എന്ന പണ്ഡിതൻ ക്രിസ്തുവ്വ. ൨൦-ാം ആണ്ടിൽ വിവരിച്ചിരിക്കുന്നു. റോമാരാജ്യത്തുള്ള പത്താക്ക മുതലായ നാണ്യങ്ങളും കേരളത്തിൽ പ്രചരിച്ചുകൊണ്ടു വളരെക്കാലം കഴിഞ്ഞിരിക്കുന്നു. 'ബിഷപ് കാൾഡ്വെൽ', അഗസ്റ്റസ് എന്ന റോമൻ ചക്രവർത്തിയുടെ ആദ്യകാലം മുതൽ നടപ്പിലായിരുന്ന നാലു തരം നാണ്യങ്ങൾ തിരുവിതാംകൂർ മഹാരാജാവിന്റെ കൈവശത്തിലുള്ളതായി പ്രസ്താവിച്ചിട്ടുണ്ട്. ക്രിസ്ത്വബ്ദം ഒന്നാം ശതാബ്ദത്തിൽ കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരാണെന്ന പ്ലിനിയും, ക്രി. ൪-ാം ശതാബ്ദത്തിൽ ബാലക്രിയപട്ടണവും മരിചിപട്ടണവും കേരളത്തിലെ പ്രധാനപട്ടണങ്ങളാണെന്ന ബൃഹത്സംഹിതയിൽ വരാഹമിഹിരനും പറഞ്ഞിരിക്കുന്നു. 'മെഗാസ്തനീസ്' എന്ന പരദേശികവ്യാപാരികൾ പലരും കേരളക്കര സന്ദർശിച്ച് ക്രി. മു. ങ്ങളിലൊക്കെ കേരളത്തിൽ വന്നിരിക്കുന്നു. ഇതിനെ ഇബ്നബത്തൂത്ത, മാർ തോമസ്സ് മുതലായി മറ്റോരോ കാലത്തു കേരളത്തിൽ വന്നിട്ടുള്ളവരുടെ ലേഖകൾ പരിശോധിക്കുന്നതായാൽ കേരളത്തിന്റെ പഴക്കം ഉദ്ദേശിച്ചു കണ്ടുതന്നെ അറിയാവുന്നതാണ്.

'വാൻ ക്രേഗ്' ന്റെ അഭിപ്രായത്തിൽ ചുരുങ്ങിയപക്ഷം കേരളത്തിനു നാലായിരത്തിലധികം കൊല്ലത്തെ പഴക്കം തീർച്ചയായും ഉണ്ട്. കേരളീയരുടെ പരമ്പരാവിശ്വാസത്തിൽ ഇതുകൊണ്ടൊന്നു മതിയാവുന്നതല്ല.

കുരങ്ങന്മാർ

ഇംഗ്ലീഷ് പേര്		ആകൃതിയനുസരിച്ചു മലയാളപ്പേര്	
	Apes		
1	Chimpanzee	1	വാലില്ലാക്കുരങ്ങൻ
2	Gorilla	2	മനുഷ്യക്കുരങ്ങൻ
3	Orang-utan	3	ചെറിയമനുഷ്യൻ
4	White handed gibbon	4	വെള്ളക്കയ്യൻ
5	Hulock gibbon	5	ഹൂലക്കോക്കു
	Monkeys		
6	Proboscis Monkey	6	മൂക്കുനീണ്ടവൻ
7	Cross-bearing Langur	7	കുരിശുവാലൻ
8	Himalayan Langur	8	ഹിമാലയൻ

9	Mantled Guereza	9	[illegible]
10	Diana Monkey	10	[illegible]
11	Barbary ape	11	[illegible]
12	Sooty Monkey	12	[illegible]
13	Grey-cheeked Mongabey	13	[illegible]
14	Chinese Macaque	14	[illegible]
15	Arabian baboon	15	[illegible]
16	Bonnet Monkey	16	[illegible]
17	Rhesus Monkey	17	[illegible]
18	Orange snub-nosed Monkey	18	[illegible]
19	Pig-tailed Monkey	19	[illegible]
20	Chacma baboon	20	[illegible]

ആഫ്രിക്കയിൽ മാത്രമേ ഉള്ളു. ഇവർ ദേഹത്തിന്റെ വശ [illegible]

ചിമ്പാൻസി

വാലില്ലാ [illegible]

[illegible] ഉള്ളവയാണ്. ആണി [illegible] ആറടി [illegible] ഇവിടെ [illegible] ആഫ്രിക്കയിൽ [illegible]

[illegible] ഉണ്ട്. [illegible]

പടിഞ്ഞാറെ ആഫ്രിക്കയിൽ 'ഗാബൂൺ' നദീതീരത്തുള്ള [illegible]

ഗോറില്ല

[illegible] ഇവ [illegible] ആൺ 'ഗോറില്ല' 5 അടി 8 ഇഞ്ചു മുതൽ 6 അടിവരെ ഉയരമുള്ളവയും [illegible]

കറുത്തതും വിരലുകളും നഖ
ങ്ങളുംപോലെ നേരിയ തൊലി
കൊണ്ട് അന്യോന്യം ബന്ധിച്ചു
പ്പെട്ടിരുന്നവയുമാകുന്നു. കഴുത്തു
വളരെ കുറച്ചു. കണങ്കാലിന്നു വ
ണ്ണം കുറയും. കാൽവിരലുകൾ ക
നത്തു തടിച്ചവയും ചെറുവിരൽ
തള്ളവിരൽപോലെ ഉള്ളതായു
മാകുന്നു. തല വലുതും പിന്നോ
ട്ടു നീണ്ടിരിക്കുന്നതുമാകുന്നു. കണ്ണുക
ൾക്കു മീതെ തള്ളിനില്ക്കുന്ന എ
ല്ലുകൾ അതിന്റെ ക്രൂരതയെ
കാണിക്കുന്നു. അസ്ഥികൾ മ
നുഷ്യന്റേതുപോലെ വളഞ്ഞവയാകു
ന്നു. മൂക്കിന്നു ഒരു നീണ്ട ചാല
ഉണ്ട്. നാസാരന്ധ്രങ്ങൾ കീഴ്പോ
ട്ടു തുറന്നതായിരിക്കുന്നു. ചെവി
ചെറുതും മനുഷ്യരുടേതുപോലെ
യുമാണ്. നിറം കരിങ്കറുപ്പു മു
തൽ ചാരനിറം വരെ പല തര
ത്തിലുമുണ്ട്. തലയിൽ കറുത്ത
ഒരു ചുവപ്പുണ്ട്. പെണ്ണു ആണി
നേക്കാൾ ചെറുതും വെളുപ്പും
കലർന്നതുമാകുന്നു. പല്ലു വളരെ
വലുതല്ല. തലയെല്ലുകൾക്ക് ത
ഴമ്പില്ല.

ഈ ജാതി കരടിയെ പുലി
യെ തോല്പിക്കുമെന്നുള്ളതു വാ
സ്തവം തന്നെ. സിംഹത്തിനെയും
ആനയെയും ഓടിക്കുമെന്നു പറ
യുന്നതിന്നു ലക്ഷ്യം പോരാ. വാ
സം മരങ്ങളിൽത്തന്നെയാണെങ്കിലും
പാർക്കും. പ്രസവിച്ചു കിടപ്പാ
നും കുഡുംബത്തിന്നു താമസി
പ്പാനും മരക്കൊമ്പുകളിൽ ര

ണ്ടു കൂട്ടുകൾ നിർമ്മിക്കുന്നു.
ആൺ 'ഗോറില്ല' മരത്തിന്റെ
ചുവട്ടിൽ ചാരി ഉറങ്ങാറുണ്ടു.
സാധാരണ നടക്കുമ്പോൾ ആടിക്കു
ഴഞ്ഞു നാലുകാലുകളിലാണ് നട
ക്കുക. ആളുകൾ ഒരു തോക്കിനോ
ടുകൂടെ നായാട്ടുകാരെയോ ത
ലയോട് ഉടുമ്പുപോലെ കടിച്ചുകൊ
ണ്ട് ആളുകളെ പിടിക്കുവാനും
ഒരു ക്രൂരനായ ഗോറില്ലയ്ക്കു കഴി
യും. ഗുസ്തി എടുത്താൽ അതു
ജയിക്കുകയും ഉണ്ടു.

ഈ ചുവന്ന ജാതിയിൽ
മൂന്നു തരമുണ്ട്. വലിപ്പത്തിലും

ഒറാങ്ങ് ഉടാൻ
ഒരു മനുഷ്യൻ

മൂന്നും ഓരോ ത
രമാകുന്നു. ബോ
ർണിയോ, സു
മാത്രാ ഈ ദ്വീപുകളിലാണ്
ഇവയെ സാധാരണ കാണുക.
സ്വഭാവത്തെ ഒരു തരത്തിലാ
കട്ടെ ഇതിന്നു മനുഷ്യനോടു അ
ടുപ്പം കുറയും. 3 അടി 10 ഇഞ്ചു
മുതൽ 4 അടി 6 ഇഞ്ചുവരെ ഉ
യരമുണ്ട്. കാലിന്നു നീളം കുറ
യും. നെറ്റിക്ക് ഉയരം കൂടും. ബു
ദ്ധി സാമർത്ഥ്യം വലുത്. ചെ
വികൾ മനുഷ്യരുടേതുപോലെ.
താടിയിൽ ഒരു വലിയ ന
ഖങ്ങൾ ഉണ്ട്. തലയോട്ടിക്കു വ
ലിപ്പം കുറവും ഒരു മനുഷ്യൻ
ഉള്ളതുപോലെതന്നെ. മീശയു
ണ്ട്. തൊലിയും ഇരുണ്ടിട്ടു
ണ്ട്. അടിയിലധികം നീളമുള്ള രോമം

മധുരനാരങ്ങാത്തോലിയുടെ നിറത്തോടു കൂടിയതാകുന്നു. വൃക്ഷങ്ങളിൽ തൂങ്ങിപ്പിടിച്ചാണ് അതു സഞ്ചരിക്കുക. ചിലപ്പോൾ കുന്നകുറി കൊമ്പുകളിൽ നടക്കുകയും ചെയ്യും. വികൃതവേഷങ്ങളായിട്ടാണ് താമസം. ഇവയ്ക്കാണ് ഭക്ഷണം വിഭവങ്ങൾ എലികളും പക്ഷികളും തന്നെ. മനുഷ്യരെ സാധാരണ ഉപദ്രവിക്കുകയില്ല. മുതലയെയും പെരുമ്പാമ്പിനെയും കണ്ടാൽ പിടിച്ചു കീറും. ഇങ്ങിനെ മാംസവും മുട്ടകളും തിന്നാറുണ്ട്. മല്ലാനാവും ചെയ്യാറില്ലെന്നില്ല. പഴ വളരെ ഇഷ്ടമാണ്. ഒരിക്കൽ ഈ ജാതിയിൽ ഒരു കരടിയെ ഇംഗ്ലണ്ടിലേയ്ക്കു കപ്പൽ കയറ്റി കൊണ്ടുപോവുകയുണ്ടായി. കപ്പൽക്കാരെപ്പോലെ കയറുകളിൽ തൂങ്ങി കളിക്കുകയും ഭക്ഷണം കൊടുക്കാതിരുന്നാൽ ആത്മഹത്യ ചെയ്യാനെന്ന നടിച്ചു കപ്പലിൽ നിന്ന് എടുത്തുചാടി പുറമെയുള്ള ചരടുകളിൽ പിടിച്ചു തൂങ്ങിക്കിടക്കുകയും ചെയ്യാറുള്ള കാര്യമുണ്ടത്രെ.

കാലം പോയ പോക്ക്

---

൧. ദോഷം കലർന്നിട്ടുകയല്ലുലകിങ്ങലോരോ
വേഷങ്ങൾ നാമഹഹോ! കണ്ടു വരുന്നതില്ലേ?
ഭോഷത്വമെന്നുമകലുന്നതിലൊക്കെ നിത്യം
തോഷം നമുക്കുചിതമെന്നു തികച്ചു ചൊല്ലാം.

൨. അച്ഛൻ കലാപ്രവസനത്തിനെയൊപ്പമല്ലാ,
അച്ഛന്നപുത്രരെയെടുത്തു വളർത്തിടുന്നു
സ്വച്ഛന്ദചാരികൾ കുമാരകരെന്നുമായി
തുച്ഛന്മാരവരൊടു മല്ലിടുകില്ല തെല്ലും.

[illegible] [illegible] കലഹിച്ചു[illegible] [illegible]
[illegible] [illegible] മനസ്സിലാക്കാം,
[illegible] കടംബാധമേകം-
[illegible] കാണുക കഷ്ടം!!

[illegible] ചൊല്ലികൊടുപ്പതിനാടുത്തവരിട്ട തമ്മിൽ-
[illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]

[illegible] പൂച്ചൂടി നിന്ന [illegible] [illegible]
[illegible] കൂടി
[illegible] മുതൽ തീവ്ര കൊടുത്തു [illegible]
[illegible] [illegible] ജനം [illegible]

[illegible] സായൂജ്യമെന്ന [illegible]
[illegible] [illegible]
[illegible] [illegible] വരത്തി നിന്ന [illegible]
കായുന്ന പട്ടികളെ വീട്ടിൽ വളർത്തിടുന്നു

[illegible] വെട്ടുന്ന [illegible] മുടി [illegible] വടിച്ചു വേഷം
കെട്ടുന്ന [illegible] കൂടി നടന്നിടുന്നു
[illegible] നല്ല വിലയേറിയ [illegible]
[illegible] [illegible] ചിത്തം,

[illegible] വെട്ടുന്ന കണ്ട തുളസികൾ, [illegible]
കെട്ടുന്ന നല്ല തറ വീട്ടിനകത്തശേഷം
കെട്ടുന്ന [illegible] [illegible]
[illegible] കാപ്പിയുടെ നേരമതാകുമ്പോൾ.

[illegible] [illegible] [illegible] [illegible] [illegible]
[illegible] തന്റെ [illegible],
[illegible] നടിക്കുക, ചുരുട്ടു വലിച്ചു, താന്താൻ
[illegible] [illegible] [illegible]

[illegible] കുപ്പായമിട്ട വടിയൊന്നു കരത്തിലേന്തി-
[illegible] [illegible] തലയ്ക്കു കെട്ടി

പാപ്പാസ്സുമിട്ടു പല ഭോഷ്കു പറഞ്ഞു [illegible].
കിട്ടാറിലെന്തു യുവ[illegible]ജനത്തിനാം [illegible]!!

[illegible]. തെറ്റായതില്ല കുളിയൊന്നിനു [illegible]! തീണ്ട-
[illegible]തില്ല, പല ജാതിമതാദിഭേദം
വിട്ടാണ[illegible]! [illegible] നാട്ടിൽ [illegible]
കാട്ടാത്തതെന്തു നിയമിപ്പതിലില്ലൊരേകം.

[illegible]. നല്ലോർക്കു[illegible] നമ്മളിലിന്നു രണ്ടു ജാതി.
[illegible] ജാതി/മതത്തിലില്ല
എല്ലാം നിനച്ചിടുകിലേകമയം [illegible]!
ചൊല്ലാനിതൊന്നൊരിടത്തില്ല കലിപ്രഭാവം.

[illegible]. ക്രിസ്ത്യാനി, നായരെന്നിവർ, തിയ്യനെന്നീ
വ്യത്യാസമില്ല [illegible] നിലയും [illegible]
ഇത്യാദി കണ്ടുവരുമീ കലിവൈഭവത്തിൽ
[illegible] ലഭിപ്പതിതൊക്കെ [illegible] കമ്പം.

[illegible]. കാലത്തുണർന്നു കുളി, [illegible] സന്ധ്യ.
കാലത്തു സന്ധ്യവിധി, [illegible]കൃത്യം
[illegible] ചെയ്തു, വെറുതെ കളയാതെ ചില്ല-
[illegible] ധരിച്ചു കല[illegible] വിപ്രധർമ്മം.

[illegible]. [illegible] ബ്രാഹ്മണനെന്നു[illegible]പ്പെടണമേ,
പേടിപ്പിനും [illegible].
ഞാനും സന്ധ്യകളൊപ്പുതായി, [illegible].
[illegible]തിരിക്കണം
[illegible] [illegible]സന്ധ്യകളിലീ
വിപ്രകിടാങ്ങൾ, [illegible]
[illegible]ലാതവർക്കായവരിലും,
കണ്ടോ കലിപ്രഭാവം.

[illegible] [illegible]നമ്പൂരി.

അന്തഃകരണം

അന്തർ, എന്ന ശബ്ദം ബഹിസ്സിന്റെ പ്രതി
യോഗികമാണ്. അപ്പോൾ അന്തഃകരണമെന്നു
പറയുമ്പോൾ ബഹിഷ്കരണങ്ങളുടെ പ്രസ്താവം
വന്നുകൂടുന്നതാണ്. അതിരിക്കട്ടെ,
അന്തർഭാഗത്തിലുള്ള കരണം=അന്തഃകരണം,
എന്നർത്ഥമാകുന്നതാണ്. പക്ഷെ, ബഹിഷ്കരണങ്ങളുടെ
സ്വരൂപജ്ഞാനംപോലെ അന്തഃകരണത്തിന്റെയും സ്വ
രൂപജ്ഞാനമുണ്ടാകുന്നില്ല. അതുകൊണ്ടു സ്വരൂപലക്ഷണം
പറഞ്ഞു സമ്മതിപ്പിപ്പാൻ ഞാനൊരുങ്ങിയാൽ, കഷ്ടിക്കണം
കൂടി വേണ്ടി വരും. എന്നാലുമാകട്ടെ, അന്തഃകരണത്തിന്റെ സ്വ
രൂപജ്ഞാനം നല്ല കൂട്ടായ കഴിവു യത്നിക്കുക തന്നെ. രാജാവു ത
ന്റെ സിംഹാസനത്തിലിരുന്നുകൊണ്ടു ഭൃത്യന്മാരെക്കൊണ്ടു ബഹിർഭാഗ
ത്തിലെല്ലാമുള്ള കാര്യങ്ങളെയും നടത്തുന്നതുപോലെ അന്തഃകരണം ബ
ഹിഷ്കരണങ്ങളെക്കൊണ്ടു സർവ്വവ്യാപാരങ്ങളെയും നടത്തുന്നു. അപ്പോൾ
അന്തഃ, കർത്താ എന്നുകൂടി പറയേണ്ടി വരുന്നു. ഇതിനൊക്കെയാൽ
താൻതന്നെ കർത്താവും കരണവുമായിത്തീരുവാൻ ശക്തിയുള്ള ഒരു പ
ദാർത്ഥമാണ് എന്നു വന്നുകൂടി. ഇതുകൊണ്ടായിട്ടല്ലോ, എന്നാലതു വ
സ്തുവന്നത്. യത്‌സ്വരൂപമാണ്? എന്നും മറ്റുമുള്ള ചോദ്യങ്ങൾക്കു സ
മാധാനമായിട്ടു, (കാമസ്സങ്കല്പോവിചികിത്സാ) ഇത്യാദികളായ ശ്രുതിക
ളും (സങ്കല്പവികല്പാത്മകം മനഃ, [illegible]) ഇത്യാദി
വേദാന്ത വാക്യങ്ങളും ഉണ്ട്. ചില പ്രകരണങ്ങളിൽ, ആകാശംപോലെ
നിഷ്കളമോ, വസ്തുക്കളോ, ചലനത്തിലോ വസ്തുവിലോ ആക്രമിതിക്ക
യോ ചെയ്യാവുന്ന മെഴുക മുതലായ പദാർത്ഥംപോലെ പല വിഷയങ്ങ
ളുടെയും ആകൃതിയായി പരിണമിപ്പാൻ സാമർത്ഥ്യശക്തിയുള്ള ഒരു പദാ
ർത്ഥമാണ് അന്തഃകരണമെന്നു പറയുന്നു. അപ്പോൾ താൻ തന്നെപ്പരി
ണമിപ്പിക്കുകയാൽ കർമ്മവും തീരുന്നു. അതുകൊണ്ട് അന്തഃകരണമെ
ന്നും, അന്തഃകർത്താ, അന്തഃകർമ്മ, എന്നും പറയേണ്ടി വരും. എന്തിനു
പലതും പറയുന്നു; കർത്താവും കർമ്മവും കരണവും സർവ്വകാരകങ്ങളും ആ
യിത്തീരുന്നതുതന്നെ അതിന്റെ സ്വരൂപം. അതുകൂടാതെ അതിന്റെ

സ്വരൂപം ഉപലഭ്യമല്ലല്ലൊ. ഇതിനെയൊക്കെയാണ് സർവ്വസ്വരൂപമാകു ന്ന അന്തഃകരണമെന്ന സമ്മതിച്ചു കഴിഞ്ഞു. വരട്ടെ, ഇവിടെ ഒരു സംശയമുണ്ട്. എന്തെന്നാൽ— എന്റെ മനസ്സു സൂര്യനെ വിചാരിക്കുന്നു എന്നിരിക്കട്ടെ, അപ്പോൾതന്നെ മറ്റൊരാളും സൂര്യനെ വിചാരിക്കുന്നു. രണ്ടു മനസ്സുകളും സൂര്യാകാരമായിപ്പരിണമിക്കുന്നു. അപ്പോൾ സൂര്യനൊന്നോ, പലരതൊ? പലരൊന്നെങ്കിൽ പ്രതിബിംബങ്ങളാണ്. അപ്പോൾ സാക്ഷാൽ സൂര്യനാകുവാൻ മനസ്സിന്നു ശക്തിയില്ല, എന്നു വരും. ഒന്നാണെങ്കിൽ രണ്ടു മനസ്സുംകൂടി സൂര്യബിംബത്തിൽ പര്യാപ്തിയായിട്ടു പരിണമിക്കേണ്ടി വരും. എന്നു പറയുന്നപക്ഷം ഇങ്ങിനെതന്നെ. എങ്ങിനെയെന്നാൽ, അസ്മദാദ്യന്തഃകരണങ്ങളും പ്രതിബിംബങ്ങളും തന്നെ. ഇതുകളെല്ലാം കൂടസ്ഥമായ അന്തഃകരണം (ഹിരണ്യഗർഭസൂത്രാത്മാ) ഇത്യാദി പദങ്ങളെക്കൊണ്ടു വേദാന്തശാസ്ത്രങ്ങളിൽ വ്യവഹൃതമാണ്. കൂടസ്ഥമായ ഒരു മാതൃകയുടെ ഉള്ളിൽ അനേകം ശീലകളുണ്ടാകുന്നതുപോലെ കൂടസ്ഥഹിരണ്യഗർഭന്റെ പ്രതിബിംബങ്ങളാകുന്നു സർവ്വാന്തഃകരണങ്ങളും എന്നുള്ളതും ഇതുതന്നെ. (ഹിരണ്യഗർഭഃ സമവർത്തതാഗ്രേ) എന്നുള്ള ശ്രുതിപ്രകാരം അനാദ്യുപാധിയായ പരമാത്മാവു തന്നെ ഹിരണ്യഗർഭനായിത്തീർന്നു, പിന്നെ വിരാട്പുരുഷനായി എന്നാകുന്നു പുരാണങ്ങളിലും പറയുന്നത്. അന്തഃകരണത്തിന്നു ജാഗ്രത്സ്വപ്നസുഷുപ്തികളുള്ളതുപോലെ പരമാത്മാവിന്നു ജാഗ്രത്സ്വപ്നസുഷുപ്തികളുണ്ട്. വിശ്വൻ തൈജസൻ പ്രാജ്ഞൻ എന്നുള്ള സ്ഥാനപ്പേരുകൾ അവസ്ഥാത്രയസാക്ഷിയ്ക്കു സിദ്ധിച്ചിരിക്കുന്നതുപോലെ വിരാട്ട്, ഹിരണ്യഗർഭൻ, അനാദ്യുപാധി എന്നുള്ള സ്ഥാനപ്പേരുകൾ ഈശ്വരന്നും പറഞ്ഞു വരുന്നു. വ്യാപകമായിരിക്കുന്ന വിരാട്സമഷ്ടിയിൽ വ്യാപ്യങ്ങളായ ഭോഗശരീരങ്ങൾ നീർപ്പോളകൾപോലെ ഉണ്ടാവുകയും ലയിക്കുകയും ചെയ്യുന്നു. വ്യാപകമായ ഹിരണ്യഗർഭസമഷ്ടിയിൽ വ്യാപ്യങ്ങളായ അന്തഃകരണങ്ങൾ ഉണ്ടാവുകയും ലയിക്കുകയും ചെയ്യുന്നു. വ്യാപകമായ അനാദ്യുപാധി സമഷ്ടിയിൽ വ്യാപ്യങ്ങളായ സുഷുപ്തി സാക്ഷികൾ ഉണ്ടാവുകയും ലയിക്കുകയും ചെയ്യുന്നു. എന്നുമാത്രമല്ല; ഉണ്ടായാൽ ലയിക്കുന്നതുവരെയും അതാതിന്റെ വ്യാപകത്തിൽ പ്രവർത്തിച്ചിട്ട് അഭേദമായിക്കൊണ്ടു നടക്കുകയും ചെയ്യുന്നു. ഭോഗശരീരമാകട്ടെ വിരാട്ടിൽ ലയിക്കും. എന്നാലപ്പോൾ അതോടുകൂടി അന്തഃകരണം ഹിരണ്യഗർഭനിലും ലയിക്കുമോ? ഇല്ല.

എന്തുകൊണ്ടെന്നാൽ—ഭോഗശരീരത്തിലെ അന്തഃകരണങ്ങളെത്തന്നെ

സ്മരിച്ച് അന്തഃകരണം സ്വപ്നാവസ്ഥയിലും ജാഗരവിഷയങ്ങളുടെ പ്രതി ബിംബമായിത്തീരുകയാൽ, തന്റെ വ്യാവൃത്തതയും വ്യാപകത്വവും മാറാതി രിയ്ക്കുകകൊണ്ടു തന്നെ. എന്നാൽ ജാഗരശരീരത്തിനോ, ജന്മമായതുകൊ ണ്ടു ഭൂതതാദാത്മ്യം സ്വതസ്സിദ്ധമാണ്. വിസ്മൃതി വന്ന അന്തഃകരണത്തി നാകട്ടെ, പിന്നെ സ്മൃതി വന്നല്ലാതെ, ഹിരണ്യഗർഭതാദാത്മ്യമുണ്ടാകുന്ന തല്ല. എന്തുകൊണ്ടെന്നാൽ കർതൃകരണകർമ്മാത്മകമായിരിക്കുന്ന അന്തഃക രണത്തിന്റെ ധർമ്മമാകുന്ന ജ്ഞാനം ധർമ്മംകൊണ്ടാകുന്ന ഐക്യം സി ദ്ധിയ്ക്കുന്നത്. ധർമ്മൈക്യം വരാത്ത വസ്തുക്കൾ തമ്മിൽ ചേർന്നാലും ചേരുകയില്ല. അതുകൊണ്ടു സങ്കല്പിതങ്ങളായ ഭൂതവിഷയങ്ങളെത്ത ന്നെ ധ്യാനിച്ച് ഇനിയും കർമ്മങ്ങളിൽ ചാടി വീഴാതിരിപ്പാൻ അനുഗ്രഹി ക്കുന്ന അന്തഃകരണങ്ങൾക്ക ശുദ്ധിയുണ്ടാകുവാനും തദാത്മ്യസ്മൃതിയു ണ്ടാവാനായിട്ടാകുന്നു, വേദോക്തങ്ങളായ നിത്യനൈമിത്തികങ്ങളിലുള്ള മ ന്ത്രങ്ങളും ക്രിയകളും സ്വാർത്ഥങ്ങളായ ആചാരവും ആഹാരവും വ്യാഹാര വും വ്യവഹാരവുമെല്ലാം. ഈ തത്വങ്ങൾ ഗ്രന്ഥങ്ങളെക്കൊണ്ടുതന്നെ തെളിയുന്നതാണ്. മന്ത്രങ്ങളുടേയും ക്രിയകളുടേയും അർത്ഥം കൂടി ആലോ ചിയ്ക്കേണ്ടതുതന്നെ. പക്ഷെ ദൈവമെന്നും ആസുരമെന്നും അല്ലെങ്കിൽ നിവൃത്തിയെന്നും പ്രവൃത്തിയെന്നും രണ്ടു പ്രകൃതികൾ അന്തഃകരണത്തി നുണ്ടെന്നും, അതിൽ ഏതു പ്രകൃതിയെ വളർത്തുന്നുവോ അതു പ്രധാന മായി വരുന്ന സ്വഭാവമുണ്ടെന്നും, ആകയാൽ പരിശീലനംകൊണ്ടു നന്നാക്കുവാനും ചീത്തയാക്കുവാനും ശക്യമാണെന്നും പറകയാൽ, അ ന്തഃകരണത്തെ കഴിയുന്നേടത്തോളം ചീത്തയാക്കാതെ കഴിപ്പാൻ ശ്രമി ക്കേണ്ടതാണെന്നു മാത്രമല്ല നന്നാക്കുവാനും ഉത്സാഹിക്കേണ്ടതാണെ ന്നും വരുന്നു. അന്തഃകരണത്തിനു സന്ദർഭോചിതംപോലെ അനേകനാമ ങ്ങളെ ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ട്. ലിംഗശരീരം, സൂക്ഷ്മദേഹം, ആ തിവാഹികം, ജീവൻ, മനസ്സ്, ചിത്തം, ബുദ്ധി, അഹങ്കാരം, ഹൃദയം ഇ ത്യാദികളായ നാമങ്ങൾ പ്രകൃതാനുഗുണമായ അർത്ഥത്തെ പ്രകാശിപ്പിപ്പാ നായിട്ട് അനേകങ്ങളാക്കി പ്രയോഗിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം പൂർവ്വികന്മാർ സമ്പാദിച്ചു വെച്ചിട്ടും അവരുടെ ഗോത്രക്കാരായ ആ ളുകൾ, എന്നു പറവാൻകൂടി ഇക്കാലത്തിൽ ലജ്ജിക്കേണ്ടതായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ— ഉടുപ്പും നടപ്പും ആഹാരവും വിഹാരവും സംസർഗ്ഗവും പ്രതിഗ്രഹവും മുതലായവയെക്കൊണ്ടും, ദേഹം നിത്യമാണെന്നുള്ള ജ്ഞാ നംകൊണ്ടു മൂത്തിരിക്കുന്ന ശ്രേഷ്ഠതാഭിമാനം ഹേതുവായുള്ള കശ്മലമാ

ഭ്യം, അന്യന്മാരാലും അധീകൃതന്മാരായും അസ്വതന്ത്രന്മാരായുമിരിക്കുന്ന അ
ന്തഃകരണങ്ങൾ സ്വാതന്ത്ര്യത്തെ മറന്നുകൊണ്ടു സ്വാതന്ത്ര്യഹീനന്മാരായിരിക്കു
കയാൽ തന്നെ. എങ്കിലും ഈ കേരളഭൂമിയിൽ ചില പ്രദേശങ്ങളിൽ ഇ
പ്പോഴും ഉത്തമാന്തഃകരണന്മാരായ ചില ബ്രാഹ്മണർ സ്വഗോത്രത്തെ
തിന് അഭിമാനികളായിത്തീരുന്നതുകൊണ്ടു താമസം കൂടാതെ ആ
വക ദോഷങ്ങളെയെല്ലാം നാടു കടത്തുമെന്നു തോന്നുന്നു.

പിന്നെ, വിരാട് ഹിരണ്യഗർഭൻ അന്തര്യാമി എന്നും ജാഗ്രത്
സ്വപ്നസുഷുപ്തികൾ, എന്നും മറ്റുമുള്ള കഥ്യം കണക്കും മറ്റും വേണം. അ
വയെല്ലാം പഴയ ചരക്കാണ്. സാരമില്ല. പുതിയ പുതിയ ജാതികൾ ഉ
ണ്ടെങ്കിൽ, അതിന്നായാണ് പരിശീലിക്കേണ്ടതും പരിഷ്കരിക്കേണ്ടതും.
എന്നു വാദിക്കുന്ന ചില കരണങ്ങളുണ്ടായിരിക്കും. അവയെല്ലാം പുലി
കരണങ്ങളോ, കഴുതക്കരണങ്ങളോ, പന്നിക്കരണങ്ങളോ എന്തോ ആ
യിരിക്കാം. അന്തഃകരണങ്ങളാണെന്നു പറവാൻ തരമുണ്ടോ എന്നു സം
ശയംതന്നെ. എന്തുകൊണ്ടെന്നാൽ (സംക്രാന്തിസ്ഥിതികീകാനനകരണ
സ്യ) എന്നു പണ്ടൊരു രസികൻ പറഞ്ഞതുപോലെ കഥ്യം കണക്കു കാ
ണിക്കുന്ന പ്രമാണങ്ങളൊന്നും സമ്പാദിക്കാത്തവർ ഭക്തന്മാരായി കൂട്ട
ത്തിൽ പാകയാൽ അവരുടെ കരണങ്ങളെ നമുക്കു നിശ്ചയിപ്പാൻ സാധി
ക്കില്ല. എന്നു മാത്രം പറഞ്ഞു വിരമിക്കുന്നു.

എ. കൃഷ്ണനമ്പൂതിരി.

കാമദഹനം

ഭാഷാപ്രബന്ധം.

മംഗല്യാനാം പ്രസൂതിർമ്മഹിമപരിമിതാ നന്ദനാനാം മനീഷാ-
സംഗേ ബോധപ്രദീപേ നടനകലവിതൈകാന്തതാസ്വരൂപം
ശൃംഗാരബ്രഹ്മസമ്മേളനസുലളിതവാമാംഗഭാഗം തൊഴുന്നേൻ
ഭംഗാരോഗം പരാന്തപ്രണതജലധിമാകാന്തകം വ്യോമകേശം. 1

അതിമോഹനമായിരിക്കുന്ന വാചാ പുകൾപ്പെറ്റതിന്ന ശ്രീനാരായ ദേവസ്വമയ കേ-
ളികൾക്കുസ്ഥാനകംചെ കാനനമിതിൽ ഭക്തപ്രിയതമാഖ്യാസ്പൃതാ

പ്പൂമ്പാണനാർവന്നശേഷം പെരികെ വിളനാസാം മൈലമാതൽ ശംഭോ.
ശ്ശുവാപ്പുതെത്തു തുനിഞ്ഞിടിന നവസുതയാം ചെന്താമരപ്പൂക്കാലം. 2

കണ്ടാളും കൺകളുപ്പിച്ചുതളിന കനകദ്വീപമദ്ധ്യേ വിലാസം
തണ്ണുമാധുര്യശൃംഗാരിതനവനവസൗപ്പാംഗസംഗീസമതാ
കൊണ്ടാടപ്പെട്ടുപോയിടിന ഗുണഗരിമാപരണ്ടോ! കാമദേവ.
നണ്ടായിപ്പോൽ മഹാരാജനു മണിനഗരിമാനനീയാനരോവം. 3

കർപ്പൂരക്കളിമുറ, മുല്ലപന്തലാസ്ഥാനം, നിലാമുററം
പൊൽപ്പൂമണ്ഡപ മഞ്ജനക്കുളിനിലം, സൈരന്ധ്രിമണ്ഡലം,
ശില്പംചേർന്ന വിലാസശാല, കലഹപ്പാനാട്ടമെന്നിങ്ങിനെ
കല്പിച്ചെത്രമനോഹരം ഭവനവിന്യാസം മനോജാലയേ. 4

വാത്സ്യായനകളരി, കോകിലഗീതിശാല,
വാർത്താർചരണം പണിചെയ്ത രഹസ്യരംഗം,
പോത്തുംമധുവ്രതകലം മുരളും മണിക്കു-
ട്ടാരമാനമണ്ഡപമിതോ നടനാളിതാമം. 5

ഹേമാംഭോജവനി മനോഹരതരാകൃത്രാപി ദീർഘോല്ലസ-
ച്ഛ്യാമാ വാപിപരമ്പരകൃത്രിമശൈലകേതകികാനനം
സാമോദം നവമാലതീവിപിനമാണെങ്ങും ലോകത്രയം
കിഴ്മേലാക്കിയകല്പവൃന്ദമധുരാകൃത്രാപി ഭോമന്തികാ. 6

മാകന്ദത്തോപ്പിലും ചമ്പകവനമണിമുല്ലക്കളിത്തോപ്പു, തൈപോന്നാൻ
ഇക്കിളിചന്ദനത്തോപ്പുമതതു വനം കേസരം പുന്നാഗം
തുകളും കടകത്തോപ്പുഴർചിതവുമശോകങ്ങൾശ്രീവന്നുമോദേ.
മാഗേ തസ്യിൻ പ്രദേശേ നിഖിലജനമനോഹാരിമുല്ലാനജാതം. 7

നിലക്കവിന്യവിൻകൊടിമേൽക്കറുമ്പ
നാലഞ്ചുകൊടിമുറകാം തുകിലേന്തുമേൽ
പീലിപ്പണിപ്പന്തലിലാതതകരാം.
ജാലം വിതാനം വിതനോതി ശോഭം.

ഗദ്യം— ശിവശിവ!മലർചരണിനഗരശ്രീ മധുരിമപാരവതി നാൾതോറും? കപ്പൂരക്കൊണ്ടപ്പുരം നൽകല്ലണിയിരിക്കതാഗവ മുതൽ കടെത്തുണായിയിളയകരിമ്പുകളത്തെമുടെക്കുളത്തെക്കൊത്തുപ്പു കഴ കോലാഹലിതാമനുരക്കമാകേവലിതെയുകളിൽ കണ്ണിക്കൾടവ ശ്രീപ്പിലിവിടെകൊണ്ടുപട്ടികതട്ടിപ്പുറവകലോമാം പോൽപ്പുലക്കപ്പണപ

[illegible]

വിളക്കുകളും [illegible] വിവിധവിശേഷങ്ങൾ.

ശ്രീതാവും രാജധാന്യാം മലയജതരുഷണ്ഡങ്ങളും [illegible] വിളങ്ങും
പൂതോദ്യാനേ [illegible]
[illegible] പാദ്ഗുപാന്തേ
ആസാദ്യ [illegible] ത്രിഭുവനവിജയി [illegible] സലിലം 9

[illegible] വസന്തം, മലയപവനനും [illegible],
മന്ദംമന്ദം [illegible] മധുപകലം, കോകിലം, കേകിജാലം,
[illegible]
[illegible] 10

അംഭോജായുധ! നീ ജയിച്ചു ജഗതാമാനന്ദമേ! [illegible]
[illegible]! ജയ ജഗന്നാഥാ! ജയിച്ചീടു നീ

[illegible] പാകശാസനാപൂർണ്ണസൗന്ദര്യമേ! [illegible]
[illegible] നീ [illegible] [illegible]!

നളിനശരേ! നമസ്തു [illegible]! നമസ്തു
കിളിമൊഴികളു[illegible]! [illegible]!
ഉലകിൽ[illegible] കാമിനീകാമുകന്മാർ
നിലവിളി[illegible] [illegible] തമ്പിരാനേ! തൊഴുന്നേൻ. 11

നാലാശയും നിറഞ്ഞൊരാ [illegible] [illegible]
[illegible] പൂപൂത്തീടു[illegible]
[illegible] ശ്രീ ചാമരാലംകൃത
[illegible] ദിവ്യസിംഹാസനേ. 12

മൽപ്രേയസിയ്ക്കു കലഹം ബത മീതഴിഞ്ഞീ-
[illegible] ശരണാഗതൻ ഞാൻ
കർപ്പൂര[illegible] [illegible]
[illegible] [illegible] തരാവൂ. 13

പുഷ്കം പനിനീർ[illegible]
പഴുതെ ഞാൻ തവ കാഴ്ച[illegible]
[illegible]
[illegible] നിനക്കിതംഗജയോനേ! 14

[illegible] കല്ലിച്ചിത്ത ബത മദനാ! ഞാൻ നിനക്കെന്നെ[illegible]
നേരെ [illegible], [illegible] [illegible]
സാരസ്യം കൊണ്ടുതീരാ പുനരിതു കളിയും കാഴ്ചയും തന്നു പോരും
പാരമ്യം [illegible] മനമലിയെ[illegible] തന്നെ.

ഞാൻതന്ന [illegible] പനിനീർക്കയവും
[illegible]
കാൺ ദൈവമോ[illegible]
[illegible] [illegible] [illegible]
കണ്ടിവച്ചു തൊഴുതേൻ തവ[illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
പൊൽത്താർചരാ! പൊറുതിയില്ല നമുക്കിതെല്ലാം. 17

[illegible] 18

[illegible]

[illegible]

(തുടരും)

പലവക

[illegible]

[illegible]

മഹാമഹിമശ്രീ തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തി സ്മാരകമായി, അല്ലെങ്കിൽ തിരുമനസ്സിലെ പ്രജാവാത്സല്യത്തിന്റെ തന്നെ സ്മാരകമായി പല ഏർപ്പാടുകളും ചെയ്യാൻ അവിടത്തെ പ്രജകൾ വേണ്ടവിധം ശ്രമിച്ചു വരുന്നതു ഉചിതമായ കർത്തവ്യം തന്നെ.

* * * * * *

ചവിട്ടുവണ്ടി ഓടിക്കുവാൻ അധികം പരിചയം വരാതെ അതുണ്ടെന്നു അഭിമാനിക്കുന്ന ഒരാൾ ഒരു വണ്ടി ഓടിക്കുന്ന സമയം ഒരു സാധുവിന്റെ മേൽ കയറി പല പരിക്കുകളും പറ്റിയ ആ സാധുവിനോട്, "എന്റെ സൂക്ഷ്മക്കുറവു നിമിത്തം നിനക്കു വന്ന അപകടത്തിൽ ഞാൻ വ്യസനിക്കുന്നു. നിന്റെ ഈ നഷ്ടത്തിന് എന്തു നഷ്ടപരിഹാരം ഞാൻ തരേണ്ടതാണ്. എന്തുവേണം? എന്നു ചോദിച്ചപ്പോൾ 'നിങ്ങൾ സാധാരണയായി ഈ വക അപകടങ്ങൾക്ക്" എന്താണ് കൊടുക്കുക പതിവ്?' എന്നായിരുന്നു അവന്റെ ഉത്തരം.

ശ്രീമച്ചക്രവർത്തിസ്മാരകം

വിദിതപൂർവ്വമേവഹി ലോകാനാമേതത് യദിസെന്തത്രിവാന്ദ്രജ്യമഹാരാജഃ ശതേ ഷഡി മേഷമാസേ കാലധർമ്മവശാന്നൃകമാഗധേയതയാ ശരീരവിയോഗമവാപേതി. യോയമുചിതലോകരഞ്ജനസമാവർജ്ജന കലിതകൈലാസാഭിജനസാമ്രാജ്യസ്യ ഗുണാദിഭിസ്സന്തതസ്സ സകലജനമനോവിനോദനൈക ചതുരോമേധാവികളേവ സമുചിതപ്രസാദേന നിഖിലമപി ധരണിതലമഖിലകല്പ്പാനേവകാലമപാലയതസ്മാൻ. തദേതസ്യചരിതമവിലലിതാ പദ്യഗ്രന്ഥിളും ന പ്രഭവാമോവയം. യതോ നാസ്മാകമനാകാശസം സമ്പൂർണം ചാതും. തദാലോക്യതാം തൽകൃലലിതബല്ലാരകേഷ്വിഷ്വിഗ്ന്ദ്രതയാ മഹാമാത്രായമാനസ്മൃതിരുചിചിത്രിതാ ചിവിധാറ്റുന്നാമാഗ്രാഫാ.

കിന്തു സ്വാമിനിഷ്ഠാപരിപാലനാചാതുരീപരാഗതൈവ പ്രായശഃ സ്ത്രൈണമഖിലതദാരാതിസംഘം കിരതകുതൂഹലീഭവിഷ്യാമഃ. അസ്മിന്നസമഞ്ജസേപി പ്രാണോപായം നാദാപതിഭരേയാ വിജ്ഞാതിലോകാനാം ഇത്യുക്താനസമഞ്ജസകലശാതമനാതാതസ്യ. തദിലാസവികസിതമനസാമുചിതപ്രവൃത്തിരേവ സാമ്പ്രതിഷിക്തിഷിദിഹ പ്രചാര്യതേ.

[illegible] ചരിത്ര[illegible] [illegible] [illegible] (വൈസ
രോയി) പ്രഭൃതി[illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] (സംസ്ഥാന) പശ്ചാ
[illegible] [illegible] [illegible]
[illegible] വിവിധ[illegible] [illegible] [illegible]
[illegible] [illegible]
[illegible] വിദി
[illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] സകല
[illegible] [illegible] [illegible]
[illegible] [illegible] ഏവമിഹാപി (ശ്രീശിവപുരേ
പി) [illegible] [illegible]
[illegible] ശ്രീമ[illegible] (കൊച്ചിരാജ്യ) [illegible]
[illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] വിവിധ
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] പ്രതിദിനം [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] ശരണം.

ബഹുമാനം



6-ക വിലയുള്ളതായ ഒരു വാച്ച് വാങ്ങുന്നവർക്ക് 56 സാമാനങ്ങൾ ഇനാമായി കൊടുക്കപ്പെടും. [illegible] ഈ വാച്ച് നല്ല [illegible] വളരെ [illegible] പ്രകാശമുള്ളതായും [illegible] കണ്ണാടിയുള്ളതായും [illegible] ഇതിന്റെ വില 6-ക മാത്രമാണ്. ഈ വാച്ചോടുകൂടി [illegible] 56 സാമാനങ്ങൾ ഇനാമായും കൊടുക്കപ്പെടുന്നതാണ്.

സാമാനങ്ങൾ

[illegible], [illegible], വാച്ചുചെയിൻ, [illegible], [illegible], [illegible], കണ്ണാടി, [illegible], [illegible], [illegible] [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible], [illegible] 1, [illegible] 31, [illegible], [illegible] ആകെ 56.

ഫോട്ടോഗ്രാഫ് മോതിരം



ഈ മോതിരം എലക്ട്രിക് തങ്കത്തിനാലുണ്ടാക്കിയതാണ്. മേൽഭാഗത്തിൽ ചുകപ്പ്, പച്ച, വെള്ള, [illegible] വെച്ചിരിക്കും. ഇതിന്റെ [illegible] കല്ലു പ്രകാരം [illegible] വെച്ച് ഫോട്ടോഗ്രാഫ് പടം വെച്ചു [illegible] അടക്കിയിരിക്കുന്നു. ഇതിൽ നോക്കിയാൽ വലിയ രൂപങ്ങളോടു കൂടി [illegible] എഴുത്തുകൾ മുതലായതു വളരെ അതിശയമായിട്ടു കാണപ്പെടും. ഇതു വളരെ ആശ്ചര്യം തന്നെ. ഇത്ര ആശ്ചര്യമുള്ളതായ മോതിരം 1-ക്ക് വില 10-ണ മാത്രം. ഈ രണ്ടു സാധനങ്ങൾ ആവശ്യപ്പെടുന്നവർ തമിഴിലോ ഇംഗ്ലീഷിലോ താഴെ പറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെടേണ്ടതാണ്.

മേൽവിലാസം [illegible]— കനക ആൻഡ് കോ

പാർക്ക് ടൌൺ, മദ്രാസ്.

REGISTERED NO. M. 809

മംഗളോദയം

വരിസംഖ്യ	പരസ്യക്കൂലി
തപാൽകൂലി അടക്കം	വരി ഒന്നുക്കു ക. 0—8—0
ഒരു കൊല്ലത്തേക്കു മുൻകൂർ ക. 2—8—0	സ്ഥിരപരസ്യങ്ങൾക്കു പ്രത്യേക നിരക്കു നിശ്ചയിച്ചുകൊടുക്കും.
ടി. ആറുമാസത്തേക്കു ക. 1—6—0	☞ വരിസംഖ്യ അടക്കാതെ ഇരിക്കുന്നവർ, അവരവർ അടയ്ക്കേണ്ട സംഖ്യ ഉടനെ തീർത്തുതരേണ്ടതാണ്.
ഒറ്റപ്രതിക്കു ക. 0—4—0	മാനേജർ.
വി. പി. കമ്മീഷൻ പുറമെ.	

മംഗളോദയം കമ്പനി

തൃശ്ശിവപേരൂർ.

ഡയറക്ടർമാർ.

1. [illegible]
2. [illegible]
3. [illegible]
4. [illegible]
5. [illegible]
6. [illegible]
7. [illegible]
8. [illegible]
9. [illegible]

[illegible]

[illegible]

[illegible]

മാനേജർ.

പരസ്യം.

പുത്രോല്പാദനവിധി

ഈ പുസ്തകം അഷ്ടാംഗഹൃദയം, അഷ്ടാംഗസംഗ്രഹം മുതലായ പ്രാചീനഗ്രന്ഥസിദ്ധാന്തത്തെ സംഗ്രഹിച്ച് എഴുതിയതാണ്. ഇതുപ്രകാരം നടന്നാൽ സന്താനമുണ്ടാവാതിരിയ്ക്കയില്ല. ഉണ്ടാവുന്ന സന്താനത്തിന്ന രോഗാദിദോഷവുമുണ്ടാവുകയില്ല. ആയുസ്സ്, ബലം, ബുദ്ധി, വിദ്യ, യശസ്സ്, സൌന്ദര്യം, സൌഭാഗ്യം, സൌശീല്യം മുതലായ ഗുണങ്ങളും തികഞ്ഞിരിയ്ക്കും. സ്ത്രീപുരുഷസന്താനം ഇഷ്ടംപോലെയുണ്ടാവും. നപുംസകമുണ്ടാവുകയില്ല. ഇതിൽ പന്ത്രണ്ട് അദ്ധ്യായങ്ങളുണ്ട്. ൧. പ്രസ്താവന, ൨. ഋതുനിയമം, ൩. ശുക്ലാർത്തവദോഷചികിത്സ, ൪. വാജീകരണചികിത്സ, ൫. ആർത്തവവർദ്ധനചികിത്സ, ൬. ഉല്പാദനസ്വരൂപം, ൭. ഇഷ്ടസ്വരൂപം, ൮. ഉത്തമഗർഭധാരണം, ൯. പുംസവനചികിത്സ, ൧൦. ഗർഭരക്ഷ, ൧൧. പ്രസവരക്ഷ, ൧൨. സംക്ഷേപം. ഇതിൽ ഒടുവിലെ അദ്ധ്യായം മാത്രം നോക്കി പ്രവർത്തിച്ചാൽതന്നെ ഒരുമാതിരി ഉത്തമഫലം സിദ്ധിയ്ക്കും. ബുദ്ധിമാന്മാരാണെങ്കിൽ ശേഷം ഭാഗവും അവർക്ക് നല്ലവണ്ണം ഉപകരിയ്ക്കുന്നതാണ്. വില ൧൦ അണയാണ് നിശ്ചയിച്ചിട്ടുള്ളത്. രണ്ടു പുസ്തകം ഒന്നായി വാങ്ങുന്നവർക്ക് ഒരു പുസ്തകം കമ്മീഷൻ കൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നു. താഴെ പറയുന്നവരോടു ആവശ്യപ്പെട്ടാൽ പുസ്തകം കിട്ടുന്നതാണ്.

മേൽവിലാസം:—

1 ചെറുകന്നത്ത് വിദ്വാൻ നീലകണ്ഠൻനമ്പൂരി—ഊരകം

2 മാനേജർ, മംഗളോദയം കമ്പനി, ലിമിറ്റഡ്, തൃശ്ശൂർ.

എന്ന് ഗ്രന്ഥകർത്താവ്.



SRI RAMAKRISHNA PARAMAHAMSA.

മംഗളോദയം

[illegible]

പുസ്തകം ൨. | ഇടവമാസം | ലക്കം ൧൧

മംഗളം

[illegible]

ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ.

പുരാണങ്ങൾ.



ശാസ്ത്രസിദ്ധമായ പുരാണശബ്ദം 'പൂർവ്വകാലത്തുണ്ടായത്' എന്ന യൌഗികാർത്ഥത്തിന്നു വിരോധം വരാത്ത വിധത്തിൽത്തന്നെ വാല്മീകിരാമായണം, മഹാഭാരതം മുതലായവയെക്കൂടി പ്രതിപാദിക്കുന്നതാണെങ്കിലും പൌരാണികന്മാരുടെ പരിഭാഷപ്രകാരം പതിനെട്ടു മഹാപുരാണങ്ങളിലും പതിനെട്ടു ഉപപുരാണങ്ങളിലും മാത്രമാണ് ഈ പദത്തെ വ്യവസ്ഥാപിച്ചിരിക്കുന്നത്. അതുകൊണ്ടു ലൌകികവ്യവഹാരവിഷയങ്ങളായ പുരാണങ്ങളെ മഹാപുരാണങ്ങൾ, ഉപപുരാണങ്ങൾ, ഇതിഹാസങ്ങൾ എന്നിങ്ങിനെ മൂന്നുവിധം അവർ തിരിച്ചിരിക്കുന്നു. നാരദസംഹിതയിൽ.

'[illegible]
[illegible]'

ഏഴു പറഞ്ഞിട്ടുള്ള പുരാണലക്ഷണം മഹാപുരാണങ്ങൾക്കും ഉപപുരാണങ്ങൾക്കും പൊതുവെ ഉള്ള ലക്ഷണമാണ്. മഹാപുരാണമാവണമെങ്കിൽ സർഗ്ഗം, വിസർഗ്ഗം, വൃത്തി, രക്ഷ, മന്വന്തരം, വംശം, വംശാനുചരിതം, സംസ്ഥ, [illegible], മോക്ഷം ഇവയെപ്പററി നിരൂപണം ചെയ്തിരിയ്ക്കണമെന്നാണ് പൌരാണികസിദ്ധാന്തം. എന്നാൽ ബ്രഹ്മവൈവർത്തപുരാണത്തിൽ

> [illegible]
> [illegible]
> [illegible]
> [illegible]

ഇത്യാദിയായി വേറെയും ഒന്നരണ്ടു ലക്ഷണങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും, അവ നിർവ്വാദമായി സ്വീകരിച്ചിട്ടില്ല. ഇനിപ്പറ വിഷയങ്ങൾ പ്രതിപാദിച്ചിട്ടുണ്ടായിരിയ്ക്കണമെന്നുള്ള നിർബ്ബന്ധം ഒഴികെ മറ്റെല്ലാ അംശങ്ങൾകൊണ്ടും പുരാണതുല്യമായിട്ടുള്ളതാണ് ഇതിഹാസം. ഇവയിൽ മഹാപുരാണങ്ങൾ പതിനെട്ടിന്റെയും മഹാഭാരതത്തിന്റെയും കർത്താവു വേദവ്യാസമഹർഷിയാണ്. അവയെല്ലാം കൂടി നാലു ലക്ഷം ഗ്രന്ഥമുണ്ട്. ഉപപുരാണങ്ങൾ മുതലായതു വാല്മീകി, [illegible] ഇങ്ങിനെ [illegible] ഋഷീശ്വരന്മാരാണ് നിർമ്മിച്ചിട്ടുള്ളത്. എല്ലാം കൂടി ഒന്നര ലക്ഷത്തോളം ഗ്രന്ഥമുണ്ട്. എല്ലാ പുരാണത്തിലും ഇതിഹാസത്തിലും സംഹിത, ആഖ്യാനം, ഉപാഖ്യാനം, ഗാഥ, കല്പശുദ്ധി ഇങ്ങിനെ അഞ്ചു ഭാഗങ്ങളുണ്ടായിരിയ്ക്കും. ഒരു പുരാണത്തിൽ ഏതംശത്തിനു പ്രാധാന്യം കല്പിച്ചിരിയ്ക്കുന്നുവോ ആ അംശമാണ് സംഹിത. വക്താവിനു കണ്ടറിവുള്ള സംഗതിയെ പറയുന്ന ഭാഗം ആഖ്യാനവും, കേട്ട സംഗതിയെ പറയുന്നതു ഉപാഖ്യാനവുമാകുന്നു. പൃഥ്വി മുതലായ [illegible] അവതാരം [illegible] ലോകത്തെ [illegible] പ്രതിപാദിയ്ക്കുന്നതുമായ ഭാഗത്തിനാണ് ഗാഥയെന്നു പറയുന്നത്. ശ്രാദ്ധകല്പം മുതലായ വിധികളെ നിർണ്ണയിയ്ക്കുന്ന ഭാഗം കല്പശുദ്ധിയാണ്. രാമായണം, ഭാരതം മുതലായതിൽ ശ്രീരാമപാണ്ഡവാദികളുടെ ചരിത്രം പറയുന്ന ഭാഗം സംഹിതയും, വിശ്വാമിത്രൻ, നളൻ മുതലായവരുടെ ചരിത്രങ്ങൾ ആഖ്യാനോപാഖ്യാനങ്ങളും '[illegible]' ഇത്യാദിയായി [illegible] കാണിയ്ക്കുന്ന ശ്ലോകങ്ങൾ ഗാഥകളും [illegible] മുതലായതു കല്പശുദ്ധിയുമാകുന്നു എന്നും പറഞ്ഞുകൊണ്ടു പ്ര

രാണങ്ങളുടെ സാമാന്യമായ സ്വരൂപം ഇന്നതാണെന്നു ചുരുക്കത്തിൽ അറിയാമല്ലോ. ഇനി ഇവയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ, ലോകദൃഷ്ട്യാ നോക്കുമ്പോൾ അവയ്ക്കുള്ള ഉപയോഗങ്ങളെ, പ്രതിപാദനരീതി, പ്രാമാണ്യം ഇവയെക്കുറിച്ച് ആലോചിക്കാം.

പുരാണങ്ങളെല്ലാം വേദമൂലകമാണെന്നു മാത്രമല്ല.

> '[illegible]
> [illegible]'

എന്നുള്ള സ്കാന്ദപുരാണവചനംകൊണ്ടും,

> '[illegible]
> [illegible]'

എന്ന ബ്രഹ്മാണ്ഡപുരാണവചനംകൊണ്ടും പതിനെട്ടു പുരാണങ്ങളും വാസ്തവത്തിൽ ബ്രഹ്മാണ്ഡപുരാണമെന്ന ഒന്നിന്റെ തന്നെ അംശങ്ങളാണെന്നും ആ പുരാണം അഞ്ചാമത്തെ വേദമാണെന്നും സിദ്ധാന്തിച്ചിരിക്കുന്നു. എന്നാൽ വേദത്തിന് എത്രയും ദുരൂഹമാണെന്നുള്ളതുകൊണ്ട്, ഏതെങ്കിലും ഒരു പുരാണത്തിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങളെങ്കിലും വേദത്തിൽ മുഴുവൻ സംഗ്രഹിച്ചിട്ടില്ലെന്നു തീർച്ച പറവാൻ സാധിക്കുന്നില്ലെന്നു മാത്രമേ ഈക്കാര്യത്തിൽ സമാധാനം കാണുന്നുള്ളൂ. അഞ്ചാമത്തെ വേദമാണ് പുരാണമെങ്കിൽ ഇതിനെയൊരു വേദംപോലെ ചൊല്ലി പാഠമായി ഒരു ശ്രോതസ്സു മനുഷ്യവർഗ്ഗത്തിൽ ഉൾപ്പെട്ടുവരാനും ഉണ്ടാകാനില്ലെന്നു തീർച്ച പറയാം. ഏതെങ്കിലും ഒരു പുരാണത്തിലടങ്ങിയ വിഷയങ്ങളുടെ ക്രമപ്രകാരമുള്ള പരിശോധനയാൽത്തന്നെ ഈ ബോധം വല്ലാതെ നീണ്ടുപോകുന്നതാണ്. അതുകൊണ്ടു ചുരുക്കത്തിൽ വിവരിപ്പാൻ മറ്റൊരു വഴിയും തിരിച്ചറിവാനുള്ള നിവൃത്തി കാണുന്നുള്ളൂ.

മനുഷ്യവർഗ്ഗത്തിനുപയോഗപ്രദങ്ങളായ സകല സാഹിത്യങ്ങളെയും, ത്രയി, വാർത്ത, ദണ്ഡനീതി എന്നിങ്ങനെ മൂന്നിനത്തിൽ ഉൾപ്പെടുത്താവുന്നതാകുന്നു. തത്ത്വശാസ്ത്രങ്ങളുടെ അവാന്തരവിഭാഗങ്ങളായ വേദാന്തം, സാംഖ്യം, യോഗം, ന്യായം, സാഹിത്യം മുതലായ സകല ജ്ഞാനശാസ്ത്രങ്ങളും ഭൂഗോളശാസ്ത്രം, ജ്യോതിഷം, പ്രകൃതിശാസ്ത്രം, വ്യാകരണം, കല്പം മുതലായ തത്വവിശേഷശാസ്ത്രങ്ങളും ത്രയീവർഗ്ഗത്തിൽ പെട്ടവയാണ്. ഉപജീവനമാർഗ്ഗങ്ങളായ കൃഷിവാണിജ്യാദികളും, ഉപജീവിക്കുന്ന മാതിരികളായ വർണ്ണാശ്രമധർമ്മങ്ങളിലെ വിഭാഗങ്ങളും മറ്റു സംബ

ന്ധമായ ശരീരശാസ്ത്രം മുതലായവയുമാണ് വാൎത്ത എന്നു പറയുന്നത്. ആ
യുധതന്ത്രങ്ങളും തൽസംബന്ധമായ ധൎമ്മശാസ്ത്രഭാഗങ്ങളും ദണ്ഡ
നീതിയിൽപ്പെടുന്നവയാകുന്നു. ഈ മൂന്നു വൎഗ്ഗത്തിൽപ്പെട്ട സകല സംഗ
തികളുടേയും പരിപൂൎണ്ണമായ ജ്ഞാനം ഏതെങ്കിലും ഒരു വിദ്യകൊണ്ടു
ണ്ടാകുന്നെങ്കിൽ അതു വിദ്യ പുരാണം മാത്രമാണ്.

> 'അംഗാനി വേദാശ്ചത്വാരോ മീമാംസാ ന്യായവിസ്തരഃ
> ധൎമ്മശാസ്ത്രം പുരാണം ച വിദ്യാ ഹ്യേതാശ്ചതുൎദ്ദശ'

എന്നുള്ള വിദ്യാപരിഗണനാപദ്യത്തിൽ പുരാണത്തെ പതിനാലു വിദ്യ
കളിൽ ഒന്നു മാത്രമായിട്ടാണ് പറഞ്ഞിട്ടുള്ളതെങ്കിലും മറ്റു പതിമ്മൂന്നു വി
ദ്യകൊണ്ടും ഉണ്ടാകാത്ത സകല ജ്ഞാനവും പുരാണംകൊണ്ടുണ്ടാകണ
മെന്നുള്ള അഭിപ്രായത്തോടു കൂടിയാണ് പുരാണത്തെ ഒടുവിൽ ഗണിച്ചിട്ടു
ള്ളതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എന്നാൽ പ്രത്യേകം ഓരോ പുരാ
ണത്തിൽനിന്നു ഈ മൂന്നു വൎഗ്ഗത്തിൽപ്പെട്ട എല്ലാ വിഷയങ്ങളുടേയും പൂ
ൎണ്ണമായ ജ്ഞാനം ഉണ്ടാകയില്ലെങ്കിലും എല്ലാം കൂട്ടി നോക്കാതെ ഒരു
പുരാണവുമില്ല. ഓരോ വിഷയങ്ങളുടെ വിസ്താരം ഓരോന്നിലായിരിക്കു
മെന്നേ ഉള്ളൂ. നാരദീയം, കൂൎമ്മപുരാണം മുതലായതിൽ സംക്ഷേപമായി
പറഞ്ഞിട്ടുള്ള സൃഷ്ടിക്രമത്തെ ബ്രഹ്മാണ്ഡം, മാൎക്കണ്ഡേയം മുതലായ
തിൽ എത്രയും സ്പഷ്ടമായ വിധം വിസ്തരിച്ചിരിക്കുന്നു. ജ്യോതിൎഗ്ഗണങ്ങ
ളായ ചന്ദ്രനക്ഷത്രാദികളുടെ സഞ്ചാരക്രമത്തെ നിൎണ്ണയിച്ചിട്ടുള്ള സകല
ജ്യോതിഷഗ്രന്ഥങ്ങൾക്കും വിഷ്ണുപുരാണമാണ് ബീജമായിട്ടുള്ളത്. ദണ്ഡ
നീതിയിൽപ്പെട്ട രാജധൎമ്മം, യുദ്ധവിധി മുതലായ രാജനീതികളും, അ
ൎത്ഥശാസ്ത്രസംബന്ധമായ കൃഷി, കച്ചവടം, അശ്വലക്ഷണം, ഗജലക്ഷ
ണം, രത്നലക്ഷണം മുതലായതും വിഷ്ണുപുരാണം, വായുപുരാണം, അഗ്നി
പുരാണം ഇവയിലെ വിസ്തൃതവിഷയങ്ങളാണ്. വൎണ്ണാശ്രമധൎമ്മങ്ങളും
ഓരോ ജാതിക്കാൎക്കുള്ള വൃത്തികളും പലവിധത്തിലുമുള്ള യന്ത്രങ്ങളും ഔ
ഷധങ്ങളും സ്ത്രീപുരുഷധൎമ്മസംബന്ധമായ തത്വങ്ങളും വിസ്തരിച്ചിട്ടുള്ള
തു കൂൎമ്മപുരാണത്തിലും സ്കാന്ദപുരാണത്തിലുമാണ്. അഗ്നിപുരാണത്തിൽ

> '[illegible]'
> '[illegible]'
> '[illegible]
> [illegible]'

എന്നു തുടങ്ങി സൂക്ഷ്മഗ്രാഹകമായും സ്പഷ്ടമായും ഉള്ള രീതിയിൽ വിസ്ത

ിപ്പിട്ടുള്ളതാണ് സാഹിത്യശാസ്ത്രം. ആയുർവ്വേദസംബന്ധമായ നിദാനം, ചികിത്സ, ദ്രവ്യഗുണങ്ങൾ, ഔഷധസംസ്കാരങ്ങൾ ഇവയും സാമുദ്രികാശാസ്ത്രം, സംഗീതശാസ്ത്രം, വ്യാകരണരീതി, മന്ത്രശാസ്ത്രം മുതലായവയും ഗാന്ധർവത്തിലെയും, ശില്പശാസ്ത്രസംബന്ധമായ വിധികൾ മത്സ്യത്തിലെയും പ്രധാനവിഷയങ്ങളാണ്. ഗോത്രം, കാലം ഇവയുടെ സ്വഭാവങ്ങൾ നല്ലവണ്ണം വിസ്തരിച്ചിട്ടുള്ളതു ബ്രഹ്മാണ്ഡപുരാണത്തിലാകുന്നു. ഇതിനെ അധികം വിസ്തരിച്ചു തുടങ്ങിയാൽ അവസാനിയ്ക്കാത്തതിനാൽ ലോകത്തിൽ ഉണ്ടായതും ഉള്ളതും ഉണ്ടാവാനിരിയ്ക്കുന്നതുമായ സംഗതികളെല്ലാം പുരാണംകൊണ്ട് അറിയാമെന്നു പറഞ്ഞു തൽക്കാലത്തെ വിഷയത്തിലേയ്ക്കു കടക്കുകയായിരിയ്ക്കും നല്ലത്.

മുമ്പു കേട്ടിട്ടോ കണ്ടിട്ടോ ഇല്ലാത്ത സംഗതികളെ കേൾക്കുന്നതിലും കാണുന്നതിലും മനുഷ്യർക്ക് ആഗ്രഹം ഉണ്ടാകുന്നതു മനസ്സിന്റെ അസ്വതന്ത്രസ്ഥിതികൊണ്ടാകട്ടെ കൗതുകസ്വഭാവംകൊണ്ടാകട്ടെ; ഏതായാലും അത് മനുഷ്യർക്കധികം സഹജമായിട്ടുള്ളതാണ്. അതിനാൽ ഏതു വിഷയവും അതിന്റെ സ്വരൂപം, ലക്ഷണം മുതലായ അംശങ്ങളെമാത്രം കാണിച്ചുകൊണ്ട് ഉപപാദിക്കുന്ന രീതിയെക്കാൾ കഥാസംബന്ധമായ സംഗതികളോട് ഇടകലർത്തികാണിക്കുന്ന രീതിയാണ് അധികം ഹൃദയംഗമമായിട്ടുള്ളതെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. ഗ്രന്ഥങ്ങളായ അനേകം ശാസ്ത്രങ്ങളിൽ ഏകാഗ്രമായി മനസ്സു പ്രവേശിപ്പിച്ചു പ്രയാസപ്പെടുന്നതുകൊണ്ടുണ്ടാകുന്ന ഫലത്തിന്നു പുറമെ അസംഖ്യം ലോകതത്വങ്ങളുടെയും ആചാരങ്ങളുടെയും വകതിരിവുംകൂടി ഉണ്ടാക്കിത്തരുവാൻ വേണ്ടി വിനോദംപോലെ നമ്മുടെ ബുദ്ധിയെ ആകർഷിക്കുന്നതിന്നുള്ള ശക്തി പുരാണത്തിന്നുണ്ട്. വിധി, നീതി, സദാചാരം മുതലായ സംഗതികളെ അതാതിന്റെ സ്വരൂപം മാത്രം പറയുന്നതിനേക്കാൾ ദൃഷ്ടാന്തത്തോടുകൂടി കാണിക്കുന്നതുകൊണ്ടു ഗ്രഹിപ്പാൻ എളുപ്പവും ജ്ഞാനത്തിന്നുറപ്പും അധികം ഉണ്ടാകുമെന്നുള്ളത് അനുഭവമാണെങ്കിൽ അപ്രകാരം സകലവിഷയങ്ങളും അനുഭവപ്പെടുന്നതു പുരാണംമൂലമുള്ള പ്രയോജനവുമാണ്.

മറ്റൊരു തത്വങ്ങളെ ഉചിതങ്ങളായ സന്ദർഭങ്ങളിൽ തരംപോലെ പ്രതിപാദിപ്പിയ്ക്കുന്ന ആ മഹർഷിപുംഗവന്മാരുടെ ചാതുരിയുള്ള ശൈലി മനോവേഗങ്ങൾക്കനുസരിച്ചായിരിയ്ക്കുന്നു. സജ്ജനങ്ങളാൽ വിചാരിച്ചു ബുദ്ധിമാന്മാരായ ആളുകൾ മനോവൃത്തിയെ വീണ്ടും ധ്യാനത്തിലേക്കു തിരിക്കുന്നതിൽ ഗീതാപാരായണംകൊണ്ടല്ലാതെ മനോനിയന്ത്രണംകൊണ്ടും സാ

ധിക്കില്ലെന്ന് ആ ധീരോദാത്തനായകന്റെ മനോധൈര്യത്തെ അറിഞ്ഞ
വർക്ക് എത്ര സ്പഷ്ടമായി ബോധ്യപ്പെടുന്നു. കുട്ടികളെ തൊട്ടിലിൽ കിടത്തി
കളിപ്പിക്കാൻ പാട്ടുപാടുന്നതു ബ്രഹ്മജ്ഞാനോപദേശമാക്കിത്തീർത്ത മദാലസയു
ടെ വിഷയവിരക്തിയും പാതിവ്രത്യനിഷ്ഠയും ശ്രോതാക്കന്മാരുടെ മനസ്സി
ൽ പ്രതിബിംബിച്ചു പകർപ്പാകുന്നതിന്ന് ആ ഉത്തമസ്ത്രീയുടെ പുനർജ്ജ
ന്മസംസർഗ്ഗം കൊടുത്തിട്ടുള്ള ശക്തിയ്ക്കു അവസാനമുണ്ടോ?

'നരഃ പ്രത്യുപകാരായ വിപത്തിമഭികാംക്ഷതി' എന്ന ലോകതത്വം
അഭിഷേകം കഴിഞ്ഞു വാനരന്മാരെ യാത്രയയയ്ക്കുന്ന ശ്രീരാമനാണ്
പറയുന്നത്; അതു ഹനൂമാനോടുമാണ്; എന്നതുകൊണ്ട് ആ തത്വ
ത്തിനു വന്നിട്ടുള്ള ഗൌരവം ബലവും വിചാരിക്കേണ്ടതാവും വലിപ്പമെന്നാ
ണോർക്കു! ഇതിനെ ഏതുഭാഗം നോക്കിയാലും പരമാനന്ദമായിരിക്കുന്ന
പുരാണം ഒരു മഹാത്മാവിന്റെ അനേകകാലം ചെയ്ത തപസ്സിന്റെ ഫലമാ
യിരിക്കാമെന്ന സഹൃദയന്മാർക്ക് തോന്നിപ്പോകുന്നതിൽ അത്ഭുതമില്ല. മ
നോവ്യാപാരവിശേഷങ്ങളെ വർണ്ണിക്കുന്ന സമ്പ്രദായം കാണുമ്പോൾ അതുത
ന്നെയാണ് പരമോൽകൃഷ്ടമെന്നു പറയാം. ഇതിന്നുദാഹരണം കാണിപ്പാൻ
പുറപ്പെട്ടാൽ അദ്ദേഹത്തിന്റെ സകലവർണ്ണനകളും പകർത്തേണ്ടതായിട്ടാണ് ഇ
രിക്കുന്നത്. എങ്കിലും ഗ്രന്ഥവിസ്താരത്തിനെ ഭയന്ന് ഒന്നുമാത്രം താഴെ ചേ
ർത്ത് ഈ പ്രകൃതവും അവസാനിപ്പിക്കാനേ നിവൃത്തിയുള്ളൂ. പാത്മപുരാ
ണത്തിൽ താരകാമയഖണ്ഡത്തിലെ വിഷ്ണുവിനെ നോക്കുക:—

> '[illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible]
> [illegible].'

ഇനി ഈ പുരാണങ്ങളുടേയും അവയിൽ ഉൾപ്പെട്ട ഓരോ ഭാഗ
ങ്ങളുടേയും പ്രാമാണ്യചിന്തയെന്ന നിലയിലേക്കാണ് കടക്കുന്നത്. ഈ
നിലയിൽ അല്ലാതെങ്കിലും നിർണ്ണയമെങ്കിൽ പല ഗ്രന്ഥങ്ങളും
കണ്ടിരിക്കേണമെന്ന് എനിക്ക് താല്പര്യം തോന്നിയാലും, എന്നുള്ളതുകൊണ്ടു

ന്നാൽ — വേദത്തിലുള്ള അന്തർവാദങ്ങളെത്തന്നെയാണ് പുരാണങ്ങളിൽ അ
ധികം വിസ്തരിച്ചിട്ടുള്ളതെന്നും അന്തർവാദങ്ങളെല്ലാം വിധിവാക്യങ്ങളിൽ
പറയുന്ന സംഗതികൾക്ക് പ്രശസ്തതയെ സൂചിപ്പിക്കുക മാത്രമാണ് ചെ
യ്യുന്നതെന്നും അതുകൊണ്ടു സദാചാരം അനുഷ്ഠിക്കേണ്ടതും ദുരാചാരം
വർജ്ജിക്കേണ്ടതുമാണെന്ന തത്വത്തെ, രാമനെപ്പോലെ ആചരിക്കണം; രാ
വണനെപ്പോലെ ആചരിക്കരുത്; എന്നു മുതലായ ദൃഷ്ടാന്തങ്ങളോടുകൂടി
ഉപദേശിക്കുകമാത്രമാണ് പുരാണം ചെയ്യുന്നതെന്നും, രാമരാവണാദികൾ
വാസ്തവത്തിൽ ജനിച്ചിട്ടോ പുരാണങ്ങളിൽപറയുംപ്രകാരം പ്രവർത്തിച്ചി
ട്ടോ ഉണ്ടെന്നുള്ള ചരിത്രസംബന്ധമായ സംഗതികളിൽ പുരാണകർത്താ
ക്കന്മാർ ശ്രദ്ധവെച്ചിട്ടില്ലെന്നും ചില ശാസ്ത്രകാരന്മാരുടെ അഭിപ്രായം. ഭൂ
ഗോളം, ജ്യോതിശ്ചക്രം മുതലായതിനെപ്പറ്റി [illegible] ഓരോ പുരാണ
ങ്ങളിൽ ഓരോ വിധത്തിലാണ് പറഞ്ഞിട്ടുള്ളത് എന്നുമാത്രമല്ല ശ്രീകൃഷ്ണ
ൻ, ശ്രീരാമൻ മുതലായ നായകന്മാരുടെ കഥയുംകൂടി പരസ്പരം വ്യത്യാ
സപ്പെട്ടുകൊണ്ടുകാണുന്നു. അതുകൊണ്ടു പുരാണത്തിൽ പറയുന്നതു പ്ര
മാണമല്ലെന്നു വേറെ ചിലർ. കല്പങ്ങൾ, മന്വന്തരങ്ങൾ, ചതുർയുഗങ്ങൾ;
ഇപ്പോൾ ഇരുപത്തെട്ടാമത്തെ ചതുർയുഗം; അതിൽ കലിയുഗം; എന്നെ
ല്ലാം ഘോഷങ്ങളാണ് പുരാണങ്ങളിലുള്ളത്. ഭൂമിയിൽ മനുഷ്യർ പാർത്തു
തുടങ്ങീട്ടു [illegible] ആറായിരം ദിവസമാണ് ([illegible]
ണ്ടു; നിങ്ങൾ മുന്നു പറഞ്ഞിരുന്ന കാലത്തേക്കാൾ അധികം പഴക്കമുള്ള
ലിഖിതങ്ങൾ കിട്ടിയതായി ഇപ്പോൾ നിങ്ങൾ തന്നെ പറയുന്നുണ്ടല്ലോ) എ
ന്നു മതാന്തരക്കാർ. പുരാണങ്ങളിൽ ആധ്യാത്മികങ്ങളായും ലൗകി
കങ്ങളായുമുള്ള തത്വങ്ങൾ ഉപപാദിക്കുന്നതു ശരിയായിട്ടുള്ളതാണെങ്കിലും
അവയിൽപറയുന്ന കഥകൾക്ക് പരസ്പരവിരോധം കാണുന്നതിനെ കല്പഭേ
ദംകൊണ്ടു പരിഹരിക്കുന്നതു നിസ്സാരമാണെന്നും അതിശയോക്തികൂടാ
തെ പുരാണത്തിൽ ഒരു സംഗതിയും കാണുന്നില്ലെന്നും ചില മധ്യമപക്ഷ
ക്കാർ. ഇങ്ങിനെയുള്ള പലമതത്തിലും എതിരാളികൾ ഇവിടെ ഉണ്ടെന്നു
ള്ളത് [illegible] സംഗതിയാണ്. എങ്കിലും ഉദാസീനനായിനിന്നുകൊണ്ടു
നോക്കിക്കാണുന്നതിന് ആർക്കും സാധിതമാവില്ലെന്ന കാര്യം [illegible]
ആലോചിക്കാം. യുക്തിപൂർവ്വമായി നോക്കുമ്പോൾ കാലപരിമാണം എ
ത്രയോ വലുതാണെന്ന് ഏവർക്കും സമ്മതിക്കാതെ കഴിയില്ല. ഒരു കൃഷ്ണ
[illegible] ഇടങ്ങിയാൽ മന്ദമാതിരി ഗതിയെ അവലംബിച്ചുകൊണ്ട്
ആ ഭാഗങ്ങളുതന്നെ വന്നുചേരുന്ന ആകാരവിശേഷത്തിനാണല്ലോ വൃ

ത്താകാരമെന്നും ചക്രമെന്നും പറയുന്നത്. ഒരു ദിവസത്തെ സൂര്യോദയം
തുടങ്ങി പിറ്റത്തെ ഉദയംവരെയുള്ള സമയത്തിൽ സാമാന്യമായി എന്തെ
ല്ലാം പ്രകാരങ്ങൾ അന്തർഭവിച്ചിരിക്കുമോ ആ പ്രകാരങ്ങൾ തന്നെയാണ്
രണ്ടാമത്തെ ഉദയംമുതൽ മൂന്നാമത്തെ ഉദയം വരെയുള്ള സമയത്തിലും
അന്തർഭവിച്ചിരിക്കുന്നത്. ഇതുകൊണ്ടു ദിവസരൂപമായ കാലഭാഗം ചക്രാ
കാരമാണെന്നുവന്നുവല്ലോ. ഇതിനെ പതിനഞ്ചു ദിനചക്രം ചുററിക്കഴി
ഞ്ഞാൽ പിന്നെ പതിനഞ്ചു ദിനചക്രങ്ങളുടെ തിരിച്ചിലിൽ ചില സംഭ
വങ്ങൾ വ്യത്യാസപ്പെട്ടുകാണുന്നു. ആ മാററങ്ങളും ശരിയായി ചക്രാകൃതി
യിൽ തന്നെ വന്നുകാണുകയും ചെയ്യുന്നു. അപ്പോൾ പക്ഷമെന്നുപറയു
ന്ന കാലഭാഗവും ചക്രാകാരമാണെന്നു വിശ്വസിക്കാം. ഇപ്രകാരം മാ
സം, ഋതു, അയനം, വത്സരം ഇവയെല്ലാം ചക്രാകാരമാണെന്നു തീർച്ച
പ്പെട്ടിട്ടുണ്ടല്ലോ. ഹാലിയുടെ ധൂമകേതുഎന്നു പാശ്ചാത്യന്മാർ പറയുന്ന
ധൂമകേതുവിന്റെ വത്സരചക്രം എഴുപത്തഞ്ചു പ്രാവശ്യം തിരിഞ്ഞാലാണ്
കാണുന്നതെന്നുവന്നാൽ ആ എഴുപത്തഞ്ചു വത്സരമെന്ന കാലഭാഗവും ച
ക്രാകാരമാണെന്നു തീർച്ചയായില്ലേ. ഈ രീതിയിൽ കലി, ദ്വാപരം, ചതുര്യു
ഗം, മന്വന്തരം, കല്പം ഇവയെല്ലാം ചക്രാകാരങ്ങളായ മഹാകാലഭാഗങ്ങ
ളാണെന്നും കല്പചക്രം മുപ്പതുതവണ തിരിയുമ്പോഴാണ് മഹാകാല
ചക്രം ഒരു പ്രാവശ്യം തിരിയുന്നതെന്നും വിശ്വസിപ്പാൻ ധാരാളം യുക്തി
യുണ്ടല്ലോ. ധൂമകേതുവിനെ രണ്ടു പ്രാവശ്യം കണ്ടമാർ ആയുസ്സുണ്ടായ
രാളുടെ ഡയറിയിൽ കാണുന്ന വാസ്തവവിശേഷങ്ങൾ ശരിയല്ലെന്നു മു
പ്പതു സംവത്സരം മാത്രം ആയുസ്സുള്ള ഒരുവൻ നിഷേധിച്ചാൽ അതു വ
സ്തുസ്ഥിതിക്കു നിരക്കുന്നതാവാൻ തരമില്ലെന്നാണ് തോന്നുന്നത്. മേൽപ്ര
സ്താവിച്ച യുക്തികൊണ്ടുതന്നെ കല്പചക്രത്തിന്റെ ഓരോ തിരിച്ചലിൽ
അപൂർവ്വങ്ങളായ ചില മാററങ്ങൾ സംഭവിച്ചുതിരിച്ചുവരാനും വഴികാണുന്നി
ല്ല. ദിനചക്രത്തിന്റെ ഒരു തിരിച്ചിലിൽ ഒരു ചെടിയിൽ പത്തു പൂവു
ണ്ടായിരുന്നുവെങ്കിൽ പിറ്റത്തെ തിരിച്ചിലിൽ ഒമ്പതോ പതിനൊ
ന്നോ ആയിവരുന്നത് അസംഭാവ്യമല്ലല്ലോ. അതുപോലെ ഒരു മന്വ
ന്തരത്തിൽ സപ്തർഷികൾ മരീചി മുതലായവരാവാനും മറെറാന്നിൽ ഭൃ
ഗുമുതലായവരായിത്തീരുവാനും, ഒരു കല്പചക്രത്തിരിച്ചിലിലെ രാമായണ
ത്തിൽ ഹനൂമാൻ സമുദ്രം ചാടുവാനും മറെറാന്നിൽ അംഗദൻ ചാടുവാനും യാ
തൊരു യുക്തിഭംഗവും കാണുന്നില്ല. ഭൂഗോളം മുതലായതിനെപ്പററി പാ
ണ്ടിട്ടുള്ളതിലും വഴി ഇതുതന്നെ. ദിവ്യചക്ഷുസ്സ് മുതലായ അത്ഭുതകാല

ആകെ ഈ ആക്ടിൽ 20 വകുപ്പുകൾ ഉണ്ട്. അവകളുടെ സാരം താഴെ വിവരിക്കുംപോലെയാണ്.

1. ഈ ആക്ട് മലബാറുജില്ലയ്ക്കു മുഴുവനും ബാധകമെന്ന്

2. 1887-ൽ 1-ാം നമ്പ്രാക്ട് റദ്ദാക്കി

3. കുടിയാന്റെയും ചമയത്തിന്റെയും ലക്ഷണം

4. ഏതെല്ലാം ചമയമാണെന്ന് ഊഹിക്കപ്പെടേണമെന്ന്

5. ഒഴിപ്പിക്കപ്പെടുമ്പോൾ കുടിയാന്ന ചമയവിലയ്ക്കവകാശമുണ്ടെന്ന്

6. ചമയവില കൊടുക്കുമ്പോൾ മാത്രമേ ഒഴിയേണ്ടുവെന്ന വിധിപ്പാൻ പാടുള്ളു എന്നും വിധിച്ചു ശേഷം ഒഴിപ്പിച്ചുംകൊണ്ടു വരുമ്പോളുള്ള ചമയങ്ങളുടെ വിലയെപ്പററിയും

7. ചമയങ്ങളെപ്പററി തീർച്ചപ്പെടുത്തിയതു കുടിയാൻ നീക്കം ചെയ്യുന്ന സംഗതി

8. കോടതി ചമയവില തീർച്ചപ്പെടുത്തുവാൻ സഹായത്തിന്ന് അസ്സെസ്സർമാരെ നിയമിപ്പാൻ ഗവർമ്മെണ്ട റൂൾസ്സ് ഉണ്ടാക്കാമെന്ന്

9. കൊല്ലംതോറും ഒഴിപ്പിക്കുന്ന ചമയങ്ങളുടെ വില

10. കുടിയാഴ്മകാലത്ത് ഉണ്ടായ വ്യവസായസ്ഥിതികൾക്ക ചമയവില നിശ്ചയിക്കേണ്ട മാതിരി

11. വേറെ മാതിരി ചമയങ്ങൾ

12. ചമയവില തീർച്ചയാക്കുന്നതു കുടിയന്ന് ഏററവും അനുകൂലമായ മാതിരിയിൽ വേണമെന്ന്

13. കുഴിക്കൂറുകളെ കാത്തു രക്ഷിച്ച കൂലി കൊടുപ്പിക്കൽ

14. ചമയവില നിരക്കുപട്ടിക ഉണ്ടാക്കുവാൻ ഗവർമ്മെണ്ടിന്നധികാരം

15. ആദായങ്ങളുടെ വില നിശ്ചയിപ്പാൻ മേൽപ്രകാരം പട്ടിക

16. മേപ്പടി പട്ടികയില്ലാത്ത പക്ഷം കഴിഞ്ഞ 10 കൊല്ലത്തെ ശരാശരി വില നോക്കേണമെന്ന്

17. പട്ടികകൾ ഗസററിൽ പ്രസിദ്ധം ചെയ്യേണമെന്ന്

18. കുഴിക്കൂറുകൾ അധികം തിരക്കി ഉണ്ടാക്കിയാൽ ചമയവില ചുരുക്കി നിശ്ചയിപ്പാൻ

19. ചമയാള്ള് ഉദ്ദേശത്തിനു വിരോധമായി 1686 ജനുവരി 1-ാം-തൽക്കുള്ള കരാറ് അസാധുവാണെന്ന്

20. വേറെ നിയമപ്രകാരം ചമയം കിട്ടുവാനുള്ള അവകാശങ്ങളെ ഈ ആക്റ്റ് ബാധിക്കുന്നില്ലെന്ന്

മിസ്റ്റർ കെ. വെങ്കിടേശയ്യർ, ബി. എ. ബി. എൽ.

കാമദഹനം

(തുടർച്ച)

[illegible]

[illegible]
[illegible] കാൽ.

[illegible]
[illegible]
[illegible]
[illegible] ശിവേ.

[illegible] നാഥാ [illegible] ലോകേ
[illegible] ഇനിമേലയില്ലീ
[illegible]
[illegible] ലോകേ.

[illegible]
[illegible]
[illegible] തവ
[illegible] ജഗൽ.

വാണീം [illegible] പുൽകിനാൻ [illegible]
[illegible] പുണർന്നാൻ [illegible]
[illegible]
[illegible]

[illegible]
[illegible]

[illegible] ഞാൻ [illegible] തവ [illegible] താനീ.
[illegible]
[illegible]
[illegible]

[illegible] താനീം
[illegible]
ചരിതമിതറിയിപ്പാൻ [illegible]
മലർവിശിഖ [illegible] പ്രിയേ! തേ.
[illegible]
പണിപണിമലരയ്യും നീയുമൊന്നല്ലയല്ലോ

[illegible]
[illegible] ഭൂപാലമൌലേ!
ശ്രീനാരദ[illegible]
[illegible]
മൽപ്രാഭവം ത്രിഭുവനപ്രഥിത[illegible]
[illegible]
[illegible]
[illegible]

[illegible]
വിശ്വാമിത്രൻ പണ്ടു [illegible] പാകിൽ [illegible]
[illegible]
[illegible] മാമകീനം പ്രഭാവം.

കേൾക്കേണം [illegible]
[illegible] ചന്ദ്രചൂഡൻ [illegible]
[illegible] പുനരിതിനെ [illegible]
[illegible] ചിഹ്നങ്ങളെല്ലാം.

[illegible]
[illegible]
[illegible]
സാന്നിദ്ധ്യമെന്നു പറയുന്ന[illegible]

എന്നീവണ്ണം പ്രതി[illegible]
[illegible] സമീപേ
[illegible] തുടങ്ങീ
[illegible] ചിരിച്ചും തുടങ്ങീ.

[illegible] ശിവ ശിവ [illegible]

[illegible] കഴിഞ്ഞു [illegible] ഉപരചിത [illegible]

[illegible]

[illegible]

[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]

(തുടരും)

വിവേകാനന്ദസ്വാമികൾ

(വിദ്യാവിനോദിനിയിൽനിന്ന്)

ഹിന്ദുമതത്തിന്റെ മൂലതത്വങ്ങളെ വെളിപ്പെടുത്തി ലോകാനുഗ്രഹം ചെയ്യുന്നതിന്നു തന്റെ ആയുഷ്കാലത്തെ ചിലവഴിച്ചിട്ടുള്ളവരായ [illegible] പാത്രമായിത്തീർന്ന വിവേകാനന്ദസ്വാമികൾ ജനിച്ചതു 1862 ജനുവരി 9-ാംനു-യാണ്. ബാല്യത്തിൽ ബുദ്ധിശക്തികൊണ്ടു കേൾവിപ്പെട്ട ഒരു കായസ്ഥകുടുംബത്തിലും [illegible] കല്ക്കത്താ ഹൈക്കോടതിയിലെ [illegible] ഒരു 'അറ്റോർണി' (വക്കീൽ) യും ആയിരുന്ന വിശ്വനാഥദത്തനാണ് സ്വാമികളുടെ അച്ഛൻ. സ്വാമികൾക്ക് അച്ഛനിൽനിന്നു സിദ്ധിച്ച നാമധേയം നരേന്ദ്രൻ എന്നായിരുന്നു. അച്ഛൻ വാർദ്ധക്യദശയിൽ സന്യസിക്കുകയാണ് ചെയ്തത്. എന്നാൽ പുത്രന്റെ സന്യാസം ചെറുപ്പകാലത്തു തന്നെ കഴിഞ്ഞു. സന്യാസത്തിനു ശേഷമാണ് 'നരേന്ദ്രൻ' എന്ന പേരു പോയി 'വിവേകാനന്ദൻ' എന്ന പേരു സിദ്ധിച്ചത്.



SWAMI VIVEKANANDA.

വിവേകാനന്ദസ്വാമികൾ ചെറുപ്പകാലത്തു തന്നെ നല്ല ബുദ്ധിമാനും പരിശ്രമശീലനുമായിരുന്നു. പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തു ക്ലാസ്സിലെ പുസ്തകങ്ങൾക്കു പുറമെ മതസംബന്ധമായും തത്വശാസ്ത്രവിഷയമായും ഉള്ള അനേകം പുസ്തകങ്ങൾ വായിക്കുക പതിവായിരുന്നു. ആ കാലത്തു 'ഹർബർട്ട് സ്പെൻസർ' എന്ന പാശ്ചാത്യപണ്ഡിതനെഴുതിയ ചില പുസ്തകങ്ങളെ വായിക്കുകയും, അവയിൽ തനിക്കു തോന്നിയ ചില അഭിപ്രായഭേദങ്ങളെ ലഘൂപന്യാസമായി എഴുതി സ്പെൻസറെ അറിയിക്കുകയുമുണ്ടായി. സ്പെൻസർ അതിൽ സന്തോഷിച്ചു സ്വാമികൾക്കു അഭിനന്ദിക്കത്തക്ക വിധത്തിൽ മറുപടി അയച്ചു.

ഈശ്വരതത്വത്തെപ്പറ്റി പൂർണ്ണമായ ജ്ഞാനം സിദ്ധിക്കുന്നതിനായി സ്വാമികൾ പല മതങ്ങളിലും വിശ്വസിക്കുകയുണ്ടായിട്ടുണ്ട്. ആദ്യത്തിൽ 'നാസ്തികത്വം' എന്ന മതത്തെയും, പിന്നീടു ബ്രാഹ്മമതത്തെയും ഒട്ടുനാൾ സ്വീകരിച്ചു ക്രമേണ ആ വക മതങ്ങളുടെ തത്വങ്ങൾ പഠിച്ചു തൃപ്തിപ്പെടുന്നതല്ലെന്നു തോന്നുകയാൽ മനസ്സിൽ കഠിനമായ ഒരു സന്ദേഹം കടന്നുകൂടി. അങ്ങിനെ ഇരിക്കുന്ന കാലത്താണ് സ്വാമികൾ ബി. എ. പാസ്സായത്.

സന്ദേഹമൂലകമായി മനസ്സിനു ബാധിച്ച അസ്വാസ്ഥ്യം നീക്കി, പരമാർത്ഥബോധം ചെയ്യുന്നതിനു തക്കതായ ഒരു ഗുരുവിനെ അന്വേഷിക്കുവാൻ അധികം കാലം വേണ്ടിവന്നില്ല. സ്വാമികളുടെ ഭാഗ്യം കൊണ്ടു, ശ്രീരാമകൃഷ്ണപരമഹംസരുടെ ശിഷ്യനായ ഒരാൾ മുഖേന പരമഹംസരെ കണ്ടു പരിചയമായതോടുകൂടി, അദ്ദേഹത്തോടു തന്റെ സംശയങ്ങളെപ്പറ്റി സംസാരിക്കുവാനും ഉടനെ സംഗതി വന്നു. പരമഹംസരുടെ അടുക്കൽ നിന്നു സ്വാമികൾ വേദാന്തം പഠിക്കുകയും, അദ്ദേഹത്തിന്റെ പ്രധാനശിഷ്യനായി ഗുരുസന്നിധിയിൽതന്നെ പാർക്കയും ചെയ്തു.

പരമഹംസർ പരമപദത്തെ പ്രാപിച്ചതിനുശേഷം അദ്ദേഹത്തിന്റെ ശിഷ്യരെല്ലാം സംസാരബന്ധം വെടിഞ്ഞു ഹിന്ദുമതത്തിന്റെ അഭിവൃദ്ധിക്കും ലോകാനുഗ്രഹത്തിനുമായി പരിശ്രമിക്കുവാൻ നിശ്ചയിച്ചു. ആ കൂട്ടത്തിൽ സ്വാമികൾ വേദാന്തതത്വം ലോകത്തിനുപകരിപ്പിക്കുന്നതിനായി തന്റെ ജീവിതത്തെ വിനിയോഗിക്കുവാനുറച്ചു. പിന്നീടു അധികം കാലം അദ്ദേഹം സഹപാഠികളോടു കൂടി താമസിച്ചില്ല. വിജനങ്ങളായ ഹിമവാന്റെ താഴ്വരകളിൽ പോയി ധ്യാനിച്ചുകൊണ്ടും ഗ്രന്ഥ

പരിശീലനം ചെയ്തുകൊണ്ടും കുറച്ചു കാലം കഴിച്ചുകൂട്ടി. അനന്തരം തിബെത്തിൽപ്പോയി ബുദ്ധമതത്തിന്റെ സിദ്ധാന്തങ്ങളെ ഗ്രഹിച്ച് ഇന്ത്യയിൽത്തന്നെ മടങ്ങിയെത്തി. പിന്നെ പല ദിക്കിലും സഞ്ചരിച്ചു വേദാന്തവിഷയമായി പ്രസംഗങ്ങൾ ചെയ്തു. 'ഖേത്രി' എന്ന സംസ്ഥാനത്തിലെ രാജാവു സ്വാമികളുടെ പ്രസംഗങ്ങളെ കേട്ടപ്പോൾ അദ്ദേഹത്തിന്റെ ധർമ്മോപദേശങ്ങളെ സ്വീകരിച്ചു. അവിടെ നിന്നു പടിഞ്ഞാറൻ കടൽക്കരയിൽക്കൂടി തിരുവനന്തപുരത്തു വന്ന് കുറച്ചുദിവസം താമസിച്ചു. പിന്നെ തെക്കേ മദിരാശിക്കു തിരിച്ചു. മദിരാശിയിലെ മഹാജനങ്ങൾ സ്വാമികളെ യഥോചിതം ആദരിച്ചു. അവർ അപേക്ഷിച്ചപ്രകാരം, അടുത്ത അവസരത്തിൽ അമേരിക്കയിൽ ചിക്കാഗോ നഗരത്തിൽ കൂടുവാൻ നിശ്ചയിച്ച മതമഹാസഭയിലേയ്ക്ക് ഹിന്ദുമതത്തിന്റെ പ്രതിനിധിയായിട്ട ജപ്പാൻവഴിയായി അമേരിക്കയിലേയ്ക്കു പുറപ്പെടുകയും ചെയ്തു. വഴിച്ചിലവിന്നായി കുറെ പണം, മദിരാശിനിവാസികൾ ശേഖരിച്ചു കൊടുത്തിരുന്നതു വഴിയിൽവെച്ചുതന്നെ ചിലവായതിനാൽ, സ്വാമികൾ അമേരിക്കയിലെത്തിയതു കയ്യിൽക്കാശൊന്നും ഇല്ലാത്തവനായിട്ടാണ. അമേരിക്കക്കാരിയായ ഒരു വൃദ്ധസ്ത്രീ സ്വാമികളുടെ വേഷം കണ്ടിട്ട് അദ്ദേഹം ഒരു 'അത്ഭുതപുരുഷ'നായിത്തോന്നിയതിനാൽ, അദ്ദേഹത്തെ തന്റെ സ്നേഹിതന്മാർക്കു പരിചയപ്പെടുത്തുവാനായി, അവൾ ചെയ്ത ഒരു വിരുന്നിനു സ്വാമികളേയും ക്ഷണിച്ചു. വിരുന്നിനു കൂടിയിരുന്ന മഹാന്മാർ വിവേകാനന്ദൻ ഒരു അസാധാരണപുരുഷനായിത്തോന്നിയെന്നമാത്രമല്ല, അദ്ദേഹം തന്റെ സാമർത്ഥ്യംകൊണ്ട് അവരെ അതിശയിപ്പിക്കുകയും ചെയ്തു. വേദാന്തത്തെപ്പറ്റി സ്വാമികൾ പ്രസംഗിച്ചതിന്റെ അർത്ഥം അവിടെക്കൂടിയിരുന്നവരെക്കൊണ്ടു ഗ്രഹിക്കുവാൻ സാധിച്ചില്ല. അതിനാൽ അവർ സ്വാമികളോടു വാദിപ്പാനായി അവിടത്തുകാരനായ ഒരു തത്വശാസ്ത്രപണ്ഡിതനെ ക്ഷണിച്ചുവരുത്തി. പണ്ഡിതൻ സ്വാമികളുടെ വൈദുഷ്യത്തിൽ അത്ഭുതം തോന്നിയതിനാൽ, അദ്ദേഹം ചിക്കാഗോവിലെ മതസഭയിലെ പ്രസിഡണ്ടായ ഡാക്ടർ ബോറസ്സിന്ന് അദ്ദേഹത്തെ പരിചയപ്പെടുത്തി. സഭയിൽ ഹിന്ദുമതത്തെപ്പറ്റി പ്രസംഗിക്കുവാൻ അദ്ദേഹം സ്വാമികളോടാവശ്യപ്പെട്ടു. സ്വാമികൾ അതു സമ്മതിക്കുകയും ചെയ്തു. ഭൂമണ്ഡലത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്നിരിക്കുന്ന അനേകം വിദ്വാന്മാർ നിറഞ്ഞ ആ സഭയിൽ വെച്ചു, വേദാന്തവിഷയമായി സ്വാമികൾ ചെയ്ത ആ വിലയേറിയ പ്രസംഗത്തെക്കു

പലരും അത്ഭുതപ്പെട്ടുപോയി. പാശ്ചാത്യർ അതോടു കൂടി പൌരസ്ത്യരുടെ തത്ത്വശാസ്ത്രങ്ങളെപ്പുകഴ്ത്തുവാൻ തുടങ്ങി. അതേവരെയും ഒരു പ്രസിദ്ധിയില്ലാതെ ഒരു വെറും സന്ന്യാസിയായിരുന്ന നമ്മുടെ വിവേകാനന്ദസ്വാമികൾ ആ പ്രസംഗത്തോടു കൂടിത്തന്നെ വളരെ കീർത്തിമാനാകുകയും ചെയ്തു. 'ന്യൂയോർക്ക് ഹെറാൾഡ്' മുതലായ അനേകം പ്രസിദ്ധപ്പെട്ട വർത്തമാനക്കടലാസ്സുകളിൽ സ്വാമികളുടെ പാണ്ഡിത്യത്തെയും സാമർത്ഥ്യത്തെയും ശ്ലാഘിച്ചുകൊണ്ട്, ആ സഭയിൽ കൂടിയിരുന്നവരിൽ എല്ലാവരിലും വെച്ച് യോഗ്യർ സ്വാമികളാണെന്നു മുഖപ്രസംഗങ്ങൾ എഴുതിത്തുടങ്ങി. അനന്തരം അമേരിക്കാരാജ്യത്തിലെ പല ഭാഗങ്ങളിൽനിന്നും, അവിടങ്ങളിൽച്ചെന്നു പ്രസംഗിക്കേണമെന്നുള്ള ക്ഷണനക്കത്തുകൾ സ്വാമികളുടെ കയ്യിൽ വന്നു നിറഞ്ഞു. അതനുസരിച്ച് നാനാ ദിക്കുകളിൽപ്പോയി പ്രസംഗങ്ങൾ ചെയ്തു. ആ പ്രസംഗങ്ങൾ അമേരിക്കയിലെ ജനങ്ങളെ വേദാന്തമാർഗ്ഗത്തിൽ വിശ്വാസം ജനിക്കുവാൻ കാരണമായിത്തീർന്നു.

അമേരിക്കയിൽനിന്നു നേരെ ഇംഗ്ലണ്ടിലേയ്ക്കാണ് പുറപ്പെട്ടത്. അവിടെയും ഹിന്ദുമതത്തെപ്പറ്റിയ പ്രസംഗം തന്നെ പ്രധാനകൃത്യമായിരുന്നു. അവയുടെ ഫലമായിട്ടു, പിന്നീടു സ്വാമി കൃപാനന്ദൻ എന്ന പേരു സിദ്ധിച്ച ശ്രീമാൻ ലാൻഡസ് ബർക്, സ്വാമി അഭയാനന്ദൻ എന്ന പേരെടുത്ത ശ്രീമതി ലൂയി, ഭഗിനി നിവേദിത എന്നു പ്രസിദ്ധയായിത്തീർന്ന മാർഗ്ഗരറ്റ് നോബിൾ മുതലായി പല പാശ്ചാത്യസ്ത്രീപുരുഷന്മാർ സ്വാമികളുടെ ശിഷ്യത്വം വരിച്ച് അദ്ദേഹത്തിന്റെ മതപദ്ധതിയിൽ പരിശ്രമിച്ചുവന്നു.

1896-ൽ സ്വാമികൾ ഇന്ത്യയിലേക്കു മടങ്ങി. അപ്പോൾ ആ ദേശത്തായിരുന്ന സകലജനങ്ങളും വാഴ്ത്തിത്തുടങ്ങി. സ്വാമികളുടെ വേദാന്തപ്രസംഗങ്ങളെ എല്ലാവരും ബഹുമാനിച്ചു. എന്നാൽ അദ്ദേഹം പ്രസംഗങ്ങളെക്കൊണ്ടു മാത്രം തൃപ്തിപ്പെട്ടിരുന്നില്ല. വേദാന്തശാസ്ത്രത്തെ സകലരും സ്വീകരിക്കത്തക്കതാക്കിച്ചെയ്യണമെന്നും, ഹിന്ദുക്കളെ മറ്റെല്ലാ വർഗ്ഗക്കാരിലുമധികം സദാചാരത്തിലും ഔദാര്യത്തിലും ഉയർന്നവരാക്കിത്തീർക്കണമെന്നും കരുതി സ്വാമികൾ പ്രയത്നം ചെയ്തു. ശ്രീപരമഹംസർ ചെയ്തിരുന്ന കൃത്യത്തെ വീണ്ടും തുടർന്നു, വേദാന്തവിദ്യാർത്ഥികളെ പഠിപ്പിപ്പാനായി സ്വാമികൾ കല്ക്കത്തായിലും ഹിമവാന്റെ ചരിവുകളിലും മറ്റും വിദ്യാലയങ്ങളെ സ്ഥാപിച്ചു. ക്ഷേത്രം വലിയ ഭാഗത്തിൽ

കഷ്ടപ്പെട്ട ദരിദ്രജനങ്ങളെ രക്ഷിപ്പാനായി സ്വാമികൾ വളരെ പ്രയത്നിച്ചിട്ടുണ്ട്. ഇങ്ങിനെ ഇടവിടാതെ പ്രവൎത്തിക്കുക നിമിത്തം ദേഹസൌഖ്യം ക്രമേണ കുറഞ്ഞുവശായി. വൈദ്യന്മാരുടെ ഉപദേശപ്രകാരം പാശ്ചാത്യരാജ്യങ്ങളിലേക്കു പോയി. ഇംഗ്ലണ്ടിൽ കുറച്ചു താമസിച്ചപ്പോൾ അല്പം സ്വസ്ഥം തോന്നി. പിന്നെ അമേരിക്കയിൽ പോയി സാൻഫ്രാൻസിസ്കോവിൽ 'ശാന്ത്യാശ്രമം,' 'വേദാന്തസംഘം' എന്നിവയെ സ്ഥാപിച്ചു. ഈ രണ്ടു സ്ഥാപനങ്ങളും ഇപ്പോഴും ഉയൎന്ന നിലയിൽ നടന്നുവരുന്നു. അമേരിക്കയിൽ താമസിക്കുമ്പോൾ, പാരീസ്സിൽ അക്കാലത്തു കൂടാൻ പോകുന്ന സഭയിൽ വെച്ചു ഹിന്ദുമതത്തെപ്പറ്റി പ്രസംഗിക്കേണമെന്ന് അപേക്ഷ വന്നതിനെ സ്വാമികൾ സ്വീകരിച്ചു. ആ പ്രസംഗം ഫ്രഞ്ചുഭാഷയിൽ ആയിരുന്നു.

ഇങ്ങിനെ വീണ്ടും പ്രവൃത്തി അധികരിക്കയാൽ സ്വാമികളുടെ ദേഹസ്ഥിതി തീരെ മോശപ്പെട്ടു. ഫ്രാൻസിൽനിന്ന് ഇന്ത്യയിലേക്കു മടങ്ങുമ്പോൾ, ഇന്ത്യയിൽ നിന്നു പോകുമ്പോഴുണ്ടായിരുന്നതിനേക്കാളും കൂടി ദേഹത്തിനു ക്ഷീണമുണ്ടായിരുന്നു. എങ്കിലും ഇന്ത്യയിലെത്തിയതിനു ശേഷം ദേഹസ്ഥിതിയെപ്പറ്റി നോക്കാതെ, താൻ ആരംഭിച്ച കൃത്യങ്ങളെ മുഴുമിപ്പാനായി കാശിയിൽ ഇന്ത്യൻവിദ്യാൎത്ഥികൾക്ക് ഒരു വിദ്യാലയവും, അഗതികൾക്ക് ഒരു ധൎമ്മസത്രവും സ്ഥാപിച്ചു. പിന്നെയും വേദാന്തവിഷയമായ പരിശ്രമം വിടാതെതന്നെ ഇരുന്നു. അക്കാലത്തു ജപ്പാനിൽനിന്നു ചില മഹാന്മാർ വന്നു സ്വാമികളെ അങ്ങോട്ടു ക്ഷണിച്ചുവെങ്കിലും, അനാരോഗ്യം നിമിത്തം പോകുവാൻ സാധിച്ചില്ല.

1902 ജൂലൈമാസത്തിൽ ഒരു ദിവസം പ്രഭാതത്തിൽ സ്വാമികൾ ഏറെ അധികം സമയം ധ്യാനത്തിലിരുന്നു. പിന്നെ ചില ശിഷ്യരെ സംസ്കൃതം പഠിപ്പിച്ചു. അന്നു സന്ധ്യക്കു ധ്യാനം ഏറെ അധികനേരം ഉണ്ടായി. ഒരുവനോടു കൂടി കുറച്ചു നടക്കുവാനും പോയി. മഠത്തിലെത്തിയ ശേഷം പൂജക്കായി ഇരുന്നു. പൂജയിൽ ലയിച്ചിരുന്ന സ്വാമികളുടെ ആ ദിവ്യമായ ആത്മാവ് രാത്രി 9 മണിക്കു പരമപദത്തിൽ ലയിച്ചു.

കെ. വി. എം.

ഞങ്ങളുടെ വായനശാല

വിദ്യാഭ്യാസം

പാശ്ചാത്യപണ്ഡിതന്മാരിൽ പ്രഥമഗണനീയനും ആംഗ്ലേയതത്വജ്ഞാനികളിൽ അഗ്രേസരനുമായ 'ഹെർബർട്ട് സ്പെൻസർ' എഴുതീട്ടുള്ള 'വിദ്യാഭ്യാസം' എന്ന ഉത്തമഗ്രന്ഥം വേണ്ടപോലെ തർജ്ജമചെയ്തുകാണുന്നതിൽ ഞങ്ങൾക്ക് ഇന്നപ്രകാരമെന്നില്ല സന്തോഷമുള്ളതെന്ന പറഞ്ഞുകൂട. വിദ്യാഭ്യാസരീതി, വ്യവസ്ഥപ്പെടാതെ കലശി മറിഞ്ഞു കിടക്കുന്ന ഇക്കാലത്ത് ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം എത്രയും സമയോചിതമായിരിക്കുന്നു. ശാസ്ത്രവിഷയങ്ങളിൽ കൈ വെയ്ക്കുവാനാണ മലയാളഗ്രന്ഥകാരന്മാർ മടിക്കുന്നത്. ഇക്കാര്യത്തിൽ കെ. എം. എന്ന 'കേരളഭാഷാമിത്ര'ത്തിനുള്ള ധൈര്യവും പ്രാപ്തിയും കേരളീയരായ നമ്മൾ എല്ലാവരും അറിഞ്ഞവരാണ്. കാലവും സ്ഥലവും തർജ്ജമയും തർജ്ജമക്കാരനും എന്നാലി ചേർന്നിരിക്കുന്നതു കാലാകാലംപോലെ പുത്തൻ പുഷ്പത്തിന്റെ പരിമളത്തെ പരത്തുവാൻ ഒരു മന്ദമാരുതനോടൊത്ത കൂട്ടത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞാൽ അലങ്കാരം മാത്രമായിട്ട ശോഭിക്കുന്നതല്ല. പ്രസ്തുതപുസ്തകത്തിലെ വിഷയത്തിൽ കടന്നു ചർച്ചചെയ്യുവാൻ ഞങ്ങൾ ശ്രമിക്കുന്നില്ല. അതിനുള്ള ആവശ്യവും കാണുന്നില്ല. 'വിദ്യാഭ്യാസം' എന്ന ഗ്രന്ഥം നാലദ്ധ്യായമായിട്ടാണ് 'സ്പെൻസർ' വിഭാഗിച്ചിട്ടുള്ളത്. ഇതിൽ പ്രധാനവും വിഷയത്തെ സാമാന്യമായി പ്രതിപാദിക്കുന്നതും ആയ ആദ്യത്തെ അദ്ധ്യായം മാത്രമേ തർജ്ജമചെയ്തു കഴിഞ്ഞിട്ടുള്ളൂ. ഇതുപോലെ മറ്റുള്ള അദ്ധ്യായങ്ങളും ഉടനെ ഭാഷയാക്കി കാണുവാനുള്ള ആഗ്രഹം കെ. എം. തന്നെ സാധിപ്പിച്ചുതരുമെന്ന വിശ്വസിക്കുന്നു.

കേരളചരിത്രം

കുഞ്ഞുണ്ണി രാമനുണ്ണിനായർ അവർകൾ കോഴിക്കോട്ടിൻ മനോരമയിൽ ഖണ്ഡാഖണ്ഡമായി പ്രസിദ്ധം ചെയ്തിരുന്ന ലേഖനങ്ങളെ കൂട്ടിച്ചേർത്തിട്ടുള്ളതാണ് ഈ പുസ്തകം. ലോകഗതിക്ക ചരിത്രം ഒഴിച്ചുകൂടാത്തതാണെന്നു തർക്കമറ്റ സംഗതിയാണ്. കേരളത്തിന്റെ ചരിത്രം എഴുതുവാനുള്ള തടസ്ഥങ്ങൾ അതിനു ശ്രമിച്ചിട്ടുള്ളവരൊക്കെ അനുഭവപ്പെട്ടിട്ടുള്ളതാ

മംഗളോദയം

പുസ്തകം ൨. | ൧൦൮൬ തുലാമാസം | ലക്കം ൧

വിഷയങ്ങൾ

മംഗളോദയം കമ്പനി പ്രസ്സിൽ അച്ചടിച്ചത്.

തൃശ്ശിവപേരൂർ.

1086

ണ്. എന്നാൽ അപ്രകാരം ഒരു കുറവു കിട്ടുന്ന ചരിത്രരേഖകളും ഐതിഹ്യങ്ങളും അതാതു സമയത്ത് വർത്തമാനപത്രത്തിലോ മാസികാപുസ്തകത്തിലോ കയറുന്നതും കൂട്ടിയിണക്കി പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ട് ആ വക രേഖകളും ഐതിഹ്യങ്ങളും നശിക്കാതെ കഴിക്കാമെന്നു മാത്രമല്ല ചരിത്രമെഴുത്തുകാർക്കു സഹായവും കൂടിയാകുന്നതാണ്. കേരളചരിത്രത്തിന്റെ അദ്ധ്യസാനകാലങ്ങളും ഇന്നും മങ്ങി തന്നെ കിടക്കുന്നതേ ഉള്ളൂ. ഈ ചരിത്രപുസ്തകത്തിലും ഒന്നു തെളിയിക്കുവാൻ വളരെ ഒന്നും ശ്രമിച്ചിട്ടില്ലെങ്കിലും 'സാങ്കല്പിക വാസ്തുകാലം' ഒരു വിധം നല്ലവണ്ണം വർണ്ണിച്ചു കാണുന്നുണ്ട്. 'ഈ കേരളചരിത്രപുസ്തകം ഏറ്റവും അപൂർണ്ണമായിട്ടു കിടക്കുന്നു. ഇതിനെ പൂർണ്ണമാക്കേണ്ട ചുമതല കേരളീയർക്ക് എല്ലാവർക്കും ഉള്ളതാകുന്നു' എന്നു കെ. സി. തിരുവീരരായൻ രാജാവ് അവർകൾ അഭിപ്രായപ്പെട്ടിട്ടുള്ളതിനോടു ഞങ്ങളും പൂർണ്ണമായി യോജിക്കുന്നു.

ചരിത്രകഥകൾ (രണ്ടാം എഴുതിയതു) ഇതിൽ ചേർത്തിട്ടുള്ള മൂന്നാ ലും പുതിയ പ്രാവിവരപ്പെടുത്തുന്നസ്ഥി ച്ച മാത്രമാണ്. പഴയകഥ കേൾക്കുവാൻ താല്പര്യമില്ലാത്തവർ ഉണ്ടോ എന്നു സംശയമാണ്. അതിലും വിശേഷിച്ച് ഒരു നീതി കല്പിതയല്ലാതെ വാസ്തവത്തിൽ നടന്നിട്ടുള്ളതാണെന്നു കൂടി വന്നാൽ അതുകൊണ്ടുള്ള ഉപകാരത്തിനും രസത്തിനും അവസാനമില്ല. അതുകൊണ്ടു പ്രസ്തുത 'ചരിത്രകഥകൾ' കേവലം സ്കൂളുകളിലേക്കു മാത്രമല്ല വായനശാലകളിലേക്കും വളരെ യോജിക്കുന്നതാണ്.

വിക്രമോർവശീയം അഗ്നിപുരാണം എഴുത്തിൽ പാടി കേൾപ്പിക്കുവാൻ തരമില്ലാത്തതുകൊണ്ട് ഈ പുസ്തകത്തിന്റെ ഗുണങ്ങളും ദോഷവും ഞങ്ങൾക്ക് എഴുതി അറിയിക്കുവാൻ നിവൃത്തിയില്ല. അധികമാളുകളും ഗുണദോഷം പാടിക്കേട്ടിട്ടുള്ളവയാണ്. കെ. സി. കേശവപിള്ള അവർകളുടെ അക്ഷരകാലനിഷ്ഠയും സംഗീതജ്ഞാനവും പദം മുറിച്ചെഴുതിയാലും അക്ഷരം നീട്ടിയെഴുതിയാലും അറിയിക്കുവാൻ സാധിക്കുന്നതല്ലല്ലോ. കവി സുപ്രസിദ്ധനും കവിതാവിഷയം പഴയതുമായതുകൊണ്ടു കവിതയെ കുറിച്ചും ഇവിടെ അഭിപ്രായപ്പെടേണ്ടതില്ല.

പലവക

അമേരിക്കക്കാരനായ 'എഡിസൺ' എന്ന പണ്ഡിതൻ പുതുതായ ഒരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു. ബയസ്കോപ്പിലുള്ള രൂപങ്ങൾ ഇളകുന്നതോടു കൂടി സംസാരിക്കുകയും കൂടി ചെയ്യത്തക്കവണ്ണം ഇടിമിന്നൽ ശക്തികൊണ്ടു നടക്കുന്ന ഒരു യന്ത്രമാണിത്- ഒരു ഭാഗവതർ പാടുന്നതായാൽ പാട്ടും നാട്യവും ഈ യന്ത്രത്തിൽ പകർത്താം.

* * * * * * * * *

'എക്സ്റേസ്' എന്നു പറയുന്ന വിദ്യുൽരശ്മികളെക്കൊണ്ടു ലണ്ടൻ ആസ്പത്രിയിൽവെച്ച് ആയിരം ക്ഷയരോഗികളെ പരിശോധിക്കുകയും, ശോഷണീരങ്ങളും ശ്വാസനാഡികളും ഈ രോഗത്താൽ ബാധിച്ചിരിക്കുന്ന തന്നെ സൂക്ഷ്മപ്പെടുത്തി വേണ്ട ചികിത്സകൾ നടത്തുകയും ചെയ്തിരിക്കുന്നു.

* * * * * * * * *

വരുന്ന പട്ടാഭിഷേകത്തിനു മുമ്പായി ഏപ്രിൽമാസം ഒടുവിലത്തെ ആഴ്ചവട്ടത്തിൽ ബോമ്പായിൽ എൽ. എം. ടിസ്സാൽ കമ്പനിക്കാർ മുഖേനയായിട്ട് ഒരു കപ്പൽ ശീമയിലേക്കു് കയറ്റുവാൻ തീർച്ചയാക്കിയിരിക്കുന്നു. ൨൦൦൦ ക കൊടുത്താൽ പരദേശാചാരത്തിനു വിശേഷം കൂടാതെ ഭക്ഷണം മുതലായതു കഴിച്ചു വഴിക്കുള്ള പ്രധാനസ്ഥലങ്ങൾ ഒക്കെകണ്ടു പട്ടാഭിഷേകം കഴിയുന്നതു വരെ ശീമയിൽ ആറാഴ്ചവട്ടം താമസിച്ചു തിരിയെ പോരാം. നാനൂറാളുകൾ ഇപ്പോൾ ഉറപ്പിക്ക ഒടച്ചു ചേരുക കഴിഞ്ഞു. ചേരുവാൻ മനസ്സുള്ളവർ ഹരജിയോടു കൂടി ൫൦൦ കയും, ൧൦൦൦ ക ഈ നവമ്പർമാസത്തിലും, ബാക്കി ൧൦൦൦ ക ൧൯൧൧ മാർച്ചുമാസത്തിലും അടക്കേണ്ടതാണ്. ഹരജി അയക്കേണ്ടും മേൽവിലാസം:—

Mr. Goverdandas Gokuldas Tejpal
No. 59. Hornby Road
Fort, Bombay.

125 *

വിദ്വത്സഭാ

ഭോ മഹാശയാഃ! അസ്തി കിലാത്ര ശിവപുരേ സുപ്രഥിതം യതി [illegible] മഠദ്വിതയം. തത്രോഭയത്രാപി, പ്രതിവർഷം [illegible] വിദ്വത്സഭാ [illegible]

[illegible]

[illegible]

[illegible]

[illegible]

ഒന്നാം കൊല്ലത്തെ.

അമ്പലപ്പുഴ	അവർകൾ	ക	ണ	പ
[illegible] നായർ ബി. എ. ബി. എൽ. [illegible]	ടി	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
[illegible] നായർ	ടി	[illegible]	[illegible]	൦
ടി [illegible] ബി. എ. ബി. എൽ.	ടി	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
ടി [illegible] നായർ	ടി	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
[illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible] നമ്പൂതിരി	ടി	[illegible]	[illegible]	൦
ടി [illegible]	ടി	൦	[illegible]	[illegible]
ടി [illegible]	ടി	[illegible]	[illegible]	൦

രണ്ടാം കൊല്ലത്തെ.

അമ്പലപ്പുഴ	അവർകൾ	ക	ണ	പ
[illegible]		[illegible]	[illegible]	൦
ടി [illegible] ബി. എ. ബി. എൽ. [illegible]	അവർകൾ	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
[illegible]	ടി	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
ടി [illegible]	ടി	[illegible]	[illegible]	൦
ടി [illegible] ബി. എ. ബി. എൽ.	ടി	[illegible]	൦	൦

ശ്രീ	പി. [illegible]	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] കുഞ്ഞുണ്ണി രാജാ	ശ്രീ	[illegible]	[illegible]	൦
ശ്രീ	പാലിയത്തു [illegible] അച്ചൻ	ശ്രീ	[illegible]	[illegible]	൦
ശ്രീ	പാലിയത്തു വലിയ കൊച്ചുണ്ണി അച്ചൻ	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible]	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] കൊച്ചുണ്ണി വലിയ നായർ	ശ്രീ	[illegible]	[illegible]	൦
ശ്രീ	കൊച്ചി സർവ്വാധികാര്യക്കാർ	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] വലിയ രാജാ	ശ്രീ	[illegible]	[illegible]	൦
ശ്രീ	സി. ഗോവിന്ദൻ നായർ	ശ്രീ	[illegible]	[illegible]	൦
ശ്രീ	പാലിയത്തു [illegible] അച്ചൻ	ശ്രീ	[illegible]	[illegible]	൦
ശ്രീ	കെ. എം. [illegible]	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] ശങ്കരൻ നായർ	ശ്രീ	[illegible]	[illegible]	൦
ശ്രീ	പി. കെ. [illegible]	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] വലിയ രാജാ	ശ്രീ	[illegible]	[illegible]	൦
ശ്രീ	പി. കെ. അച്ചൻ	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible]	ശ്രീ	[illegible]	[illegible]	൦
[illegible]	[illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible]	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരിപ്പാട്	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരിപ്പാട്	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] വലിയ മനക്കൽ [illegible] നമ്പൂതിരിപ്പാട്		[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരിപ്പാട്	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരിപ്പാട്	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി		[illegible]	[illegible]	൦
ശ്രീ	പി. എം. [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരിപ്പാട്	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരി	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] മനക്കൽ [illegible] നമ്പൂതിരിപ്പാട്	ശ്രീ	[illegible]	[illegible]	൦
ശ്രീ	[illegible] നമ്പൂതിരിപ്പാട്	ശ്രീ	[illegible]	[illegible]	൦

൧	[illegible] മനക്കൽ ദാമോദരൻ നമ്പൂതിരിപ്പാട	[illegible]	[illegible]	[illegible]	൦
൧	[illegible]ള്ളി [illegible] നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	നാരായണമംഗലത്ത എൻ. നാരായണ[illegible]	[illegible]	[illegible]	[illegible]	൦
൧	[illegible] നീലകണ്ഠൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] കൃഷ്ണൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] ബ്രഹ്മദത്തൻ നമ്പൂതിരി	[illegible]	[illegible]	[illegible]	[illegible]
൧	വി. പരമേശ്വരൻ മേനോൻ	[illegible]	[illegible]	[illegible]	൦
൧	നാരായണമംഗലത്ത ദാമോദരൻ നമ്പൂതിരി	[illegible]	[illegible]	[illegible]	[illegible]
൧	[illegible] നാരായണൻ നമ്പൂതിരി	[illegible]	[illegible]	[illegible]	[illegible]
൧	വാസുദേവൻ മേനോൻ	[illegible]	[illegible]	[illegible]	[illegible]
൧	[illegible] മനക്കൽ [illegible] നമ്പൂതിരിപ്പാട	[illegible]	[illegible]	[illegible]	[illegible]
൧	[illegible] നമ്പൂതിരി	[illegible]	[illegible]	[illegible]	[illegible]
൧	[illegible] മനക്കൽ വാസുദേവൻ നമ്പൂതിരി	[illegible]	[illegible]	[illegible]	[illegible]
൧	[illegible] മനക്കൽ [illegible] നമ്പൂതിരിപ്പാട	[illegible]	[illegible]	[illegible]	[illegible]
൧	[illegible] കൃഷ്ണൻ നമ്പൂതിരി	[illegible]	[illegible]	[illegible]	[illegible]
൧	[illegible] നീലകണ്ഠൻ [illegible]തിരിപ്പാട	[illegible]	[illegible]	[illegible]	൦
൧	[illegible] നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] പരമേശ്വരൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] പരമേശ്വരൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] മനക്കൽ [illegible] നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] നാരായണൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] നീലകണ്ഠൻ നമ്പൂതിരിപ്പാട	[illegible]	[illegible]	[illegible]	൦
൧	[illegible] പരമേശ്വരൻ നമ്പൂതിരിപ്പാട	[illegible]	[illegible]	[illegible]	൦
൧	[illegible] വാസുദേവൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] നാരായണൻ നമ്പൂതിരി	[illegible]	[illegible]	൦	൦
൧	[illegible] തിരിപ്പാട	[illegible]	[illegible]	[illegible]	[illegible]
൧	[illegible] മനക്കൽ [illegible] നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] മനക്കൽ പരമേശ്വരൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] മനക്കൽ [illegible] നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] നമ്പൂതിരി	[illegible]	[illegible]	[illegible]	൦
൧	[illegible] വാസുദേവൻ നമ്പൂതിരി	[illegible]	[illegible]	[illegible]	൦

[illegible]

൧	[illegible] വാസുദേവൻ	[illegible]	[illegible]	[illegible]	൦
൧	[illegible]	[illegible]	[illegible]	[illegible]	൦
൧	[illegible]	[illegible]	[illegible]	൦	൦
൧	[illegible]	[illegible]	[illegible]	[illegible]	൦

REGISTERED NO. M. 809

മംഗളോദയം

വരിസംഖ്യ

തപാൽക്കൂലി സഹിതം

ഒരു കൊല്ലത്തേയ്ക്കു മുൻകൂർ

ക. 2—8—0

6. ആറുമാസത്തേയ്ക്കു ക. 1—6—0

ഒറ്റപ്രതിക്കു ക. 0—4—0

വി. പി. കമ്മീഷൻ പുറമെ.

പരസ്യക്കൂലി

വരി ഒന്നുക്കു ക 0—3—0

സ്ഥിരപരസ്യങ്ങൾക്കു പ്രത്യേകനിരക്കു നിശ്ചയിക്കപ്പെടും.

☞ വരിസംഖ്യ ബാക്കി വെച്ചിട്ടുള്ളവർ അതാതു സംഖ്യ ഉടനെ തീർത്തു തരേണ്ടതാണ്.

മാനേജർ.

മംഗളോദയംകമ്പനി

തൃശ്ശിവപേരൂർ.

ഡയറക്ടർമാർ.

1 [illegible]
2 [illegible]
3 „ [illegible]
4 „ [illegible]
5 „ [illegible]
6 „ [illegible]
7 „ [illegible]
8 „ [illegible]
9. [illegible]

[illegible] 20000 [illegible] 40000 [illegible]

[illegible]

[illegible]

മാനേജർ.